ഓം ഹരിശ്രീ ഗണപതയെ നമഃ



# ശ്രീ സായി സത്ചരിതം

(ഹേമദ്പാന്ത്)

**കോപ്പികൾക്ക് :-**


**ഷിർദ്ദിസായിറാം സനസ്ഥാൻ**

ദക്ഷിണ ഷിർദ്ദി തിരുവില്വാമല,

തൃശൂർ ജില്ല, കേരള - 680588

ഫോൺ: 04884 - 282094, 281234.



# SRI SAI SACHARITHAM

**(HEMADPANTH)**

MALAYALAM

SAI BANDHU

Distributed by:

**SHIRDHI SAIRAM SANASTHAN**

**DAKSHINA SHIRDHI**

THIRUVILWAMALA PIN - 680 588
THRISSUR (Dist) KERALA.
PHONE : 04884 - 282094, 281234
www.saikerala.org
E-mail saiintel@rediffmail.com

FIRST EDITION:- APRIL 2007 COPIES: 3000

## ആമുഖം

ശ്രീഹേമദ്പാന്ത് മറാത്തിയിൽ പദ്യരൂപത്തിൽ രചിച്ച ഈ ഗ്രന്ഥം എല്ലാ ഭക്തന്മാരും നിത്യപാരായണം ചെയ്തു വരുന്നതാണ്. ഈ ഗ്രന്ഥം സപ്താഹമായി വായിച്ചു വരുന്നവർക്ക് പല അനുഭവങ്ങളും സിദ്ധിക്കും. ഈ സച്ചരിതം പട്ടു വസ്ത്രത്തിൽ പൊതിഞ്ഞ് ആദരവോടെയും ഉറച്ച വിശ്വാസത്തോടെയും പാരായണം ചെയ്യുക.

ഒന്നോ രണ്ടോ മൂന്നോ ദിവസം കൊണ്ടും ഈ സച്ചരിതം വായിക്കാം. അത് സായിനാഥനെ പ്രസാദിപ്പിക്കാം. മറാഠി ഭാഷ അറിയാത്തവരെ ഉദ്ദേശിച്ചാണ് ഇത് മലയാളത്തിലേക്ക് വിവർത്തനം ചെയ്തത്. ഇതിന്റെ ഫലശ്രുതി ഉപസംഹാരത്തിൽ ചേർത്തിയിട്ടുണ്ട്.

## സ്തുതി

സദാസത്സ്വരൂപം ചിദാനന്ദകന്ദം
ജഗത് സംഭവസ്ഥാന സംഹാരഹേതും
സ്വഭക്തേച്ഛയാ മാനുഷം ദർശയന്തം
നമാമീശ്വരം സദ്ഗുരും സായിനാഥം

# പ്രസാധനക്കുറിപ്പ്

ഈ മഹാപുണ്യഗ്രന്ഥം നമ്മൾക്കുവേണ്ടി ശ്രീ സായിനാഥനാണ് എഴുതിപ്പിച്ചത്, മഹാഭക്തനും ഋഷി തുല്യനുമായ ശ്രീ ഗോവിന്ദ് രഘുനാഥ് ദഭോൽക്കർ മുഖേനയാണ് ശ്രീ സായിനഥൻ അദ്ദേഹത്തിന് കനിഞ്ഞ രുളിയ പേരാണ് "ഹേമദ്പാന്ത്" ശ്രീ സായിനാഥനിൽ ഭക്തിപരവശനായി പദ്യരൂപത്തിൽ രചിച്ചതാണ് ഈ ദിവ്യമായ ശ്രീ സായി സച്ചരിതം.

ഗോവിന്ദറാവുവിന്റെ കുടുംബ നാമമാണ് ദഭോൽക്കർ 1959 ചന്ദ്രമാസം മാർഗ്ഗശീർഷത്തിൽ വെളുത്ത പക്ഷം അഞ്ചാം ദിനം ഈ സുകൃതി ജനിച്ചു. (ഭരദ്വാജ ഗോത്രം -ഗഹസ സാരസ്വത ബ്രാഹ്മണ സമുദായം) അമ്മ ലക്ഷ്മി അച്ഛൻ രഘുനാഥ് - ഭാര്യ രുഗ്മിണി ഭായി. സുചരിതയും പരമ ഭക്തയുമായ സതീരത്നം.

ഹേമദ്പാന്തിന് 6 മക്കൾ. ഒരു പുത്രനും അഞ്ച് പുത്രി മാരും. 1922 ചൈത്രമാസത്തിൽ (മാർച്ച്-ഏപ്രിൽ) ആ പുണ്യ ആത്മാവ് ശ്രീ സായി സച്ചരിതം എഴുതുവാൻ തുടങ്ങി. 1929 ജ്യേഷ്ഠമാസത്തിൽ (മെയ്-ജൂൺ) എഴുതി പൂർത്തിയാക്കി.

1929 ആഷാഠമാസം വെളുത്ത പക്ഷത്തിലെ 9-ാം ദിവസം മഹാ സുകൃതിയായി ഹേമദ്പാന്ത് ശ്രീ സായി നാഥന്റെ തൃപ്പാദത്തിൽ ലയിച്ചു.

# വിഷയാനുക്രമണിക


അദ്ധ്യായം 1 (പേജ് നമ്പർ)

പ്രണാമങ്ങൾ; ഗോതമ്പ് പൊടിക്കലും അതിന്റെ താത്വതികമായ പ്രാധാന്യവും. 1

,, 2 – 7

ഈ പുസ്തകം എഴുതുന്നതിന്റെ ഉദ്ദേശവും അപര്യാപ്തതയും ധൈര്യവും; ചൂടുപിടിച്ച വാഗ്വാദം; ഹേമന്ത്പാന്ത് എന്ന നാമകരണം; ഗുരുവിന്റെ ആവശ്യകത.

,, 3 – 19

സായിബാബയുടെ അനുമതിയും വാഗ്ദാനവും; ഭക്തന്മാർക്ക് നിയുക്തമായ കർമ്മങ്ങൾ; ബാബയുടെ കഥകൾ ദീപശിഖ പോലെ; ബാബയുടെ മാതൃനിർവിശേഷമായ സ്നേഹം റോഹില്ലന്റെ കഥ; അമൃതവാണികൾ.

,, 4 – 27

സായിബാബയുടെ ഷിർദ്ദിയിലേക്കുള്ള ആഗമനം–ഋഷിമാരുടെ പ്രവർത്തനങ്ങൾ; ഷിർദ്ദി ഒരു പുണ്യതീർത്ഥം ; സായിബാബയുടെ വ്യക്തി വൈഭവം ; ഗൗലീഭുവവചനം; വിറ്റൽ ദർശനം; ക്ഷീരസാഗറിന്റെ കഥ ; ദാസ്ഗനുവിന്റെ പ്രയാഗസ്നാനം; സായിബാബയുടെ അതുല്യതത്വങ്ങളും ഷിർദ്ദിയിലേക്കുള്ള ആദ്യസന്ദർശനവും; മൂന്നു വാഡകൾ.

,, 5 – 39

ചാന്ദ്പട്ടേലിന്റെ കല്യാണ പാർട്ടിയോടൊപ്പം ബാബയുടെ തിരിച്ചുവരവ്; “യാ സായ്” എന്ന് സംബോധന ചെയ്തത്; മറ്റു യോഗികളുമായി സമ്പർക്കം; ഉടുപ്പും

അദ്ധ്യായം (പേജ് നമ്പർ)

ദിനചര്യകളും ; പാദുകത്തിന്റെ കഥ ; മൊയ്തീനുമായുള്ള ഗുസ്തിയും ജീവിതത്തിൽ വന്ന മാറ്റവും ; വെള്ളം എണ്ണയാക്കി മാറ്റിയത്; ജവഹർ അലി.

6 – 51

രാമനവമി ഉത്സവവും മസ്ജിദിന്റെ കേടുപാടു തീർക്കലും-ഗുരു കരസ്പർശത്തിന്റെ ശക്തി;

,, 7 – 63

വിസ്മയാവഹമായ അവതാരം ; ബാബയുടെ സ്വഭാവം ; യോഗസാധനകൾ ; സർവ്വ വ്യാപിത്വം കുഷ്ഠരോഗി ഭക്തന്റെ സേവനങ്ങൾ; കപർദ്ദിയുടെ മകന്റെ പ്ലേഗ്; പന്ധർപൂർ യാത്ര.

,, 8 – 74

മനുഷ്യജന്മത്തിന്റെ പ്രാധാന്യം; ബാബ ഭിക്ഷ യാചിക്കുന്നു; ബായാജബായിയുടെ സേവനം; സായിബാബയുടെ ആവാസം; കുഷൻചന്ദിനോടുള്ള ബാബയുടെ സ്നേഹം.

,, 9 – 81

ഷിർദ്ദി വിട്ടുപോകുമ്പോൾ ബാബയുടെ നിർദ്ദേശം സ്വീകരിച്ചും നിഷേധിച്ചും പ്രവർത്തിച്ചാലുള്ള അനുഭവങ്ങൾ; സന്യാസവും അതിന്റെ ആവശ്യവും; താർക്കഡ് കുടുംബത്തിന്റെ അനുഭവങ്ങൾ; ബാബ സുഖമായി ഭക്ഷിച്ചത് എങ്ങിനെ?

,, 10 – 90

സായിബാബയുടെ ജീവിതരീതി; ഉറങ്ങുന്ന പലക; ഷിർദ്ദിയിലെ താമസം; ഉപദേശങ്ങൾ; എളിയഭാവം; എളുപ്പവഴി.

| അദ്ധ്യായം | | (പേജ് നമ്പർ) |
|---|---|---|
| 11 | സായി എന്ന സഗുണബ്രഹ്മം; ഡോക്ടർ പണ്ഡിറ്റിന്റെ ആരാധന; ഹാജിസിദ്ധിഖ് ഫാൽക്കെ; പഞ്ചഭൂതങ്ങളിലുള്ള നിയന്ത്രണം | 98 |
| ,, 12 – | സായിലീലകൾ; കാക്കാമഹാജനി; ധുമാലിലെ വക്കീൽ ; മിസ്സിസ്സ് നിമോൻകാർ ; മൂലായ് ശാസ്ത്രി ; ഒരു ഡോകടർ. | 104 |
| ,, 13 – | കൂടുതൽ സായലീലകൾ ; സുഖക്കേടുകൾ മാറ്റി; ഭീമാജി പട്ടേൽ; ബാലാഷിംപി; ഭൂട്ടി; അലൻദിസ്വാമി ; കാക്കാമഹാജനി ; ഹർദ്ദയിലെ ദത്തോപാന്ത്; മായയുടെ അചിന്ത്യശക്തി | 111 |
| ,, 14 – | രത്തൻജിവാഡിയ; യോഗീ മൗലി സാഹെബ്, ദക്ഷിണ മീമാംസ | 118 |
| ,, 15 – | നാരദീയ കീർത്തന പദ്ധതി; ചോൾക്കാറിന്റെ ചായ;രണ്ട് ഗൗളികൾ. | 126 |
| ,, 16, 17 – | ബ്രഹ്മജ്ഞാനം ക്ഷണനേരംകൊണ്ട് നേടാൻ വന്ന ധനികൻ. | 131 |
| ,, 18, 19 – | ഹേമദ്പാന്തിനെ സ്വീകരിച്ചവിധം മിസ്റ്റർ സതെ; മിസ്സിസ്സ് ദേശ് മുഖ്; നല്ല ചിന്തകൾ ഫലവത്താക്കൽ; ഉപദേശങ്ങൾ; അപലപിക്കുന്നതിനെപ്പറ്റിയും പാഠങ്ങൾ ; പ്രാരംഭ വാക്യങ്ങൾ. | 139 |

| | | | |
|---|---|---|---|
| അദ്ധ്യായം | 20 | | (പേജ് നമ്പർ) |
| | ദാസ്ഗനുവിന്റെ പ്രശ്നം പരിഹരിച്ചത് ; ഈശോപനിഷത്ത്. | | 159 |
| ,, | 21 | – | 166 |
| | മുഖവുര ; ഋഷിമാർ എന്ന സ്ഥാപനം ; മിസ്റ്റർ താക്കൂർ; അനന്തറാവു പതൻകർ; പന്ധർപൂർ വക്കീൽ | | |
| ,, | 22 | – | 173 |
| | മുഖവുര: പാമ്പുകടിയിൽനിന്ന് രക്ഷിക്കൽ; മിരിക്കാർ ; ഭൂട്ടി ; അമീർഷക്കാർ ; ഹേമദ് പാന്ത്; പാമ്പുകളെ കൊല്ലുന്നതിൽ ബാബക്കുള്ള അഭിപ്രായം. | | |
| ,, | 23 | – | 181 |
| | മുഖവുര; യോഗവും ഉള്ളിയും ; ശാമയെ പാമ്പുകടിച്ചത്; കോളറാ ഓർഡിനൻസ് ലംഘനം; ഗുരുഭക്തിയുടെ ചടങ്ങ്. | | |
| ,, | 24 | – | 188 |
| | ചണക്ലീല; ഹേമദ്പാന്ത്; സുദാമ അന്ന ചിൻ ചാനിക്കറും മാവ്സിബായിയും | | |
| ,, | 25 | – | 195 |
| | ദാമു അന്നാകാസർ; കച്ചവടവും അമ്രലീലയും. | | |
| ,, | 26 | – | 203 |
| | ആന്തരീക ആരാധന; ഭക്തപാന്ത്; ഹരിശ്ചന്ദ്ര പിതാലെ; ഗോപാൽ അംബേദ്കർ. | | |
| ,, | 27 | – | 210 |
| | മുഖവുര ; പരിപാവനമാക്കിയ പുസ്തകം കൊടുക്കൽ;ശാമയും വിഷ്ണുസഹസ്രനാമവും; ദീക്ഷിത്തിന്റെ വിറ്റൽ ദർശനം; ഗീതാ രഹസ്യം; ഖപർദിമാർ. | | |

അദ്ധ്യായം 28 (പേജ് നമ്പർ)

ഷിർദ്ദിയിലേയ്ക്കാകർഷിക്കപ്പെട്ട കുരുവികൾ; ലക്ഷ്മീചന്ദ്; ബർഹാംപൂർക്കാരി; മേഘ; ഗംഗാസ്നാനം തൃശൂലവും ലിംഗവും. 220

,, 29 – 231

മദ്രാസി ഭജനസംഘം; തെണ്ടുൽക്കാർ; കേപ്റ്റപൻ ഹതെ; വാമൻനാർവേക്കർ.

,, 30 – 241

ഷിർദ്ദിയിലേക്കാകർഷിച്ച കാക്കാജി വൈദ്യ; പഞ്ചാബി രാംലാൽ; ശാമയുടെ പ്രാർത്ഥനകൾ; കുഷൽ ചന്ദ്.

,, 31 – 249

ബാബയുടെ സാന്നിദ്ധ്യത്തിൽ അന്ത്യം. 1. സന്യാസി വിജയാനന്ദ് ; 2. ബാലറാം മങ്കാർ; 3. നൂൽക്കാർ; 4. മേഘ; 5. പുലി.

,, 32 – 258

ഗുരുവിനെയും ദൈവത്തേയും അന്വേഷിച്ച്; നിരാഹാരം; ബാബയുടെസർക്കാർ.

,, 33 – 269

ഉധിയുടെ മാഹാത്മ്യം; തേളുകുത്തിയതും പ്ലേഗ് സുഖപ്പെടുത്തിയതും; ജാംനഗറിലെ അത്ഭുതം ; നാരായൺ റാവിന്റെ സുഖക്കേട്, ബാലാബുവസുതാർ ; അപ്പാസാഹെബ് കുൽക്കർണി ; ഹരിഭാവു കാർണിക്ക്.

,, 34 – 281

ഉധിമാഹാത്മ്യം തുടർച്ച – ഡോക്ടറുടെ മരുമകൻ; ഡോകടർ പിളെള; ശാമയുടെ സഹോദര പത്നി; ഇറാണി പെൺകുട്ടി; ഹർദ്ദയിലെ മാന്യൻ; ബോംബെയിലെ മാന്യ

| അദ്ധ്യായം | 35 | | (പേജ് നമ്പർ) |
|---|---|---|---|
| | പരീക്ഷിച്ച് ഫലപ്രദമായി കണ്ടു-കാക്കാ മഹാജനിയുടെ സുഹൃത്തും മുതലാളിയും; ഉറക്കമില്ലാത്ത സംഭവം; ബാലപട്ടീൽ നിവാസ്കർ; സായി സർപ്പരൂപത്തിൽ | | 289 |
| ,, | 36 | – | 299 |
| | രണ്ടു ഗോവാമാന്യന്മാർ ; മിസ്സിസ് ഔറംഗ ബാദ്കർക്ക് കുട്ടി ജനിച്ചത്. | | |
| ,, | 37 | – | 308 |
| | ചാവടി എഴുന്നള്ളിപ്പ്. | | |
| ,, | 38 | – | 314 |
| | ബാബയുടെ പാചകപാത്രം ; ക്ഷേത്രങ്ങ ളോട് അവഗണന കാണിച്ചതിന്; കൂട്ടിക ലർത്തിയ ഭക്ഷണം; ഒരു കോപ്പ മോര്. | | |
| ,, | 39 | – | 322 |
| | ബാബയുടെ സംസ്കൃത പരിജ്ഞാനം ; ഗീതാശ്ലോകം വ്യാഖ്യാനിച്ചത്; സമാധി മന്ദിരം നിർമ്മിച്ചത്. | | |
| ,, | 40 | – | 333 |
| | മിസ്സിസ്സ് ദേവിന്റെ ഉദ്യാപനത്തിൽ സംബ ന്ധിക്കൽ; ഹേമദ്പാന്തിന്റെ വീട്ടിൽ ചിത്ര രൂപത്തിൽ വന്നത്. | | |
| ,, | 41 | – | 340 |
| | ചിത്രത്തിന്റെ കഥ; കീറത്തുണി മോഷ്ടി ക്കൽ; ജ്ഞാനേശ്വരി പാരായണം. | | |
| ,, | 42 | – | 347 |
| | മഹാസമാധി – സൂചന കൊടുത്തത്; ദാദാ പട്ടേലിനെയും, താത്ത്യാ പട്ടേലിനെയും മരണത്തിൽ നിന്ന് രക്ഷിച്ചത്; ലക്ഷ്മി ബായി ഷിൻഡെക്ക് ധർമ്മം കൊടുക്കൽ; | | |

അന്ത്യ നിമിഷം; ബാബ എല്ലാ ജീവജാല ങ്ങളിലും കുടികൊള്ളുന്നു. (പേജ് നമ്പർ)

അദ്ധ്യായം 43, 44 – 355
മഹാസമാധി തുടർച്ച - തയ്യാറെടുക്കൽ; സമാധി മന്ദിരം; ഇഷ്ടിക ഉടയ്ക്കൽ; 72 മണിക്കൂർ സമാധി; ജോഗിന്റെ സന്യാസം, അമൃതവാണികൾ.

,, 45 – 365
കാക്കാസാഹെബിന്റെ സംശയവും ആനന്ദ റാവുവിന്റെ ദർശനവും; കിടപ്പുപലകയെപ്പറ്റി.

,, 46 – 373
ബാബയുടെ ഗയായാത്ര; ആടുകളുടെ കഥ.

,, 47 – 379
ബാബയുടെ ഓർമ്മകൾ–പാമ്പും തവളയും.

,, 48 – 387
,, സദ്ഗുരുവിന്റെ ലക്ഷണം ; ശിവഡെ ; സപട് നേക്കർമാർ.

,, 49 – 396
ഹരികനോബ; സോമദേവ് സ്വാമി;ചന്ദോർ ക്കാർ; സൗന്ദര്യത്തെപ്പറ്റി.

,, 50 – 404
കാക്കാസാഹെബ് ദീക്ഷിത്; ശ്രീ. തെമ്പയ് സ്വാമി; ബാലറാം ധുരന്ധർ.

**ഉപസംഹാരം** – 413
സദ്ഗുരു സായിയുടെ മാഹാത്മ്യം; പ്രാർ ത്ഥന; ഫലശ്രുതി; പ്രസാദയാചന.

**ആരതി.** – 418

ഓം ഹരിശ്രീ ഗണപതയെ നമഃ

# അദ്ധ്യായം - 1



പ്രണാമങ്ങൾ – ഗോതമ്പ് പൊടിക്കലും അതിന്റെ താത്വികമായ പ്രാധാന്യവും.

പ്രാചീനവും ആദരണീയവുമായ കീഴ്‌വഴക്കമനുസരിച്ച് സകല ദേവന്മാർക്കും പ്രണാമം അർപ്പിച്ചുകൊണ്ടാണ് ഹേമദ് പാന്ത് സായി സച്ചരിതം എഴുതുവാൻ തുടങ്ങുന്നത്.

1. ആദ്യമായി വിഘ്നവിനാശകനായ ശ്രീ ഗണപതിയോട് യാതൊരു തടസ്സവുമില്ലാതെ സായി സച്ചരിതം പൂർത്തിയാക്കി തരുവാനും ബാബ തന്നെ ശ്രീ ഗണേശ്വരനാണെന്ന വിശ്വാസത്തോടെ ഈ പുസ്തകം ഒരു വിജയമാക്കി തരുവാനും പ്രാർത്ഥിക്കുന്നു.

2. പിന്നീട് വാഗ്ദേവതയായ ശ്രീ സരസ്വതീ ദേവിയോട് ഈ പുണ്യചരിതം എഴുതുവാനുള്ള പ്രചോദനം തരുവാനായി പ്രാർത്ഥിക്കുകയും ബാബ തന്നെ ദേവിയാണെന്നും ബാബയുടെ ജീവചരിത്രം ബാബ തന്നെ ഈ ഗ്രന്ഥത്തിലൂടെ വിവരിക്കുക

യാണെന്നും പറയുന്നു.

3. പിന്നീട് സൃഷ്ടി, സ്ഥിതി, സംഹാര ദേവതകളായ ബ്രഹ്മാ, വിഷ്ണു, മഹേശ്വരന്മാരെ സ്തുതിക്കുകയും ബാബ തന്നെ ഈ ദേവൻമാർക്ക് താദാത്മികത്വമുള്ള സദ്ഗുരുവാണെന്നും സംസാര സാഗരം കടക്കുവാൻ ബാബ സഹായിക്കും എന്നും പറയുന്നു.

4. പിന്നീട് പരശുരാമനാൽ വീണ്ടെടുക്കപ്പെട്ടതായ കൊങ്കണ ദേശത്തുള്ള ആദിപുരുഷൻ എന്ന് വിശ്വസിച്ചു വരുന്ന ദേവനായ ആദിനാരായണനെയും നമിക്കുന്നു.

5. അതിന്നുശേഷം ഹേമദ്പാന്തിന്റെ ഗോത്രനാഥനായ ഭരദ്വാജ മുനിയേയും മറ്റു ഋഷികളായ യാജ്ഞവല്ക്യൻ, ഭൃഗു, പരാശരൻ, നാരദൻ, വേദവ്യാസൻ, സനകൻ, സനന്ദൻ, സനൽകുമാർ, ശുകൻ, ശൗനകൻ, വിശ്വാമിത്രൻ, വസിഷ്ഠൻ, വാല്മീകി, വാമദേവൻ, ജൈമിനി, വൈശമ്പായനൻ, നവയോഗീന്ദ്രൻ മുതലായവരേയും ആധുനിക ഋഷികളായ നിവൃത്തി, ജ്ഞാനദേവൻ, സോപൻ മുക്താബായ്, ജനാർദ്ദനൻ, ഏകനാഥ്, നാമദേവ്, തുക്കാറാം, കണ്ണ, നരഹരി മുതലായവരേയും നമസ്കരിക്കുന്നു.

6. അനന്തരം പിതാമഹനായ സദാശിവനേയും, പിതാവായ രഘുനാഥനേയും തന്റെ ചെറുപ്രായത്തിൽ തന്നെ മരിച്ചുപോയ അമ്മയേയും പിന്നീട് വളർത്തിക്കൊണ്ടുവന്ന പിതൃസഹോദരിയേയും, തന്നെ വളരെ സ്നേഹിച്ച ജ്യേഷ്ഠനേയും നമസ്കരിക്കുന്നു.

7. തദനന്തരം അത്യന്തം ഭക്തിയോടും ശ്രദ്ധയോടും കൂടി ഈ ഗ്രന്ഥം വായിക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് വായനക്കാരേയും നമസ്കരിക്കുന്നു.





8. അവസാനമായി ദത്താത്രേയ അവതാരവും, ബ്രഹ്മ സത്യം ജഗൻ മിഥ്യ എന്നു മനസ്സിലാക്കിതന്ന സമർത്ഥ സദ്ഗുരു ശ്രീ സായിനാഥിനേയും ദൈവചൈതന്യമുള്ള എല്ലാ ജീവ ജാലങ്ങളെയും നമസ്കരിക്കുന്നു

പരാശരൻ, വ്യാസൻ, ശാന്തില്യൻ മുതലായവർ വിവരിച്ച ഭക്തിമാർഗ്ഗങ്ങളെ ചുരുക്കിപ്പറഞ്ഞ് ഗ്രന്ഥകർത്താവ് താഴെ കാണിച്ച കഥ പറയുന്നു.

1910 നുശേഷം ഒരു സുപ്രഭാതത്തിൽ സായിബാബയുടെ ദർശനത്തിനുവേണ്ടി ഞാൻ ഷിർദ്ദിയിലെ മസ്ജിദിൽ ചെന്നു. അവിടെ ഞാൻ കണ്ടകാര്യം അത്ഭുതാവഹമായിരുന്നു. സായി ബാബ വായും മുഖവും കഴുകി ഗോതമ്പ് പൊടിക്കുവാൻ തയ്യാറെടുക്കുകയായിരുന്നു. ബാബ നിലത്തൊരു ചാക്ക് വിരിച്ച് അതിന്മേലൊരു തിരിക്കല്ല് വെച്ച് കുറച്ച് ഗോതമ്പ് ഒരു മുറത്തിലെടുത്ത് കഫ്നിയുടെ കയ്യ് ചുരുട്ടികയറ്റി തിരിക്കല്ലിന്റെ കുറ്റി പിടിച്ച് തിരിച്ചുകൊണ്ട് കുറച്ച് ഗോതമ്പ് തിരിക്കല്ലിലിട്ട് പൊടിക്കുവാൻ തുടങ്ങി. ഞാൻ ഇതുകണ്ട് 'ഈ ഭിക്ഷാംദേഹിയായ, യാതൊരു ധനവുമില്ലാത്ത, യാതൊന്നും സൂക്ഷിച്ചുവെയ്ക്കാത്ത ബാബക്ക് ഗോതമ്പു പൊടിക്കേണ്ട കാര്യമെന്താണ്? എന്നാലോചിച്ചു. അവിടെ കൂടിയുരുന്ന മറ്റു പലരും അങ്ങിനെയാലോചിച്ചുരുന്നു വെങ്കിലും ബാബയോടതിനെപ്പറ്റി ചോദിക്കാനാർക്കും ധൈര്യമുണ്ടായില്ല. അല്പ സമയത്തിനുള്ളിൽ, ബാബ ഗോതമ്പു പൊടിക്കുന്നു. എന്ന വർത്തമാനം ഗ്രാമം മുഴുവൻ പറഞ്ഞറിയുകയും സ്ത്രീ - പുരുഷ ഭേദമെന്യേ ആബാലവൃദ്ധം ജനങ്ങൾ ഈ കാഴ്ച കാണാനവിടെ തടിച്ചുകൂടുകയും ചെയ്തു. അതിൽ ധൈര്യശാലിനികളായ നാലു സ്ത്രീകൾ മുന്നോട്ടു കയറിവന്ന് ബാബയെ പിടിച്ചുമാറ്റി തിരിക്കല്ലിന്റെ കുറ്റി പിടിച്ചു. ബാബയുടെ ലീലകളെപ്പറ്റി പാടിക്കൊണ്ട് പൊടിക്കാൻ തുടങ്ങി. തുടക്കത്തിൽ

ബാബക്ക്  ദേഷ്യം വന്നുവെങ്കിലും പ്രസ്തുത സ്ത്രീകളുടെ ഭക്തിയും സ്നേഹവും കണ്ട് ബാബ സന്തുഷ്ടനായി പുഞ്ചിരിക്കാൻ തുടങ്ങി. ആ സ്ത്രീകളങ്ങനെ പൊടിച്ചുകൊണ്ടിരിക്കെ, ബാബക്ക് വീടോ ധനമോ ഇല്ലെന്നും, കുട്ടികളെയോ മറ്റോ നോക്കാനില്ലെന്നും, ഭിക്ഷയെടുത്ത് ജീവിക്കലാണെന്നും മറ്റും അവർ ചിന്തിച്ചു. ഈ ഗോതമ്പുപൊടി ബാബക്ക് ചപ്പാത്തിയോ റൊട്ടിയോ ഉണ്ടാക്കാനാവശ്യമില്ല. ഇത്രയധികം മാവുകൊണ്ട് എന്ത് ചെയ്യാനാണ്? ഒരു പക്ഷേ ദയാലുവായ ബാബ ഈ മാവ് നമുക്ക് തരുമായിരിക്കാം. എന്നാലോചിച്ചും പാട്ട് തുടർന്ന് പാടിക്കൊണ്ടും അവർ മുഴുവൻ ഗോതമ്പും പൊടിക്കുകയും തിരിക്കല്ല് മാറ്റിവച്ച് ഗോതമ്പുപൊടി നാലായി വീതിച്ച് ഓരോരുത്തർ ഓരോ വീതമെടുത്ത് സ്ഥലം വിടാൻ തുടങ്ങുകയും ചെയ്തു. അതുവരെ ശാന്തനായി നോക്കിക്കൊണ്ടിരുന്ന ബാബക്ക് ദ്വേഷ്യം വരുകയും സത്രീകളോട് 'നിങ്ങൾക്ക് ഭ്രാന്തുണ്ടോ? നിങ്ങളുടെ പിതാവിന്റെ സ്വത്താണോ കൊള്ളയടിക്കുന്നത്. ഞാൻ നിങ്ങളോട് വല്ല ഗോതമ്പും കടം വാങ്ങിയിട്ടുണ്ടോ നിങ്ങളിങ്ങനെ എടുത്തുകൊണ്ടുപോകാൻ? ആട്ടെ! ഒരു കാര്യം ചെയ്യൂ ഈ ഗോതമ്പുപൊടിയെടുത്ത് ഗ്രാമാതിർത്തിയിൽ കൊണ്ടുപോയി വിതറിക്കൊള്ളുവിൻ' എന്നു നിർദ്ദേശിക്കുകയും ചെയ്തു. സ്ത്രീകൾ ഇതുകേട്ട് വിഡ്ഢികളാവുകയും തമ്മിൽ പിറുപിറുത്തുകൊണ്ട് ബാബയുടെ കല്പനക്കനുസരിച്ച് ഗ്രാമാതിർത്തിയിൽ കൊണ്ടുപോയി വിതറുകയും ചെയ്തു.

ഇത് കണ്ട്, എന്താണ് ബാബ ചെയ്തത്? എന്ന് ഞാൻ ഷിർദ്ദിക്കാരോട് അന്വേഷിച്ചു. അപ്പോൾ അവർ ഗ്രാമത്തിൽ കോളറ പടർന്നു പിടിക്കുന്നുണ്ടെന്നും അത് നിയന്ത്രിക്കാനുള്ള ബാബയുടെ പ്രതിവിധി ഇപ്രകാരമാണെന്നും പറഞ്ഞു. ബാബ പൊടിച്ചത് ഗോതമ്പു മണികളല്ല, കോളറയെത്ത

ന്നെയാണ്. അതാണ് ഗ്രാമാതിർത്തിക്കു പുറമെ കൊണ്ടുപോയി കളയുവാൻ നിർദ്ദേശിച്ചത്. അന്നുമുതൽ ഗ്രാമത്തിൽ കോളറ ശമിക്കുകയും ജനങ്ങൾ സന്തുഷ്ഠരാവുകയും ചെയ്തു. ഞാനി തറിഞ്ഞ് സന്തുഷ്ഠനായെങ്കിലും എന്റെ ജിജ്ഞാസ വർദ്ധി ക്കുകയാണ് ചെയ്തത്. ഞാൻ ഇപ്രാകാരം ആലോചിച്ചു. കോള റയും ഗോതമ്പുമാവും തമ്മിലെന്താണ് ബന്ധം? ഇതൊരു അവർണ്ണനീയമായ സംഭവമാണ് ഇതിനെപ്പറ്റി എന്തെങ്കിലുമെഴു തണം. ബാബയുടെ ലീലയോർത്ത് മനസാ സന്തുഷ്ടനാകുന്നു. ഇപ്രകാരം ആലോചിച്ചുകൊണ്ട് ഞാൻ ആനന്ദവാനായി. ആ പ്രചോദനം കൊണ്ട് എഴുതുന്നതാണ് ഈ 'സച്ചരിതം'.

അങ്ങനെ ബാബയുടെ അനുഗ്രഹാശിസ്സുകളെക്കൊണ്ട് ഈ പുസ്തകം വിജയപ്രദമായെന്നു നമുക്കറിയാം.

## ഗോതമ്പ് പൊടിക്കുന്നതിന്റെ താത്വിക പ്രാധാന്യം

ഷിർദ്ദിക്കാർ ഗോതമ്പുപൊടിക്കുന്നതിനു കൊടുത്ത അർത്ഥത്തിന് പുറമെ അതിനു താത്വികമായ ഒരു പ്രാധാന്യ വും കൂടിയുണ്ട്. സായിബാബ ഷിർദ്ദിയിൽ 60 കൊല്ലത്തോളം താമസിച്ച കാലമത്രയും ഒരുവിധം എല്ലാ ദിവസങ്ങളിലും തിരി ക്കല്ലുകൊണ്ട് പൊടിക്കുക പതിവായിരുന്നു. അത് ഗോതമ്പു മാത്രമായിരുന്നില്ല. ഭക്തന്മാരുടെ പാപഭാരങ്ങളും, മാനസികവും, ശാരീരികവുമായ കഷ്ടതകളുമൊക്കെയായിരുന്നു പൊടിച്ചിരു ന്നത്. തിരിക്കല്ലിന്റെ രണ്ടു കല്ലുകൾ ശക്തിയും, കർമ്മവുമാണ്. കർമ്മം താഴെയും ശക്തി മുകളിലും. ബാബ പിടിച്ചു തിരിച്ചി രുന്ന കുറ്റിയാണ് ജ്ഞാനം. ജ്ഞാനവും ബ്രഹ്മജ്ഞാനവും വളർത്തിയെടുക്കാൻ, വിട്ടുപോവാത്ത മട്ടിലുള്ള വികാരങ്ങളെയും ആഗ്രഹങ്ങളെയും പാപങ്ങളെയും സത്വരജഃ തമോ

ഗുണങ്ങളേയും അഹങ്കാരത്തെയും പൊടിച്ചു പൊടിച്ചു കളഞ്ഞാൽ മാത്രമെ സാദ്ധ്യമാവൂ എന്നത് ബാബയുടെ ഉറച്ച അഭിപ്രായമായിരുന്നു.

ഇത് കബീറിന്റെ മറ്റൊരു കഥ ഓർമിപ്പിക്കുന്നു. ഒരു സ്ത്രീ ഗോതമ്പു പൊടിക്കുന്നതു കണ്ടപ്പോൾ കബീർ ഗുരു നിപതിരഞ്ജനോട് പറഞ്ഞു- "ഞാൻ കരയുന്നത് ലൗകികത്തിൽ ഞാൻ ഈ തിരിക്കല്ലിൽ ധാന്യം പൊടിക്കുന്നതുപോലെ അരയ്ക്കപ്പെടുന്ന വേദനകൊണ്ടാണ്" നിപതിരഞ്ജനൻ പറഞ്ഞു 'ഭയപ്പെടേണ്ട, ഈ തിരിക്കല്ലിന്റെ പിടിയാകുന്ന ജ്ഞാനത്തെ ഞാൻ ചെയ്യുന്നതുപോലെ മുറുക്കി പിടിച്ചോളൂ. എന്നിട്ട് ദൂരെയൊന്നും പോവേണ്ട അതിന്റെ മദ്ധ്യത്തെ നോക്കി തിരിച്ചോളൂ. നിന്നെ തീർച്ചയായും രക്ഷപ്പെടുത്തും."

ശ്രീസായിയെ നമിക്കുവിൻ ലോകശാന്തി ഭവിക്കട്ടെ.

# അദ്ധ്യായം - 2



ഈ പുസ്തകം എഴുതുന്നതിനുള്ള ഉദ്ദേശം - ഈ ഉദ്യമത്തിനുള്ള അപര്യപ്തതയും ധൈര്യവും - ചൂടുപിടിച്ച വാഗ്വാദം - ഹേമദ്പാന്ത് എന്ന വേദാന്തപരവും സുപ്രധാനവുമായ നാമകരണം - ഒരു ഗുരുവിന്റെ ആവശ്യകത - കഴിഞ്ഞ അദ്ധ്യായത്തിൽ ഗ്രന്ഥകാരൻ മറാത്തിയിൽ എഴുതിയ മൂലഗ്രന്ഥത്തിൽ ഈ പുസ്തകം എഴുതുവാനുള്ള സാഹചര്യങ്ങളെയും ഇതു വായിക്കാൻ അർഹതപ്പെട്ടവരെപ്പറ്റിയും മറ്റും പ്രസ്താവിക്കാമെന്ന് പറഞ്ഞതിനെ ഈ അദ്ധ്യായത്തിൽ അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു.

## ഈ പുസ്തകം എഴുതുന്നതിന്റെ ഉദ്ദേശം

ഒന്നാമദ്ധ്യായത്തിൽ സായിബാബ ഗോതമ്പുപൊടി ഗ്രാമാതിർത്തിക്ക് പുറത്ത് വിതറി, കോളറ നിയന്ത്രിച്ച അതിശയലീലയെപ്പറ്റി പ്രസ്താവിച്ചുവല്ലോ. പിന്നീട് അനവധി അതിശയലീലകളെപ്പറ്റി കേൾക്കാൻ ഇടവന്ന എനിക്കുണ്ടായ ആനന്ദധാര ഒഴുകിയതാണ് ഈ കാവ്യം. സായിബാബയുടെ അതിശയലീലകൾ വിവരിക്കുന്ന ഒരു ഗ്രന്ഥം ഭക്തന്മാർക്ക് ആനന്ദകരവും ഉപ

ദേശകരവും ആയിരിക്കുമെന്നും അതവരുടെ പാപങ്ങളെ ഇല്ലായ്മ ചെയ്യുമെന്നും ഉദ്ദേശിച്ചാണ് സായിബാബയുടെ ജീവിതത്തെപ്പറ്റിയും ഉപദേശങ്ങളെപ്പറ്റിയും ഞാൻ പ്രദിപാദിക്കുന്നത്. ഒരു ഋഷിയുടെ ജീവിതം വിവാദപരവും സാധാരണക്കാരനു മനസ്സിലാക്കാൻ പ്രയാസമുള്ളതുമാണ്. അത് നമുക്ക് സത്യത്തിന്റെയും മാഹാത്മ്യത്തിന്റെയും വഴി കാണിച്ചു തരുന്നു.

## ഈ ഉദ്യമത്തിനുള്ള അപര്യാപ്തതയും ധൈര്യവും

ഹേമദ്പാന്തിന് ഇത്തരത്തിലുള്ള ഒരു പുസ്തകമെഴുതാൻ പറ്റിയ ഒരാളല്ല ഞാൻ എന്ന ഒരു ധാരണ ഉണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു-എന്റെ ഏറ്റവും അടുത്ത സുഹൃത്തിന്റെ ജീവിതത്തെപ്പോലും എനിക്കറിയില്ല. എന്റെ സ്വന്തം മനസ്സിനെപ്പോലും എനിക്കറിയില്ല. എന്നിരിക്കെ ഒരു ഋഷിയുടെ ജീവിതത്തെപ്പറ്റി എഴുതാനും വേദങ്ങളാൽപ്പോലും കഴിയാത്ത അവതാര മാഹാത്മ്യത്തെപ്പറ്റി വിവരിക്കാനും എനിക്ക് എങ്ങനെ കഴിയും? മറ്റൊരു ഋഷിയെ അറിയുന്നവൻ തന്നത്താൻ ഒരു ഋഷിആയിരിക്കണം. എന്നിരിയ്ക്കെ, അവരുടെ മാഹാത്മ്യത്തെപ്പറ്റി ഞാൻ എങ്ങനെ വിവരിക്കും? ഒരു ഋഷിയുടെ ജീവിതത്തെപ്പറ്റി വിവരിക്കുക ഏറ്റവും ശ്രമകരമാണ്. അത് ഏഴു കടലിലെ വെള്ളം അളക്കുന്നതിനും ആകാശം തുണികൊണ്ട് മൂടുന്നതിനും സമമാണ്. ഇത് എന്നെ ആൾക്കാരെക്കൊണ്ടു പരിഹസിപ്പിക്കലായിരിക്കുമെന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ഈ കാരണത്താൽ സായിബാബയുടെ കരുണയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു. മഹാരാഷ്ട്രയിലെ സുപ്രധാനനായ കവിയും ഋഷിയുമായ ശ്രീ. ജ്ഞാനേശ്വർ മഹാരാജ് ഒരിക്കൽ പറയുകയുണ്ടായി, ഋഷിയുടെ ജീവിതത്തെപ്പറ്റി എഴുതുന്നവരെ ദൈവം പ്രേമിക്കുന്നു എന്ന്. ഋഷിമാർക്കും, ഭക്തന്മാരുടെ ആശയ്ക്കനുസരിച്ച്

അത്തരം പ്രവൃത്തികൾ പൂർത്തീകരിച്ചുകൊടുത്ത് അവരുടെ സേവനം സ്വീകരിക്കുന്നത് ഒരു പ്രത്യേക സ്വഭാവമാണ്. ഋഷിമാർ പ്രചോദനം കൊടുക്കുന്നതോടുകൂടി ഭക്തൻ ഒരു പണിആയുധവും ഉപാധിയുമായി മാറി അത്തരം പ്രവൃത്തികൾ വിജയത്തിൽ കലാശിക്കുന്നു. ഉദാഹരണമായി ശകവർഷം 1700-ാമാണ്ടിൽ മഹീപതി എന്ന കവി, ഋഷിമാരുടെ ജീവചരിത്രത്തെ എഴുതാനാഗ്രഹിച്ചു. ഋഷിമാർ അദ്ദേഹത്തിന് പ്രചോദനം കൊടുത്ത് ആ പ്രവൃത്തികൾ പൂർത്തീകരിച്ചു. അതുപോലെതന്നെ ശകവർഷം 1800-ാമാണ്ടിൽ ദാസ്ഗനുവിന്റെ സേവനങ്ങളെ സ്വീകരിക്കപ്പെട്ടു. അദ്ദേഹം എഴുതിയ നാല് പുസ്തകങ്ങളാണ് ഭക്തവിജയം, സന്തവിജയം, ഭക്തലീലാമൃത്, സന്തകഥാമൃത് എന്നിവ. ഇവയിൽ ആധുനിക ഋഷിമാരുടെ ജീവചരിത്രങ്ങളാണ് പ്രതിപാദിച്ചിട്ടുള്ളത്. ഭക്തലീലാമൃതിന്റെ 31,32,33 അദ്ധ്യായങ്ങളിലും സന്തകഥാമൃതിന്റെ 57-ാം അദ്ധ്യായത്തിലും സായിബാബയുടെ മാധുര്യമാർന്ന ജീവിതരീതിയും സന്ദേശങ്ങളും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഇവ 'സായിലീലാ' മാസികയിൽ 17-ാം വാള്യം 11,12 പതിപ്പുകളിൽ പ്രത്യേകമായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വായനക്കാരോട് ഈ അദ്ധ്യായങ്ങൾ വായിക്കാൻ നിർദ്ദേശിക്കുന്നു. അതുപ്രകാരം തന്നെ സായിബാബയുടെ അത്ഭുതലീലകൾ ശ്രീസായ്നാഥ് ഭജനമാല എന്നൊരു ചെറിയ പുസതകത്തിൽ ബാന്ദ്രാക്കാരിയായ ശ്രീമതി സാവിത്രിബായ്, രഘുനാഥ് ടെണ്ടുൽക്കർ എഴുതിയിട്ടുണ്ട്. ദാസ്ഗനു മഹാരാജും സായിബാബയെപ്പറ്റി മധുരമായ കവിതകളെഴുതിയിട്ടുണ്ട്. ഗുജറാത്തിയിൽ ആമിദാസ് ഭവാനിമേത്ത എന്ന ഭക്തനും സായിബാബയുടെ കഥകൾ എഴുതിയിട്ടുണ്ട്. സായിനാഥ് പ്രഭ എന്ന ഷിർദ്ദിയിലെ ദക്ഷിണഭിക്ഷാ സാംസ്ത വക മാസികയിലെ ഏതാനും പതിപ്പുകളിലും ഈ കഥകൾ വന്നിട്ടുണ്ട്. സ്വാഭാവി

കമായും ഒരു ചോദ്യം ചോദിക്കാനിടയുണ്ട്. ഇത്രയധികം സായി കഥകൾ എഴുതിയിരിക്കെ എന്താണ് ഇത്തരത്തിലുള്ള ഒരു സച്ച രിതത്തിന്റെ ആവശ്യമെന്ന്? അതിന് ഋജുവും ലളിതവുമായ ഉത്ത രമുണ്ട്. സായിബാബയുടെ ജീവചരിത്രം അനന്തമായ സമുദ്ര ത്തിനു സമാനമാണ്. അതിൽ മുങ്ങിതപ്പുന്ന ഏതൊരാൾക്കും വിലപിടിച്ച രത്നങ്ങളാകുന്ന ജ്ഞാനവും ഭക്തിയും ലഭിക്കും. അവയെ പൊതു ജനങ്ങൾക്ക് വിതരണം ചെയ്യാം. സായിബാബ യുടെ സന്ദേശങ്ങളും കഥകളും ഉദാഹരണങ്ങളും മാസ്മര ശക്തി യുള്ളവയാണ്. അത് ജനങ്ങൾക്ക് ശാന്തിയും സമാധാനവും നൽകുന്നു. അതോടുകൂടിത്തന്നെ ലൗകികത്തിന്റെ കഷ്ടപ്പാടു കളും വ്യസനങ്ങളും ഭാരങ്ങളും മറക്കാനും, വിജ്ഞാനവും, ബുദ്ധിയും പകർന്നുകൊടുത്ത് ആദ്ധ്യാത്മികത്വത്തിലേക്ക് നയി ക്കുവാനും അവ സഹായിക്കുന്നു. വേദതുല്യമായ ബാബയുടെ പ്രഭാഷണങ്ങളും സന്ദേശങ്ങളും ശ്രദ്ധിച്ച് മനനം ചെയ്യുന്നവർക്ക് അവർ ആഗ്രഹിക്കുന്നതെന്തും, അതായത് ബ്രഹ്മങ്കലുള്ള ഐക്യവും അഷ്ടവിധ യോഗ സിദ്ധിയും ധ്യാനശക്തി മുതലാ യതുകളും ലഭിക്കുന്നു. അക്കാരണത്താൽ ഈ സൽക്കഥകളെ സംഭരിച്ച് സമാഹാരമാക്കാൻ ഞാൻ തീരുമാനിച്ചു. അതാണെന്റെ ജീവിതത്തിന്റെ ഉപാസനയും. സായിബാബയുടെ ദർശന ത്താൽ അനുഗ്രഹീതരാവാൻ ഭാഗ്യം ലഭിക്കാത്ത ശുദ്ധഹൃദ യന്മാർക്ക് ഈ സമാഹാരം ആനന്ദപ്രദമാകട്ടെ. അക്കാരണ ത്താൽ സായിബാബയുടെ സന്ദേശങ്ങളും പ്രഭാഷണങ്ങളും സീമാതീതമായ ആത്മജ്ഞാനകഥകളും ഞാൻ സംഭരിക്കു വാൻ തുടങ്ങി. ഇതിന് എനിക്ക് പ്രചോദനം തന്നതും സായി ബാബ തന്നെയാണ്. ഞാനെന്റെ അഹങ്കാരത്തെ ബാബയുടെ പാദത്തിങ്കൽ വെച്ച് എന്റെ മാർഗ്ഗം ശുദ്ധമാണെന്നു സങ്കൽപ്പി ച്ച്, ഇഹത്തിലും പരത്തിലും എന്റെ മാർഗ്ഗം ആനന്ദത്തിന്റേതാക്കു മെന്നു തീരുമാനിച്ചു.

സായിബാബയോട് ഈ പുസ്തകമെഴുതാൻ എനിക്കു നേരിട്ട് അനുവാദം ചോദിപ്പാൻ കഴിയാത്തതുകൊണ്ട് മാധവറാവുദേശ്പാണ്ഡെ എന്നറിയപ്പെടുന്ന ബാബയുടെ അടുത്ത ഭക്തനായ ശാമ എനിക്കുവേണ്ടി ഇപ്രകാരം പറഞ്ഞു: " ഈ അന്നാസാഹേബിന് അവിടുത്തെ ജീവചരിത്രം എഴുതണമെന്നാഗ്രഹമുണ്ട്. അവിടുന്ന് ഒരു ഭിക്ഷാംദേഹിയായ ഫക്കീറാണെന്നും ജീവചരിത്രം എഴുതേണ്ടതില്ലെന്നും തടസ്സം പറയരുത്. അവിടുന്നനുവദിച്ചു സഹായിച്ചാൽ അവിടുത്തെ അനുഗ്രഹംകൊണ്ട് അയാൾ പുസ്തകം എഴുതിത്തീർക്കും. അവിടുത്തെ അനുഗ്രഹമില്ലാതെ ഒന്നും വിജയപ്രദമാവുന്നില്ല". ഇതുകേട്ടപ്പോൾ സായിബാബ സന്തുഷ്ടനായി എന്നെ അനുഗ്രഹിച്ച് എനിക്ക് ഉധി തന്ന് എന്റെ തലയിൽ കൈവച്ചനുഗ്രഹിച്ച് ഇപ്രകാരം പറഞ്ഞു. "അയാൾ കുറെ കഥകളും അനുഭവങ്ങളും ശേഖരിക്കട്ടെ. അതിന്റെ ഓർമ്മക്കുറിപ്പുകളുണ്ടാക്കട്ടെ. ഞാൻ സഹായിച്ചുകൊള്ളാം. അയാൾ വെറുമൊരു ബാഹ്യോപകരണം മാത്രമാണ്. അയാളിൽക്കൂടി ഞാൻ തന്നെ എന്റെ ജീവചരിത്രമെഴുതി ഭക്തന്മാരുടെ ആഗ്രഹങ്ങൾ സാധിച്ചുകൊള്ളാം. അയാളുടെ അഹങ്കാരം മുഴുവനുപേക്ഷിച്ച് എന്റെ കാൽക്കൽ വെക്കട്ടെ. യാതൊരുത്തനപ്രകാരം ചെയ്യുന്നുവോ അയാളെ ഞാനേറ്റവും സഹായിക്കും. എന്റെ ജീവചരിത്രത്തെ പറ്റിയല്ലേ? അയാളുടെ സ്വന്തം വീട്ടിൽവെച്ച് ഞാൻ എന്നാലാവുന്ന എല്ലാ സേവനങ്ങളും ചെയ്തുകൊള്ളാം. അയാളിലുള്ള അഹങ്കാരം പരിപൂർണ്ണമായും അവസാനിച്ചാൽ അതായത് അതിന്റെ നിഴൽപോലും മാഞ്ഞു കഴിഞ്ഞാൽ ഞാൻതന്നെ അയാളിൽ അധിനിവേശം ചെയ്തു എന്റെ ജീവചരിത്രം എഴുതിക്കൊള്ളാം. എന്റെ കഥകളും സന്ദേശങ്ങളും കേൾക്കുന്നവർക്കു ഭക്തി താനേ ജനിച്ച് ആത്മജ്ഞാനവും ആനന്ദവും ലഭിക്കും. ഒരാളുടെ കാഴ്ചപ്പാട് മറ്റുള്ളവരിലടിച്ചേൽപ്പിക്കാനുള്ള നിർബന്ധബുദ്ധി പാടില്ല. മറ്റൊരാ

ളുടെ അഭിപ്രായഗതിയെ എതിർക്കാനും പാടില്ല. ഒരു വിഷയത്തിന്റെയും സ്വീകാര്യതയെപ്പറ്റിയും, അസ്വീകാര്യതയെപ്പറ്റിയും ചർച്ച ചെയ്യാനും പാടില്ല". ഇതാണ് ബാബ പറഞ്ഞ മറുപടി. 'ചർച്ച' എന്ന പദം, ഹേമദ്പാന്ത് എന്ന സ്ഥാനപ്പേര് എനിക്കെങ്ങനെ കിട്ടി എന്നു ഞാൻ പറയാമെന്ന് വായനക്കാരോട് ചെയ്ത വാഗ്ദത്തത്തെ എന്നെ ഓർമ്മിപ്പിക്കുന്നു. കാക്കാ സാഹേബ് ദീക്ഷിതും നാനാ സാഹേബ് ചന്ദോർക്കറും എന്റെ അടുത്ത മിത്രങ്ങളായിരുന്നു. അവരെന്നോട് ഷിർദ്ദിയിൽപോയി ബാബയെ ദർശനം ചെയ്യാൻ നിർബന്ധിക്കുകയും ഞാൻ അപ്രകാരം ചെയ്യാമെന്ന് വാഗ്ദത്തം ചെയ്യുകയും ചെയ്തു. പക്ഷെ ഇടക്കാലത്തുണ്ടായ തിരിച്ചലുകളെക്കൊണ്ട് എനിക്കു ഷിർദ്ദിക്കുപോകാൻ കഴിഞ്ഞില്ല. ലോനവാലയിൽ ഉള്ള എന്റെ ഒരു സ്നേഹിതന്റെ മകൻ രോഗബാധിതനായി. അയാളെക്കൊണ്ടാവുന്നതെല്ലാം പരിശ്രമിച്ചിട്ടും പനിവിട്ടുമാറിയില്ല. അയാളുടെ ഗുരുവെ മകന്റെ കിടക്കക്കരുകിൽ ഇരുത്തി നോക്കി. എന്നിട്ടും കാര്യമുണ്ടായില്ല. ഇതു കേട്ട് ഞാൻ ആലോചിച്ചു. 'എന്താണ് ഗുരുവിനെക്കൊണ്ടൊരു പ്രയോജനം? അയാൾക്കെന്റെ സുഹൃത്തിന്റെ മകനെപ്പോലും രക്ഷിക്കാൻ കഴിഞ്ഞില്ല. ഒരു ഗുരുവിന് നമുക്കുവേണ്ടി ഒന്നും ചെയ്യാൻ കഴിയില്ലെങ്കിൽ ഞാനെന്തിനാണ് ഷിർദ്ദിക്കു പോകുന്നത്? ഇങ്ങനെ ആലോചിച്ചുകൊണ്ട് ഞാനെന്റെ ഷിർദ്ദി യാത്ര നീട്ടിവെച്ചു. പക്ഷേ സംഭവിക്കേണ്ടത് സംഭവിച്ചേ തീരൂ. അത് എന്റെ കാര്യത്തിൽ ഇപ്രകാരമാണുണ്ടായത്. പ്രാന്ത് ഓഫീസറായിരുന്ന നാനസാഹെബ് ചന്ദോർക്കർ ബസ്സീനിലേക്ക് ടൂർ പോവുകയായിരുന്നു. താനയിൽനിന്നും ദാദറിലെത്തി, അയാൾ ബസ്സീനിലേക്കുള്ള വണ്ടിയും കാത്ത് നിൽക്കുകയായിരുന്നു. അപ്പോൾ ബാന്ദ്രയിലേക്കുള്ള ലോക്കൽ വണ്ടി വന്നു. അങ്ങിനെ അയാൾ ബാന്ദ്രയിലെത്തി. എന്നെ വിളിപ്പിച്ചു ഷിർദ്ദിയിൽ പോകാത്തതിനെപ്പറ്റി ശാസിച്ചു. ഞാൻ ഷിർദ്ദിക്കു പോകണമെന്ന നാന

യുടെ വാദഗതി ആനന്ദകരമായതും എന്നെ ബോദ്ധ്യപ്പെടുത്തുന്നമായതുകൊണ്ട് അന്നു രാത്രി തന്നെ ഞാൻ ഷിർദ്ദിക്കു പോകാൻ തീരുമാനിച്ചു. ഞാൻ എന്റെ ലഗേജുമെടുത്തു ഷിർദ്ദിക്കു പുറപ്പെട്ടു. ദാദറിൽ ചെന്ന് മന്മാഡിലെക്ക് വണ്ടി കയറാമെന്ന് കരുതി ദാദറിലേക്ക് ബുക്ക് ചെയ്ത് ഞാൻ വണ്ടിയിൽ കയറി. വണ്ടി പുറപ്പെടാറായപ്പോൾ തിരക്കിട്ട് ഒരു മുഹമ്മദ്ദീയൻ എന്റെ കംപാർട്ടുമെന്റിൽ കയറി, എന്റെ സാധനങ്ങളെല്ലാം കണ്ട് ഞാൻ എവിടേക്കാണ് പോകുന്നതെന്നു ചോദിച്ചു. എന്റെ ഉദ്ദേശം ഞാൻ പറഞ്ഞപ്പോൾ അയാളെന്നോട് ദാദറിലേക്ക് പോകേണ്ടെന്നും മന്മാഡ്മെയിൽ ദാദറിൽ നിൽക്കില്ലെന്നും ഞാൻ ബോരി ബന്ദറിൽ ഇറങ്ങിയാൽ മതിയെന്നും നിർദ്ദേശിച്ചു. ഈ ചെറിയ അത്ഭുതലീല സംഭവിച്ചില്ലായിരുന്നുവെങ്കിൽ പിറ്റേന്നു ഞാൻ ഷിർദ്ദിയിലെത്തുകയില്ലെന്നു മാത്രമല്ല എന്റെ സംശയങ്ങൾ തന്നെ വർദ്ധിക്കുമായിരുന്നു. പക്ഷെ അങ്ങിനെയാവാൻ പാടില്ല. ഭാഗ്യം എന്റെ ഭാഗത്തായിരുന്നതുകൊണ്ട് പിറ്റേന്ന് രാവിലെ 9നും 10നുമിടക്ക് ഞാൻ ഷിർദ്ദിയിലെത്തി. ബാബുസാഹെബ് (കാക്കാ ദീക്ഷിത്) അവിടെ കാത്തുനിന്നിരുന്നു. ഇത് 1910ൽ ആയിരുന്നതുകൊണ്ട് അവിടെ ഭക്തന്മാർക്ക് താമസിക്കാൻ സതെയുടെ വാഡ മാത്രമെ ഉണ്ടായിരുന്നുള്ളൂ. കുതിരവണ്ടിയിൽ നിന്നിറങ്ങിയതോടുകൂടി ബാബാ ദർശനത്തിന് എനിക്ക് ഔൽസുക്യം വർദ്ധിക്കുകയും ഉടനെതന്നെ മഹാക്തനായ താത്ത്യാ സാഹെബ് നൂൽക്കാർ മസ്ജിദിൽനിന്ന് മടങ്ങിവരും വഴി ഞങ്ങളെ കാണുകയും ഞങ്ങളോട് സായിബാബ സത്രത്തിന്റെ മൂലക്കൽ നിൽക്കുന്നുണ്ടെന്നും ഉടനെ പ്രാരംഭമായി ദർശനം കഴിക്കാമെന്നും പിന്നീട് സ്നാനത്തിനുശേഷം സൗകര്യമായി ബാബയെ കാണാമെന്നു പറയുകയും ചെയ്തു. ഇതു കേട്ട ഉടനെ ഞാൻ ഓടിചെന്ന് ബാബയെ നമസ്ക്കരിച്ചു. എന്റെ ആനന്ദത്തിന് അതിരില്ലായിരുന്നു. നാനാ ചന്ദോർക്കർ പറഞ്ഞു തന്നതിലും എത്രയോ





ഉപരിയാണ് ഞാൻ കണ്ടത്. എന്റെ എല്ലാ ബോധനോപാധികളും ആ ദർശന മാത്രയിൽ സംതൃപ്തമായി. ഞാൻ വിശപ്പും ദാഹവും വിസ്മരിച്ചു. ബാബയുടെ പാദസ്പർശനം ചെയ്ത മാത്രയിൽ ഞാൻ എന്റെ ജീവിതത്തിൽ പുതിയ തുടക്കം കുറിച്ചു. ഈ ദർശനത്തിന് എനിക്ക് വഴിവെച്ചും ത്വരിതപ്പെടുത്തിയും തന്ന എല്ലാവരോടും ഞാൻ കടപ്പാടുള്ളവനാണ്. അവരെന്റെ യഥാർത്ഥ ബന്ധുക്കളാണ്. അവരോടുള്ള കടപ്പാട് എനിക്ക് തീർത്താൽ തീരാത്തതാണ്. ഞാൻ അവരെ സ്മരിച്ച് മനസ്സാകെ നമിക്കുന്നു. സായി ദർശനത്തിന്റെ പ്രത്യേകത എനിക്ക് മനസ്സിലായേടത്തോളം ദർശനമാത്രയിൽത്തന്നെ ചിന്താഗതികൾ അപ്പാടെ മാറ്റുന്നുവെന്നു മാത്രമല്ല, മുമ്പു ചെയ്ത കൃത്യങ്ങളുടെ ശക്തി നിശ്ശേഷം നിർമ്മാർജ്ജനം ചെയ്ത്, പ്രകൃത്യാ ക്രമേണ ലൗകികത്തോട് നിസ്സംഗത്വവും നിർവികാരത്വവും വളർത്തിയെടുക്കുന്നുവെന്നതുമാണ്. പൂർവ്വ ജന്മങ്ങളിലെ സൽക്കർമ്മം കൊണ്ട് മാത്രമാണ് ഈ ദർശനത്തിന് സാദ്ധ്യമാവുന്നത്. സായിബാബയെ ദർശിക്കലൊന്നുകൊണ്ടു മാത്രം മുഴുവൻ പ്രപഞ്ചവും സായിരൂപമായി നമുക്ക് അനുഭവപ്പെടുന്നതാണ്.

## ചൂട്ട വാഗ്വാദം

ഞാൻ ആദ്യമായി ഷിർദ്ദിയിൽ എത്തിയ അന്നു തന്നെ ഞാനും ബാലാസാഹെബ് ഭാട്ടെയുമായി ഒരു ഗുരുവിന്റെ ആവശ്യകതയെക്കുറിച്ച് ഒരു വാഗ്വാദമുണ്ടായി. ഞാൻ വാദിച്ചത് 'നാമെന്തിന് നമ്മുടെ സ്വാതന്ത്ര്യം ഉപേക്ഷിച്ച് മറ്റുള്ളവർക്ക് വഴങ്ങുന്നു. നമുക്ക് നമ്മുടെ പ്രവൃത്തി ചെയ്യേണ്ടിയിരിക്കെ ഒരു ഗുരുവിന്റെ ആവശ്യമെന്താണ്? തന്നത്താൻ പരിശ്രമിച്ച് രക്ഷിക്കേണ്ടിയിരിക്കുന്നു. ഒന്നും ചെയ്യാതെ ഉറങ്ങി, സമയം കളയുന്ന ഒരാളെ ഗുരുവിന്നു എന്തു ചെയ്യാൻ കഴിയും? ഇങ്ങനെ സ്വാത

ന്ത്രമാർഗ്ഗത്തെക്കുറിച്ച് ഞാനും, മിസ്റ്റർ ഭാട്ടെ മറിച്ച് വിധിയെക്കുറിച്ച് ഇപ്രകാരവും വാദിച്ചു. “സംഭവിക്കാനുള്ളത് സംഭവിച്ചേ തീരൂ. മഹത്തുക്കൾ കൂടി പരാജിതരാവുന്നു. മനുഷ്യൻ ഒന്നാശിക്കുന്നു. ദൈവം മറ്റൊന്നു വരുത്തുന്നു. നിങ്ങളുടെ സാമർത്ഥ്യത്തെപ്പറ്റി മറക്കൂ. അഹങ്കാരവും അഹംഭാവവും നിങ്ങളെ സഹായിക്കുന്നില്ല”. ഈ വാഗ്വാദം എല്ലാ വശങ്ങളെക്കുറിച്ചും ഒരു മണിക്കൂറിലധികം നടന്നെങ്കിലും സാധാരണപോലെ ഒരു തീരുമാനത്തിലും എത്തിയില്ല. ഒടുക്കം മടുത്ത് ഞങ്ങൾക്ക് വാദം നിർത്തേണ്ടി വന്നു. ഇതിന്റെ എല്ലാം ഫലമായി എന്റെ മനഃശാന്തി നഷ്ടപ്പെടുകയും അഹംഭാവംകൊണ്ടും മറ്റും മാത്രമാണ് ഇത്തരം വാദത്തിന് പോകേണ്ടിവരുന്നതെന്ന് മനസ്സിലാക്കുകയും ചെയ്തു. ഞാനെന്ന ഭാവംകൊണ്ട് മാത്രമാണ് ചുരുക്കത്തിൽ വാഗ്വാദത്തിന് പോകുന്നത്.

പിന്നീട് ഞങ്ങൾ മറ്റുള്ളവരോടൊപ്പം മസ്ജിദിൽ പോയപ്പോൾ ബാബ കാക്കാസാഹെബ് ദീക്ഷിത്തിനോട് ഇപ്രകാരം ചോദിച്ചു.

‘എന്താ സതേവാഡയിൽ ന്ടന്നുകൊണ്ടിരുന്നത്? എന്തിനെ സംബന്ധിച്ചായിരുന്നു തർക്കം? എന്നിട്ട് എന്നെ തറപ്പിച്ചുനോക്കി ബാബ വീണ്ടും ചോദിച്ചു. ‘ഈ ഹേമദ്പാന്ത് എന്തു പറയുന്നു?’

ഈ വാക്കുകൾ കേട്ടപ്പോൾ ഞാൻ അതിശയിച്ചുപോയി. മസ്ജിദ്, ഞാൻ താമസിക്കുന്നതും വാദം നടന്നതുമായ സതേവാഡയിൽ നിന്നു സാമാന്യം അകലെയാണ്. ബാബ അന്തർയ്യാമിയും അന്തക്കരണങ്ങളുടെ നാഥനുമല്ലെങ്കിൽ എങ്ങിനെ ഈ വാദത്തെ മനസ്സിലാക്കി?

## മർമ്മപ്രധാനവും ഭാവിസൂചകവുമായ സ്ഥാനപ്പേര്

എന്താണ് സായിബാബ എന്നെ ഹേമദ്പാന്ത് എന്ന് വിളി




ക്കാൻ കാരണം? ഈ പദം ഹേമാദ്രിപാന്ത് എന്ന പേരിന്റെ ഒരു ചുരുക്കപ്പേരായി നാടൻ ഭാഷയിൽ പറഞ്ഞുവരുന്നതാണ് ഈ ഹേമാദ്രിപാന്ത് യാദവ വംശത്തിൽപ്പെട്ട ദേവഗിരിയിലെ മഹാദേവ്, രാമദേവ് എന്നീ രാജാക്കന്മാരുടെ പ്രശസ്തനായ സചിവനായിരുന്നു. അദ്ദേഹം അഗാദ പണ്ഡിതനും സൽസ്വഭാവിയും ചതുർവർഗ്യചിന്താമണി, രാജപ്രശസ്തി എന്നീ മഹദ് ഗ്രന്ഥങ്ങളുടെ രചയിതാവുമായിരുന്നു. പുതിയതരം കണക്ക് സൂക്ഷിക്കുന്ന സമ്പ്രദായവും മറ്റും അദ്ദേഹം കണ്ടുപിടിച്ച് പ്രചരിപ്പിച്ചതാണ്. മോഡി എന്ന മറാത്തി ചുരുക്കെഴുത്ത് അദ്ദേഹം തുടങ്ങിവെച്ചതാണ്. അദ്ദേഹവുമായി താരതമ്യപ്പെടുത്തിയാൽ ഞാൻ നേരെ വിപരീതമായ മൂഢനും ബുദ്ധിശൂന്യനുമായ ഒരു വെറും സാധാരണക്കാരനാണ്. അതുകൊണ്ട് അത്തരത്തിലൊരു സംജ്ഞ എനിക്ക് തന്നതിന്റെ പ്രസക്തി എനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. പക്ഷേ അതിനെപ്പറ്റി അവഗാഢമായി ചിന്തിച്ചതിൽ ആ പേര് എന്റെ അഹംഭാവത്തിനെതിരായ ഒരു ശരമായിരുന്നുവെന്നും ഞാൻ സദാ ശാന്തനും എളിയവനുമായിരിക്കണമെന്ന് എന്നെ മനസ്സിലാക്കിത്തരുകയായിരുന്നുവെന്നും എനിക്കു വെളിപ്പെട്ടു. കൂടാതെ തർക്കത്തിലുണ്ടായ എന്റെ സാമർത്ഥ്യത്തെ അഭിനന്ദിക്കലുമായിരിക്കാം അത്.

(എന്നാൽ ഭാവി ചരിത്രം നോക്കുമ്പോൾ ബാബ, ദാഭോൽക്കർക്ക് ഹേമദ്പാന്ത് എന്ന സ്ഥാനപ്പേർ കൊടുത്തത് സമുചിതവും അർത്ഥവത്തുമാണെന്ന് മാത്രമല്ല ഭാവിയെ സൂചിപ്പിക്കലായിരുന്നു എന്നും വ്യക്തമാണ്. അദ്ദേഹം പിന്നീട് സായിസനസ്ഥാൻ വളരെ സമർത്ഥമായി ഭരിക്കുകയും കൃത്യമായും സത്യമായും കണക്കുകൾ സൂക്ഷിക്കുകയും ചെയ്തുവെന്നു മാത്രമല്ല 'സായിസച്ചരിതമെന്ന' ജ്ഞാനം, ഭക്തി, നിസ്സംഗം എന്നീ വിഷയങ്ങളെക്കുറിച്ചും ആത്മാർപ്പണം, ആത്മജ്ഞാനം

എന്നിവയെ സംബന്ധിച്ചും പ്രതിപാദിക്കുന്ന ഒരു മഹൽഗ്രന്ഥം രചിക്കുകയും ചെയ്തു.)

## ഗുരുവിന്റെ ആവശ്യകതയെപ്പറ്റി

ഇതിനെപ്പറ്റി ബാബ പറഞ്ഞതിനെ സംബന്ധിച്ച് ഹേമദ്പാന്ത് യാതൊരു കുറിപ്പോ മറ്റോ എഴുതിക്കാണുന്നില്ലെങ്കിലും കാക്കാസാഹെബ് ദീക്ഷിത് ഇത് സംബന്ധിച്ച് അദ്ദേഹത്തിന്റെ കുറിപ്പുകൾ പ്രസിദ്ധം ചെയ്തിട്ടുണ്ട്. ഹേമദ്പാന്തും സായിബാബയും തമ്മിൽ മുൻ പറഞ്ഞ സംഭാഷണം നടന്നതിന്റെ പിറ്റേന്ന് കാക്കാസാഹെബ് ബാബയെക്കണ്ട് ഷിർദ്ദിയിൽ നിന്നും മടങ്ങിപ്പോകാൻ അനുവാദം ചോദിച്ചു. ബാബ സമ്മതിച്ചു. അപ്പോൾ മറ്റൊരാൾ ഇങ്ങനെ ചോദിച്ചു: 'ബാബ!എവിടെ പോകാനാണ്! ബാബ പറഞ്ഞു, 'ഉന്നതിയിലേക്ക് അപ്പോൾ അപരൻ ചോദിച്ചു എങ്ങിനെയാണ് വഴി' ബാബ ഇപ്രകാരം പറഞ്ഞു 'അവിടേക്ക് വളരെ ഏറെ മാർഗ്ഗങ്ങളുണ്ട്. ഈ ഷിർദ്ദിയിൽ നിന്നും ഒരു മാർഗ്ഗമുണ്ട്. വഴി ദുർഘടം പിടിച്ചതാണ്. മാർഗ്ഗമദ്ധ്യത്തിലെ വനാന്തരങ്ങളിൽ പുലികളും ചെന്നായ്ക്കളുമുണ്ട്. അതുകേട്ട് കാക്കാസാഹെബ് ചോദിച്ചു - പക്ഷെ ബാബ, ഒരു വഴികാട്ടിയെ ഞങ്ങൾ കൂടെ കൂട്ടിയാലോ? ബാബ അതിന് ഇപ്രകാരം മറുപടി പറഞ്ഞു. 'എങ്കിൽ യാതൊരു വിഷമവുമില്ല. വഴികാട്ടി നിങ്ങളെ കുണ്ടുകളിൽനിന്നും കുഴികളിൽനിന്നും പുലികളിൽനിന്നും ചെന്നായ്ക്കളിൽനിന്നും അകറ്റി നേരെ ലക്ഷ്യത്തിലെത്തിക്കും. അത്തരം വഴികാട്ടിയില്ലെങ്കിൽ നിങ്ങൾ കാട്ടിൽ വഴി തെറ്റിപ്പോവാനോ അഗാധഗർത്തങ്ങളിൽ വീണുപോവാനോ സാദ്ധ്യതയുണ്ട്.' ദാഭോൽക്കർ ഈ അവസരത്തിൽ സന്നിഹിതനായിരുന്നു. ഗുരുവിന്റെ ആവശ്യകതയെക്കുറിച്ച് ബാബയുടെ ഖണ്ഡിതമായ അഭിപ്രായം ഇതാണെന്ന് അയാൾക്ക് മനസ്സിലായി. (സായിലീല - വാള്യം 1 - നമ്പ്ര് 5 പേജ് 47) അന്നുതൊട്ട്, മനുഷ്യൻ

സ്വതന്ത്രനോ പരാധീനനോ എന്നും മറ്റുമുള്ള വാഗ്വാദങ്ങൾ ആദ്ധ്യാത്മിക വിഷയങ്ങളിൽ അപ്രസക്തവും അനാവശ്യവുമാണെന്ന് അദ്ദേഹത്തിന് ബോദ്ധ്യമായി. പരമാർത്ഥതത്ത്വം ഗ്രഹിപ്പാൻ ഗുരുപദേശം കൊണ്ട് മാത്രമേ സാദ്ധ്യമാവൂ എന്നും അവതാര പുരുഷന്മാരായ ശ്രീരാമകൃഷ്ണന്മാർപോലും ഗുരുഭക്തന്മാരായ വസിഷ്ഠൻ, സാന്ദീപനി എന്നിവർക്ക് വഴങ്ങിയിരുന്നുവെന്നും, ആത്മബോധത്തിനും പുരോഗമനത്തിനുംവേണ്ട ഒരേ ഒരു ഗുണം വിശ്വാസവും ക്ഷമയുമാണെന്നും ഹേമദ്പാന്തിന് മനസ്സിലാവുകയും അത് സായിസച്ചരിതം മൂലഗ്രന്ഥത്തിൽ 2-ാം അദ്ധ്യായം 191, 192 എന്നീ ശ്ലോകങ്ങളിൽ അദ്ദേഹം വ്യക്തമാക്കുകയും ചെയ്തു.

ശ്രീ സായിയെ നമിക്കുവിൻ, ലോകശാന്തി ഭവിക്കട്ടെ!

# അദ്ധ്യായം - 3



സായിബാബയുടെ അനുമതിയും വാഗ്ദാനവും - ഭക്തന്മാർക്കു നിയുക്തമായ കർമ്മങ്ങൾ - ബാബയുടെ കഥകൾ ദീപശിഖപോലെ - മാതൃനിർവിശേഷമായ സ്നേഹം - റോഹില്ലന്റെ കഥ - മധുരമായ അമൃതവാണികൾ.

## സായിബാബയുടെ അനുമതിയും വാഗ്ദാനവും.

മുൻ അദ്ധ്യായത്തിൽ വിവരിച്ചതുപോലെ സച്ചരിതം എഴുതുന്നതിന് സായിബാബ പൂർണ്ണാനുമതി തന്നുകൊണ്ട് ഇപ്രകാരം പറഞ്ഞു. “സച്ചരിതം എഴുതുന്ന കാര്യത്തിൽ ഞാൻ നീയുമായി പരിപൂർണ്ണമായി യോജിക്കുന്നു. യാതൊന്നും ഭയപ്പെടാതെ കടമ നിർവ്വഹിക്കുക. മനസ്സ് ഉറപ്പിച്ച് എന്റെ വാക്കുകളിൽ വിശ്വസിക്കുക. എന്റെ ലീലകൾ എഴുതിയാൽ അവിദ്യ തിരോധനം ചെയ്യുന്നു. അവ ഗാഢശ്രദ്ധയോടുകൂടി കേട്ടാൽ ലൗകികങ്ങളിൽ താല്പര്യം നശിക്കുന്നു. ഭക്തിയുടെ ശക്തമായ അലകൾ അവനിലേക്കാഞ്ഞടിക്കുന്നു. എന്റെ ലീലകളിൽ അവഗാഢമായി മുങ്ങിത്തപ്പിയാൽ ജ്ഞാനത്തിന്റെ മുത്തുമണികൾ ലഭ്യമാവും.”

ഇതുകേട്ട് ഗ്രന്ഥകർത്താവ് സന്തുഷ്ടനാവുകയും, ഭയരഹിതനും, ആത്മവിശ്വാസമുള്ളവനുമാവുകയും ഈ ഗ്രന്ഥം ഒരു വിജയമാവുമെന്ന് വിശ്വസിക്കുകയും ചെയ്തു. പിന്നീട് ശാമയോടായി (മാധവറാവു ദേശ്പാണ്ഡെ) സായിബാബ ഇപ്രകാരം പറഞ്ഞു-

“യാതൊരുത്തൻ എന്റെ നാമം പ്രേമത്തോടുകൂടി ഉച്ചരിക്കുന്നുവോ, ഞാൻ അവന്റെ എല്ലാ ആഗ്രഹങ്ങളും സാധിപ്പിച്ച് ഭക്തി വർദ്ധിപ്പിച്ചു കൊടുക്കുന്നതാകുന്നു. എന്റെ ജീവിതത്തെ പറ്റിയും ലീലകളെ പറ്റിയും ആത്മാർത്ഥമായി യാതൊരാൾ പാടുന്നുവോ, അവന്റെ മുന്നിലും പിന്നിലും എല്ലാ ഭാഗങ്ങളിലും ഞാൻ ഉണ്ടാവുന്നതാണ്. എന്നിൽ ആത്മാർപ്പണം ചെയ്ത ഭക്തമാർ ഈ കഥകൾ കേൾക്കുന്ന മാത്രയിൽ സ്വാഭാവികമായും പരമാനന്ദം അനുഭവിക്കും. എന്നിൽ വിശ്വസിക്കുക. യാതൊരുവൻ എന്റെ ലീലകളെപറ്റി പാടുന്നുവോ, അവന് ഞാൻ ശാശ്വതമായ ആനന്ദവും നിത്യമായ സംതൃപ്തിയും പ്രദാനം ചെയ്യും. എന്നിൽ സർവ്വം അർപ്പിച്ച് വിശ്വാസപൂർവ്വം എന്നെ ആരാധിക്കുന്ന, എന്നെ സ്മരിച്ച് ഹിതമായി ധ്യാനിക്കുന്ന, ഭക്തജനങ്ങളെ ഞാൻ ജീവൻമുക്തരാക്കുന്നു. ലൗകികമായ നേട്ടങ്ങളിലും ലാഭങ്ങളിലും ഉള്ള ആഗ്രഹം എന്റെ നാമം ഉച്ചരിക്കുന്ന, എന്നെ ആരാധിക്കുന്ന, എന്റെ കഥകളെയും ജീവിതത്തെയും സ്മരിക്കുന്ന, ഭക്തന്മാരെ ഒരിക്കലും സ്വാധീനിക്കുന്നതല്ല. എന്റെ ഭക്തന്മാരെ മരണ വക്രത്തിൽനിന്ന് ഞാൻ രക്ഷിക്കും. എന്റെ കഥകൾ ശ്രവിക്കുന്ന മാത്രയിൽ എല്ലാ രോഗങ്ങളിൽനിന്നും വിമുക്തി നേടുന്നു. അതുകൊണ്ട് എന്റ ഈ കഥകളെ ഭക്ത്യാദരത്തോടുകൂടി ശ്രവിച്ച് മനസ്സിരുത്തി അതിന്റെ തത്ത്വങ്ങൾ ഉൾക്കൊണ്ടാൽ അതാണ് ആനന്ദത്തിന്റെയും സംതൃപ്തിയുടെയും മാർഗ്ഗം. ഇത് കേൾക്കുന്നവരുടെ അഹങ്കാരവും അഹംഭാവവും നിർമ്മാർജ്ജനം ചെയ്ത് ഞാൻ പരമാത്മാവിങ്കൽ ലയിപ്പിക്കുന്നതാണ്. വെറും “സായി സായി” എന്ന നാമോച്ചാരണം കൊണ്ടുമാത്രം വാചശ്രവണജ

മായ സമസ്ത പാപങ്ങളും നശിക്കുന്നതാണ്.

## ഭക്തന്മാർക്ക് നിയുക്തമായ കർമ്മങ്ങൾ

ഭഗവാൻ പലതരം ഭക്തന്മാരെ പലതരം പ്രവൃത്തിക്കൾക്കാണ് നിയോഗിക്കുന്നത്. ചിലർക്ക് ക്ഷേത്രങ്ങളും മഠങ്ങളും നിർമ്മിക്കാനുള്ള പ്രവൃത്തി കൊടുക്കുന്നു. ചിലരെ പുണ്യനദികളിൽ സ്നാനഘട്ടങ്ങൾ നിർമ്മിക്കാൻ നിയോഗിക്കുന്നു. ചിലരെ ദൈവത്തിന്റെ അപദാനങ്ങളെ കീർത്തിച്ച് നടക്കാൻ നിശ്ചയിക്കുന്നു. മറ്റു ചിലരെ തീർത്ഥാടനത്തിന്നയക്കുന്നു. എന്നെ നിയോഗിച്ചത് ഈ സത്ചരിതം എഴുതാനാണ്. എല്ലാറ്റിലും ഉപരിയായി അല്പജ്ഞാനിയും പരിപൂർണ്ണജ്ഞാനം ഒന്നുമില്ലാത്തവനുമായ ഈ ഞാൻ ഈ പണിക്ക് തീരെ കഴിവില്ലാത്തവനാണ്. പിന്നെ എന്തിനുവേണ്ടി ഞാനീ പ്രയാസപ്പെട്ട പണി ഏറ്റെടുത്തു? സായിബാബയുടെ യഥാർത്ഥ ജീവിതത്തെപ്പറ്റി ആർക്ക് എഴുതാൻ കഴിയും? സായിബാബയുടെ അനുഗ്രഹം കൊണ്ട് മാത്രമേ ഈ ദുർഘടം പിടിച്ച പ്രവൃത്തി പൂർത്തിയാക്കാൻ കഴിയൂ. ഈ വിശ്വാസത്തോടുകൂടി ഞാൻ പേന കൈയിൽ എടുത്തതോടുകൂടി സായിബാബ എന്റെ അഹംഭാവം നിശ്ശേഷം നശിപ്പിച്ച് തന്നത്താൻ ബാബയുടെ കഥകൾ എഴുതിത്തുടങ്ങി. ഈ കഥകൾ എഴുതിയതിലുള്ള പ്രശസ്തി എനിക്കുള്ളതല്ല ബാബക്കുള്ളതാണ്. ജനനാൽ ഞാൻ ബ്രാഹ്മണനാണെങ്കിലും ശ്രുതി സ്മൃതി എന്നീ രണ്ടു കണ്ണുകൾ എനിക്കില്ലാത്തതുകൊണ്ട് ഈ സച്ചരിതം എഴുതാൻ എനിക്ക് കഴിവില്ല. പക്ഷെ ദൈവാനുഗ്രഹം, 'മൂകം കരോതി വാചാലം പങ്കും ലംഘയതെ ഗിരിം' എന്നാക്കുമല്ലോ (അതായത് ഊമയെ വാചാലനാക്കുന്നു. മുടന്തനെ പർവതം കടത്തി വിടുന്നു.)

ബാബക്ക് മാത്രമെ ബാബയുടെ ഇഷ്ടപ്രകാരമുള്ള കാര്യങ്ങൾ നിർവ്വഹിക്കാനുള്ള സൂത്രം അറിയുകയുള്ളൂ. വീണയ്ക്കോ

ഹാർമോണിയത്തിനോ മധുരസ്വരം എങ്ങിനെ ഉണ്ടാവുന്നു എന്ന് അറിയുന്നില്ല. അത് അവ വായിക്കുന്നവന്റെ കഴിവുകൊണ്ടാണ്. ചന്ദ്രകാന്തശില ദ്രവിക്കുന്നതും വേലിയേറ്റം ഉണ്ടാവുന്നതും ശിലയുടെയോ കടലിന്റെയോ കഴിവുകൊണ്ടല്ല. ചന്ദ്രോദയം കൊണ്ടാണ്.

## ബാബയുടെ കഥകൾ ദീപശിഖപോലെ

കടൽക്കരയിലെ ദീപസ്തംഭങ്ങൾ തോണിക്കാർക്ക് പാറകളും അപകടങ്ങളും ഒഴിവാക്കി സുരക്ഷിതമായ യാത്ര ചെയ്യാൻ സ്ഥാപിച്ചവയാണ്. ലൗകിക ജീവിതമാകുന്ന സമുദ്രത്തിൽ സായിബാബയുടെ കഥകളും അത്തരം ഉദ്ദേശങ്ങളെത്തന്നെയാണ് നിർവ്വഹിക്കുന്നത്. അവ മാധുര്യത്തിൽ അമൃതത്തെ അതിശയിപ്പിച്ച്, ലൗകിക മാർഗ്ഗങ്ങളെ സുഗമവും സന്തുഷ്ടവുമാക്കുന്നു. അവ ഹൃദയത്തിൽ സ്പർശിക്കുമ്പോൾ ദേഹബോധവും അഹങ്കാരവും നശിക്കുന്നതോടുകൂടി ദ്വൈതഭാവവും നശിക്കുന്നു. നമ്മുടെ സംശയങ്ങൾ അകറ്റുന്നു. ഞാനെന്ന ഭാവം നശിച്ച് പരിപൂർണ്ണജ്ഞാനം സിദ്ധിക്കുന്നു. ബാബയുടെ പരിശുദ്ധഖ്യാതി വർണ്ണിക്കുന്നതുകൊണ്ടും കേൾക്കുന്നതുകൊണ്ടും ഭക്തന്റെ മനസ്സ് ശുദ്ധമായിത്തീരുന്നു. അതുകൊണ്ട് ഇതു മാത്രമാണ് ഏറ്റവും എളുപ്പമായി മുക്തി ലഭിക്കാനുള്ള സാധന. കൃതയുഗ സാധന ശമദമവും, ത്രേതായുഗത്തിന് യജ്ഞവും, ദ്വാപരയുഗത്തിന് ആരാധനയും, ഇപ്പോഴുള്ള കലിയുഗത്തിന് നാമസ്മരണയുമാണ് എന്നാണ് വിധി. ഈ അവസാനത്തെ സാധന ചാതുർവർണ്ണ്യഭേദമില്ലാതെ അനുഷ്ടിക്കാവുന്നതാണ്. മറ്റു സാധനകളായ യോഗം, യാഗം, ധ്യാനം, ധാരണ എന്നിവ പ്രയാസമുള്ളവയാണെങ്കിലും ഭഗവാന്റെ (സായിബാബയുടെ) അപദാനങ്ങൾ കീർത്തിക്കുന്നതും ശ്രദ്ധിക്കുന്നതും വളരെ എളുപ്പമാണല്ലോ. നാം ശ്രദ്ധ അങ്ങോട്ടു തിരിക്കുകയേ വേണ്ടൂ. അത് സംസാ

രബന്ധങ്ങളിലുള്ള ആശ നശിപ്പിച്ച് ആത്മജ്ഞാനത്തിലേക്ക് നമ്മെ നയിക്കുന്നു. ഈ ഉദ്ദേശത്തോടുകൂടി സായിബാബ ഈ സച്ചരിതാമൃതം എഴുതാനെന്നെ സഹായിച്ചു. ഈ കഥകൾ വായിക്കുന്ന ഭക്തന്മാർ ബാബയെ ധ്യാനിച്ച് ആ രൂപം സ്മരിച്ച് ഗുരുവിലും ദൈവത്തിലും ഭക്തിയാർജ്ജിച്ച് നിസ്സംഗത്വവും ആത്മജ്ഞാനവും കൈവരുത്തട്ടെ. എന്നെ വെറും ഒരു ഉപകരണമായി ഉപയോഗിച്ച് സായിബാബ തന്നെയാണ് ഈ സച്ചരിതാമൃതം എഴുതിയിട്ടുള്ളത്.

**സായിബാബയുടെ മാതൃനിർവിശേഷമായ സ്നേഹം**

ഒരു പശു അതിന്റെ കുട്ടിയെ എങ്ങിനെ സ്നേഹിക്കുന്നു എന്ന് എല്ലാവർക്കുമറിയാം. അതിന്റെ അകിട് പാൽ നിറഞ്ഞതാണ്. കുട്ടി, മുട്ടുന്നതോടുകൂടി ധാരാളം പാൽ അകിടിൽ നിന്ന് വന്നുകൊണ്ടിരിക്കുന്നു. അതുപോലെ മനുഷ്യരിലും അമ്മമാർ കുട്ടിയുടെ ആവശ്യങ്ങൾ മുൻകൂട്ടി അറിഞ്ഞ് വേണ്ട സമയം അതിന്ന് മുല കൊടുക്കുന്നു. വസ്ത്രാലങ്കാരങ്ങളിൽ അമ്മ പ്രത്യേകം ശ്രദ്ധിക്കുന്നു. കുട്ടി ഇതൊക്കെ അറിയുകയോ ശ്രദ്ധിക്കുകയോ ചെയ്യുന്നില്ല. എന്നാലും കുട്ടിയെ അണിഞ്ഞൊരുക്കി കാണുന്ന അമ്മയുടെ ആനന്ദം സീമാതീതമാണ്. മാതൃസ്നേഹം അതുല്യവും അദ്വിതീയവും നിർമ്മലവും ഉത്തമവുമാണ്. ഈ മാതൃനിർവിശേഷ സ്നേഹമാണ് സദ്ഗുരുവിന് ശിഷ്യന്മാരോടുള്ളത്. സായിബാബയ്ക്ക് എന്നോടും ഇതേ സ്നേഹം തന്നെയായിരുന്നു. അതിന്നൊരുദാഹരണം പറയാം.

1916-ൽ ഞാൻ ഗവൺമെന്റ് ജോലിയിൽ നിന്ന് പിരിഞ്ഞു. പെൻഷൻ കിട്ടാനുള്ളത് കുടുംബം പുലർത്താൻ തീരെ മതിയായിരുന്നില്ല. അക്കൊല്ലത്തെ ഗുരുപൗർണ്ണമിക്ക് (ആഷാഢം 15ന്) മറ്റു ഭക്തന്മാർക്കൊപ്പം ഞാനും ഷിർദ്ദിക്കുപോയി. അവിടെ അന്നാചിൻ ചാനിക്കർ എനിക്കുവേണ്ടി ബാബയോട് ഇപ്രകാരം

പ്രാർത്ഥിച്ചു. "ഇവനിൽ കനിവുണ്ടാകണെ. അയാൾക്കു കിട്ടുന്ന പെൻഷൻ തീരെ മതിയാവില്ല. അയാളുടെ കുടുംബം വലുതാവുകയാണ്. മറ്റെന്തെങ്കിലും ഒരു ജോലി കൊടുത്ത് അയാളുടെ സങ്കടം തീർത്ത് രക്ഷിക്കണെ". ബാബ പറഞ്ഞു: "അവന്ന് മറ്റൊരു ജോലി കിട്ടും. ഇപ്പോൾ എന്നെ ശുശ്രൂഷിച്ച് സന്തുഷ്ടനാവട്ടെ. അവന്റെ ഭക്ഷണകാര്യം എന്നും നിറപാത്രമായിരിക്കും. ഒരിക്കലും ഒഴിയില്ല. അവൻ മുഴുവൻ ശ്രദ്ധയും എന്നിൽ അർപ്പിക്കട്ടെ. നിരീശ്വരന്മാരായും ദുർവൃത്തരായും മതവിദ്വേഷികളായും അവൻ ഒരിക്കലും കൂട്ടുകൂടരുത്. എളിയവനായി എല്ലാവരോടും പെരുമാറി എന്നെ ആരാധിക്കട്ടെ. അങ്ങിനെ ചെയ്താൽ അവൻ ആനന്ദവാനായി മാറും."

## റോഹില്ലന്റെ കഥ

ബാബയുടെ വിശ്വപ്രേമത്തിന്റെ ഉദാഹരണമാണ് റോഹില്ലന്റെ കഥ. ദീർഘകായനും ദൃഢശരീരനും കൂറ്റനെപ്പോലെ ദേഹബലമുള്ളവനുമായ ഒരു റോഹില്ല മുസ്ലീം ഷിർദ്ദിയിൽ വന്നു. അയാൾ ഒരു നീളൻ കുപ്പായമാണ് ധരിച്ചിരുന്നത്. ബാബയിൽ ആകൃഷ്ടനായി അയാൾ അവിടെ താമസിച്ചു. രാപ്പകൽ അയാൾ കർണ്ണകഠോരമായ സ്വരത്തിൽ അത്യുച്ചത്തിൽ കൊറാനിൽനിന്ന് കല്മ ചൊല്ലി 'അല്ലാഹു അക്ബർ' എന്ന് അലറും. ഷിർദ്ദിയിൽ അധികം പേരും പകൽ മുഴുവൻ വയലിൽ പണിയെടുക്കുന്നവരാണ്. അതു കഴിഞ്ഞ് രാത്രി മടങ്ങിയെത്തിയാൽ ഈ റോഹില്ലന്റെ അലർച്ചകൊണ്ട് അവർക്ക് ഉറക്കം കിട്ടാതെ അവർ കുഴപ്പത്തിലായി. കുറെ ദിവസം അവരെല്ലാം സഹിച്ചുവെങ്കിലും ഒടുവിൽ സഹിക്കാനാവാതെ ബാബയെ സമീപിച്ച് അവരുടെ വിഷമത്തെപ്പറ്റി പറയുകയും റോഹില്ലനെ ഒന്നു നിയന്ത്രിച്ചു നിർത്താൻ അപേക്ഷിക്കുകയും ചെയ്തു. ബാബ അത് ഗൗനിച്ചില്ലെന്ന് മാത്രമല്ല അവർ അവരുടെ കാര്യം നോക്കിയാൽ

മതിയെന്നും റോഹില്ലന്റെ കാര്യം നോക്കേണ്ടെന്നും പറഞ്ഞു. ബാബ ഇങ്ങനെ കൂട്ടിച്ചേർത്തു. “റോഹില്ലന്ന് വളരെ ചീത്ത സ്വഭാവക്കാരിയായ ഒരു ഭാര്യയുണ്ട്. അവൾ റോഹില്ലനെയും എന്നെയും വന്ന് ബുദ്ധിമുട്ടിക്കാൻ ശ്രമിക്കുകയാണ്. പക്ഷേ റോഹില്ലന്റെ പ്രാർത്ഥന കേൾക്കുമ്പോൾ അവൾക്ക് കടന്നു വരാൻ നിവൃത്തിയില്ലാതെ ഭയപ്പെടുന്നതുകൊണ്ട് ഞങ്ങൾക്ക് സമാധാനവും സന്തുഷ്ടിയും നഷ്ടപ്പെടാതിരിക്കയാണ്.” യഥാർത്ഥത്തിൽ റോഹില്ലൻ അവിവാഹിതനാണ്. അവന്റെ ഭാര്യ എന്ന് ബാബ പറഞ്ഞത് ദുർബുദ്ധിയും ദുഷ്ട വിചാരവുമാണ്. ബാബക്ക് ഏതുവിധമായ പ്രാർത്ഥനയും ഇഷ്ടമായതിനാലാണ് റോഹില്ലന്റെ ഭാഗം ചേർന്ന് ഗ്രാമീണരോട് അസൗകര്യം തൽക്കാലം സഹിക്കാനും ക്രമേണ അത് തീരുമെന്നും പറയാനിടയായത്.

**ബാബയുടെ മധുരമായ അമൃതവാണികൾ**

ഒരു ദിവസം മദ്ധ്യാഹ്ന ആരതിക്കുശേഷം ഭക്തന്മാർ താവളങ്ങളിലേക്ക് മടങ്ങാൻ തുടങ്ങുമ്പോൾ ബാബ താഴെ പറയും പ്രകാരം ഉപദേശിച്ചു.

‘നിങ്ങളെവിടെയായാലും, എന്തു ചെയ്താലും, അതെല്ലാം ഞാൻ അറിയുന്നു എന്ന് ഓർമ്മിക്കുവിൻ. ഞാൻ അന്തർയാമിയും ഹൃദയനിവാസിയുമാണ്. സമസ്ത ജീവജാലങ്ങളിലും ചരാചരാങ്ങളിലും ഞാൻ ഉൾക്കൊള്ളുന്നു. പ്രപഞ്ച നാടകത്തിലെ സൂത്രധാരനാണ് ഞാൻ. ഞാൻ ലോകമാതാവും, സർവത്തിനും കാരണഭൂതനും, ത്രിഗുണങ്ങളും, ജ്ഞേതവും, സൃഷ്ടിസ്ഥിതി സംഹാരകാരിയുമാണ്. എന്നിലേക്ക് ശ്രദ്ധ തിരിക്കുന്നവനെ യാതൊന്നിനും നശിപ്പിക്കാനാവില്ല. എന്നെ വിസ്മരിക്കുന്നവനെ, മായ അടിച്ചമർത്തി തളർത്തിക്കളയും, സമസ്ത ജീവജാലങ്ങളും,

കൃമികളും, ഉറുമ്പുകളും, ചരാചരാങ്ങളും എന്റെ ശരീരവും ആകൃതിയുമാണ്".

ഇതുകേട്ട് ഞാൻ എന്റെ ഈ ഗുരുവെയല്ലാതെ മറ്റാരെയും സേവിക്കില്ലെന്ന് തീരുമാനിച്ചു. അന്നാചിൻ ചാനിക്കറോട് ബാബ എനിക്കു ജോലി കിട്ടുമെന്ന് പറഞ്ഞതുകേട്ട് എന്റെ മനസ്സിൽ 'അങ്ങനെയുണ്ടാവുമോ' എന്നു സംശയിക്കുകയായിരുന്നു. ബാബയുടെ വാക്കുകൾ ശരിയാണെന്നും എനിക്കു കുറച്ചുകാലത്തേക്കു ഗവൺമെന്റ് ജോലി കിട്ടിയെന്നും ഭാവികൊണ്ട് തെളിഞ്ഞു. അതിൽപിന്നെ ഞാൻ സ്വാതന്ത്രനായി എന്റെ മുഴുവൻ സമയവും എന്റെ ഗുരു സായിബാബയുടെ പരിചരണത്തിന് ഉപയോഗിച്ചു.

ഈ അദ്ധ്യായം അവസാനിപ്പിക്കുന്നതിനുമുമ്പ് ഞാൻ വായനക്കാരോട് അപേക്ഷിക്കുകയാണ് : എല്ലാ തടസ്സങ്ങളും, മടിയും നിദ്രയും മനശ്ചാഞ്ചല്യവും, ഇന്ദ്രിയസുഖേച്ഛയും ഉപേക്ഷിച്ച് സായിബാബയുടെ ഈ കഥകളിൽ മുഴുവൻ ശ്രദ്ധയും ചെലുത്തുവിൻ! സ്വാഭാവികമായ പ്രേമം വളർത്തി ഭക്തിയുടെ രഹസ്യം മനസ്സിലാക്കുവിൻ! മറ്റു സാധനകൾകൊണ്ട് തളരേണ്ടതില്ല. സരളമായ ഈ ഒരൊറ്റ വഴി മതി, അതായത് സായിബാബയുടെ കഥകൾ ശ്രവിക്കൽ. ഇത് അവരുടെ അജ്ഞാനം നശിപ്പിച്ച് മോക്ഷം കൈവരുത്തും. പിശുക്കൻ എവിടെപ്പോയാലും അയാൾ സൂക്ഷിച്ചുവെച്ച ധനത്തിലായിരിക്കുമല്ലോ മുഴുവൻ ശ്രദ്ധയും, അതേപോലെ സായിബാബയെ മനസ്സിൽ കുടിയിരുത്തിയാലും.

അടുത്ത അദ്ധ്യായത്തിൽ സായിബാബ ഷിർദ്ദിയിൽ വന്ന കാര്യങ്ങളെപ്പറ്റി പ്രതിപാദിക്കുന്നതാണ്.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!

# അദ്ധ്യായം - 4



ഋഷിമാരുടെ പ്രവർത്തനങ്ങൾ - ഷിർദ്ദി ഒരു പുണ്യ തീർത്ഥം - സായിബാബയുടെ വ്യക്തിവൈഭവം - ഗൗലീബു വവചനം - വിറ്റൽ ദർശനം - ക്ഷീരസാഗരന്റെ കഥ - ദാസ്ഗനു വിന്റെ പ്രയാഗസ്നാനം - സായിബാബയുടെ അതുല്യ തത്വ ങ്ങളും ഷിർദ്ദിയിലേക്കുള്ള ആദ്യ സന്ദർശനവും - മൂന്നു വാഡ കൾ (സത്രങ്ങൾ)

കഴിഞ്ഞ അദ്ധ്യായത്തിൽ സായിസച്ചരിതം എഴുതാൻ ഇട വരുത്തിയ ചുറ്റുപാടുകളെ കുറിച്ച് ഞാൻ വിശദീകരിച്ചു. ഇപ്പോൾ സായിബാബ ഷിർദ്ദിയിലേക്ക് ആദ്യമായി വന്നതിനെക്കുറിച്ച് പറ യാം.

**ഋഷിമാരുടെ പ്രവർത്തനങ്ങൾ**

ഭഗവാൻ ശ്രീകൃഷ്ണൻ ഭഗവത്ഗീത 4-ാം അദ്ധ്യായം 7,8 ശ്ലോകങ്ങളിൽ ഇപ്രകാരം പറഞ്ഞു: "യദാ യദാഹി ധർമ്മസ്യ ഗ്ലാനിർഭവതി ഭാരത! അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജാ മ്യഹം! പവിത്രാണായ സാധൂനാം വിനാശായ ച ദുഷ്കൃതാം ധർമ്മസംസ്ഥാപനാർത്ഥായ സംഭവാമി യുഗേ യുഗേ". അതാ യത് ധർമ്മഭ്രംശം വന്ന് അധർമ്മം തലപ്പൊക്കുമ്പോൾ ഞാൻ





സംജാതനായി ദുഷ്കൃതന്മാരെ നശിപ്പിച്ച് സാധുസംരക്ഷണം ചെയ്ത് ധർമ്മം പുനസ്ഥാപിക്കുന്നു എന്നർത്ഥം. ഇതുതന്നെ യാണ് ഭഗവാന്റെയും ഋഷിമാരുടെയും സ്ഥിതപ്രജ്ഞരുടെയും പ്രവർത്തന പദ്ധതി. അവർ അനുയോജ്യമായ സ്ഥലകാലങ്ങ ളിൽ അവതരിച്ച് അവരുടെ പ്രവൃത്തി നടത്തി പോകുന്നു. ഉദാ ഹരണമായി ദ്വിജന്മാരായ ഹീനന്മാർ ആ സ്ഥാനം കരസ്ഥമാ ക്കുകയും, ആദ്ധ്യാത്മിക ഗുരുക്കന്മാർ അവഹേളിക്കപ്പെടുകയും, മതപരമായ കാര്യങ്ങളിൽ ആരും ശ്രദ്ധിക്കാതിരിക്കുകയും, എല്ലാ വരും ഞാൻ പണ്ഡിതനാണെന്ന് സ്വയമേവ ഭവിക്കുകയും, ജന ങ്ങൾ വർജ്യങ്ങളായ ഭക്ഷണങ്ങളും ലഹരിവസ്തുക്കളും ഉപ യോഗിക്കുകയും, മതത്തിന്റെ പേരിൽ ദുഷ്ടപ്രവൃത്തികൾ നട ത്തുകയും, വ്യത്യസ്ത മതവിഭാഗങ്ങൾ അന്യോന്യം കലഹിച്ച് നശിക്കുകയും, ബ്രാഹ്മണർ സന്ധ്യ ആചരിക്കാതിരിക്കുകയും മറ്റുള്ളവർ മതപരമായ ചടങ്ങുകൾ ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുമ്പോഴും, യോഗികൾ ധ്യാനം ഉപേക്ഷിക്കുകയും ജനങ്ങൾ ധനം, സന്താനം, പത്നി എന്നിവ മാത്രമാണ് വലുതെന്ന് ധരിച്ച് ആദ്ധ്യാത്മിക മാർഗ്ഗത്തിൽ നിന്ന് വ്യതിചലിക്കുകയും ചെയ്യു മ്പോഴും, ഋഷിമാർ പ്രത്യക്ഷീഭൂതരായി സംഗതികൾ ശരിപ്പെടുത്തുവാനായി അവരുടെ മഹത്തായ ലീലകൾ കാണിച്ചു തരുന്നു. അവർ ഒരു ദീപസ്തംഭം പോലെ നേർവഴി കാണിച്ചു തരുന്നു. ഇത്തരത്തിൽ പ്രത്യക്ഷീഭൂതരായ ഋഷിമാരാണ്, നിവൃ ത്തി, ജ്ഞാനദേവ്, മുക്താഭായ്, നാമദേവ്, ഗോര, ഗോണായി, ഏകനാഥ്, തുക്കാറാം, നരഹരി, നാർസിബായ്, സാജൻകസാ യ്, സവത, രാമദാസ് മുതലായവർ ഇവർ പലസ്ഥലങ്ങളിലും കാലങ്ങളിലും പ്രത്യക്ഷപ്പെട്ട് ലോകർക്ക് ശരിയായ മാർഗ്ഗം കാണിച്ചു കൊടുത്തു. ഒടുവിൽ ഷിർദ്ദിയിൽ ഇതാ സായി ബാബയായി പ്രത്യക്ഷീഭൂതനായിരിക്കുന്നു.

## ഷിർദ്ദി - ഒരു പുണ്യ തീർത്ഥം

അഹമദ്നഗർ ജില്ലയിലെ ഗോദാവരി തടങ്ങൾ അനവധി മഹാത്മാക്കൾക്ക് ജന്മവും താവളവും കൊടുത്ത സ്ഥലമാണ്. അവരിൽ അഗ്രഗണ്യൻ ജ്ഞാനേശ്വരനായിരുന്നു. ഷിർദ്ദി, അഹമ്മദ്നഗർ ജില്ലയിലെ കോപ്പർ ഗാവോനിൽ നിന്ന് ഗോദാവരി നദി കടന്നാൽ ഷിർദ്ദിയിലേക്കുള്ള വഴിയാണ് അങ്ങിനെ 9 നാഴിക നടന്നാൽ നിമഗാവോനിലെത്തും. അവിടെ നിന്ന് നോക്കിയാൽ ഷിർദ്ദി കാണാവുന്നതാണ്. ഗംഗാപൂർ, നരസിംഹവാഡി, ഔദുംബർ എന്നീ പ്രദേശങ്ങൾ പോലെതന്നെ ഷിർദ്ദിയും പ്രശസ്തമാണ്. മഹാത്മാവായ ദാമാജി, പന്ഥർപൂരിനടുത്ത് മംഗൾവേധത്തിലെന്നപോലെയും, സമർത്ഥരാമദാസ്, സജ്ജൻഗഡിലെന്നപോലെയും ശ്രീ നരസിംഹസരസ്വതി നർസോ ബാച്ചിവാഡിയിലെന്നപോലെയും ശ്രീ സായിനാഥൻ ഷിർദ്ദിയിൽ കുടികൊണ്ട് ആ പ്രദേശത്തെ പരിപാവനമാക്കി.

## സായിബാബയുടെ വ്യക്തിവൈഭവം

സായിബാബ കാരണത്താലാണ് ഷിർദ്ദി പ്രധാനമായിത്തീർന്നത്, ബാബയുടെ വ്യ.ക്തിത്വം എപ്രകാരമാണെന്ന് നോക്കാം. ബാബ ദുഷ്ക്കരവും, ദുസ്തരവുമായ സംസാരത്തെ കീഴടക്കിയിരുന്നു. നിത്യശാന്തത ബാബയുടെ അലങ്കാരണവും അപാരജ്ഞാനം ബാബയുടെ കൈമുതലുമാണ്. വൈഷ്ണവ ഭക്തന്മാരുടെ ആസ്ഥാനമാണ് ബാബ. ദാതാക്കളിൽ ദാതാവാണ് (കർണ്ണനെപ്പോലെ) ബാബ. തത്വങ്ങളുടെ രത്നചുരുക്കമാണ് ബാബ. ക്ഷണികവസ്തുക്കളിൽ യാതൊരു താൽപര്യവുമില്ലാതെ ബാബ ആത്മവിജ്ഞാനത്തിൽ സദാ മുഴുകിയിരിക്കും. ഇഹത്തിലും പരത്തിലും ഉള്ള ഭോഗ്യങ്ങളിൽ വിരക്തനാണ്. ബാബയുടെ അന്തരംഗം കണ്ണാടിപോലെ നിർമ്മലവും വാക്കുകൾ അമൃതധാരകളുമായിരുന്നു. ധനികനും ദരിദ്രനും ബാബക്ക് വ്യത്യാ

സമില്ലായിരുന്നു. ബാബ പ്രശസ്തിക്ക് ആഗ്രഹിക്കുകയോ ദുഷ്പേരിനെ ഭയപ്പെടുകയോ ചെയ്തിരുന്നില്ല. സമസ്ത ജീവ ജാലങ്ങളുടെയും നാഥനായിരുന്നു സായിബാബ. ബാബ എല്ലാ വരുമായി ഇടപെടുകയും സംസാരിക്കുകയും ചെയ്തിരുന്നതി നുപുറമെ തെരുക്കൂത്തുകളും ദേവദാസി നൃത്തങ്ങൾപോലും കാണുകയും നാടൻ ഗജ്ജൽ സംഗീതം കേൾക്കുകപോലും ചെയ്തിരുന്നു. എന്നാലും സമാധിസ്ഥസ്ഥിതിയിൽ നിന്ന് ബാബ ഒരിഞ്ചുപോലും വ്യതിചലിച്ചിരുന്നില്ല. അല്ലാഹു എന്ന പദം എപ്പോഴും ഉരുവിട്ടിരുന്നു. യാനീശാ സർവ്വഭൂതാനാം തസ്യാം ജാഗർത്തി സംയമി എന്നത് ബാബയുടെ കാര്യത്തിൽ തികച്ചും ശരിയായിരുന്നു. ലോകത്തിന് താല്പര്യമുള്ളതിൽ ബാബ തികച്ചും നിസ്സംഗനായിരുന്നു. ബാബയുടെ ജഠരം ആഴക്കടൽ പോലെ ശാന്തമായിരുന്നു. ബാബയുടെ ആശ്രമമേതെന്നും ക്രീഡ കൾ എന്തെന്നും പറയാനാവില്ലെങ്കിലും ബാബ എവിടെയായി രുന്നാലും ലോകത്തിൽ നടക്കുന്നതെന്തും അറിഞ്ഞുകൊണ്ടി രുന്നു. ബാബയുടെ ഡർബാർ ഗംഭീരമായിരുന്നു. ബാബ ദിനം പ്രതി നൂറുകണക്കിന് കഥകൾ പറഞ്ഞിരുന്നുവെങ്കിലും മൗന വ്രതത്തിൽ നിന്ന് ഒട്ടും വ്യതിചലിച്ചിരുന്നില്ല. ബാബ മസ്ജി ദിന്റെ ചുമരുചാരിനിൽക്കുകയും രാവിലെയും ഉച്ചക്കും വൈക ന്നേരവും ലെണ്ടിയിലെക്കും ചാവടിയിലേക്കും നടക്കുകയും ചെയ്തിരുന്നു. എങ്കിലും ആത്മാവിൽ ബാബ സ്ഥിര പ്രതിഷ്ഠ നായിരുന്നു. സിദ്ധനെങ്കിലും സാധകനെപ്പോലെ പെരുമാറിയി രുന്നു. ബാബ എളിയവനും അഹംഭാവഹീനനുമായി പെരുമാ റി. എല്ലാവരെയും സന്തോഷിപ്പിച്ചു. അതായിരുന്നു സായിബാ ബ. ബാബയുടെ പാദധൂളികളേറ്റ് ഷിർദ്ദി പരിപാവനമായി. ജ്ഞാനേശ്വർ അളന്ദിയും ഏകനാഥ് പൈഥനും ഉദ്ധരിച്ചപോലെ സായിബാബ ഷിർദ്ദിയെ ഉദ്ധരിച്ചു. ഷിർദ്ദിയിലെ പുല്ലുകളും കല്ലു കളും അനുഗ്രഹീതങ്ങളാണ്. കാരണം അവക്ക് സായിബാബ

യുടെ പാദങ്ങൾ ചുംബിച്ച് പാദരേണുക്കൾ ശിരസാവഹിക്കാൻ കഴിഞ്ഞിരുന്നുവല്ലോ. ഭക്തൻമാർക്ക് ഷിർദ്ദി മറ്റൊരു പന്ഥർപൂർ, ജഗന്നാഥ്, ദ്വാരക, കാശി, രാമേശ്വരം, ബദ്രി, കേദാർ, നാസിക്ക്, ത്രംബകേശ്വർ, ഉജ്ജൈൻ, മഹാകലേശ്വർ, അഥവാ മഹാബലേശ്വർ, ഗോകർണ്ണം ഇതൊക്കെയായി. ഷിർദ്ദിയിൽ ബാബയെ സന്ദർശിക്കൽ നമ്മുടെ വേദവും തന്ത്രവും ആയി. അത് സംസാരദുഃഖം തീർത്ത് ആത്മജ്ഞാനത്തിലേക്ക് നയിച്ചു. സായിദർശനം നമ്മുടെ യോഗസാധനയായി. ബാബയോടുള്ള സംഭാഷണം പാപമോചനമാർഗ്ഗമായി. ബാബയുടെ പാദസേവ ത്രിവേണി പ്രയാഗിലെ സ്നാനത്തിനു തുല്യമായി. പാദതീർത്ഥസേവ ആശാനാശകരവുമായി. ബാബയുടെ കല്പന വേദവും ബാബയുടെ ഉധി ഭക്ഷിക്കൽ പ്രസാദവും പരിശുദ്ധമാക്കുന്നതുമായിത്തീർന്നു. ബാബ നമ്മുടെ ശ്രീകൃഷ്ണനും ശ്രീരാമനും പരബ്രഹ്മവും ആണ്. ബാബ ദ്വന്ദഹീനനാണ്. സന്തോഷമോ, സന്താപമോ ബാബക്കില്ല. ബാബ ആത്മാവിൽ സ്ഥിതി, ജ്ഞാനം, ആനന്ദം എന്ന നിലയിൽ സദാ നിലകൊണ്ടു. ഷിർദ്ദി സായിബാബയുടെ കേന്ദ്രസ്ഥാനമായിരുന്നെങ്കിലും ബാബയുടെ ലീലകൾ ദൂരദേശങ്ങളായ പഞ്ചാബ്, കൽക്കത്ത, ഉത്തരേന്ത്യ, ഗുജറാത്ത്, ഡക്കാൻ, കർണ്ണാടക എന്നിവിടങ്ങളിലെല്ലാം കാണപ്പെട്ടു. ഇങ്ങിനെ സായിബാബയുടെ പ്രശസ്തി നാനാഭാഗത്തും പരന്ന് എല്ലാ പ്രദേശക്കാരും ബാബയുടെ ദർശനത്തിനും അനുഗ്രഹത്തിനുമായി വന്നുകൊണ്ടിരുന്നു. ദർശനമാത്രയിൽ തന്നെ ശുദ്ധഹൃദയനും ദുഷ്ടഹൃദയനും ശാന്തിയെ പ്രാപിച്ചു. പന്ഥർപൂരിൽ വിറ്റൽ രഘുമായിയെ ദർശിച്ച അതേ ആനന്ദം അവർക്ക് ഇവിടെയും കിട്ടികൊണ്ടിരുന്നു. ഇതൊരു വലുതാക്കി പറയലല്ല. ഒരു ഭക്തൻ ഇക്കാര്യത്തെ പറ്റി പറയുന്നതു നോക്കുക.

## ഗൗലീഭുവ വചനം

ഗൗലീഭുവനെന്നു പേരായ 95-ഓളം വയസ്സു ചെന്നൊരു ഭക്തൻ പന്ഥർപൂരിലെ പൂജാരിയായിരുന്നു. അദ്ദേഹം 8 മാസം പന്ധർപൂരിലും 4 മാസം അതായത് ആഷാഢം മുതൽ കാർത്തിക വരെ (ജൂലായ് - നവംബർ) ഗംഗാതീരത്തും താമസിച്ചു. അദ്ദേഹത്തിന്റെ സാമാനങ്ങൾ ചുമക്കാൻ ഒരു കഴുതയും തുണക്ക് ഒരു ശിഷ്യനുമുണ്ടായിരിക്കും. എല്ലാ കൊല്ലവും അദ്ദേഹം പന്ഥർപൂരിലേക്ക് പോവുമ്പോൾ സായിബാബയെ കാണാൻ ഷിർദ്ദിയിൽ വരുക പതിവായിരുന്നു. അദ്ദേഹത്തിന് ബാബയെ വലിയ സ്നേഹമായിരുന്നു. അദ്ദേഹം ബാബയെ തന്നെ നോക്കി പറയും ഇത് സാധൂരക്ഷകനും അസഹായ സഹായകനുമായ പണ്ഡരിനാഥവിറ്റൽ അവതരിച്ചതാണ് എന്ന് എത്രയോ തവണ പന്ഥരിയിൽപോയ ഈ ഗൗലീഭൂവൻ തീർത്തു പറയുകയാണ്. സായിബാബ വിറ്റൽ ആണെന്ന്!

## വിത്തൽ ദർശനം

സായിബാബക്ക് ദൈവനാമങ്ങൾ സ്മരിക്കുന്നതിലും പാടുന്നതിലും വലിയ ഇഷ്ടമായിരുന്നു. ബാബ സദാ അള്ളാമാലിക്ക് എന്നു പറയുമായിരുന്നു. മറ്റുള്ളവരെക്കൊണ്ട് അഖണ്ഠമായി ഏഴുദിനരാത്രങ്ങൾ സപ്താഹരൂപേണ നാമജപം നടത്തിക്കുകയും ചെയ്യുമായിരുന്നു. ഇതിന് നാമസപ്താഹമെന്നു പറയും. ഒരിക്കൽ ബാബ ദാസ്ഗനു മഹരാജിനോട് നാമസപ്താഹം നടത്താൻ പറഞ്ഞു. ദാസ്ഗനു അതിന്ന് ഏഴാം ദിവസം കാലം കുടുമ്പോൾ വിറ്റൽ ദർശനം കിട്ടുന്ന പക്ഷം നാമസപ്താഹം നടത്താമെന്ന് മറുപടിയും പറഞ്ഞു. ബാബ അതിന് പറഞ്ഞ മറുപടി വിറ്റൽ തീർച്ചയായും വരും. പക്ഷെ ഭക്തൻ ഉദ്ദേശശുദ്ധിയുള്ളവനും ഉൽസുകനുമായിരിക്കണമെന്നു മാത്രം എന്നാണ്.

അയാളുടെ തലയിൽ കൈവെച്ച് ബാബ വീണ്ടും പറഞ്ഞു. ഡാകുർനാഥിന്റെ ഡങ്കാപുരിയും, വിറ്റലിന്റെ പണ്ഡരിയും, കൃഷ്ണന്റെ (റൺചോഡിന്റെ) ദ്വാരകയും ഇവിടെ ഷിർദ്ദിയിൽ തന്നെയാണ്. ഒരാൾ ദൂര ദേശത്തേക്കുപോയി ദ്വാരക കാണേണ്ട തില്ല. വിറ്റൽ വിദൂരത്തു നിന്ന് വരേണ്ടതുമില്ല. ബാബ ഇവിടെ യാണ്. ഭക്തിപൂർണ്ണമായ മനസ്സോടു കൂടെ ഭക്തൻ പാടുമ്പോൾ വിറ്റൽ ഇവിടെ വെച്ചു രൂപം കൊള്ളുന്നു. ഈ ഷിർദ്ദിയിൽ വെച്ചു തന്നെ. സപ്താഹാവസാനം വിറ്റൽ താഴെ വിവരിച്ച പ്രകാരം പ്രത്യക്ഷപ്പെട്ടു. കാക്കാസാഹെബ് ദീക്ഷിതിന്ന് ധ്യാനത്തിലിരി ക്കുമ്പോൾ വിറ്റൽ ദർശനം ഉണ്ടായി. പിന്നീട് ബാബയെ കണ്ട പ്പോൾ ബാബ വെട്ടിതുറന്ന് ചോദിച്ചു വിറ്റൽ പട്ടേൽ വന്നില്ലേ? നീ കണ്ടില്ലേ? വളരെ കുസൃതിക്കാരനാണ്. ബലമായി പിടിച്ചോ, അല്ലെങ്കിൽ രക്ഷപ്പെട്ടുപോവും. അശ്രദ്ധ ഒരിക്കലും കാണിക്ക രുത് ഇത് കാലത്താണ് സംഭവിച്ചത്. ഉച്ചക്ക് മറ്റൊരു വിറ്റൽ ദർശനം കൂടി ഉണ്ടായി. ഒരു തെരുവു കച്ചവടക്കാരൻ വിറ്റലിന്റെ പത്തുമുപ്പതു പടങ്ങൾ വിൽക്കാൻ വന്നു. ഈ ചിത്രങ്ങൾ കാക്കാ സാഹെബിനുണ്ടായ ദർശനത്തിൽ കണ്ടപോലെ തന്നെയുണ്ടാ യിരുന്നു. ഇത് കണ്ട് ബാബയുടെ വാക്കുകൾ ഓർമ്മിച്ച് കാക്കാ സാഹെബ് അത്യധികം സന്തുഷ്ടനായി. ഒരു പടം അതിൽ നിന്ന് വാങ്ങി അദ്ദേഹം പൂജാ മുറിയിൽ വെച്ചു.

## ഭഗവന്ത് ക്ഷീരസാഗറിന്റെ കഥ

ബാബക്ക് വിറ്റൽ ആരാധന എത്രമാത്രം ഇഷ്ടമായിരു ന്നുവെന്ന് താഴെ വിവരിക്കുന്ന കഥകൊണ്ട് തെളിയുന്നതാണ്. ഭഗവന്ത്റാവുവിന്റെ അച്ഛൻ വിറ്റോബ ഭക്തനായിരുന്നതിനാൽ കൊല്ലം തോറും പണ്ഡർപൂരിൽപോയി ദർശനം ചെയ്തിരുന്നു. അദ്ദേഹം വിറ്റോബയുടെ ഒരു വിഗ്രഹം വീട്ടിൽവെച്ചും പൂജിച്ചി രുന്നു. അദ്ദേഹത്തിന്റെ മരണശേഷം മകൻ, പണ്ഡർപൂർയാ

ത്രയും വിഗ്രഹപൂജയും ശ്രാദ്ധവും എല്ലാം നിർത്തിവെച്ചു. ഭഗവന്ത്റാവു ഷിർദ്ദിയിൽ വന്നപ്പോൾ ബാബ അയാളുടെ പിതാവിനെ ഓർമ്മിച്ച് ഇപ്രകാരം പറഞ്ഞു. ഇവന്റെ അച്ഛൻ എന്നെ സ്നേഹിച്ചിരുന്നു. അതുകൊണ്ടാണ് മകനെ ഞാനിങ്ങോട്ടു വലിച്ചുകൊണ്ടുവന്നത്. ഇവൻ നൈവേദ്യം കൊടുക്കാതെ എന്നെയും വിറ്റലിനെയും പട്ടിണിക്കിട്ടവനാണ്. അതുകൊണ്ട് ഞാനവനെ ഇവിടെ വരുത്തിയതാണ്. അവനെ പശ്ചാത്തപിപ്പിച്ച് ആരാധനയിലേക്കു ഞാൻ തിരിച്ചുകൊണ്ടു പോകും.

## ദാസ്ഗനുവിന്റെ പ്രയാഗസ്നാനം

ഹിന്ദു വിശ്വാസ പ്രകാരം ഗംഗാ യമുനാ സംഗമസ്ഥാനമായ പ്രയാഗിലെ സ്നാനം വളരെ പുണ്യവത്താണെന്നുള്ളതുകൊണ്ട് ആയിരക്കണക്കിൽ ഭക്തന്മാർ പല അവസരങ്ങളിലും ഇവിടെ സ്നാനത്തിനു പോകുന്നു. ഒരിക്കൽ ദാസ്ഗനുവിന്നു പ്രയാഗ്സ്നാനത്തിനു പോകണമെന്നു തോന്നി. ബാബയോട് അനുമതി ചോദിക്കാൻ ചെന്നു. ബാബ ഇപ്രകാരം മറുപടി പറഞ്ഞു. അത്ര ദൂരേക്കൊന്നും പോകേണ്ടതില്ല. നമ്മുടെ പ്രയാഗ് ഇവിടെതന്നെയാണ്. എന്നെ വിശ്വസിക്കുക അപ്പോൾ കണ്ട അതിശയം അവർണ്ണനീയമായിരുന്നു. ദാസ്ഗനു ബാബയുടെ പാദത്തിൽ തലവെച്ചപ്പോൾ ബാബയുടെ രണ്ടു കാലിന്റെയും തള്ളവിരലുകളിൽ നിന്നു ശക്തിയായി ഗംഗാ യമുനാ തീർത്ഥങ്ങൾ ഒഴുകാൻ തുടങ്ങി. ഈ ലീല കണ്ട് ദാസ്ഗനു ഭക്തിപരവശനായി രണ്ടു കണ്ണിൽക്കൂടെയും കണ്ണീരൊഴുക്കി. അയാൾക്ക് ആന്തരിക പ്രചോദനം വന്നു. ഒരു മധുര സംഗീതം വഴി ബാബയെ സ്തുതിച്ചു.

## സായിബാബയുടെ അതുല്യ തത്വങ്ങളും ഷിർദ്ദിയിലേക്കുള്ള ആദ്യ സന്ദർശനവും

സായിബാബയുടെ മാതാപിതാക്കളെപ്പറ്റിയോ, ജനനത്തെ

പ്പറ്റിയോ, ജനനസ്ഥലത്തെപ്പറ്റിയോ, ആർക്കും ഒന്നും അറിയില്ല. പല അന്വേഷണങ്ങളും നടത്തിയിട്ടും ബാബയോട് പലതവണ ചോദിച്ചിട്ടും തൃപ്തികരമായ ഒരു വിവരവും ലഭിച്ചിട്ടുമില്ല. നമുക്ക് യഥാർത്ഥത്തിൽ ഈ വക കാര്യങ്ങളെപ്പറ്റി ഒന്നും അറിയില്ല. നാമദേവും കബീറും സാധാരണ മനുഷ്യരെപ്പോലെ ജനിച്ചവരല്ല. അവരെ ശിശുക്കളെന്ന നിലക്ക് കണ്ടെത്തിയതാണ്. നാമദേവിനെ ഗോണായി ഭീമാരതി നദിയിൽ നിന്നെടുത്തു. കബീറിനെ തമൽ എന്നവർ ഭാഗീരഥി നദിയിൽ നിന്നും കണ്ടെടുത്തു. അതുപോലെ തന്നെയാണ് സായിബാബയുടെ ചരിത്രം. ബാബ ആദ്യം ഏകദേശം പതിനാറു വയസ്സുള്ള ഒരു ബാലന്റെ രൂപത്തിൽ ഭക്തന്മാർക്കുവേണ്ടി ഷിർദ്ദിയിലെ ഒരു വേപ്പുമരച്ചുവട്ടിൽ ആവിർഭവിച്ചു. അന്നും സായിബാബയിൽ ബ്രഹ്മജ്ഞാനം നിറഞ്ഞൊഴുകിയിരുന്നു. സ്വപ്നത്തിൽപോലും ലൗകികങ്ങളിൽ തല്പരനായിരുന്നില്ല. ബാബ മായയെ തട്ടിക്കളഞ്ഞു. മുക്തി ബാബക്ക് പാദസേവ ചെയ്തിരുന്നു. നാനാചോപ്ദാറിന്റെ വൃദ്ധമാതാവ് ബാബയെപ്പറ്റി ഇപ്രകാരം പറഞ്ഞു. ഈ സുമുഖനും മിടുക്കനുമായ ബാലനെ ആദ്യം ഒരു വേപ്പുമരച്ചുവട്ടിൽ ഇരിക്കുന്നതായിട്ടാണ് കണ്ടത്. ഷിർദ്ദിയിലുള്ളവർ ഇത്ര ചെറിയ ഒരു ബാലൻ ചൂടും തണുപ്പും വകവെക്കാതെ തപസ്സുചെയ്യുന്നത് കണ്ട് അതിശയിച്ചു. പകൽ സമയം ബാലൻ ആരോടും ഇടപഴകിയില്ല. രാത്രി ആരേയും ഭയപ്പെട്ടില്ല. ജനങ്ങൾ ഈ ബാലൻ എവിടെനിന്നു വന്നുവെന്ന് അതിശയിച്ചു. അതിസുന്ദരനായിരുന്നതിനാൽ കാഴ്ചയിൽതന്നെ ബാലനെ എല്ലാവരും ഇഷ്ടപ്പെട്ടു. ബാബ ഒരു വീട്ടിലും പോയില്ല. സദാസമയവും വേപ്പുമരച്ചുവട്ടിൽതന്നെ ഇരിക്കും. പുറമേക്ക് വളരെ ചെറുതായി തോന്നുമെങ്കിലും ആന്തരികമായി ബാലൻ ഒരു മഹാത്മാവായിരുന്നു. നിസ്സംഗത്വത്തിന്റെ മൂർത്തീമൽഭാവമായിരുന്നു ബാലൻ. ഒരിക്കൽ ഖണ്ഡോബയുടെ ആവേശം കയറിയ ഒരു ഭക്തനോട്

ജനങ്ങൾ ഇപ്രകാരം ചോദിച്ചു. ദേവാ ! ഈ ബാലൻ ഏതു പുണ്യാത്മാവിന്റെ പുത്രനാണ്, എവിടെ നിന്ന് വന്നതാണ്. ഖണ്ഡോബയുടെ കോമരം കയറിയ ആൾ ഒരു മൺവെട്ടി കൊണ്ടുവന്ന് ഒരു പ്രത്യേക സ്ഥലത്ത് കുഴിക്കാൻ പറഞ്ഞു. കുഴിച്ചുകൊണ്ടിരിക്കെ കുറെ ഇഷ്ടികകൾ കണ്ടു. പിന്നീട് ഒരു പരന്നശില കണ്ടു. ആ ശില നീക്കം ചെയ്തപ്പോൾ ഒരു എടനാഴിക കണ്ടു. അവിടെ നാലു മൺവിളക്കുകൾ കത്തിക്കൊണ്ടിരുന്നിരുന്നു. ഇടനാഴിക ഒരു മുറിയിലാണ് അവസാനിക്കുന്നത്. അത് പശുമുഖത്തിന്റെ ആകൃതിയിൽ നിർമ്മിച്ചിരുന്നു. അവിടെ മരപ്പലകകളും അതിൽ കണ്ഠാഭരണങ്ങളും ഉണ്ടായിരുന്നു. ഖണ്ഡോബ പറഞ്ഞു ഈ ബാലൻ ഇവിടെ ഇരുന്നു പന്ത്രണ്ടു വർഷം തപസ്സനുഷ്ഠിച്ചു. ജനങ്ങൾ ബാലനോടതിനെപ്പറ്റി ചോദിക്കാൻ തുടങ്ങി. ബാലൻ ശരിയായ ഉത്തരം പറയാതെ അതു തന്റെ ഗുരു സ്ഥാനമാണെന്നും പുണ്യസ്ഥലമാണെന്നും അത് വേണ്ടപോലെ പരിരക്ഷിക്കണമെന്നും പറഞ്ഞു. ജനങ്ങൾ എടനാഴിക മുന്നെപ്പോലെ അടച്ചു. അശ്വത്ഥവും ഔദംബരവും (അത്തിമരം) പുണ്യവൃക്ഷങ്ങളായി കരുതുന്നതുപോലെ വേപ്പുമരത്തെ ബാബ പുണ്യവൃക്ഷമായിക്കരുതി ബഹുമാനിച്ചുവന്നു. മാലസപതി മുതലായ ഷിർദ്ദിഭക്തന്മാർ ഈ സ്ഥലത്തെ ബാബയുടെ ഗുരുവിന്റെ സമാധി സ്ഥാനമായികരുതി അവിടെ സാഷ്ടാംഗം നമസ്ക്കരിക്കുന്നു.

## മൂന്നുവാഡകൾ (സത്രങ്ങൾ)

1) പ്രസ്തുത വേപ്പുമരം നിൽക്കുന്ന സ്ഥലവും പരിസരവും ഹരിവിനായക്ക് സാതേ എന്നയാൾ വാങ്ങി അവിടെ സതേ വാഡ എന്ന പേരിൽ ഒരു വലിയ സത്രം നിർമ്മിച്ചു. ഈ സത്രം മാത്രമായിരുന്നു ആദ്യകാലങ്ങളിൽ തീർത്ഥാടകർക്കുള്ള ഒരേ ഒരു താവളം. വേപ്പിന്നടുത്ത് ഒരു ഉയർന്ന തറ കെട്ടി അതിന്ന്

ഒതുക്കുകൾ നിർമ്മിച്ചു. ഭക്തന്മാർക്ക് ആ തറയിൽ വടക്കോട്ട് നോക്കിയിരിക്കാം. അവിടെ വ്യാഴാഴ്ചയും വെള്ളിയാഴ്ചയും വൈകുന്നേരം ചന്ദനത്തിരി മുതലായത് കത്തിക്കുന്നവർ സന്തുഷ്ടരാവുമെന്ന് വിശ്വസിച്ചുവരുന്നു. ഈ സത്രം പഴകി ദ്രവിക്കാൻ തുടങ്ങിയപ്പോൾ അറ്റകുറ്റപണികൾ വേണ്ടിവന്നു. ഇപ്പോൾ സൻസ്ഥാൻ വകയായി വേണ്ട പണികളും കൂട്ടിച്ചേർക്കലും പുതുക്കലും ചെയ്തുകഴിഞ്ഞിരിക്കുന്നു.

2) പിന്നീട് കുറെ കൊല്ലങ്ങൾക്കു ശേഷം തീക്ഷിത് വാഡ എന്ന ഒരു സത്രംകൂടി ഉണ്ടാക്കി. കാക്കാസാഹേബ് ദീക്ഷിത് എന്ന ബോംബെ സോളിസിറ്റർ ഇംഗ്ലണ്ടിൽപോയി. അവിടെവെച്ച് ഒര പകടത്തിൽ കാലിന് പരിക്കേറ്റു. എന്തുചെയ്തിട്ടും പരിക്കു മാറിയില്ല. നാനാസാഹേബ് ചാന്ദോർക്കർ അദ്ദേഹത്തോട് ബാബയെ കാണിക്കാൻ പറഞ്ഞു. അങ്ങനെ 1909 ൽ അദ്ദേഹം ബാബയെ കണ്ടു. പ്രാർത്ഥിച്ചത് മനസ്സിന്റെ നൊണ്ടൽ മാറ്റാനാണ്. കാലിന്റെ നൊണ്ടലിന്നല്ല. ബാബാ ദർശനത്താൽ സന്തുഷ്ടനായി അദ്ദേഹം ഷിർദ്ദിയിൽ താമസിക്കാൻ തീർച്ചപ്പെടുത്തി. അങ്ങിനെ സ്വന്തമാവശ്യത്തിന്നും ഭക്തന്മാരുടെ ഉപയോഗത്തിനുമായി ഒരു സത്രം തീർത്തു. ഇതിന്റെ ശിലാസ്ഥാപനം 10.12.1910 ന് നടന്നു. അന്നു രണ്ടു പ്രധാന സംഭവങ്ങൾ കൂടിയുണ്ടായി. 1. ദാദാസാഹെബ് കപർദ്ദിക്കു വീട്ടിൽ പോവാൻ അനുവാദം കിട്ടി. 2. ചാവഡിയിൽവെച്ച് രാത്രി ആരതി തുടങ്ങിവെച്ചു. 1911-ലെ രാമനവമിദിവസം സത്രം പണി തീർത്ത് ആൾ താമസം തുടങ്ങി.

3) മൂന്നാമതായി കോടീശ്വരനായ നാഗ്പൂരിലെ മിസ്റ്റർ ബൂട്ടി കൊട്ടാരസദൃശമായ ഒരു സത്രം കൂടി നിർമ്മിച്ചു. ലക്ഷകണക്കിൽ ഈ കെട്ടിട നിർമ്മാണത്തിന് പണം ചിലവാക്കിയത്, ബാബയുടെ സമാധിസ്ഥലമായി മാറി. ഈ സത്രത്തെ സമാധിമന്ദിരം എന്ന പേരിലറിയപ്പെടുന്നു. ഈ മന്ദിരം നിൽക്കുന്ന സ്ഥലം,

മുമ്പ് ബാബ നേരിട്ടു നട്ടുനനച്ചു വന്നിരുന്ന ഒരു പൂന്തോട്ട മായിരുന്നു. മുമ്പ് യാതൊന്നുമില്ലാതിരുന്ന സ്ഥലത്ത് ഇങ്ങിനെ മൂന്ന് സത്രങ്ങൾ ഉയർന്നു വന്നു. ഇതിൽ സതേവാഡയാണ് ആദ്യകാലങ്ങളിൽ ഏറ്റവും ഉപയുക്തമായിരുന്നത്.

വാമൻതാത്യയുടെ സഹായത്താൽ ബാബ നോക്കിവന്ന തോട്ടത്തിന്റെ കഥയും ബാബ ഷിർദ്ദിയിൽനിന്നു താല്ക്കാലിക മായി തിരോധനം ചെയ്തതും ചാന്ദ് പട്ടേലിന്റെ കല്യാണപാർട്ടി യൊന്നിച്ചു വീണ്ടും ബാബ ഷിർദ്ദിയിൽ വന്നതും ദേവീദാസ്, ജാനകിദാസ്, ഗംഗാഗീർ എന്നിവരുടെ സംസർഗ്ഗവും മൊയ്തീൻ താമ്പോളിയുമായി ബാബയുടെ ഗുസ്തിയും, പള്ളിയിലെ താമ സവും, ഡെങ്കാളി മുതലായ ഭക്തന്മാരുടെ പ്രേമവും മറ്റും സംഭ വങ്ങളും അടുത്ത അദ്ധ്യായത്തിൽ വിവരിക്കുന്നതാണ്.

ശ്രീ. സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ !

# അദ്ധ്യായം - 5



ചാന്ദ് പഠേലിന്റെ കല്യാണപാർട്ടിയോടൊപ്പം ബാബയുടെ തിരിച്ചു വരവ് - സ്വാഗതം ചെയ്ത് സായ് എന്നു സംബോധന ചെയ്തത് - മറ്റു യോഗികളുമായി സമ്പർക്കം - ഉടുപ്പും ദിനചര്യകളും - പാദുകത്തിന്റെ കഥ - മൊയ്തീനുമായുള്ള ഗുസ്തിയും ജീവിതത്തിൽ വന്ന മാറ്റവും - വെള്ളം എണ്ണയാക്കി മാറ്റിയത് - വ്യാജഗുരു ജവഹർ ആലി.

ചാന്ദ് പാഠേലിന്റെ കല്യാണപാർട്ടിയോടൊപ്പമുള്ള തിരിച്ചു വരവ് മുൻ അദ്ധ്യായത്തിൽ സൂചിപ്പിച്ചപോലെ ബാബ ഷിർദ്ദിയിലേക്ക് എങ്ങിനെ തിരിച്ചുവന്നുവെന്ന് പ്രതിപാദിക്കാം.

നൈസാം സ്റ്റെയ്റ്റിലെ ഔറംഗബാദ് ജില്ലയിൽപ്പെട്ട ധൂപ് എന്ന ഗ്രാമത്തിൽ ധനികനായി ചാന്ദ്പഠേൽ എന്ന പേരിൽ ഒരു മുസ്ലീം പ്രമാണിയുണ്ടായിരുന്നു. അയാൾ ഔറംഗബാദിലേക്കു പോകും വഴി ഒരു കുതിരയെ നഷ്ടപ്പെട്ടുപോയി. രണ്ടുമാസങ്ങളോളം നിരന്തരമായി തിരഞ്ഞിട്ടും നഷ്ടപ്പെട്ട കുതിരയുടെ ഒരു വിവരവും കിട്ടിയില്ല. അവസാനം നിരാശനായി ജീനിയും ചുമലിലിട്ട് മടങ്ങിവരികയായിരുന്നു. വരുംവഴിക്ക് പതിമൂന്നു നാഴികയിലധികം യാത്രചെയ്തുകഴിഞ്ഞപ്പോൾ ഒരു മാവിൻ ചുവട്ടിൽ





രത്നതുല്യനായ ഒരു ഫക്കീർ ഇരിക്കുന്നത് കണ്ടു, തലയിൽ ഒരു തൊപ്പിയും ദേഹത്തിൽ കഫ്നി എന്ന നീളൻ കുപ്പായവും കയ്യിൽ ഒരു ചെറിയ വടിയും (സത്ക) ഉണ്ടായിരുന്നു. ഫക്കീർ ചില്ലിം എന്നു പറയുന്ന മൺ പൈപ്പിൽ പുകയിലയിട്ട് പുകവലിക്കുവാൻ ഒരുക്കുകയായിരുന്നു. ചാന്ദ്പഠേൽ പോവുന്നതുകണ്ടപ്പോൾ ഫക്കീർ അങ്ങോട്ട് വിളിച്ച് ഒരു പുകവലിച്ച് വിശ്രമിച്ച് പൊയ്ക്കൊള്ളാൻ ക്ഷണിച്ചു. ജീനിയെപ്പറ്റി അയാളോട് ഫക്കീർ അന്വേഷിച്ചു. ചാന്ദ്പഠേൽ അത് തന്റെ നഷ്ടപ്പെട്ട കുതിരയുടേതാണെന്ന് പറഞ്ഞു. ഉടനെ ഫക്കീർ അടുത്തുള്ള തോട്ടത്തിൽ നോക്കാൻ പറഞ്ഞു. അയാൾ അവിടെപോയി നോക്കമ്പോൾ, വിസ്മയമെന്ന് പറയട്ടെ, കുതിരയുണ്ട് അവിടെ നിൽക്കുന്നു. അയാൾക്ക് ഈ ഫക്കീർ ഒരു ചില്ലറക്കാരനല്ലെന്നും വലിയ ഒരു അവാലിയയാണെന്നു (മഹായോഗി) ബോദ്ധ്യമായി. അയാൾ കുതിരയെ പിടിച്ച് ഫക്കീറിന്റെ അരികിലെത്തി. ചില്ലിം അപ്പോഴേക്കും തയ്യാറായിരുന്നു. പക്ഷേ രണ്ട് സാധനങ്ങൾകൂടി ഒരുക്കേണ്ടിയിരുന്നു. 1. പൈപ്പുകൊളുത്താൻ തീ, 2. കുഴൽമൂടി പുകവലിക്കുന്ന തുണി നനക്കാൻ വെള്ളം. ഫക്കീർ ഒരു മുള്ളെടുത്ത് നിലത്ത് ആഞ്ഞുകുത്തിയപ്പോൾ ഒരു തീക്കനൽ പ്രത്യക്ഷപ്പെട്ടു. അത് പൈപ്പിലിട്ട് സത്ക്കകൊണ്ടു നിലത്തടിച്ചപ്പോൾ വെള്ളം ഒഴുകാൻ തുടങ്ങി. തുണി അതിൽ നനച്ചു പിഴിഞ്ഞ് പൈപ്പിനു ചുറ്റി. എല്ലാം പൂർത്തിയായപ്പോൾ ഫക്കീർ പുകവലിച്ച് ചാന്ദ്പഠേലിന്നും കൊടുത്തു. ഇതെല്ലാം കണ്ട് ചാന്ദ്പഠേൽ വിസ്മയസ്തബ്ധനായി. അയാൾ ഫക്കീറിനോട് തന്റെ വീട്ടിൽ വന്ന് സൽക്കാരം സ്വീകരിക്കാനപേക്ഷിച്ചു. അടുത്ത ദിവസം ഫക്കീർ പഠേലിന്റെ വീട്ടിൽപ്പോയി അവിടെ കുറച്ചുദിവസം താമസിച്ചു. പഠേൽ ധൂപ് ഗ്രാമത്തിലെ അധികാരിയായിരുന്നു. അയാളുടെ ഭാര്യാസഹോദരന്റെ മകന്റെ കല്യാണത്തിന് വധുവെകണ്ടുവെച്ചത് ഷിർദ്ദിയിൽ നിന്നായിരുന്നു. അങ്ങിനെ പഠേൽ ഷിർദ്ദിയിലേക്കു പോവാൻ ഒരുക്കം കൂട്ടി. ഫക്കീറും ആ കല്യാണ





പാർട്ടിയെ അനുഗമിച്ചു. കല്യാണ മംഗളമായി കഴിഞ്ഞ്, പാർട്ടി ധൂപിലേക്കു മടങ്ങി. എങ്കിലും ഫക്കീർ തിരിച്ചുപോയില്ല. ഷിർദ്ദിയിൽതന്നെ സ്ഥിര താമസമാക്കി.

## സായ് എന്ന പേർ ഫക്കീറിന് ലഭിച്ചത്.

കല്യാണപാർട്ടി ഷിർദ്ദിയിലെത്തിയപ്പോൾ മഹൽസാപതിയുടെ വയലിൽ ഖണ്ഡോബ ക്ഷേത്രത്തിന്ന് മുന്നിൽ ഇറങ്ങി. വണ്ടികളെല്ലാം അഴിച്ച് ഖണ്ഡോബ ക്ഷേത്രമുറ്റത്തു നിർത്തി, ഓരോരുത്തരായി ഇറങ്ങിയതിനോടൊപ്പം ഫക്കീറും ഇറങ്ങി. ഭഗത്മാലസപതി യുവാവായ ഫക്കീർ വണ്ടിയിൽ നിന്നിറങ്ങുന്നതു കണ്ട് യാസായ് (സ്വാഗതം സായ്) എന്നു പറഞ്ഞ് അഭിവാദ്യം ചെയ്തു. മറ്റുള്ളവരും സായ് എന്ന് വിളിച്ചു. അതിൽപിന്നെ ഫക്കീർ സായിബാബയായി.

## മറ്റു യോഗികളുമായി സമ്പർക്കം

സായിബാബ ഒരു മസ്ജിദിൽ (മുസ്ലീംപള്ളി) താമസം തുടങ്ങി. ബാബ വരുന്നതിനും എത്രയോ കൊല്ലം മുമ്പുമുതൽ ദേവീദാസ് എന്നു പേരായ ഒരു യോഗി ഷിർദ്ദിയിൽ താമസിച്ചിരുന്നു. ബാബക്ക് ആ യോഗിയുമായ സമ്പർക്കം ഇഷ്ടപ്പെട്ടു. ആ യോഗിയോടൊപ്പം ബാബ മാരുതി ക്ഷേത്രത്തിലും ചാവടിയിലും (പഞ്ചായത്ത് കൂടുന്ന കെട്ടിടം) താമസിച്ചു. ചിലപ്പോൾ ഏകനായും താമസിച്ചു. പിന്നെ ജാൻകീദാസ് എന്ന യോഗി വന്നു. ബാബ അധികനേരം ഇദ്ദേഹവുമായി സംസാരിച്ചിരിക്കും അഥവാ ജാൻകീദാസ് ബാബയുടെ അടുക്കലേക്കു ചെല്ലും. പിന്നെ പുൻതംബിയിൽ നിന്നു ഗംഗാകീർ എന്നു പേരായ വൈശ്യഗൃഹസ്ഥാശ്രമിയായ ഒരു യോഗിയും ഷിർദ്ദിയിൽ ഇടക്കിടക്കു വരാറുണ്ടായിരുന്നു. അദ്ദേഹം ബാബയെ ആദ്യം കാണുമ്പോൾ ബാബ രണ്ടു കയ്യിലും വെള്ളം നിറച്ച കുടവു

മായി പൂന്തോട്ടം നനക്കുകയായിരുന്നു. അദ്ദേഹം പരസ്യമായി പറഞ്ഞു. ഈ രത്നത്തെ കിട്ടിയ ഷിർദ്ദി അനുഗൃഹീതയാണ്. ഈ മനുഷ്യൻ വെള്ളം ചുമക്കുന്നെങ്കിലും സാധാരണക്കാരനല്ല. ഈ ഷിർദ്ദി അനുഗ്രഹീതയും ഭാഗ്യവതിയുമായതിനാലാണ് ഈ രത്നത്തെ കിട്ടിയത് അതുപോലെതന്നെ യേവലാമഠത്തിലെ ആനന്ദനാഥ് എന്നു പേരായ അക്കൽകോട്ട് മഹാരാജിന്റെ ശിഷ്യൻ ഷിർദ്ദിയിൽ കുറച്ചു ഷിർദ്ദിക്കാരോടുകൂടി വന്നു സായിബാബയെ കണ്ടതോടുകൂടി ഇപ്രകാരം തുറന്നു പറഞ്ഞു. ഇത് വിലപിടിച്ച ഒരു രത്നക്കല്ലാണ്. സാധാരണക്കാരനെപ്പോലെ കാഴ്ചയിൽ തോന്നുമെങ്കിലും ഇതൊരു വെറും സാധാരണ കല്ലല്ല. രത്നക്കല്ലുതന്നെയാണ്. അടുത്ത ഭാവിയിൽ നിങ്ങൾക്കതറിയാൻ കഴിയും. ഇതും പറഞ്ഞ് അദ്ദേഹം യേവലായിലേക്കു മടങ്ങി. ഇത് പറഞ്ഞത് സായിബാബ ചെറുപ്പക്കാരനായിരുന്നപ്പോളാണ്.

## ബാബയുടെ ഉടുപ്പും ദിനചര്യകളും

ചെറുപ്പകാലത്ത് സായിബാബ മുടി വളർത്തിയിരുന്നു. ഒരിക്കലും മുണ്ഡനം ചെയ്തിരുന്നില്ല. ഒരു അഭ്യാസിയുടെ വസ്ത്രധാരണ രീതിയായിരുന്നു അന്ന്. റഹടയിലേക്ക് (ഷിർദ്ദിയിൽനിന്ന് 9 നാഴിക) പോയി വരുമ്പോൾ ചെണ്ട്. ജയ്, ജൂയി മുതലായ ചെടികൾ കൊണ്ടു വന്ന് അവ നട്ടുനനച്ചുണ്ടാക്കും. വാമൻതാത്ത്യ എന്ന ഭക്തൻ ദിവസം രണ്ടു മൺപാത്രങ്ങൾ കൊടുക്കും. അവകൊണ്ട് ബാബതന്നെ വെള്ളം കൊണ്ടുവന്ന് നനക്കും. കിണറ്റിൽ നിന്ന് വെള്ളംകോരി കുടങ്ങൾ വേപ്പുമരച്ചോട്ടിൽ വെക്കും. നിലത്തുവെക്കുന്നതോടുകൂടി അവ പച്ച മണ്ണായതിനാലും ചൂളക്കിടാത്തവയായതിനാലും ഉടഞ്ഞുപോവും. അടുത്ത ദിവസം താത്ത്യാ വേറെ രണ്ടു പാത്രങ്ങൾ കൊടുക്കും. ഇങ്ങിനെ മൂന്നുകൊല്ലം മുടങ്ങാതെ നടന്നതിൻ ഫലമായി ബാബയുടെ അദ്ധ്വാനംകൊണ്ട് അവിടെ ഒരു ഭംഗിയുള്ള പൂന്തോട്ടം





ഉണ്ടായി. ഈ സ്ഥാനത്താണ് ഇപ്പോഴത്തെ വലിയ കെട്ടിടമായ സമാധിമന്ദിരം സ്ഥിതി ചെയ്യുന്നത്. അവിടെ അനവധി ഭക്തന്മാർ സന്ദർശിച്ചു ഉപയോഗിച്ചു വരുന്നു.

## വേപ്പിൻമരച്ചുവട്ടിലെ പാദുകങ്ങളുടെ കഥ

അക്കൽക്കോട്ട് മഹാരാജിന്റെ ശിഷ്യനായ ഭായികൃഷ്ണാജി അലിബഗ്കർ എന്നാൾ അക്കൽക്കോട് മഹാരാജിന്റെ ഫോട്ടോ പൂജിച്ചിരുന്നു. ഒരിക്കൽ അയാൾ അക്കൽക്കോട്ട് (ഷോലാപ്പൂർജില്ല) പോയി മഹാരാജിന്റെ പാദുകങ്ങളെ വണങ്ങി പൂജിക്കണമെന്ന് ആഗ്രഹിച്ചു. പക്ഷെ പോവാൻ സാധിക്കുന്നതിനു മുമ്പ് അയാൾക്കൊരു സ്വപ്നദർശനമുണ്ടായി. അക്കൽക്കോട്ട് മഹാരാജ് സ്വപനത്തിൽ വന്ന് ഇങ്ങിനെ പറഞ്ഞു. ഇപ്പോൾ ഷിർദ്ദിയാണ് എന്റെ വിശ്രമസ്ഥാനം. അവിടെപ്പോയി പൂജിക്കുക. അങ്ങിനെ ഭായി അയാളുടെ പരിപാടി മാറ്റി ഷിർദ്ദിയിൽവന്നു ബാബയെ പൂജിച്ച് ആറുമാസം ഷിർദ്ദിയിൽ താമസിച്ചു സന്തുഷ്ടനായി. ഇതിന്റെ സ്മാരകമായി അദ്ദേഹം പാദുകങ്ങൾ നിർമ്മിച്ച് ശകാബ്ദം 1834 (1912. AD) ശ്രാവണമാസത്തിൽ വേപ്പുമരചോട്ടിൽ സ്ഥാപിച്ചു. അതിന്നുവേണ്ട ചടങ്ങുകളും പൂജാവിധികളും നടത്തിയത് ദാദാകേൽക്കറും ഉപാസനിയുമായിരുന്നു. ഒരു ദീക്ഷിത് ബ്രാഹ്മണനെ പൂജക്കായും സഗൂൺ എന്ന ഭക്തനെ അതിന്റെ കാര്യാന്വേഷകനായും നിയമിച്ചു.

## ഈ കഥയുടെ പൂർണ്ണ വിവരങ്ങൾ

മാമലത്ത്ദാരായി റിട്ടയർ ചെയ്ത ബി. വി.ദേവ്, സഗുൺമേരുനായിക്കിനോടും ഗോവിന്ദ് കാംലാകർ ദീക്ഷിത്തിനോടും അന്വേഷിച്ച് പാദുകങ്ങളെപ്പറ്റിയ പൂർണ്ണവിവരം താഴെപറയും പ്രകാരം സായിലീലാമാസിക 2-ാം വാല്യം 1-ാം നമ്പർ 25-ാം

പേജിൽ പ്രസിദ്ധപ്പെടുത്തി.

1834 ശകവർഷത്തിൽ ബോംബെയിൽ നിന്നും ഡോക്ടർ രാമറാവു കോത്താരി ഷിർദ്ദിയിൽ ബാബ ദർശനത്തിന് വന്നു. അയാളുടെ കമ്പൗണ്ടറും, ഭായികൃഷ്ണാജി അലിബഗ്കാറും കൂടെ വന്നിരുന്നു. അവർ സഗുൺമേരുനായിക്കും. ജി.കെ. ദീക്ഷിത്തുമായി മിത്രങ്ങളായി. സംസാരമദ്ധ്യേ ബാബ ആദ്യം ഷിർദ്ദിയിൽ വന്ന് വേപ്പുമരചോട്ടിൽ ഇരുന്നതിന്ന് ഒരു സ്മാരകം വേണമെന്ന് നിശ്ചയിച്ചു. അങ്ങിനെ ബാബയുടെ പാദുകം കരിങ്കല്ലിൽ കൊത്തി സ്ഥാപിക്കാൻ ആദ്യം ആലോചിച്ചു. അപ്പോൾ കമ്പൗണ്ടർ ഈ വിവരം ഡോക്ടറെ അറിയിച്ചാൽ നല്ല മൃദുവായ കല്ലുകൊണ്ട് അദ്ദേഹം പാദുകം തീർപ്പിക്കുമെന്നു പറഞ്ഞു. എല്ലാവരും അതിനോട് യോജിച്ച് ഡോക്ടർ കോത്താരിയെ വിവരമറിയിച്ചു. അദ്ദേഹം ഷിർദ്ദിയിൽ വന്ന് പാദുകങ്ങളുടെ ഒരു പ്ലാൻ വരച്ചു. എന്നിട്ട് ഖണ്ഡോബാക്ഷേത്രത്തിലിരിക്കുന്ന ഉപാസനി മഹാരാജിനെ പ്ലാൻ കാണിച്ചു. അദ്ദേഹം പലവ്യത്യാസങ്ങളും വരുത്തി. താമര, പുഷ്പങ്ങൾ, ശംഖ്, ചക്രം, മനുഷ്യൻ മുതലായ പലതും വരച്ചു ചേർത്തു. കൂടാതെ,

*സദാനിംബവൃക്ഷസ്യമുലാധിവാസാത്*
*സുധാസ്രാവിണം തിക്തമപ്യ പ്രിയം തം*
*തരും കല്പവൃക്ഷാധികം സാധയന്തം*
*നാമാമീശ്വരം സദ്ഗുരും സായിനാഥം.*

എന്ന ശ്ലോകവും അതിന്മേൽ കൊത്തിവെക്കാൻ പറഞ്ഞു. (എപ്പോഴും നിംബവൃക്ഷത്തിന്റെ ചുവട്ടിൽ താമസിച്ച് കയ്പ്പുള്ളതുമായ ആ വൃക്ഷത്തെ അമൃത് ഒഴുക്കുന്ന കല്പവൃക്ഷത്തെക്കാളധികം മാഹാത്മ്യമുള്ളതാക്കി തീർത്ത സദ്ഗുരുവും ഈശ്വരനുമായ സായ്നാഥനെ ഞാൻ നമസ്കരിക്കുന്നു). ഉപാസനിയുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് അപ്രകാരം ചെയ്തു. ബോംബെ

യിൽ പാദുകങ്ങൾ നിർമ്മിച്ച് കമ്പൗണ്ടർ വശം കൊടുത്തയച്ചു. ബാബ അവയെ ശ്രാവണ പൗർണ്ണമിക്ക് സ്ഥാപിക്കാൻ പറഞ്ഞു. അന്ന് പകൽ 11 മണിക്ക് ജി.കെ. ദീക്ഷിത് അവയെ ഖണ്ഡോബാക്ഷേത്രത്തിൽനിന്ന് തലയിൽവെച്ച് പരിവാരസമേതം ദ്വാരകമായി മസ്ജിദിലേക്ക് കൊണ്ടുവന്നു. ബാബ പാദുകങ്ങൾ തൊട്ടനുഗ്രഹിച്ചു. എന്നിട്ട് ഇത് ദേവപാദങ്ങളാണെന്നും വേപ്പുമരച്ചോട്ടിൽ സ്ഥാപിച്ചു കൊള്ളുവിൻ എന്നും പറഞ്ഞു.

അതിന്റെ തലേദിവസം ബോംബെയിൽനിന്നും പാസ്ത ശേട്ട് എന്ന പാർസിഭക്തൻ 25 രൂപ മണി ഓർഡർ അയച്ചിരുന്നു. ഈ സംഖ്യ പാദുകം സ്ഥാപിക്കാനുള്ള ചിലവിലേക്ക് ബാബ കൊടുത്തു. ഒട്ടാകെ ചിലവായ 100 രൂപയും ബാക്കി 75 രൂപ സംഭാവനയായും പിരിച്ചു. ആദ്യത്തെ 5 വർഷങ്ങൾ ജി.കെ. ദീക്ഷിത് പാദുകപൂജ നടത്തി. പിന്നെ ലക്ഷ്മൺ കച്ചേശ്വർജഖാദി എന്നാൾ പൂജ നടത്തി. ആദ്യത്തെ അഞ്ചുവർഷം മാസംതോറും വിളക്കുവെക്കാൻ 2 ക. വീതം ഡോക്ടർ കോത്താരി അയച്ചുകൊടുത്തു. കൂടാതെ ചുറ്റും പൈപ്പ്‌വേലി കെട്ടാനുള്ള ചിലവും അയാൾ ചെയ്തു. സ്റ്റേഷനിൽ നിന്ന് പൈപ്പ്റെയ്‌ലിങ്ങ് ഷിർദ്ദിക്ക് കൊണ്ടുവരാനുള്ള ചിലവ് 7ക. 8 ണ. സഗുൺമേരു നായ്ക്ക് കൊടുത്തു. ഇപ്പോൾ ജഖാദി (നാനാപൂജാരി) പൂജ നടത്തുകയും സഗുൺമേരു നായ്ക്ക് നൈവേദ്യത്തിനും വിളക്കുവെക്കാനും വേണ്ട ചിലവ് നടത്തുകയും ചെയ്യുന്നു.

ഭായി കൃഷ്ണാജി തുടക്കത്തിൽ അക്കൽക്കോട് മഹാരാജിന്റെ ഭക്തനായിരുന്നു. അയാൾ 1834-ൽ പാദുകം സ്ഥാപിക്കുന്ന കാലത്ത് അക്കൽകോട്ടെക്ക് പോകും വഴി ഷിർദ്ദിയിൽ വന്നു. ബാബയെ ദർശനം ചെയ്ത് അക്കൽക്കോട്ടെക്ക് പോവാനായിരുന്നു ഉദ്ദേശം. അയാൾ അതിന് ബാബയോട് അനുവാദം ചോദിച്ചു. നീയെന്തിന് അവിടെ പോകുന്നു. അവിടുത്തെ മഹാരാജ് ഇവിടെത്തന്നെയാണ്. ഞാൻ തന്നെയാണ്, ഇതു കേട്ട് ഭായി

അക്കൽക്കോട്ടെക്ക് പോകേണ്ടെന്ന് നിശ്ചയിച്ചു. പാദുകസ്ഥാപനത്തിനുശേഷം അയാൾ പലതവണ ഷിർദ്ദിയിൽ വരാറുണ്ടായിരുന്നു. ഈ പറഞ്ഞ വിവരങ്ങൾ ഹേമദ്പാന്തിന്നറിയില്ലെന്നും അറിഞ്ഞിരുന്നെങ്കിൽ അത് സച്ചരിതത്തിൽ ചേർക്കുമായിരുന്നുവെന്നും ബി.വി. ദേവ് പറഞ്ഞ് ലേഖനം അവസാനിപ്പിക്കുന്നു.

## മൊയ്തീൻ താമ്പോലിയുമായ ഗുസ്തിയും ജീവിതരീതിയിൽ വരുത്തിയ മാറ്റവും

ബാബയുടെ മറ്റു കഥകളിലേക്കു മടങ്ങുക. ഷിർദ്ദിയിൽ മൊയ്തീൻ താമ്പോലി എന്നുപേരായ ഒരു ഗുസ്തിക്കാരനുണ്ടായിരുന്നു. ചില സംഗതികളിൽ ബാബയും അയാളുമായി യോജിക്കാത്തതിനാൽ അവർ തമ്മിൽ ഒരു ഗുസ്തിയുദ്ധം നടന്നു. അതിൽ ബാബ പരാജിതനായി. അന്നുമുതൽ ബാബ വസ്ത്രധാരണ രീതിയും ജീവിതരീതിയും മാറ്റി. ബാബ കഫ്നി എന്ന നീളൻ കുപ്പായവും ഒരു ലങ്കോട്ടിയും ധരിച്ചു. തലമൂടി ഒരു തുണികഷ്ണംകൊണ്ട് കെട്ടുകയും ചെയ്തു. ഒരു ചാക്കിൻകഷ്ണം ഇരിക്കാനും ഒരു ചാക്കിൻ കഷ്ണം കിടക്കാനും ഉപയോഗിച്ചു. കീറി ദ്രവിച്ച വസ്ത്രങ്ങൾ ധരിക്കുന്നതിൽ സംതൃപ്തനായി. സായിബാബ പറയും ദരിദ്ര്യം രാജത്വത്തേക്കാൾ നല്ലതാണ്. പ്രഭുത്വത്തേക്കാൾ എത്രയോ ഉപരി മെച്ചപ്പെട്ടതാണ്. ഭഗവാൻ ദരിദ്രന്റെ ചങ്ങാതിയാണ് എന്ന്. ഗംഗാഗീറും ഗുസ്തി പ്രിയനായിരുന്നു. ഒരു ഗുസ്തി മത്സര സമയത്ത് അദ്ദേഹത്തിന് ദൈവവാക്യം പോലെ നീ ദൈവവുമായി കളിച്ച് ദേഹം തളർത്തി കളയുക എന്ന വാക്കുകൾ കേൾക്കുകയും അതോടു കൂടി വിരക്തി വന്നുചേരുകയും ചെയ്തു. അദ്ദേഹം സംസാരം ഉപേക്ഷിച്ച് ആത്മജ്ഞാനത്തിലേക്ക് ശ്രദ്ധ പതിപ്പിച്ചു. പുന്താമ്പിക്കടുത്ത് പുഴക്കരയിൽ ഒരു മഠം സ്ഥാപിച്ച് അദ്ദേഹം ശിഷ്യന്മാരോടു കൂടി അവിടെ താമസിച്ചു. സായിബാബ ജനങ്ങളുമായി അങ്ങിനെ

ഇടപഴകി പെരുമാറലില്ല. ബാബ ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കലാണ് പതിവ്. പകൽ അധികവും വേപ്പു മരച്ചോട്ടിലായിരിക്കും. അല്ലെങ്കിൽ ഗ്രാമത്തിനു പുറമെ പുഴക്കരയിലുള്ള ബാബുൾ മരത്തണലിലിരിക്കും. വൈകുന്നേരം ചില അവസരങ്ങളിൽ നിമഗോൺവരെ നടക്കും. അവിടെ ത്രിയംബക് ജി ഡങ്കാളിയുടെ വീട്ടിൽ ഇടക്കിടക്ക് പോവും. അവിടുത്തെ ബാബാസാഹിബ്ബിനെ സായിബാബക്ക് ഇഷ്ടമായിരുന്നു. അയാളുടെ അനുജനായ നാനാസാഹെബ്ബിനു രണ്ടാമതൊരു വിവാഹം കഴിച്ചിട്ട് കൂടി പുത്രനുണ്ടായില്ല. ബാബാസാഹെബ് നാനാസാഹെബിനെ ബാബാ ദർശനത്തിനയക്കുകയും കുറച്ചുകാലത്തിനുള്ളിൽ ഒരു പുത്രൻ ജനിക്കുകയും ചയ്തു. അന്നുമുതൽ സായിബാബയുടെ പ്രശസ്തി വർദ്ധിച്ച് അഹമ്മദ്നഗറിൽനിന്നും മറ്റും അനവധി ജനങ്ങൾദർശനത്തിനായി വരാൻ തുടങ്ങി. അന്നുമുതൽ നാനാസാഹെബ് ചന്ദോർക്കർ, കേശവ് ചിദംബർ മുതലായ അനവധിപേർ ഷിർദ്ദിയിൽ വരാൻ തുടങ്ങി. പകൽ മുഴുവൻ ഭക്തന്മാരാൽ ചുറ്റപ്പെട്ട ബാബ, പഴകി ഇടിഞ്ഞുപൊളിഞ്ഞ പള്ളിയിൽ രാത്രി ഒറ്റക്കുറങ്ങി. ബാബയുടെ സാമഗ്രികൾ ഇക്കാലത്ത് പുകവലിക്കാനുള്ള കുഴൽ (ചിലിം) പുകയില, ടിൻപാത്രം, നീണ്ട കഫനി കുപ്പായം, തല മൂടിക്കെട്ടിയ ഒരു തുണിക്കഷണം, ഒരു ചെറുവടി (സത്ക) എപ്പോഴും കയ്യിൽ വെക്കുന്നത് ഇത്രയുമായിരുന്നു. തലക്കുകെട്ടിയ വെള്ളത്തുണി ജടപോലെ പിരിച്ച് ഇടതു ചെവിയുടെ ഭാഗത്തുകൂടി പിന്നോട്ട് തൂങ്ങിക്കിടക്കും. ബാബ ഷൂസോ, മെതിയടിയോ ധരിച്ചിരുന്നില്ല. ദിവസത്തിലധികവും ഒരു ചാക്കിന്മേലാണ് ഇരുന്നിരുന്നത്. ഒരു കൗപീനവും ധരിച്ചിരുന്നു. തണുപ്പില്ലാതിരിക്കാൻ എപ്പോഴും തീ എരിയിച്ചിരുന്നു. ഈ തീയിനാണ് ധുനി എന്നു പറയുന്നത്. എപ്പോഴും തെക്കോട്ട് മുഖമായി മരത്തിന്റെ ആൾമറയിൽ ഇടത്തുകയ്യ് വെച്ചിരിക്കും. ആ ധുനിയിൽ ബാബ ബലിയായി, അഹംഭാവം, ആശ,

ചിന്ത ഇവയർപ്പിച്ചുകൊണ്ട് സദാ അള്ളാ മാലിക്ക് (ദൈവമാണ് ഒരേ ഉടമ) എന്ന് ജപിച്ചിരിക്കും. ബാബ ഇരിക്കുന്ന പള്ളിക്ക് രണ്ട് മുറികളുടെ വലിപ്പമേയുള്ളൂ. അവിടെ എല്ലാ ഭക്തന്മാരും ബാബയെ വന്നു കാണും. 1912–നു ശേഷം ഒരു വ്യത്യാസം വന്നു. പഴയ പള്ളി കേടുപാടു തീർത്ത് ഒരു മുറ്റവും പണി ചെയ്തു. മസ്ജിദിൽ താമസമാക്കുന്നതിന് മുമ്പ് ബാബ, ഒരു താക്കിയയിൽ (മുസ്ലീം പ്രാർത്ഥനക്കുള്ള സ്ഥലം) കുറെക്കാലം താമസിച്ചിരുന്നു. അന്നു കാലിൽ ചെറിയ ചിലങ്കകൾ കെട്ടി ബാബ മധുരമായി പാടി ആനന്ദനൃത്തമാടിയിരുന്നു.

## വെള്ളത്തെ എണ്ണയാക്കി മാറ്റൽ

സായിബാബക്ക് വിളക്കുകളിൽ വലിയ പ്രിയമായിരുന്നു. ബാബ കടക്കാരിൽനിന്ന് എണ്ണ കടംവാങ്ങി മസ്ജിദ്ദിലും അമ്പലത്തിലും രാത്രി മുഴുവൻ വിളക്ക് കത്തിക്കലുണ്ടായിരുന്നു. ഇങ്ങിനെ കുറെക്കാലം നടന്നു. അതിന് എണ്ണ കൊടുത്തിരുന്ന ബനിയാ കച്ചവടക്കാർ തമ്മിലാലോചിച്ച് ബാബക്ക് എണ്ണ കൊടുക്കില്ലെന്ന് നിശ്ചയിച്ചു. പതിവുപോലെ ബാബ എണ്ണ ചോദിച്ചപ്പോൾ അവരെല്ലാവരും ഇല്ലെന്ന് തീർത്ത് പറഞ്ഞു. തീരെ ക്ഷുഭിതനാവാതെ ബാബ മസ്ജിദിൽ വന്നു വിളക്കിൽ തിരികളിട്ടു. ബനിയാമാർ ജിജ്ഞാസുക്കളായി ഒളിഞ്ഞു നോക്കുന്നുണ്ടായിരുന്നു. ബാബ തകരപ്പാത്രമെടുത്തു. അതിൽ എണ്ണ ലേശം പറ്റി നിന്നിരുന്നു. ബാബ അതിൽ വെള്ളമൊഴിച്ച് കുടിച്ചു. അങ്ങിനെ ശുദ്ധിവരുത്തി വീണ്ടും തകരപ്പാത്രത്തിൽ വെള്ളമെടുത്ത് എല്ലാ വിളക്കുകളിലും ഒഴിച്ച് തിരികൾ കൊളുത്തി. നോക്കിനിൽക്കുന്ന ബനിയാമാരെ അന്തംവിടുവിച്ചുകൊണ്ട് അതിഭയങ്കരമാംവണ്ണം രാത്രി മുഴുവൻ ആ വിളക്കുകൾ കത്തി. ബനിയാമാർ പശ്ചാത്തപിച്ച് ബാബയോട് മാപ്പപേക്ഷിച്ചു. ബാബ അവരോട് സത്യവാന്മാരായിരിക്കാൻ ഉപദേശിച്ച് മാപ്പു നൽകി.

## വ്യാജഗുരു ജവ്ഹർ ആലി

മുൻപറഞ്ഞ ഗുസ്തിസംഭവത്തിനുശേഷം അഞ്ചുവർഷം കഴിഞ്ഞതിൽപിന്നെ ജവഹർഅലി എന്നുപേരായ ഒരു ഫക്കീർ അഹമ്മദ്നഗറിൽനിന്നും പരിവാരസമേതം റഹടഗ്രാമത്തിൽവന്ന് വീരഭദ്രക്ഷേത്രത്തിനടുത്ത് ഒരു വലിയ മുറിയിൽ താമസമാക്കി. ഫക്കീർ പണ്ഡിതനും ഖുറാൻ മുഴുവൻ പഠിച്ച നല്ല വാഗ്മിയുമായിരുന്നു. അനവധി ഭക്തന്മാർ അയാളെ കണ്ടുവണങ്ങി ബഹുമാനിച്ചുപോന്നു. ജനസഹായംകൊണ്ട് അയാൾ വീരഭദ്രക്ഷേത്രത്തിന് മുമ്പിൽ ഒരു ഇദ്ഗ പണിചെയ്യാൻ തുടങ്ങി (ഈദ് പ്രാർത്ഥനക്കുള്ള ചുമർ) ഇത് സംബന്ധിച്ച് ചില കുഴപ്പങ്ങൾ ഉണ്ടായതിനാൽ ജവ്ഹർആലിക്ക് റഹട വിടേണ്ടി വന്നു. അങ്ങിനെ അയാൾ ഷിർദ്ദിയിലേക്കു പോന്നു. ബാബയോടുകൂടി താമസം തുടങ്ങി. അയാളുടെ മധുരമായ സംഭാഷണംകൊണ്ട് ജനങ്ങൾ വശീകൃതരാവുകയും അയാൾ ബാബയെ ശിഷ്യനെന്ന് വിളിക്കാൻ തുടങ്ങുകയും ചെയ്തു. ബാബ യാതൊരു തടസ്സവും പറയാതെ അയാളുടെ ശിഷ്യനായിരിക്കാൻ സമ്മതിച്ചു. പിന്നെ ഗുരുവും ശിഷ്യനും റഹടയിലേക്ക് മടങ്ങാനും അവിടെ താമസിക്കാനും തീരുമാനിച്ചു. ഗുരുവിന് ശിഷ്യന്റെ മഹത്വം അറിഞ്ഞുകൂടെങ്കിലും ശിഷ്യന് ഗുരുവിന്റെ ദോഷങ്ങൾ അറിയാമായിരുന്നു. എങ്കിലും അയാളെ അവഹേളിക്കാതെ ശിഷ്യനെപ്പോലെ പരിചരിക്കാൻ തുടങ്ങി. ഗുരുവിനെ പലതരത്തിലും ഉപചരിച്ചു. ഇടക്കിടക്ക് ഷിർദ്ദിയിൽ വരുമെങ്കിലും പ്രധാന താമസം റഹടയിലാക്കി. ബാബയുടെ ഷിർദ്ദിഭക്തന്മാർക്ക് ബാബ റഹടയിലേക്ക് താമസം മാറ്റിയത് ഇഷ്ടമായില്ല. അവർ ഒരു നിവേദകസംഘവുമായി ബാബയെ ഷിർദ്ദിയിലേക്കു കൊണ്ടുപോരാൻ ചെന്നു. ഇദ്ഗക്കടുത്തുവെച്ച് അവർ ബാബയെകണ്ട് വിവരം പറഞ്ഞപ്പോൾ ഫക്കീർ കോപിഷ്ഠനാണെന്നും അയാളെ ബാബക്ക് വിടാൻ നിവൃത്തിയില്ലെന്നും ഫക്കീർ തിരിച്ചുവരുന്നതിനു മുമ്പെ ഉടനെ

മടങ്ങിപ്പോകണമെന്നും പറഞ്ഞു. ഇവരിങ്ങനെ സംസാരിച്ചു. നിൽക്കുമ്പോൾ ഫക്കീർ തിരിച്ചുവരുകയും ശിഷ്യനെ കൊണ്ടു പോകാൻ ശ്രമിച്ചതിന്ന് അവരോട് കോപിക്കുകയും ചെയ്തു. ചില വാക്ക്തർക്കങ്ങൾക്കുശേഷം ഒടുവിൽ ഗുരുവും ശിഷ്യനും ഷിർദ്ദിയിലേക്കു മടങ്ങി അവിടെ താമസമാക്കി. കുറച്ചു ദിവസ ങ്ങൾക്കു ശേഷം ഗുരുവിനെ ദേവീദാസ് പരീക്ഷിച്ച് തർക്കത്തിൽ തോൽപിച്ചു. ബാബ കല്യാണപാർട്ടിയോട്കൂടി വരുന്നതിന് 12 കൊല്ലം മുമ്പാണ് അന്ന് പത്തോ പതിനൊന്നോ വയസ്സുള്ള ദേവീ ദാസ് ഷിർദ്ദിയിൽവന്ന് മാരുതിക്ഷേത്രത്തിൽ താമസമാക്കിയത്. ദേവീദാസ് സുന്ദരരൂപനും തിളങ്ങുന്ന കണ്ണോടുകൂടിയവനും വിരക്തനും ജ്ഞാനിയുമായിരുന്നു. താത്ത്യാക്കോട്ടെ, കാശിനാഥ് മുതലായ പലരും അദ്ദേഹത്തെ ഗുരുവായി കരുതിയിരുന്നു. അവർ ജവ്ഹർആലിയെ അദ്ദേഹത്തിനു മുമ്പിൽകൊണ്ടുവന്ന് ചർച്ച നടത്തിച്ചതിൽ പരാജിതനായി ഷിർദ്ദിയിൽ നിന്നും ഓടി പ്പോയി. അങ്ങിനെ ബീജാപ്പൂരിൽ കുറെക്കാലം താമസിച്ച് ഷിർദ്ദി യിലേക്ക് മടങ്ങി വന്ന് ജവഹർആലി ബാബയെ സാഷ്ടാംഗം പ്രണമിച്ചു. അയാൾ ഗുരുവെന്നും സായിബാബ ശിഷ്യനെന്നു മുള്ള തെറ്റിദ്ധാരണ നീങ്ങി അയാൾ പശ്ചാത്തപിച്ചു. എന്നിട്ടും ബാബ കാണിക്കുന്നത് അഹംഭാവം കളഞ്ഞ് ആത്മജ്ഞാനം കൈവരുത്താൻ ശിഷ്യനെപ്പോലെയും സേവനങ്ങൾ ചെയ്യണ മെന്നാണ്. ഈ കഥ ബാബയുടെ മഹാഭക്തനായ മഹൽസാ പതി പറഞ്ഞു തന്നതനുസരിച്ചാണ് ഇവിടെ ചേർത്തത്.

അടുത്ത അദ്ധ്യായത്തിൽ രാമനവമി ഉത്സവം, മസ്ജിദ്, അതിന്റെ പൂർവ്വസ്ഥിതി, പിന്നീടുണ്ടായ ഭേദഗതി എന്നവയെ പ്പറ്റി പ്രതിപാദിക്കുന്നതാകുന്നു.

ശ്രീ സായിയെ നമിക്കുവിൻ ലോകശാന്തി ഭവിക്കട്ടെ !

# അദ്ധ്യായം - 6



*ഗുരു കരസ്പർശത്തിന്റെ ശക്തി - രാമനവമി ഉൽസവം - അതിന്റെ ഉത്ഭവവും ഭേദഗതികൾ മുതലായതും - മസ്ജിദിന്റെ കേടുപാടുതീർക്കൽ.*

## ഗുരുകരസ്പർശത്തിന്റെ ശക്തി

യഥാർത്ഥ സദ്ഗുരു നമ്മെ നയിക്കുന്നെങ്കിൽ ഗുരു തീർച്ചയായും എളുപ്പം സംസാരസാഗരം കടത്തിവിടും. സദ്ഗുരു എന്ന പദം സായിബാബയെ ഓർമ്മിപ്പിക്കുന്നു. ബാബ മുന്നിൽനിന്നു ഉധി നെറ്റിയിൽ തൊടുവിച്ച് കയ്യ് അനുഗ്രഹരൂപേണ തലയിൽവെക്കുന്നതായി ഞാൻ വിഭാവനം ചെയ്യുന്നു. ഹൃദയം സന്തുഷ്ടമായി പ്രേമം ബാഷ്പരൂപേണ എന്റെ കണ്ണിൽനിന്നു ഒഴുകുന്നു. ചിന്തകൊണ്ടും ആശകൊണ്ടും നിർമ്മിതമായ സൂക്ഷ്മശരീരം അഗ്നിയാൽ ദഹിപ്പിക്കാവതല്ലെങ്കിലും ഗുരുകരസ്പർശമാത്രേണ ദഹിച്ചുപോകുന്നതോടെ, മുജ്ജന്മങ്ങളിലെ പാപങ്ങൾപോലും നിശ്ശേഷം നശിച്ചുപോകുന്നു. ദൈവീകവും മതപരവുമായ വാക്യങ്ങൾ കേൾക്കുമ്പോൾ വിരോധം തോന്നുന്നവർകൂടി ശാന്തിയെ പ്രാപിക്കുന്നു. സായിബാബയുടെ സുന്ദരരൂപദർശനം കൊണ്ട് സന്തോഷത്താൽ തൊണ്ടയിടറുകയും ആനന്ദാശ്രുവാൽ കണ്ണു

നിറയുകയും വികാരാവേശത്താൽ ഹൃദയം നിറയുകയും ചെയ്യു ന്നു. അത് തത്വമസി, അഹംബ്രഹ്മാസ്മി മുതലായ ബോധങ്ങൾ നമ്മിൽ വളർത്തി ഞാൻ, - നീ, അത് - ഇത് മുതലായ ഭേദങ്ങൾ നശിപ്പിച്ചു ബ്രഹ്മത്തോട് ചേർത്ത് ആത്മജ്ഞാനം കൈ വരു ത്തുന്നു. ശാസ്ത്രപുരാണങ്ങൾ വായിക്കുമ്പോൾ സദ്ഗുരുപദം എന്നിൽ സായിബാബയെക്കുറിച്ചുള്ള ഓർമ്മ വളർത്തി ബാബ രാമനും കൃഷ്ണനും ഒക്കെയായി ആ ജീവിതത്തിൽ ശ്രദ്ധിക്കാൻ പ്രേരണ നൽകുന്നു. ഉദാഹരണമായി ഞാൻ ഭാഗവതപാരായണം ശ്രദ്ധിക്കുമ്പോൾ സായി പാദാദികേശം കൃഷ്ണനായി മാറി ബാബ തന്നെ ഭാഗവതവും, ഉദ്ധവഗീതയും പാടി കേൾപ്പിക്കു ന്നതായും ഭക്തന്മാർ അതിൽനിന്ന് നേട്ടങ്ങൾ നേടുന്നതായും അനുഭവപ്പെടുന്നു. എന്തിന്, വെറും തമാശ പറയുമ്പോൾപോലും സായി സ്മരണയുണ്ടായി അനുയോജ്യങ്ങളായ അനവധി ഉദാ ഹരണങ്ങൾ സംഭാഷണ മദ്ധ്യത്തിൽ ചേർക്കാൻ സാദ്ധ്യമാവു ന്നു. ഞാൻ സ്വന്തമായി എന്തെങ്കിലും എഴുതാൻ തുടങ്ങിയാൽ എനിക്ക് ഒന്നും കഴിയുന്നില്ലെങ്കിലും സായിനാഥന്റെ പ്രചോദന ത്തിലെഴുതാൻ തുടങ്ങുമ്പോൾ യാതൊരിട തടസ്സവുമില്ലാതെയും അവസാനമില്ലാതെയും എഴുതികൊണ്ടേ ഇരിക്കാൻ സാദ്ധ്യമാ വുന്നു. ശിഷ്യന്റെ അഹംഭാവം തലപൊക്കുമ്പോൾ ബാബ സ്വഹ സ്തങ്ങളെക്കൊണ്ട് പിടിച്ചമർത്തി ബാബയുടെ ശക്തി പ്രദാനം ചെയ്ത് ബാബയുടെ ഉദ്ദേശാനുസരണം പ്രവർത്തിപ്പിച്ച് അനു ഗ്രഹിക്കുന്നു. ഏതെങ്കിലുമൊരാൾ സായിയെ സാഷ്ടാംഗം പ്രണ മിച്ച് ആത്മസമർപ്പണം ചെയ്യുന്നുവോ ചോദിക്കാതെ തന്നെ ജീവിതത്തിന്റെ സർവ്വോപാധികളും അതായത് ധർമ്മാർത്ഥകാ മമോക്ഷങ്ങൾ അയാൾക്ക് കൈവരുന്നു. കർമ്മം, ജ്ഞാനം, യോഗം, ഭക്തി എന്നീ 4 പ്രധാനമാർഗ്ഗങ്ങൾ പ്രത്യേകം പ്രത്യേ

കമായി നമ്മെ ദൈവത്തിലെത്തിക്കുന്നു. ഇതിൽ ഭക്തിമാർഗ്ഗം പ്രയാസവും കഷ്ടപ്പാടുകളും മുള്ളും കുണ്ടും കുഴികളും നിറഞ്ഞതുമാണ്. എന്നാൽ സദ്ഗുരുവിൽ വിശ്വസിച്ച് പുറപ്പെട്ടാൽ മുള്ളും കുണ്ടും കുഴിയും ഒഴിവാക്കി നേരെ പ്രാപ്യസ്ഥാനത്തെത്തിച്ച് തരും. അത് സായിബാബ ഉറപ്പ് പറഞ്ഞതാണ്.

ബ്രഹ്മനെ സംബന്ധിച്ച് പ്രതിപാദിച്ചശേഷം മായകൊണ്ട് ലോകം സൃഷ്ടിച്ചതും സൃഷ്ടിച്ച ലോകത്തെപ്പറ്റിയും പ്രതിപാദിച്ച് ഇത് മൂന്നും ഒന്നുംതന്നെ എന്ന് സമർത്ഥിച്ച് ബാബ ഉറപ്പു കൊടുക്കുന്ന വാക്കുകളെ ഇപ്രകാരം ഉദ്ധരിക്കുന്നു.

യാതൊരു ഭക്തന്റെ ഗൃഹത്തിലും അന്നവസ്ത്രാദികൾക്ക് യാതൊരു ക്ഷാമവും നേരിടുന്നതല്ല. എന്നിൽ മനസ്സുറപ്പിച്ച് എന്നെ ആരാധിക്കുന്ന ഭക്തന്റെ എല്ലാ ക്ഷേമകാര്യങ്ങളും പ്രത്യേകം ശ്രദ്ധിച്ച് നേടികൊടുക്കുക എന്നത് എന്റെ പ്രത്യേകചുമതലയാണ്. ഭഗവാൻ കൃഷ്ണനും ഇതുതന്നെ പറഞ്ഞു. യോഗക്ഷേമം വഹാമ്യഹം എന്ന്. നിങ്ങൾക്കെന്തെങ്കിലും വേണമെങ്കിൽ അഹന്തയും ആത്മാഭിമാനവും ഉപേക്ഷിച്ച് ദൈവത്തോട് ചോദിച്ചുവാങ്ങുവിൻ. ഭക്ഷണവസ്ത്രങ്ങൾക്കുവേണ്ടി കഷ്ടപ്പെടേണ്ടതില്ല. ലോകത്തിലുള്ള സ്ഥാനമാനങ്ങളിൽ സമൂഢരാവാതിരിക്കുവിൻ. ഇഷ്ടദേവതയുടെ രൂപം മനസ്സിൽ സ്ഥിരപ്രതിഷ്ഠ ചെയ്യുവിൻ. എല്ലാ ഉപാധികളും അന്തഃകരണവും ഭഗവാനെ ആരാധിക്കുന്നതിൽ നിയുക്തമാവട്ടെ. മറ്റൊന്നിലും തല്പരരാവരുത്. മനസ്സ് എന്നെ ഓർക്കുന്നതിൽ സദാ ഉറപ്പിച്ചു നിർത്തുവിൻ. എന്നാൽ അത് ശരീരം, ധനം, ഗൃഹം എന്നിവയിലേക്ക് അലിഞ്ഞുപോവില്ല. അന്നേരം മനസ്സ് ശാന്തവും സമാധാനപരവും ഭയരഹിതവുമായിത്തീരും. ഇതാണ് സൽഗുണമുള്ള മന

സ്ഥിതിയുടെ അടയാളം. മനസ്സ് ചഞ്ചലമാണെങ്കിൽ പരിപൂർണ്ണമായി ലയിച്ചതാവാൻ സാദ്ധ്യമാവില്ല.

## ഇത്രയും പറഞ്ഞ് ഷിർദ്ദിയിലെ രാമനവമി ഉത്സവത്തെപ്പറ്റി പ്രതിപാദിക്കുന്നു.

**തുടക്കം:-**

ഗോപാൽറാവുഗുണ്ട് എന്നൊരാൾ കോപ്പർഗോവോണിൽ സർക്കിൾ ഇൻസ്പെക്ടറായിരുന്നു. അയാൾ ബാബയുടെ ഒരു വലിയ ഭക്തനായിരുന്നു. അയാൾക്ക് മൂന്നു ഭാര്യമാരുണ്ടായിരുന്നു. പക്ഷെ സന്താനങ്ങളുണ്ടായിരുന്നില്ല. സായിബാബയുടെ അനുഗ്രഹംകൊണ്ട് അയാൾക്ക് ഒരു മകനുണ്ടായി. ആ സന്തോഷത്തിൽ 1897-ൽ ഒരു ഉത്സവം നടത്താനുള്ള ആഗ്രഹം അയാൾക്കുണ്ടായി. ഈ ഉദ്ദേശം ഷിർദ്ദിയിലെ പ്രധാന ഭക്തന്മാരായ താത്ത്യാപട്ടേൽ, ദാദാകോട്ടെ പാേൽ, മാധവറാവ്ദേശ്പാണ്ഡേ അഥവാ ശ്യാമ എന്നിവർ മുമ്പാകെ വെച്ചു. അവർ അത് അംഗീകരിച്ച് ബാബയുടെ അനുഗ്രഹവും അനുവാദവും വാങ്ങി. പിന്നെ കലക്ടറുടെ അനുവാദത്തിനപേക്ഷിച്ചപ്പോൾ അംശം ഉദ്യോഗസ്ഥൻ എതിരായി റിപ്പോർട്ട് ചെയ്തതിനാൽ അനുമതി നിഷേധിക്കപ്പെട്ടു. പക്ഷെ സായിബാബ അനുഗ്രഹിച്ച കാര്യമായതിനാൽ വീണ്ടും പരിശ്രമിച്ചപ്പോൾ കലക്ടറുടെ അനുമതിയും കിട്ടി. ഉത്സവം ബാബയോടാലോചിച്ച് രാമനവമിനാളിൽ നടത്താൻ നിശ്ചയിച്ചു. ബാബക്ക് ഇതിൽ ഒരു പ്രത്യേക ഉദ്ദേശമുണ്ടായിരുന്നു. ഹിന്ദു-മുസ്ലീം ഐക്യം സൃഷ്ടിച്ച് ഹിന്ദുക്കളുടെ രാമനവമിയും മുസ്ലീംകളുടെ ഉറൂസ് ആയ ചന്ദനക്കുടം എഴുന്നള്ളിപ്പും ഒന്നിച്ച് നടത്തിച്ച് സമുദായമൈത്രി സ്ഥാപിക്കലായിരുന്നു ആ ഉദ്ദേശം. ഭാവിയിൽ അത് നടക്കുകയും ചെയ്തു.

അനുവാദം സിദ്ധിച്ചെങ്കിലും മറ്റു വിഷമങ്ങൾ ഉണ്ടായിത്തുടങ്ങി. ഷിർദ്ദിഗ്രാമത്തിൽ ജലക്ഷാമമുണ്ടായിരുന്നു. ആകെ

ഗ്രാമത്തിൽ 2 കിണറെയുള്ളു. ഒന്നിലെ ഉപയോഗിക്കാവുന്ന വെള്ളം വറ്റി. മറ്റേതിലെ വെള്ളം ഉപ്പുവെള്ളവുമാണ്. ഉപ്പുവെള്ളമുള്ള കിണറ്റിൽ സായിബാബ പൂക്കളെറിഞ്ഞ് ശുദ്ധജലമാക്കി മാറ്റി. എന്നാലും ഈ വെള്ളം മതിയാവാത്തതിനാൽ കുറെ ദൂരത്തുനിന്ന് തുകൽസഞ്ചികളിൽ വെള്ളം കൊണ്ടുവരാൻ തത്ത്യാപാഠേൽ ഏർപ്പാടു ചെയ്തു. വാണിപങ്ങളും ഗുസ്തി മത്സരങ്ങളും ഏർപ്പാടു ചെയ്തു. ഗോപാൽറാവ് ഗുണ്ടിന് അഹമ്മദ് നഗറിൽ ദാമു അന്നാകാസർ എന്നുപേരായ ഒരു സുഹൃത്തുണ്ടായിരുന്നു. അയാൾക്ക് രണ്ടു ഭാര്യമാരുണ്ടായിട്ടും കുട്ടികളുണ്ടായിരുന്നില്ല. അയാൾക്കും ബാബയുടെ അനുഗ്രഹം കൊണ്ട് പുത്രന്മാരുണ്ടായതിനാൽ ഗുണ്ട് അയാളോട് എഴുന്നള്ളിപ്പിന്നു ഒരു കൊടിക്കുറ അയക്കാൻ ആവശ്യപ്പെട്ടു. കൂടാതെ നാനാസാഹെബ് നിമോങ്കാറും ചിത്രവേല ചെയ്ത കൊടിക്കൂറ അയച്ചു. ഈ രണ്ടു കൊടിക്കൂറകളും എഴുന്നള്ളിച്ച് ഗ്രാമം ചുറ്റിത്തിരിഞ്ഞു വന്ന് ദ്വാരകമായി മസ്ജിദിന്റെ രണ്ടുഭാഗത്തായി സ്ഥാപിച്ചു. ഈ ചടങ്ങ് അതേപോലെ ഇപ്പോഴും നടത്തിവരുന്നു.

## ചന്ദനക്കുടം വരവ്

ഈ ഉത്സവത്തിന് മറ്റൊരു വരവുംകൂടി തുടങ്ങിവച്ചു. ഇത് അമിർഷക്കാർദലാൽ എന്ന ഒരു മുഹമ്മദ് ഭക്തന്റെ ഉത്സാഹത്തിലാണ് തുടങ്ങിയത്. ഇത് വലിയ മുസ്ലിം സിദ്ധന്മാരെ ബഹുമാനിക്കാനുള്ള ഉത്സവമാണ്. താലങ്ങളിൽ ചന്ദനമരച്ചതും ചന്ദനപ്പൊടിയും ഇട്ട് ധൂപവും ചന്ദനത്തിരികളും കത്തിച്ച് മുന്നിൽപിടിച്ച് വാദ്യഘോഷങ്ങളോടുകൂടി ഗ്രാമത്തിൽ എഴുന്നള്ളിപ്പായി ചുറ്റി മസ്ജിദിൽ വന്ന് ചന്ദനം വേപ്പുമരത്തിന്മേലും ചുമരിന്മേലും കയ്കൊണ്ട് വാരിപൂശലാണ് ഈ ഉത്സവച്ചടങ്ങ്. ആദ്യം മൂന്നുകൊല്ലം അമീർഷക്കാർ ഇതിന് മേൽനോട്ടം നടത്തി.

പിന്നീട് അയാളുടെ ഭാര്യയാണ് അത് നടത്തിയത്. ഒരേ സമയം ഹിന്ദുക്കളുടെ കൊടികയറ്റവും മുസ്ലീംകളുടെ ചന്ദനകുടം എഴുന്നള്ളിപ്പും യാതൊരു കുഴപ്പവും കൂടാതെ ഇന്നുവരെ നടന്നുവരുന്നു.

## ഏർപ്പാടുകൾ

ഈ ദിവസം സായിബാബ ഭക്തന്മാർക്ക് വളരെ പ്രധാനമാണ്. അധികംപേരും അന്നവിടെ എത്തി ഓരോ ചുമതലകളേറ്റെടുക്കും. താത്ത്യാക്കോട്ടെ പഠേൽ പുറം കാര്യങ്ങളന്വേഷിക്കും. അകത്തെ കാര്യങ്ങൾ ഭക്തയായ രാധാകൃഷ്ണമായി നോക്കിക്കൊള്ളും. അവരുടെ ഗൃഹം ഭക്തന്മാരെക്കൊണ്ട് നിറഞ്ഞിരിക്കും. ഭക്തന്മാരുടെ  സൗകര്യവും ഉത്സവകാര്യങ്ങളും ആ വൃദ്ധസ്ത്രീക്ക് ഒരേ സമയം നോക്കേണ്ടിവരും. കൂടാതെ മുഴുവൻ മസ്ജിദും കഴുകി വൃത്തിയാക്കി വെള്ളംവലിക്കലും അവർ ചെയ്യിച്ചു. ധുനി കത്തുന്നതുകണ്ട് അവിടെ മുഴുവൻ പുകപിടിച്ച് കറുത്ത് കിടക്കുകയായിരുന്നു. ഇത് ബാബ ചാവടിയിൽ കിടക്കുന്ന അവസരം തലേന്ന് രാത്രിയാണ് അവർ ചെയ്യിച്ചത്. മുഴുവൻ സാധനങ്ങളും ധുനിയും എടുത്തുമാറ്റിയാണ് വൃത്തിയാക്കിയത്. അതിൽപിന്നെ എല്ലാം പൂർവ്വസ്ഥാനത്ത് വെച്ചു. സായിബാബക്ക് പ്രിയംകരമായ അന്നദാനവും പലഹാരങ്ങളും രാധാകൃഷ്ണമായിയുടെ വീട്ടിൽവെച്ചൊരുക്കും. അതിൽ വളരെ ധനികരും പ്രബലരുമായ ഭക്തന്മാർ പങ്കുകൊള്ളും.

## രാമനവമി മഹോത്സവമായി രൂപാന്തരപ്പെടുത്തിയത്

ഒരു ചെറിയ അടിയന്തരമെന്ന് നിലയിൽ തുടങ്ങിവെച്ച ഈ എഴുന്നള്ളിപ്പുകൾ 1912 – വരെ ചെറിയ തോതിൽ നടന്നു. അതിൽ പിന്നെ  അതിന് മാറ്റം വന്നു. ആ കൊല്ലം സായി സഗുണോപാ

സന എന്ന ലഘുലേഖയുടെ കർത്താവായ കൃഷ്ണറാവു ജോഗേശ്വർ ഭീഷ്മ എന്നയാൾ അമരാവതിയിലുള്ള ദാദാസാഹെബ് ഖപർദ്ദിയോടുകൂടി അടിയന്തരത്തിന് വന്നു ദീക്ഷിത് വാഡയിൽ താമസിച്ചു. അവിടെ വരാന്തയിൽ കിടക്കുമ്പോൾ പൂജാ സാമഗ്രികളുമായി ലക്ഷ്മൺ റാവു എന്ന കാക്കാ മഹാജനി പോവുന്നതു കണ്ടപ്പോൾ അയാൾക്ക് ഒരാശയം മനസ്സിലുദിച്ച് അയാളെ വിളിച്ചു. ഈ അടിയന്തരം ഷിർദ്ദിയിൽ രാമനവമി ദിവസം കഴിക്കുന്നതിൽ ഒരു ദൈവ  കൽപിതമുണ്ട്. രാമനവമി ഹിന്ദുക്കൾക്ക് പ്രധാനമാണല്ലോ. അപ്പോൾ എന്തുകൊണ്ട് ഇതൊരു രാമനവമി മഹോത്സവമാക്കിക്കൂടാ! ശ്രീരാമജയന്തി ഇവിടെ കൊണ്ടാടിക്കൂടാ! കാക്കാ മഹാജനിക്കും അത് തരക്കേടില്ലെന്നു തോന്നി ബാബയുടെ അനുമതി ചോദിക്കാൻ നിശ്ചയിച്ചു. പ്രധാനമായും ഉത്സവത്തിന് കീർത്തനം പാടാൻ ഒരു ഹരിദാസിനെ കിട്ടലായിരുന്നു പ്രധാന വശം. ഭീഷ്മൻ പറഞ്ഞു. എന്റെ രാമ ആഖ്യാൻ എന്ന കവിത തയ്യാറാക്കിയിരിക്കുന്നു. ഞാൻ തന്നെ കീർത്തനം പാടാം. കാക്കാ മഹാജനി ഹാർമോണിയം വായിച്ചാൽ മതി. രാധാകൃഷ്ണമായി ഉണ്ടാക്കിയ സുന്ദവട (ചുക്ക് പൊടിച്ച് പഞ്ചസാര ചേർത്തത്) പ്രസാദമായി കൊടുക്കാനും ഏർപ്പാടു ചെയ്തു. അങ്ങിനെ അവർ ഉടനെ മസ്ജിദിലേക്ക് ബാബയുടെ അനുവാദം വാങ്ങാനായി പോയി. എല്ലാം അറിയുന്ന ബാബ എന്താണ് സത്രത്തിൽ നടന്നുകൊണ്ടിരിക്കുന്നത് എന്ന് ചോദിച്ചു. അതിന്റെ ഉദ്ദേശം മനസ്സിലാവാതെ മഹാജനി മിണ്ടാതിരുന്നു. ബാബ ഉടനെ ഭീഷ്മനോട് അയാൾക്കെന്താ പറയാനുള്ളതെന്ന് ചോദിച്ചു. അയാൾ രാമനവമി മഹോത്സവമായി നടത്താനുള്ള പരിപാടി വിവരിച്ച് ബാബയുടെ അനുമതി ചോദിക്കുകയും ബാബ അനുവാദം കൊടുക്കുകയും ചെയ്തു. എല്ലാവരും സന്തുഷ്ടരായി ജയന്തി മഹോത്സവത്തിന് ഏർപ്പാട് ചെയ്തു.





അടുത്ത ദിവസം മസ്ജിദ് അലങ്കരിച്ച് രാധാകൃഷ്ണ മായി കൊടുത്ത ഒരു തൊട്ടിൽ ബാബയുടെ ഇരിപ്പിടത്തിനടുത്ത് തൂക്കി നിർത്തി പരിപാടി തുടങ്ങി. ഭീഷ്മൻ കീർത്തനത്തിന്നും മഹാജനി ഹാർമ്മോണിയം വായനക്കും എഴുന്നേറ്റു നിന്നു. സായിബാബ മഹാജനിയെ വിളിക്കാൻ ആളയച്ചു. അയാൾ സംശ യിച്ചു നിന്നു. ബാബ എല്ലാം മുടക്കിയാലോ എന്ന്. പക്ഷെ ബാബ യുടെ അടുക്കൽ ചെന്നപ്പോൾ എന്തെല്ലാമാണ് നടക്കുന്നത്, എന്തിനാണ് ഈ തൊട്ടിൽ എന്നു ചോദിച്ചു. മഹാജനി, അത് രാമനവമി മഹോത്സവം തുടങ്ങിയതാണെന്നും തൊട്ടിൽ അതിന് തൂക്കിയതാണെന്നും പറഞ്ഞു. ഉടനെ ബാബ ഒരു മാലയെടുത്ത് മഹാജനിക്കണിയിക്കുകയും ഭീഷ്മന് അണിയാൻ മറ്റൊരു മാല കൊടുത്തയക്കുകയും ചെയ്തു. അതോടുകൂടി കീർത്തനവും തുട ങ്ങി, അതിന്റെ അവസാനം ശ്രീരാം കീ ജയ് എന്നഭിവാദനം ചെയ്ത് സിന്ദൂരം നാലുഭാഗത്തേക്കും വാരി എറിഞ്ഞു. എല്ലാ വരും പരമസന്തുഷ്ടരായിരിക്കെ പെട്ടെന്ന് ഒരലർച്ച കേട്ടു. തീരെ ശ്രദ്ധയില്ലാതെ വാരിവലിച്ച് എറിഞ്ഞ കുങ്കുമം ബാബയുടെ കണ്ണിൽ പോയിരുന്നു. ബാബക്ക് കോപം വന്ന് എല്ലാവരെയും അത്യുച്ചത്തിൽ ചീത്ത പറയുകയായിരുന്നു. ജനങ്ങൾ ഇത് കണ്ട് ഭയപ്പെട്ട് നാലുഭാഗത്തേക്കും ഓടി. ബാബയുടെ അടുത്ത ഭക്ത ന്മാർ ഈ കോപവും ശകാരവും, അനുഗ്രഹമായിക്കരുതി. അവ രുടെ അഭിപ്രായത്തിൽ രാമൻ ജനിച്ചപ്പോൾ രാവണ നിഗ്രഹത്തി നുള്ള കോപം ബാബ കാണിച്ചതാണെന്നും അത് അഹംഭാവം മുതലായത് നശിപ്പാക്കാനുള്ള ഉപാധിയായി കാണേണ്ടതാണെ ന്നുമാണ് കൂടാതെ പുതുതായി എന്തു ഷിർദ്ദിയിൽ തുടങ്ങി യാലും ബാബ കോപിക്കലുള്ളതുകൊണ്ട് അവർ ശാന്തരായി രുന്നു. രാധാകൃഷ്ണാമായിക്ക് ബാബ തൊട്ടിൽ പൊളിച്ചു കള യുമോ എന്നായിരുന്നു ഭയം. അതുകൊണ്ട് മഹാജനിയോട്

തൊട്ടിൽ മെല്ലെ നീക്കം ചെയ്യാൻ പറഞ്ഞു. ബാബ അയാളോട് അനക്കിപ്പോവരുതെന്ന് കൽപിച്ചു. പിന്നെ കുറച്ചു കഴിഞ്ഞപ്പോൾ മഹാജനി തൊട്ടിൽ നീക്കം ചെയ്യാൻ ബാബ യോട് അനുവാദം ചോദിച്ചപ്പോൾ ഉത്സവം കഴിഞ്ഞിട്ടില്ലെന്നും തൊട്ടിൽ നീക്കാൻ പാടില്ലെന്നും പറഞ്ഞു. അടുത്ത ദിവസം മറ്റൊരു കീർത്തനവും ഗോപാലകലാ എന്ന ചടങ്ങും നടത്തി ക്കഴിഞ്ഞാൽ തൊട്ടിൽ നീക്കിക്കൊള്ളാൻ പറഞ്ഞു. (ഗോപാല കലാ എന്നാൽ തൈരും ചോറും കലർത്തി കലത്തിലാക്കി ഉറി യിൽ തൂക്കി കീർത്തനാവസാനം കലം പൊളിച്ച് കൃഷ്ണൻ ചെയ്തതുപോലെ എല്ലാവരുംകൂടി പ്രസാദം എടുക്കലാണ്). രാമ നവമി മഹോത്സവം ഇങ്ങനെ നടക്കുമ്പോൾ കൊടികയറ്റ ഉത്സ വവും ചന്ദനയെഴുന്നള്ളിപ്പും യഥാവിധി നടക്കുകയും ചെയ്തു. ഇതുമുതൽ ബാബയുടെ ഉറൂസ് രാമനവമി മഹോത്സവമായി മാറി.

അടുത്തവർഷം മുതൽ (1913) പരിപാടികൾ ഓരോന്നായി വർദ്ധിച്ചു തുടങ്ങി. രാധാകൃഷ്ണമായി ചൈത്രം 1-ാം തീയതി മുതൽ നാമസപ്താഹം തുടങ്ങി. ഇതിൽ എല്ലാ ഭക്തന്മാരും ഊഴമിട്ട് പങ്കുകൊണ്ടു. രാമനവമി പലയിടത്തും നടക്കുന്നതു കൊണ്ട് കീർത്തനം ചൊല്ലാനുള്ള ഹരിദാസിനെ കിട്ടാൻ അഞ്ചാറു ദിവസം മുമ്പ് മുതലെ വിഷമം കണ്ട് തുടങ്ങി. അക്കൊല്ലം അഭിനവ തുക്കാറാം എന്ന പേരിലറിയപ്പെടുന്ന ബാലാ ബുവമാലിയെ ഭീഷ്മൻ യദൃച്ഛയാ കാണുകയും അക്കുറി അയാൾ ഹരിദാസാവുകയും ചെയ്തു. അടുത്ത വർഷം സറ്റാറാ ജില്ലയിലെ ബ്രിഹദ് സിദ്ധകാവടെ എന്ന സ്ഥലത്ത് പ്ലേഗ് കാരണം അവിടുത്തെ ഹരിദാസായ ബാലബുവസതാർക്കർ ഷിർദ്ദിയിൽ വന്ന് കീർത്തനം പാടി. പിന്നീട് കൊല്ലംതോറും ഹരിദാസിനേ





കിട്ടേണ്ട പ്രശ്നം 1914-ൽ സായി ബാബ പരിഹരിക്കുകയും ദാസ്ഗനു മഹാരാജിനെ സ്ഥിരം കീർത്തനം പാടാനുള്ള ചുമതല ഏൽപ്പിക്കുകയും ചെയ്തു. അദ്ദേഹം ഇന്നും അത് നിർവ്വഹിക്കുന്നു.

1912-മുതൽ മഹോത്സവം കൊല്ലം തോറും വളർന്നുകൊണ്ടേ ഇരുന്നു. ചൈത്രം 8-ാം തീയതി മുതൽ 12-ാം തീയതി വരെ ഷിർദ്ദി ഒരു തേനീച്ചകൂടുപോലെ പുരുഷാരംകൊണ്ട് നിറയും. വാണിഭക്കാർ വർദ്ധിച്ചുവന്നു. പ്രശസ്ത ഗുസ്തിക്കാർ ഗുസ്തിമത്സരത്തിനുവന്നു. അന്നദാനം ഗംഭീരമായി നടക്കാൻ തുടങ്ങി. രാധാകൃഷ്ണമായിയുടെ അദ്ധ്വാനംകൊണ്ട് ഷിർദ്ദി ഒരു സംസ്ഥാനംപോലെ ആയി മാറി. ചടങ്ങുകൾ വർദ്ധിച്ചു. നല്ല ഒരു കുതിര, രഥം, പലതരം വെള്ളിപാത്രങ്ങൾ, ചെമ്പുകൾ, ബക്കറ്റുകൾ, പടങ്ങൾ, കണ്ണാടി മുതലായി പലതും സംഭാവനയായി വന്നു. ആന എഴുന്നള്ളിപ്പും തുടങ്ങി. ഈ വക ചടങ്ങുകളും സാമഗ്രികളും വർദ്ധിച്ചിട്ടും സായിബാബ ഇതെല്ലാം അവഗണിച്ചു സാധാരണപോലെ യാതൊരു പതർച്ചയുമില്ലാതെ ഇരുന്നു. ഇതിനെല്ലാം ഹിന്ദുക്കളും മുസ്ലീംകളും തോളോടുതോൾ ചേർന്ന് അദ്ധ്വാനിക്കുകയും യാതൊരു കലഹങ്ങളും കൂടാതെ കാര്യങ്ങൾ ഭംഗിയായി നടത്തുകയും ചെയ്തു. ആദ്യം 5000 മുതൽ 7000 വരെ ആളുകൾ വന്നിരുന്നത് 75000 വരെ വർദ്ധിച്ചു. എന്നാലും വല്ല പകർച്ചവ്യാധിയോ കലാപമോ ഒരിക്കലും ഒരു കാലത്തും ഉണ്ടായിട്ടില്ല.

## മസ്ജിദിന്റെ അറ്റകുറ്റപ്പണികൾ

ഗോപാൽഗുണ്ടിന് മറ്റൊരുആദർശംകൂടി ഉണ്ടായി. ഉത്സവം തുടങ്ങി വെച്ച പോലെ മസ്ജിദിന്റെയും കേടു തീർക്കണമെന്നാ





യിരുന്നു അത്. അതിന്നുവേണ്ട കല്ലുവാങ്ങി ചെത്തി വെപ്പിച്ചു. പക്ഷെ ഈ ജോലി അയാൾക്ക് നിശ്ചയിച്ചതായിരുന്നില്ല. ഇത് നാനാസാഹെബ് ചന്ദോർക്കറിന്നും നിലം പണി കാക്കാസാ ഹെബ് ദീക്ഷിത്തിന്നും നിയോഗിച്ചതായിരുന്നു. ആദ്യം ബാബ യാതൊന്നിനും സമ്മതിച്ചില്ലെങ്കിലും മഹൽസ്പതി ഇടപെട്ട് ഒരുമാതിരി സമ്മതിപ്പിച്ചു. നിലംപണി കഴിഞ്ഞപ്പോൾ ഒരു രാത്രി സാധാരണ ചാക്കുകഷണം ഉപേക്ഷിച്ച് ബാബ ഒരു ചെറിയ ആസനത്തിൽ ഇരുന്നു. 1911-ൽ മുറ്റം വിശാലമായി കുറെ പണവും അദ്ധ്വാനവും ചിലവ് ചെയ്ത് നന്നാക്കി. മസ്ജിദിന്റെ മുന്നിലെ തുറന്ന സ്ഥലം വളരെ ചെറുതായിരുന്നു. കാക്കാസാ ഹേബ് ദീക്ഷിതിന്ന് അവിടെ ഒരു മേല്പ്പുരയുണ്ടാക്കണമെന്ന് തോന്നി. വലിയ സംഖ്യ ചിലവാക്കി ഇരുമ്പുതുലാങ്ങളും മറ്റും വരുത്തി പണി തുടങ്ങി. രാത്രി എല്ലാ ഭക്തന്മാരുടെ അശ്രാന്ത പരിശ്രമം ചെയ്ത് പണി എടുത്തു തൂണുകളും മറ്റും നാട്ടും. പക്ഷെ രാവിലെ ബാബ ചാവടിയിൽനിന്നും എത്തിയാൽ അവ യെല്ലാം പൊഴക്കി എടുത്ത് വലിച്ചെറിയും. ഒരിക്കൽ ബാബ കോപിച്ച് ഒരു തൂണ് ഒരു കൈകൊണ്ട് പിടിച്ച് കുലുക്കിക്കുലുക്കി പൊഴക്കാൻ തുടങ്ങുകയും മറ്റെ കൈകൊണ്ട് താത്ത്യാ പഠേ ലിന്റെ കുഴുത്തിൽ പിടിച്ച് അമർത്തുകയും ചെയ്തു. അങ്ങിനെ ബലമായി താത്ത്യായുടെ തലേക്കെട്ടു തട്ടി എടുത്ത് തീപ്പെട്ടിയു രച്ച് കത്തിച്ച് ഒരു കുഴിയിലിട്ടു. അന്നേരം ബാബയുടെ കണ്ണു കൾ തീക്കട്ടപോലെ മിന്നിയിരുന്നു. ഒരാൾക്കും മുഖത്തു നോക്കാൻ ധൈര്യം വന്നില്ല. എല്ലാവരും അത്യധികം ഭയപ്പെട്ടി രുന്നു. താത്ത്യക്ക് എന്ത് പറ്റുമെന്ന് ആർക്കും പറയാൻ കഴി ഞ്ഞില്ല. ബാബ പോക്കറ്റിൽ നിന്നും ഒരു ഉറുപ്പിക എടുത്തു അവിടെ ഒരു കാണിക്കപോലെ വലിച്ചെറിഞ്ഞു. താത്ത്യക്കും ഭയങ്കരമായി പേടി തോന്നി. ആർക്കും ഇടപെടാൻ ധൈര്യം വന്നി

ല്ല. ഒടുവിൽ ഭാഗോജിഷിണ്ടെ എന്ന കുഷ്ഠരോഗിയായ ബാബാ ഭക്തൻ മുന്നോട്ടു ചെല്ലാൻ നോക്കിയപ്പോൾ ബാബ തള്ളി പുറ ത്താക്കി. ഇഷ്ടിക കഷണങ്ങൾ കൊണ്ടെറിഞ്ഞു ഇടപെടാൻ ആരു പോയാലും അവരെ ഇതുപോലെ ചെയ്തു. കുറച്ചു സമയം കഴിഞ്ഞ് ബാബയുടെ കോപം അടങ്ങി. ബാബ ഒരു പീടികക്കാ രനെ വരുത്തി നല്ല തുന്നൽപണിയുള്ള തലപ്പാവു വരുത്തി സ്വന്തം കയ്കൊണ്ട് താത്ത്യായുടെ തലയിൽ അയാളെ ബഹു മാനിക്കാനെന്നപോലെ കെട്ടികൊടുത്തു. ബാബയുടെ ഇത്തരം പെരുമാറ്റം കണ്ട് എല്ലാവരും അതിശയിച്ചു. എന്താണ് ബാബ കോപിച്ച് താത്ത്യായുടെ കഴുത്തിൽ പിടിച്ചതെന്നും പിന്നെ കോപം മാറി ഇങ്ങനെ പെരുമാറിയതെന്തെന്നും ആർക്കും മന സ്സിലായില്ല. ഇടക്കു ബാബ ശാന്തനായി മധുരമായി സംസാരി ക്കും. പെട്ടെന്ന് കാരണമായോ അകാരണമായോ കോപിഷ്ഠനാ വും. പല സംഭവങ്ങളും പറയാനുണ്ട്. ഏതാണ് പറയേണ്ടത് ഏതാണ് വേണ്ടന്ന് വെക്കേണ്ടത് എന്നും എനിക്ക് നിശ്ചയമില്ല. അതുകൊണ്ട് ഓർമ്മവരുന്നതു പറയാം.

അടുത്ത അദ്ധ്യായത്തിൽ ബാബ ഹിന്ദുവോ മുഹമ്മദീയനോ എന്നും ബാബയുടെ യോഗസാധനകളും ശക്തികളും മറ്റു കാര്യ ങ്ങളും പ്രതിപാദിക്കാം.

ശ്രീ സായിയെ നമിക്കുവിൻ ലോകശാന്തി ഭവിക്കട്ടെ !

# അദ്ധ്യായം - 7



വിസ്മയാവഹമായ അവതാരം - സായിബാബയുടെ സ്വഭാവം - യോഗസാധനകൾ - സർവ്വവ്യാപിത്വം - കുഷ്ഠരോഗി ഭക്തന്റെ സേവനങ്ങൾ - കപർദ്ദിയുടെ മകന്റെ പ്ലേഗ് - പന്ധർപൂർയാത്ര.

## വിസ്മയാവഹമായ അവതാരം

സായിബാബക്ക് എല്ലാ യോഗസാധനകളും അറിയാമായിരുന്നു. ആറ് സമ്പ്രദായങ്ങളും ബാബക്ക് അറിയാമായിരുന്നു. അതിൽ ധൗതി (22 1/2 അടി നീളം 3 ഇഞ്ച് വീതിയുള്ള തുണി നനച്ച് വിഴുങ്ങി വയർ ശുദ്ധിയാക്കൽ) ഖണ്ഡയോഗം (അവയവങ്ങൾ വേർപെടുത്തി യോജിപ്പിക്കൽ) സമാധി മുതലായവയും ബാബക്ക് നല്ല വശമായിരുന്നു. ബാബ ഹിന്ദുവാണെന്ന് നിങ്ങൾ ധരിച്ചാൽ കാഴ്ചയിൽ ഒരു മുസ്ലീംപോലെ തോന്നും. മുസ്ലീമാണെന്നു ധരിച്ചാൽ കാഴ്ചയിൽ ഒരു ഭക്തനായ ഹിന്ദുപോലെ തോന്നും. യാതൊരാൾക്കും ബാബ ഹിന്ദുവോ മുസ്ലീമോ എന്നറിയില്ല. രാമനവമി ഉത്സവവും ചന്ദന എഴുന്നള്ളിപ്പും ബാബ ഒരുപോലെ പ്രോത്സാഹിപ്പിച്ചു. ഈ ഉത്സവത്തിന് ഗുസ്തിമത്സരം

നടത്തി സമ്മാനങ്ങൾ കൊടുത്തു. ഗോകുലാഷ്ടമിക്കു ഗോപാലകല എന്ന അടിയന്തരം നടത്തും. ഈദ് അവസരത്തിൽ മുസ്ലീംകളെകൊണ്ട് മസ്ജിദിൽ ഖുറാൻ ചൊല്ലിക്കും. ഒരു മുഹറത്തിന് മസ്ജിദിൽ മുസ്ലീംകൾ ഒരു താബൂത് ഉണ്ടാക്കി കുറച്ച് ദിവസം അവിടെവച്ച് എഴുന്നള്ളിപ്പായി കൊണ്ടുപോവാൻ അനുവാദം ചോദിച്ചു. സായിബാബ അനുവദിക്കുകയും താബൂത് നാലുദിവസംവെച്ച് അഞ്ചാംദിവസം എഴുന്നള്ളിച്ചുകൊണ്ടുപോകയും ചെയ്തു. ബാബ മുസ്ലീമാണെന്നു വാദിച്ചാൽ, കാത് കുത്തിയിട്ടുണ്ട്, ഹിന്ദുവാണെന്ന് വാദിച്ചാൽ സുന്നത്ത് കഴിക്കുന്നത് നല്ലതാണെന്ന് ബാബ പറയും (നാനാസാഹേബ് ചന്ദോർക്കർ സൂക്ഷിച്ച് പരിശോധിച്ചതിൽ ബാബ സുന്നത്ത് കഴിച്ചിട്ടില്ല.) ബാബ ഹിന്ദുവാണെന്ന് വാദിച്ചാൽ താമസം എപ്പോഴും പള്ളിയിലാണ്. മുഹമ്മദനെന്ന് വാദിച്ചാൽ എപ്പോഴും കെടാത്ത അഗ്നി സൂക്ഷിക്കുന്നു. മുഹമ്മദ്ദ് മതത്തിനു വിരുദ്ധമായി തിരിക്കൽകൊണ്ട് ധാന്യം പൊടിക്കും. മണിയടിച്ച് ശംഖ് വിളിക്കും. അഗ്നിയിൽ ഹോമിക്കും, ഭജന പാടും, അന്നദാനം, ബാബയുടെ പാദത്തിന്ന് അർഘ്യപൂജ, ഇതെല്ലാം അനുവദിച്ചിരുന്നു. മുഹമ്മദനെന്ന് ധരിച്ചാൽ ഉത്തമ ബ്രാഹ്മണരും അഗ്നിഹോത്രികളും അവരുടെ യാഥാസ്ഥിതികത്വം മറന്ന് കാൽക്കൽ വീണ് നമസ്കരിക്കും. ബാബയുടെ സ്വദേശത്തെപ്പറ്റി അന്വേഷിക്കാൻ പോയാൽ ദർശനമാത്രയിൽ തന്നെ നിശ്ശബ്ദനായിപ്പോവും. ഒരാൾക്കും സായിബാബ ഹിന്ദുവോ, മുസ്ലീമോ എന്ന് തീർത്ത് പറയാനാവില്ല. (സായിബാബയുടെ അടുത്ത ഭക്തനായ മഹൽസ്പതി എന്നും ബാബയോടൊപ്പം മസ്ജിദിലും ചാവടിയിലും കിടക്കലുള്ള ആളാണ്. അയാളോട് ഒരിക്കൽ സായിബാബ പത്രിയിലെ ഒരു ബ്രാഹ്മണനാണ് താനെന്നും കുട്ടിക്കാലത്ത് ഒരു ഫക്കീറിന് തന്നെ കൊടുത്തെന്നും പറഞ്ഞുകൊണ്ടിരിക്കുമ്പോൾ പത്രിയിൽ നിന്നും ചില ഭക്തന്മാർ അവിടെ വന്നതായും അവ





രോട് ബാബ അവിടുത്തുകാരായ ചിലരെപ്പറ്റി അന്വേഷിച്ചതായും പറഞ്ഞിട്ടുണ്ട്) ഇതിൽ യാതൊരതിശയവുമില്ല. യാതൊരുത്തൻ തന്റെ മുഴുവനും ദൈവത്തിങ്കലർപ്പിച്ച് അഹംഭാവവും ശരീരചിന്തയും ഉപേക്ഷിച്ചിരിക്കുന്നുവോ അവർക്ക് ജാതിയും മതവുമില്ലല്ലോ. സായിബാബ പോലുള്ള ഒരു മഹാത്മാവിന് ജാതിയും, ജാതിയും ഒരു ജീവിയും മറ്റൊരു ജീവിയും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ബാബ ഫക്കീർമാരൊന്നിച്ച് മത്സ്യമാംസങ്ങൾ ഭക്ഷിക്കുമായിരുന്നു. അതേ സമയം ഭക്ഷണത്തിൽ നിന്ന് നായ തിന്നാൽപോലും യാതൊരു വിഷമവും കാണിക്കുകയുമില്ലായിരുന്നു. അത്തരത്തിലുള്ള പ്രത്യേകതരം വിസ്മയാവഹമായ ഒരു അവതാരമായിരുന്നു സായിബാബ. എന്റെ പൂർവ്വജന്മസുകൃതത്താൽ ആ പാവനപാദങ്ങൾക്കരികിലിരുന്ന് അവിടുത്തെ സംസ്സർഗ്ഗം ലഭിക്കാൻ എനിക്കു ഭാഗ്യമുണ്ടായി. അവിടുന്ന് കിട്ടിയ ആനന്ദത്തിലും സംതൃപ്തിക്കും അതിരില്ല. സായിബാബ പരിശുദ്ധാനന്ദവും വിജ്ഞാനവുമാണ്. എനിക്ക് ബാബയുടെ മാഹാത്മ്യത്തെയും മഹത്വത്തെയും വേണ്ടപോലെ വിവരിക്കാൻ കഴിയുന്നില്ല. ബാബയുടെ പാദത്തിങ്കൽ ആനന്ദം കണ്ടെത്തുന്നവനെ ബാബ താദാത്മികത്വം വരുത്തുന്നു. മോക്ഷേച്ഛുക്കളായ അനവധി സന്യാസിമാരും സാധകന്മാരും സായിബാബയെ ശരണംപ്രാപിച്ചിരുന്നു. ബാബ അവരുമായി നടക്കുകയും സംസാരിക്കുകയും ചിരിക്കുകയും ചെയ്യുമെങ്കിലും സദാ നാവുകൊണ്ട് അള്ളാ മാലിക് എന്നു പറയുമായിരുന്നു. ബാബ ചർച്ചകളും വാഗ്വാദങ്ങളും ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. ചിലപ്പോൾ കോപിച്ചിരുന്നെങ്കിലും ബാബ എല്ലായ്പ്പോഴും ശാന്തനും സമചിത്തനുമായിരുന്നു. എപ്പോഴും വേദാന്തത്തിന്റെ സന്ദേശം പകർന്നു കൊടുത്ത സായിബാബ ആരായിരുന്നുവെന്ന് അവസാനംവരെ ആർക്കും അറിഞ്ഞുകൂടായിരുന്നു. രാജാക്കന്മാരെയും ദരിദ്രന്മാ

രെയും ബാബ ഒരു പോലെ കണ്ടു. എല്ലാവരുടേയും അന്തർര ഹസ്യം അറിയാവുന്ന ബാബ അതു പറയുമ്പോൾ എല്ലാവരും അത്ഭുതപ്പെട്ടു. എല്ലാ ജ്ഞാനത്തിന്റെയും ഇരിപ്പിടമായിരുന്നു ബാബയെങ്കിലും അജ്ഞാനിയെപ്പോലെ നടിക്കുമായിരുന്നു. ബഹുമതികളെ ബാബ വെറുത്തിരുന്നു. ഇതായിരുന്നു സായി ബാബയുടെ സ്വഭാവം. മനുഷ്യശരീരിയാണെങ്കിലും പ്രവർത്തി കൊണ്ട് ദേവനാണെന്ന് തെളിയിച്ചു. എല്ലാവരും ബാബയെ പര മാത്മാവ് ഷിർദ്ദിയിൽ അധിവസിക്കുന്നതായിക്കരുതിപ്പോന്നു.

### സായിബാബയുടെ സ്വഭാവം

വിഡ്ഢിയായ എനിക്ക് ബാബയുടെ ലീലകൾ വർണ്ണിക്കാ നെങ്ങിനെ കഴിയും ? ഷിർദ്ദിയിലുള്ള എല്ലാ ക്ഷേത്രങ്ങളും ബാബ പുതുക്കി പണിയിച്ചു. താത്ത്യാപഠേൽ മുഖാന്തരം ഗ്രാമത്തി ലുള്ള ശനി, ഗണപതി, ശങ്കർപാർവ്വതി, ഗ്രാമദേവത, മാരുതി എന്നീ ക്ഷേത്രങ്ങൾ നന്നാക്കിച്ചു. ബാബയുടെ ധർമ്മം കൊടു ക്കലും ശ്രദ്ധേയമായിരുന്നു. ദക്ഷിണയായി വാങ്ങുന്ന പണം മുഴു വനും വീതിച്ചുകൊടുക്കലായിരുന്നു. ചിലർക്ക് 20ക.യും ചിലർക്ക് 15 ക.യും ചിലർക്ക് 50ക.യും വീതം ദിവസവും കൊടുക്കുമായി രുന്നു. ആ പണം കിട്ടുന്നവർ ഇത് പരിശുദ്ധധർമ്മമായി കരുതു കയും ബാബ ആ പണം നല്ല കാര്യത്തിന് വിനിയോഗിക്കുവാൻ ആഗ്രഹിക്കുന്നതായി അവരെ അറിയിക്കുകയും ചെയ്യുമായിരു ന്നു.

ബാബാദർശനംകൊണ്ട് ജനങ്ങൾക്കു വളരെ നേട്ടങ്ങളു ണ്ടായി. പലർക്കും ആരോഗ്യം വീണ്ടുകിട്ടി. കുടിലന്മാർ നല്ലവ രായി. കുഷ്ഠരോഗികൾ സുഖം പ്രാപിച്ചു. പലരുടെയും ആഗ്രഹം സാധിച്ചു. നീരോ മരുന്നോ ഒഴിക്കാതെ പല കുരുടർക്കും കാഴ്ച തിരിച്ചുകിട്ടി. നൊണ്ടികൾക്ക് സുഖമായി നടക്കാൻ സാധിച്ചു.

ആ മഹാത്മാവിന്റെ മാഹാത്മ്യം ആർക്കും അളക്കാൻ കഴിഞ്ഞില്ല. ബാബയുടെ ഖ്യാതി വിദൂരദേശങ്ങളിൽപോലും പരന്ന് തീർത്ഥാടകർ നാനാ രാജ്യത്തുനിന്നും വന്നു തുടങ്ങി. ബാബ ധുനിക്കടുത്ത് വിശ്രമിച്ചുകൊണ്ടിരുന്നു. ധ്യാനനിരതനാവുമായിരുന്നു. ചിലപ്പോൾ കുളിക്കും ചിലപ്പോൾ കുളിക്കില്ല.

ബാബ തലയിൽ വൃത്തിയുള്ള ഒരു വെളുത്ത തുണികെട്ടും. ഒരു ദോത്തി ധരിക്കും ഒരു ഷർട്ടും ധരിക്കുമായിരുന്നു. ഇതായിരുന്നു ആദ്യകാലത്തെ വേഷം. ആദ്യം രോഗികളെ പരിശോധിച്ചു മരുന്നു കൊടുക്കുമായിരുന്നു. അങ്ങിനെ പരാജയമറിയാതെ ഒരു വലിയ വൈദ്യനെന്ന ഖ്യാതി പരന്നു. ഒരു പ്രത്യേക സംഭവം പറയാം. ഒരു ഭക്തന്റെ കണ്ണ് ചുവന്ന് വീർത്തിരുന്നു. ഷിർദ്ദിയിൽ ഒരു ഡോക്ടറെയും കാണിക്കാൻ കഴിഞ്ഞില്ല. മറ്റു ഭക്തന്മാർ അയാളെ ബാബയുടെ അടുക്കൽ കൊണ്ടു പോയി. മറ്റു ഡോക്ടർമാർ ഓയിന്റ്മെന്റ്, അഞ്ജനം, മുലപ്പാൽ, കർപ്പൂരം ചേർത്ത മരുന്ന് മുതലായവ ഉപയോഗിക്കാൻ പറയുന്ന സ്ഥാനത്ത് ബാബയുടെ ചികിത്സ പ്രത്യേകതരത്തിലായിരുന്നു. ബാബ ബീബാ കുരു (ചേരിൻ കുരു) പൊടിച്ച് രണ്ടുരുളയുണ്ടാക്കി ഓരോ കണ്ണിലും വെച്ചു കെട്ടി. പിറ്റേന്ന് കെട്ടഴിച്ച് വെള്ളം കൊണ്ട് മുറിയാതെ ധാര ചെയ്തു. എല്ലാ വീർപ്പും ശമിച്ച് കണ്ണ് ചുകപ്പ് നിറം വിട്ടു സുഖപ്പെട്ടിരുന്നു. കണ്ണിന്നു ചേരിൻകുരു യാതൊരു ദോഷവും ചെയ്തില്ല. പല സംഭവങ്ങളിൽ ഒന്നു മാത്രം ഉദാഹരണത്തിന് പറഞ്ഞതാണിത്.

## ബാബയുടെ യോഗസാധനകൾ

ബാബക്ക് എല്ലാ യോഗാസനങ്ങളും അറിയാമായിരുന്നു. രണ്ടു സംഭവങ്ങൾ ഇവിടെ പറയാം.





## 1) ധൗതി അഥവാ ശുദ്ധിയാക്കുന്ന വിധം

ബാബ മസ്ജിദിൽനിന്ന മൂന്നു ദിവസത്തിലൊരിക്കൽ ഒരു അരയാലിന്നടുത്തുള്ള കിണറ്റിൻകരയിൽ പോയി വായ് കഴുകി കുളിക്കുമായിരുന്നു. ഒരിക്കൽ കുടലുകളെല്ലാം ഛർദ്ദിച്ച് അകവും പുറവും കഴുകി വൃത്തിയാക്കി ഒരു ജാംബമരത്തിന്മേൽ ഉണ ക്കാനിട്ടു. ഇത് കണ്ട പലരും ഷിർദ്ദിയിലിപ്പോഴും ഉണ്ട്. അവർ ഇത് നടന്നതാണെന്ന് പറയുകയും ചെയ്യും. സാധാരണ ധൗതി 22 1/2 അടി നീളം 3 ഇഞ്ച് വീതിയിലുള്ള തുണി നനച്ചു വിഴുങ്ങി അര മണിക്കൂർ വയറ്റിൽ നിർത്തി പുറത്തെടുക്കലാണ്. ബാബ യുടെ ധൗതി പ്രത്യേക തരത്തിലുള്ളതാണ്.

**2) ഖണ്ഡയോഗം**

ഈ വിധിയിൽ ബാബ അവയവങ്ങളൊരോന്നും ദേഹ ത്തിൽ നിന്ന് പറിച്ചെടുത്ത് മസ്ജിദിന്റെ ഓരോ ഭാഗത്ത് വെച്ചു. ഒരിക്കൽ ഒരു മാന്യൻ മസ്ജിദിൽ പോയപ്പോൾ ബാബയുടെ അവയവങ്ങൾ ഓരോന്നും ഓരോ ഭാഗത്ത് കിടക്കുന്നതായി കണ്ട് അയാൾ പേടിച്ച് ഗ്രാമത്തിൽ പോയി ബാബയെ ആരോ വെട്ടി നുറുക്കി വധിച്ചു എന്നു വിവരം പറയാനുദ്ദേശിച്ചു. പിന്നീട് അയാൾക്ക് വല്ല കുഴപ്പവും വന്നെങ്കിലോ എന്നു ഭയന്ന് മിണ്ടാ തിരുന്നു. പിറ്റേന്ന് അയാൾ മസ്ജിദിൽ പോയപ്പോൾ ബാബയെ എല്ലാ അവയവങ്ങളോടും കൂടി ആരോഗ്യവാനായി ഇരിക്കുന്നത് കണ്ടു. തലേന്ന് കണ്ടത് ഒരു സ്വപ്നമായിരിക്കുമെന്ന് അയാൾ വിചാരിച്ചുപോയി.

ബാബ കുട്ടിക്കാലം മുതൽക്കെ യോഗാഭ്യാസം നടത്തിയി രുന്നു. ആർക്കും ബാബയിലുള്ള ജ്ഞാനത്തെപ്പറ്റി അറിഞ്ഞു കൂട. ബാബയുടെ ചികിത്സക്ക് യാതൊരു പ്രതിഫലവും വേണ്ടാ യിരുന്നു. അനവധി രോഗബാധിതരായി കഷ്ടപ്പെടുന്നവർക്ക്

ബാബ ആരോഗ്യം വീണ്ടുകൊടുത്തു. ഈ ഡോക്ടർമാരുടെ ഡോക്ടർക്ക് മറ്റുള്ളവരുടെ സുഖത്തിൽ മാത്രമായിരുന്നു ശ്രദ്ധ. അതിൽ ബാബ അസഹ്യമായ പല വേദനകളും യാതനകളും അനുഭവിക്കുകയും ചെയ്തിരുന്നു. ഒരു ഉദാഹരണം താഴെ പറയാം.അതിൽ സായിബാബയുടെ സർവ്വ വ്യാപിത്വവും കരുണയും വ്യക്തമാകും.

## ബാബയുടെ സർവ്വ വ്യാപിത്വവും കരുണയും

1910-മാണ്ടിൽ ദീപാവലി ദിവസം ബാബയുടെ അഗ്നിയായ ധുനിക്കുമുന്നിൽ ബാബ തീക്കാഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. ബാബ ധുനിയിൽ വിറകിട്ട് തീ നന്നായി കത്തിച്ചുകൊണ്ടിരുന്നു. കുറച്ചു കഴിഞ്ഞ് ബാബ വിറകിടുന്നതിന് പകരം സ്വന്തം കയ്യ് തീയിലിട്ട് എന്തോ എടുക്കുന്നപോലെ കാണിച്ചു. കയ്യ് മുഴുവൻ വല്ലാതെ പൊള്ളിക്കഴിഞ്ഞിരുന്നു. ഇത് സേവകൻ മാധവനും, മാധവറാവ് ദേശ്പാണ്ഡെയും കാണുന്നുണ്ടായിരുന്നു. മാധവറാവു ബാബയുടെ അരക്കെട്ടിൽ പിടിച്ചു പിന്നോട്ട് ആഞ്ഞുവലിച്ച് ദേവാ എന്തിനാണ് ഇത് ചെയ്തത് എന്നു ചോദിച്ചു. ബാബക്ക് പരിസരബോധം വന്ന് ഇങ്ങിനെ പറഞ്ഞു. ദൂരപ്രദേശത്ത് ഒരു ഇരുമ്പു പണിക്കാരന്റെ ഭാര്യ ഉലയിൽ തീ എരിക്കുന്നുണ്ടായിരുന്നു. അവളെ ഭർത്താവ് വിളിച്ചു. കുട്ടി അവളെ പിടുച്ചു നിൽക്കുന്നത് ഓർക്കാതെ അവർ ഓടിയപ്പോൾ കുട്ടി ഉലയിൽ വീണുപോയി. ഞാൻ ഉടനെ ഉലയിൽ കയ്യിട്ട് കുട്ടിയെ രക്ഷിച്ചു. എന്റെ കയ്യുപൊള്ളിയാൽ പോകട്ടെ. കുട്ടിയെ രക്ഷിച്ചതിൽ ഞാൻ സന്തുഷ്ടനാണ്.

## കുഷ്ഠരോഗി ഭക്തന്റെ സേവനം

മാധവറാവു ദേശ്പാണ്ഡെയിൽനിന്നും ബാബയുടെ കയ്യ് പൊള്ളിയ വിവരം അറിഞ്ഞ് നാനാസാഹെബ് ചന്ദോർക്കർ

ബോംബെയിൽ നിന്നും എല്ലാ മരുന്നുകളുമായി ഡോക്ടർ പരമാനന്ദിനെയും കൂട്ടിവന്ന് ഡോക്ടറെ പരിശോധിക്കാനനുവദിക്കണമെന്ന് ബാബയോടപേക്ഷിച്ചു. ബാബ അത് നിരസിച്ചു. പൊള്ളിയതു മുതൽ ബാബയുടെ കയ്യ് കുഷ്ഠരോഗി ഭക്തനായ ഭാഗോജി ഷിണ്ടെയാണ് കെട്ടിയിരുന്നുത്. ആ ചികിത്സ പൊള്ളിയഭാഗം നെയ്യ് പുരട്ടി തലോടി ഒരു ഇല മേലെ വെച്ചു പട്ടീസ്കൊണ്ട് മുറുക്കിക്കെട്ടലാണ്. ഇത് വേഗം മാറാനായി നാനാസാഹെബ് ചന്ദോർക്കർ ബാബയോട് പട്ടീസ്സഴിച്ച് ഡോക്ടർപരിശോധിച്ച് ചികിത്സിക്കുവാനായി പലതവണ കെഞ്ചിയപേക്ഷിച്ചു, ബാബ സമ്മതിക്കാതെ അള്ളയാണ് ഡോക്ടർ എന്നു പറഞ്ഞ് ഒരിക്കലും കയ്യ് പരിശോധിക്കുവാൻ അവസരം കൊടുത്തില്ല. ഡോക്ടർ പരമാനന്ദിന്റെ മരുന്ന് ഷിർദ്ദിയിലെ വായുസ്പർശംപോലും, തുറക്കാത്ത കാരണം, ഏറ്റില്ല. പക്ഷെ ഡോക്ടർക്ക് ബാബയെ ദർശിക്കാനുള്ള ഭാഗ്യം സിദ്ധിച്ചു. ഭാഗോജിയുടെ ചികിത്സ ദിവസവും നടന്നു. കുറച്ചു ദിവസത്തിനകം പൊള്ളലുണങ്ങി എല്ലാവരും സന്തുഷ്ടരായി. വല്ലവേദനയും പിന്നെ ഉണ്ടായിരുന്നുവോ എന്നാർക്കും അറിഞ്ഞുകൂട. എല്ലാ രാവിലെയും ഭാഗോജി പട്ടീസ്സഴിച്ചു നെയ്കൂട്ടി തലോടി പട്ടീസ് മുറുക്കിക്കെട്ടൽ തുടർന്നു. ഇത് സായിബാബയുടെ സമാധിവരെ മുടങ്ങാതെ നടന്നു. പരമസിദ്ധനായ സായിബാബക്ക് ഈ ചികിത്സ വേണ്ടിയിരുന്നില്ലെങ്കിലും തന്റെ ഭക്തന്റെ ഉപാസന മുടങ്ങാതെ നടക്കാൻ ഭാഗോജിയുടെ സേവനം അനുകമ്പകൊണ്ടുമാത്രം നിത്യവും സ്വീകരിക്കുകയായിരുന്നു. ബാബ ലെണ്ടി തോട്ടത്തിലേക്ക് പോവുമ്പോൾ ഭാഗോജി ബാബക്ക് കുടപിടിച്ച് കൂടെ പുറപ്പെടുമായിരുന്നു. എല്ലാ രാവിലെയും സായിബാബ ധുനിക്കടുത്ത് തൂണിനടുക്കൽ ഇരിക്കുമ്പോൾ ഭാഗോജി ഹാജരായി സേവനം നടത്തിവന്നു. ഭാഗോജി കഴിഞ്ഞ ജന്മം ഒരു

പാപിയായിരുന്നു. അതു കാരണം കുഷ്ടം പിടിച്ച് വിരൽ മുര ടിച്ച് ദേഹം മുഴുവൻ ചലം നിറഞ്ഞ് നാറുന്നുണ്ടായിരുന്നു. പുറ മെക്ക് നിർഭാഗ്യവാനായി കാണുമെങ്കിലും ആന്തരികമായി അയാൾ ഭാഗ്യവാനും സന്തുഷ്ടനുമായിരുന്നു. കാരണം ഭാഗോജി ബാബയുടെ പ്രധാന സേവകനും ബാബയുടെ സാമീപ്യത്തിന്റെ ഫലം നേടിയ ആളുമായിരുന്നു.

**ഖപർദെയുടെ മകന്റെ പ്ലേഗ്**

ബാബയുടെ ലീലയുടെ മറ്റൊരുദാഹരണം പറയാം. അമ രാവതിയിലെ ദാദാസാഹെബ് ഖപർദ്ദെയുടെ ഭാര്യയും മകനും കൂടി ഷിർദ്ദിയിൽ വന്നു കുറച്ചുദിവസം താമസിച്ചു. മകന്ന് പനി വന്ന് അത് പ്ലേഗായി മാറി. അമ്മയ്ക്ക് പേടിയായി. അമരാവ തിക്ക് തിരിച്ചുപോവാമെന്ന് കരുതി ബാബയെക്കാണാൻ പുറ പ്പെട്ടപ്പോൾ ബാബ, വാഡയുടെ അടുത്തേക്ക് വരുന്നുണ്ടായിരു ന്നു. അവർ തന്റെ മകൻ പ്ലേഗ് പിടിപെട്ട് കിടക്കുകയാണെന്ന് ബാബയോട് പറഞ്ഞു. ബാബ പറഞ്ഞു. സാരമില്ല, ആകാശം കാറുനിറഞ്ഞു കാണുമെങ്കിലും ഉടനെ നിർമ്മലമാവും. എല്ലാം ശരിയാവും. ഇതും പറഞ്ഞ് ബാബയുടെ കഫ്നി അരവരെ പൊക്കി അവിടെയുള്ള എല്ലാവർക്കും കാണിച്ചു. അപ്പോൾ ബാബയുടെ ദേഹത്തിൽ കോഴിമുട്ട വലുപ്പത്തിൽ പൂർണ്ണമായി വളർന്ന നാലു പ്ലേഗ് കുരുക്കൾ ഉണ്ടായത് എല്ലാവരും കണ്ടു. നോക്കിൻ എന്റെ ഭക്തന്മാർക്കുവേണ്ടി എനിക്കെന്തെല്ലാം സഹി ക്കണം. അവരുടെ ദുഃഖം എന്റെ ദുഃഖമാണ് എന്നും പറഞ്ഞു. ഇത് കണ്ട്, ഋഷിമാർ ഭക്തന്മാർക്കുവേണ്ടി സഹിക്കുന്ന കഷ്ട പ്പാടിനെപ്പറ്റി കാണികൾക്ക് ബോധ്യം വന്നു. ഋഷിമാരുടെ മനസ്സ് ആർദ്രവും വെണ്ണയേക്കാൾ മൃദുലവുമാണ്. അവർ ലാഭേച്ഛ കൂടാതെ ഭക്തന്മാരെ സ്നേഹിച്ചു അവർ ബന്ധുക്കളാണെന്ന് കരുതുന്നു.

## പന്ഥർപൂർ യാത്രയും താമസവും

സായിബാബ എപ്രകാരം ഭക്തന്മാരെ പ്രേമിച്ചെന്നും അവരുടെ ആഗ്രഹങ്ങളും ചലനങ്ങളും എങ്ങിനെ മുൻകൂട്ടി മനസ്സിലാക്കി എന്നും വിവരിച്ച് ഞാൻ ഈ അദ്ധ്യായം അവസാനിപ്പിക്കാം. ബാബയുടെ വലിയ ഭക്തനായ നാനാസാഹേബ് ചന്ദോർക്കർ ഖണ്ഡേഷിലെ നന്ദർബാറിൽ മാമലത്ദാർ ആയിരുന്നു. അയാൾക്ക് പന്ധർപൂരിലേക്ക് സ്ഥലമാറ്റം കിട്ടി. അദ്ദേഹത്തിന്റെ സായിബാബ ഭക്തി അങ്ങിനെ ഭൂമിയിലെ സ്വർഗ്ഗമായ പന്ധർപൂരിൽ താമസിക്കാൻ സാദ്ധ്യമായതിനാൽ ഫലവത്തായി. ഉടനെ ചാർജ്ജെടുക്കേണ്ടതുള്ളതിനാൽ ഷിർദ്ദിയിൽ ആർക്കും എഴുതാതെ പെട്ടെന്ന് പുറപ്പെട്ടു. അദ്ദേഹത്തിന്ന് തന്റെ പന്ധർപൂരായ ഷിർദ്ദിയിൽ ആരെയും മുൻകൂട്ടി അറിയിക്കാതെ വന്ന് തന്റെ വിറ്റോബയായ ബാബയെ ദർശിക്കണമെന്നും എന്നിട്ട് പന്ധർപൂർക്ക് പോകണമെന്നും ആഗ്രഹമുണ്ടായിരുന്നു ആർക്കും അദ്ദേഹത്തിന്റെ ആഗമന വിവരം അറിയില്ലെങ്കിലും എല്ലാമറിയുന്ന ബാബ അത് മനസ്സിലാക്കിയിരുന്നു. നാനാസാഹേബ് ഷിർദ്ദിയിൽനിന്ന് ഏതാനും നാഴിക അകലെയുള്ള നിമഗാവോണിലിറങ്ങിയപ്പോൾ ഷിർദ്ദിയിൽ മസ്ജിദിൽ ചില ചലനങ്ങളുണ്ടായി. ബാബ മഹൽസാപതിയുമായി സംസാരിച്ചുക്കൊണ്ടിരിക്കയായിരുന്നു. അപ്പാഷിൻഡെ, കാഷിറാം എന്നിവരും ഉണ്ടായിരുന്നു. ബാബ പെട്ടെന്ന് പറഞ്ഞു. നമുക്ക് നാലു പേർക്കും ഭജന പാടാം. പന്ധരിയുടെ നട തുറന്നിരിക്കുന്നു. നമുക്ക് ആനന്ദത്തോടെ പാടാം. അവർപാടി. പാട്ടിന്റെ അർത്ഥം പന്ധർപൂരിൽ പോകണം. എനിക്കവിടെ താമസിക്കണം അതെന്റെ പ്രഭുവിന്റെ ആസ്ഥാനമാണ് എന്നായിരുന്നു.

ബാബ പാടും മറ്റവർ ഏറ്റുപാടും. കുറച്ചുസമയത്തിനു

ള്ളിൽ നാനാസാഹെബ്ബും കുടുംബവും വന്നെത്തി. നമസ്ക്ക രിച്ച് ബാബയോട് അവരോടൊപ്പം പന്ധർപൂരിൽവന്ന് താമസി ക്കാൻ അപേക്ഷിച്ചു. ഈ ക്ഷണനം ആവശ്യമില്ലായിരുന്നു. കാര ണം, കൂടെ പാടിയിരുന്നു ഭക്തന്മാർ പറഞ്ഞു. ബാബ പന്ഥർപൂ രിലേക്ക് പോവാൻ താല്പര്യം കാണിച്ചിരിക്കയാണെന്ന്. ഉടനെ നാനാസാഹെബ് മനസ്സലിഞ്ഞ് ബാബയുടെ കാല്ക്കൽ വീണു. പിന്നെ ബാബയുടെ അനുവാദവും ഉധിയും അനുഗ്രഹവും വാങ്ങി നാനാസാഹെബ് പന്ധർപൂർക്ക് യാത്രയായി. ബാബ യുടെ കഥകൾക്കവസാനമില്ല. ഞാനിവിടെ തല്ക്കാലം നിർത്തട്ടെ. അടുത്ത അദ്ധ്യായത്തിൽ മറ്റു വിഷയങ്ങൾ പറയാ നുണ്ട്. മനുഷ്യജന്മത്തിന്റെ പ്രാധാന്യം, ബാബയുടെ ഭിക്ഷ എടുത്ത് ജീവിതം. ബായാജബായിയുടെ സേവനം മുതലായ കഥ കൾ.

ശ്രീ സായിയെ നമിക്കുവിൻ ലോകശാന്തി ഭവിക്കട്ടെ !

## അദ്ധ്യായം - 8



*മനുഷ്യജന്മത്തിന്റെ പ്രാധാന്യം - സായിബാബ ഭിക്ഷ യാചിക്കുന്നു - ബായാജബായിയുടെ സേവനം - സായിബാബയുടെ ആവാസം - കുഷൻചന്ദിനോടുള്ള ബാബയുടെ സ്നേഹം.*

### മനുഷ്യജന്മത്തിന്റെ പ്രാധാന്യം

ഈ ബ്രഹ്മാണ്ഡത്തിൽ ദൈവം കോടാനുകോടി ജീവജാലങ്ങളെ സൃഷ്ടിച്ചു സ്വർഗ്ഗം, നരകം, ഭൂമി, സമുദ്രം, ആകാശം മുതലായ സ്ഥലങ്ങളിൽ അധിവസിപ്പിച്ചു. അതിൽ ദേവന്മാരും ദേവതുല്യരും മനുഷ്യൻ, മൃഗം, കൃമി ആദിയായവയും ഉൾപ്പെടുന്നു. ഇവയിൽ പുണ്യാത്മാക്കളാകുന്ന ജീവജാലങ്ങൾ സ്വർഗ്ഗത്തിലെത്തുന്നു. പുണ്യം തീരുന്നതുവരെഅവിടെ നിർത്തി വീണ്ടും ജനിപ്പിക്കുന്നു. പാപം ചെയ്തവർ നരകത്തിൽപോയി പാപഫലം തീരുന്നതുവരെ ദണ്ഡനമനുഭവിക്കുന്നു. പാപപുണ്യങ്ങൾ സമനിലിയിൽ നിൽക്കുമ്പോൾ ഭൂമിയിൽ മനുഷ്യനായി ജനിക്കുന്നു. അത് മോക്ഷത്തിലേക്കു വേണ്ടി അദ്ധ്വാനിക്കാൻ അവസരം കൊടുക്കലാണ്. അങ്ങിനെ പുണ്യബന്ധങ്ങൾ മുറി





ഞ്ഞുപോകുമ്പോൾ മോക്ഷസിദ്ധി കൈവരുന്നു. ആത്മാക്കൾക്ക് പുനർജന്മം കർമ്മഫലത്തിന്നനുസരിച്ചിരിക്കും.

## മനുഷ്യശരീരത്തിനുള്ള പ്രത്യേക വില

എല്ലാ ജീവജാലങ്ങൾക്കും ഭക്ഷണം, നിദ്ര, ഭയം, ലൈംഗീകബന്ധം എന്നീ നാലു കാര്യങ്ങൾ പൊതുവിലുള്ളതാണ്. മനുഷ്യന് ഇതിനു പുറമെ ജ്ഞാനം എന്ന ഒരു പ്രത്യേക ഗുണംകൂടിയുണ്ട്. അതുകൊണ്ട് ദൈവതത്വം, മനുഷ്യജന്മത്തിന് മാത്രം അറിയാൻ കഴിയുന്നു. അതുകാരണമാണ് ദേവന്മാർ മനുഷ്യരിൽ അസൂയാലുക്കളായി, പൂർണ്ണത പ്രാപിക്കാൻ മനുഷ്യജന്മം ആർജ്ജിക്കുന്നത്. ചിലർ പറയും, അഴുക്ക്, കഫം മുതലായത് നിറഞ്ഞ് നാശോന്മുഖമായും രോഗം, മരണം ഇവക്ക് വിധേയമായും ഇരിക്കുന്ന മനുഷ്യശരീരത്തെക്കാൾ മോശം മറ്റൊന്നില്ലെന്ന്. ഏറെക്കുറെ ഇത് ശരിയാണെങ്കിലും, ഇതെല്ലാമായാലും അതിന്റെ പ്രത്യേകവില മനുഷ്യന് ജ്ഞാനം സമ്പാദിക്കുവാൻ കഴിയുന്നു എന്നും ആ ജ്ഞാനംകൊണ്ടാണ് ദേഹം ക്ഷണികവും നാശോന്മുഖവുമാണെന്ന് ബോദ്ധ്യം വന്ന് വിരക്തിയുണ്ടായി സത്യമിത്ഥ്യാ വിവേചനം ചെയ്തു ദൈവസങ്കൽപം ഉണ്ടാക്കാൻ സാദ്ധ്യാമാവുന്നത് എന്നുമാണ്.അപ്പോൾ ശരീരം വൃത്തികെട്ടതെന്ന് പറഞ്ഞുതള്ളിയാൽ പരബ്രഹ്മജ്ഞാനത്തിന് സാദ്ധ്യത നഷ്ടപ്പെടുകയും ശരീരംതന്നെ എല്ലാമെന്ന് വെച്ച് അതിനെ താലോലിച്ച് സുഖേച്ഛുവായാൽ നരകത്തിൽപോക്കും ഫലവത്തായിത്തീരുന്നു. ശരിയായ മാർഗ്ഗം ശരീരത്തെ അവഗണിക്കയുമരുത് താലോലിക്കയുമരുത് എന്നതാണ്. ഒരു യാത്രക്കാരൻ പ്രാപ്യസ്ഥാനത്തെത്തി മടങ്ങിവരാൻ താൻ യാത്ര ചെയ്യുന്ന കുതിരയെ എങ്ങിനെ ശ്രദ്ധിക്കുന്നുവോ അപ്രകാരം ശരീരത്തെയും കരുതി രക്ഷിക്കേണ്ടതാണ്. അത് പൂർണ്ണതയും ആത്മജ്ഞാനവും സമ്പാദിയ്ക്കുവാനുള്ള യാത്രയിലേയ്ക്കുള്ള കുതിര എന്ന

പോലെ കരുതിയാൽ മതി.

ദൈവസൃഷ്ടികൾ പലതിന്നും ദൈവത്തിന്റെ പ്രവർത്തിയെ മനസ്സിലാക്കാൻ കഴിയില്ല. അപ്പോൾ പ്രത്യേകതരം സൃഷ്ടിയായി മനുഷ്യനെ സൃഷ്ടിച്ചു വിവേകം കൊടുത്തു. മനുഷ്യൻ കാര്യം മനസ്സിലാക്കി ദൈവപ്രഭാവം അഭിനന്ദിച്ചപ്പോൾ ദൈവം തൃപ്തിപ്പെട്ടു. അപ്പോൾ മനുഷ്യജന്മം സിദ്ധിക്കലോ പ്രധാനകാര്യം തന്നെ, അതിൽ ബ്രാഹ്മണനാവുന്നത് അതിലും പ്രധാനം, അതിലും പ്രധാനമാണ് സായിബാബയുടെ പാദാരവിന്ദങ്ങളിൽ ആത്മാർപ്പണം ചെയ്യാൻ കഴിയുന്നത്.

## മനുഷ്യൻ അദ്ധ്വാനിക്കേണ്ടും വിധം

ജീവിതം ക്ഷണികമെന്നും മരണം ഏതുസമയവും വരാവുന്നതാണെന്നും മനസ്സിലാക്കി ജന്മം എടുത്തു ഉദ്ദേശസാദ്ധ്യത്തിനുവേണ്ടി ഒട്ടും താമസിക്കാതെ പ്രവൃത്തി ഏറ്റെടുക്കുക. അതിന്നുള്ള വെമ്പൽ വിഭാര്യൻ പുനർവിവാഹത്തിന്നും, പുത്രനഷ്ടനായ രാജാവ് സർവ്വത്ര പുത്രനെ തിരയുന്നതിലും കാണിക്കുന്നതരം തിടുക്കം കൂട്ടലിന്നും വെമ്പലിന്നും സമാനമാവട്ടെ. മടിയും അജ്ഞാനവും ഉപേക്ഷിച്ച് സദാസമയം ആത്മ ചിന്തയിൽ ലയിക്കുക. അതിനു കഴിയാത്ത ജീവിതം മൃഗതുല്യമാണ്.

### മുന്നോട്ടുപോകേണ്ടും വിധം

ആത്മജ്ഞാനിയായ ഒരു സദ്ഗുരുവെ സമീപിക്കലാണ് ഏറ്റവും അനുയോജ്യവും വേഗതയുള്ളതുമായ വഴി. മതപരമായ പ്രസംഗങ്ങൾ കേട്ടും ഗ്രന്ഥം പഠിച്ചും കിട്ടുന്നതിൽനിന്നും എത്രയോ പതിന്മടങ്ങ് ഇത്തരം മഹാത്മാക്കളുടെ സംസർഗ്ഗത്തിൽ നിന്ന് ലഭിക്കും. മുഴുവൻ നക്ഷത്രസമൂഹങ്ങളും തരുന്ന വെളിച്ചത്തിന്റെ എത്രയോ അധികം വെളിച്ചം ഒരേ ഒരു സൂര്യ

നിൽനിന്ന് കിട്ടുംപോലെയാണ് സദ്ഗുരുവിൽനിന്ന് കിട്ടുന്ന ജ്ഞാനം. പുസ്തകങ്ങളിൽ നിന്ന് കിട്ടുന്ന ജ്ഞാനവുമായി താരതമ്യപ്പെടുത്തുമ്പോൾ, അദ്ദേഹത്തിന്റെ ചലനങ്ങളും ലളിതസംഭാഷണവും നമുക്ക് പുണ്യമായ ഉപദേശം തരുന്നു. അത്തരം സംസർഗ്ഗംകൊണ്ട് ക്ഷമ, ശാന്തി, നിസ്സംഗത്വം, ദാനം, ദയ, മനസ്ഥൈര്യം, അഹംഭാവമില്ലാതാക്കൽ മുതലായവ ശിഷ്യൻ ശീലിക്കുന്നു. അങ്ങിനെ ആദ്ധ്യാത്മിക മാർഗ്ഗം തെളിഞ്ഞു കാണുന്നു. സമസ്തചരാചരങ്ങളിലും ദൈവത്വം ദർശിക്കുന്നു. ഭാഗ്യങ്ങളിൽ അയാൾക്ക് താൽപര്യമില്ല. നിർഭാഗ്യത്തിൽ പരിഭ്രമവുമില്ല. രാജാവും യാചകനും ഒരുപോലെയാണയാൾക്ക്. ഒറ്റ നോട്ടംകൊണ്ട് യാചകനെ രാജാവാക്കാൻ കഴിഞ്ഞിരുന്ന ഒരു മഹാത്മാവ് ഷിർദ്ദിയിൽ യാചിച്ചിരുന്ന വിധം നമുക്ക് നോക്കാം.

## ബാബ ഭക്ഷണത്തിന് യാചിക്കുന്നു.

മോളെ! എന്തെങ്കിലും തിന്നാൻ തരൂ. എന്ന് സായിബാബ വീടിന്റെ മുന്നിൽ വന്ന് നിന്ന് ഭിക്ഷയാചിച്ച്, ഭിക്ഷ കയ് നീട്ടി സ്വീകരിക്കാൻ ഭാഗ്യം സിദ്ധിച്ച ഷിർദ്ദിയിലെ വീട്ടുകാർ അനുഗ്രഹീതരായിരുന്നു. ഒരു കയ്യിൽ ഒരു തകരപാത്രവും മറ്റെകയ്യിൽ ചതുര രൂപത്തിലുള്ള ഒരു തുണിക്കഷണവും ഉണ്ടായിരിക്കും. നിത്യവും ചില വീടുകളുടെ വാതിൽക്കൽ ചെന്ന് യാചിക്കും. ദ്രാവകരൂപത്തിലും കൊഴുപ്പുള്ളതുമായ എന്തും അതായത് സൂപ്പ്, പച്ചക്കറിക്കൂട്ടാൻ, പാല്, തൈര് മുതലായത് എല്ലാം തകരപാത്രത്തിലും, ചോറ്, റൊട്ടി, ചപ്പാത്തി മുതലായ ദ്രവരൂപമല്ലാത്തതെല്ലാം തുണിക്കഷണത്തിലും വാങ്ങും. ജിഹ്വാചാപല്യം വിജയിച്ച ബാബക്ക് സ്വാദ് ഒരു പ്രശ്നമല്ല. പിന്നീടാ തകരപാത്രത്തിലെയും തുണിക്കഷണത്തിലെയും സാധനങ്ങൾ കൂട്ടികലർത്തും, അത് ബാബ മതിയാവോളം കഴിക്കും. ഒരു സാധനം

സ്വാദുള്ളതോ അല്ലാത്തതോ എന്നൊന്നും ബാബ ഗൗനിക്കാറില്ല. ബാബ ഉച്ചവരെ യാചിക്കുമെങ്കിലും അതിന് സമയനിഷ്ഠ യൊന്നുമില്ലായിരുന്നു. ചിലപ്പോൾ കുറച്ച് ചുറ്റിനടക്കും. ചില പ്പോൾ ഉച്ചക്ക് 12 മണിവരെ യാചിക്കും. ഇങ്ങിനെകിട്ടുന്ന ഭക്ഷണം ഒരു മൺപാത്രത്തിലിടും നായ്ക്കളും പൂച്ചകളും കാക്ക കളും ഒരു ഭാഗത്ത് നിന്ന് തിന്നുണ്ടാവും. ബാബ അവയെ ഒരി ക്കലും ആട്ടിപായ്ക്കില്ല. മസ്ജിദ് അടിച്ചു വാരുന്ന സ്ത്രീ പത്ത് പന്ത്രണ്ട് റൊട്ടിക്കഷ്ണങ്ങൾ വീട്ടിലേക്ക് കൊണ്ടു പോവും. ആരും അവളെ തടയില്ല. സ്വപ്നത്തിൽപോലും നായ പൂച്ച മുത ലായവയോടു പരുത്തുസംസാരിക്കാത്ത ബാബയ്ക്കെങ്ങിനെ നിസ്സഹായർക്ക് ഭക്ഷണം നിഷേധിക്കാൻ കഴിയും? ഷിർദ്ദിയി ലുള്ളവർ ആദ്യം ബാബ ഒരു ഭ്രാന്തനായ ഫക്കീരാണെന്ന് ധരി ച്ചു. ഗ്രാമത്തിൽ ഭ്രാന്തൻഫക്കീർ എന്നപേരിൽ ബാബ അറിയ പ്പെട്ടു. ഒരു ഭിക്ഷാംദേഹിയായി ജീവിക്കുന്ന ആ സന്യാസിയെ ആരാണ് ബഹുമാനിക്കുക? പക്ഷെ ഈ ഫക്കീർ വളരെ ദയാ ലുവും ദാനശീലനുമായിരുന്നു. ആ ചുറ്റുപാടിലും. ആ ഗ്രാമ ത്തിൽ അന്നും ബാബയുടെ മഹത്വം മനസ്സിലാക്കിയവരുണ്ടാ യിരുന്നു. ഒരു ഉദാഹരണം താഴെ കൊടുക്കുന്നു.

## ബായാജബായിയുടെ നിസ്തുല സേവനം

താത്ത്യാകോട്ടെയുടെ അമ്മ ബായാജബായി ഉച്ചക്ക് ഒരു കൊട്ടയിൽ ചപ്പാത്തിയും കറിയുമായി കാട്ടിൽ മുഴുവൻ ബാബയെ തിരഞ്ഞു നടന്നിരുന്നു. അവർ കാട്ടിൽ നാഴികളോളം തിരഞ്ഞുനടന്ന് മുള്ളും കല്ലും ചവുട്ടി ഭ്രാന്തൻ ഫക്കീറിനെ കണ്ടു പിടിച്ച് കാൽക്കൽ നമസ്ക്കരിക്കും. ഫക്കീർ ശാന്തനായി ധ്യാന നിരതനായി ഇരിക്കുന്നുണ്ടാവും. അവർ ഒരിലവെച്ച് ഭക്ഷണം

അതിൽ വിളമ്പും. എന്നിട്ട് ബലമായി ബാബയെ തീറ്റും. അവരുടെ വിശ്വാസവും സേവനവും വിസ്മയാവഹമായിരുന്നു. എല്ലാദിവസവും അവർ കാടുമുഴുവൻ ഇങ്ങിനെ ബാബയെ തിരഞ്ഞുപിടിച്ച് തീറ്റും. അവരുടെ ഉപസനയോ, തപസ്സോ, സേവനമോ എന്തായാലും അത് ബാബ ഒരിക്കലും മറന്നില്ല. അവരെ ഓർത്ത് അവരുടെ മകന് ബാബ ഗംഭീരമായ നേട്ടങ്ങൾ കൊടുത്തു. അമ്മക്കും മകനും ഫക്കീർ ദൈവമായിരുന്നു. ബാബ അവരോട് പറയും. സന്യാസം പ്രഭുത്വമാണ് അതു ശ്വാശ്വതമാണ്, സാധാരണക്കാരൻ മനസ്സിലാക്കുന്ന പ്രഭുത്വം ക്ഷണികമാണ്. കുറെക്കാലം കഴിഞ്ഞ് ബാബ കാട്ടിൽ പോക്കു നിറുത്തി. പിന്നെ ഭക്ഷണം കഴിക്കൽ മസ്ജിദിൽ വെച്ചാക്കി. അതോടു കൂടി ബായാ ജാബായിക്ക് കാട്ടിൽ അലഞ്ഞു നടക്കേണ്ട ബുദ്ധിമുട്ടും തീർന്നു.

## മൂന്നുപേരുടെ ആവാസം

ഭഗവാൻ വാസുദേവൻ കുടികൊള്ളുന്ന ഋഷിമാർ പുണ്യാത്മാക്കളും അവരുടെ സംസർഗ്ഗം ലഭിച്ചവർ ഭാഗ്യവാന്മാരുമാണ്. അങ്ങിനെ രണ്ടു പേർ അതായത്, താത്ത്യാകോട്ടെപാട്ടേലും ഭഗത്മഹൽസാപതിയും സദാ സമയവും സായിബാബയുടെ കൂട്ടാളികളായി അനുഗൃഹീതരായി. ബാബ രണ്ടുപേരെയും ഒരുപോലെ സ്നേഹിച്ചു. ഇവർ മൂന്നുപേരും മസ്ജിദിൽ കിഴക്കോട്ടും പടിഞ്ഞാറോട്ടും വടക്കോട്ടും തലവെച്ചും കാലടികൾ അന്യോന്യം തൊട്ടുകൊണ്ടും രാത്രി കിടക്കും. വിരിപ്പുകൾ വിരിച്ച് അവരങ്ങിനെ അർദ്ധരാത്രിവരെ കളിതമാശകൾ പറഞ്ഞു കിടക്കും. ആർക്കെങ്കിലും ഉറക്കം വന്നാൽ മറ്റു രണ്ടുപേർകൂടി ഉണർത്തും, ഉദാഹരണത്തിന് താത്ത്യാക്ക് ഉറക്കം വന്നാൽ ബാബ അയാളെ അങ്ങോട്ടും ഇങ്ങോട്ടും ഇളക്കി തല പിടിച്ചമർത്തി ഉണർത്തും. അല്ലെങ്കിൽ മഹൽസാപതി കാലിൽതട്ടി,

മേൽതട്ടി ഉണർത്തും. ആ കാലം എന്തുമാത്രം സന്തുഷ്ഠവും അവിസ്മരണീയവുമായിരുന്നു! ബാബയുടെ ആ പ്രേമവും കാരുണ്യവും ആർക്കാണ് അളക്കാൻ കഴിയുക. അച്ഛൻ മരിച്ചതിൽ പിന്നെ താത്ത്യ വീട്ടുകാര്യമെറ്റെടുത്ത് വീട്ടിൽതന്നെ കിടക്കാൻ തുടങ്ങി.

## റഹടയിലെ കുഷൻചന്ദ്

ബാബക്ക് ഷിർദ്ദിയിലെ ഗണപത്കോട്ടെ പഠേലിനെ വളരെ ഇഷ്ടമായിരുന്നു. അതുപോലെതന്നെ ബാബ റഹടയിലെ ചന്ദ്രഭാനുഷേട്ടുവേയും സ്നേഹിച്ചു. അയാളുടെ മരുമകൻ കുഷൻചന്ദിനെ അതിൽ കൂടുതൽ സ്നേഹിക്കുകയും അയാളുടെ ക്ഷേമത്തിൽ എപ്പോഴും ശ്രദ്ധിക്കുകയും ചെയ്തു. ചിലപ്പോൾ കാളവണ്ടിയിലോ ചിലപ്പോൾ ടോങ്കയിലോ മറ്റു ചിലരോടൊപ്പം ബാബ ഇടക്കിടക്ക് അവിടെ പോകും. അവിടത്തുകാർ ഗ്രാമാതിർത്തിയിൽ വാദ്യഘോഷത്തോടുകൂടി വന്ന് ബാബയെ എതിരേറ്റ് നമസ്ക്കരിക്കും. ഗ്രാമത്തിൽ എഴുന്നള്ളിപ്പായികൊണ്ടുപോവും. പിന്നെ കുഷൻചന്ദ് ബാബയെ വീട്ടിലേക്ക് കൊണ്ടുപോവും. ഉപചരിച്ചിരുത്തി സദ്യയൂട്ടും. പിന്നീട് സ്വതന്ത്രമായും സന്തോഷമായും കുറച്ച് സംസാരിക്കും. പിന്നീട് ബാബ എല്ലാവർക്കും ആനന്ദവും അനുഗ്രഹവും നൽകി ഷിർദ്ദിയിലേക്കു മടങ്ങും.

ഷിർദ്ദി തെക്ക് റഹടക്കും വടക്ക് നമഗോവണിനും മദ്ധ്യത്തിലാണ്. ബാബഈ രണ്ടു സ്ഥലങ്ങൾക്കപ്പുറം പോയിട്ടില്ല. ബാബ തീവണ്ടി കാണുകയോ കയറുകയോ ചെയ്തിട്ടില്ല. എങ്കിലും വണ്ടികളുടെ സമയവിവരം കൃത്യമായി ബാബക്കറിയാം. ഭക്തന്മാർ ബാബയുടെ നിർദ്ദേശാനുസരണം മടങ്ങിപ്പോവുമ്പോൾ യാതൊരു വിഷമവും അനുഭവിക്കില്ല. അതനുസരിക്കാത്തവർക്ക് കഷ്ടപ്പാടും അപകടവും നേരിടും. ഇവയെ സംബന്ധിച്ച് അടുത്ത അദ്ധ്യായത്തിൽ വിവരിക്കാം.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ !




*ഷിർദ്ദി വിട്ടുപോവുമ്പോൾ ബാബയുടെ നിർദ്ദേശം സ്വീക രിച്ചും നിഷേധിച്ചും പ്രവർത്തിച്ചാലത്തെ അനുഭവങ്ങൾ - ചില ഉദാഹരണങ്ങൾ - സന്യാസവും അതിന്റെ ആവശ്യവും - ഭക്ത ന്മാരുടെ (താർക്കഡ്) കുടുംബത്തിന്റെ അനുഭവങ്ങൾ - ബാബ സുഖമായി ഭക്ഷിച്ചു - എങ്ങിനെ ?*

## ഷിർദ്ദി തീർത്ഥയാത്രയുടെ പ്രത്യേകത

ഷിർദ്ദി തീർത്ഥയാത്രയുടെ ഒരു പ്രത്യേകത ഇതാണ്. ആർക്കും ബാബയുടെ അനുമതി കൂടാതെ ഷിർദ്ദി വിട്ടുകൂടാ. അങ്ങിനെ ചെയ്താൽ അത്യധികം ആപത്തുകൾ സംഭവിക്കും. ബാബ ഷിർദ്ദിയിൽ നിന്ന് പൊയ്ക്കൊള്ളാൻ പറഞ്ഞാൽ പിന്നെ അവിടെ നിൽക്കാനും കഴിയില്ല. ബാബയുടെ യാത്രാനുമതിക്കു വേണ്ടി സമീപിക്കുന്നവർക്ക് ബാബ ചില സൂചനകൾ കൊടു ക്കും. ഈ സൂചനകൾ അറിഞ്ഞ് പ്രവൃത്തിക്കണം.അപ്രകാരം ചെയ്യാതിരിക്കുകയോ അതിൽനിന്ന് വ്യതിചലിക്കുകയോ ചെയ്താൽഅപകടങ്ങൾ തീർച്ചയായും സംഭവിക്കുന്നതും അത് നിസ്സംശയവുമാണ്. അതിന്റെ ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.





## താത്ത്യാക്കോട്ടെ പറേൽ

താത്ത്യാക്കോട്ടെ ഒരിക്കൽ കോപ്പർഗാവോണിലേക്ക് ടോങ്കയിൽ പോവുകയായിരുന്നു. അയാൾ ധൃതിയിൽ മസ്ജിദിൽ വന്ന് ബാബയെ നമസ്കരിച്ചു കോപ്പർഗാവോൻ ബസാറിലേക്ക് പോവുകയാണെന്ന് പറഞ്ഞു. ബാബ പറഞ്ഞു തിരക്കുകൂട്ടണ്ട, കുറച്ചു നില്ക്കു, അങ്ങാടിക്കാര്യം പോകട്ടെ. ഗ്രാമത്തിനു പുറത്ത് പോവരുത് എന്ന്. എങ്കിലും അയാളുടെ തിരക്കുകണ്ട് ബാബ, ശ്യാമയെക്കൂടെ കൊണ്ടുപോവാൻ പറഞ്ഞു.അതും ചെയ്യാതെ താത്ത്യാക്കോട്ടെ ടോങ്കയുമായി സ്ഥലം വിട്ടു. രണ്ടു കുതിരകളിലൊന്നിന് 300 ക. കൊടുത്തു വാങ്ങിയത്. അത് തീരെ നിയന്ത്രണമില്ലാതെ പെരുമാറുകയും ലക്കില്ലാതെ ഓടുകയും ചെയ്തു. അതിനാൽ കാലുളുക്കി താഴെ വീണു. താത്ത്യാക്ക് ചില്ലറ പരിക്കുകൾ പറ്റി, സായിമാതാവിന്റെ നിർദ്ദേശം ഓർമ്മവന്നു. വേറൊരിക്കൽ കോൽഹാർ ഗ്രാമത്തിലേക്കു പോവുമ്പോൾ, ബാബയുടെ നിർദ്ദേശം അവഗണിച്ചതിനാൽ, ഇതുമാതിരി ഒരപകടം അന്നും സംഭവിച്ചു.

## യൂറോപ്യൻ മാന്യൻ

ബോംബെയിൽനിന്നും നാനാസാഹേബ് ചാന്ദോർ ക്കറുടെ ഒരു കത്തുമായി ചില ഉദ്ദേശങ്ങളോടെ ഒരു യൂറോപ്യൻ മാന്യൻ ഒരിക്കൽ ഷിർദ്ദിയിൽ വന്നു. അയാളെ സുഖമായി ഒരു ടെൻടിൽ താമസിപ്പിച്ചു. അയാൾക്ക് ബാബയെ മുട്ടുകുത്തി വണങ്ങി കൈക്കു ചുംബിക്കണമെന്നുണ്ടായിരുന്നു. അതിന്നയാൾ മൂന്നു തവണ പരിശ്രമിച്ചതിൽ ബാബ തടസ്സം ചെയ്യുകയും മസ്ജിദിൽ കയറാൻ സമ്മതിക്കാതിരിക്കയുമാണുണ്ടായത്. സ്വീകരണം തൃപ്തിയാവാതെ അയാൾ ഉടനെ ഷിർദ്ദി വിടാൻ തീരുമാനിച്ച് യാത്ര ചോദിക്കാൻ വന്നു. ബാബ അയാളോട് പിറ്റേന്ന്

പോയാൽമതി എന്നും തിരക്കു കൂട്ടേണ്ട എന്നും പറഞ്ഞു. ജന ങ്ങളും ബാബയുടെ നിർദ്ദേശം സ്വീകരിക്കാനാവശ്യപ്പെട്ടു. ഇതൊന്നും വകവെക്കാതെ അയാൾ കുതിരവണ്ടി വിളിച്ച് ഷിർദ്ദി വിട്ടു. ആദ്യം കുതിരകൾ വേണ്ടപോലെ പോയെങ്കിലും സാവുൾ കിണർ എന്ന സ്ഥലം കഴിഞ്ഞപ്പോൾ കുതിര ഒരു സൈക്കിൾ കണ്ടു പേടിച്ച് വിരണ്ടോടാൻ തുടങ്ങി. വണ്ടി മറിഞ്ഞു. സായ്പ് നിലത്തുവീണ് ഏതാനും വാര വലിച്ചിഴക്കപ്പെട്ടു. അയാളെ രക്ഷ പ്പെടുത്തി എങ്കിലും കോർപ്പർഗാവോൻ ആസ്പത്രിയിൽ കുറെ കിടക്കേണ്ടിവന്നു. അത്തരം അനുഭവങ്ങൾ വളരെയുള്ളതു കൊണ്ട് ബാബയുടെ നിർദ്ദേശം തെറ്റി നടക്കുന്നത് അപകടരമാ ണെന്ന് എല്ലാവർക്കും ബോദ്ധ്യമുള്ള കാര്യമാണ്.

## സന്യാസത്തിന്റെ ആവശ്യകത

നമുക്ക് സന്യാസത്തെപ്പറ്റി ചിന്തിക്കാം. ചിലർ ചോദിക്കും ബാബ ഇത്ര വലിയ മഹാനും ദൈവവുമാണെങ്കിൽ എന്തിനാണ് പിച്ച തെണ്ടുന്നതെന്ന്. ഇതിന് രണ്ടുവിധത്തിൽ ഉത്തരം പറയാ വുന്നതാണ്. 1. ആരാണ് ഭിക്ഷ എടുത്ത് ജീവിക്കാൻ അർഹത യുള്ള ആൾ? ശാസ്ത്രങ്ങൾ പറയുന്നു. മൂന്നു കാര്യങ്ങളിൽ ആശ നശിച്ചവർ സന്യാസം സ്വീകരിച്ച് ഭിക്ഷ എടുത്ത് ജീവിതം നയി ക്കാൻ അർഹരാണെന്ന്. അവ 1) സന്താനം 2) സമ്പത്ത് 3) കീർത്തി - ഇവയാണ്. അവർക്ക് വീടില്ല. ഭക്ഷണം പാകംചെയ്യാ നുള്ള ഏർപ്പാടൊന്നുമില്ല. അവരെ ഊട്ടുന്ന ചുമതല ഗൃഹസ്ഥ ന്മാർക്കാണ്. സായിബാബ ഗൃഹസ്ഥാശ്രമിയോ വാനപ്രസ്ഥാശ്ര മിയോ അല്ല. സായിബാബ നിത്യബ്രഹ്മചാരിയായ ഒരു സന്യാ സിയാണ് ബാല്യം മുതൽക്കുതന്നെ. ബാബയുടെ വിശ്വാസം ലോകം വീടാണെന്നും താൻ വാസുദേവനും, ആലംബവും ബ്രഹ്മ വുമാണെന്നുമാണ്. അപ്പോൾ ഭിക്ഷയെടുത്ത് ജീവിക്കാൻ പരി

പൂർണ്ണ അവകാശമുണ്ട്. 2) പഞ്ചസൂനങ്ങളും പരിഹാരവും ചിന്തിക്കേണ്ടതുണ്ട്. ഗൃഹസ്ഥാശ്രമികൾക്ക് അഞ്ചു കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. 1. കംഡണി - പൊടിക്കൽ 2. പേഷണി - അരക്കൽ, 3. ഉദംകുംഭി - പാത്രം കഴുകൽ. 4. മാർജ്ജനി - അടിച്ചു വൃത്തിയാക്കൽ, 5. ചുള്ളി - അടുപ്പു തീക്കൂട്ടൽ. ഈ പ്രവർത്തികളിൽ അനവധി ചെറുപ്രാണികൾ നശിച്ചു പോകുന്നതിനാൽ പാപങ്ങൾ സംഭവിക്കുന്നു. ഈ പാപം തീരാൻ ശാസ്ത്രവിധിപ്രകാരം അഞ്ചു പ്രതിവിധികളുണ്ട്. 1. ബ്രഹ്മയജ്ഞം, 2. വേദാദ്ധ്യയനം 3. പിതൃയജ്ഞം 4. ദേവയജ്ഞം. 5. ഭൂതയജ്ഞം ആറാമതൊന്നുകൂടിയുള്ളത് മനുഷ്യ-അതിഥി-യജ്ഞം. അതായത് മനുഷ്യർക്കും ക്ഷണിക്കാതെ വന്നവർക്കും ഭക്ഷണം കൊടുക്കൽ. ഈ യജ്ഞങ്ങൾ വേണ്ടപോലെ ചെയ്താൽ മനശുദ്ധി വന്ന് ആത്മജ്ഞാനം കൈവരുത്താം. ബാബ വീടുവീടാന്തരം പോയി വന്ന് ആ ഗൃഹസ്ഥന്മാരെ അവരുടെ ചുമതലയെപറ്റി ഓർമ്മിപ്പിച്ചു. അങ്ങിനെ ബാബയിൽ നിന്നും ഈ പാഠം മനസ്സിലാക്കാൻ കഴിഞ്ഞവർ ഭാഗ്യവാന്മാരാണ്.

**ഭക്തന്റെ അനുഭവം**

ഇനി രസകരമായ ഒരു വിഷയത്തിലേക്കു കടക്കാം. ഭഗവാൻ കൃഷ്ണൻ ഭഗവത്ഗീത 9-ാം അദ്ധ്യായം 26-ാം ശ്ലോകത്തിൽ പറഞ്ഞു യാതൊരുവൻ ശുദ്ധമനസ്സോടുകൂടി എനിക്ക് ഒരിലയോ, പൂവോ, പഴമോ, വെള്ളമോ തരുന്നുവോ, ആ നൈവേദ്യത്തെ ഞാൻ സ്വീകരിക്കുന്നു. സായിബാബയുടെ കാര്യത്തിൽ ആരെങ്കിലും എന്തെങ്കലും അവിടെ കൊടുക്കാൻ നിശ്ചയിച്ചത് മറന്നുപോയാൽ, ബാബ ഓർമ്മിപ്പിച്ച് അതുവാങ്ങി ഭക്തന്റെ കടം തീർക്കും. ചില ഉദാഹരണങ്ങൾ പറയാം.

## താർക്കാഡ് കുടുംബം

രാമചന്ദ്ര ആത്മാറാം എന്ന ബാബാസാഹെബ് താർക്കാഡ് മുമ്പ് പ്രാർത്ഥനാസമാജക്കാരനായിരുന്നെങ്കിലും ബാബയുടെ വലിയ ഭക്തനായിരുന്നു. അയാളുടെ ഭാര്യയും മകനും ബാബയെ അയാളിലും ഉപരി ആദരിച്ചു. ഒരിക്കൽ മകനും അമ്മയും മെയ് വെക്കേഷനിൽ പോവാൻ മടിച്ചു. കാരണം ബാബാ പൂജ മുടങ്ങിപ്പോയാലോ, അച്ഛൻ പ്രാർത്ഥനാ സമാജക്കാരനായതിനാൽ ബാബയുടെ പടം പൂജിക്കുന്നതിൽ വിശ്വസിക്കുന്നില്ല. പക്ഷെ അച്ഛൻ മകൻ ചെയ്യുമ്പോലെതന്നെ പൂജിച്ചോളാം എന്നു ഉറപ്പു കൊടുത്തതിനാൽ അമ്മയും മകനും വെള്ളിയാഴ്ച രാത്രി ഷിർദ്ദിക്കു പോയി.

അടുത്ത ദിവസം ശനിയാഴ്ച താർക്കാഡ് രാവിലെ എഴുന്നേറ്റ് കുളിച്ച് ബാബയുടെ ഫോട്ടോ നമസ്കരിച്ച് ഇങ്ങനെ പ്രാർത്ഥിച്ചു. ബാബ, ഞാൻ പൂജ ചെയ്യാൻ പോവുകയാണ്. മകൻ ചെയ്യുന്നപോലെയൊക്കെ ഞാൻ ചെയ്യാം. പക്ഷെ അത് വെറും ഒരു ഡ്രിൽ ആയിത്തീരരുതെ. എന്ന്. ഇതും പറഞ്ഞ് പൂജനടത്തി പഞ്ചസാര നൈവേദ്യവും ചെയ്തു. ഭക്ഷണസമയത്ത് പഞ്ചസാര പ്രസാദമായി കൊടുക്കുകയും ചെയ്തു.

അന്നു വൈകുന്നേരവും അടുത്ത ദിവസവും കാര്യങ്ങൾ മുറക്കു നടന്നു. ഇതുവരെ പൂജിക്കാത്ത താർക്കാഡിന്ന് മകനു കൊടുത്ത വാഗ്ദത്ത പ്രകാരം എല്ലാം നടക്കുന്നല്ലോ എന്ന സംതൃപ്തിയുമായി, അടുത്ത ചൊവ്വാഴ്ച രാവിലെ പൂജ ചെയ്ത് പ്രവൃത്തിക്കുപോയി ഉച്ചഭക്ഷണസമയത്ത് നോക്കുമ്പോൾ പ്രസാദമില്ല. വേലക്കാരനോട് ചോദിച്ചപ്പോൾ അന്ന് നിവേദ്യം നടന്നില്ലെന്നും താനത് തീരെ മറന്നെന്നും മനസ്സിലായി. ഉടനെ ബാബയുടെ ഫോട്ടോ നമസ്കരിച്ച ക്ഷമ യാചിക്കുകയും, ഇതൊരു

ഡ്രിൽ ആക്കി മാറ്ററുതെന്ന് പ്രാർത്ഥിച്ചത് വെറുതെയായല്ലോ എന്ന് പരിഭവിക്കുകയും ചെയ്തു. പിന്നെ മകന് ഈ വിവരം വെച്ച് കത്തെഴുതുകയും ബാബയോട് പറഞ്ഞ് ക്ഷമ ചോദിക്കാൻ ആവശ്യപ്പെടുകയും ചെയ്തു.

ഇത് ബാന്ദ്രയിൽ ചൊവ്വാഴ്ച ഉച്ചക്കാണ് നടന്നത്. അതേ സമയത്ത് മദ്ധ്യാഹ്ന ആരതി തുടങ്ങാറായപ്പോൾ ബാബ താർക്കാഡിന്റെ ഭാര്യയോട് പറഞ്ഞു. അമ്മെ, ഞാൻ ബാന്ദ്രയിൽ നിങ്ങളുടെ വീട്ടിൽ പോയിരുന്നു. എന്തെങ്കിലും തിന്നാൻ കിട്ടാനാണ് പോയത്. ഞാൻ വാതിൽപൂട്ടി കണ്ടു. ഞാൻ ഒരുവിധം അകത്തു കടന്ന് നോക്കിയപ്പോൾ സഹോദരൻ എനിക്കൊന്നും തിന്നാൻ വെച്ചതായി കണ്ടില്ല. എന്നിട്ട് വിശപ്പ് മാറാതെ ഞാൻ മടങ്ങി അവർക്ക് കാര്യം മനസ്സിലായില്ലെങ്കിലും അടുത്തുണ്ടായിരുന്ന മകനു കാര്യം മനസ്സിലായി. എന്തൊ ബാന്ദ്രയിൽ പൂജക്ക് തകരാറുണ്ടായിരിക്കും. അതുകൊണ്ട് വീട്ടിൽ പോവാൻ അനുവാദം ചോദിച്ചു ബാബ അവിടെ വെച്ചുതന്നെ പൂജിച്ചാൽമതി എന്നു പറഞ്ഞു. ഉടനെ മകൻ ഷിർദ്ദിയിൽ സംഭവിച്ചതെല്ലാംവച്ച് എഴുതുകയും പൂജയിൽ പ്രത്യേകം ശ്രദ്ധിക്കാൻ ഓർമ്മപ്പെടുത്തുകയും ചെയ്തു. കത്തുകൾ വഴിക്ക് ക്രോസ്സ് ചെയ്ത് രണ്ട് സ്ഥലത്തും അടുത്ത ദിവസം കൊടുക്കപ്പെട്ടു. ഇത് എത്ര വിസ്മയാവഹമാണ്.

## താർക്കാഡിന്റെ ഭാര്യ

നമുക്ക് താർക്കാഡിന്റെ ഭാര്യയുടെ കാര്യംതന്നെ എടുക്കാം. അവർ മൂന്ന് നൈവേദ്യങ്ങൾ കൊടുക്കും. 1. ഭരീത് - വറുത്ത വഴുതനങ്ങ തൈരും കുരുമുളകുപൊടിയും ചേർത്തത്. 2. കാചര്യ - വഴുതിനങ്ങ വട്ടത്തിൽമുറിച്ച് നെയ്യിൽ വറുത്തത്. 3. പേഢ - മധുരപലഹാരം. ബാബ എങ്ങിനെ അവ സ്വീകരിച്ചുവെന്ന് നോക്കാം.

ഒരിക്കൽ ബാന്ദ്രയിൽനിന്ന് രഘുവീർ ഭാസ്കർ പുരന്ദരെ എന്നൊരാൾ കുടുംബസമേതം ഷിർദ്ദിക്കു പുറപ്പെട്ടു. മിസ്സിസ്സ് താർക്കാഡ് അവരെ ചെന്നുകണ്ട് മിസ്സിസ്സ് പുരന്ദരെവശം രണ്ടു വഴുതിനങ്ങ കൊടുത്തു.ഒന്നു കൊണ്ടു ഭരിതും മറ്റേതുകൊണ്ട് കാചര്യയുമുണ്ടാക്കി. ബാബക്ക് കൊടുക്കാനാവശ്യപ്പെട്ടു. അവർ ഷിർദ്ദിയിലെത്തി മിസ്സിസ്സ് പുരന്ദരെഭരിതുമായി മസ്ജിദിലെത്തിയപ്പോൾ ബാബ ഉണ്ണാനിരിക്കുകയായിരുന്നു. ബാബക്ക് ഭരിത് വളരെ ഇഷ്ടപ്പെട്ടു. അതിൽ നിന്നെല്ലാവർക്കും കൊടുത്തതിൽ പിന്നെ കാചര്യ എവിടെ എന്നു ചോദിച്ചു. ഉടനെ ബാബ കാചര്യ ആവശ്യപ്പെടുന്നെന്ന് രാധാകൃഷ്ണമായിയെ അറിയിച്ചു. അപ്പോൾ വഴുതിനങ്ങ കിട്ടുന്ന കാലമല്ലാത്തതിനാൽ അവർ വിഷമിച്ചു. എങ്ങിനെ വഴുതിനങ്ങ കിട്ടും എന്നായി. അന്വേഷിച്ചപ്പോൾ കാചര്യ കൊടുക്കാനും മിസ്സിസ്സ് പരുന്ദരയെ ഏൽപ്പിച്ചതായി മനസ്സിലായി. എല്ലാവരും ബാബയുടെ അന്തര്യാമിത്വം മനസ്സിലാക്കി അത്ഭുതപ്പെട്ടു.

1915-ൽ ഗോവിന്ദ ബാലറാം മങ്കാർ എന്നയാൾ അച്ഛന്റെ ശ്രാർദ്ധം ഊട്ടാൻ ഷിർദ്ദിയിലേക്കു പോകാൻ നിശ്ചയിച്ചു. പോവുന്നതിന് മുമ്പ് താർക്കാഡിനെ കാണാൻവന്നു. മിസ്സിസ്സ് താർക്കാഡ് എന്തെങ്കിലും ബാബക്കയക്കാനാശിച്ചു. ഒരിക്കൽ പൂജിച്ച ഒരു പേഡ മാത്രമെ തിരഞ്ഞുകിട്ടിയുള്ളു. ഏതായാലും ബാബ അതു ഭക്ഷിക്കുമെന്ന് നിശ്ചയിച്ച് പേഡ ബാബക്കു കൊടുക്കാൻ പറഞ്ഞ് ഗോവിന്ദിനെ ഏൽപ്പിച്ചു. ഗോവിന്ദ് ഷിർദ്ദിയിൽപോയി ബാബയെ കണ്ടെങ്കിലും പേഡ എടുക്കാൻ മറന്നു. ബാബ കാത്തിരുന്നു. ഉച്ചക്ക് വീണ്ടും അയാൾ ഒന്നും കയ്യിൽ വെക്കാതെ ദർശനത്തിനുപോയി. ബാബക്ക് കാത്തിരിക്കാനാവാതെ നേരെ ചോദിച്ചു. നീയെന്താണെനിക്ക് കൊണ്ടുവന്നിട്ടുള്ളത്. ഒന്നും ഇല്ല എന്നായിരുന്നു മറുപടി. ബാബ വീണ്ടും ചോദി

ച്ചു. അതെ മറുപടി വീണ്ടും കിട്ടി. അപ്പോൾ ബാബ ചോദിച്ചു നീ പോരുമ്പോൾ ആ അമ്മ എനിക്ക് മധുരപലഹാരം കൊടുത്തയച്ചില്ലെ? അവൻ സംഗതി ഓർമ്മിച്ച് ബാബയോട് മാപ്പുചോദിച്ചു താമസസ്ഥലത്തേക്ക് ഓടിപ്പോയി. പേഢ എടുത്തുകൊണ്ടുവന്ന് ബാബക്ക് കൊടുത്തു. കിട്ടിയ ഉടനെ ബാബ അത് വിഴുങ്ങി. ഇങ്ങിനെ മിസ്സിസ്സ് താർക്കാഡിന്റെ ഭക്തി അംഗീകരിക്കപ്പെട്ടു. എന്നെ വിശ്വസിക്കുന്നതനുസരിച്ച് ഞാൻ സ്വീകരിക്കുന്നു. ഗീത 4-11. ഈ വാചകം ഇക്കാര്യത്തിൽ തെളിയിച്ചു.

## ബാബ സുഭിക്ഷമായി ഭക്ഷിച്ചു എങ്ങിനെ?

ഒരിക്കൽ മിസ്സിസ്സ് താർക്കാഡ് ഷിർദ്ദിയിൽ ഒരു വീട്ടിൽ താമസിക്കുകയായിരുന്നു. ഉച്ചക്ക് ഭക്ഷണം തയ്യാറായി വിളമ്പുമ്പോൾ വിശന്നു വലഞ്ഞ ഒരു നായ വന്ന് നിലവിളിച്ചു. മിസ്സിസ്സ് താർക്കാഡ് എണീറ്റ ഒരു റൊട്ടി എറിഞ്ഞുകൊടുത്തത് നായ സുഖമായി ഭക്ഷിച്ചു. ഉച്ചതിരിഞ്ഞ് അവർ മസ്ജിദിൽപോയി കുറച്ചകലെ ഇരുന്നപ്പോൾ ബാബ അവരോട് പറഞ്ഞു. അമ്മെ നിങ്ങളെന്നെ മൂക്കറ്റം തീറ്റിവിട്ടു. എന്റെ പിടയുന്ന പ്രാണൻ സംതൃപ്തമായി. എപ്പോഴും ഇങ്ങനെ ചെയ്യണം. ഇത് നിങ്ങൾക്കുതന്നെ നന്മവരുത്തും.

ഈ മസ്ജിദിൽ ഇരുന്നു ഞാൻ ഒരിക്കലും കള്ളം പറയില്ല. എന്നിൽ ഇങ്ങനെ കരുണ കാണിക്കുക. ആദ്യം വിശക്കുന്നവർക്ക് കൊടുത്ത് സ്വന്തം ഭക്ഷണം കഴിക്കുക. ഇതു ശ്രദ്ധിക്കണം. അവർക്ക് ബാബ പറഞ്ഞതിന്റെ അർത്ഥം മനസ്സിലാവാതെ ഇങ്ങനെ ചോദിച്ചു. ബാബ! ഞാനെങ്ങിനെ ഭക്ഷണം തരാൻ? ഞാൻ തന്നെ മറ്റുള്ളവരെ ആശ്രയിച്ച് വിലകൊടുത്ത് ഭക്ഷണം വാങ്ങി കഴിക്കയാണല്ലോ. ബാബ ഇങ്ങിനെ മറുപടി പറഞ്ഞു. ആ നല്ല റൊട്ടി തിന്ന് എനിക്ക് തൃപ്തിയായി. ഇപ്പോഴും തേട്ടി

വരുന്നു. നീ ഊണിന് മുമ്പെ കണ്ട് തിന്നാൻ കൊടുത്ത നായ എന്നോടുകൂടിയുള്ളതാണ്. അതു പോലെ മറ്റു ജീവികളായ പൂച്ച, പന്നി, ഈച്ച, പശു മുതലായത് എല്ലാം എന്റെ അംശങ്ങളാണ്. ഞാൻ അവരുടെ വേഷത്തിലും ആകൃതിയിലും സഞ്ചരിക്കുക യാണ്. ഈ വക ജീവികളിലെല്ലാം എന്നെ കാണുന്നവർ എനിക്ക് പ്രിയപ്പെട്ടവരാണ്. ദ്വന്ദഭാവം വിട്ട് വിവേചന സ്വഭാവം കൂടാതെ നിങ്ങളിന്ന് ചെയ്തപോലെ എന്നെ സേവിക്കുക. ഈ അമൃത വാണികേട്ട് അവർ മനസ്സലിഞ്ഞ് കണ്ണീർ തൂകി തൊണ്ടയിടറി അത്യന്തം സന്തുഷ്ടരായി.

**തത്വം**

ദൈവത്തെ എല്ലാ ജീവജാലങ്ങളിലും കാണുക എന്നാണ് ഇതിലെ തത്വം. ഉപനിഷത്ത്, ഗീത, ഭാഗവതം എല്ലാം ഇതുതന്നെ പറയുന്നു. ഈ കഥയിൽനിന്നും മറ്റനവധി കഥകളിൽ നിന്നും ഉപനിഷദ് തത്വം എങ്ങിനെ നടപ്പാക്കണമെന്ന് ബാബ കാണി ച്ചുതരുന്നു. ഇങ്ങിനെ സായിബാബ ഉപനിഷദ്തത്വങ്ങളുടെ ഏറ്റവും വലിയ അദ്ധ്യാപകനായിത്തീരുന്നു.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ !

# അദ്ധ്യായം - 10



*സായിബാബയുടെ ജീവിതരീതിയും ഉറങ്ങുന്ന പലകയും - ഷിർദ്ദിയിലെ താമസവും ബാബയുടെ ഉപദേശങ്ങളും - ബാബ യുടെ എളിയ ഭാവം - എളുപ്പവഴി.*

സായിബാബയെ പ്രേമത്തോടുകൂടി ഓർമ്മിക്കുക. ബാബ നന്മ ചെയ്യാനായി സദാ ആത്മബോധത്തോടുകൂടി നില കൊള്ളു കയാണ് ബാബയുടെ ഓർമ്മ ജനനമരണങ്ങളെ പരിഹരിക്കു ന്നതാണ്. ഇത് ചിലവില്ലാതെ സുഗമമായ സാധനയാണ്. ചെറിയ അദ്ധ്വാനം വലിയ ഫലം തരുന്നു. സ്വബുദ്ധി നിലനിൽക്കുന്ന തുവരെ ഓരോ മിനുട്ടിലും നാം ഈ സാധന ചെയ്യേണ്ടതാണ്. മറ്റ് ദേവന്മാർ നമുക്ക് കാണാൻ പറ്റാത്തവരാണ്. ഗുരുമാത്രമാണ് ഒരേ ഒരു ദൈവം. സദ്ഗുരു പാദാരവിന്ദത്തെ സ്മരിച്ചാൽ ബാബ നമ്മെ നന്മയിലേക്കു നയിക്കും. വേണ്ടപോലെ ഉപചരിച്ചാൽ നാം സംസാര ദുഃഖത്തിൽ നിന്ന് രക്ഷപ്പെടും. ന്യായ മീമാംസാ ദിക ളൊന്നും പഠിക്കേണ്ടതില്ല. ബാബ അമരത്തിലിരിക്കുമ്പോൾ ദുഃഖ ത്തിന്റെയും വേദനയുടെയും നദികളും കടലുകളും എളുപ്പം മുറി ച്ചുകടക്കാൻ കഴിയും. കടത്തുകാരനെ പുഴയും കടലും കടക്കാൻ വിശ്വസിക്കുമ്പോലെ സംസാരസാഗരം കടക്കുന്നതിൽ സദ്ഗു

രുവെ വിശ്വസിച്ചാൽ മതി. സദ്ഗുരു, ഭക്തന്റെ ഭക്തിയെ മാത്രം ശ്രദ്ധിച്ച് ജ്ഞാനവും ആനന്ദവും പ്രദാനം ചെയ്യുന്നു.

**ബാബയുടെ ശയനസാമഗ്രികൾ**

എവിടെ എങ്ങിനെ ബാബ ഉറങ്ങിയിരുന്നു എന്നു നമുക്കു നോക്കാം. നാനാസാഹെബ് ഡേംഗ്ലേ നാലുമുഴം നീളവും ഒരു മുഴം വീതിയുമുള്ള ഒരു മരപ്പലക ബാബക്ക് ഉറങ്ങാൻ കിടക്കാനായി കൊണ്ടുവന്നു. അത് നിലത്ത് വെച്ച് ഉറങ്ങുന്നതിനു പകരം ബാബ അത് പഴയ തുണിക്കഷണങ്ങളെക്കൊണ്ട് കെട്ടിത്തൂക്കി അതിന്മേൽ ഉറങ്ങാൻ തുടങ്ങി. തുണിക്കഷണങ്ങൾ അത്രമാത്രം ബലഹീനവും പഴയതുമായതിനാൽ പലക തന്നെ എങ്ങിനെ താങ്ങുമെന്ന തരത്തിലായിരുന്നു. അതിന്മേലാണ് ബാബയുടെ കിടപ്പ്. ബാബയുടെ ലീല എന്നേ പറയാവൂ. പലകയും ബാബയും എല്ലാം ഒരു തകരാറും കൂടാതെ ആ തുണിക്കഷ്ണത്തിന്മേൽ വീഴാതെ നിന്നു. പോരെങ്കിൽ ആ പലകയുടെ നാലു മൂലയിലും ബാബ മൺവിളക്ക് കത്തിച്ചും വെക്കും. അതു രാത്രി മുഴുവൻ കത്തികൊണ്ടിരിക്കും. ബാബ ആ പലകയിൽ ഇരിക്കുന്നതും കിടക്കുന്നതും ഒരു അതിശയകരമായ കാഴ്ച തന്നെയായിരുന്നു. പലരും ജിജ്ഞാസുക്കളായി ബാബ കയറുന്നതും ഇറങ്ങുന്നതും സൂക്ഷിച്ചുനോക്കാൻ മസ്ജിദിൽ വന്നുകൂടി. പക്ഷെ ആർക്കും ബാബ കയറുന്നതോ ഇറങ്ങുന്നതോ കാണാൻ കഴിയില്ല. തിരക്കു വർദ്ധിച്ചു വരുന്നതു കണ്ടപ്പോൾ ഒരു ദിവസം ബാബ പലക വലിച്ചെടുത്ത് തല്ലിപ്പൊളിച്ചു വലിച്ചെറിഞ്ഞു. ബാബക്ക് അഷ്ടസിദ്ധികളുമുണ്ടായിരുന്നു. അവ ബാബ ഒരിക്കലും പ്രവൃത്തിപ്പിച്ചിരുന്നില്ല. ബാബയുടെ പൂർണ്ണതകൊണ്ട് അവ താനെ വന്നുകൊണ്ടിരുന്നു.

## സഗുണ ബ്രഹ്മം

ബാബ 3 1/2 മുഴം ശരീരത്തിലുള്ള (ഉയരമുള്ള) ഒരു സാധാരണ മനുഷ്യനെപ്പോലെ കാഴ്ചയിൽ തോന്നുമെങ്കിലും സായിബാബ എല്ലാവരുടെയും ഹൃദയത്തിൽ കുടികൊണ്ടു ആന്തരികമായി നിസ്സംഗനും നിർമ്മയനുമായിരുന്നെങ്കിലും പുറമെക്ക് എല്ലാവരുടെയും ക്ഷേമത്തെ ശ്രദ്ധിച്ചിരുന്നു. ആന്തരികമായി ബ്രഹ്മസ്വരൂപമായിരുന്നെങ്കിലും പുറമെക്ക് മുൻകോപിയും ശുണ്ഠിക്കാരനുമായി പെരുമാറി. ആന്തരികമായ് അദ്വൈതഭാവമായിരുന്നെങ്കിലും പുറമെക്ക് ലൗകീകത്തിൽപ്പെട്ടപോലെ പെരുമാറി. ചിലപ്പോൾ എല്ലാവരോടും പ്രേമത്തിൽ പെരുമാറും. മറ്റവസരങ്ങളിൽ അവരെ കല്ലേറിയും, ചിലപ്പോൾ ചീത്ത പറയും, മറ്റവസരങ്ങളിൽ കെട്ടിപ്പിടിച്ച് ശാന്തമായി പെരുമാറും. എപ്പോഴും ബ്രഹ്മത്തിൽ ലയിച്ച് ഭക്തന്മാരുടെ കാര്യത്തിൽ ജാഗരൂകനായിരിക്കും. ഒരേ ആസനത്തിൽ ഇരിക്കലല്ലാതെ യാത്രപോവൽ പതിവില്ല. കയ്യിൽ എല്ലായ്പ്പോഴും ഒരു ദണ്ഡുണ്ടായിരിക്കും. ധനത്തിനും ഖ്യാതിക്കും ശ്രദ്ധിക്കാതെ ഭിക്ഷ യാചിക്കുമായിരുന്നു. അള്ളാ മാലിക്ക് എന്ന് എപ്പോഴും പറയും ഭക്തന്മാരോട് പൂർണ്ണവും അവിച്ഛിന്നവുമായ പ്രേമമാണ്. ബാബ ആത്മജ്ഞാനത്തിന്റെ വിളനിലമായിരുന്നു. അതായിരുന്നു സായിബാബയുടെ ദിവ്യരൂപം. ലോകതത്വം മുഴുവൻ സായിബാബയിൽ ഉടലെടുത്തു. അതറിയാവുന്നവർ മനസ്സിലാക്കി. മറ്റുള്ളവർ അത് മനസ്സിലാക്കാതെ കഷ്ടതയിൽ നിന്ന് മോചനമില്ലാതെ കഴിഞ്ഞു.

## ബാബയുടെ ഷിർദ്ദിയിലെ താമസവും ജനന കാലവും

ആർക്കും സായിബാബയുടെ മാതാപിതാക്കളെപ്പറ്റിയോ ജനനകാലത്തെപ്പറ്റിയോ കൃത്യമായി അറിഞ്ഞുകൂട. പക്ഷെ ഷിർദ്ദിയിലെ താമസം കൊണ്ട് ജനനകാലം കണക്കാക്കാം. പതി

നാറു വയസ്സുള്ളപ്പോൾ ബാബ ആദ്യം ഷിർദ്ദിയിൽ വന്ന് മൂന്നു കൊല്ലത്തോളം താമസിച്ചു. പിന്നെ പെട്ടെന്ന് കാണാതായി. പിന്നെ ഔറംഗാബാദിൽ കണ്ടു. പിന്നെ ചാന്ദ്പട്ടേലിന്റെ കല്യാണ പാർട്ടിയോടൊപ്പം ഷിർദ്ദിയിൽ വന്നു. അന്ന് 23 വയസ്സുണ്ട്. പിന്നെ 60 കൊല്ലം ഷിർദ്ദിയിൽ താമസിച്ചു. 1918-ൽ മഹാസമാധിയായി. അതിൽ നിന്നും ഏകദേശം ജനനകാലം 1838 ആണെന്ന് അനുമാനിക്കാം.

## ബാബയുടെ ജീവിതോദ്ദേശവും ഉപദേശവും

ഋഷിരാമദാസ് (1608-81) 17-ാം നൂറ്റാണ്ടിൽ ജീവിച്ചു യവനന്മാരിൽ നിന്നും പശുക്കളെയും ബ്രാഹ്മണരെയും രക്ഷിക്കുന്ന കൃത്യം നിർവ്വഹിച്ചു. പിന്നീട് 2 നൂറ്റാണ്ടിനുള്ളിൽ ഹിന്ദു മുസ്ലീം വിരോധം വർദ്ധിച്ചുവന്നു. അതു തീർക്കാനാണ് സായി ബാബ വന്നത്. ബാബ സദാ പറയും രാമനും റഹീമും ഒന്നു തന്നെയാണ് അവർ തമ്മിൽ ലേശംപോലും വ്യത്യാസമില്ല. പിന്നെ എന്തിനാണ് അവരുടെ ഭക്തന്മാർ പിണങ്ങി മത്സരിക്കുന്നത് ? നിങ്ങൾ വിവരമില്ലാതെ പ്രവൃത്തിക്കരുത് കുട്ടികളെ! കൈകോർത്ത് പിടിച്ച് രണ്ടു സമുദായങ്ങളും മൈത്രിയിൽ പ്രവൃത്തിച്ചാൽ ദേശീയൈക്യം സാദ്ധ്യമാവും. മത്സരിക്കുന്നതും വാദിക്കുന്നതും നല്ലതല്ല. അതുകൊണ്ട്, വാദിക്കാനോ മറ്റുള്ളവരെ ഇടിച്ചുതാഴ്ത്താനോ നിൽക്കരുത്. നിങ്ങളുടെ താൽപര്യത്തിലും നേട്ടത്തിലും ശ്രദ്ധിക്കുക. ഭഗവാൻ നിങ്ങളെ രക്ഷിക്കും. യോഗം, യാഗം, തപം, ജ്ഞാനം ഇവയാണ് ദൈവീകത്വം ലഭിക്കാനുള്ള മാർഗ്ഗങ്ങൾ. ഇതിൽ നിങ്ങൾ വിജയിക്കുന്നില്ലെങ്കിൽ നിങ്ങളുടെ അദ്ധ്വാനം വെറുതെയാണ്. ആരെങ്കിലും നിങ്ങൾക്കഹിതം പ്രവൃത്തിച്ചാൽ പകവീട്ടാനൊരുങ്ങരുത് എന്തെങ്കിലും ചെയ്യണമെന്നുണ്ടെങ്കിൽ മറ്റുള്ളവർക്ക് നന്മമാത്രം ചെയ്യുവിൻ. ഇതാണ് ബാബ





യുടെ ഉപദേശം. ഇതു ഭൗതീകമായും ആദ്ധ്യാത്മീകമായും നല്ല താണ്.

**സായിബാബ സദ്ഗുരു**

പല ഗുരുക്കന്മാരുണ്ട്. ചിലർ വീണയും ചെണ്ടയുമെല്ലാ മായി വീടുതോറും കയറി ഇറങ്ങും. അവർ മന്ത്രങ്ങൾ ഉപദേ ശിച്ചും ദൈവത്വം നടിച്ചും പണം കയ്ക്കലാക്കും. അവർ ഭക്തിയും മത തത്വങ്ങളും പഠിപ്പിക്കുമെങ്കിലും അവർക്കു തന്നെ അതിനെപ്പറ്റി വലിയ ജ്ഞാനമുണ്ടായിരിക്കില്ല. അവർ ഭക്തഹീ നരായും മതവിരുദ്ധരായും പെരുമാറുകയും ചെയ്യും. സായി ബാബ ഒരിക്കലും കഴിവ് പ്രദർശിപ്പിച്ചിരുന്നില്ല. ദേഹ ചിന്ത ബാബയ്ക്കില്ലായിരുന്നു. ശിഷ്യരെ വളരെ പ്രേമമായിരുന്നു. രണ്ടു തരം ഗുരുക്കന്മാരാണ്. 1. നിയത് - നിശ്ചയിക്കപ്പെട്ടവർ 2. അനി യത് - യദൃച്ഛയാ വരുന്നവർ. ഈ രണ്ടാമത് പറഞ്ഞവർ നമ്മിൽ സൽഗുണം വളർത്തി ഹൃദയ ശുദ്ധി വരുത്തി മുക്തിമാർഗ്ഗത്തി ലേക്ക് നമ്മെ നയിക്കുന്നു. ആദ്യ വിഭാഗത്തിൽപ്പെട്ടവർ നമ്മുടെ ദ്വന്ദഭാവം കളഞ്ഞ് ഈശ്വരൈക്യം വളർത്തി തത്വമസി എന്ന ഭാവം ഉണ്ടാക്കിതരുന്നു. മറ്റു പല ഗുരുക്കളും പല ലൗകിക കാര്യങ്ങളും പഠിപ്പിച്ചു തരുന്നു. ആരാണ് ആത്മജ്ഞാനം തന്ന് സംസാരസാഗരം കടത്തിവിടുന്നത് അവരാണ് സദ്ഗുരു. സായി ബാബ അത്തരം ഒരു സദ്ഗുരുവായിരുന്നു. ബാബയുടെ മാഹാത്മ്യം അവർണ്ണനീയമാണ്. ആരെങ്കിലും ദർശനത്തിന് പോയാൽ ചോദിക്കാതെ തന്നെ അയാളുടെ ഭൂതം ഭാവി വർത്ത മാന കാലങ്ങളിലെ കാര്യങ്ങളെല്ലാം പറയും. ബാബ എല്ലാ ജീവ ജാലങ്ങളിലും ദൈവത്വം ദർശിച്ചു. മിത്രവും ശത്രുവും ബാബക്ക് ഒരേപോലെയായിരുന്നു. ബാബ സന്ദേഹരഹിതനായിരുന്നു. ബാബക്ക് ദേഹത്തിലോ ഗൃഹത്തിലോ താൽപര്യമില്ലായിരുന്നു. ബാബ ഇതേ ജന്മത്തിൽതന്നെ ജീവന്മുക്തനായിരുന്നു.

ബാബയെ ദൈവതുല്യം ആരാധിച്ച ഷിർദ്ദിയിലുള്ളവർ അനുഗ്രഹീതരാണ്. ഭക്ഷിക്കുമ്പോഴും, പാനം ചെയ്യുമ്പോഴും പ്രവൃത്തി എടുക്കുമ്പോഴും അവർ സായിയെ ഓർമ്മിച്ച് ബാബയുടെ അപദാനങ്ങൾ പാടി. അവർ അക്ഷരജ്ഞാനമില്ലാത്തവരെങ്കിലും അവരുടെ പരിശുദ്ധ പ്രേമം പ്രചോദനം നൽകിയാണ് അവർ ഈ ഗാനങ്ങൾ രചിച്ചത്. അവരുടെ പാട്ടുകൾ കവിത നിറഞ്ഞവയായിരുന്നു. വിവരമല്ല പ്രേമമാണ് അത്തരം ഗാനങ്ങൾ നിർമ്മിക്കാൻ പ്രേരിപ്പിച്ചത്. ഈ ഗാനങ്ങൾ സമ്പാദിച്ച് സായി ലീലാ മാസികയിലോ പുസ്തകരൂപേണയോ പ്രസിദ്ധീകരിക്കാൻ ബാബ അനുഗ്രഹിച്ച് ആരെങ്കിലും മുന്നോട്ട് വരട്ടെ.

## ബാബയുടെ എളിയഭാവം

ഭഗവാന് 6 ഗുണങ്ങളുണ്ട്. 1. കീർത്തി, 2. സമ്പത്ത്, 3. നിസ്സംഗത്വം, 4. ജ്ഞാനം, 5. മഹത്വം, 6. ഔദാര്യം. ബാബക്കിതെല്ലാമുണ്ടായിരുന്നു. ഭക്തന്മാർക്കുവേണ്ടിയാണ് ബാബ മാനുഷരൂപം കൈകൊണ്ടത്. ബാബയുടെ ദയയും അനുഗ്രഹവും അതിശയകരമാണ്. ഭക്തന്മാരെ ബാബ ആകർഷിച്ചിരുന്നു. ഭക്തന്മാർക്കുവേണ്ടി ബാബ അമൃതവാണി പൊഴിക്കുമായിരുന്നു. ബാബ ഒരിക്കൽ വിനീതമായി ഇപ്രകാരം പറഞ്ഞു. അടിമകളിലടിമയായ ഞാൻ നിങ്ങളുടെ കടക്കാരനാണ്. ഞാൻ നിങ്ങളുടെ ദർശനംകൊണ്ട് സംതൃപ്തനാണ്. നിങ്ങളുടെ പാദം എനിക്ക് കാണാൻ കഴിഞ്ഞത് വലിയ കാര്യമാണ്. ഞാൻ നിങ്ങളുടെ മലത്തിലെ കൃമിക്ക് തുല്യമാണ്. ഞാൻ അനുഗ്രഹീതനായി കരുതുന്നു. ഇതെന്തൊരു വിനയമാണ്! ഇതിൽ സായിക്ക് അപമാനകരമായി വല്ലതും തോന്നുന്നുവെങ്കിൽ അതിന്ന് പരിഹാരമായി ബാബയുടെ നാമം ഉച്ചരിക്കുക. ഭോഗ്യങ്ങളിൽ ബാബക്ക് താൽപര്യമില്ലായിരുന്നു. തിന്നുന്നതിൽ സ്വാദു നോക്കലില്ല. കാണുമെങ്കിലും എന്താണ് കാണുന്നതെന്ന താല്പര്യമില്ല. ഹനുമാനെ





പോലെ ബ്രഹ്മചാരിയായിരുന്നു. സായി പരിപൂർണ്ണനായിരുന്നു. ഒരു ഉദാഹരണം പറയാം

## നാനാവല്ലി

ഷിർദ്ദിയിൽ പ്രത്യേകതരം സ്വഭാവക്കാരനായി നാനാവല്ലി എന്ന ഒരാളുണ്ടായിരുന്നു. അയാൾ ബാബയുടെ പ്രവൃത്തിക ളിലും മറ്റു കാര്യങ്ങളിലും ശ്രദ്ധിച്ചിരുന്നു. ഒരിക്കൽ അയാൾ ബാബ ആസനസ്ഥനായിരിക്കുന്നവിടെ ചെന്നു ബാബയോടെ ഴുന്നേൽക്കാനും അയാൾക്ക് അവിടെ ഇരിക്കണമെന്നും പറ ഞ്ഞു. ബാബ ഉടനെ എഴുന്നേറ്റുകൊടുത്തു. കുറച്ചവിടെ കയറി ഇരുന്ന് എഴുന്നേറ്റ് നാനാവല്ലി ബാബയോട് ഇരുന്നോളാൻ പറ ഞ്ഞു. ബാബയിരുന്നതിൽ പിന്നെ നാനാവല്ലി നമസ്കരിച്ച് അവി ടുന്ന് പോയി. ബാബക്ക് ഒരു വിഷമവും ഇതിൽ തോന്നിയി ല്ല.നാനാവല്ലി ബാബയുടെ വലിയ ഭക്തനായി. ബാബ സമാധി യായതിന്റെ പതിമൂന്നാം ദിവസം അന്ത്യശ്വാസം വലിച്ചു.

## എളുപ്പവഴി ഋഷിമാരുടെ കഥകേൾക്കലും അവരുടെ സംസർഗ്ഗവും

സാധാരണക്കാരനെപ്പോലെ ബാബ പെരുമാറുമെങ്കിലും ബാബയുടെ പ്രവൃത്തികളിൽ അസാധാരണ സാമർത്ഥ്യവും ബുദ്ധിശക്തിയും പ്രകടമായിരുന്നു. എന്തു ചെയ്യുന്നതും ഭക്ത ന്മാർക്കുവേണ്ടിയായിരുന്നു. ആസനമോ അഭ്യാസമോ അനുഷ്ഠാ നമോ മന്ത്രമോ ഒന്നും ബാബ നിർദ്ദേശിച്ചില്ല. ബാബ പറഞ്ഞത് എല്ലാ സാമർത്ഥ്യവും ഉപേക്ഷിച്ച് സായി -സായി എന്ന് മാത്രം സ്മരിച്ചാൽ മതി എന്നാണ്. ബാബ നിർദ്ദേശിച്ച പ്രകാരം ചെയ്താൽ നിങ്ങളുടെ എല്ലാ കെട്ടുകളും അഴിഞ്ഞ് സ്വതന്ത്ര നാവാം. അഗ്നിഹോത്രം മുതലായത് ബ്രാഹ്മണർക്ക് മാത്രമാണ്.





മറ്റുള്ളവർക്ക് അത് പ്രയോജനകരമല്ല. മനസ്സ് ചിന്താകുലമാണ്. ചിന്തിക്കാതിരിക്കാൻ മനസ്സിന്നു കഴിയില്ല. അതിന് ചിന്താവിഷയം കൊടുത്താൽ അതിനെപ്പറ്റിതന്നെ ചിന്തിച്ചിരിക്കും. ഗുരുവെ ചിന്തിക്കാൻ കൊടുത്താൽ ഗുരുവെപ്പറ്റി ചിന്തിക്കും. നിങ്ങൾ ശ്രദ്ധാപൂർവ്വം സായിയുടെ മഹത്വം കേട്ടു. ഋഷിമാരുടെ കഥ കേൾക്കൽ മറ്റു സാധനകൾപോലെ പ്രയാസമല്ലല്ലോ. അവ സംസാര ദുഃഖമകറ്റി ആദ്ധ്യാത്മികത്തിലേക്കു നയിക്കുന്നു. അതിനാൽ ആ കഥകൾ ശ്രദ്ധിച്ച് സ്മരിച്ച് ധ്യാനിക്കുവിൻ. ഇത് ബ്രാഹ്മണനും താണജാതിക്കാരനും പുരുഷനും സ്ത്രീക്കും എല്ലാം കഴിയുന്നതാണ്. നിങ്ങൾ മറ്റു പ്രവൃത്തികളിൽ വ്യാപൃതരാണെങ്കിലും സായിയെ ഓർത്തുകൊണ്ടിരുന്നാൽ രക്ഷപ്പെട്ടു. ഇത് എളുപ്പവഴിയായിട്ടും എന്താണെല്ലാവരും അത് സ്വീകരിക്കാത്തത് ? കാരണം ദൈവാനുഗ്രഹമില്ലെങ്കിൽ കഥകേൾക്കാനും തോന്നില്ല എന്നതാണ്. ദൈവാനുഗ്രഹംകൊണ്ട് എല്ലാം സുഗമവും സുസാദ്ധ്യവുമാകുന്നു. ഋഷിമാരുടെ കഥാശ്രവണം ഒരുതരത്തിൽ അവരുടെ സംസർഗ്ഗമാണ്. ഋഷിമാരുടെ സമ്പർക്കം വളരെ പ്രധാനപ്പെട്ടതാണ്. അത് നിസ്സംഗത്വം വളർത്തി മോക്ഷത്തിലേക്ക് നയിക്കുന്നു. നാമോച്ചാരണം മുതലായ സാധനകളില്ലെങ്കിലും ഋഷിമാരിൽ അഭയം പ്രാപിച്ചാൽ അവർ നിങ്ങളെ നയിച്ചുകൊള്ളും. അതിനാണ് ഋഷിമാർ പ്രത്യക്ഷപ്പെടുന്നത്. ഗംഗാ, ഗോദാവരി, കാവേരി മുതലായ പുണ്യനദികൾ മറ്റുള്ളവരുടെ കളങ്കം കളഞ്ഞ് പരിശുദ്ധമാക്കുമ്പോൾ ഋഷിമാരുടെ പാദസ്പർശമേറ്റ് പരിശുദ്ധമാവാൻ ആഗ്രഹിക്കുകയാണ്. അതാണ് ഋഷിമാരുടെ മഹത്വം. ചിരകാലപുണ്യംകൊണ്ടാണ് നമുക്ക് സായിബാബയെ കിട്ടിയത്. സായിയുടെ ആകൃതിയെ ധ്യാനിച്ചു ഈ അദ്ധ്യായം അവസാനിപ്പിക്കുക. മസ്ജിദിന്റെ ഒരറ്റത്ത് സുന്ദരകളേബരനായ സായി നിലകൊള്ളുന്നതായും ഓരോ ഭക്തനും ക്ഷേമത്തിനായി ഉധി കൊടുക്കുന്നതായും ധ്യാനിച്ച് ലോകകാര്യങ്ങൾ ശ്രദ്ധിക്കാതെ

പരമാനന്ദസ്വരൂപിയായി നിലകൊള്ളുന്ന സായിബാബയുടെ മുന്നിൽ വിനയത്തോട്കൂടി ദീർഘദണ്ഡ നമസ്കാരം ചെയ്യുക.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ.




*സായി എന്ന സഗുണബ്രഹ്മം - ഡോക്ടർ പണ്ഡിറ്റിന്റെ ആരാധന - ഹാജീ സിദ്ധിഖ് ഫാൽക്കെ - പഞ്ചഭൂതങ്ങളിലുള്ള നിയന്ത്രണം.*

## സായി എന്ന സഗുണബ്രഹ്മം

ദൈവത്തിന് അഥവാ ബ്രഹ്മത്തിന് രണ്ട് ഭാവങ്ങളുണ്ട്. 1. നിർഗ്ഗുണം. 2. സഗുണം. നിർഗ്ഗുണം നിരാകാരവും സഗുണം സാകാരവുമാണ്. രണ്ടും ഒരേ ബ്രഹ്മത്തെ തന്നെയാണ് പ്രദിപാദിക്കുന്നത്. ചിലർ നിർഗ്ഗുണ ബ്രഹ്മവും മറ്റുചിലർ സഗുണബ്രഹ്മവും ഇഷ്ടപ്പെടുന്നു. ഗീതയിൽ പറഞ്ഞപോലെ സഗുണോപാസന എളുപ്പമാണ്. മനുഷ്യൻ സഗുണനായിരിക്കെ സഗുണോപാസന സുഗമമാണ്. സഗുണോപാസന പിന്നീട് നിർഗ്ഗുണ ബ്രഹ്മത്തിലേക്ക് നയിക്കുന്നു. അപ്പോൾ സഗുണോപാസന നടത്തുക. വിഗ്രഹം, പീഠം, അഗ്നി, വെളിച്ചം, സൂര്യൻ, ജലം, ബ്രഹ്മൻ എന്നീ ഏഴുപാധികളാണ് സഗുണോപാസനക്കുള്ളത്. അതിലും ഉപരി സദ്ഗുരുവിനെ ഉപാസിക്കലാണ്. ഈ അവസരം സായി രൂപം ഓർമ്മിക്കുക. ബാബയുടെ വാക്കിൽ വിശ്വാസവും ബാബയെ ആരാധിക്കാൻ ആഗ്രഹം ജനിക്കലും മറ്റാഗ്രഹങ്ങളെ

ഇല്ലാതാക്കലായി കണക്കാക്കുക. ഗംഗാജലം വഴിക്കുള്ള ജീവജാലങ്ങളെ രക്ഷിക്കുമ്പോലെയാണ് ഋഷിമാരുടെ ജീവിതവും. അവർ മറ്റുള്ളവർക്ക് ആശ്വാസം നൽകുന്നു. ഭഗവാൻ കൃഷ്ണൻ പറഞ്ഞു. ഋഷി എന്റെ ആത്മാവും രൂപവുമാണ്. ആനന്ദവിജ്ഞാനസ്ഥിതിഭാവമാണ് ഷിർദ്ദിയിൽ സായിബാബയായി അവതരിച്ചത്. തൈത്തരിയ ഉപനിഷദ്, ബ്രഹ്മനെ ആനന്ദമായി വിവരിക്കുന്നു. ഈ പുസ്തകത്തിൽ വായിക്കുന്ന കാര്യം ഭക്തന്മാർ സായിയിൽകൂടെ നേരിട്ടു കണ്ടു. ബാബക്ക് പ്രത്യേക ആസനമൊന്നുമില്ലായിരുന്നു. എന്നും ഉപയോഗിക്കുന്ന ചാക്കുകഷ്ണം ഭക്തന്മാർ ഒരു കിടക്കയാക്കി. ചാരിയിരിക്കാൻ ഒരു കുഷ്യനും വെച്ചുകൊടുത്തു. ബാബ ഭക്തന്മാരുടെ മനഃസ്ഥിതിയറിഞ്ഞു അവരെ യഥേഷ്ടം പൂജിക്കാനനുവദിച്ചു. ചിലർ ചാമരം വീശി, ചിലർ വാദ്യഘോഷം മുഴക്കി, ചിലർ അർഘ്യംകൊണ്ട് കാൽകഴുകിച്ചു, ചിലർ ചന്ദനവും സെന്റും പൂശിക്കൊടുത്തു. ചിലർ താംബൂലം നൽകി, ചിലർ നൈവേദ്യം നൽകി. ഷിർദ്ദിയിലാണെങ്കിലും ബാബ സർവ്വവ്യാപിയായിരുന്നു. ഇത് നിത്യം ഭക്തന്മാർക്ക് അനുഭവമായിരുന്നു. നാം ആ സദ്ഗുരുവിനെ ഭക്തിയോടെ നമസ്കരിക്കുക.

## ഡോക്ടർ പണ്ഡിറ്റിന്റെ ആരാധന

താത്ത്യാസാഹെബ്ബ് നൂൽക്കാറിന്റെ സ്നേഹിതൻ ഒരു ഡോക്ടർ പണ്ഡിറ്റ് ബാബാദർശനത്തിന് ഒരിക്കൽ ഷിർദ്ദിയിൽ വന്നു. ബാബയെ വന്ദിച്ചു. മസ്ജിദ്ദിൽ കുറച്ചിരുന്നു. അയാൾ ദാദാഭട്ട് കേൽക്കാറിന്റെ അടുക്കൽ ചെന്നപ്പോൾ വേണ്ടപോലെ സ്വീകരിച്ചു. പിന്നീട് ദാദാഭട്ട് പൂജക്ക് പോയപ്പോൾ ഡോക്ടർ പണ്ഡിറ്റ് കൂടെപോയി. ദാദാഭട്ട് ബാബയെ ആരാധിച്ചു. അന്നുവരെ ഒരാളും ബാബയുടെ നെറ്റിയിൽ ചന്ദനം പൂശാൻ ധൈര്യ

പ്പെട്ടിട്ടില്ല. മഹൽസാപതി മാത്രം കഴുത്തിൽ ചന്ദനം പൂശുമായിരുന്നു. ഡോക്ടർ പണ്ഡിറ്റ് ദാദാഭട്ടിന്റെ പൂജാസാമഗ്രികളിൽ നിന്ന് ചന്ദനം വാരിയെടുത്ത് ബാബയുടെ നെറ്റിയിൽ ത്രിപുണ്ഢ്രം വരച്ചു. അതിശയകരമാംവണ്ണം, ബാബ ഒന്നും പറഞ്ഞില്ല. അന്നു വൈകുന്നേരം ദാദാഭട്ട്, ബാബയോടിപ്രകാരം ചോദിച്ചു. ചന്ദനം നെറ്റിയിൽ പൂശാനനുവദിക്കാത്ത ബാബ ഡോക്ടർ പണ്ഡിറ്റിനെ എങ്ങിനെ അതിനനുവദിച്ചു ബാബ പറഞ്ഞു. എന്നെ അയാളുടെ ഗുരു, ദോപേശ്വരിലെ രഘുനാഥ് മഹരാജയാ (കാക്കാപുരാണിക്ക്) യിട്ടാണ് കണ്ടത്. അങ്ങിനെ അദ്ദേഹത്തിന്റെ നെറ്റിയിൽ പൂശുംപോലെ എന്റെ നെറ്റിയിൽ ചന്ദനം പൂശിയതാണ്. അങ്ങിനെ ഗുരുവിന് ചെയ്തപോലെ എന്റെ നെറ്റിയിൽ ത്രിപുണ്ഡം വരച്ചതാണ്.

ബാബ ഭക്തന്മാരെ യഥേഷ്ടം ആരാധിക്കാനനുവദിച്ചിരുന്നെങ്കിലും ചിലപ്പോൾ പ്രത്യേകതരത്തിൽ പെരുമാറുമായിരുന്നു. ചിലപ്പോൾ കോപിഷ്ഠനായി പൂജാസാമഗ്രികൾ വലിച്ചെറിയും. അപ്പോൾ ആർക്കും അടുക്കാൻ കഴിയില്ല. ഇടയ്ക്ക് ഭക്തന്മാരെ ചീത്ത പറയും. ഇടയ്ക്ക് വളരെ സൗമ്യനായി കാണും. കോപത്താൽ കണ്ണുചുവപ്പിച്ച് നിൽക്കുമെങ്കിലും ഉള്ളുകൊണ്ട് മാതൃനിർവ്വിശേഷമായ സ്നേഹമായിരിക്കും. ഉടനെ ഭക്തന്മാരെ വിളിച്ച് തനിക്ക് കോപം വന്നത് താനറിഞ്ഞില്ലെന്ന് പറയും. അമ്മ മക്കളെ ചവുട്ടിയാലും, സമുദ്രം പുഴയെ വിലക്കിയാലും താൻ ഭക്തന്മാരെ അകറ്റില്ലെന്നും പറയും. ബാബ എന്നും ഭക്തന്മാരുടെ സ്നേഹം ആർജ്ജിച്ചു.

## ഹാജി സിദ്ധിഖ് ഫാൽക്കെ

ബാബ എപ്പോഴാണ് ഒരു ഭക്തനെ അംഗീകരിക്കുക എന്ന് പറയാൻ കഴിയില്ല. ബാബയുടെ ഇഷ്ടമാണ്. സിദ്ധിഖിന്റെ കഥ

ഉദാഹരണമാണ് കല്യാണിൽ നിന്ന് സിദ്ധിഖ് ഫാൽക്കെ എന്നൊരാൾ ഹജ്ജു കർമ്മം കഴിഞ്ഞ് വരുമ്പോൾ ഷിർദ്ദിയിൽ വന്നു. അയാൾ ഒരു ചാവടിയിൽ താമസിച്ച് മസ്ജിദിൽ വന്ന് തുറന്നമുറ്റത്തിരുന്നു. ഒമ്പതുമാസത്തോളം ബാബ അയാളെ അവഗണിച്ച് മസ്ജിദിൽ കയറാൻ അനുവദിച്ചില്ല. ഫാൽക്കെ വളരെ ദുഃഖിതനായി, എന്തു ചെയ്യണമെന്നറിയാതെയായി. ആരോ അയാളോട് നിരാശനാവേണ്ടെന്നും മാധവറാവു ദേശ്പാണ്ഡെ മുഖാന്തരം (ശാമ) ബാബയെ സമീപിക്കാമെന്നും പറഞ്ഞു. ശിവനെ നന്ദി മുഖാന്തരം സമീപിക്കാവുന്നപോലെ ബാബയെയും ശാമ മുഖാന്തരം സമീപിക്കാമെന്നവർ പറഞ്ഞുകൊടുത്തു. ഫാൽക്കെ അതനുസരിച്ച് ശാമയോട് ഇടപെടാൻ അപേക്ഷിച്ചു. ശാമ സമ്മതിച്ച് സൗകര്യം കിട്ടിയപ്പോൾ ബാബയോടിപ്രകാരം അയാളെപ്പറ്റി പറഞ്ഞു. ബാബ! എന്താണ് ആ വയസ്സൻ ഹാജിയെ മസ്ജിദിൽ വരാൻ സമ്മതിക്കാത്തത്, പലരും അവിടുത്ത് കണ്ടുപോവുന്നില്ലേ? ഒന്നയാളെ അനുഗ്രഹിച്ചുകൂടെ? ബാബ പറഞ്ഞു. ശാമ! നീ ഇതൊക്കെ മനസ്സിലാക്കാൻ വളരെ ചെറുപ്പമാണ്. അള്ളാ എന്നെ അനുവദിക്കുന്നില്ല. ഞാനെന്തു ചെയ്യും. അള്ളാവിന്റെ സമ്മതമില്ലാതെ ആർക്കീ മസ്ജിദിൽ കയറാനാവും?. അയാളോട് ചോദിക്ക് അയാൾ വാർവികിണറിന്റെ അടുക്കലുള്ള ഇടുങ്ങിയ വഴിയിൽ വരുമോ എന്ന് ശാമപോയി വരാമെന്ന മറുപടിയും കൊണ്ട് മടങ്ങിയെത്തി. വീണ്ടും ബാബ പറഞ്ഞു. അയാളോട് എനിക്ക് നാലു ഗഡുക്കളായി നാല്പതിനായിരം ഉറുപ്പിക തരുമോ എന്ന് ചോദിക്കൂ. ശാമ പോയി മടങ്ങിവന്നു പറഞ്ഞു 40 ലക്ഷം തരുവാനും തയ്യാറാണെന്ന്. ബാബ ശാമയോട് വീണ്ടും പറഞ്ഞു. നാം ഒരു ആടിനെ മസ്ജിദിൽ വെച്ച് അറക്കാൻ പോകുന്നു അയാളോട് ചോദിക്കൂ, അയാൾക്ക് ഇറച്ചിയോ, കരളോ, മണിയോ എന്താണ് ഇഷ്ടമെന്ന്. ശാമ മടങ്ങിവന്ന് പറ





ഞ്ഞു, ഹാജിക്ക് ബാബയുടെ പാത്രത്തിൽ നിന്ന് എന്തെങ്കിലും ലേശം കിട്ടിയാൽ മതി. എന്ന്. ഇത് കേൾക്കേണ്ട താമസം ബാബ ആവേശഭരിതനായി പാത്രങ്ങളെല്ലാം തട്ടി നീക്കി ഹാജിയുടെ അടുത്തുചെന്ന് അയാളെ പിടിച്ചെഴുന്നേൽപിച്ച് പറഞ്ഞു. നീ എന്തിനാണ് വലിയ ആളും വലിയ ഹാജിയും യോഗ്യനുമാണെന്ന് അഹങ്കരിച്ചത്? ഖുറാനിൽ ഇതാണോ പറഞ്ഞത്? നീ മെക്കയിൽ പോയതിൽ വലിയ ആളാണെന്ന് വിചാരിക്കയാണല്ലെ? നീ എന്നെ അറിയില്ല. എന്നിങ്ങനെ ചീത്ത പറഞ്ഞു. ഹാജി അന്തംവിട്ടു പോയി, ബാബ മസ്ജിദിൽ മടങ്ങി വന്നു കുറച്ചു മാങ്ങ വാങ്ങി ഹാജിക്ക് അയച്ചുകൊടുത്തു. ബാബ വീണ്ടും ഹാജിയുടെ അടുക്കലേക്ക് ചെന്ന് സ്വന്തം പോക്കറ്റിൽ നിന്ന് 55 ക. എടുത്ത് ഹാജിയുടെ കൈയ്യിൽ കൊടുത്തു. അതിൽപിന്നെ ബാബക്ക് ഹാജിയെ ഇഷ്ടമായി ബാബ ഭക്ഷണത്തിന് വിളിച്ചു. പിന്നെ ഹാജി ഇഷ്ടപ്രകാരം മ്സജിദിൽ വരാൻ തുടങ്ങി. ഇടക്ക് അയാൾക്ക് ബാബ പണം കൊടുക്കും. അങ്ങനെ ഹാജി ബാബയുടെ ദർബാറിലെ ഒരംഗമായിത്തീർന്നു.

## ബാബക്ക് പഞ്ചഭൂതങ്ങളിലുള്ള നിയന്ത്രണം

ബാബക്ക് പഞ്ചഭൂതങ്ങളിലുള്ള നിയന്ത്രണത്തിന് രണ്ടുദാഹരണങ്ങൾ പറഞ്ഞ് ഈ അദ്ധ്യായം അവസാനിപ്പിക്കാം. 1) ഒരു വൈകുന്നേരം ഷിർദ്ദിയിൽ വമ്പിച്ച കൊടുങ്കാറ്റുണ്ടായി, ആകാശം കാർമേഘംകൊണ്ട് ഇരുളടഞ്ഞു. ഭയങ്കരമായ കാറ്റും ഇടിയും മിന്നലും ഘോര മഴയുമുണ്ടായി. കുറച്ചു സമയംകൊണ്ട് അവിടെ മുഴുവൻ ജലപ്രളയമായി. എല്ലാ ജീവജാലങ്ങളും മനുഷ്യരും ഭയന്ന് മസ്ജിദിൽ അഭയംപ്രാപിച്ചു. ഷിർദ്ദിയിൽ പലദേവന്മാരും അവരെ സഹായിച്ചില്ല. അവരെല്ലാവരും ബാബയോട് കൊടുങ്കാറ്റും മഴയും ശമിപ്പിക്കാൻ പ്രാർത്ഥിച്ചു. ബാബ മസ്ജി





ദിന്ന് പുറത്തുവന്ന് കൊടുങ്കാറ്റിനോട് ഇടിവെട്ടുംപോലെ കൽപി ച്ചു. നിർത്ത്, നിർത്ത് നിന്റെ കോപം അടങ്ങ് നിമിഷനേരംകൊണ്ട് കൊടുങ്കാറ്റും മഴയും നിലച്ചു. ചന്ദ്രൻ ആകാശത്തിലുദിച്ചു. ജനങ്ങൽ സന്തുഷ്ടരായി 2) മറ്റൊരവസരത്തിൽ ഉച്ചക്ക് ധുനി ആളിക്കത്താൻ തുടങ്ങി. ജ്വാല മേല്പുരവരെ എത്തി. മസ്ജിദി ലുള്ളവർക്ക് എന്തുവേണമെന്നറിയാതെയായി. അവർ ബാബ യോട് പറയാനോ, വെള്ളം ഒഴിക്കാനോ എന്തെങ്കിലും ചെയ്യാനോ ധൈര്യപ്പെട്ടില്ല. ബാബ ഉടനെ സംഗതി അറിഞ്ഞു. ബാബ വടി (സത്ക) എടുത്ത് തൂണിൽകൊട്ടി പറഞ്ഞു. താഴോട്ട് - ശാന്തം എന്ന്. ഓരോ തട്ട് വടികൊണ്ടടിക്കുമ്പോൾ തീനാളം താണ്താണ് നിമിഷങ്ങൾകൊണ്ട് തീയടങ്ങി സാധാരണ മട്ടിലായി. ഇതാണ് സായി എന്ന അവതാരം. ആർ സാഷ്ടാംഗം നമസ്കരിച്ചു ആത്മാർപ്പണം ചെയ്യുന്നുവോ അവരെ ബാബ അനുഗ്രഹിക്കും. ഈ അദ്ധ്യായത്തിലെ കഥകൾ യാതൊരാൾ വിശ്വാസത്തോടും ഭക്തിയോടും ദിവസംതോറും വായിക്കുന്നുവോ, അവർ എല്ലാ ആപത്തിൽനിന്നും രക്ഷപ്പെടും. അതുമാത്രമല്ല സായി പ്രേമം തെളിഞ്ഞ് ദൈവസാക്ഷാല്ക്കാരം അനുഭവിക്കും. എല്ലാ ആഗ്ര ഹങ്ങളും നിറവേറും. പിന്നീട് ആഗ്രഹങ്ങളില്ലാതായി പരമാത്മാ വിൽ ലയിക്കുകയും ചെയ്യും.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!

# അദ്ധ്യായം - 12



*സായിലീലകൾ - 1. കാക്കാമഹാജനി. 2. ധൂമാലിലെ വക്കീൽ 3. മിസ്സിസ്സ് നിമോൻകാർ 4. മുലായ്ശാസ്ത്രി 5. ഒരു ഡോക്ടർ ഇവരുടെ അനുഭവകഥകൾ.*

*ഈ അദ്ധ്യായത്തിൽ ഭക്തന്മാരെ ബാബ എങ്ങിനെ സ്വീകരിച്ചു പെരുമാറി എന്നു പരിശോധിക്കാം.*

## ഋഷിമാരുടെ പ്രവർത്തനങ്ങൾ

മുൻ അദ്ധ്യായങ്ങളിൽ ദൈവാവതാരം സൽകൃത്തുകളെ രക്ഷിക്കാനും ദുഷ്കൃതരെ നശിപ്പിക്കാനുമാണെന്നു പറഞ്ഞുവല്ലോ. ഋഷിമാരുടെ അവതരണോദ്ദേശം മറ്റൊന്നാണ്. അവർക്ക് നല്ലതും ചീത്തയും ഒരുപോലെയാണ്. ആദ്യം ദുഷ്കൃതരെപ്പറ്റി ചിന്തിച്ച് അവരെ നേർവഴിക്ക് കൊണ്ടുവരുന്നു. ഭവസാഗരം കുടിച്ചു വറ്റിക്കുന്ന അഗസ്ത്യരും അജ്ഞാനാന്ധകാരം നീക്കുന്ന സൂര്യനും എല്ലാ അവരാണ്. ഭഗവാൻ ഋഷിമാരിൽ കുടികൊള്ളുന്നു. യഥാർത്ഥത്തിൽ അവർ ഭഗവാനിൽ വ്യത്യസ്ഥമല്ല. നമ്മുടെ സായി അത്തരത്തിലുള്ള ഒരു മഹൽ ശക്തി, ഭക്തന്മാരുടെ രക്ഷക്കുവേണ്ടി അവതരിച്ചതാണ്. അപാരജ്ഞാനവും

ദൈവീക പ്രഭാവലയവുമുള്ള സായിബാബ സകല ജീവജാല ങ്ങളെയും സ്നേഹിച്ചു. ബാബ നിസ്സംഗനായിരുന്നു. ശത്രുവും മിത്രവും രാജാക്കന്മാരും ഭിക്ഷക്കാരും ബാബക്കൊരുപോലെയാ യിരുന്നു. ബാബയുടെ കഴിവുകളെ കേൾക്കുക. ഭക്തന്മാർക്കു വേണ്ടി എല്ലാ കഴിവുകളും ഉപയോഗിച്ച് ബാബ ജാഗരൂകനാ യി, അവരെ സഹായിച്ചു. എങ്കിലും ബാബ സ്വീകരിക്കാൻ തയ്യാ റായില്ലെങ്കിൽ ഒരു ഭക്തനും അങ്ങോട്ടടുക്കാൻ കഴിയുമായിരു ന്നില്ല. അവരുടെ ഊഴം വരുന്നതുവരെ ബാബ അവരെ ശ്രദ്ധി ക്കുകയോ ബാബയുടെ ലീലയെപ്പറ്റി അവർ കേൾക്കുകയോ ചെയ്യില്ല. പിന്നെ എങ്ങിനെയാണവർക്ക് ബാബയെ കാണാൻ സാധിക്കുന്നത്.? ചിലർ ബാബയെ കാണാനാഗ്രഹിച്ചിട്ടും മഹാ സമാധിവരേക്കും അതിന്ന് തരപ്പെട്ടില്ല. അങ്ങിനെ പലർക്കും കാണാൻ സാദ്ധ്യപ്പെടാതെ വന്നു. അവർ ഈ ലീലകളിൽ ശ്രദ്ധി ച്ചാൽ ദർശനമാകുന്ന പാലു നുകരുന്നതിന്നു പകരം ലീലാശ്ര വണമാകുന്ന തൈരുകൊണ്ടെങ്കിലും ഏറെക്കുറെ തൃപ്തരാവാം. ആരെങ്കിലും യാദൃച്ഛയാ ഭാഗ്യവശാൽ അവിടെ ചെന്ന് ബാബയെ കണ്ടാൽ അവർക്കവിടെ കൂടാൻ കഴിഞ്ഞിരുന്നുവോ? ഒരിക്കലു മില്ല. ആർക്കും സ്വേച്ഛയാ അവിടെ പോവാനോ, അവിടെ ദീർഘ കാലം താമസിക്കാനോ കഴിഞ്ഞിരുന്നില്ല. ബാബ അനുവദിക്കു ന്നതുവരെ അവിടെ നിൽക്കാം. ബാബ പോവാൻ പറഞ്ഞാൽ പൊയ്ക്കൊള്ളണം. അങ്ങിനെയെല്ലാം ബാബയുടെ ഇച്ഛാനുസ രണം മാത്രം നടക്കും.

## കാക്കാ മഹാജനി

ഒരിക്കൽ ബോമ്പെയിൽനിന്ന് കാക്കാ മഹാജനി ഷിർദ്ദി യിൽപോയി. അയാൾക്കവിടെ ഒരാഴ്ച നിന്ന് ഗോകുലാഷ്ടമി ഉത്സവം കാണണമെന്നുണ്ടായിരുന്നു. ബാബായെ കണ്ട ഉടനെ

ബാബ ചോദിച്ചു. എപ്പോഴാണ് വീട്ടിലേക്കു മടങ്ങുന്നത്.? അയാൾ അമ്പരന്നു ഇങ്ങനെ പറഞ്ഞു. ബാബ സമ്മതം തരുമ്പോൾ ബാബ പറഞ്ഞു. നാളെ പോവാം. ബാബയുടെ വാക്ക് നിയമമാണ്.അനുസരിക്കുകയും വേണം. അയാൾ മടങ്ങി ഓഫീസിൽ പോയപ്പോൾ അയാളുടെ മുതലാളി അയാളെ കാത്തിരിക്കുന്നതായിട്ടാണ് കണ്ടത്. അയാളുടെ മാനേജർക്ക് സുഖക്കേടായതിനാൽ കാക്കാമഹാജനിക്ക് ചാർജ് എടുക്കേണ്ടതുമായിരുന്നു. മുതലാളി കാക്കക്ക് ഒരു കത്ത് ഷിർദ്ദിയിലേക്കയച്ചത് മടങ്ങിവന്നു.

## ഭാവുസാഹെബ് ധൂമാൽ

മറ്റൊരുതരം കഥ കേൾക്കാം. ഭാവുസാഹേബ് ധൂമാൽ ഒരു കേസ്സാവശ്യമായി നീഫാഡിലേക്ക് പോകുകയായിരുന്നു. വഴിക്ക് അയാൾ ഷിർദ്ദിയിൽ വന്നു. ബാബയെ ദർശിച്ച് ഉടനെ കേസ്സിന് പോവാനാണ് ഉദ്ദേശം. ബാബ പോവാനനുവദിച്ചില്ല. ഒരാഴ്ചയിലധികം അയാളെ ബാബ ഷിർദ്ദിയിൽ നിർത്തി. ഈ സമയം നിഫാഡിലെ മജിസ്ട്രേട്ട് കഠിനമായ വയറ്റിൽവേദന കാരണം കേസ്സ് നീട്ടിവെച്ചിരുന്നു. പിന്നീട് ധൂമാലിനോട് കേസ്സിന് പോയ്ക്കൊള്ളാൻ അനുവാദവും കൊടുത്തു. അത് കുറച്ചു കാലം നടക്കുകയും നാലു മജിസ്ട്രേട്ടുമാർ മാറിമാറി വന്ന് വിചാരണ ചെയ്യുകയും ചെയ്തു. ഒടുക്കം ധൂമാൽ കേസ്സ് ജയിച്ച് കക്ഷിയെ വിടുവിച്ചു.

## മിസിസ് നിമോംകാർ

നിമോണിലെ വാട്ടൻദാറും ഹോണററി മജിസ്ട്രേട്ടുമായ നിമോൻകാർ ഭാര്യയോടുകൂടി വന്നു ഷിർദ്ദിയിൽ താമസിച്ചിരുന്നു. അവർ രണ്ടുപേരും അധികസമയവും മസ്ജിദിൽ ബാബയെ പരിചരിച്ചിരിക്കും. അവരുടെ മകന് ബേലാപ്പൂ

രിൽവെച്ച് സുഖമില്ലെന്നറിഞ്ഞ് മിസ്സിസ്സ് നിമോൻകാർ ബാബ യുടെ അനുമതിയോടുകൂടി അവിടെപോയി കുറച്ചു ദിവസം നിൽക്കാൻ തീരുമാനിച്ചു. നാനാസാഹിബ് അവരോട് പിറ്റേന്ന് തന്നെ മടങ്ങി വരാൻ പറഞ്ഞു. അവരാകെ വിഷമിച്ചു എന്തു വേണമെന്നറിയാതെയായപ്പോൾ ബാബ അവരുടെ സഹായത്തി നെത്തി. ഷിർദ്ദിയിൽ നിന്ന് പോവാൻ പുറപ്പെട്ട് അവർ ബാബയെ നമസ്കരിച്ചുപോവാൻ അനുവാദം ചോദിച്ചു. ബാബ പറഞ്ഞു. സമാധാനമായി വേഗം പൊയ്ക്കൊള്ളൂ. നാലു ദിവസം ബേലാപ്പൂരിൽ താമസിച്ചോളൂ. എല്ലാ ബന്ധുക്കളേയും കണ്ട് ഷിർദ്ദിയിലേക്ക് മടങ്ങിയാൽ മതി. എത്രമാത്രം അവസരോചിത മായിരുന്നു ബാബയുടെ വാക്കുകൾ!1 നാനാസാഹിബിന്റെ തീരു മാനം ബാബയുടെ വാക്കുകളാൽ റദ്ദായിപ്പോയി.

## നാസിക്കിലെ മൂലായ് ശാസ്ത്രി

ഒരു യഥാസ്ഥിതിക അഗ്നിഹോത്രബ്രാഹ്മണനും, ആറുശാ സ്ത്രങ്ങളും, ജ്യോതിഷവും നല്ലപോലെ പഠിച്ച ആളുമായ നാസി ക്കിലെ മൂലായ് ശാസ്ത്രി ഒരിക്കൽ ഷിർദ്ദിയിലേക്ക് നാഗരപ്പൂ രിലെ കോടീശ്വരനായ ബാപ്പു സാഹെബ ഭൂട്ടിയെ കാണാനായി വന്നു. അവർ തമ്മിൽ കണ്ടശേഷം അവർ ബാബയെ ദർശിക്കാൻ മസ്ജിദിലേക്കു പോയി. ബാബ പലതരം പഴങ്ങളും കച്ചവടക്കാ രോട് വാങ്ങി മസ്ജിദിൽ കൂടിയവർക്ക് കൊടുക്കാറുണ്ട്. ബാബ ചിലപ്പോൾ മാമ്പഴം നല്ലപോലെ പതപ്പിച്ച് കൊടുത്താൽ ഒറ്റവ ലിക്ക് മുഴുവൻ കഴമ്പും കഴിച്ച് തോലും അണ്ടിയും വലിച്ചെറി യാം. അത്രക്ക് വിദഗ്ദ്ധമായി ബാബ മാമ്പഴം പതപ്പിക്കും. പഴം തോലുരിച്ച് ഭക്തന്മാർക്ക് കൊടുത്ത് തോൽ ബാബ സ്വന്തമാവ ശ്യത്തിനെടുക്കും. മുലായ്ശാസ്ത്രി ഹസ്തരേഖാ ശാസ്ത്രജ്ഞാ നായതിനാൽ ബാബയുടെ കയ്യ് നോക്കാൻ അനുവാദം ചോദി

ച്ചു. ബാബ അതിൽ ശ്രദ്ധിക്കാതെ അയാൾക്ക് നാലു വാഴപ്പഴങ്ങൾ കൊടുത്തു. പിന്നെ അവർ വാഡയിലേക്കു മടങ്ങി. മൂലായ്ശാസ്ത്രി കുളിച്ച് പരിശുദ്ധവസ്ത്രം ധരിച്ച് അഗ്നിഹോത്രം മുതലായ ദിനചര്യക്കിരുന്നു. അപ്പോൾ ബാബ ലെണ്ടിതോട്ടത്തിലേക്ക് പുറപ്പാടായി. ബാബ പറഞ്ഞു. കുറച്ച് കാവി എടുത്തോളു. ഇന്നു നാം കാവി വസ്ത്രം ധരിക്കാൻ പോകുന്നു. ബാബ എന്താണുദ്ദേശിച്ചതെന്ന് ആർക്കും മനസ്സിലായില്ല. കുറച്ച് കഴിഞ്ഞ് ബാബ മടങ്ങി വരികയും മദ്ധ്യാഹ്ന ആരതിക്ക് ഏർപ്പാടു തുടങ്ങുകയും ചെയ്തു. ബാപ്പുസാഹെബ് ജോഗ്, മൂലായ് ശാസ്ത്രിയോട് ആരതിക്കു വരുന്നുണ്ടോ എന്നു ചോദിച്ചു. അയാൾ ബാബയെ വൈകുന്നേരം കാണാമെന്നും പറഞ്ഞു. ബാബ ആസനത്തിലിരുന്നു ആരതിയും നടത്തി. ബാബ പറഞ്ഞു ആ നാസിക്ക് ബ്രാഹ്മണനോട് കുറച്ചു ദക്ഷിണവാങ്ങി കൊണ്ടുവരൂ. ഭൂട്ടിതന്നെ ദക്ഷിണ വാങ്ങാൻ പോയി. അയാൾ ബാബയുടെ സന്ദേശം പറഞ്ഞപ്പോൾ ശാസ്ത്രി അന്തംവിട്ടു പോയി. അയാൾ കരുതി ഞാൻ ഒരു പരിശുദ്ധ അഗ്നിഹോത്ര ബ്രാഹ്മണനായിരിക്കെ എന്തിന് ദക്ഷിണ കൊടുക്കണം? ബാബ മഹാനായിരിക്കാം. ഞാൻ ബാബയുടെ ആശ്രിതനൊന്നുമല്ലല്ലോ. പക്ഷെ ഒരു മഹാസിദ്ധൻ കോടീശ്വരനെ അയച്ച് ദക്ഷിണ ചോദിച്ചതുകൊണ്ട് കൊടുക്കാതിരിക്കാനും വയ്യ. അതുകൊണ്ട് ദിനചര്യ മുഴുമിക്കാതെ ഭൂട്ടിയോട്കൂടി അയാൾ മസ്ജിദിലേക്ക് പുറപ്പെട്ടു. അയാൾ സ്വയമേ പരിശുദ്ധനും പുണ്യവാനുമാണെന്നും പള്ളി മോശസ്ഥലമാണെന്നും കരുതി അയാൾ ദൂരെ നിന്ന് ബാബക്ക് പൂ അർപ്പിച്ചു. അതിശയമെന്നു പറയട്ടെ അയാൾ അപ്പോൾ കണ്ടത് ബാബയെ അല്ല. സ്വന്തം ഗുരു ഘോലാപ് സ്വാമിയെയാണ്. അയാൾഅതിശയിച്ചു. സ്വപ്നമായിരിക്കുമോ? അല്ല. സ്വപ്നമല്ല. പിന്നെ എങ്ങിനെ സമാധിയായ ഘോലാപ്സ്വാമി ഇവിടെ?

അയാൾ സ്തബ്ദ്ധനായി. അയാൾ സ്വപ്നമല്ലെന്ന് പരിശോധി ക്കാൻ ദേഹത്ത് നുള്ളിനോക്കി. അന്തരിച്ച ഗുരു ഇവിടെയോ? പള്ളിയിൽ ഒടുക്കം അയാൾഓടിച്ചെന്ന് നമസ്കരിച്ചു. കൈകെട്ടി നിന്നു ബാക്കിപേർആരതി പാടുമ്പോൾ മുലായ്ശാസ്ത്രി ഗുരു വിന്റെ പേർ ഉറക്കെ ഉച്ചരിച്ചു. പിന്നീട് അയാളുടെ മഹത്വവും ജാതിക്കുശുമ്പും എല്ലാം ഉപേക്ഷിച്ച് ഗുരുവിന്റെ പാദത്തിൽ വീണുരുണ്ട് കണ്ണുമടച്ചു കിടന്നു. പിന്നീട് എണീറ്റ് കണ്ണുതുറ ന്നപ്പോൾ ബാബ ദക്ഷിണ ചോദിക്കുന്നതാണ് കണ്ടത്. ബാബ യുടെ അതിമാനുഷത്ത്വവും ആനന്ദസ്വരൂപവും കണ്ട് അയാൾ തന്നത്താൻ മറന്നു. അയാൾ ആനന്ദാശ്രുക്കൾ പൊഴിച്ചു. ബാബയെ വീണ്ടും വീണ്ടും വണങ്ങി ദക്ഷിണ കൊടത്തു. അയാ ളുടെ സംശയം നീങ്ങിയതായും സ്വന്തം ഗുരുവെ കണ്ടതായും അയാൾ പറഞ്ഞു. ഈ ലീലകണ്ട് എല്ലാവരും മുലായ് ശാസ്ത്രി യോടൊപ്പം അതിശയിച്ചു. ഇതാണ് ബാബ കാവിവസ്ത്രം ധരി ക്കാൻ പോവുന്നു എന്ന് പറഞ്ഞതിന്റെ അർത്ഥം. ധോലാപ്സ്വാമി കാവി വസ്ത്രധാരിയായിരുന്നു. ഇത്തരമാണ് ബാബയുടെ അതി ശയ ലീലകൾ.

## ഒരു ഡോക്ടർ

ഒരിക്കൽ ഒരു മംലത്തദാർ അയാളുടെ ഡോക്ടർ സ്നേഹി തനോടുകൂടി ഷിർദ്ദിയിൽ വന്നു. ഡോക്ടർ അയാളുടെ ഇഷ്ട ദേവത രാമനാണെന്നും ഒരു മുഹമ്മദീയനെ കുമ്പിടില്ലെന്നും അതുകൊണ്ട് താൻ ഷിർദ്ദിക്ക് വരുന്നില്ലെന്നും പറഞ്ഞു. മംല ത്ത്ദാർ, അതിന്ന്, അയാളെ ആരും നമസ്ക്കരിക്കാൻ നിർബ ന്ധിക്കില്ലെന്ന് പറഞ്ഞ് സമാധാനിപ്പിച്ചു. അയാളെ തുണക്കു വേണ്ടി മാത്രം എന്ന നിലയിൽ കൂട്ടികൊണ്ടു പോയി. ഷിർദ്ദിയി ലെത്തി അവർ ബാബാ ദർശനത്തിന് ചെന്നു. എല്ലാവർക്കും

അതിശയകരമാംവിധം ഡോക്ടർ മുന്നിൽ ഓടിച്ചെന്ന് ബാബയെ നമസ്കരിക്കുന്നുണ്ട്! അവർ എന്താണ് അയാളുടെ തീരുമാനം ലംഘിച്ച് ഒരു മുസൽമാനെ നമസ്കരിച്ചത് എന്നു ചോദിച്ചു. ഡോക്ടർ പറഞ്ഞു. ഞാനെന്റ് ഇഷ്ടദേവത രാമനാണിവിടെ ഇരിക്കുന്നതായി കണ്ടത്. അതുകൊണ്ട് ഞാൻ നമസ്കരിച്ചു! ഇതു പറഞ്ഞുകൊണ്ടിരിക്കെ അയാൾ ബാബയെ തന്നെ വീണ്ടും കണ്ടു. ഡോക്ടർ അന്തംവിട്ട് പറഞ്ഞു. ഇതു സ്വപ്നമാണോ! ബാബ മുഹമ്മദീയനൊന്നുമല്ല. ഒരു മഹായോഗസമ്പന്ന അവതാരമാണ്. അടുത്തദിവസം അയാൾ വ്രതമെടുത്ത് നിരാഹാരം അനുഷ്ഠിച്ചു ബാബ അനുഗ്രഹിക്കുന്നതുവരെ മസ്ജിദിൽ പോവില്ലെന്നു തീരുമാനിച്ചു. 3 ദിവസം അങ്ങിനെ പോയി. 4-ാം ദിവസം അയാളുടെ അടുത്ത സുഹൃത്തായ ഖാണ്ടേശ്കാരനൊരാളുമായി അയാൾ മസ്ജിദിൽ പോയി. നമസ്കരിച്ചു കഴിഞ്ഞപ്പോൾ ബാബ ചോദിച്ചു. എന്താ ആരും വിളിക്കാൻ വന്നില്ലല്ലോ? പിന്നെ എന്തിനു വന്നു? ഇതുകേട്ട് ഡോക്ടർ വിസ്മയിച്ചുപോയി. അന്നു രാത്രി ഉറക്കത്തിൽ ബാബ അയാളെ സമീപിച്ച് അനുഗ്രഹിച്ചതായി സ്വപ്നം കിട്ടി. പിന്നീട് നാട്ടിൽ പോയിട്ടും പതിന്നാലു രാത്രികളിൽ ഇതേ അനുഭവമുണ്ടായി. അങ്ങിനെ അയാൾ സായിബാബയുടെ ഒരു മഹാഭക്തനായി. ഈ കഥകളുടെ, പ്രത്യേകിച്ച് മുലായ് ശാസ്ത്രിയുടെ കഥയുടെ, തത്വം നമുക്ക് ഗുരുവിൽ ഉറച്ച വിശ്വാസം വേണമെന്നാണ്. അടുത്ത അദ്ധ്യായത്തിൽ കൂടുതൽ ലീലകളെപ്പറ്റി പ്രതിപാദിക്കാം.

ശ്രീ സായിയെ നമിക്കുവിൻ ലോകശാന്തി ഭവിക്കട്ടെ!

# അദ്ധ്യായം - 13



*കൂടുതൽ സായിലീലകൾ -സുഖക്കേടുകൾ മാറ്റി - 1. ഭീമാജി പട്ടേൽ 2. ബാലഷിംപി - 3. ബാബുസാഹെബ് ഭൂട്ടി - 4. അലൻദി സ്വാമി - 5. കാക്കാ മഹാജനി - ഹർദ്ദയിലെ ദത്തോപാന്ത്.*

## മായയുടെ അചിന്ത്യശക്തി

ബാബയുടെ വാക്കുകൾ ഹ്രസ്വവും, ഋജുവും അർത്ഥവത്തും, അഗാധവും, സുശക്തവും കൃത്യവുമായിരുന്നു. ബാബ സദാ തൃപ്തനും ഒന്നിലും താൽപര്യമില്ലാത്ത ദേഹവുമായിരുന്നു. ബാബ പറയും ഞാൻ ഫക്കീറായിയെങ്കിലും ഭാര്യേയോ വീടോ ഇല്ലെങ്കിലും എല്ലാം പരിത്യജിച്ച് ഒരു സ്ഥലത്ത് ഇരിക്കയാണെങ്കിലും ഒഴിയാത്ത മായ എന്നെ അലട്ടിക്കൊണ്ടിരിക്കുന്നു. ഞാനെന്നെ മറന്നാലും മായയെ മറക്കാൻ കഴിയുന്നില്ല. അവളെപ്പോഴും എന്നെ ആവരണം ചെയ്യുന്നു. ഈ വിഷ്ണുമായ ബ്രഹ്മാവിനെയും മറ്റു ദേവന്മാരെയും വലയ്ക്കുന്നതാണ്. പിന്നെയാണോ എന്നെപ്പോലുള്ള ഒരു സാധു ഫക്കീറിനെ! ഭഗവാനിൽ അഭയം തേടുന്നവർക്ക് അവളുടെ പിടിയിൽ നിന്നും

മോചനം ലഭിക്കും. ഇത്തരത്തിലാണ് ബാബ മായയെപറ്റി പറഞ്ഞത്. ഉദ്ധവനോട് ശ്രീകൃഷ്ണൻ പറഞ്ഞു: ഋഷിമാർ എന്റെ ജീവിക്കുന്ന രൂപങ്ങളാണ്. ബാബ ഭക്തന്മാർക്കുവേണ്ടി പറഞ്ഞതെന്തെന്ന് നോക്കൂ. ഭാഗ്യവാന്മാരും ദുർവ്വാസന ത്യജിച്ചവരും എന്റെ ആരാധനയിൽ വ്യാപൃതരാവുന്നു. നിങ്ങൾ സദാ സായി സായി എന്നു ജപിച്ചാൽ ഞാൻ സപ്തസാഗരങ്ങളും കടത്തിവിടാം. ഈ വാക്കുകളിൽ വിശ്വസിക്കുക! അതുകൊണ്ട നിങ്ങൾക്ക് നേട്ടമേ ഉണ്ടാവൂ എന്നെ ആരാധിക്കാൻ യാതൊരു ഒരുക്കങ്ങളും ആവശ്യില്ല. (8. കൂട്ടം 16 കൂട്ടം ഒരുക്കങ്ങൾ) എവിടെ പരിപൂർണ്ണ ഭക്തിയുണ്ടോ അവിടെ ഞാൻ വിശ്രമിക്കുന്നു. ഇനി സായിക്ക് അർപ്പിക്കപ്പെട്ടവർക്ക് സായി എന്തു ചെയ്തു എന്ന് വായിക്കുവിൻ.

## ഭീമാജിപട്ടീൽ

പൂനാ ഡിസ്ട്രിക്ടിൽ ജുംനാർ താലൂക്കിലെ നാരായണൻഗാവോൺ എന്ന സ്ഥലത്തെ ഭീമാജിപട്ടീൽ എന്നൊരാൾ 1908-ൽ കഠിനവും മാറാത്തതുമായ നെഞ്ചുവേദന അനുഭവിച്ചു. ഒടുവിൽ അത് ക്ഷയമായി മാറി പല ചികിത്സകളും ചെയ്തിട്ടും ഒരു ഭേദവുമുണ്ടായില്ല. എല്ലാ ആശയും നഷ്ടപ്പെട്ട് ദൈവത്തെ മാത്രം ഭജിക്കാൻ തുടങ്ങി. പ്രഭോ നാരായണാ! രക്ഷിക്കണെ എന്ന്. കാലം നന്നാവുമ്പോൾ ദൈവത്തെ ഓർമ്മിക്കില്ലെങ്കിലും കഷ്ടകാലത്ത് ദൈവത്തെ വിളിക്കൽ പതിവാണല്ലോ. അങ്ങനെ ഭീമാജി ഈശ്വരഭജനം തുടങ്ങി. അയാൾ ബാബാ ഭക്തനായ നാനാസാഹെബ് ചന്ദോർക്കറെ കണ്ടു. ഇതിനെപ്പറ്റി ചോദിക്കാൻ ആലോചിച്ചു. അങ്ങനെ സുഖക്കേടിന്റെ എല്ലാ വിവരവും ഉൾക്കൊള്ളിച്ച് ചന്ദോർക്കർക്ക് അയാൾ ഒരു കത്തെഴുതി, അഭിപ്രായം ആരാഞ്ഞു. അതിന്നു മറുപടിയായി ഇനി ബബയുടെ കാൽക്കൽ ശരണം പ്രാപിക്കലല്ലാതെ വേറെ വഴിയില്ലെന്ന്

എഴുത്തും കിട്ടി. നാനാസാഹെബിന്റെ നിർദ്ദേശാനുസരണം ഷിർദ്ദിക്ക് പോവാനൊരുങ്ങി. അയാളെ ഷിർദ്ദിക്ക് കൊണ്ടുവന്ന് എടുത്ത് ബാബയുടെ മുന്നിൽകൊണ്ടു വന്നു വെച്ചു. നാനാ സാഹെബും ശാമയും അന്നേരം അവിടെയുണ്ടായിരുന്നു. ബാബ അത് പൂർവ്വകർമ്മ ഫലമാണെന്ന് പറഞ്ഞ് ആദ്യം ഇടപെടാൻ വിസമ്മതിച്ചു. അപ്പോൾ രോഗി, നിരാശയോടെ മറ്റാരും ശരണ മില്ലെന്നും, ദയകാണിക്കണമെന്നും പറഞ്ഞ് കരയാൻ തുടങ്ങി. ബാബയുടെ ഹൃദയം അലിഞ്ഞു. നിൽക്കൂ നിരാശപ്പെടേണ്ട, നിന്റെ കഷ്ടം അവസാനിച്ചിരിക്കുന്നു. എത്രമാത്രം കഷ്ടത്തിലും കുഴപ്പത്തിലുമായാലും ഒരുത്തൻ ഈ മസ്ജിദിൽ കാലുവെച്ചാൽ പിന്നെ അവർ സന്തോഷത്തിലേക്ക് നീങ്ങുകയായി. ഇവിടുത്തെ ഫക്കീർ ദയാലുവാണ്. അദ്ദേഹം എല്ലാ സുഖക്കേടും മാറ്റി എല്ലാ വരേയും പ്രേമത്തോടും ദയയോടുംകൂടി സംരക്ഷിക്കും. എന്നു പറഞ്ഞു. അയ്യഞ്ചു മിനിട്ടു കൂടുമ്പോൾ രോഗി രക്തം ഛർദ്ദിച്ചി രുന്നു. പക്ഷെ ബാബയുടെ മുന്നിൽ അയാൾ ഛർദ്ദിച്ചില്ല. ബാബ ദയാദാക്ഷിണ്യത്തോടെ ഈ വാക്കുകൾ പറഞ്ഞതോടുകൂടി രോഗം താഴാൻ തുടങ്ങി. ബാബ അയാളോട് ഭീമാബായിയുടെ വീട്ടിൽ താമസിക്കാൻ പറഞ്ഞു. അത് സൗകര്യമോ ആരോഗ്യമോ ആയ വീടായിരുന്നില്ലെങ്കിലും ബാബയുടെ വാക്ക് അനുസരിച്ചേ തീരൂ. അയാൾ അവിടെ താമസിയ്ക്കെ രണ്ടു സ്വപ്നാനുഭവങ്ങ ളെക്കൊണ്ട് ബാബ അയാളുടെ സുഖക്കേട് മാറ്റി. ഒരു സ്വപ്ന ത്തിൽ അയാൾ ഒരു കുട്ടിയായിരിക്കെ ക്ലാസിൽ പാഠമാല ചൊല്ലാ ത്തതിന് അദ്ധ്യാപകന്റെ കയ്യിൽനിന്ന് കഠിനമായ ദണ്ഡനം കിട്ടി യതായി കണ്ടു. രണ്ടാമത്തെ സ്വപ്നത്തിൽ ആരോ ഒരാൾ ഭാര മേറിയ ഒരു കല്ല് നെഞ്ഞത്തിട്ടുരുട്ടി അതിയായ ദണ്ഡനം അനു ഭവിച്ചതായും കണ്ടു. ഈ രണ്ട് സ്വപ്നാനുഭവങ്ങളെക്കൊണ്ടു ണ്ടായ വേദനകൊണ്ട് അയാളുടെ സുഖക്കേട് മുഴുവൻ മാറി. അയാൾ ആരോഗ്യവാനായി വീട്ടിലേക്കു മടങ്ങി. അയാൾ കൂടേ

ക്കൂടെ ഷിർദ്ദിയിൽ വന്ന് ബാബയുടെ കൃത്യത്തെ സ്മരിച്ച് കൃതജ്ഞതാപൂർവ്വം ബാബയെ നമസ്കരിക്കും. മഹാരാഷ്ടയിൽ സാധാരണ ജനങ്ങൾ അവരവരുടെ വീട്ടിൽ രണ്ടാഴ്ചയോ മാസത്തിലൊരിക്കലൊ സത്യനാരായണ പൂജ നടത്താറുണ്ട്. ഈ ഭീമാജിയാണ് പുതിയവിധം സായിസത്യവ്രത പൂജ സത്യനാരായണ പൂജക്ക് പകരം അയാളുടെ വീട്ടിൽ വെച്ച് ആദ്യമായി നടത്താൻ തുടങ്ങിയത്.

## ബാലഗണപത്ഷിംപി

മറ്റൊരു ബാബാഭക്തനായ ബാലഗണപത്ഷിംപിക്ക് മാറാത്ത ഒു മലമ്പനിയായിരുന്നു. പല മുരുന്നുകളും പ്രയോഗിച്ചിട്ടും ഫലമുണ്ടായില്ല. പനി മാറുന്നില്ലെന്ന് കണ്ടപ്പോൾ ബാബയുടെ അടുത്തേക്കോടി ശരണം പ്രാപിച്ചു. ബാബ ഇപ്രകാരം ഒരു അസാധാരണ ചികിത്സ പറഞ്ഞുകൊടുത്തു. ലക്ഷ്മീക്ഷേത്രത്തിനു മുന്നിൽവെച്ച് കറുത്ത നായക്ക് തൈരുകൂട്ടി ചോറ് കൊടുക്ക് ഇതെങ്ങനെ ചെയ്യണമെന്ന് ബാലന്ന് അറിഞ്ഞില്ല. വീട്ടിൽ ചെന്നപ്പോൾ ചോറും തൈരും കണ്ടു. അതു ചേർത്തു കുഴച്ചു ലക്ഷ്മീക്ഷേത്രത്തിലേക്കു പോയി. അവിടെ അതാ കറുത്ത ഒരു നായ വാലാട്ടി നില്ക്കുന്നു . ചോറും തൈരും നായക്ക് വെച്ചു കൊടുത്തു. നായ അത് തിന്നതോടുകൂടി, അതിശയകരമാംവണ്ണം മലമ്പനി മാറുകയും ചെയ്തു.

## ബാപ്പുസാഹെബ് ഭൂട്ടി

ശ്രീമാൻ ഭൂട്ടിക്ക് ഒരുദിവസം വയറിളക്കവും ഛർദിയും പിടിപെട്ടു. അയാളുടെ അലമാറ നിറയെയുണ്ടായിരുന്ന മരുന്നുകൊണ്ടൊന്നുംഗുണം കിട്ടിയില്ല. വയറിളകിയും ഛർദിച്ചും തളർന്ന് ബാബാദർശനത്തിനുപോലും പോവാൻ കഴിയാതെയായി. ബാബ അയാളെ ആളയച്ചുവരുത്തി മുന്നിലിരുത്തി. ഇങ്ങിനെ പറഞ്ഞു. സൂക്ഷിച്ചോ ഇനി വയറിളകരുത്. പിന്നെ ചൂണ്ടുവിരൽ ആട്ടി





കൊണ്ടു പറഞ്ഞു. ഛർദി നിൽക്കട്ടെ അതോടുകൂടി ഭൂട്ടിക്ക് സുഖമായി. ബാബയുടെ ആജ്ഞാശക്തി നോക്കുക! മറ്റൊരിക്കൽ അയാൾക്ക് കോളറ പിടിപ്പെട്ടു. കഠിനമായ ദാഹം അനുഭവപ്പെട്ടു. ഡോക്ടർ പിള്ള പലതും ശ്രമിച്ചിട്ടും ഒരു ശമനവും കിട്ടിയില്ല അപ്പോൾ ബാബയെ സമീപിച്ച് എന്ത് മരുന്ന് കൊടുത്താലാണ് സുഖപ്പെടുക എന്ന് ചോദിച്ചു. ബാബ പറഞ്ഞു നാരങ്ങ, അണ്ടിപ്പരിപ്പ്, കാരക്ക ഇവ പഞ്ചസാര ചേർത്ത് പാലിൽ കഴിക്കട്ടെ എന്ന്. ഇത് സാധാരണഗതിയിൽ രോഗം വർദ്ധിപ്പിച്ച് രോഗിയുടെ മരണത്തിനിടയാക്കുന്ന സാധനങ്ങളാണ്. ഒരു ഡോക്ടറും അത് സമ്മതിക്കില്ല. പക്ഷെ ബാബയുടെ കല്പന അനുസരിച്ച് ആ മരുന്ന് കൊടുക്കുകയും രോഗം അതോടെ മാറുകയും ചെയ്തു.

## ആലന്ദി സ്വാമി

ആലന്ദിയിൽനിന്ന് ഒരു സ്വാമി ബാബയെ ദർശിക്കാൻ വന്നു. അയാൾക്ക് അതിയായ ചെവിക്കുത്തുകാരണം തീരെ ഉറക്കം കിട്ടില്ലായിരുന്നു. ഒരു ഓപ്പറേഷൻ കഴിച്ചിട്ടും സുഖമായില്ല. അസാദ്ധ്യ വേദനകൊണ്ട് എന്തുചെയ്യണമെന്നറിയാതെയായി. അയാൾ പോവാൻ യാത്രാനുമതി ചോദിക്കാൻ ബാബയുടെ അടുക്കൽ വന്നപ്പോൾ ശാമ ബാബയോട് സ്വാമിയുടെ ചെവിക്കുത്തിന് എന്തെങ്കിലും ഒരു പരിഹാരം ചെയ്തു കൊടുക്കണമെന്നപേക്ഷിച്ചു. ബാബ സമാധാനിപ്പിച്ച് പറഞ്ഞു. അള്ളാ അച്ഛാ കരേഗ (ഭഗവാൻ നല്ലതു വരുത്തും) എന്ന്. സ്വാമി പൂനക്ക് മടങ്ങി, ഷിർദ്ദിയിലെക്കെഴുതി, ചെവിക്കുത്തു മാറി പക്ഷെ വീർപ്പു മാത്രം ഉണ്ടായിരുന്നു. പിന്നെ ഓപ്പറേഷനുവേണ്ടി കുറച്ചു ദിവസം കഴിഞ്ഞ് ഡോക്ടറെ കാണിച്ചപ്പോൾ വീർപ്പുപോലും മാറിയിരിക്കുന്നു എന്ന്, ബാബയുടെ വാക്കുകളുടെ മാസ്മര ശക്തി നോക്കുക.

## കാക്കാമഹാജനി

മറ്റൊരു ഭക്തനായ കാക്കാമഹാജനിക്ക് ഡയേറിയ (വയറിളക്കം) പിടിപെട്ടു. ബാബയുടെ സേവനം മുടക്കാതിരിക്കാൻ അയാൾ മസ്ജിദ്ദിന്റെ മൂലയിൽതന്നെ ഒരു പാത്രം വെള്ളം വെച്ച് വെളിക്കുപോവാൻ തോന്നുമ്പോഴെല്ലാം പോയി, മസ്ജിദിൽ കഴിച്ചുകൂട്ടി. ബാബക്ക് എല്ലാം അറിയുന്നതുകൊണ്ട് ഉടനെ സുഖപ്പെടുത്തുമെന്ന് വിശ്വസിച്ച് അയാളൊന്നും ബാബയോട് പറഞ്ഞില്ല. മസ്ജിദിന്റെ മുന്നിലെ മുറ്റം പണി ബാബ അനുവദിച്ചിരുന്നു. പക്ഷെ പണി തുടങ്ങിയപ്പോൾ ബാബക്ക് കോപം വന്ന് ഉച്ചത്തിൽ അലറി. എല്ലാവരും പേടിച്ചോടി. കാക്കാമഹാജനിയും ഓടാൻ തുടങ്ങുമ്പോൾ ബാബ കയറിപ്പിടിച്ച് അയാളെ അവിടെയിരുത്തി. ആ കുഴപ്പത്തിൽ ആരോ അവിടെ ഒരു സഞ്ചിയിൽ കുറെ കടല ഇട്ടുപോയിരുന്നു. ബാബ ഒരു പിടി കടല എടുത്ത് തിരുമ്മി തോൽ ഊതിക്കളഞ്ഞ് കാക്കയെക്കൊണ്ട് തീറ്റിച്ചു. പുലഭ്യം ചീത്തപറയലും കടല തീറ്റലും ഒരുമിച്ച് നടന്നുകൊണ്ടിരുന്നു. ബാബയും കുറച്ചു കടല തിന്നു. കടല തിന്നുകഴിഞ്ഞപ്പോൾ തനിക്കു ദാഹിക്കുന്നു, വെള്ളം വേണമെന്നു കാക്കയോട് പറഞ്ഞു. കാക്ക ഒരു പാത്രം നിറയെ വെള്ളംകൊണ്ടുവന്നു. ബാബ കുറച്ചുകുടിച്ചു ബാക്കി കാക്കയോടു കുടിക്കാൻ പറഞ്ഞു. പിന്നെ ബാബ പറഞ്ഞു: ഇപ്പോൾ നിന്റെ വയറിളക്കം മാറി. ഇനി മുറ്റം പണി നോക്കിക്കോ അപ്പോഴേക്കും ഓടിപ്പോയവർ മടങ്ങി വന്നു. കാക്കയുടെ വയറിളക്കം മാറി. എല്ലാവരും കൂടി പണി എടുക്കാൻ തുടങ്ങി. കടലക്ക വയറിളക്കത്തിന്ന് മരുന്നാണോ? ഡോക്ടർമാരുടെ അഭിപ്രായത്തിൽ കടലക്ക സുഖക്കേടു വർദ്ധിപ്പിക്കും. മാറില്ല, ഇതിലും മറ്റു കാര്യങ്ങളെപ്പോലെ ബാബയുടെ വാക്കാണ് യഥാർത്ഥ മരുന്ന്.





## ഹർദ്ദയിലെ ദത്തോപാന്ത്

ഹർദ്ദയിലെ ദത്തോപാന്ത് എന്നൊരാൾ പതിനാലു വർഷങ്ങളോളം വയറ്റിൽവേദന അനുഭവിക്കയായിരുന്നു. ഒരു മരുന്നുകൊണ്ടും ഗുണം കിട്ടിയില്ല. ബാബ, ദർശനമാത്രയിൽ സുഖക്കേട് ഭേദമാക്കുമെന്ന് കേട്ട് അയാൾ ഷിർദ്ദിയിലേക്കോടി ബാബയുടെ കാല്ക്കൽ വീണു. ബാബ ദയാപൂർവ്വം അനുഗ്രഹിച്ചു. ബാബ തലക്ക് കൈവെച്ചനുഗ്രഹിക്കുകയും ഉധികൊടുക്കുകയും ചെയ്തപ്പോൾ അയാൾക്ക് സുഖക്കേടുമാറി. പിന്നീടൊരിക്കലും ആ സുഖക്കേടുണ്ടായില്ല.

അദ്ധ്യായാവസാനത്തിൽ മൂന്ന് സംഭവങ്ങളും കൂടി പറഞ്ഞിട്ടുണ്ട്.

1) മാധവറാവുദേശ് പാണ്ഡെക്ക് മൂലക്കുരുവായിരുന്നു. ബാബ അയാൾക്ക് സുന്നാമുഖി കഷായം കൊടുത്തു. അയാൾക്ക് സുഖമായി. രണ്ടുകൊല്ലം കഴിഞ്ഞു വീണ്ടും വന്നപ്പോൾ അയാൾ ബാബയോടു ചോദിക്കാതെ അതേ കഷായം കഴിച്ചു. അതുകൊണ്ട് സുഖക്കേട് വർദ്ധിച്ചു. എന്നിട്ട് ബാബ അനുഗ്രഹിച്ചു. സുഖക്കേട് മാറ്റി.

2) കാക്കാ മഹാജനിയുടെ അനുജൻ ഗംഗാധർപാന്ത്, വളരെക്കാലം വയറ്റിൽ വേദന അനുഭവിച്ചു. ബാബയെപ്പറ്റി കേട്ട് അയാൾ ഷിർദ്ദിയിൽ വന്ന് സുഖക്കേട് മാറ്റാൻ പ്രാർത്ഥിച്ചു. ബാബ വയർതൊട്ട് പറഞ്ഞു ദൈവം മാറ്റിത്തരും അന്നു മുതൽ വയറ്റിൽവേദന പൂർണ്ണമായും സുഖപ്പെട്ടു.

3) നാനാസാഹെബ് ചാന്ദോർക്കർക്കും ഒരിക്കൽ കഠിനമായ വയറ്റിൽ വേദനയുണ്ടായി. രാവും പകലും വിശ്രമമില്ലാതെ നരകിച്ചു. ഡോക്ടർമാർ കുത്തിവെച്ചിട്ടും സുഖം കിട്ടിയില്ല. അപ്പോൾ ബാബയെ സമീപിച്ചു. ബാബ ബുർഫി എന്ന മധുരപലഹാരം നെയ്കൂട്ടി കഴിക്കാൻ പറഞ്ഞു. ഇതുകൊണ്ട് സുഖക്കേടു മാറി.





ഈ കഥകളിൽനിന്നും യഥാർത്ഥ മരുന്ന് ബാബയുടെ വാക്കും അനുഗ്രഹവുമാണെന്നും അല്ലാതെ കഴിച്ച മരുന്നല്ലെന്നും തെളിയുന്നു.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!

# അദ്ധ്യായം - 14



*നാൻഡെലിലെ രത്തൻജി വാഡിയ - യോഗിമൗലിസാഹെബ് - ദക്ഷിണമീമാംസ*

കഴിഞ്ഞ അദ്ധ്യായത്തിൽ ബാബയുടെ വാക്കുകൾ എങ്ങിനെ സുഖക്കേടുകൾ ഭേദമാക്കി എന്നു നാം കണ്ടു. ഈ അദ്ധ്യായത്തിൽ എങ്ങിനെ ബാബ അനുഗ്രഹിച്ച് രത്തൻജി വാഡിയ്ക്ക് സന്താനമുണ്ടായെന്ന് വിവരിക്കാം. ഋഷിമാരുട ജീവിതത്തിന്റെ അകവും പുറവും മധുരമാണ്. സായി ബാബയുടെ വിവിധ ലീലകളും ഭക്ഷണം കഴിക്കലും നടത്തവും സംസാരവും എല്ലാം മധുരമാണ്. ആ ജീവിതം തന്നെ ആനന്ദം മൂർത്തീകരിച്ചതാണ് അത് ഭക്തന്മാരുടെ സ്മരണോപാതിയായി മാറ്റി ബാബ അവർക്ക് പലതരം ചുമതലകളുടെയും പ്രവർത്തനത്തിന്റെയും കഥകൾ പറഞ്ഞുകൊടുത്ത് അവരെ യഥാർത്ഥ മതവിശ്വാസികളാക്കി തീർത്തു. ബാബയുടെ ഉദ്ദേശം മനുഷ്യൻ സുഖമായി ഈ ലോകത്തിൽ ജീവിക്കുകയും അതേസമയം തന്നെ ആദ്ധ്യാത്മിക പുരോഗതി നേടി ആത്മജ്ഞാനം സമ്പാദിക്കുകയും വേണമെന്നായിരുന്നു. മനുഷ്യ ശരീരം പൂർവ്വജന്മ





സുകൃതംകൊണ്ട് കിട്ടിയതാണ്. അതുപയോഗിച്ച് മോക്ഷം നേടണം. അതുകൊണ്ട് ഒരിക്കലും മടികാണിക്കാതെ സദാ ജാഗരൂകനായിരിക്കണം. നിങ്ങൾ നിത്യവും സായിലീലകൾ കേട്ടാൽ സദാ ബാബയെ കാണാറാവും. രാപ്പകൽ ബാബയെ മനസ്സിൽ ധ്യാനിക്കും. ഇങ്ങിനെ സാധന ചെയ്താൽ മനസ്സ് സായി മയമായി പരിശുദ്ധ ബോധവാനായിത്തീരും.

## നാൻഡെഡിലെ രത്തൻജീ

ഈ അദ്ധ്യായത്തിലെ പ്രധാന കഥയിലേക്ക് പ്രവേശിക്കാം. നൈസാമിലെ നാൻഡെഡിലെ ഒരു മിൽ കോൺട്രാക്ടറായി രത്തൻജി ഷാപൂർജിവാഡിയ എന്നുപേരായ ഒരു പാർസിയുണ്ടായിരുന്നു. അയാൾക്ക് കണ്ടമാനം ധനവും ഭൂസ്വത്തുക്കളുമുണ്ടായിരുന്നു. വാഹനങ്ങളും കുതിരകളും മറ്റു സകല വിധ സൗകര്യങ്ങളുമുണ്ടായിരുന്നു. പുറമെക്ക് സന്തുഷ്ടനായി കാണുമായിരുന്നെങ്കിലും ഉള്ളിൽ അയാൾ അങ്ങിനെയായിരുന്നില്ല. ദൈവം ആരെയും പരിപൂർണ്ണ സന്തോഷവാനാക്കുന്നില്ല. രത്തൻജിയുടെ കാര്യത്തിലും ഇത് ശരിയാണ്. അയാൾ ധർമ്മിഷ്ഠനും ഉദാരനുമായിരുന്നതിനാൽ സാധുക്കൾക്ക് അന്നവും വസ്ത്രവും ദാനം ചെയ്തു സഹായിച്ചുകൊണ്ടിരുന്നു. ജനങ്ങൾ അയാളെ സന്തുഷ്ടനായിക്കരുതിയെങ്കിലും കുട്ടികളില്ലാത്തതിൽ അയാൾ വിഷാദത്തിലായിരുന്നു. ഭക്തിയില്ലാത്ത കീർത്തനവും താളലയങ്ങളില്ലാത്ത സംഗീതവും പൂണൂലില്ലാത്ത ബ്രാഹ്മണനും, വിശേഷബുദ്ധിയില്ലാത്ത ജ്ഞാനവും, പശ്ചാത്താപമില്ലാത്ത തീർത്ഥാടനവും, കണ്ഠാഭരണമില്ലാത്ത അണിഞ്ഞൊരുങ്ങലും പ്രയോജനരഹിതവും വിരൂപവുമാകുന്നപോലെയാണ് സന്താനങ്ങളില്ലാത്ത ഒരു വീട്ടിന്റെയും സ്ഥിതി. രത്തൻജി ഇതുതന്നെ ആലോചിച്ചു ഖേദിക്കും. ദൈവം എനിക്ക് ഒരു സന്താനത്തെ തരില്ലെ?

എന്ന്. അയാൾ കുണ്ഠിതനായി, ഭക്ഷണത്തിൽപോലും താല്പര്യമില്ലാതായി. രാപ്പകൽ സന്താനത്തെപ്പറ്റി മാത്രം ചിന്തിച്ചു. അയാൾക്ക് ദാസ്ഗനുമഹരാജിനെ വലിയ ബഹുമാനമായിരുന്നു. ഒരിക്കൽ അദ്ദേഹത്തെ കണ്ട് വിവരം പറഞ്ഞു. ദാസ്ഗനു അയാളോട് ഷിർദ്ദിയിൽപോയി ബാബയെ ദർശനം ചെയ്ത് കാൽക്കൽ വീണ് സന്താനത്തിന് വേണ്ടി അപേക്ഷിക്കാൻ പറഞ്ഞു. അങ്ങിനെ രത്തൻജി, ഷിർദ്ദിക്ക് പോവാൻ നിശ്ചയിച്ചു. കുറച്ചു ദിവസം കഴിഞ്ഞ് അയാൾ ഷിർദ്ദിയിൽ പോയി ബാബയെ ദർശനം ചെയ്തു കാല്ക്കൽ നമസ്കരിച്ചു. ഒരു കുട്ടയിൽ നിന്നു ഒരു നല്ല മാലയെടുത്ത് ബാബയെ അണിയിച്ച് ഒരു കുട്ട പഴങ്ങൾ കാണിയ്ക്കവെച്ചു. പിന്നെ ബഹുമാനപുരസ്സരം ബാബയുടെ അടുക്കലിരുന്നു ഇങ്ങിനെ പ്രാർത്ഥിച്ചു. വിഷമത്തിൽപെട്ട പലരും അവിടുത്തെ സമീപിച്ച് രക്ഷ നേടുന്നു. അതുകേട്ട് ഞാനിതാ വന്നിരിക്കുന്നു. എന്നെ നിരാശനാക്കാരുതെ. സായിബാബ അയാളോട് 5ക. ദക്ഷിണ ചോദിച്ചു. രത്തൻജി അതെടുടുക്കാൻ നോക്കിയപ്പോൾ ബാബ പറഞ്ഞു അദ്ദേഹത്തിന് 3 ക 14 ണ കിട്ടിക്കഴിഞ്ഞു. ബാക്കി തന്നാൽ മതി എന്ന്. അയാൾ ആദ്യമായി ഷിർദ്ദിയിൽ പോയതാണ്. പിന്നെ എങ്ങിനെയാണ് 3ക 14ണ കൊടുക്കുക എന്നയാൾ അതിശയിച്ചു. ഏതായാലും ഒന്നും പറയാതെ ബാക്കി സംഖ്യ ദക്ഷിണകൊടുത്ത് അയാളുടെ സങ്കടം ഉണർത്തിച്ചു. ബാബ കരുണാദ്രനായി അന്നു മുതൽ അയാളുടെ കഷ്ടപ്പാടുകൾ തീർന്നുവെന്നു പറഞ്ഞു. പിന്നെ ഉധികൊടുത്ത് കൈ തലയിൽവെച്ചനുഗ്രഹിച്ച് അള്ളാഹു അയാളുടെ ആഗ്രഹം സാധിപ്പിച്ചുകൊള്ളും എന്നു പറഞ്ഞു. പിന്നീട് ബാബയുടെ അനുഗ്രഹത്തോടുകൂടി നാട്ടിലേക്ക് മടങ്ങി. ദാസ്ഗനുവിനോട് എല്ലാവിവരവും പറഞ്ഞു. എല്ലാം മനസ്സിലായെങ്കിലും 3ക. 14ണ മുമ്പ് കിട്ടി എന്നു പറഞ്ഞത് മാത്രം മനസ്സി

ലായില്ലെന്നും താൻ ഇനിന്നുമുമ്പ് ഷിർദ്ദിയിൽ പോയിട്ടില്ലെന്നും പിന്നെ എങ്ങിനെ മുൻകൂട്ടി ഈ പണം കൊടുക്കുമെന്നും ദാസ്ഗനുവിനോട് ചോദിച്ചു. ദാസ്ഗനുവിനും സംഗതി മനസ്സിലാവാതെവളരെ നേരം ആലോചിച്ചു. അങ്ങിനെ ആലോചിച്ചപ്പോൾ, രത്തൻജി കുറച്ച്ദിവസം മുമ്പ് മൗലിസാഹെബ് എന്നുപേരായ ഒരു മുസ്‌ലീം ഫക്കീറിന് വീട്ടിൽ വെച്ച് സ്വീകരണം നൽകിയതായി ഓർമ്മ വന്നു. ഈ മൗലിസാഹെബ്, ഒരു കൂലിക്കാരൻ ഫക്കീറായതാണ്. നാണ്ടെഡിൽ അദ്ദേഹം പ്രശസ്തനാണ്. രത്തൻജി, ഷിർദ്ദിക്കു പോവാനുറച്ചപ്പോൾ യദൃച്ഛയാ മൗലിസാഹെബ് വീട്ടിൽ വന്നതാണ്. ദാസ്ഗനു, രത്തൻജിക്ക് മൗലിസാഹിബിനെ സ്വീകരിക്കാൻ വന്ന ചിലവുകൾ അമ്പേഷിച്ച് കണക്കാക്കിയപ്പോൾ കൃത്യം 3ക. 14ണ. ചിലവായതായിക്കണ്ടു. ബാബ സർവ്വവ്യാപിയാണെന്നും ഷിർദ്ദിയിൽ ഇരിക്കുന്നെങ്കിലും എവിടെ നടക്കുന്നതും അറിഞ്ഞിരുന്നു. എന്നും മനസ്സിലായി. ഇക്കാര്യത്തിൽ ബാബ മൗലിസാഹെബുമായി താദാത്മ്യം പ്രാപിച്ചിരുന്നില്ലെങ്കിൽ എങ്ങിനെ ഇത്ര കൃത്യമായി ചിലവായ സംഖ്യ പറയാൻ സാധിക്കും എന്ന കാര്യം വ്യക്തമാണല്ലോ.

രത്തൻജീ ഇതുകണ്ട് സംതൃപ്തനായി ബാബയുടെ ഉറച്ച ഭക്തനായിത്തീർന്നു. കുറച്ചുകാലത്തിനുള്ളിൽ അയാൾക്ക് ഒരു പുത്രൻ ജനിക്കുകയും അത്യധികം സന്തുഷ്ടനാവുകയും ചെയ്തു. പിന്നീട് 12 മക്കൾ ജനിച്ചതിൽ 4 പേർ ജീവിച്ചു എന്നറിയുന്നു.

ബാബ ഒരിക്കൽ റാവുബഹദൂർ ഹരിവിനായക് സതേയോട് അയാളുടെ ആദ്യഭാര്യ മരിച്ചപ്പോൾ വീണ്ടും വിവാഹിതനാവാനും അതിൽ ഒരു മകനുണ്ടാവുമെന്നും പറഞ്ഞു. രണ്ടാമത് വിവാഹം കഴിച്ചതിൽ ആദ്യം രണ്ടു പെൺകുട്ടികളും പിന്നീട് ഒരാൺകുട്ടിയും ജനിച്ച് ബാബയുടെ വാക്കുകൾ ഫലിച്ചു.

## ദക്ഷിണ മീമാംസ

ഇനി ദക്ഷിണയെസംബന്ധിച്ച് ചില കാര്യങ്ങൾ പറഞ്ഞ് അദ്ധ്യായം അവസാനിപ്പിക്കാം. ബാബ തന്നെ സമീപിച്ചവരോട് ദക്ഷിണ ചോദിച്ചുവാങ്ങിയിരുന്നത് പ്രശസ്തമാണ്. ചിലർ ചോദിച്ചേക്കാം ബാബ ഫക്കീറും നിസ്സംഗനുമായിരിക്കെ എന്തിന് പണം ആവശ്യപ്പെടുന്നു. എന്ന്. ഈ പ്രശ്നം ഒന്നു വിശദമായി ചിന്തിക്കാം. വളരെക്കാലത്തേക്ക് ബാബ ഒന്നും സ്വീകരിച്ചിരുന്നില്ല. കത്തിച്ച തീപ്പെട്ടിക്കൊള്ളി സംഭരിച്ച് പോക്കറ്റിൽ നിറക്കലായിരുന്നു അന്നത്തെ പതിവ്. ഭക്തരോടും അല്ലാത്തവരോടും യാതൊന്നും ചോദിച്ചു വാങ്ങിയിരുന്നില്ല. ആരെങ്കിലും ഒന്നോ രണ്ടോ പൈസ മുന്നിൽ വെച്ചാൽ അതുകൊണ്ട് എണ്ണയോ പുകയിലയോ വാങ്ങും. ബീഡിയോ ചില്ലിമോ വലിക്കാൻ പുകയില ഇഷ്ടമായിരുന്നു. യോഗിമാരെ വെറും കയ്യോടെ കാണരുതെന്ന ഉദ്ദേശത്താൽ ചിലർ ചില ചെമ്പുനാണയങ്ങൾ കാണിക്കവെക്കും. ബാബ അത് പോക്കറ്റിലിടും രണ്ടു പൈസ നാണ്യമാണെങ്കിൽ ഉടൻ മടക്കിക്കൊടുക്കും. പിന്നീട് ബാബയുടെ പ്രശസ്തി വർദ്ധിച്ചതോടുകൂടി നാനാദിക്കിൽ നിന്നും ആളുകൾ ധാരാളം വരാൻ തുടങ്ങിയപ്പോൾ ബാബ ദക്ഷിണ സ്വീകരിക്കുവാനും തുടങ്ങി. വേദങ്ങളിൽ പറയുന്നുണ്ട്. ദേവപൂജ പൂർത്തിയാവാൻ ഒരു സ്വർണ്ണനാണ്യം കാണിയ്ക്ക ഇടണമെന്ന്, ദേവപപൂജക്ക് നാണ്യം വേണമെങ്കിൽ ഋഷിപൂജക്കും എന്തു കൊണ്ടായിക്കൂടാ? പിന്നെ ശാസ്ത്രങ്ങൾ ഉൽഘോഷിച്ചു ആരും വെറും കയ്യോടെ ദേവൻ, രാജാവ്, ഋഷി, ഗുരു എന്നിവരെ കാണരുത് എന്ന്. എന്തെങ്കിലും നാണ്യമോ പണമോ കാണിക്ക വെക്കൽ പതിവായി. ബ്രഹദാരണ്യ ഉപനിഷത്തിൽ പറയുന്നു ഭഗവാൻ പ്രജാപതി ദേവന്മാരേയും, മനുഷ്യരേയും അസുരന്മാരേയും ദ എന്ന ഏകാ

ക്ഷരം ഉപദേശിച്ചുവെന്ന്. (1) ദമം അതായത് ആത്മനിയന്ത്രണം എന്നാണ് ദേവന്മാർ അതിന്നു മനസ്സിലാക്കിയത്. (2) ദാനം എന്ന താണ് മനുഷ്യന്മാർ മനസ്സിലാക്കിയത്. (3) ദയാ എന്നാണ് അസുരന്മാർ മനസ്സിലാക്കിയത്. മനുഷ്യന് ദാനമാണ് അങ്ങിനെ വിധിച്ചിട്ടുള്ളത്. തൈത്തിരിയ ഉപനിഷത്തിലും ദാനം ചെയ്യാ നായി മനുഷ്യനെ ഉപദേശിക്കുന്നുണ്ട്. ദാനത്തെപറ്റി പറയുന്ന തിങ്ങനെയാണ്. വിശ്വാസത്തോടുകൂടിയോ അല്ലാതെയോ ദാനം ചെയ്യുക. വിനയത്തോടുകൂടിയും കരുണയോടുകൂടിയും ദാനം ചെയ്യുക. ഭക്തന്മാരെ ദാനത്തെപ്പറ്റി മനസ്സിലാക്കാനും പണത്തോ ടുള്ള ആസക്തി ഉപേക്ഷിപ്പിക്കാനുമാണ് ബാബ ദക്ഷിണ വാങ്ങി യിരുന്നത്. പക്ഷെ ഒരു പ്രത്യേകതയുള്ളത് ബാബ വാങ്ങുന്ന തിന്റെ 100 ഇരട്ടി അനുഭവം ബാബ ഭക്തനു കൊടുക്കുമെന്നതാ ണ്. പല കാര്യത്തിലും അങ്ങിനെ സംഭവിച്ചിട്ടുണ്ട്. ഉദാഹരണ മായി, പ്രശസ്ത നടനായ ഗണപത്റാവു ബോഡാസ് പറയുക യാണ്. ബാബ കൂടെക്കൂടെ ദക്ഷിണ ചോദിച്ച് അയാളുടെ പണ സ്സഞ്ചിതന്നെ ബാബയുടെ മുന്നിൽ കൊട്ടേണ്ടിവന്നുവെന്ന്. അതിന്റെ ഫലമായി ബോഡാസ് പറയുകയാണ്, പിന്നീട് പണം താനെ വന്നുകൊണ്ടിരുന്നെന്നും ഒരിക്കലും ക്ഷാമം നേരിട്ടിട്ടി ല്ലെന്നും.

ദക്ഷിണക്ക് മറ്റൊരു രണ്ടാം സൂചനയും കൂടിയുണ്ട്. അതിൽ ബാബ പണം ഉദ്ദേശിക്കുന്നില്ല. ഉദാഹരണങ്ങളായി 1) ബാബ പ്രൊഫസ്സർ ജി.ജി. നാർക്കെയോട് 15ക. ദക്ഷിണ ചോദി ച്ചു. അയാളുടെ കൈയ്യിൽ ഒരു പൈസപോലുമില്ലെന്ന് പറഞ്ഞു. ബാബ പറഞ്ഞു. നിന്റെ കയ്യിൽ പണമില്ലെന്നറിയാം. നീ യോഗ വാസിഷ്ഠം വായിക്കുന്നില്ലെ. അതിൽ നിന്ന് ദക്ഷിണ തന്നാൽ മതി. ഇതിൽ ദക്ഷിണ കൊണ്ടുദ്ദേശിച്ചത് പുസ്തകത്തിൽ നിന്ന്

തത്വം മനസ്സിലാക്കി ഹൃദയത്തിലുള്ള ബാബയോടുകൂട്ടിചേർക്കാനാണ്. 2) രണ്ടാമത്തെ സംഭവത്തിൽ ബാബ മിസ്സിസ്സ് താർക്കഡിനോട് 6ക. ദക്ഷിണ ചോദിച്ചു. അവരുടെ കയ്യിൽ ഒന്നും ഇല്ലാത്തതിനാൽ അവർ വ്യസനിച്ചു. അവരുടെ ഭർത്താവ് അതിന്നർത്ഥം പറഞ്ഞുകൊടുത്തു. അത് കാമക്രോധലോഭ മോഹമദ മാത്സര്യങ്ങളാണെന്ന് അവ ബാബയിൽ സമർപ്പിക്കാനാണാവശ്യപ്പെട്ടത്. ബാബ അത് ശരി വെക്കുകയും ചെയ്തു. ബാബ വലിയ തുക ദക്ഷിണയായി വാങ്ങിയിരുന്നെങ്കിലും അന്നു തന്നെ അത് വിതരണം ചെയ്ത് തീർക്കും. പിറ്റേന്ന് വീണ്ടും നിർദ്ധനനായ ഫക്കീറു തന്നെ. പത്തുകൊല്ലത്തോളം ആയിരമായിരക്കണക്കിൽ ദക്ഷിണ സ്വീകരിച്ച ബാബ, മഹാസമാധിയായപ്പോൾ കുറച്ചു നാണയങ്ങൾ മാത്രമായിരുന്നു ബാബയുടെ കൈവശമുണ്ടായിരുന്നത്.

## അടിക്കുറിപ്പ്

ദക്ഷിണയെ സംബന്ധിച്ച് ബി.വി. ദേവ് ശ്രീ സായി ലീല മാസികയിൽ ഒരു ലേഖനമെഴുതിയിട്ടുണ്ട്. അതിൽ ഇങ്ങനെ പറയുന്നു. ബാബ എല്ലാവരോടും ദക്ഷിണ ആവശ്യപ്പെട്ടിരുന്നില്ല. ചോദിക്കാതെ ആരെങ്കിലും കൊടുത്താൽ ചിലപ്പോൾ സ്വീകരിക്കും. ചിലപ്പോൾ വാങ്ങാൻ സമ്മതിക്കില്ല. ചില ഭക്തന്മാരോട് മാത്രമെ ചോദിച്ചിരുന്നുള്ളു. ബാബ ചോദിച്ചാലേ കൊടുക്കൂ എന്ന് മനസ്സിൽ കരുതിയിരുന്നവരോട് ചോദിക്കയെ ചെയ്യില്ല. ബാബയുടെ ആഗ്രഹത്തിന്നെതിരായി ആരെങ്കിലും കൊടുത്താൽ അതു തൊടുകപോലും ചെയ്യില്ല. അതു മടക്കിഎടുക്കാത്ത പക്ഷം എടുത്തുകൊണ്ടുപോവാൻ പറയും. ഭക്തന്മാരോട് ചെറുതും വലുതുമായ സംഖ്യകൾ അവരുടെ ഭക്തിക്കും ആഗ്ര





ഹത്തിന്നും സൗകര്യത്തിനുമനുസരിച്ച് ചോദിച്ചു വാങ്ങും. അങ്ങിനെ സ്ത്രീകളോടും കുട്ടികളോടും കൂടി ചോദിച്ചു വാങ്ങും. എല്ലാ ധനികന്മാരോടും വാങ്ങലില്ല. എല്ലാ ദരിദ്രരെയും ഒഴിവാക്കലുമില്ല. ദക്ഷിണ ചോദിച്ച് കൊടുക്കാത്തവരോട് ബാബ കോപിയ്ക്കയില്ല. ആരെങ്കിലും ഒരാൾവശം ദക്ഷിണ കൊടുത്തയച്ചത് മറന്നുപോയാൽ ബാബ ഓർമ്മിപ്പിച്ച് വാങ്ങും. കൊടുത്ത ദക്ഷിണയിൽ നിന്ന് ഒരുഭാഗം മടക്കിക്കൊടുത്ത് പൂജാമുറിയിൽ വെക്കാൻ പറയും. ഇത് ഭക്തന്മാർക്ക് വളരെ ക്ഷേമകരമായിരുന്നു. ആദ്യം കൊടുക്കാനുദ്ദേശിച്ചതിൽ കൂടുതൽ കൊടുത്താൽ കൂടുതലുള്ളത് മടക്കിക്കൊടുക്കും. ചിലപ്പോൾ കൊടുക്കാനുദ്ദേശിച്ചതിൽ കൂടുതൽ ചോദിക്കും. പണമില്ലെങ്കിൽ ഇരന്നോ കടം വാങ്ങിയോ കൊടുക്കാൻ പറയും. ചിലരോട് ഒരേ ദിവസം മൂന്നു നാലു പ്രാവശ്യം ദക്ഷിണ ചോദിച്ചുവാങ്ങും. ഇങ്ങിനെ വാങ്ങിയ ദക്ഷിണയിൽ നിന്ന് വളരെ കുറച്ച് മാത്രം പുകയിലക്കും ധുനിയിൽ കത്തിക്കാൻ വിറകിന്നുമെടുത്തു ബാക്കി മുഴുവൻ പലർക്കും അവസ്ഥാനുസരണം ദാനമായി വീതിച്ചുകൊടുക്കും. ഷിർദ്ദിയിലുള്ള എല്ലാ സാമഗ്രികളും രാധാകൃഷ്ണമായിയുടെ നിർദ്ദേശപ്രകാരം പല ഭക്തന്മാരും കൊണ്ടുവന്നതാണ്. വിലപിടിപ്പുള്ള സാധനങ്ങൾ കൊണ്ടുവന്നാൽ ബാബ കോപിച്ച് ചീത്ത പറയുമായിരുന്നു. ബാബ നാനാസാഹെബ് ചന്ദോർക്കരോട് പറയുമായിരുന്നു. എന്റെ സ്വത്തുക്കൾ ഒരു കൗപീനവും, ഒരു സാധാരണ തുണിക്കഷണവും, ഒരു കഫ്നിയും, ഒരു തകരപ്പാത്രവും മാത്രമായിരിക്കെ ജനങ്ങൾ വിലപിടിച്ച പ്രയോജനമില്ലാത്ത സാധനങ്ങൾകൊണ്ടുവന്ന് എന്നെ ബുദ്ധിമുട്ടിക്കുന്നു എന്ന് പരമാർത്ഥ മാർഗ്ഗത്തിനു തടസ്സമായി മനുഷ്യന് ലൈംഗിക കാര്യവും ധനവുമാണ് നില്ക്കുന്നത്. ബാബ അതിന്ന് രണ്ട് സ്ഥാപനങ്ങളാണ് ഏർപ്പാട് ചെയ്തത്. അതായത് ദക്ഷിണവാങ്ങി സ്കൂളിലേക്ക് (രാധാകൃഷ്ണമായിയുടെ വീട്) പോവാൻ പറയും. ഈ രണ്ട്





പരീക്ഷണങ്ങൾ വിജയപ്രദമായി നേരിട്ടാൽ അവർ ആദ്ധ്യാത്മി കമായി ബാബയുടെ അനുഗ്രഹംകൊണ്ട് വളർന്നുവന്നു കൊണ്ടേയിരിക്കും.

മിസ്റ്റർ ദേവ്, ഗീതയിൽ നിന്നും ഉപനിഷത്തുക്കളിൽ നിന്നും ഉദ്ധരിച്ച് പുണ്യസ്ഥലത്ത് പുണ്യാത്മാക്കൾക്ക് ദാനം ചെയ്താൽ ദാതാവിന് വലിയ തോതിൽ ക്ഷേമകരമാണെന്ന് കാണിക്കുന്നു. ഷിർദ്ദിയിൽ കൂടുതലായ പുണ്യസ്ഥലമേത്? സായിബാബയിൽ വലിയ പുണ്യാത്മാവേത്?

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!




നാരദീയ കീർത്തന പദ്ധതി - മിസ്റ്റർ ചൊൽക്കാറിന്റെ മധുരമില്ലാത്ത ചായ - രണ്ടു ഗൗളികൾ.

*വായനക്കാർക്ക്, രാമനവമി മഹോത്സവം തുടങ്ങിയതും അതിന് കീർത്തനത്തിന് ഹരിദാസിനെ കിട്ടാൻ വിഷമമുണ്ടായതും പിന്നെ ദാസ്ഗനുവിനെ ബാബ ഹരിദാസായി നിശ്ചയിച്ചതും 6-ാം അദ്ധ്യായത്തിൽ വിവരിച്ചത് ഓർമ്മയുണ്ടല്ലോ. ദാസ്ഗനു അത് അന്നു മുതൽ ഇന്നു വരെ എങ്ങിനെ ചെയ്തുവെന്നു നോക്കാം.*

## നാരദീയ കീർത്തന പദ്ധതി

സാധാരണ ഹരിദാസന്മാർ കീർത്തനത്തിനു പോവുമ്പോൾ വർണ്ണപകിട്ടുള്ള അടിവരെയെത്തുന്ന വസ്ത്രമാണ് ധരിക്കാറ്. അവർ തലയിൽ ഒരു തലപ്പാവ് കെട്ടും. ഉള്ളിൽ ഷർട്ട് ധരിച്ച് ഒരു നീണ്ട കോട്ടും ധരിക്കും. ദോത്തി ചുറ്റി ചുമലിൽ രണ്ടാമുണ്ടും ഇടും. ഇതാണ് വേഷം. ഇങ്ങിനെ വേഷം ധരിച്ച് ഷിർദ്ദിയിൽ ഒരു കീർത്തനത്തിനു പോവുമ്പോൾ ദാസ്ഗനു ബാബയെ നമസ്കരിക്കാൻ ചെന്നു. ബാബ ചോദിച്ചു. വരൻ എങ്ങോട്ടാണ്

ഭംഗിയായി ഉടുത്തൊരുങ്ങി പുറപ്പെട്ടിരിക്കുന്നത്. എന്ന്. കീർത്ത നത്തിനാണ് എന്നു മറുപടി കിട്ടി. ബാബ ചോദിച്ചു. എന്താന ണിതിനീ വക സജ്ജീകരണങ്ങളൊക്കെ? കോട്ട്, വേഷ്ടി, തലേ ക്കെട്ട് എന്തൊക്കെയാണ്. അതെല്ലാം എന്റെ മുന്നിൽ നിന്ന് എടു ത്തുമാറ്റൂ. ദേഹത്തിനെന്തിനാണിതൊക്കെ? എന്ന്. ദാസ്ഗനു ഉടനെ അതെല്ലാം അഴിച്ച് ബാബയുടെ കാൽക്കൽ വെച്ചു. പിന്നീ ടൊരിക്കലും ദാസ്ഗനു കീർത്തനത്തിന് അവ ഉപയോഗിച്ചില്ല. അരക്ക് മേലെ ഒന്നും ധരിക്കില്ല. കയ്യിൽ ചപ്ലാംകട്ടയും കഴുത്തിൽ ഒരു മാലയും, അത്രമാത്രം. ഇത് സാധാരണ വേഷമല്ലെങ്കിലും സ്വാഭാവികമായ വേഷം ഇതാണ്. കീർത്തനപദ്ധതി തുടങ്ങിവെച്ച നാരദമഹർഷി തലയിലോ ദേഹത്തിലോ ഒന്നും ധരിക്കാതെ വീണയുമായി ഭഗവാനെ പ്രകീർത്തിച്ച് ലോകം മുഴുവൻ ചുറ്റി സഞ്ചരിക്കയായിരുന്നു.

## ചോൾക്കാറിന്റെ പഞ്ചസാരയിടാത്ത ചായ

ബാബ പൂനയിലും അഹമ്മദ്നഗറിലും അറിയപ്പെട്ടിരുന്നെ ങ്കിലും നാനാസാഹെബ് ചന്ദോർക്കറുടെ പ്രഭാഷണങ്ങളും ദാസ്ഗനുവിന്റെ കീർത്തനവും ബാബയുടെ പേർ കൊങ്കണം (ബോംബെ) മുഴുവൻ എത്തിച്ചു. ദാസ്ഗനുവിന്റെ മധുരസംഗീ തംകൊണ്ട് വളരെപേർ ബാബയെപറ്റി കേട്ടു. കീർത്തനം കേൾക്കാൻ വരുന്നവർക്ക് പ്രത്യേക താല്പര്യങ്ങളാണ്. ചിലർക്ക് ഹരിദാസിന്റെ പാണ്ഡിത്യത്തിലാണ് താല്പര്യം. ചിലർക്ക് അയാ ളുടെ അഭിനയത്തിലും, ചിലർക്ക് സംഗീതത്തിലുമായിരിക്കും താല്പര്യം. തമാശകളിലും, ചിലർക്ക് വേദാന്ത വിശദീകരണത്തി ലും, ചിലർക്ക് കഥകളിലും, ഇങ്ങനെ പോവുന്നു. ഓരോരുത്ത രുടെ താല്പര്യങ്ങൾ. അതിൽ വളരെ കുറച്ചുപേർ കീർത്തനം കേട്ടു ദൈവത്തിലും ഋഷിമാരിലും വിശ്വാസം ഉറച്ചു കിട്ടുന്നവരു





മുണ്ട്. ദാസ്ഗനുവിന്റെ പാട്ടുകേട്ടാലത്തെ അനുഭവം വിസ്മയാവഹമാണ്. ഒരു ഉദാഹരണം പറയാം.

ഒരിക്കൽ ദാസ്ഗനു താനയിലെ കൗപീനേശ്വര ക്ഷേത്രത്തിൽ സായി ബാബയുടെ അപദാനങ്ങളെ പ്രകീർത്തിച്ചു കീർത്തനം പാടുകയായിരുന്നു. ശ്രോതാക്കളിൽ താനയിലെ സിവിൽ കോടതിയിലെ ഗുമസ്ഥനായ ദരിദ്രനായ ചോൾക്കാർ എന്നൊരാളും ഉണ്ടായിരുന്നു. അയാൾ ദാസ്ഗനുവിന്റെ കീർത്തനം കേട്ട് ആകൃഷ്ടനായി. അപ്പോൾ തന്നെ ബാബയെ മനസാ വണങ്ങി പറഞ്ഞു. ബാബ, ഞാനൊരു ദരിദ്രനാണ്. കുടുംബം പോറ്റാൻ കഴിയാത്തവനാണ്. അവിടുത്തെ അനുഗ്രഹംകൊണ്ട് ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ് പാസ്സായി ജോലി സ്ഥിരപ്പെട്ടാൽ ഞാൻ ഷിർദ്ദിയിൽ വന്ന് അവിടുത്തെ പാദത്തിൽ നമസ്ക്കരിച്ച് കല്ക്കണ്ട് വിതരണം ചെയ്തോളാം. പറഞ്ഞപോലെ അയാൾ ടെസ്റ്റ് പാസ്സായി, ജോലി സ്ഥിരപ്പെട്ടു. എത്രയും വേഗം നേർച്ച കഴിക്കേണ്ടത് മാത്രം ബാക്കിയായി. ചോൾക്കാർ ദരിദ്രനും വലിയ കുടുംബം പോറ്റേണ്ടവനുമായതിനാൽ ഷിർദ്ദിയാത്രക്കു പണം ചിലവാക്കാനില്ലായിരുന്നു. ഒരാൾക്ക് നാഞ്ഞിഘട്ടോ സഹ്യാദ്രിയോ കടക്കാൻ കഴിഞ്ഞെന്നുവരും. ഒരു ദരിദ്രന് അയാളുടെ വീടിന്റെ എടനാഴി കടക്കാൻ കഴിയില്ല എന്നാണല്ലോ പഴഞ്ചൊല്ല്. നേർച്ച വേഗം കഴിക്കേണ്ടതുകൊണ്ട് ചോൾക്കാർ ചിലവു ചുരുക്കി പണമുണ്ടാക്കാൻ നിശ്ചയിച്ചു. പഞ്ചസാര ഉപേക്ഷിച്ച് അയാൾ ചായ കഴിക്കാൻ തുടങ്ങി. അങ്ങിനെ കുറച്ചു പണമുണ്ടാക്കി ഷിർദ്ദിയിൽ വന്ന് ബാബയെ നമസ്കരിച്ച് ഒരു നാളികേരം കാണിക്കവെച്ച് കല്ക്കണ്ടി വിതരണം ചെയ്ത് ബാബയോട് താൻ അതീവ സംതൃപ്തനാണെന്നു ബോധിപ്പിച്ചു. ചോൾക്കാർ മസ്ജിദ്ദിൽ ബാബുസാഹെബ് ജോഗിനോടു കൂടിയാണ് വന്നത്. അവർ പോവാനെണീറ്റപ്പോൾ ബാബ ജോഗി




നോട് പറഞ്ഞു. ഇയാൾക്ക് പഞ്ചസാര നിറച്ചും ചേർത്ത് ധാരാളം കാപ്പ് ചായ കൊടുക്കൂ. ഈ അർത്ഥവത്തായ വാക്കുകേട്ട് ചോൾക്കാർ ഭക്തിപരവശനായി കണ്ണീരൊലിപ്പിച്ച് ബാബയെ വീണ്ടും വീണ്ടും നമസ്കരിച്ചു. ജോഗിന്ന് ഇതൊന്നും മനസ്സിലായില്ല. ബാബക്ക് ഈ വാക്കുകളെക്കൊണ്ട് ചോൾക്കാറിന്റെ ഭക്തി ഉറപ്പിക്കലായിരുന്നു ഉദ്ദേശം. ബാബക്ക് കല്ക്കണ്ടി കൊടുക്കാൻ പഞ്ചസാര ഉപയോഗിക്കാത്ത കാര്യം അറിയാമെന്നും അയാളെ മനസ്സിലാക്കിക്കൊടുത്തു. ബാബ പറഞ്ഞു. നീ ഭക്തിയോടെ എന്റെ മുന്നിൽ കൈമലർത്തിയാൽ രാവുപകൽ ഞാൻ കൂടെയുണ്ടാവും. ഞാനിവിടെ ഇരിക്കയാണെങ്കിലും ഏഴുകടലിന്നപ്പുറത്ത് വെച്ച് നീ ചെയ്യുന്നതെല്ലാം ഞാനറിയും. നീയീ ലോകത്ത് എവിടെ പോവണമെങ്കിലും പൊയ്ക്കോളൂ. ഞാൻ കൂടെയുണ്ടായിരിക്കും. നിന്റെ ഹൃദയനിവാസിയായ എന്നെ ആരാധിച്ചാലും. ഞാൻ സമസ്ത ജീവജാലങ്ങളുടെയും ഹൃദയനിവാസിയാണ് എന്നെ ഇപ്രകാരം അറിയുന്നവർ അനുഗൃഹീതരും ഭാഗ്യവാന്മാരുമാണ്.

എന്തൊരു സുന്ദരവും സുപ്രധാനവുമായ പാഠമാണ് ബാബ ചോൾക്കാർക്ക് പഠിപ്പിച്ചത്!

## രണ്ടു ഗൗളികൾ

രണ്ടു ചെറിയ ഗൗളികളുടെ കഥയോടുകൂടി ഈ അദ്ധ്യായം അവസാനിപ്പിക്കാം. ഒരിക്കൽ ബാബ മസ്ജിദ്ദിൽ ഇരിക്കയായിരുന്നു. ഒരു ഭക്തൻ അടുത്തിരിക്കുന്നുണ്ട്. അപ്പോൾ ഒരു ഗൗളി ടിക് ടിക് എന്നു കൊക്കി ജിജ്ഞാസുവായ ഭക്തൻ ഗൗളി ശബ്ദിച്ചതിൽ വല്ല സാരവുമുണ്ടോ എന്ന് ബാബയോട് ചോദിച്ചു. അയാൾക്ക് നല്ലതോ ചീത്തയോ എന്നറിയാനായിരുന്നു. ബാബ

പറഞ്ഞു. അവളുടെ സഹോദരി ഔറംഗബാദിൽ നിന്ന് കാണാൻ വരുന്ന സന്തോഷം പ്രകടിപ്പിച്ചതാണ്. ബാബയുടെ വാക്കിന്റെ അർത്ഥം മനസ്സിലാവാതെ ഭക്തൻ മിണ്ടാതിരുന്നു. ഉടനെ ഔറംഗബാതിൽ നിന്ന് ഒരാൾ കുതിരപ്പുറത്ത് കയറി സവാരി ചെയ്ത് ബാബയെ കാണാനെത്തി. അയാൾക്ക് ഉടനെ പോവേ ണ്ടതുണ്ടെങ്കിലും കുതിരക്ക് വിശന്നിട്ട് നടക്കാൻ കൂട്ടാക്കിയില്ല. അയാൾ മുതിരകൊടുക്കാൻ സഞ്ചിയെടുത്ത്, മുതിരകൊടുത്ത് അഴുക്കുകളയാൻ സഞ്ചി നിലത്തിട്ടു തട്ടി. ഒരു ഗൗളി അതിൽനിന്ന് പുറത്തു വന്ന് എല്ലാവരും കാണെ ചുമരിൽക്കയ റി. ബാബ ആദ്യത്തെ ഭക്തനോട് അതിനെ നല്ലവണ്ണം നോക്കാൻ പറഞ്ഞു. അത് നേരെ അതിന്റെ സഹോദരി ഗൗളിയുടെ അടു ക്കലേക്കോടി. വളരെ കാലത്തിന്നുശേഷം സഹോദരിമാർ കണ്ടു മുട്ടുകയാണ്. അവർ ചുംബിച്ച് കെട്ടിപ്പിണഞ്ഞ് സന്തോഷത്താൽ ചുറ്റി ചുറ്റി നൃത്തം വെച്ചു. ഷിർദ്ദി എവിടെ കിടക്കുന്നു. ഔറം ഗബാദ് എവിടെ കിടക്കുന്നു? എങ്ങിനെ ഔറംഗബാദുകാരൻ ഈ ഗൗളിയെയും കൊണ്ട് അവിടെ വന്നു.? ബാബ എങ്ങിനെ സഹോദരിമാരുടെ കൂടിക്കാഴ്ച മുൻകൂട്ടി അറിഞ്ഞു? ആ അതി ശയങ്ങൾ ബാബയുടെ അന്തര്യാമിത്വം തെളിയിക്കയിക്കുന്നതാ ണ്.

**അടിക്കുറിപ്പ്**

ഏതൊരാൾ ഈ അദ്ധ്യായം ബഹുമാനപുരസ്സരം നിത്യവും പാരായണം ചെയ്യുന്നുവോ ആ ആളുടെ സകല കഷ്ട പ്പാടുകളും സദ്ഗുരു സായിബാബയുടെ അനുഗ്രഹത്താൽ തീർന്നുപോവും. അതുകൊണ്ട്.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!

# അദ്ധ്യായം - 16 - 17



*ഈ രണ്ട് അദ്ധ്യായങ്ങൾ ക്ഷണനേരംകൊണ്ട് ബ്രഹ്മജ്ഞാനം നേടാൻ ബാബയെ സമീപച്ച ഒരു ധനികന്റെ കഥയെ സംബന്ധിച്ചവയാണ്.*

കഴിഞ്ഞ അദ്ധ്യായത്തിൽ എപ്രകാരം ചോൾക്കാറിന്റെ ചെറിയ നൈവേദ്യം അംഗീകരിച്ചു എന്നു പറഞ്ഞുവല്ലോ പ്രേമത്തോടും ഭക്തിയോടും കൂടി കൊടുക്കന്ന എത്ര ചറിയ നൈവേദ്യവും ബാബ സ്വീകരിക്കും എന്നാണതിൽനിന്ന് വ്യക്തമാവുന്നത്. എന്നാൽ ഗർവ്വോടും ധിക്കാരത്തോടും കൂടി കൊടുക്കുന്നതെന്തും ബാബ നിഷേധിക്കും. സദാ സദ്ചിദ് ആനന്ദനായിരിക്കുന്ന ബാബ പുറംപൂച്ചുകളും ചടങ്ങുകളും തീരെ വിലവെച്ചില്ല. വിനയത്തോടുകൂടി കൊടുക്കുന്നതെന്തും സ്വീകരിക്കും. സദ്ഗുരു സായിബാബ മാതിരി കരുണാമൂർത്തിയായി മറ്റൊരാളില്ല. ചിന്താമണിയും, കല്പവൃക്ഷവും കാമധേനുവും ഒന്നും അദ്ദേഹത്തിന് സമമല്ല. കാരണം അവ നാം ആവശ്യപ്പെടുന്നത് തരികയെ ഉള്ളൂ. സദ്ഗുരു നാമാവശ്യപ്പെടാത്ത സദ്ഗതിയും സത്യവും നമുക്ക് തരുന്നു. എപ്രകാരം ബാബ പെട്ടെന്ന് ബ്രഹ്മജ്ഞാനം കിട്ടാനാവശ്യപ്പെട്ട ഒരു പണക്കാരനെ കൈകാര്യം ചെയ്തു എന്നു നോക്കുക.





വളരെ ധനികനായ ഒരാളുണ്ടായിരുന്നു. അയാളുടെ പേരും നാടും രേഖപ്പെടുത്തിയിട്ടില്ല. ഒരുപാട് ഭൂമിയും കെട്ടിടങ്ങളും പരിചാരകന്മാരും അയാൾക്കുണ്ടായിരുന്നു. ബാബയെപറ്റി കേട്ട പ്പോൾ അയാൾ ഒരു സുഹൃത്തിനോട് പറഞ്ഞു: എനിക്ക് എല്ലാം സമൃദ്ധിയായുണ്ട്. അതുകൊണ്ട് ബാബയോട് ബ്രഹ്മജ്ഞാനം ആവശ്യപ്പെട്ടുകളയാം. അതുംകൂടിയായാൽ സന്തോഷം പൂർണ്ണ മായല്ലോ. സുഹൃത്ത് അയാളോട് ബ്രഹ്മജ്ഞാനം എളുപ്പം കിട്ടി ല്ലെന്നും അയാളെപ്പോലെ ധനം, പത്നി എന്നിവയിൽ അത്യ ന്താസക്തിയുള്ള ഒരാൾക്ക് ഒട്ടും കഴിയില്ലെന്നും പറഞ്ഞു. മുട ക്കാൻ നോക്കി. ഒരു പൈസ ധർമ്മം ചെയ്യാത്ത അയാൾക്ക് ബ്രഹ്മ ജ്ഞാനം സാദ്ധ്യമല്ലെന്നും പറഞ്ഞുകൊടുത്തു.

സ്നേഹിതന്റെ വാക്കുകൾ ശ്രദ്ധിക്കാതെ അയാൾ ടോങ്ക പിടിച്ച് ഷിർദ്ദിയിലേക്കു വന്നു. അയാൾ മസ്ജിദ്ദിൽ പോയി ബാബ യുടെ കാൽക്കൽ നമസ്കരിച്ചു പറഞ്ഞു: ബാബ, അവിടുന്ന് എല്ലാവർക്കും ക്ഷണത്തിൽ ബ്രഹ്മനെ കാണിച്ചുകൊടുക്കുമെന്ന് കേട്ടാണ് ഞാൻ ദൂരത്തുനിന്നും വരുന്നത്. ഞാൻ വളരെ ക്ഷീണി ച്ചു. ബ്രഹ്മനെ കാണിച്ചുതന്നാൽ എന്റെ അദ്ധ്വാനം ഫലത്തിലാ വും. ബാബ പറഞ്ഞു. സുഹൃത്തെ, പരിഭ്രമിക്കേണ്ട. ബ്രഹ്മനെ ഉടനെ കാണിച്ചുതരാം. എന്റെ എടവാടൊക്കെ റൊക്കത്തിനാ ണ്, കടത്തിനല്ല. അനവധിപേർ വന്ന് എന്നോട് ധനം, ആരോ ഗ്യം, ശക്തി, സ്ഥാനമാനം, സ്ഥിതി, രോഗം മാറ്റൽ മുതലായ ലൗകിക കാര്യങ്ങൾ ആവശ്യപ്പെടുകയാണ്. ബ്രഹ്മജ്ഞാനം ചോദിച്ചുകൊണ്ട് ആരും വരലില്ല. ലൗകികങ്ങൾ ആവശ്യപ്പെടു ന്നവർക്ക് ക്ഷാമമില്ലെങ്കിലും ആദ്ധ്യാത്മികമായ ആവശ്യക്കാർ വിരളമാണ്. അതുകൊണ്ട് നിങ്ങൾ വന്ന് ബ്രഹ്മജ്ഞാനം ആവ ശ്യപ്പെട്ടത് ഒരു ശുഭ സൂചനയാണ്. അതുകൊണ്ട് ഉടനെ ബ്രഹ്മനെ അതിന്റെ എല്ലാ സജ്ജീകരണങ്ങളോടുകൂടി കാണി ച്ചുതരാം.

ഇത് പറഞ്ഞ് ബാബ അയാളുടെ ബ്രഹ്മനെ കാണിക്കാൻ ഒരുക്കമായി. അയാളെ അവിടെ ഇരുത്തി വേറെ എന്തോ പറഞ്ഞു ശ്രദ്ധ തിരിച്ചു പിന്നെ ഒരു കുട്ടിയെ വിളിച്ചു നന്ദു മാർവാടിയുടെ അടുക്കൽപോയി അഞ്ചുറുപ്പിക കടം വാങ്ങികൊണ്ടുവരാൻ പറഞ്ഞു. കുട്ടി പോയി മാർവാടിയെ കണ്ടില്ലെന്ന് വന്ന് പറഞ്ഞു. അപ്പോൾ ബാബ പലചരക്കുകടക്കാരൻ ബാലനോട് വാങ്ങിക്കൊണ്ടുവരാൻ പറഞ്ഞു. കുട്ടി പണം കിട്ടാതെ മടങ്ങി വന്നു. ഇത് മൂന്നുപ്രാവശ്യം വീണ്ടും ആവർത്തിച്ചു.

സായിബാബ ജീവിക്കുന്ന ബ്രഹ്മനാണല്ലോ. അപ്പോൾ ചോദിച്ചേക്കാം. എന്നാൽ എന്തിനാണ് ഇത്ര ചെറിയ കടം കിട്ടാൻ ബാബ മിനക്കെടുന്നതെന്ന്. യഥാർത്ഥത്തിൽ ബാബക്ക് പണം ആവശ്യമില്ലായിരുന്നു. നന്ദുവും ബാലനും ഇല്ലെന്നറിഞ്ഞുകൊണ്ടാണ് ബാബ കുട്ടിയെ അയക്കുന്നത്. ഇത് ബ്രഹ്മനെ അറിയാൻ വന്നവനെ പരീക്ഷിക്കാൻ ചെയ്തതാണ്. ഈ മാന്യന്റെ കയ്യിൽ ധാരാളം പണമുണ്ട്. യഥാർത്ഥ ബ്രഹ്മാന്വേഷിയാണെങ്കിൽ ബാബ ഇങ്ങിനെ പണത്തിന് കഷ്ടപ്പെടുന്നത് കണ്ടാൽ വെറുതെ ഇരിക്കില്ല. ബാബ വാക്കുമാറില്ലെന്നും പണം മടക്കിത്തരുമെന്നും, ചോദിച്ചത് നിസ്സാര സംഖ്യയാണെന്നും അയാൾക്കറിയാം. എന്നിട്ടും പണം കൈവിടാൻ മടി. അങ്ങിനെയുള്ള ഒരുവനാണ് ലോകത്തിൽവെച്ചേറ്റവും വലുത് - ബ്രഹ്മജ്ഞാനം - ബാബയോടാവശ്യപ്പെടുന്നത്! ബാബയെ സ്നേഹിക്കുന്ന മറ്റേതൊരാളും ഉടനെ പണം കൊടുക്കുമായിരുന്നു. പക്ഷെ ഇയാള ത്തരക്കാരനല്ല. ഇയാൾപണം കൊടുക്കില്ലെന്നല്ല, വെറുതെ ഇരുന്നതുമില്ല. വീട്ടിലേക്ക് മടങ്ങാൻ ധൃതിപിടിച്ച് അയാൾ ബാബയോട് ഓ ബാബ, വേഗം ബ്രഹ്മനെ കാണിച്ചു തരൂ. എന്ന് തിരക്കാൻ തുടങ്ങി. ബാബ പറഞ്ഞു. ഞാൻ ഈ ചെയ്ത നടപടികളൊന്നും നിങ്ങൾക്ക് മനസ്സിലായില്ലെ? അത് നിങ്ങൾക്ക്

ബ്രഹ്മനെ കാണിക്കാനാണ്. ചുരുക്കത്തിൽ ഇതാണ് കാര്യം ബ്രഹ്മനെ കാണാൻ അഞ്ച് സംഗതികൾ അടിയറവെക്കണം. 1) അഞ്ചു പ്രാണങ്ങൾ 2) പഞ്ചേന്ദ്രിയങ്ങൾ 3) മനസ്സ് 4) ബുദ്ധി 5) അഹംഭാവം - ഈ ബ്രഹ്മജ്ഞാനത്തിന്റെ വഴി, വാൾത്തലപ്പിൽ നടക്കുമ്പോലെ വിഷമം പിടിച്ചതാണ്. പിന്നീട് സായിബാബ അതിനെപറ്റി ഒരു നീണ്ട പ്രഭാഷണം നടത്തി. അതിന്റെ ഒരു ചുരുക്കം ഇവിടെ പ്രതിപാദിക്കാം.

## ബ്രഹ്മജ്ഞാനത്തിനും ആത്മാജ്ഞാനത്തിനുമുള്ള യോഗ്യത

എല്ലാവരും അവരുടെ ജീവിതകാലംകൊണ്ട് ബ്രഹ്മനെ കാണുകയോ അറിയുകയോ ചെയ്യുന്നില്ല. ചില യോഗ്യതകൾ അത്യാവശ്യമാണ്. 1) മുമുക്ഷ - അതായത് മോക്ഷത്തിനുള്ള അതി കലശലായ ഇച്ച. ഞാൻ ബ്രഹ്മനാണെന്നും ബന്ധനത്തിൽ നിന്ന് രക്ഷപ്രാപിച്ചു സ്വതന്ത്രനാവണമെന്നുള്ള അതിയായ മോഹംകൊണ്ട് നിരന്തരം പണിയെടുക്കുന്നവൻ ഒന്നാമത്തെ യോഗ്യതയായി. 2) വിരക്തി - ഇഹത്തിലും പരത്തിലും ഉള്ളവയിൽ ആഗ്രഹമില്ലാത്ത അവസ്ഥ. ഒരാൾക്ക് സ്ഥാനമാനങ്ങളിലും പ്രവൃത്തിഫലങ്ങളിലും ആശ നശിച്ചാലല്ലാതെ ആദ്ധ്യാത്മിക പുരോഗമനമുണ്ടാവില്ല. 3) അന്തർമുഖത - തന്നിലേക്കു തന്നെയുള്ള നോട്ടം. നമ്മുടെ ഇന്ദ്രിയങ്ങൾ പുറത്തേക്ക് ചായ്‌വോടു കൂടിയാണ് ദൈവം സൃഷ്ടിച്ചത്. അതുകൊണ്ട് മനുഷ്യൻ പുറത്തേക്ക് നോക്കലല്ലാതെ തന്നിലേക്കു തന്നെ നോക്കലില്ല. ആത്മജ്ഞാനി ഉള്ളിലേക്ക് നോക്കി ആത്മനെ കാണണം. 4) പാപനിർമ്മാർജ്ജനം - കുടിലപ്രവൃത്തികൾ നിർത്തി സദ്‌വൃത്തനായി ശാന്ത മനസ്ഥിതിക്കാരനായാലല്ലാതെ വിവരംകൊണ്ടുപോലും ബ്രഹ്മജ്ഞാനം ഉണ്ടാവുന്നതല്ല 5) ശരിയായ സ്വഭാവം - സത്യ

ത്തിലും തപസ്സിലും ആത്മജ്ഞാനത്തിലും അധിഷ്ഠിതമായ ജീവിതം നയിച്ച് ബ്രഹ്മചര്യമനുഷ്ഠിച്ചാലെ ദൈവത്തെ അറിയാൻ കഴിയൂ. 6) പ്രേയസ്സിനെക്കാൾ ശ്രേയസ്സിനെ - കാംക്ഷിക്കുക - ഭോഗ്യങ്ങളേക്കാൾ ദൈവത്തേയും നല്ലതിനെയും ഇഷ്ടപ്പെടുക. രണ്ടുതരം സംഗതികളുണ്ട്. നല്ലതും സന്തോഷപ്രദങ്ങളും, ആദ്യത്തേത് ആദ്ധ്യാത്മികവും രണ്ടാമത്തേതു ഭൗതികവുമാണ്. രണ്ടും മനുഷ്യനെ സമീപിച്ച് സ്വീകരിക്കാനാവശ്യപ്പെടുന്നു. അവൻ ആലോചിച്ച് ഒന്നിനെ സ്വീകരിക്കണം. വിവരമുള്ളവൻ നല്ലതും വിവരമില്ലാത്തവൻ അത്യാഗ്രഹത്താൽ സന്തോഷപ്രദവും സ്വീകരിക്കുന്നു. 7) ഇന്ദ്രിയങ്ങളും മനസ്സും നിയന്ത്രിക്കാൻ - ദേഹം രഥവും ആത്മാവ് നേതാവും, ബുദ്ധി തേരാളിയും, മനസ്സ് കടിഞ്ഞാണുമാണ്. ഇന്ദ്രിയങ്ങൾ കുതിരകളും ഇന്ദ്രിയസുഖങ്ങൾ വഴിയുമാണ്. വിവരമില്ലാത്തവനും മനസ്സിന് നിയന്ത്രണമില്ലാത്തവനും, ഇന്ദ്രിയങ്ങൾ പരിഭ്രാന്തരായ കുതിരയെപ്പോലെ തേരാളിയെ അവഗണിച്ചോടി ലക്ഷ്യസ്ഥാനത്തേക്കെത്താതെ വീണ്ടും ജനിച്ചും മരിച്ചും ചുറ്റിചുറ്റി നടക്കുന്നു. വിവരമുള്ളവനും മനസ്സ് നിയന്ത്രിച്ചവനുമായാൽ, ഇന്ദ്രിയങ്ങൾ നിയന്ത്രണത്തിൽ നിന്ന്, നല്ല കുതിരയെപ്പോലെ പ്രാപ്യസ്ഥാനമാകുന്ന ആത്മജ്ഞാനത്തിലെത്തുന്നു. പിന്നെ ജനനമില്ല. ജ്ഞാനമാകുന്ന തേരാളിയോടുകൂടി, നിയന്ത്രിതമായ ഇന്ദ്രിയമുള്ളവൻ വിഷ്ണുലോകത്തിൽ പ്രാപിച്ച് യാത്ര അവസാനിപ്പിക്കുന്നു. 8) മനഃശുദ്ധി - കൃത്യബോധത്തോടെയും നിസ്സംഗനായും കർമ്മം ചെയ്യുക. അതില്ലെങ്കിൽ മനഃശുദ്ധി കൈവരുന്നതല്ല. മനഃശുദ്ധിയില്ലെങ്കിൽ ബ്രഹ്മജ്ഞാനം സാദ്ധ്യവുമല്ല. മനഃശുദ്ധികൊണ്ടേ വിവേകവും വൈരാഗ്യവും സിദ്ധിക്കൂ. എന്നാൽ മാത്രമെ മോക്ഷം കൈവരികയുള്ളൂ. അഹംഭാവം കളഞ്ഞ്, ആർത്തി അവസാനിപ്പിച്ച്, മനസ്സിന് ആഗ്രഹമില്ലാതാക്കിയാലല്ലാതെ ആത്മജ്ഞാനം





സാദ്ധ്യമാകുന്നില്ല. ഞാൻ ദേഹമാണ്. എന്ന ബോധം വലിയ ഒരു മിത്ഥ്യയാണ്. ഈ മിത്ഥ്യയിലുള്ള വിശ്വാസമാണ് ബന്ധനത്തിന് കാരണം. അതുകൊണ്ട് ആ ബോധം ഉപേക്ഷിച്ച് അതിലുള്ള ആഗ്രഹം ത്യജിച്ച് ആത്മജ്ഞാനമായ ലക്ഷ്യത്തെ മുൻനിർത്തി പോവുക. 9) ഗുരുവിന്റെ ആവശ്യകത - ആത്മജ്ഞാനം നിഗൂഢവും സൂക്ഷ്മവുമായതിനാൽ ഒറ്റക്കത് കൈവരുത്തുവാൻ സാദ്ധ്യമല്ല. അപ്പോൾ ആത്മജ്ഞാനിയായ മറ്റൊരാളുടെ ഉപദേശവും നിർദ്ദേശവും അത്യാവശ്യമാണ്. മറ്റുള്ളവർക്ക് കഠിനാദ്ധ്വാനംകൊണ്ടും സാഹസംകൊണ്ടും തരാനാവാത്തത് ഗുരുവിന് എളുപ്പം തരാൻ കഴിയും കാരണം അദ്ദേഹം ആ വഴിയെ പോയതാകയാൽകയ്പിടിച്ച് അടിവെപ്പിച്ച് അടിവെപ്പിച്ച് ആദ്ധ്യാത്മിക പുരോഗതിയുടെ കോണിപ്പടികൾ കയറ്റികൊണ്ടു പോവാൻ അദ്ദേഹത്തിനു കഴിയും. 10) അവസാനമായി ദൈവാധീനമോ ദൈവാനുഗ്രഹമോ ആണ് ആവശ്യം. ദൈവം പ്രസാദിച്ചാൽ വിവേകവും വൈരാഗ്യവും എല്ലാം നൽകി ഭൗതികജീവിതത്തിൽ പതറാതെ മുന്നോട്ടുപോവാം. ആദ്ധ്യാത്മജ്ഞാനം വേദം പഠിച്ചോ, ബുദ്ധിശക്തിയാലോ, അപാരപാണ്ഡിത്യം കൊണ്ടോ കൈവരുന്നതല്ല. ആത്മൻ അംഗീകരിച്ചവന് അതു സാദ്ധ്യപ്പെടുന്നു. അവന് ആത്മൻ സ്വന്തഭാവം വെളിപ്പെടുത്തുന്നു എന്നാണ് കഠോപനിഷത്തിൽ പറയുന്നത്.

ഈ പ്രഭാഷണത്തിന് ശേഷം ബാബ ധനികനോട് പറഞ്ഞു. സർ നിങ്ങളുടെ ബ്രഹ്മൻ നിങ്ങളുടെ പോക്കറ്റിൽ 5ക. യുടെ 50 ഇരട്ടിയായി (250ക) കിടപ്പുണ്ട്. അത് പുറത്തെടുക്കൂ. ധനികൻ പുറത്തെടുത്ത് എണ്ണിയപ്പോൾ പത്തിന്റ ഇരുപത്തിയഞ്ച് നോട്ടുകളുണ്ട്. ഇതുകണ്ട് അയാൾ വിസ്മയിച്ച് ബാബയുടെ കാൽക്കൽവീണു അനുഗ്രഹിക്കാൻ പ്രാർത്ഥിച്ചു. നിങ്ങളുടെ ബ്രഹ്മനെ മടക്കിവെച്ചാലും നിങ്ങളുടെ ആർത്തി നശി





ക്കാതെ, യഥാർത്ഥ ബ്രഹ്മനെ കിട്ടാൻ പോകുന്നില്ല. എങ്ങിനെയാണ് ധനത്തിലും സന്താനത്തിലും സമൃദ്ധിയിലും മാത്രം ആഗ്രഹിക്കുന്നവർക്ക് അതുപേക്ഷിക്കാതെ ബ്രഹ്മജ്ഞാനം നേടാൻ കഴിയുക? പണത്തിനുള്ള ദുരാഗ്രഹം കാപട്യത്തന്റെയും അസൂയയുടെയും രൂപത്തിലുള്ള മുതലകൾ നിറഞ്ഞ ഒരു കയമാണ്. ആശയെ ജയിച്ചവനേ, ആ കയം, കടക്കാൻ കഴിയൂ. ആശയം ബ്രഹ്മനും ധ്രുവങ്ങളുടെ അന്തരത്തിലാണുള്ളത്. അവ അന്യോന്യം വിരുദ്ധങ്ങളുമാണ്. ആഗ്രഹമുള്ളവന് ബ്രഹ്മത്തെ ധ്യാനിക്കാൻ കഴിയില്ല. പിന്നെ എങ്ങിനെ ആഗ്രഹിക്ക് നിസ്സംഗത്വവും മുക്തിയും ലഭിക്കും? ആഗ്രഹിക്ക് ശാന്തിയും, തൃപ്തിയും, സ്ഥൈര്യവുമില്ല. ആഗ്രഹലേശമുണ്ടായാൽ, എല്ലാം സാധനയും വിഫലമാണ്. ഒരു പണ്ഡിതന്റെ വിവരംപോലും, ഫലേച്ഛകൊണ്ട്, വിഫലമായി, ആത്മജ്ഞാനത്തിന് സാദ്ധ്യമില്ലാതായി പോകുന്നു. ഇന്ദ്രിയസുഖങ്ങളിൽ കാംക്ഷിക്കുന്നവന് ഗുരുപദേശംപോലും ഗുണംചയ്യില്ല. മനഃശുദ്ധി കൈവരുത്താത്ത ഏത് ആദ്ധ്യാത്മിക പരിശ്രമവും, വെറും നിഷ്പ്രയോജനമായ പ്രദർശനവും ആർഭാടവുമായിപ്പോവുന്നതാണ്. അതുകൊണ്ട് അവനവന് ദഹിക്കുന്നത് കഴിക്കലാണ് ഭേദം. എന്റെ ഖജനാവ് പൂർണ്ണവുമാണ്. ആർക്കും എത്രയും കൊടുക്കാനുണ്ട്. പക്ഷെ അത് വാങ്ങുന്നവൻ യോഗ്യനോ എന്ന് നോക്കണം. നീയതിൽ ശ്രദ്ധിച്ചാൽ നിനക്ക് നല്ലതാണ്. ഈ മസ്ജിദിൽ ഇരുന്ന് ഞാനൊരിക്കലും അസത്യം പറയില്ല.

ഒരു വിരുന്നുകാരനെ വിളിച്ചാൽ വീട്ടിലുള്ള എല്ലാവരും പരിചാരകരടക്കം വിരുന്നുകാരോടൊപ്പം സൽക്കരിക്കപ്പെടുന്നു. അതുപോലെ പണക്കാരന് കൊടുത്ത ഈ അദ്ധ്യാത്മിക സദ്യയിൽ മസ്ജിദ്ദിലുള്ള എല്ലാവർക്കും പങ്കുകൊള്ളാൻ കഴിഞ്ഞു. ഒടുവിൽ ആ മാന്യനടക്കം എല്ലാവരും ബാബയുടെ അനുഗ്രഹം വാങ്ങി അവിടെനിന്നും പോയി.

## ബാബയുടെ പ്രത്യേകതകൾ

പല ഋഷിമാരും വീടുവിട്ട്, കാടുകയറി, ആശ്രമത്തിലും ഗുഹയിലുമിരുന്നു ഏകാന്തത അനുഭവിക്കുന്നവരാണ്. അവർ അവരുടെ മോക്ഷത്തെ മാത്രമെ ശ്രദ്ധിക്കുന്നുള്ളൂ. അവർ മറ്റുള്ളവരെ ശ്രദ്ധിക്കാതെ ആത്മചിന്തയിൽ മുഴുകിയിരിക്കും. സായിബാബ അത്തരത്തിലായിരുന്നില്ല. ബാബക്ക്  വീടോ, ഭാര്യയോ, മക്കളോ, ബന്ധുക്കളോ ഇല്ല. എന്നിട്ടും ബാബ സമുദായമദ്ധ്യത്തിൽ താമസിച്ചു ഭക്ഷണം നാലോ അഞ്ചോ വീടുകളിൽനിന്ന് യാചിച്ചു വാങ്ങി, വേപ്പുമരച്ചോട്ടിൽ ഇരുന്ന് മറ്റുള്ളവരുടെ ക്ഷേമത്തിൽ ശ്രദ്ധിച്ചു.അവരെ സന്മാർഗ്ഗത്തിലേക്കുള്ള വഴികൾ പഠിപ്പിച്ചു. ദൈവം പ്രത്യക്ഷീഭൂതരായ സാധുക്കൾ, മറ്റുള്ളവരെ നന്നാക്കാൻ ആഗ്രഹിക്കുന്നത് വളരെ അപൂർവ്വമാണ്. സായിബാബ അതിൽ മുമ്പനായിരുന്നു. അതുകൊണ്ട് ഹേമദ്പാന്ത് പറയുകയാണ്.

ഈ രത്നം (സായിബാബ) ജനിച്ച രാജ്യം അനുഗൃഹീതമാണ്. കുടുംബം അനുഗൃഹീതമാണ്. മാതാപിതാക്കൾ അനുഗൃഹീതരാണ്.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!

# അദ്ധ്യായം - 16 - 17



*ഈ രണ്ട് അദ്ധ്യായങ്ങൾ ക്ഷണനേരംകൊണ്ട് ബ്രഹ്മജ്ഞാനം നേടാൻ ബാബയെ സമീപച്ച ഒരു ധനികന്റെ കഥയെ സംബന്ധിച്ചവയാണ്.*

കഴിഞ്ഞ അദ്ധ്യായത്തിൽ എപ്രകാരം ചോൾക്കാറിന്റെ ചെറിയ നൈവേദ്യം അംഗീകരിച്ചു എന്നു പറഞ്ഞുവല്ലോ പ്രേമത്തോടും ഭക്തിയോടും കൂടി കൊടുക്കന്ന എത്ര ചറിയ നൈവേദ്യവും ബാബ സ്വീകരിക്കും എന്നാണതിൽനിന്ന് വ്യക്തമാവുന്നത്. എന്നാൽ ഗർവ്വോടും ധിക്കാരത്തോടും കൂടി കൊടുക്കുന്നതെന്തും ബാബ നിഷേധിക്കും. സദാ സദ്ചിദ് ആനന്ദനായിരിക്കുന്ന ബാബ പുറംപൂച്ചുകളും ചടങ്ങുകളും തീരെ വിലവെച്ചില്ല. വിനയത്തോടുകൂടി കൊടുക്കുന്നതെന്തും സ്വീകരിക്കും. സദ്ഗുരു സായിബാബ മാതിരി കരുണാമൂർത്തിയായി മറ്റൊരാളില്ല. ചിന്താമണിയും, കല്പവൃക്ഷവും കാമധേനുവും ഒന്നും അദ്ദേഹത്തിന് സമമല്ല. കാരണം അവ നാം ആവശ്യപ്പെടുന്നത് തരികയെ ഉള്ളൂ. സദ്ഗുരു നാമാവശ്യപ്പെടാത്ത സദ്ഗതിയും സത്യവും നമുക്ക് തരുന്നു. എപ്രകാരം ബാബ പെട്ടെന്ന് ബ്രഹ്മജ്ഞാനം കിട്ടാനാവശ്യപ്പെട്ട ഒരു പണക്കാരനെ കൈകാര്യം ചെയ്തു എന്നു നോക്കുക.

വളരെ ധനികനായ ഒരാളുണ്ടായിരുന്നു. അയാളുടെ പേരും നാടും രേഖപ്പെടുത്തിയിട്ടില്ല. ഒരുപാട് ഭൂമിയും കെട്ടിടങ്ങളും പരിചാരകന്മാരും അയാൾക്കുണ്ടായിരുന്നു. ബാബയെപറ്റി കേട്ടപ്പോൾ അയാൾ ഒരു സുഹൃത്തിനോട് പറഞ്ഞു: എനിക്ക് എല്ലാം സമൃദ്ധിയായുണ്ട്. അതുകൊണ്ട് ബാബയോട് ബ്രഹ്മജ്ഞാനം ആവശ്യപ്പെട്ടുകളയാം. അതുംകൂടിയായാൽ സന്തോഷം പൂർണ്ണമായല്ലോ. സുഹൃത്ത് അയാളോട് ബ്രഹ്മജ്ഞാനം എളുപ്പം കിട്ടില്ലെന്നും അയാളെപ്പോലെ ധനം, പത്നി എന്നിവയിൽ അത്യന്താസക്തിയുള്ള ഒരാൾക്ക് ഒട്ടും കഴിയില്ലെന്നും പറഞ്ഞു. മുടക്കാൻ നോക്കി. ഒരു പൈസ ധർമ്മം ചെയ്യാത്ത അയാൾക്ക് ബ്രഹ്മജ്ഞാനം സാദ്ധ്യമല്ലെന്നും പറഞ്ഞുകൊടുത്തു.

സ്നേഹിതന്റെ വാക്കുകൾ ശ്രദ്ധിക്കാതെ അയാൾ ടോങ്കപിടിച്ച് ഷിർദ്ദിയിലേക്കു വന്നു. അയാൾ മസ്ജിദ്ദിൽ പോയി ബാബയുടെ കാൽക്കൽ നമസ്കരിച്ചു പറഞ്ഞു: ബാബ, അവിടുന്ന് എല്ലാവർക്കും ക്ഷണത്തിൽ ബ്രഹ്മനെ കാണിച്ചുകൊടുക്കുമെന്ന് കേട്ടാണ് ഞാൻ ദൂരത്തുനിന്നും വരുന്നത്. ഞാൻ വളരെ ക്ഷീണിച്ചു. ബ്രഹ്മനെ കാണിച്ചുതന്നാൽ എന്റെ അദ്ധ്വാനം ഫലത്തിലാവും. ബാബ പറഞ്ഞു. സുഹൃത്തെ, പരിഭ്രമിക്കേണ്ട. ബ്രഹ്മനെ ഉടനെ കാണിച്ചുതരാം. എന്റെ എടവാടൊക്കെ റൊക്കത്തിനാണ്, കടത്തിനല്ല. അനവധിപേർ വന്ന് എന്നോട് ധനം, ആരോഗ്യം, ശക്തി, സ്ഥാനമാനം, സ്ഥിതി, രോഗം മാറ്റൽ മുതലായ ലൗകിക കാര്യങ്ങൾ ആവശ്യപ്പെടുകയാണ്. ബ്രഹ്മജ്ഞാനം ചോദിച്ചുകൊണ്ട് ആരും വരലില്ല. ലൗകികങ്ങൾ ആവശ്യപ്പെടുന്നവർക്ക് ക്ഷാമമില്ലെങ്കിലും ആദ്ധ്യാത്മികമായ ആവശ്യക്കാർ വിരളമാണ്. അതുകൊണ്ട് നിങ്ങൾ വന്ന് ബ്രഹ്മജ്ഞാനം ആവശ്യപ്പെട്ടത് ഒരു ശുഭ സൂചനയാണ്. അതുകൊണ്ട് ഉടനെ ബ്രഹ്മനെ അതിന്റെ എല്ലാ സജ്ജീകരണങ്ങളോടുകൂടി കാണിച്ചുതരാം.

ഇത് പറഞ്ഞ് ബാബ അയാളുടെ ബ്രഹ്മനെ കാണിക്കാൻ ഒരുക്കമായി. അയാളെ അവിടെ ഇരുത്തി വേറെ എന്തോ പറഞ്ഞു ശ്രദ്ധ തിരിച്ചു പിന്നെ ഒരു കുട്ടിയെ വിളിച്ചു നന്ദു മാർവാടി യുടെ അടുക്കൽപോയി അഞ്ചുറുപ്പിക കടം വാങ്ങികൊണ്ടു വരാൻ പറഞ്ഞു. കുട്ടി പോയി മാർവാടിയെ കണ്ടില്ലെന്ന് വന്ന് പറഞ്ഞു. അപ്പോൾ ബാബ പലചരക്കുകടക്കാരൻ ബാലനോട് വാങ്ങിക്കൊണ്ടുവരാൻ പറഞ്ഞു. കുട്ടി പണം കിട്ടാതെ മടങ്ങി വന്നു. ഇത് മൂന്നുപ്രാവശ്യം വീണ്ടും ആവർത്തിച്ചു.

സായിബാബ ജീവിക്കുന്ന ബ്രഹ്മനാണല്ലോ. അപ്പോൾ ചോദി ച്ചേക്കാം. എന്നാൽ എന്തിനാണ് ഇത്ര ചെറിയ കടം കിട്ടാൻ ബാബ മിനക്കെടുന്നതെന്ന്. യഥാർത്ഥത്തിൽ ബാബക്ക് പണം ആവശ്യമില്ലായിരുന്നു. നന്ദുവും ബാലനും ഇല്ലെന്നറിഞ്ഞുകൊ ണ്ടാണ് ബാബ കുട്ടിയെ അയക്കുന്നത്. ഇത് ബ്രഹ്മനെ അറി യാൻ വന്നവനെ പരീക്ഷിക്കാൻ ചെയ്തതാണ്. ഈ മാന്യന്റെ കയ്യിൽ ധാരാളം പണമുണ്ട്. യഥാർത്ഥ ബ്രഹ്മാന്വേഷിയാണെ ങ്കിൽ ബാബ ഇങ്ങിനെ പണത്തിന് കഷ്ടപ്പെടുന്നത് കണ്ടാൽ വെറുതെ ഇരിക്കില്ല. ബാബ വാക്കുമാറില്ലെന്നും പണം മടക്കി ത്തരുമെന്നും, ചോദിച്ചത് നിസ്സാര സംഖ്യയാണെന്നും അയാൾക്ക റിയാം. എന്നിട്ടും പണം കൈവിടാൻ മടി. അങ്ങിനെയുള്ള ഒരു വനാണ് ലോകത്തിൽവെച്ചേറ്റവും വലുത് - ബ്രഹ്മജ്ഞാനം - ബാബയോടാവശ്യപ്പെടുന്നത്! ബാബയെ സ്നേഹിക്കുന്ന മറ്റേ തൊരാളും ഉടനെ പണം കൊടുക്കുമായിരുന്നു. പക്ഷെ ഇയാള ത്തരക്കാരനല്ല. ഇയാൾപണം കൊടുക്കില്ലെന്നല്ല, വെറുതെ ഇരു ന്നതുമില്ല. വീട്ടിലേക്ക് മടങ്ങാൻ ധൃതിപിടിച്ച് അയാൾ ബാബ യോട് ഓ ബാബ, വേഗം ബ്രഹ്മനെ കാണിച്ചു തരൂ. എന്ന് തിരക്കാൻ തുടങ്ങി. ബാബ പറഞ്ഞു. ഞാൻ ഈ ചെയ്ത നടപ ടികളൊന്നും നിങ്ങൾക്ക് മനസ്സിലായില്ലെ? അത് നിങ്ങൾക്ക്





ബ്രഹ്മനെ കാണിക്കാനാണ്. ചുരുക്കത്തിൽ ഇതാണ് കാര്യം ബ്രഹ്മനെ കാണാൻ അഞ്ച് സംഗതികൾ അടിയറവെക്കണം. 1) അഞ്ചു പ്രാണങ്ങൾ 2) പഞ്ചേന്ദ്രിയങ്ങൾ 3) മനസ്സ് 4) ബുദ്ധി 5) അഹംഭാവം - ഈ ബ്രഹ്മജ്ഞാനത്തിന്റെ വഴി, വാൾത്തലപ്പിൽ നടക്കുംപോലെ വിഷമം പിടിച്ചതാണ്. പിന്നീട് സായിബാബ അതിനെപറ്റി ഒരു നീണ്ട പ്രഭാഷണം നടത്തി. അതിന്റെ ഒരു ചുരുക്കം ഇവിടെ പ്രതിപാദിക്കാം.

## ബ്രഹ്മജ്ഞാനത്തിനും ആത്മാജ്ഞാനത്തിനുമുള്ള യോഗ്യത

എല്ലാവരും അവരുടെ ജീവിതകാലംകൊണ്ട് ബ്രഹ്മനെ കാണുകയോ അറിയുകയോ ചെയ്യുന്നില്ല. ചില യോഗ്യതകൾ അത്യാവശ്യമാണ്. 1) മുമുക്ഷ - അതായത് മോക്ഷത്തിനുള്ള അതി കലശലായ ഇച്ഛ. ഞാൻ ബ്രഹ്മനാണെന്നും ബന്ധനത്തിൽ നിന്ന് രക്ഷപ്രാപിച്ചു സ്വതന്ത്രനാവണമെന്നുള്ള അതിയായ മോഹംകൊണ്ട് നിരന്തരം പണിയെടുക്കുന്നവൻ ഒന്നാമത്തെ യോഗ്യതയായി. 2) വിരക്തി - ഇഹത്തിലും പരത്തിലും ഉള്ളവയിൽ ആഗ്രഹമില്ലാത്ത അവസ്ഥ. ഒരാൾക്ക് സ്ഥാനമാനങ്ങളിലും പ്രവൃത്തിഫലങ്ങളിലും ആശ നശിച്ചാലല്ലാതെ ആദ്ധ്യാത്മിക പുരോഗമനമുണ്ടാവില്ല. 3) അന്തർമുഖത - തന്നിലേക്കു തന്നെയുള്ള നോട്ടം. നമ്മുടെ ഇന്ദ്രിയങ്ങൾ പുറത്തേക്ക് ചായ്‌വോടുകൂടിയാണ് ദൈവം സൃഷ്ടിച്ചത്. അതുകൊണ്ട് മനുഷ്യൻ പുറത്തേക്ക് നോക്കലല്ലാതെ തന്നിലേക്കു തന്നെ നോക്കലില്ല. ആത്മജ്ഞാനി ഉള്ളിലേക്ക് നോക്കി ആത്മനെ കാണണം. 4) പാപനിർമ്മാർജ്ജനം - കുടിലപ്രവൃത്തികൾ നിർത്തി സദ്‌വൃത്തനായി ശാന്ത മനസ്ഥിതിക്കാരനായാലല്ലാതെ വിവരംകൊണ്ടുപോലും ബ്രഹ്മജ്ഞാനം ഉണ്ടാവുന്നതല്ല 5) ശരിയായ സ്വഭാവം - സത്യ

ത്തിലും തപസ്സിലും ആത്മജ്ഞാനത്തിലും അധിഷ്ഠിതമായ ജീവിതം നയിച്ച് ബ്രഹ്മചര്യമനുഷ്ഠിച്ചാലെ ദൈവത്തെ അറിയാൻ കഴിയൂ. 6) പ്രേയസ്സിനെക്കാൾ ശ്രേയസ്സിനെ - കാംക്ഷിക്കുക - ഭോഗ്യങ്ങളേക്കാൾ ദൈവത്തേയും നല്ലതിനെയും ഇഷ്ടപ്പെടുക. രണ്ടുതരം സംഗതികളുണ്ട്. നല്ലതും സന്തോഷപ്രദങ്ങളും, ആദ്യത്തേത് ആദ്ധ്യാത്മികവും രണ്ടാമത്തേതു ഭൗതികവുമാണ്. രണ്ടും മനുഷ്യനെ സമീപിച്ച് സ്വീകരിക്കാനാവശ്യപ്പെടുന്നു. അവൻ ആലോചിച്ച് ഒന്നിനെ സ്വീകരിക്കണം. വിവരമുള്ളവൻ നല്ലതും വിവരമില്ലാത്തവൻ അത്യാഗ്രഹത്താൽ സന്തോഷപ്രദവും സ്വീകരിക്കുന്നു. 7) ഇന്ദ്രിയങ്ങളും മനസ്സും നിയന്ത്രിക്കാൻ - ദേഹം രഥവും ആത്മാവ് നേതാവും, ബുദ്ധി തേരാളിയും, മനസ്സ് കടിഞ്ഞാണുമാണ്. ഇന്ദ്രിയങ്ങൾ കുതിരകളും ഇന്ദ്രിയസുഖങ്ങൾ വഴിയുമാണ്. വിവരമില്ലാത്തവനും മനസ്സിന് നിയന്ത്രണമില്ലാത്തവനും, ഇന്ദ്രിയങ്ങൾ പരിഭ്രാന്തരായ കുതിരയെപ്പോലെ തേരാളിയെ അവഗണിച്ചോടി ലക്ഷ്യസ്ഥാനത്തേക്കെത്താതെ വീണ്ടും ജനിച്ചും മരിച്ചും ചുറ്റിചുറ്റി നടക്കുന്നു. വിവരമുള്ളവനും മനസ്സ് നിയന്ത്രിച്ചവനുമായാൽ, ഇന്ദ്രിയങ്ങൾ നിയന്ത്രണത്തിൽ നിന്ന്, നല്ല കുതിരയെപ്പോലെ പ്രാപ്യസ്ഥാനമാകുന്ന ആത്മജ്ഞാനത്തിലെത്തുന്നു. പിന്നെ ജനനമില്ല. ജ്ഞാനമാകുന്ന തേരാളിയോടുകൂടി, നിയന്ത്രിതമായ ഇന്ദ്രിയമുള്ളവൻ വിഷ്ണുലോകത്തിൽ പ്രാപിച്ച് യാത്ര അവസാനിപ്പിക്കുന്നു. 8) മനഃശുദ്ധി - കൃത്യബോധത്തോടെയും നിസ്സംഗനായും കർമ്മം ചെയ്യുക. അതില്ലെങ്കിൽ മനഃശുദ്ധി കൈവരുന്നതല്ല. മനഃശുദ്ധിയില്ലെങ്കിൽ ബ്രഹ്മജ്ഞാനം സാദ്ധ്യവുമല്ല. മനഃശുദ്ധികൊണ്ടേ വിവേകവും വൈരാഗ്യവും സിദ്ധിക്കൂ. എന്നാൽ മാത്രമെ മോക്ഷം കൈവരികയുള്ളൂ. അഹംഭാവം കളഞ്ഞ്, ആർത്തി അവസാനിപ്പിച്ച്, മനസ്സിന് ആഗ്രഹമില്ലാതാക്കിയാലല്ലാതെ ആത്മജ്ഞാനം

സാദ്ധ്യമാകുന്നില്ല. ഞാൻ ദേഹമാണ്. എന്ന ബോധം വലിയ ഒരു മിത്ഥ്യയാണ്. ഈ മിത്ഥ്യയിലുള്ള വിശ്വാസമാണ് ബന്ധനത്തിന് കാരണം. അതുകൊണ്ട് ആ ബോധം ഉപേക്ഷിച്ച് അതിലുള്ള ആഗ്രഹം ത്യജിച്ച് ആത്മജ്ഞാനമായ ലക്ഷ്യത്തെ മുൻനിർത്തി പോവുക. 9) ഗുരുവിന്റെ ആവശ്യകത - ആത്മജ്ഞാനം നിഗൂഢവും സൂക്ഷ്മവുമായതിനാൽ ഒറ്റക്കത് കൈവരുത്തുവാൻ സാദ്ധ്യമല്ല. അപ്പോൾ ആത്മജ്ഞാനിയായ മറ്റൊരാളുടെ ഉപദേശവും നിർദ്ദേശവും അത്യാവശ്യമാണ്. മറ്റുള്ളവർക്ക് കഠിനാദ്ധ്വാനംകൊണ്ടും സാഹസംകൊണ്ടും തരാനാവാത്തത് ഗുരുവിന് എളുപ്പം തരാൻ കഴിയും കാരണം അദ്ദേഹം ആ വഴിയെ പോയതാകയാൽകയ്പിടിച്ച് അടിവെപ്പിച്ച് അടിവെപ്പിച്ച് ആദ്ധ്യാത്മിക പുരോഗതിയുടെ കോണിപ്പടികൾ കയറ്റികൊണ്ടു പോവാൻ അദ്ദേഹത്തിനു കഴിയും. 10) അവസാനമായി ദൈവാധീനമോ ദൈവാനുഗ്രഹമോ ആണ് ആവശ്യം. ദൈവം പ്രസാദിച്ചാൽ വിവേകവും വൈരാഗ്യവും എല്ലാം നൽകി ഭൗതികജീവിതത്തിൽ പതറാതെ മുന്നോട്ടുപോവാം. ആദ്ധ്യാത്മജ്ഞാനം വേദം പഠിച്ചോ, ബുദ്ധിശക്തിയാലോ, അപാരപാണ്ഡിത്യം കൊണ്ടോ കൈവരുന്നതല്ല. ആത്മൻ അംഗീകരിച്ചവന് അതു സാദ്ധ്യപ്പെടുന്നു. അവന് ആത്മൻ സ്വന്തഭാവം വെളിപ്പെടുത്തുന്നു എന്നാണ് കഠോപനിഷത്തിൽ പറയുന്നത്.

ഈ പ്രഭാഷണത്തിന് ശേഷം ബാബ ധനികനോട് പറഞ്ഞു. സർ നിങ്ങളുടെ ബ്രഹ്മൻ നിങ്ങളുടെ പോക്കറ്റിൽ 5ക. യുടെ 50 ഇരട്ടിയായി (250ക) കിടപ്പുണ്ട്. അത് പുറത്തെടുക്കൂ. ധനികൻ പുറത്തെടുത്ത് എണ്ണിയപ്പോൾ പത്തിന്റ ഇരുപത്തിയഞ്ച് നോട്ടുകളുണ്ട്. ഇതുകണ്ട് അയാൾ വിസ്മയിച്ച് ബാബയുടെ കാൽക്കൽവീണു അനുഗ്രഹിക്കാൻ പ്രാർത്ഥിച്ചു. നിങ്ങളുടെ ബ്രഹ്മനെ മടക്കിവെച്ചാലും നിങ്ങളുടെ ആർത്തി നശി

ക്കാതെ, യഥാർത്ഥ ബ്രഹ്മനെ കിട്ടാൻ പോകുന്നില്ല. എങ്ങിനെ യാണ് ധനത്തിലും സന്താനത്തിലും സമൃദ്ധിയിലും മാത്രം ആഗ്ര ഹിക്കുന്നവർക്ക് അതുപേക്ഷിക്കാതെ ബ്രഹ്മജ്ഞാനം നേടാൻ കഴിയുക? പണത്തിനുള്ള ദുരാഗ്രഹം കാപട്യത്തന്റെയും അസൂ യയുടെയും രൂപത്തിലുള്ള മുതലകൾ നിറഞ്ഞ ഒരു കയമാണ്. ആശയെ ജയിച്ചവനേ, ആ കയം, കടക്കാൻ കഴിയൂ. ആശയം ബ്രഹ്മനും ധ്രുവങ്ങളുടെ അന്തരത്തിലാണുള്ളത്. അവ അന്യോന്യം വിരുദ്ധങ്ങളുമാണ്. ആഗ്രഹമുള്ളവന് ബ്രഹ്മത്തെ ധ്യാനിക്കാൻ കഴിയില്ല. പിന്നെ എങ്ങിനെ ആഗ്രഹിക്ക് നിസ്സംഗ ത്വവും മുക്തിയും ലഭിക്കും? ആഗ്രഹിക്ക് ശാന്തിയും, തൃപ്തി യും, സ്ഥൈര്യവുമില്ല. ആഗ്രഹലേശമുണ്ടായാൽ, എല്ലാം സാധ നയും വിഫലമാണ്. ഒരു പണ്ഡിതന്റെ വിവരംപോലും, ഫലേ ച്ഛകൊണ്ട്, വിഫലമായി, ആത്മജ്ഞാനത്തിന് സാദ്ധ്യമില്ലാതായി പോകുന്നു. ഇന്ദ്രിയസുഖങ്ങളിൽ കാംക്ഷിക്കുന്നവന് ഗുരുപദേ ശംപോലും ഗുണംചയ്യില്ല. മനഃശുദ്ധി കൈവരുത്താത്ത ഏത് ആദ്ധ്യാത്മിക പരിശ്രമവും, വെറും നിഷ്പ്രയോജനമായ പ്രദർശ നവും ആർഭാടവുമായിപ്പോവുന്നതാണ്. അതുകൊണ്ട് അവന വന് ദഹിക്കുന്നത് കഴിക്കലാണ് ഭേദം. എന്റെ ഖജനാവ് പൂർണ്ണ വുമാണ്. ആർക്കും എത്രയും കൊടുക്കാനുണ്ട്. പക്ഷെ അത് വാങ്ങുന്നവൻ യോഗ്യനോ എന്ന് നോക്കണം. നീയതിൽ ശ്രദ്ധി ച്ചാൽ നിനക്ക് നല്ലതാണ്. ഈ മസ്ജിദിൽ ഇരുന്ന് ഞാനൊരി ക്കലും അസത്യം പറയില്ല.

ഒരു വിരുന്നുകാരനെ വിളിച്ചാൽ വീട്ടിലുള്ള എല്ലാവരും പരിചാരകരടക്കം വിരുന്നുകാരോടൊപ്പം സൽക്കരിക്കപ്പെടുന്നു. അതുപോലെ പണക്കാരന് കൊടുത്ത ഈ അദ്ധ്യാത്മിക സദ്യയിൽ മസ്ജിദ്ദിലുള്ള എല്ലാവർക്കും പങ്കുകൊള്ളാൻ കഴി ഞ്ഞു. ഒടുവിൽ ആ മാന്യനടക്കം എല്ലാവരും ബാബയുടെ അനു ഗ്രഹം വാങ്ങി അവിടെനിന്നും പോയി.

## ബാബയുടെ പ്രത്യേകതകൾ

പല ഋഷിമാരും വീടുവിട്ട്, കാടുകയറി, ആശ്രമത്തിലും ഗുഹയിലുമിരുന്നു ഏകാന്തത അനുഭവിക്കുന്നവരാണ്. അവർ അവരുടെ മോക്ഷത്തെ മാത്രമെ ശ്രദ്ധിക്കുന്നുള്ളൂ. അവർ മറ്റു ള്ളവരെ ശ്രദ്ധിക്കാതെ ആത്മചിന്തയിൽ മുഴുകിയിരിക്കും. സായി ബാബ അത്തരത്തിലായിരുന്നില്ല. ബാബക്ക് വീടോ, ഭാര്യയോ, മക്കളോ, ബന്ധുക്കളോ ഇല്ല. എന്നിട്ടും ബാബ സമുദായമദ്ധ്യ ത്തിൽ താമസിച്ചു ഭക്ഷണം നാലോ അഞ്ചോ വീടുകളിൽനിന്ന് യാചിച്ചു വാങ്ങി, വേപ്പുമരച്ചോട്ടിൽ ഇരുന്ന് മറ്റുള്ളവരുടെ ക്ഷേമ ത്തിൽ ശ്രദ്ധിച്ചു.അവരെ സന്മാർഗ്ഗത്തിലേക്കുള്ള വഴികൾ പഠി പ്പിച്ചു. ദൈവം പ്രത്യക്ഷീഭൂതരായ സാധുക്കൾ, മറ്റുള്ളവരെ നന്നാ ക്കാൻ ആഗ്രഹിക്കുന്നത് വളരെ അപൂർവ്വമാണ്. സായിബാബ അതിൽ മുമ്പനായിരുന്നു. അതുകൊണ്ട് ഹേമദ്പാന്ത് പറയുക യാണ്.

ഈ രത്നം (സായിബാബ) ജനിച്ച രാജ്യം അനുഗൃഹീത മാണ്. കുടുംബം അനുഗൃഹീതമാണ്. മാതാപിതാക്കൾ അനു ഗൃഹീതരാണ്.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!

# അദ്ധ്യായം - 18 - 19



*ഹേമദ്പാന്തിനെ എങ്ങിനെ സ്വീകരിച്ച് അനുഗ്രഹിച്ചു എന്ന് - മിസ്റ്റർ സതേയുടെയും മിസ്സിസ്സ് ദേശ്മുഖിന്റെയും കഥകൾ - നല്ല ചിന്തകളെ ഫലവത്താക്കൽ - പലതരത്തിലുള്ള ഉപദേശങ്ങൾ - അപലപിക്കുന്നതിനെപ്പറ്റിയും അദ്ധ്വാനത്തിനുള്ള പ്രതിഫലത്തെപറ്റിയുമുള്ള പാഠങ്ങൾ.*

## പ്രാരംഭവാകൃങ്ങൾ

സദ്ഗുരു ശിഷ്യന്റെ ഗുണത്തെ നോക്കി മനഃശ്ചാഞ്ചല്യം വരുത്താതെ ഉപദേശം കൊടുത്ത് അവരെ പ്രാപ്യസ്ഥാനമായ ആത്മവിജ്ഞാനത്തിലേക്കു നയിക്കുന്നു എന്ന് പരക്കെ അറിയുന്ന വസ്തുതയാണ്. ഇക്കാര്യത്തിൽ, സദ്ഗുരു ഉപദേശിക്കുന്നത് പുറമെ മറ്റാരോടും പറഞ്ഞുപോകരുതെന്ന് ചിലർ പറയുന്നു. അവർ വിചാരിക്കുന്നത്, പരസ്യമാക്കിയാൽ ഉപദേശം ഫലമില്ലാത്തതാവുമെന്നാണ്. ഈ അഭിപ്രായം ശരിയല്ല. സദ്ഗുരു, കാലവർഷത്തിലെ മഴക്കാറുപോലെയാണ് അദ്ദേഹം കാറുപോലെ ധാരാളം വർഷിക്കുന്നു - അതായത്, ഉപദേശം പലർക്കും കൊടുക്കുന്നു. അത് മനസ്സിലാക്കി, ആസ്വദിച്ചു മറ്റുള്ളവർക്കു ഗുണം ചെയ്യലാണ് നാം ചെയ്യേണ്ടത്. അതിന്ന് കലവറ പാടില്ല.





ഇത് ഉണർന്നിരിക്കുമ്പോഴത്തെ ഉപദേശത്തിനും സ്വപ്നത്തിൽ കാണിച്ചു തരുന്ന ദർശനങ്ങൾക്കും ഒരു പോലെ ബാധകമാണ്. ഉദാഹരണമായി ബുധകൗശിക ഋഷി അദ്ദേഹത്തിന് സ്വപ്നത്തിൽ കണ്ട രാമരക്ഷാ സ്ത്രോത്രം പരസ്യമായി പറഞ്ഞുകൊടുത്തു.

പുത്രവത്സലയായ അമ്മ, ഫലവത്തും പക്ഷെ കയ്പ്പുള്ളതുമായ മരുന്ന്, കുട്ടിയെ ബലം പ്രയോഗിച്ച് കുടിപ്പിക്കുംപോലെ, സായിബാബ ഭക്തന്മാർക്ക് ആദ്ധ്യാത്മിക ഉപദേശങ്ങൾ നൽകിവന്നു. ബാബയുടെ സമ്പ്രദായം രഹസ്യമോ മൂടുപടമിട്ടതോ അല്ല. തുറന്നതാണ്. ബാബയുടെ നിർദ്ദേശം അനുസരിച്ച ഭക്തന്മാർക്ക് അതിന്റെ നേട്ടങ്ങളും സിദ്ധിച്ചു. സായിബാബപോലെയുള്ള സദ്ഗുരു, നമ്മുടെ കണ്ണു തുറന്നു തരുന്നു (ബുദ്ധിയുടെ). എന്നിട്ട് ആത്മാവിന്റെ ദിവ്യസൗന്ദര്യത്തെ കാണിച്ചുതന്നു. നമ്മുടെ ഭക്തിക്കായ്ക്കൊണ്ടുള്ള കുരുന്നു മോഹങ്ങളെ സാധിപ്പിച്ചു തരുന്നു. ഇത് ചെയ്തുകഴിയുമ്പോഴെക്കും, നമ്മുടെ ഇന്ദ്രിയസുഖേച്ഛ ഇല്ലാതാവുന്നു. ഇരട്ട ഫലങ്ങളായ വിവേകവും, വൈരാഗ്യവും, നമുക്ക് കൈവരുന്നു. അപ്പോൾ സ്വപ്നത്തിൽപോലും, ജ്ഞാനം പൊട്ടിമുളക്കുന്നു. ഇതെല്ലാം നമുക്ക് സിദ്ധിക്കുന്നത്, യോഗീശ്വരന്മാരായ സദ്ഗുരുക്കളുടെ സമ്പർക്കത്തിൽ നിന്നാണ്. അവരെ ഉപചരിച്ച്, പ്രീതി സമ്പാദിക്കുക-ഭക്തജനഹിതം സാധിപ്പിക്കുന്ന ഭഗവാൻ, നമ്മുടെ സഹായത്തിനെത്തുന്നു. നമ്മുടെ കഷ്ടതകളും കുഴപ്പങ്ങളും ഇല്ലായ്മ ചെയ്തു, നമ്മെ സന്തുഷ്ടരാക്കുന്നു. ഈ പുരോഗമനം, ദൈവമായി കരുതുന്ന സദ്ഗുരുവിന്റെ സഹായംകൊണ്ട് മാത്രമാണ് സിദ്ധിക്കുന്നത്. അതുകൊണ്ട് നാം, എപ്പോഴും സദ്ഗുരുവിന്റെ പുറകിൽപോയി, അദ്ദേഹത്തിന്റെ കഥകൾകേട്ട്, കാല്ക്കൽവീണ് ഉപചരിക്കണം. ഇനി പ്രധാന കഥയിലേക്ക് കടക്കാം.

## മിസ്റ്റർ സതേ

ബോംബെ ഗവർണ്ണരായി വന്ന റീ പ്രഭുവാൽ അവസാനിപ്പിക്കപ്പെട്ട, ക്രോഫോർഡിന്റെ ഭരണകാലത്ത്, കുറെ പ്രശസ്തിയാർജ്ജിച്ച മിസ്റ്റർ സതേ എന്നു പേരായ ഒരു മാന്യനുണ്ടായിരുന്നു. അയാൾക്ക് വ്യാപാരത്തിൽ കഠിനമായ നഷ്ടം പറ്റി. മറ്റു വിപരീത പരിതസ്ഥിതികളും അയാളെ കഷ്ടപ്പെടുത്തുകയാൽ, അയാൾ വിഷാദവാനും നിരാശനുമായി തീർന്നു. വിശ്രമരഹിതനായി, നാടുവിട്ട്, ദൂരെ എങ്ങാനും പോവാൻ അയാൾ തീർച്ചയാക്കി, സ്വതവെ മനുഷ്യൻ ദൈവത്തെ ഓർക്കില്ലെങ്കിലും, വിഷമങ്ങളും ദുരിതങ്ങളും സംഭവിക്കുമ്പോൾ ദൈവത്തെ ഓർത്ത്, ശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അയാളുടെ ദുഷ്കർമ്മഫലം അവസാനിച്ചാൽ, അയാളെ ദൈവം ഒരു യോഗീശ്വരന്റെ അടുത്തെത്തിച്ച് രക്ഷിക്കുന്നു. മിസ്റ്റർ സതേക്കും അതുമാതിരി അനുഭവമാണുണ്ടായത്. അയാളുടെ സുഹൃത്തുക്കൾ, ഷിർദ്ദിയിലേക്കു പോവാൻ അയാളെ ഉപദേശിച്ചു. അവിടെ പലരും സായിദർശനം ചെയ്ത് - ഇഷ്ടമായത് സാധിച്ചുവരുന്നതായും അവർ പറഞ്ഞു. അയാൾ അതിൽ തല്പരനായി. 1917-ൽ സായി ദർശനത്തിനായി ഷിർദ്ദിയിൽ വന്നു. ബാബയുടെ ശ്വാശ്വത ബ്രഹ്മവും, ആത്മ ജ്യോതിർമയവും, പരിശുദ്ധവുമായ രൂപം കണ്ടതോടെ, അയാളുടെ പരിഭ്രമമെല്ലാം തീർന്ന്, മനസ്സ് ശാന്തമായി, മുജ്ജന്മസുകൃതംകൊണ്ടാണ്, ബാബയുടെ പാദങ്ങളിലെത്താൻ കഴിഞ്ഞതെന്നയാൾക്ക് ബോദ്ധ്യമായി. അയാൾ വലിയ മനഃശക്തിയുള്ള ആളായിരുന്നു. അയാൾ ഉടനെ ഗുരുചരിത്രം പാരായണം തുടങ്ങി. സപ്താഹമായി വായന കഴിഞ്ഞു അന്നു രാത്രി സാതെ ഒരു സ്വപ്നം കണ്ടു. ബാബ ഗുരുചരിത്രം കയ്യിൽവെച്ചു അതിന്റെ അർത്ഥം മിസ്റ്റർ സതെക്ക് പറഞ്ഞുകൊടുക്കുകയാണ്. മിസ്റ്റർ സതെ മുന്നിലിരുന്നു ശ്രദ്ധിക്കുന്നു. ഉണർന്നപ്പോൾ സ്വപ്നം

ഓർമ്മവന്ന്, അയാൾ സന്തുഷ്ടനായി. അയാൾ ഈ അനുഭവം കൊണ്ട്, കൂർക്കം വലിച്ച് ഉറങ്ങി സമയം കളയുന്നതിനു പകരം, ബാബ ഇങ്ങിനെ ഉപദേശം കൊടുത്തതിൽ അതീവ സന്തുഷ്ട നായി. അടുത്ത ദിവസം അയാൾ കാക്കാസാഹേബ് ദീക്ഷിത്തി നോട് വിവരം പറയുകയും ബാബയോട്അതിന്റെ ഉദ്ദേശം എന്താ ണ്, വീണ്ടും സപ്താഹമായി ഗുരുചരിത്രം വായിക്കണോ എന്നന്വേഷിക്കാനും ആവശ്യപ്പെട്ടു. കാക്കാസാഹെബ് ദീക്ഷിത് അവസരം കിട്ടിയപ്പോൾ ബാബയോട് ചോദിച്ചു. ദേവ! മിസ്റ്റർ സതേയോട് ഈ ദർശനംകൊണ്ട് എന്താണ് നിർദ്ദേശിച്ചത്? അയാൾ സപ്താഹം തുടർന്നു വായിക്കണമെന്നാണോ? അയാൾ ഒരു ശുദ്ധനായ ഭക്തനാണ്. ഈ ദർശനത്തിന്റെ അർത്ഥം അയാൾക്ക് വിവരിച്ചുകൊടുത്ത്, അയാളെ അനുഗ്രഹിക്കണം. ബാബ, ഇങ്ങിനെ മറുപടി പറഞ്ഞു. അയാൾ ആ പുസ്തകം ഒരിക്കൽകൂടി സപ്താഹമായി വായിക്കണം. അത് ശ്രദ്ധാപൂർവ്വം പഠിച്ചാൽ, ഭക്തൻ പരിശുദ്ധനായി ഗുണങ്ങളനുഭവിക്കും. ഭഗ വാൻ സന്തുഷ്ടനായി സംസാരബന്ധത്തിൽ നിന്ന് വിമുക്തനാ ക്കും.

ഹേമദ്പാന്ത് ബാബയുടെ കാല് തലോടുകയായിരുന്നു. ഇത് കേട്ടപ്പോൾ അയാൾ ഇപ്രകാരം ആലോചിച്ചു. എന്ത്! മിസ്റ്റർ സതെ ഒരാഴ്ച മാത്രം വായിച്ച് അതിനുള്ള നേട്ടം സമ്പാദിച്ചു ഞാൻ നാല്പതുകൊല്ലമായി വായിച്ചിട്ട് ഒരു ഫലവുമില്ല. അയാ ളുടെ ഏഴുദിവസത്തെ ഇവിടുത്തെ താമസം ഫലപ്രദവും, എന്റെ ഏഴുവർഷത്തെ (1910-1917) താമസം വെറുതെയും ആവുകയാ ണ്. ചാതകപക്ഷിപോലെ, ബാബയാകുന്ന മേഘം വർഷിക്കു ന്നതും പ്രതീക്ഷിച്ചു ഞാൻ ഇരിക്കുന്നു, എന്നെ അനുഗ്രഹിച്ച് ഉപദേശിക്കാൻ. ഈ വിചാരം മനസ്സിലുദിച്ചപ്പോഴെക്കും ബാബ അറിഞ്ഞു. ഭക്തന്മാരുടെ അനുഭവംകൊണ്ട് അവരെന്തു വിചാ

രിച്ചാലും ബാബ അറിയുമെന്നും അതിൽ നല്ല വിചാരം വളർത്തി, ചീത്ത വിചാരം ബാബ നശിപ്പിച്ചുകളയുമെന്നും തെളിഞ്ഞതാണ്. ഹേമദ്പാന്തിന്റെ വിചാരമറിഞ്ഞിപ്പോൾ ഉടനെ ബാബ അയാളോട് ശാമയുടെ അടുക്കൽപോയി 15ക. ദക്ഷിണ വാങ്ങികൊണ്ടുവരാനും കുറച്ചുനേരം സംസാരിച്ചിരുന്നു മടങ്ങിവരാനും പറഞ്ഞു. ബാബക്ക് ദയ തോന്നി ഇങ്ങനെ കല്പിച്ചതാണ്. ബാബയുടെ കൽപന ആർക്ക് ലംഘിക്കാനാവും?

ഹേമന്ത്പാന്ത് ഉടനെ മസ്ജിദ് വിട്ട് ശാമയുടെ വീട്ടിലേക്ക് പോയി. ശാമ അന്നേരം കുളി കഴിഞ്ഞ് ഒരു മുണ്ടുമാത്രം ഉടുത്ത് നില്ക്കയായിരുന്നു. അയാൾ പുറത്ത് വന്ന് ഹേമന്ത്പാന്തിനോട് ചോദിച്ചു. എന്താ ഇപ്പോൾ ഇങ്ങോട്ട് പോന്നത്. മസ്ജിദിൽ നിന്നാണ് വരുന്നതെന്ന് തോന്നുന്നല്ലോ. എന്താണ് പരിഭ്രാന്തനും നിരാശനുമായി കാണുന്നത്? എന്താണ് ഒറ്റയ്ക്കായത്? കുറച്ചിരിക്കൂ. ഞാൻ പ്രാർത്ഥന കഴിഞ്ഞു ഉടനെ വരാം. അതിനിടക്കു ഒന്നു മുറുക്കിക്കൊള്ളൂ. എന്നിട്ട് നമുക്ക് കുറച്ച് സംസാരിച്ചിരിക്കാം" എന്നു പറഞ്ഞ് അയാളുള്ളിൽ പോയി, ഹേമദ്പാന്ത് വരാന്തയിലും ഇരുന്നു ജനലിന്മേൽ അയാൾ 'നാഥ് ഭാഗവത്' എന്ന പ്രശസ്ത മറാത്തി പുസ്തകം ഇരിക്കുന്നത് കണ്ടു. ഇത് ഭാഗവതം 11-ാം സ്കന്ധത്തിന് ഏകനാഥൻ എഴുതിയ വ്യാഖ്യാനമാണ്. ബാബയുടെ നിർദ്ദേശപ്രകാരം ബാപ്പുസാഹെബ് ജോഗും കാക്കാസാഹെബ് ദീക്ഷിതും നിത്യവും ഷിർദ്ദിയിൽവെച്ച് ഭവാർത്ഥ ദീപിക അഥവാ ജ്ഞാനേശ്വരി എന്ന മറാത്തി വ്യാഖ്യാനത്തോട് കൂടിയ ഭഗവത് ഗീതയും നാഥ് ഭാഗവതവും (ഉദ്ധവഗീത) ഏകനാഥിന്റെ ഭവാർത്ഥ രാമായണവും, വായിക്കലുണ്ടായിരുന്നു. ഭക്തന്മാർ സംശയങ്ങൾ ചോദിക്കുമ്പോൾ, ബാബ ഏതാനും പറഞ്ഞ് കൊടുത്ത് ബാക്കി ഈ വായന കേട്ട് മനസ്സിലാക്കാൻ നിർദ്ദേശിക്കുമായിരുന്നു. കാരണം, അവ, ഭഗ





വത് ധർമ്മത്തെപ്പറ്റി പ്രതിപാദിക്കുന്നവയാണ്. അങ്ങിനെ ഭക്തന്മാർ വായനകേട്ടാൽ  അവരുടെ സംശയം പൂർണ്ണമായും തീരുമായിരുന്നു. ഹേമദ്പാന്തും നാഥ് ഭാഗവതത്തിൽ നിന്നും നിത്യവും പാരായണം ചെയ്യലുണ്ടായിരുന്നു.

അന്ന് നിത്യപാരായണം പൂർത്തിയാക്കാതെ, ഇടക്കു നിർത്തി, ചില ഭക്തന്മാരോടുകൂടെ മസ്ജിദിലേക്കു പോവുകയാണുണ്ടായത്. ശാമയുടെ ജനലിൽനിന്ന് പുസ്തകമെടുത്ത് നിവർത്തിയപ്പോൾ, അതിശയകരമായ വിധം കണ്ടത് അന്നു വായിച്ചു പൂർത്തിയാക്കാതെ നിർത്തിയ ഭാഗം തന്നെയാണ്. വായന പൂർത്തിയാകാത്ത ഭാഗം  വായിച്ചു പൂർത്തിയാക്കി. അത് തീർന്നതോടുകൂടി, ശാമ പൂജ കഴിഞ്ഞ് മടങ്ങി വന്ന് അവർ തമ്മിൽ ഇപ്രകാരം സംഭാഷണത്തിൽപ്പെട്ടു.

ഹേമദ്പാന്ത് :- ഞാൻ ബാബയുടെ ഒരു നിർദ്ദേശവുംകൊണ്ട് വന്നതാണ്. ബാബ നിങ്ങളോട് 15ക. ദക്ഷിണ വാങ്ങി വരാൻ പറഞ്ഞു. ഇവിടെ ഇരുന്ന്, കുറച്ചുനേരം വർത്തമാനം പറഞ്ഞു. നിങ്ങളെക്കൂട്ടി മസ്ജിദിൽ വരാൻ പറഞ്ഞു.

ശാമ:- (അതിശയിച്ച്) എന്റെ കയ്യിൽ പണമില്ല. എന്റെ പതിനഞ്ചു നമസ്ക്കാരങ്ങൾ, ഉറുപ്പികക്കു പകരം, ദക്ഷിണയായി ബാബക്ക് കൊണ്ടുപോയാലും.

ഹേമദ്പാന്ത്:- ശരി, നിങ്ങളുടെ നമസ്ക്കാരങ്ങൾ സ്വീകരിച്ചു. ഇനികുറച്ച് വർത്തമാനങ്ങൾ പറയാം. നമ്മുടെ പാപം നശിപ്പിക്കുന്ന ബാബയുടെ ചില ലീലകളും കഥകളും പറയൂ. കേൾക്കട്ടെ.

ശാമ:- എന്നാൽ കുറച്ചിരിക്കൂ ഈ ദേവന്റെ ലീലകൾ വിസ്മയാവഹങ്ങളാണ്. നിങ്ങൾക്കറിയാവുന്നതാണല്ലോ. ഞാൻ ഒരു ഗ്രാമീണനും, നിങ്ങൾ വിവരമുള്ള ആളുമാണ്. നിങ്ങൾ വന്നതിൽ പിന്നെ കുറെക്കൂടി ലീലകൾ കണ്ടു. പിന്നെ എങ്ങിനെ അവ





എനിക്ക് നിങ്ങളോട് പറഞ്ഞു. തരാൻ കഴിയും? ആട്ടെ മുറുക്കുക. ഞാൻ പോയി വസ്ത്രം മാറ്റി ഇപ്പോൾ വരാം. കുറച്ചു നിമിഷത്തിനകം ശാമ വസ്ത്രം മാറ്റി വന്ന് ഹേമദ്പാന്തുമായി വർത്തമാനത്തിനിരുന്നു. അയാൾ പറഞ്ഞു. "ഈ ദേവന്റെ ലീലകൾ അപാരമാണ്. ലീലകൾക്ക് അവസാനമില്ല. ആർക്കാണ് അതറിയുക? ബാബ ലീലകൊണ്ട് കളിക്കുകയാണ്. എന്നിട്ടും, ബാബ ലീലകൾക്ക് പുറത്താണ് (ബാധിക്കുന്നില്ല). നാടന്മാരായ നമുക്ക് എന്തറിയും? ബാബ തന്നെ എന്താണ് കഥകൾ പറയാത്തത്? വിദ്വാന്മാരായ നിങ്ങളെപ്പോലുള്ളവരെ എന്റെ മാതിരി വിഡ്ഢികളുടെ അടുക്കലേക്ക് ബാബ എന്തിനയക്കുന്നു? ബാബയുടെ വഴികൾ മനസ്സിലാക്കാൻ കഴിയാത്തവയാണ്. അവ, അമാനുഷമാണെന്നു മാത്രമേ എനിക്കു പറയാനാവൂ". ഇത്രയും പറഞ്ഞ് ശാമ വീണ്ടും തുടർന്നു."എനിക്കിപ്പോൾ ഓർമ്മ വന്ന ഒരു കഥ പറയാം. എനിക്ക് നേരിട്ടറിയുന്നതാണ്. ഭക്തൻ ഉത്സാഹവും സ്ഥൈര്യവും കാണിച്ചാൽ ബാബ, പെട്ടെന്ന് അനുഗ്രഹിക്കും. ചിലപ്പോൾ കഠിന പരീക്ഷണം നടത്തി "ഉപദേശം" കൊടുക്കും.

ഹേമദ്പാന്തിന് "ഉപദേശം" എന്ന വാക്കു കേട്ടതോടുകൂടി മനസ്സിൽകൂടെ ഒരു മിന്നൽപിണർ അനുഭവപ്പെട്ടു. അയാൾ ഉടനെ, മിസ്റ്റർ സതെയുടെ ഗുരുചരിത്രം വായന ഓർമ്മിപ്പിക്കുകയും തനിക്ക് മനഃശാന്തി തരാൻ, ശാമയുടെ വീട്ടിലേക്ക് ബാബ തന്നെ അയച്ചതാണെന്ന് ബോദ്ധ്യമാവുകയും ചെയ്തു. അയാൾ വികാരം അടക്കി ശാമയുടെ കഥ ശ്രദ്ധിച്ചു.അതെല്ലാം ബാബ ഭക്തന്മാരോട് എത്രമാത്രം കരുണാമയനായിരുന്നു എന്നു കാണിക്കുന്നവയാണ്. ഇവ കേട്ട് ഹേമദ് പാന്ത് ആനന്ദം അനുഭവിക്കാൻ തുടങ്ങി. അപ്പോൾ ശാമ താഴെ പറയുന്ന കഥ പറയാൻ തുടങ്ങി.

## മിസിസ് രാധാബായി ദേശ്മുഖ്

രാധാബായി എന്നു പേരായ ഒരു വൃദ്ധ ഉണ്ടായിരുന്നു. അവർ കേശബ് ദേശ്മുഖിന്റെ മാതാവായിരുന്നു.ബാബയുടെ കീർത്തികേട്ട് അവർ സംഗമ്നഗറിലെ ആൾക്കാരോടുകൂടി ഷിർദ്ദിയിൽ വന്നു. ബാബയെ ദർശനം ചെയ്ത് അവർ അത്യധികം സംതൃപ്തയായി. ബാബയെ അത്യധികം സ്നേഹിച്ച്, അവർ ബാബയെ ഗുരുവായി സ്വീകരിച്ച് എന്തെങ്കിലും ഉപദേശമോ മന്ത്രമോ തരുന്നതുവരെ, നിരാഹാരമെടുക്കാനും, അല്ലെങ്കിൽ മരണംവരെ നിരാഹാരമെന്നും തീർച്ചയാക്കി. അവർ ലോഡ്ജിൽ താമസിച്ച്, വെള്ളമോ, ഭക്ഷണമോ തൊടാതെ മൂന്നു ദിവസങ്ങൾ കഴിച്ചുകൂട്ടി ഇത് കണ്ട് ഭയന്ന്, ഞാൻ ബാബയോട് ഈ വൃദ്ധക്ക് വേണ്ടി ഇടപെട്ട് ഇപ്രകാരം പറഞ്ഞു. “ദേവ! ഇതെന്താണങ്ങ് തുടങ്ങിവെച്ചത്? അവിടുന്ന് പലരേയും ഇങ്ങോട്ട് വലിച്ചിഴച്ച് കൊണ്ടുവരുന്നു. അവിടുത്തേക്ക് ആ വൃദ്ധസ്ത്രീയെ അറിയാമല്ലോ. അവർ ഒരേ പിടിവാശിയിൽ, അവിടുത്തെ തന്നെ ആശ്രയിക്കുന്നു. അവിടുന്ന് സ്വീകരിച്ച് ഉപദേശിക്കാത്ത പക്ഷം അവർ പട്ടിണി കിടന്ന് മരിക്കും. അവർക്കെന്തെങ്കിലും സംഭവിച്ചാൽ, ജനങ്ങൾ അവിടുത്തെ കുറ്റപ്പെടുത്തി, ബാബ ഉപദേശിക്കാത്തതുകൊണ്ട് അവർ മരിച്ചുപോയി എന്ന് പറയും. അതുകൊണ്ട് അവരോട് ദയകാണിച്ച് അനുഗ്രഹിച്ച് ഉപദേശം കൊടുക്കണേ”. അവരുടെ വാശി മനസ്സിലാക്കി, ബാബ അവരെ ആളയച്ചുവരുത്തി, ഇപ്രകാരം പറഞ്ഞ്, അവരുടെ മനസ്ഥിതി തന്നെ മാറ്റി. “ഓ അമ്മേ (ബാബ സ്ത്രീകളെ അമ്മ എന്നും പുരുഷന്മാരെ കാക്കാ, ബാപ്പു, ഭാവു എന്നുമാണ് വിളിക്കുക) നിങ്ങളെന്തിനാണ് വേണ്ടാത്ത ക്ലേശങ്ങൾ അനുഭവിച്ച് മരിക്കാൻ പോവുന്നത്. നിങ്ങൾ എന്റെ അമ്മയും, ഞാൻ നിങ്ങളുടെ കുട്ടിയുമാണ്. എന്നിൽ ദയതോന്നി പറയുന്നത് കേൾക്കൂ. എന്റെ തന്നെ കഥ

ഞാൻ പറയട്ടെ. അതു ശ്രദ്ധിച്ചു കേട്ടാൽ നിങ്ങൾക്കു നല്ലതാണ്. എനിക്ക് ഒരു ഗുരുവുണ്ടായിരുന്നു അദ്ദേഹം ഒരു മഹായോഗിയും പരമ ദയാലുവുമായിരുന്നു. ഞാൻ അദ്ദേഹത്തെ വളരെക്കാലം പരിചരിച്ചു. എന്നിട്ടും അദ്ദേഹം യാതൊരു മന്ത്രവും എന്റെ ചെകിട്ടിൽ പറഞ്ഞു തന്നില്ല, അദ്ദേഹത്തെ വിടാതെ കൂടെക്കൂടി പരിചരിച്ചു. എന്തുവിലകൊടുത്തും ഒരു ഉപദേശം വാങ്ങണമെന്ന അതിയായ ആശ എനിക്കുണ്ടായിരുന്നു. പക്ഷെ, അദ്ദേഹത്തിന്, അദ്ദേഹത്തിന്റേതായ പാനഥാവുണ്ടായിരുന്നു. അദ്ദേഹം ആദ്യം എന്റെ തല മുണ്ഡനം ചെയ്യിച്ച് രണ്ട് പൈസ ദക്ഷിണ ആവശ്യപ്പെട്ടു. ഞാൻ ഉടനെ കൊടുത്തു. നിങ്ങൾ ചോദിക്കുമായിരിക്കാം, എന്റെ ഗുരു തികഞ്ഞവനായിരിക്കെ എന്തിന് പണം ആവശ്യപ്പെട്ടു,അദ്ദേഹത്തിന്റെ 2 പൈസ എന്നത് (1) ഉറച്ച വിശ്വാസവും (2) ക്ഷമയുമായിരുന്നു. ഇത് രണ്ടും ഞാൻ അദ്ദേഹത്തിന് കൊടുത്തപ്പോൾ അദ്ദേഹം സന്തുഷ്ടനായി. “12 കൊല്ലങ്ങളോളം എന്റെ ഗുരുവെ ആശ്രയിച്ചു. അദ്ദേഹം എന്നെ വളർത്തി. ഭക്ഷണത്തിന്നോ വസ്ത്രത്തിന്നോ യാതൊരു ക്ഷാമവുമില്ലായിരുന്നു. അദ്ദേഹം പ്രേമ പൂരിതനായിരുന്നു, പോരാ, പ്രേമം മൂർത്തീഭവിച്ചവനായിരുന്നു, എനിക്കെങ്ങിനെ അത് വിവരിക്കാൻ കഴിയും? അദ്ദേഹം എന്നെ അത്യധികം സ്നേഹിച്ചു. അദ്ദേഹത്തെപോലത്തെ ഗുരുക്കൾ ദുർലഭമാണ്. ഞാൻ അദ്ദേഹത്തെ നോക്കുമ്പോൾ അദ്ദേഹം പരിപൂർണ്ണ സമാധിയിലാണെന്ന് എനിക്കു തോന്നും. അങ്ങിനെ ഞങ്ങൾ രണ്ടുപേരും പരമാനന്ദം അനുഭവിച്ചു. രാവുപകൽ വിശപ്പും ദാഹവുമറിയാതെ, ഞാൻ അദ്ദേഹത്തെ മിഴിച്ചുനോക്കിയിരിക്കും. അദ്ദേഹത്തെകൂടാതെ എനിക്ക് ശാന്തിയില്ലെന്നായി. എനിക്ക് ധ്യാനിക്കാനോ ശ്രദ്ധിക്കാനോ എന്റെ ഗുരുവല്ലാതെ മറ്റൊന്നുമില്ലെന്നായി. എന്റെ ഒരേ അഭയസ്ഥാനം അദ്ദേഹമായിരുന്നു. എന്റെ മനസ്സ് സദാ

അദ്ദേഹത്തിന്മേൽ ഉറപ്പിച്ചിരുന്നു. ഇതാണ് ഒരു പൈസ ദക്ഷിണ. ക്ഷമയാണ് മറ്റേ പൈസ ഞാൻ ക്ഷമയോടുകൂടി വള രെക്കാലം ഗുരുവെ പരിചരിച്ചു. ഈ ക്ഷമ നിങ്ങളെ സംസാര സാഗരം കടത്തിവിടും. ക്ഷമ പുരുഷനിൽ പുരുഷത്വമാണ്. അത് എല്ലാ പാപവും കഷ്ടതകളും തീർക്കുന്നു. ദുരിതങ്ങളെ പലവി ധത്തിലും ഇല്ലാതാക്കുന്നു. ഭയത്തെ നശിപ്പിക്കുന്നു. ഒടുവിൽ നിങ്ങൾക്ക് വിജയം തരുന്നു. ക്ഷമ, ഗുണങ്ങളുടെ വിളനിലവും സൽചിന്തകളുടെ സന്തത സഹചാരിയുമാണ്. നിഷ്ഠയും ക്ഷമ യും അന്യോന്യം അത്യധികം സ്നേഹിക്കുന്ന ഇരട്ട സഹോദ രിമാരെ പോലെയാണ്.

“എന്റെ ഗുരു എന്നിൽ നിന്ന് മറ്റൊന്നും പ്രതീക്ഷിച്ചിരു ന്നില്ല. അദ്ദേഹം എന്നോട് ഒരിക്കലും അനാസ്ഥ കാണിക്കാതെ സദാ രക്ഷിച്ചുകൊണ്ടിരുന്നു. ഞാൻ അദ്ദേഹത്തോടുകൂടി താമ സിക്കുകയും ചിലപ്പോൾ വേറിട്ടു നില്ക്കുകയും ചെയ്തു. എന്നിട്ടും എനിക്ക് അദ്ദേഹത്തിന്റെ സ്നേഹത്തിന് കമ്മി വന്ന തായി ഒരിക്കലും അനുഭവപ്പെട്ടില്ല. അദ്ദേഹം, ആമ എപ്രകാരം പുഴക്ക് അക്കരെയുള്ള കുഞ്ഞുങ്ങളെ ദൃഷ്ടികൊണ്ട് രക്ഷിക്കു ന്നുവോ, അതുപോലെ എപ്പോഴും എന്നെ പ്രേമാർദ്ര ദൃഷ്ടി കൾകൊണ്ട് രക്ഷിച്ചു. ഓ അമ്മേ! എന്റെ ഗുരു എന്നെ ഒരു മന്ത്ര വും പഠിപ്പിച്ചില്ല. പിന്നെ ഞാനെങ്ങിനെ നിങ്ങളുടെ ചെവിയിൽ മന്ത്രം ഉപദേശിക്കും. ഗുരുവിന്റെ ആമക്കുള്ളപോലത്തെ സ്നേഹാർദ്രമായ ദൃഷ്ടി നമുക്ക് ആനന്ദം തരുന്നു എന്ന് ഓർമ്മി ക്കുക. ആരിൽനിന്നും ഉപദേശമോ മന്ത്രമോ കിട്ടാൻ ശ്രമിക്കരു ത്. എന്നെ എല്ലാ ചിന്തകളുടെയും കർമ്മങ്ങളുടെയും ലക്ഷ്യമാ ക്കിയാൽ നിസ്സംശയം നിങ്ങൾക്ക് പരമാർത്ഥം എന്തെന്ന് അനു ഭവപ്പെടും. പരിപൂർണ്ണ സംതൃപ്തിയോടെ എന്നെ നോക്കിയാൽ അതുപോലെ തന്നെ ഞാൻ അങ്ങോട്ടു നോക്കും. ഈ മസ്ജിദി

ലിരുന്ന് ഞാൻ സത്യമല്ലാതെ മറ്റൊന്നും പറയുകയില്ല. സാധനകളോ ആറു ശാസ്ത്രങ്ങളുടെ ജ്ഞാനമോ ഒന്നും ആവശ്യമില്ല. നിങ്ങളുടെ ഗുരുവിൽ വിശ്വാസവും ഭക്തിയും ഉണ്ടായാൽ മതി. ഗുരു മാത്രമാണ് എല്ലാകർമ്മങ്ങളും ചെയ്യുന്നതെന്ന് പരിപൂർണ്ണമായി വിശ്വസിക്കുക. ഗുരുവിന്റെ മഹത്വം അറിഞ്ഞ് അദ്ദേഹത്തെ ഹരിഹരബ്രഹ്മമാണെന്നു സങ്കല്പിക്കുന്നവൻ അനുഗൃഹീതനാണ്.” ഇപ്രകാരം ഉപദേശം സിദ്ധിച്ച ആ വൃദ്ധക്ക് കാര്യം മനസ്സിലാവുകയും അവർ ബാബയെ നമസ്കരിച്ച് നിരാഹാരം വേണ്ടെന്ന് വെയ്ക്കുകയും ചെയ്തു.

ഈ കഥ ശ്രദ്ധാപൂർവ്വം കേട്ട് അതിന്റെ സന്ദർഭോചിതത്വവും പ്രാധാന്യവും മനസ്സിലാക്കി ആപാദചൂഡം പുളകിതനായി, അതീവ സന്തുഷ്ടനായി, ബാഷ്പാവരുദ്ധകണ്ഠനായി, ഒന്നും പറയാൻ പറ്റാതെ അയാൾ നിന്നു. ശാമ ഈ സ്ഥിതി കണ്ടു ചോദിച്ചു: “നിങ്ങൾക്കെന്തു പറ്റി? എന്താണ് നിശബ്ദനായത്? എത്ര എത്ര അസംഖ്യം ബാബാ ലീലകളാണ് പറയാനുള്ളത്!”

അപ്പോഴെക്കും മസ്ജിദിൽ നിന്നും മദ്ധ്യാഹ്ന ആരതിക്കുള്ള മണിയടിക്കാൻ തുടങ്ങി. അതിനാൽ ശാമയും ഹേമദ്പാന്തും മസ്ജിദിലേക്കു തിരക്കിട്ടു പോയി. ബാപ്പു സാഹെബ് ജോഗ് ആരതി നടത്തിയിരുന്നു. സ്ത്രീകൾ മസ്ജിദിലും പുരുഷന്മാർ മുറ്റത്തുമായി നിന്ന് ആരതി ഗീതം വാദ്യാഘോഷത്തോടുകൂടി ഉച്ചത്തിൽ പാടുന്നുണ്ടായിരുന്നു. ശാമ, ഹേമദ്പാന്തിന്റെ കൈ പിടിച്ചു വലിച്ച് മീതെക്കു കയറി. അയാൾ ബാബയുടെ വലതു ഭാഗത്തും ഹേമദ്പാന്ത് മുന്നിലും ഇരുന്നു. അവരെക്കണ്ട് ബാബ ഹേമദ്പാന്തിനോട് ശാമയോട് വാങ്ങിയ ദക്ഷിണ ആവശ്യപ്പെട്ടു. അയാൾ ശാമ ഉറുപ്പികക്ക് പകരം നമസ്കാരങ്ങളാണ് തന്നയച്ചതെന്നും ശാമതന്നെ നേരിട്ടു വന്നിട്ടുണ്ടെന്നും പറഞ്ഞു.

ബാബ പറഞ്ഞു“ശരി ഇനി നിങ്ങൾ വർത്തമാനം പറഞ്ഞുവോ? എന്തിനെപ്പറ്റിയാണ് പറഞ്ഞത്? എനിക്കെല്ലാം കേൾക്കണം”. എന്നു പറഞ്ഞു ചെണ്ടയുടെയും മണിയുടെയും പാട്ടിന്റെയും ശബ്ദങ്ങൾ വകവെയ്ക്കാതെ ഹേമദ്പാന്ത് പറയാൻ ഉത്സുക നായി. ഉണ്ടായ വിവരങ്ങൾ പറയാൻതുടങ്ങി. ബാബകേൾക്കാൻ തിരക്കായി മുന്നോട്ടു ചാഞ്ഞിരുന്നു ശ്രദ്ധിച്ചു. എല്ലാ കഥകളും ആനന്ദകരമായിരുന്നെന്നും പ്രത്യേകിച്ച് വൃദ്ധസ്ത്രീയുടെ കഥ അതിശയകരമായിരുന്നെന്നും ബാബയുടെ ലീലകൾ അവർണ്ണ നീയമാണെന്നും ഈ കഥയിലൂടെ ബാബ തന്നെ അനുഗ്രഹി ച്ചുവെന്നും ഹേമദ്പാന്ത് പറഞ്ഞു. ബാബ പറഞ്ഞു ആ കഥ അതിശയകരമാണ്. എങ്ങിനെയാണ് നീ അനുഗ്രഹീതനായത്? എല്ലാം വിശദമായി എനിക്കു കേൾക്കണം. അതുകൊണ്ട് മുഴു വൻ പറയു. അപ്പോൾ ഹേമദ്പാന്ത് താൻ കുറച്ചു മുന്നെ കേട്ട കഥ വിശദമായി പറഞ്ഞു. അതു തന്റെ മനസ്സിൽ തട്ടിയതായി വിശദീകരിച്ചു. ഇതു കേട്ട് ബാബ സന്തുഷ്ടനായി ഇപ്രകാരം അയാളോട് ചോദിച്ചു. “ ആ കഥ മനസ്സിൽ തട്ടിയോ? അതിന്റെ പ്രാധാന്യം മനസ്സിലായോ? അയാൾ മറുപടി പറഞ്ഞു ഉവ്വ് ബാബ ! എന്റെ മനസ്സിന്റെ വിഭ്രമം തീർന്ന് ശാന്തമാവുകയും ശരിയായ മാർഗ്ഗം എനിക്കു മനസ്സിലാവുകയും ചെയ്തു.

അപ്പോൾ ബാബ ഇപ്രകാരം പറഞ്ഞു എന്റെ പ്രവർത്തന രീതി പ്രത്യേക തരമാണ്. ഈ കഥ നല്ല പോലെ ഓർമ്മിക്കുക. അതു വളരെ പ്രയോജനകരമാണ്. ആത്മജ്ഞാനത്തിന് ധ്യാനം അത്യാവശ്യമാണ്. അതു മുടങ്ങാതെ ചെയ്താൽ വൃത്തികൾ (ചിന്തകൾ) അടങ്ങും. നിസ്സംഗനായി സമസ്ത ചരാചരങ്ങ ളിലുമുള്ള ഭഗവാനെ ധ്യാനിക്കണം. അങ്ങിനെ മനസ്സ് ഏകീക രിച്ചാൽ പ്രാപ്യസ്ഥാനത്തെത്തി. എന്റെ അരൂപഭാവത്തെ ധ്യാനി ക്കുക. അത് ജ്ഞാനം, ബോധം, ആനന്ദം ഇവയുടെ മൂർത്തീക





രണമാണ്. അത് കഴിയില്ലെങ്കിൽ എന്നെ നിത്യവും രാവുപകൽ കാണുന്ന രൂപത്തിൽ അടി മുതൽ മുടിവരെ ധ്യാനിക്കണം. ഇങ്ങിനെ മുടങ്ങാതെ ചെയ്താൽ, വൃത്തികൾ ഏകാഗ്രമായി, ധ്യാതാവ്, ധ്യാനം, ധ്യേയം ഇവ തമ്മിലുള്ള വ്യത്യാസം നശിച്ച് ധ്യാതാവ് ബോധവാനായി, ബ്രഹ്മത്തിൽ ലയിക്കുന്നു. തള്ള ആമ പുഴയുടെ ഒരു കരയ്ക്കലും, കുഞ്ഞുങ്ങൾ മറുകരയിലുമാണ്. അത് അവർക്ക് പാലോ ഭക്ഷണമോ കൊടുക്കുന്നില്ല. കുഞ്ഞുങ്ങൾ തള്ളയെ ധ്യാനിക്കുന്നതല്ലാതെ മറ്റൊന്നും ചെയ്യുന്നില്ല. ആമയുടെ ദൃഷ്ടി കുഞ്ഞുങ്ങൾക്ക് അമൃതവൃഷ്ടിപോലെയാണ്. അത് അവയുടെ വളർച്ചയ്ക്കും സന്തുഷ്ഠിക്കും ഉള്ള മാർഗ്ഗമാണ്. ഗുരുവും ശിഷ്യനും തമ്മിലുള്ള ബന്ധവും തത്തുല്യവുമാണ്.

ബാബ ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോഴേക്കും ആരതി അവസാനിച്ച് എല്ലാവരും ഉറക്കെ "ശ്രീ സച്ചിദാനന്ദസദ്ഗുരു ശ്രീ സായി നാഥ മഹാരാജ്കീ ജയ്" എന്നു വിളിച്ചു. പ്രിയ വായനക്കാരെ, ഈ സമയം മസ്ജിദിലെ ജനക്കൂട്ടത്തിൽ നിൽക്കുന്നുവെന്ന് ധ്യാനിച്ച് നമുക്കും ഈ ജയാരവത്തിൽ പങ്കുകൊള്ളുക.

ആരതി അവസാനിച്ച് പ്രസാദ വിതരണം നടന്നു. ബാപ്പുസാഹെബ് ജോഗ് മുന്നോട്ടുവന്ന്, ബാബയെ നമസ്കരിച്ച്, അദ്ദേഹത്തിന്റെ കൈയിൽ ഒരുപിടി കല്കണ്ട് വെച്ചുകൊടുത്തു. ബാബ അത് മുഴുവൻ ഹേമദ്പാന്തിന്റെ കയ്യിൽകൊടുത്ത് പറഞ്ഞു. " ഈ കഥ ഹൃദയത്തിൽവെച്ച് ഓർമ്മിച്ചാൽ അത് കല്ക്കണ്ടുപോലെ മധുരമായിരിക്കും. എല്ലാ ആഗ്രഹങ്ങളും നിറവേറി നീ സന്തുഷ്ടനാവും" ഹേമദ്പാന്ത് ബാബയെ നമസ്കരിച്ചു പറഞ്ഞു. " എന്നെ ഇങ്ങിനെ തുണച്ച് എല്ലായ്പ്പോഴും രക്ഷിച്ചു നയിച്ചാലും". ബാബ പറഞ്ഞു. ഈ കഥ കേട്ട് അതിനെപ്പറ്റി

ധ്യാനിച്ച് അതിന്റെ തത്വം ഉൾക്കൊള്ളുക. അപ്പോൾ നീ സദാ സമയവും ദൈവത്തെ ധ്യാനിക്കലാവുകയും നിനക്ക് പ്രത്യക്ഷ മാവുകയും ചെയ്യും". പ്രിയ വായനക്കാരെ! ഹേമദ്പാന്തിന് അപ്പോൾ കല്ക്കണ്ട് പ്രസാദമായിക്കിട്ടി. നമുക്ക് ഈ കഥയാ കുന്ന കല്ക്കണ്ടും അമൃതവും ഇതാ കിട്ടുന്നു. അത് തൃപ്തിവ രുവോളം പാനം ചെയ്യുക. അതിനെപ്പറ്റി മനനം ചെയ്ത്, അതിന്റെ അന്തസ്സത്ത് ഉൾക്കൊള്ളുക. അങ്ങിനെ ബാബയുടെ അനുഗ്രഹത്താൽ ശക്തിയും സന്തോഷവും ആർജ്ജിക്കുക. ആമെൻ! 19-ാം അദ്ധ്യായത്തിന്റെ അവസാനം ഹേമദ്പാന്ത് പ്രതി പാതിച്ച മറ്റു ചില കാര്യങ്ങൾ താഴെ കൊടുക്കുന്നു.

**നമ്മുടെ പെരുമാറ്റത്തെപ്പറ്റി ബാബയുടെ ഉപദേശം**

ബാബയുടെ താഴെക്കാണുന്ന വാക്യങ്ങൾ പൊതുവെ ബാധകവും അമൂല്യങ്ങളുമാണ്. അത് മനസ്സിൽ ധരിച്ച് അനു സരിച്ച്, പ്രവൃത്തിച്ചാൽ സദാ ഗുണകരമായിരിക്കും. " എന്തെ ങ്കിലും ബന്ധമോ സംസർഗ്ഗമോ ഇല്ലാതെ, യാതൊരാളും യാതൊ രിടത്തും പോവില്ല. ഏതെങ്കിലും മനുഷ്യനോ ജീവിയോ നിങ്ങ ളുടെ അടുത്ത് വന്നാൽ, അപമര്യാദയായി ഒരിക്കലും ആട്ടി ഓടി ക്കരുത്. അവയെ നല്ല നിലയിൽ സ്വീകരിച്ച് ബഹുമാനത്തോടു കൂടി പെരുമാറുക. നിങ്ങൾ ദാഹിക്കുന്നവന് വെള്ളവും, വിശ ക്കുന്നവന് ഭക്ഷണവും, നഗ്നന് വസ്ത്രവും, അപരിചിതന് വിശ്ര മിക്കാൻ കോലായയും കൊടുത്താൽ, ശ്രീഹരി തീർച്ചയായും പ്രസാദിക്കും. ആരെങ്കിലും പണം ചോദിച്ചാൽ, നിങ്ങൾ കൊടുക്കാൻ തയ്യാറായില്ലങ്കിൽ കൊടുക്കേണ്ട, പക്ഷേ, അയാൾക്കു നേരെ നായയെപോലെ കുരക്കാതിരിക്കുവിൻ. ആരെ ങ്കിലും നിങ്ങൾക്കെതിരായി നൂറുകൂട്ടം പറഞ്ഞാലും ചീത്തയായ മറുപടിയും പറയാതിരിക്കുവിൻ. നിങ്ങൾ എപ്പോഴും ഇങ്ങിനെ





പെരുമാറിയാൽ, നിങ്ങൾ തീർച്ചയായും സന്തുഷ്ടനാവും. ലോകം തല കീഴ്മറിഞ്ഞോട്ടെ, നിങ്ങളിരിക്കുന്നേടത്ത് ഇരുന്നുകൊള്ളുവിൻ. നിങ്ങളുടെ സ്ഥാനത്തിരുന്നോ നിന്നോ, ശാന്തനായി നിങ്ങളുടെ മുന്നിലൂടെ പോവുന്ന കാഴ്ച നോക്കിക്കാണുവിൻ. നിങ്ങളെ എന്നിൽനിന്ന് വേർതിരിക്കുന്ന മതിൽ പൊളിക്കുവിൻ; എന്നാൽ നമ്മുടെ കൂടികാഴ്ചക്കുള്ള വീഥി, തുറന്ന് വ്യക്തമായി കാണാം. “ നീ ” “ഞാൻ” എന്ന വ്യത്യസ്ത മനോഭാവമാണ്, ശിഷ്യനെ ഗുരുവിൽനിന്നകറ്റുന്നത്; അത് നശിപ്പിച്ചാലല്ലാതെ ഗുരുശിഷ്യാഭാവങ്ങളുടെ ഐക്യം സാദ്ധ്യമാവുന്നില്ല. “അള്ളാ മാലിക്ക്” മറ്റാരും നമുക്കുടമയില്ല. ബാബയുടെ പ്രവർത്തന പദ്ധതി, അസാധാരണവും, അമൂല്യവും, അനിർവചനീയവുമാണ്. ബാബ ഇച്ഛപോലെ നടക്കും. ബാബ ആഗ്രഹപൂർത്തി വരുത്തി, നമ്മെ നേർവഴി കാണിക്കും. ഋണാനുബന്ധം (മുൻബന്ധം) കൊണ്ടാണ് നാം ഒന്നിച്ച് ചേർന്നത്. നമുക്ക് അന്യോന്യം സേവനം ചെയ്ത് സന്തുഷ്ടരാവുക. ജീവിതത്തിന്റെ പരമ ലക്ഷ്യം തേടുന്നവർ സന്തുഷ്ടനും അമരനുമാണ്. മറ്റുള്ളവർ ജീവിക്കുന്നു. അതായത് ശ്വാസം കഴിയുന്നതുവരെ വെറുതെ ജീവിക്കുന്നു.

## നല്ല ചിന്തകളുടെ ഫലപ്രാപ്തിക്ക് പ്രോത്സാഹിപ്പിക്കൽ

സായിബാബ എങ്ങിനെ നല്ല ചിന്തകളെ പ്രോത്സാഹിപ്പിച്ചു എന്നത് രസകരമാണ്. നിങ്ങളുടെ സമസ്തവും ഭക്തി പ്രേമങ്ങളോടുകൂടി ബാബയിൽ സമർപ്പിച്ചാൽ, പലകാര്യങ്ങളും ബാബ ഏതു പ്രകാരമാണ് സഹായിക്കുന്നതെന്ന് അനുഭവപ്പെടും. ചില ഋഷിമാർ പറയുന്നു, നിങ്ങൾ കാലത്തുണരുമ്പോൾ ഒരു നല്ല ചിന്ത മനസ്സിലുദിച്ചാൽ, അത് പകൽ മുഴുവൻ വളർത്തി കൊണ്ടുവന്നാൽ ബുദ്ധി വികസിച്ച് ശാന്തത ലഭ്യമാകും. എന്ന്. ഹേമദ്പാന്തിന് ഇത് പരീക്ഷിക്കണമെന്നുണ്ടായിരുന്നു. ഒരു

ബുധനാഴ്ച രാത്രി ഉറങ്ങുന്നതിനുമുമ്പ് ഇങ്ങിനെ വിചാരിച്ചു. “നാളെ വ്യാഴാഴ്ചയാണ്. പുണ്യദിവസം. സ്ഥലമോ പുണ്യസ്ഥലമായ ഷിർദ്ദിയും. അതുകൊണ്ട് നാളത്തെ ദിവസം മുഴുവൻ ഞാൻ രാമനാമം ജപിച്ചും സ്മരിച്ചും കഴിയുമാറാവട്ടെ” എന്ന് . അങ്ങിനെ അയാൾ ഉറങ്ങിപ്പോയി. പിറ്റെന്ന് പുലർച്ചെ ഉണർന്നതോടുകൂടി രാമനാമം ഓർമ്മവന്ന് അയാൾ സന്തുഷ്ടനായി. രാവിലത്തെ ദിനചര്യകൾ കഴിഞ്ഞു പുഷ്പങ്ങൾ വാങ്ങി, ബാബയെ കാണാൻ പോയി. സതേ വാഡ കഴിഞ്ഞു ഭൂട്ടിവാഡ (സമാധി മന്ദിരം) കടക്കുമ്പോൾ ഔറംഗബാദ്കർ ബാബയെ മസ്ജിദിൽവെച്ച് സ്തുതിക്കുന്ന മനോഹരമായ ഒരുഗാനം അയാൾ കേട്ടു. ഗാനം ഏകനാഥിന്റെ “ ഗുരുകൃപാഞ്ജൻ പായോമേരോ ഭായ് ” തുടങ്ങിയതായിരുന്നു. അതിൽ പറയുന്നത് ഗുരുകടാക്ഷരൂപേണ അദ്ദേഹത്തിനു സമാധി ലഭിച്ച് അന്തർദൃഷ്ടി തുറന്ന് ഉള്ളിലും പുറത്തും, രാമനെ കാണാൻ കഴിഞ്ഞു എന്നാണ്. പലെ പാട്ടുകളും ഉള്ളതിൽ എന്തിനാണ് ഈ പാട്ടുതന്നെ ബാബ ഭക്തനായ ഔറംഗബാദ്കർ തിരഞ്ഞെടുത്തത്? ഇത് ഹേമദ്പാന്തിന്റെ രാമനാമം ജപിക്കാനുള്ള തീരുമാനത്തെ വളർത്തി എടുക്കാൻ ബാബയാൽ ഏർപ്പാടുചെയ്യപ്പെട്ട ഒരു പ്രത്യേക സമാന്തര സംഭവംതന്നെയല്ലെ? എല്ലാ ഋഷിമാരും അതിന്റെ പ്രാധാന്യത്തെ പുകഴ്ത്തുന്നവരുമാണ്. ഭക്തന്മാരുടെ ഇംഗിതം പ്രദാനം ചെയ്ത് സർവ്വ കഷ്ടപ്പാടുകളെയും തരണം ചെയ്യിക്കുന്നു.

## ഉപദേശങ്ങളുടെ വ്യത്യസ്തരൂപം, അപലപിച്ചവനെ കുറ്റപ്പെടുത്തി.

സായിബാബക്ക് ഉപദേശം കൊടുക്കാൻ പ്രത്യേക സ്ഥലമോ സമയമോ ആവശ്യമില്ലായിരുന്നു. എപ്പോൾ അവസരം വന്നുവോ, അപ്പോൾ ബാബ അത് നിർല്ലോഭം കൊടുക്കുമായി





രുന്നു. ഒരിക്കൽ ബാബയുടെ ഒരു ഭക്തൻ മറ്റൊരാളെപ്പറ്റി അയാൾ കേൾക്കാതെ ദൂഷണം പറഞ്ഞു. അയാളുടെ ഗുണഗണങ്ങളെ പറയാതെ കുറ്റങ്ങളും കുറവുകളും പുച്ഛ രൂപേണ പറഞ്ഞ്, കേൾക്കുന്നവർക്കുകൂടി മടുപ്പുതോന്നി. സ്വതവേ മനുഷ്യർക്ക് മറ്റുള്ളവരെ അപവാദം പറയുന്ന സ്വഭാവമുണ്ടല്ലോ. ഇത് തെറ്റിദ്ധാരണക്കും വിരോധത്തിനും കാരണമാവുന്നു. ഋഷിമാർ അപവാദത്തെ മറ്റു തരത്തിലാണ് കാണുന്നത്. അവർ പറയുന്നത് അഴുക്കു കളയാൻ പല മാർഗ്ഗങ്ങളുമുണ്ട്. അതായത് മണ്ണുപയോഗിച്ചും വെള്ളം സോപ്പ് ഇവ കൊണ്ടും മറ്റും. എന്നാൽ പരദൂഷണക്കാരന്റേത് അയാളുടെ ഒരു പ്രത്യേക തരം അഴുക്കുകളയൽ (കുറ്റം) അയാളുടെ നാക്കു കൊണ്ടു വൃത്തിയാക്കുന്നു. അങ്ങിനെ അയാൾ കുറ്റം പറയുന്ന ആളെ ഒരു തരത്തിൽ സേവനം നടത്തുന്നു. അതിന് കുറ്റം പറയുന്നവനോട് കുറ്റം പറയപ്പെട്ടവൻ നന്ദി പറയേണ്ടതുമാണ്. സായിബാബക്കു പരദൂഷണക്കാരന്റെ തെറ്റു തിരുത്താൻ  ഒരു പ്രത്യേക മർഗ്ഗമാണുള്ളത്. ബാബയുടെ സർവ്വന്തര്യാമിത്വംകൊണ്ടു പരദൂഷണക്കാരൻ ചെയ്തതെല്ലാം ബാബക്കറിയാമായിരുന്നു. അയാളെ ഉച്ചസമയത്ത് ബാബ ലെണ്ടിതോട്ടിത്തിലേക്കു പോകുംവഴിക്കു വെച്ചു കണ്ടപ്പോൾ അമേദ്ധ്യം തിന്നുന്ന ഒരു പന്നിയെ ചൂണ്ടിക്കാട്ടി കൊണ്ട് ബാബ ഇപ്രകാരം പറഞ്ഞു നോക്ക് എങ്ങനെ എന്തൊരാസ്വാദനത്തോടുകൂടിയാണ് അത് അമേദ്ധ്യം സേവിക്കുന്നത്. നിന്റെ സ്വാഭാവം ഇതു പോലെയാണ്. നീ നിന്റെ സഹോദരങ്ങളെ മനസ്സിന് തൃപ്തിവരുവോളം അപലപ്പിക്കുന്നു. എത്രയോ പുണ്യം ചെയ്തതിന്റെ ഫലമായാണ് നീ മനുഷ്യനായി പിറന്നത്. എന്നിട്ട് നീ ഇങ്ങനെ പ്രവർത്തിച്ചാൽ ഷിർദ്ദി നിന്നെ ഏതെങ്കിലും തരത്തിൽ സഹായിക്കാൻ പോകുന്നുണ്ടോ? ഭക്തൻ ഈ പാഠം മനസ്സിലാക്കിയാണ് അവിടെ നിന്ന് പോയതെന്ന് പറയാനില്ലല്ലോ.

ഇത്തരത്തിൽ ബാബ അവസരം കിട്ടുമ്പോഴെല്ലാം ഉപദേശം കൊടുത്തുകൊണ്ടിരുന്നു. ഈ വക കാര്യങ്ങൾ നമ്മൾ മനസ്സിലാക്കി പ്രവർത്തിച്ചാൽ ആദ്ധ്യാത്മികലക്ഷ്യം വളരെ ദൂരെയൊന്നുമല്ല. ഒരു പഴഞ്ചൊല്ലുണ്ട് എന്റെ ഹരിയുണ്ടെങ്കിൽ എനിക്കു കട്ടിലിൽ വച്ചു ഭക്ഷണം തരും എന്ന്. ഇത് ഭക്ഷണവസ്ത്രാദികളെപ്പറ്റി ശരിയാവാം. പക്ഷെ ഇത് വിശ്വസിച്ച് ഒരാൾ ഒന്നും ചെയ്യാതെ ചുമ്മാതിരുന്നാൽ ആദ്ധ്യാത്മിക കാര്യങ്ങളിൽ അവൻ നശിച്ചു പോവുക തന്നെ ചെയ്യും. ആദ്ധ്യാത്മ ജ്ഞാനത്തിന് ഒരുവൻ അങ്ങേയറ്റം പരിശ്രമിക്കുക തന്നെ വേണം. എത്രമാത്രം അദ്ധ്വാനിക്കുന്നുവോ അത്രത്തോളം അയാൾക്കു മെച്ചമാണ്.

സായിബാബ  സർവ്വാന്തര്യാമിയും ഭൂമി, വായു, രാജ്യം, ലോകം, വെളിച്ചം, സ്വർഗ്ഗം, എന്നതിലെല്ലാം വ്യാപത്നാണെന്നും ബാബയ്ക്ക് പരിധിയില്ലെന്നും പറഞ്ഞിട്ടുണ്ട്. ബാബ ശരീരത്തിൽ ഒതുങ്ങി നില്കുന്നുവെന്നു വിശ്വസിക്കുന്നവരുടെ തെറ്റിദ്ധാരണ അകറ്റാൻ വേണ്ടി ഈ രൂപത്തിലവതിരിച്ചതാണ്. ആത്മാർപ്പണ ബുദ്ധിയോടെ ബാബയുടെ രൂപത്തെ മനസ്സിൽ കരുതി രാപ്പകൽ ധ്യാനിച്ചാൽ ബാബയുമായി യാതൊരു വ്യത്യാസവുമില്ലാതെ താദാത്മ്യം പ്രാപിച്ചുകൊള്ളും. ആ താദാത്മ്യം മാധുര്യവും പഞ്ചസാരപോലെയും കോളും കടലുംപോലെയും കണ്ണും പ്രകാശവും പോലെയും പരിപൂർണ്ണ യോജിപ്പുള്ളതാണ്. ജനന മരണാദികളെ അവസാനിപ്പിക്കാൻ ആഗ്രഹിക്കുന്നവൻ മനശാന്തി കൈവരുത്തി പരിശുദ്ധജീവിതം നയിക്കണം. മറ്റൊരാളെ വ്രണപ്പെടുത്തുന്ന യാതൊന്നും പറയരുത്. സൽകൃത്യങ്ങളിൽ വ്യാപൃതനായി എല്ലാം ഭഗവാനിൽ സമർപ്പിക്കണം.  എന്നാൽ അയാൾക്ക് യാതൊന്നും ഭയപ്പെടാനില്ല.യാതൊരുത്തൻ സായിബാബയെ പൂർണ്ണമായി വിശ്വസിച്ച് ബാബയുടെ ലീലകളെ കേൾക്കുകയും പുകഴ്ത്തുകയും ചെയ്ത് മറ്റൊന്നിലും ശ്രദ്ധി

ക്കാതിരിക്കുന്നുവോ, അയാൾക്ക് ആത്മീയ വിജ്ഞാനവും അനുഭവവും കൈവെരുമെന്നതിന് പക്ഷാന്തരമില്ല. ബാബ പലരോടും ബാബയെ സ്മരിച്ച് സകലതും അർപ്പിക്കാൻ പറയലുണ്ട്. ആർക്കെങ്കിലും ഞാനാരാണ് എന്നറിയണമെന്നുണ്ടെങ്കിൽ അവർക്ക് ബാബ ശ്രവണവും മനനവും ഉപദേശിച്ചു. ചിലരോട് പാദസേവയും ചിലരോട് നാമജപവും ചിലരോട് ലീലാശ്രവണവും ചിലരോട് ഖണ്ഡോബാ ക്ഷേത്രത്തിൽ ഭജനമിരിക്കലും. ചിലരോട് വിഷ്ണു സഹസ്ര നാമ ജപവും ചിലരോട് ഛാന്ദോഗ്യ ഉപനിക്ഷത്തും ഗീതയും പഠിക്കാനും അങ്ങിനെ പലർക്ക് പല വിധം അവരവർക്ക് യോജ്യമായ തരത്തിൽ ബാബ നിർദ്ദേശിച്ചു.ബാബയുടെ ഉപദേശങ്ങൾക്ക് പരിധിയോ നിയന്ത്രണമോ ഉണ്ടായിരുന്നില്ല. ചിലർക്ക് ബാബ നേരിട്ട് ഉപദേശം കൊടുത്തു. മറ്റു ചിലർക്ക് സ്വപ്ന ദർശനങ്ങളെക്കൊണ്ട് ഉപദേശം കൊടുത്തു. ഒരു മദ്യാസക്തന് ബാബ സ്വപ്നത്തിൽ അയാളുടെ നെഞ്ചിൽ കയറിയിരുന്നു ഞെരുക്കുന്നതായും മദ്യം തൊടില്ലെന്ന വാഗ്ദാനത്തിനു ശേഷം മാത്രം സ്വാതന്ത്ര്യം കൊടുത്തതായും അനുഭവപ്പെട്ടു. ചിലർക്ക് ഗുരുർബ്രഹ്മാ മുതലായ മന്ത്രങ്ങൾ ഉപദേശിച്ചു. ഹഠയോഗം പരിശീലിച്ചിരുന്ന ഒരു ഭക്തനോട് ആളെ അയച്ച്, ഹഠയോഗം ഉപേക്ഷിച്ച് ശാന്തനായി ക്ഷമിച്ചിരിക്കാൻ പറഞ്ഞുപദേശിച്ചു. ബാബയുടെ എല്ലാ മാർഗ്ഗങ്ങളും സമ്പ്രദായങ്ങളും വിവരിക്കാൻ അസാദ്ധ്യമാണ്. സാധാരണ ലൗകീക കാര്യങ്ങളിൽ ബാബയുടെ പ്രവൃത്തികൾ മാർഗ്ഗനിർദ്ദിഷ്ടങ്ങളായിരുന്നു. ഒരു ഉദാഹരണം പറയാം: പ്രവൃത്തിക്കുള്ള പ്രതിഫലം ഒരു ഉച്ചസമയത്ത് ഒരു ദിവസം ബാബ, രാധാകൃഷ്ണമായിയുടെ വീട്ടിനുമുമ്പിൽ വന്നു. എനിക്ക് ഒരു കോണികൊണ്ടു വന്നു തരൂ എന്ന് പറഞ്ഞു. ചിലർ കോണി കൊണ്ടുവന്ന് ബാബ കാണിച്ചുകൊടുത്ത ഒരു വീട്ടിന്മേൽ ചാരിവെച്ചു. ബാബ വാമൻഗോഡ്ക്കാറുടെ പുരപ്പുറത്തൂടെ കയറി രാധാകൃഷ്ണമായിയുടെ പുര

പ്പുറത്തൂടെ നടന്ന് മറുവശത്തുള്ള മൂലയിലൂടെ താഴത്തിറങ്ങി. എന്താണ് ബാബയുടെ ഉദ്ദേശമെന്ന് ആർക്കും അറിയില്ല. അന്നേരം രാധാകൃഷ്ണമായി മലമ്പനി പിടിച്ചു വിറച്ചു കിടക്കു കയായിരുന്നു. ആ പനിയെ ഒഴിപ്പിക്കാനായിരിക്കാം ബാബ അങ്ങിനെ പോയത്. ഇറങ്ങിയ ഉടനെ കോണികൊണ്ടുവന്ന വർക്ക് ബാബ രണ്ടുറുപ്പിക കൊടുത്തു. ആരോ ധൈര്യമവലം ബിച്ച്, ബാബയോട് എന്തിനാണിത്രയധികം കൊടുത്തതെന്ന് ചോദിച്ചു. ബാബയുടെ മറുപടി, ഒറ്റൊരുത്തനും മറ്റൊരുത്തന്റെ അദ്ധ്വാനം വെറുതെ സ്വീകരിക്കരുത്. പ്രവൃത്തി എടുക്കുന്നവന് ഉടനെ കയ്യഴിച്ച് പ്രതിഫലം കൊടുക്കണം എന്നായിരുന്നു. ബാബ യുടെ നിർദ്ദേശം അംഗീകരിച്ചാൽ അതായത് തൊഴിലാളിക്ക് സുഭി ക്ഷമായി തൃപ്തികരമായി കാലതാമസം വരുത്താതെ കൂലി കൊടുത്താൽ തൊഴിലാളി നല്ലപോലെ പണിയെടുത്ത് തൊഴി ലാളിക്കും ഉടമക്കും ലാഭകരമാവുന്നതും പൂട്ടിയിടലും പണിമു ടക്കും ഒഴിവാക്കാവുന്നതും മുതലാളിയും തൊഴിലാളിയും തമ്മിൽ വൈരാഗ്യം - വെറുപ്പ് സംഭവിക്കാതിരിക്കുന്നതുമാണ്.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!




*ഹേമദ്പാന്തിനെ എങ്ങിനെ സ്വീകരിച്ച് അനുഗ്രഹിച്ചു എന്ന് - മിസ്റ്റർ സതേയുടെയും മിസ്സിസ്സ് ദേശ്മുഖിന്റെയും കഥകൾ - നല്ല ചിന്തകളെ ഫലവത്താക്കൽ - പലതരത്തിലുള്ള ഉപദേശങ്ങൾ - അപലപിക്കുന്നതിനെപ്പറ്റിയും അദ്ധ്വാനത്തിനുള്ള പ്രതിഫലത്തെപറ്റിയുമുള്ള പാഠങ്ങൾ.*

## പ്രാരംഭവാക്യങ്ങൾ

സദ്ഗുരു ശിഷ്യന്റെ ഗുണത്തെ നോക്കി മനഃശ്ചാഞ്ചല്യം വരുത്താതെ ഉപദേശം കൊടുത്ത് അവരെ പ്രാപ്യസ്ഥാനമായ ആത്മവിജ്ഞാനത്തിലേക്കു നയിക്കുന്നു എന്ന് പരക്കെ അറിയുന്ന വസ്തുതയാണ്. ഇക്കാര്യത്തിൽ, സദ്ഗുരു ഉപദേശിക്കുന്നത് പുറമെ മറ്റാരോടും പറഞ്ഞുപോകരുതെന്ന് ചിലർ പറയുന്നു. അവർ വിചാരിക്കുന്നത്, പരസ്യമാക്കിയാൽ ഉപദേശം ഫലമില്ലാത്തതാവുമെന്നാണ്. ഈ അഭിപ്രായം ശരിയല്ല. സദ്ഗുരു, കാലവർഷത്തിലെ മഴക്കാറുപോലെയാണ് അദ്ദേഹം കാറുപോലെ ധാരാളം വർഷിക്കുന്നു - അതായത്, ഉപദേശം പലർക്കും കൊടുക്കുന്നു. അത് മനസ്സിലാക്കി, ആസ്വദിച്ചു മറ്റുള്ളവർക്കു ഗുണം ചെയ്യലാണ് നാം ചെയ്യേണ്ടത്. അതിന്ന് കലവറ പാടില്ല.

ഇത് ഉണർന്നിരിക്കുമ്പോഴത്തെ ഉപദേശത്തിനും സ്വപ്നത്തിൽ കാണിച്ചു തരുന്ന ദർശനങ്ങൾക്കും ഒരു പോലെ ബാധകമാണ്. ഉദാഹരണമായി ബുധകൗശിക ഋഷി അദ്ദേഹത്തിന് സ്വപ്ന ത്തിൽ കണ്ട രാമരക്ഷാ സ്ത്രോത്രം പരസ്യമായി പറഞ്ഞുകൊ ടുത്തു.

പുത്രവത്സലയായ അമ്മ, ഫലവത്തും പക്ഷെ കയ്പ്പുള്ള തുമായ മരുന്ന്, കുട്ടിയെ ബലം പ്രയോഗിച്ച് കുടിപ്പിക്കുംപോ ലെ, സായിബാബ ഭക്തന്മാർക്ക് ആദ്ധ്യാത്മിക ഉപദേശങ്ങൾ നൽകിവന്നു. ബാബയുടെ സമ്പ്രദായം രഹസ്യമോ മൂടുപടമി ട്ടതോ അല്ല. തുറന്നതാണ്. ബാബയുടെ നിർദ്ദേശം അനുസരിച്ച ഭക്തന്മാർക്ക് അതിന്റെ നേട്ടങ്ങളും സിദ്ധിച്ചു. സായിബാബപോ ലെയുള്ള സദ്ഗുരു, നമ്മുടെ കണ്ണു തുറന്നു തരുന്നു (ബുദ്ധിയു ടെ). എന്നിട്ട് ആത്മാവിന്റെ ദിവ്യസൗന്ദര്യത്തെ കാണിച്ചുതന്നു. നമ്മുടെ ഭക്തിക്കായ്ക്കൊണ്ടുള്ള കുരുന്നു മോഹങ്ങളെ സാധി പ്പിച്ചു തരുന്നു. ഇത് ചെയ്തുകഴിയുമ്പോഴെക്കും, നമ്മുടെ ഇന്ദ്രി യസുഖേച്ഛ ഇല്ലാതാവുന്നു. ഇരട്ട ഫലങ്ങളായ വിവേകവും, വൈരാഗ്യവും, നമുക്ക് കൈവരുന്നു. അപ്പോൾ സ്വപ്നത്തിൽപോ ലും, ജ്ഞാനം പൊട്ടിമുളക്കുന്നു. ഇതെല്ലാം നമുക്ക് സിദ്ധിക്കു ന്നത്, യോഗീശ്വരന്മാരായ സദ്ഗുരുക്കളുടെ സമ്പർക്കത്തിൽ നിന്നാണ്. അവരെ ഉപചരിച്ച്, പ്രീതി സമ്പാദിക്കുക-ഭക്തജന ഹിതം സാധിപ്പിക്കുന്ന ഭഗവാൻ, നമ്മുടെ സഹായത്തിനെത്തു ന്നു. നമ്മുടെ കഷ്ടതകളും കുഴപ്പങ്ങളും ഇല്ലായ്മ ചെയ്തു, നമ്മെ സന്തുഷ്ടരാക്കുന്നു. ഈ പുരോഗമനം, ദൈവമായി കരു തുന്ന സദ്ഗുരുവിന്റെ സഹായംകൊണ്ട് മാത്രമാണ് സിദ്ധിക്കു ന്നത്. അതുകൊണ്ട് നാം, എപ്പോഴും സദ്ഗുരുവിന്റെ പുറ കിൽപോയി, അദ്ദേഹത്തിന്റെ കഥകൾകേട്ട്, കാല്ക്കൽവീണ് ഉപ ചരിക്കണം. ഇനി പ്രധാന കഥയിലേക്ക് കടക്കാം.

## മിസ്റ്റർ സതേ

ബോംബെ  ഗവർണ്ണരായി വന്ന റീ പ്രഭുവാൽ അവസാനിപ്പിക്കപ്പെട്ട, ക്രോഫോർഡിന്റെ ഭരണകാലത്ത്, കുറെ പ്രശസ്തിയാർജ്ജിച്ച മിസ്റ്റർ സതേ എന്നു പേരായ ഒരു മാന്യനുണ്ടായിരുന്നു. അയാൾക്ക് വ്യാപാരത്തിൽ കഠിനമായ നഷ്ടം പറ്റി. മറ്റു വിപരീത പരിതസ്ഥിതികളും അയാളെ കഷ്ടപ്പെടുത്തുകയാൽ, അയാൾ വിഷാദവാനും നിരാശനുമായി തീർന്നു. വിശ്രമരഹിതനായി, നാടുവിട്ട്, ദൂരെ എങ്ങാനും പോവാൻ അയാൾ തീർച്ചയാക്കി, സ്വതവെ മനുഷ്യൻ ദൈവത്തെ ഓർക്കില്ലെങ്കിലും, വിഷമങ്ങളും ദുരിതങ്ങളും സംഭവിക്കുമ്പോൾ ദൈവത്തെ ഓർത്ത്, ശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അയാളുടെ ദുഷ്കർമ്മഫലം അവസാനിച്ചാൽ, അയാളെ ദൈവം ഒരു യോഗീശ്വരന്റെ അടുത്തെത്തിച്ച് രക്ഷിക്കുന്നു. മിസ്റ്റർ സതേക്കും അതുമാതിരി അനുഭവമാണുണ്ടായത്. അയാളുടെ സുഹൃത്തുക്കൾ, ഷിർദ്ദിയിലേക്കു പോവാൻ അയാളെ ഉപദേശിച്ചു. അവിടെ പലരും സായിദർശനം ചെയ്ത്  - ഇഷ്ടമായത് സാധിച്ചുവരുന്നതായും അവർ പറഞ്ഞു. അയാൾ അതിൽ തല്പരനായി. 1917-ൽ സായി ദർശനത്തിനായി ഷിർദ്ദിയിൽ വന്നു. ബാബയുടെ ശ്വാശ്വത ബ്രഹ്മവും, ആത്മ ജ്യോതിർമയവും, പരിശുദ്ധവുമായ രൂപം കണ്ടതോടെ, അയാളുടെ പരിഭ്രമമെല്ലാം തീർന്ന്, മനസ്സ് ശാന്തമായി, മുജ്ജന്മ സുകൃതംകൊണ്ടാണ്, ബാബയുടെ പാദങ്ങളിലെത്താൻ കഴിഞ്ഞതെന്നയാൾക്ക് ബോദ്ധ്യമായി. അയാൾ വലിയ മനഃശക്തിയുള്ള ആളായിരുന്നു. അയാൾ ഉടനെ ഗുരുചരിത്രം പാരായണം തുടങ്ങി. സപ്താഹമായി വായന കഴിഞ്ഞു  അന്നു രാത്രി സാതെ ഒരു സ്വപ്നം കണ്ടു. ബാബ ഗുരുചരിത്രം കയ്യിൽവെച്ചു അതിന്റെ അർത്ഥം മിസ്റ്റർ സതെക്ക് പറഞ്ഞുകൊടുക്കുകയാണ്. മിസ്റ്റർ സതെ മുന്നിലിരുന്നു ശ്രദ്ധിക്കുന്നു. ഉണർന്നപ്പോൾ സ്വപ്നം

ഓർമ്മവന്ന്, അയാൾ സന്തുഷ്ടനായി. അയാൾ ഈ അനുഭവം കൊണ്ട്, കൂർക്കം വലിച്ച് ഉറങ്ങി സമയം കളയുന്നതിനു പകരം, ബാബ ഇങ്ങിനെ ഉപദേശം കൊടുത്തതിൽ അതീവ സന്തുഷ്ട നായി. അടുത്ത ദിവസം അയാൾ കാക്കാസാഹേറാബ് ദീക്ഷിത്തി നോട് വിവരം പറയുകയും ബാബയോട്അതിന്റെ ഉദ്ദേശം എന്താ ണ്, വീണ്ടും സപ്താഹമായി ഗുരുചരിത്രം വായിക്കണോ എന്നന്വേഷിക്കാനും ആവശ്യപ്പെട്ടു. കാക്കാസാഹെബ് ദീക്ഷിത് അവസരം കിട്ടിയപ്പോൾ ബാബയോട് ചോദിച്ചു. ദേവ! മിസ്റ്റർ സതേയോട് ഈ ദർശനംകൊണ്ട് എന്താണ് നിർദ്ദേശിച്ചത്? അയാൾ സപ്താഹം തുടർന്നു വായിക്കണമെന്നാണോ? അയാൾ ഒരു ശുദ്ധനായ ഭക്തനാണ്. ഈ ദർശനത്തിന്റെ അർത്ഥം അയാൾക്ക് വിവരിച്ചുകൊടുത്ത്, അയാളെ അനുഗ്രഹിക്കണം. ബാബ, ഇങ്ങിനെ മറുപടി പറഞ്ഞു. അയാൾ ആ പുസ്തകം ഒരിക്കൽകൂടി സപ്താഹമായി വായിക്കണം. അത് ശ്രദ്ധാപൂർവ്വം പഠിച്ചാൽ, ഭക്തൻ പരിശുദ്ധനായി ഗുണങ്ങളനുഭവിക്കും. ഭഗ വാൻ സന്തുഷ്ടനായി സംസാരബന്ധത്തിൽ നിന്ന് വിമുക്തനാ ക്കും.

ഹേമദ്പാന്ത് ബാബയുടെ കാല് തലോടുകയായിരുന്നു. ഇത് കേട്ടപ്പോൾ അയാൾ ഇപ്രകാരം ആലോചിച്ചു. എന്ത്! മിസ്റ്റർ സതെ ഒരാഴ്ച മാത്രം വായിച്ച് അതിനുള്ള നേട്ടം സമ്പാദിച്ചു ഞാൻ നാല്പതുകൊല്ലമായി വായിച്ചിട്ട് ഒരു ഫലവുമില്ല. അയാ ളുടെ ഏഴുദിവസത്തെ ഇവിടുത്തെ താമസം ഫലപ്രദവും, എന്റെ ഏഴുവർഷത്തെ (1910-1917) താമസം വെറുതെയും ആവുകയാ ണ്. ചാതകപക്ഷിപോലെ, ബാബയാകുന്ന മേഘം വർഷിക്കു ന്നതും പ്രതീക്ഷിച്ചു ഞാൻ ഇരിക്കുന്നു, എന്നെ അനുഗ്രഹിച്ച് ഉപദേശിക്കാൻ. ഈ വിചാരം മനസ്സിലുദിച്ചപ്പോഴെക്കും ബാബ അറിഞ്ഞു. ഭക്തന്മാരുടെ അനുഭവംകൊണ്ട് അവരെന്തു വിചാ

രിച്ചാലും ബാബ അറിയുമെന്നും അതിൽ നല്ല വിചാരം വളർത്തി, ചീത്ത വിചാരം ബാബ നശിപ്പിച്ചുകളയുമെന്നും തെളിഞ്ഞതാണ്. ഹേമദ്പാന്തിന്റെ വിചാരമറിഞ്ഞിപ്പോൾ ഉടനെ ബാബ അയാളോട് ശാമയുടെ അടുക്കൽപോയി 15ക. ദക്ഷിണ വാങ്ങികൊണ്ടുവരാനും കുറച്ചുനേരം സംസാരിച്ചിരുന്നു മടങ്ങിവരാനും പറഞ്ഞു. ബാബക്ക് ദയ തോന്നി ഇങ്ങനെ കല്പിച്ചതാണ്. ബാബയുടെ കൽപന ആർക്ക് ലംഘിക്കാനാവും?

ഹേമന്ത്പാന്ത് ഉടനെ മസ്ജിദ് വിട്ട് ശാമയുടെ വീട്ടിലേക്ക് പോയി. ശാമ അന്നേരം കുളി കഴിഞ്ഞ് ഒരു മുണ്ടുമാത്രം ഉടുത്ത് നില്ക്കയായിരുന്നു. അയാൾ പുറത്ത് വന്ന് ഹേമന്ത്പാന്തിനോട് ചോദിച്ചു. എന്താ ഇപ്പോൾ ഇങ്ങോട്ട് പോന്നത്. മസ്ജിദിൽ നിന്നാണ് വരുന്നതെന്ന് തോന്നുന്നല്ലോ. എന്താണ് പരിഭ്രാന്തനും നിരാശനുമായി കാണുന്നത്? എന്താണ് ഒറ്റയ്ക്കായത്? കുറച്ചിരിക്കൂ. ഞാൻ പ്രാർത്ഥന കഴിഞ്ഞു ഉടനെ വരാം. അതിനിടക്കു ഒന്നു മുറുക്കിക്കൊള്ളൂ. എന്നിട്ട് നമുക്ക് കുറച്ച് സംസാരിച്ചിരിക്കാം" എന്നു പറഞ്ഞ് അയാളുള്ളിൽ പോയി, ഹേമദ്പാന്ത് വരാന്തയിലും ഇരുന്നു ജനലിന്മേൽ അയാൾ 'നാഥ് ഭാഗവത്' എന്ന പ്രശസ്ത മറാത്തി പുസ്തകം ഇരിക്കുന്നത് കണ്ടു. ഇത് ഭാഗവതം 11-ാം സ്കന്ധത്തിന് ഏകനാഥൻ എഴുതിയ വ്യാഖ്യാനമാണ്. ബാബയുടെ നിർദ്ദേശപ്രകാരം ബാപ്പുസാഹെബ് ജോഗും കാക്കാസാഹെബ് ദീക്ഷിതും നിത്യവും ഷിർദ്ദിയിൽവെച്ച് ഭവാർത്ഥ ദീപിക അഥവാ ജ്ഞാനേശ്വരി എന്ന മറാത്തി വ്യാഖ്യാനത്തോട് കൂടിയ ഭഗവത് ഗീതയും നാഥ് ഭാഗവതവും (ഉദ്ധവഗീത) ഏകനാഥിന്റെ ഭവാർത്ഥ രാമായണവും, വായിക്കലുണ്ടായിരുന്നു. ഭക്തന്മാർ സംശയങ്ങൾ ചോദിക്കുമ്പോൾ, ബാബ ഏതാനും പറഞ്ഞ് കൊടുത്ത് ബാക്കി ഈ വായന കേട്ട് മനസ്സിലാക്കാൻ നിർദ്ദേശിക്കുമായിരുന്നു. കാരണം, അവ, ഭഗ





വത് ധർമ്മത്തെപ്പറ്റി പ്രതിപാദിക്കുന്നവയാണ്. അങ്ങിനെ ഭക്തന്മാർ വായനകേട്ടാൽ  അവരുടെ സംശയം പൂർണ്ണമായും തീരുമായിരുന്നു. ഹേമദ്പാന്തും നാഥ് ഭാഗവതത്തിൽ നിന്നും നിത്യവും പാരായണം ചെയ്യലുണ്ടായിരുന്നു.

അന്ന് നിത്യപാരായണം പൂർത്തിയാക്കാതെ, ഇടക്കു നിർത്തി, ചില ഭക്തന്മാരോടുകൂടെ മസ്ജിദിലേക്കു പോവുകയാണുണ്ടായത്. ശാമയുടെ ജനലിൽനിന്ന് പുസ്തകമെടുത്ത് നിവർത്തിയപ്പോൾ, അതിശയകരമായ വിധം കണ്ടത് അന്നു വായിച്ചു പൂർത്തിയാക്കാതെ നിർത്തിയ ഭാഗം തന്നെയാണ്. വായന പൂർത്തിയാകാത്ത ഭാഗം  വായിച്ചു പൂർത്തിയാക്കി. അത് തീർന്നതോടുകൂടി, ശാമ പൂജ കഴിഞ്ഞ് മടങ്ങി വന്ന് അവർ തമ്മിൽ ഇപ്രകാരം സംഭാഷണത്തിൽപ്പെട്ടു.

ഹേമദ്പാന്ത് :- ഞാൻ ബാബയുടെ ഒരു നിർദ്ദേശവുംകൊണ്ട് വന്നതാണ്. ബാബ നിങ്ങളോട് 15ക. ദക്ഷിണ വാങ്ങി വരാൻ പറഞ്ഞു. ഇവിടെ ഇരുന്ന്, കുറച്ചുനേരം വർത്തമാനം പറഞ്ഞു. നിങ്ങളെക്കൂട്ടി മസ്ജിദിൽ വരാൻ പറഞ്ഞു.

ശാമ:- (അതിശയിച്ച്) എന്റെ കയ്യിൽ പണമില്ല. എന്റെ പതിനഞ്ചു നമസ്ക്കാരങ്ങൾ, ഉറുപ്പികക്കു പകരം, ദക്ഷിണയായി ബാബക്ക് കൊണ്ടുപോയാലും.

ഹേമദ്പാന്ത്:- ശരി, നിങ്ങളുടെ നമസ്ക്കാരങ്ങൾ സ്വീകരിച്ചു. ഇനികുറച്ച് വർത്തമാനങ്ങൾ പറയാം. നമ്മുടെ പാപം നശിപ്പിക്കുന്ന ബാബയുടെ ചില ലീലകളും കഥകളും പറയൂ. കേൾക്കട്ടെ.

ശാമ:- എന്നാൽ കുറച്ചിരിക്കൂ ഈ ദേവന്റെ ലീലകൾ വിസ്മയാവഹങ്ങളാണ്. നിങ്ങൾക്കറിയാവുന്നതാണല്ലോ. ഞാൻ ഒരു ഗ്രാമീണനും, നിങ്ങൾ വിവരമുള്ള ആളുമാണ്. നിങ്ങൾ വന്നതിൽ പിന്നെ കുറെക്കൂടി ലീലകൾ കണ്ടു. പിന്നെ എങ്ങിനെ അവ

എനിക്ക് നിങ്ങളോട് പറഞ്ഞു. തരാൻ കഴിയും? ആട്ടെ മുറുക്കുക. ഞാൻ പോയി വസ്ത്രം മാറ്റി ഇപ്പോൾ വരാം. കുറച്ചു നിമിഷത്തിനകം ശാമ വസ്ത്രം മാറ്റി വന്ന് ഹേമദ്പാന്തുമായി വർത്തമാനത്തിനിരുന്നു. അയാൾ പറഞ്ഞു. “ഈ ദേവന്റെ ലീലകൾ അപാരമാണ്. ലീലകൾക്ക് അവസാനമില്ല. ആർക്കാണ് അതറിയുക? ബാബ ലീലകൊണ്ട് കളിക്കുകയാണ്. എന്നിട്ടും, ബാബ ലീലകൾക്ക് പുറത്താണ് (ബാധിക്കുന്നില്ല). നാടന്മാരായ നമുക്ക് എന്തറിയും? ബാബ തന്നെ എന്താണ് കഥകൾ പറയാത്തത്? വിദ്വാന്മാരായ നിങ്ങളെപ്പോലുള്ളവരെ എന്റെ മാതിരി വിഡ്ഢികളുടെ അടുക്കലേക്ക് ബാബ എന്തിനയക്കുന്നു? ബാബയുടെ വഴികൾ മനസ്സിലാക്കാൻ കഴിയാത്തവയാണ്. അവ, അമാനുഷമാണെന്നു മാത്രമേ എനിക്കു പറയാനാവൂ”. ഇത്രയും പറഞ്ഞ് ശാമ വീണ്ടും തുടർന്നു.“എനിക്കിപ്പോൾ ഓർമ്മ വന്ന ഒരു കഥ പറയാം. എനിക്ക് നേരിട്ടറിയുന്നതാണ്. ഭക്തൻ ഉത്സാഹവും സ്ഥൈര്യവും കാണിച്ചാൽ ബാബ, പെട്ടെന്ന് അനുഗ്രഹിക്കും. ചിലപ്പോൾ കഠിന പരീക്ഷണം നടത്തി “ഉപദേശം” കൊടുക്കും.

ഹേമദ്പാന്തിന് “ഉപദേശം” എന്ന വാക്കു കേട്ടതോടുകൂടി മനസ്സിൽകൂടെ ഒരു മിന്നൽപിണർ അനുഭവപ്പെട്ടു. അയാൾ ഉടനെ, മിസ്റ്റർ സതെയുടെ ഗുരുചരിത്രം വായന ഓർമ്മിപ്പിക്കുകയും തനിക്ക് മനഃശാന്തി തരാൻ, ശാമയുടെ വീട്ടിലേക്ക് ബാബ തന്നെ അയച്ചതാണെന്ന് ബോദ്ധ്യമാവുകയും ചെയ്തു. അയാൾ വികാരം അടക്കി ശാമയുടെ കഥ ശ്രദ്ധിച്ചു.അതെല്ലാം ബാബ ഭക്തന്മാരോട് എത്രമാത്രം കരുണാമയനായിരുന്നു എന്നു കാണിക്കുന്നവയാണ്. ഇവ കേട്ട് ഹേമദ് പാന്ത് ആനന്ദം അനുഭവിക്കാൻ തുടങ്ങി. അപ്പോൾ ശാമ താഴെ പറയുന്ന കഥ പറയാൻ തുടങ്ങി.

## മിസിസ് രാധാബായി ദേശ്മുഖ്

രാധാബായി എന്നു പേരായ ഒരു വൃദ്ധ ഉണ്ടായിരുന്നു. അവർ കേശബ് ദേശ്മുഖിന്റെ മാതാവായിരുന്നു.ബാബയുടെ കീർത്തികേട്ട് അവർ സംഗമ്നഗറിലെ ആൾക്കാരോടുകൂടി ഷിർദ്ദിയിൽ വന്നു. ബാബയെ ദർശനം ചെയ്ത് അവർ അത്യധികം സംതൃപ്തയായി. ബാബയെ അത്യധികം സ്നേഹിച്ച്, അവർ ബാബയെ ഗുരുവായി സ്വീകരിച്ച് എന്തെങ്കിലും ഉപദേശമോ മന്ത്രമോ തരുന്നതുവരെ, നിരാഹാരമെടുക്കാനും, അല്ലെങ്കിൽ മരണംവരെ നിരാഹാരമെന്നും തീർച്ചയാക്കി. അവർ ലോഡ്ജിൽ താമസിച്ച്, വെള്ളമോ, ഭക്ഷണമോ തൊടാതെ മൂന്നു ദിവസങ്ങൾ കഴിച്ചുകൂട്ടി ഇത് കണ്ട് ഭയന്ന്, ഞാൻ ബാബയോട് ഈ വൃദ്ധക്ക് വേണ്ടി ഇടപെട്ട് ഇപ്രകാരം പറഞ്ഞു. “ദേവ! ഇതെന്താണങ്ങ് തുടങ്ങിവെച്ചത്? അവിടുന്ന് പലരേയും ഇങ്ങോട്ട് വലിച്ചിഴച്ച് കൊണ്ടുവരുന്നു. അവിടുത്തേക്ക് ആ വൃദ്ധസ്ത്രീയെ അറിയാമല്ലോ. അവർ ഒരേ പിടിവാശിയിൽ, അവിടുത്തെ തന്നെ ആശ്രയിക്കുന്നു. അവിടുന്ന് സ്വീകരിച്ച് ഉപദേശിക്കാത്ത പക്ഷം അവർ പട്ടിണി കിടന്ന് മരിക്കും. അവർക്കെന്തെങ്കിലും സംഭവിച്ചാൽ, ജനങ്ങൾ അവിടുത്തെ കുറ്റപ്പെടുത്തി, ബാബ ഉപദേശിക്കാത്തതുകൊണ്ട് അവർ മരിച്ചുപോയി എന്ന് പറയും. അതുകൊണ്ട് അവരോട് ദയകാണിച്ച് അനുഗ്രഹിച്ച് ഉപദേശം കൊടുക്കണേ”. അവരുടെ വാശി മനസ്സിലാക്കി, ബാബ അവരെ ആളയച്ചുവരുത്തി, ഇപ്രകാരം പറഞ്ഞ്, അവരുടെ മനസ്ഥിതി തന്നെ മാറ്റി. “ഓ അമ്മേ (ബാബ സ്ത്രീകളെ അമ്മ എന്നും പുരുഷന്മാരെ കാക്കാ, ബാപ്പു, ഭാവു എന്നുമാണ് വിളിക്കുക) നിങ്ങളെന്തിനാണ് വേണ്ടാത്ത ക്ലേശങ്ങൾ അനുഭവിച്ച് മരിക്കാൻ പോവുന്നത്. നിങ്ങൾ എന്റെ അമ്മയും, ഞാൻ നിങ്ങളുടെ കുട്ടിയുമാണ്. എന്നിൽ ദയതോന്നി പറയുന്നത് കേൾക്കൂ. എന്റെ തന്നെ കഥ

ഞാൻ പറയട്ടെ. അതു ശ്രദ്ധിച്ചു കേട്ടാൽ നിങ്ങൾക്കു നല്ലതാണ്. എനിക്ക് ഒരു ഗുരുവുണ്ടായിരുന്നു അദ്ദേഹം ഒരു മഹായോഗിയും പരമ ദയാലുവുമായിരുന്നു. ഞാൻ അദ്ദേഹത്തെ വളരെക്കാലം പരിചരിച്ചു. എന്നിട്ടും അദ്ദേഹം യാതൊരു മന്ത്രവും എന്റെ ചെകിട്ടിൽ പറഞ്ഞു തന്നില്ല, അദ്ദേഹത്തെ വിടാതെ കൂടെക്കൂടി പരിചരിച്ചു. എന്തുവിലകൊടുത്തും ഒരു ഉപദേശം വാങ്ങണമെന്ന അതിയായ ആശ എനിക്കുണ്ടായിരുന്നു. പക്ഷെ, അദ്ദേഹത്തിന്, അദ്ദേഹത്തിന്റേതായ പാനഥാവുണ്ടായിരുന്നു. അദ്ദേഹം ആദ്യം എന്റെ തല മുണ്ഡനം ചെയ്യിച്ച് രണ്ട് പൈസ ദക്ഷിണ ആവശ്യപ്പെട്ടു. ഞാൻ ഉടനെ കൊടുത്തു. നിങ്ങൾ ചോദിക്കുമായിരിക്കാം, എന്റെ ഗുരു തികഞ്ഞവനായിരിക്കെ എന്തിന് പണം ആവശ്യപ്പെട്ടു,അദ്ദേഹത്തിന്റെ 2 പൈസ എന്നത് (1) ഉറച്ച വിശ്വാസവും (2) ക്ഷമയുമായിരുന്നു. ഇത് രണ്ടും ഞാൻ അദ്ദേഹത്തിന് കൊടുത്തപ്പോൾ അദ്ദേഹം സന്തുഷ്ടനായി. “12 കൊല്ലങ്ങളോളം എന്റെ ഗുരുവെ ആശ്രയിച്ചു. അദ്ദേഹം എന്നെ വളർത്തി. ഭക്ഷണത്തിന്നോ വസ്ത്രത്തിന്നോ യാതൊരു ക്ഷാമവുമില്ലായിരുന്നു. അദ്ദേഹം പ്രേമ പൂരിതനായിരുന്നു, പോരാ, പ്രേമം മൂർത്തീഭവിച്ചവനായിരുന്നു, എനിക്കെങ്ങിനെ അത് വിവരിക്കാൻ കഴിയും? അദ്ദേഹം എന്നെ അത്യധികം സ്നേഹിച്ചു. അദ്ദേഹത്തെപോലത്തെ ഗുരുക്കൾ ദുർലഭമാണ്. ഞാൻ അദ്ദേഹത്തെ നോക്കുമ്പോൾ അദ്ദേഹം പരിപൂർണ്ണ സമാധിയിലാണെന്ന് എനിക്കു തോന്നും. അങ്ങിനെ ഞങ്ങൾ രണ്ടുപേരും പരമാനന്ദം അനുഭവിച്ചു. രാവുപകൽ വിശപ്പും ദാഹവുമറിയാതെ, ഞാൻ അദ്ദേഹത്തെ മിഴിച്ചുനോക്കിയിരിക്കും. അദ്ദേഹത്തെകൂടാതെ എനിക്ക് ശാന്തിയില്ലെന്നായി. എനിക്ക് ധ്യാനിക്കാനോ ശ്രദ്ധിക്കാനോ എന്റെ ഗുരുവല്ലാതെ മറ്റൊന്നുമില്ലെന്നായി. എന്റെ ഒരേ അഭയസ്ഥാനം അദ്ദേഹമായിരുന്നു. എന്റെ മനസ്സ് സദാ

അദ്ദേഹത്തിന്മേൽ ഉറപ്പിച്ചിരുന്നു. ഇതാണ് ഒരു പൈസ ദക്ഷിണ. ക്ഷമയാണ് മറ്റേ പൈസ ഞാൻ ക്ഷമയോടുകൂടി വളരെക്കാലം ഗുരുവെ പരിചരിച്ചു. ഈ ക്ഷമ നിങ്ങളെ സംസാര സാഗരം കടത്തിവിടും. ക്ഷമ പുരുഷനിൽ പുരുഷത്വമാണ്. അത് എല്ലാ പാപവും കഷ്ടതകളും തീർക്കുന്നു. ദുരിതങ്ങളെ പലവിധത്തിലും ഇല്ലാതാക്കുന്നു. ഭയത്തെ നശിപ്പിക്കുന്നു. ഒടുവിൽ നിങ്ങൾക്ക് വിജയം തരുന്നു. ക്ഷമ, ഗുണങ്ങളുടെ വിളനിലവും സൽചിന്തകളുടെ സന്തത സഹചാരിയുമാണ്. നിഷ്ഠയും ക്ഷമയും അന്യോന്യം അത്യധികം സ്നേഹിക്കുന്ന ഇരട്ട സഹോദരിമാരെ പോലെയാണ്.

“എന്റെ ഗുരു എന്നിൽ നിന്ന് മറ്റൊന്നും പ്രതീക്ഷിച്ചിരുന്നില്ല. അദ്ദേഹം എന്നോട് ഒരിക്കലും അനാസ്ഥ കാണിക്കാതെ സദാ രക്ഷിച്ചുകൊണ്ടിരുന്നു. ഞാൻ അദ്ദേഹത്തോടുകൂടി താമസിക്കുകയും ചിലപ്പോൾ വേറിട്ടു നില്ക്കുകയും ചെയ്തു. എന്നിട്ടും എനിക്ക് അദ്ദേഹത്തിന്റെ സ്നേഹത്തിന് കമ്മി വന്നതായി ഒരിക്കലും അനുഭവപ്പെട്ടില്ല. അദ്ദേഹം, ആമ എപ്രകാരം പുഴക്ക് അക്കരെയുള്ള കുഞ്ഞുങ്ങളെ ദൃഷ്ടികൊണ്ട് രക്ഷിക്കുന്നുവോ, അതുപോലെ എപ്പോഴും എന്നെ പ്രേമാർദ്ര ദൃഷ്ടികൾകൊണ്ട് രക്ഷിച്ചു. ഓ അമ്മേ! എന്റെ ഗുരു എന്നെ ഒരു മന്ത്രവും പഠിപ്പിച്ചില്ല. പിന്നെ ഞാനെങ്ങിനെ നിങ്ങളുടെ ചെവിയിൽ മന്ത്രം ഉപദേശിക്കും. ഗുരുവിന്റെ ആമക്കുള്ളപോലത്തെ സ്നേഹാർദ്രമായ ദൃഷ്ടി നമുക്ക് ആനന്ദം തരുന്നു എന്ന് ഓർമ്മിക്കുക. ആരിൽനിന്നും ഉപദേശമോ മന്ത്രമോ കിട്ടാൻ ശ്രമിക്കരുത്. എന്നെ എല്ലാ ചിന്തകളുടെയും കർമ്മങ്ങളുടെയും ലക്ഷ്യമാക്കിയാൽ നിസ്സംശയം നിങ്ങൾക്ക് പരമാർത്ഥം എന്തെന്ന് അനുഭവപ്പെടും. പരിപൂർണ്ണ സംതൃപ്തിയോടെ എന്നെ നോക്കിയാൽ അതുപോലെ തന്നെ ഞാൻ അങ്ങോട്ടു നോക്കും. ഈ മസ്ജിദി





ലിരുന്ന് ഞാൻ സത്യമല്ലാതെ മറ്റൊന്നും പറയുകയില്ല. സാധനകളോ ആറു ശാസ്ത്രങ്ങളുടെ ജ്ഞാനമോ ഒന്നും ആവശ്യമില്ല. നിങ്ങളുടെ ഗുരുവിൽ വിശ്വാസവും ഭക്തിയും ഉണ്ടായാൽ മതി. ഗുരു മാത്രമാണ് എല്ലാകർമ്മങ്ങളും ചെയ്യുന്നതെന്ന് പരിപൂർണ്ണമായി വിശ്വസിക്കുക. ഗുരുവിന്റെ മഹത്വം അറിഞ്ഞ് അദ്ദേഹത്തെ ഹരിഹരബ്രഹ്മമാണെന്നു സങ്കല്പിക്കുന്നവൻ അനുഗൃഹീതനാണ്." ഇപ്രകാരം ഉപദേശം സിദ്ധിച്ച ആ വൃദ്ധക്ക് കാര്യം മനസ്സിലാവുകയും അവർ ബാബയെ നമസ്കരിച്ച് നിരാഹാരം വേണ്ടെന്ന് വെയ്ക്കുകയും ചെയ്തു.

ഈ കഥ ശ്രദ്ധാപൂർവ്വം കേട്ട് അതിന്റെ സന്ദർഭോചിതത്വവും പ്രാധാന്യവും മനസ്സിലാക്കി ആപാദചൂഡം പുളകിതനായി, അതീവ സന്തുഷ്ടനായി, ബാഷ്പാവരുദ്ധകണ്ഠനായി, ഒന്നും പറയാൻ പറ്റാതെ അയാൾ നിന്നു. ശാമ ഈ സ്ഥിതി കണ്ടു ചോദിച്ചു: "നിങ്ങൾക്കെന്തു പറ്റി? എന്താണ് നിശബ്ദനായത്? എത്ര എത്ര അസംഖ്യം ബാബാ ലീലകളാണ് പറയാനുള്ളത്!"

അപ്പോഴെക്കും മസ്ജിദിൽ നിന്നും മദ്ധ്യാഹ്ന ആരതിക്കുള്ള മണിയടിക്കാൻ തുടങ്ങി. അതിനാൽ ശാമയും ഹേമദ്പാന്തും മസ്ജിദിലേക്കു തിരക്കിട്ടു പോയി. ബാപ്പു സാഹെബ് ജോഗ് ആരതി നടത്തിയിരുന്നു. സ്ത്രീകൾ മസ്ജിദിലും പുരുഷന്മാർ മുറ്റത്തുമായി നിന്ന് ആരതി ഗീതം വാദ്യാഘോഷത്തോടുകൂടി ഉച്ചത്തിൽ പാടുന്നുണ്ടായിരുന്നു. ശാമ, ഹേമദ്പാന്തിന്റെ കൈ പിടിച്ചു വലിച്ച് മീതെക്കു കയറി. അയാൾ ബാബയുടെ വലതു ഭാഗത്തും ഹേമദ്പാന്ത് മുന്നിലും ഇരുന്നു. അവരെക്കണ്ട് ബാബ ഹേമദ്പാന്തിനോട് ശാമയോട് വാങ്ങിയ ദക്ഷിണ ആവശ്യപ്പെട്ടു. അയാൾ ശാമ ഉറുപ്പികക്ക് പകരം നമസ്കാരങ്ങളാണ് തന്നയച്ചതെന്നും ശാമതന്നെ നേരിട്ടു വന്നിട്ടുണ്ടെന്നും പറഞ്ഞു.

ബാബ പറഞ്ഞു“ശരി ഇനി നിങ്ങൾ വർത്തമാനം പറഞ്ഞുവോ? എന്തിനെപ്പറ്റിയാണ് പറഞ്ഞത്? എനിക്കെല്ലാം കേൾക്കണം”. എന്നു പറഞ്ഞു ചെണ്ടയുടെയും മണിയുടെയും പാട്ടിന്റെയും ശബ്ദങ്ങൾ വകവെയ്ക്കാതെ ഹേമദ്പാന്ത് പറയാൻ ഉത്സുക നായി. ഉണ്ടായ വിവരങ്ങൾ പറയാൻതുടങ്ങി. ബാബകേൾക്കാൻ തിരക്കായി മുന്നോട്ടു ചാഞ്ഞിരുന്നു ശ്രദ്ധിച്ചു. എല്ലാ കഥകളും ആനന്ദകരമായിരുന്നെന്നും പ്രത്യേകിച്ച് വൃദ്ധസ്ത്രീയുടെ കഥ അതിശയകരമായിരുന്നെന്നും ബാബയുടെ ലീലകൾ അവർണ്ണ നീയമാണെന്നും ഈ കഥയിലൂടെ ബാബ തന്നെ അനുഗ്രഹി ച്ചുവെന്നും ഹേമദ്പാന്ത് പറഞ്ഞു. ബാബ പറഞ്ഞു ആ കഥ അതിശയകരമാണ്. എങ്ങിനെയാണ് നീ അനുഗ്രഹീതനായത്? എല്ലാം വിശദമായി എനിക്കു കേൾക്കണം. അതുകൊണ്ട് മുഴു വൻ പറയു. അപ്പോൾ ഹേമദ്പാന്ത് താൻ കുറച്ചു മുന്നെ കേട്ട കഥ വിശദമായി പറഞ്ഞു. അതു തന്റെ മനസ്സിൽ തട്ടിയതായി വിശദീകരിച്ചു. ഇതു കേട്ട് ബാബ സന്തുഷ്ടനായി ഇപ്രകാരം അയാളോട് ചോദിച്ചു. “ ആ കഥ മനസ്സിൽ തട്ടിയോ? അതിന്റെ പ്രാധാന്യം മനസ്സിലായോ? അയാൾ മറുപടി പറഞ്ഞു ഉവ്വ് ബാബ ! എന്റെ മനസ്സിന്റെ വിഭ്രമം തീർന്ന് ശാന്തമാവുകയും ശരിയായ മാർഗ്ഗം എനിക്കു മനസ്സിലാവുകയും ചെയ്തു.

അപ്പോൾ ബാബ ഇപ്രകാരം പറഞ്ഞു എന്റെ പ്രവർത്തന രീതി പ്രത്യേക തരമാണ്. ഈ കഥ നല്ല പോലെ ഓർമ്മിക്കുക. അതു വളരെ പ്രയോജനകരമാണ്. ആത്മജ്ഞാനത്തിന് ധ്യാനം അത്യാവശ്യമാണ്. അതു മുടങ്ങാതെ ചെയ്താൽ വൃത്തികൾ (ചിന്തകൾ) അടങ്ങും. നിസ്സംഗനായി സമസ്ത ചരാചരങ്ങ ളിലുമുള്ള ഭഗവാനെ ധ്യാനിക്കണം. അങ്ങിനെ മനസ്സ് ഏകീക രിച്ചാൽ പ്രാപ്യസ്ഥാനത്തെത്തി. എന്റെ അരൂപഭാവത്തെ ധ്യാനി ക്കുക. അത് ജ്ഞാനം, ബോധം, ആനന്ദം ഇവയുടെ മൂർത്തീക

രണമാണ്. അത് കഴിയില്ലെങ്കിൽ എന്നെ നിത്യവും രാവുപകൽ കാണുന്ന രൂപത്തിൽ അടി മുതൽ മുടിവരെ ധ്യാനിക്കണം. ഇങ്ങിനെ മുടങ്ങാതെ ചെയ്താൽ, വൃത്തികൾ ഏകാഗ്രമായി, ധ്യാതാവ്, ധ്യാനം, ധ്യേയം ഇവ തമ്മിലുള്ള വ്യത്യാസം നശിച്ച് ധ്യാതാവ് ബോധവാനായി, ബ്രഹ്മത്തിൽ ലയിക്കുന്നു. തള്ള ആമ പുഴയുടെ ഒരു കരയ്ക്കലും, കുഞ്ഞുങ്ങൾ മറുകരയിലുമാണ്. അത് അവർക്ക് പാലോ ഭക്ഷണമോ കൊടുക്കുന്നില്ല. കുഞ്ഞുങ്ങൾ തള്ളയെ ധ്യാനിക്കുന്നതല്ലാതെ മറ്റൊന്നും ചെയ്യുന്നില്ല. ആമയുടെ ദൃഷ്ടി കുഞ്ഞുങ്ങൾക്ക് അമൃതവൃഷ്ടിപോലെയാണ്. അത് അവയുടെ വളർച്ചയ്ക്കും സന്തുഷ്ഠിക്കും ഉള്ള മാർഗ്ഗമാണ്. ഗുരുവും ശിഷ്യനും തമ്മിലുള്ള ബന്ധവും തത്തുല്യവുമാണ്.

ബാബ ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോഴേക്കും ആരതി അവസാനിച്ച് എല്ലാവരും ഉറക്കെ "ശ്രീ സച്ചിദാനന്ദസദ്ഗുരു ശ്രീ സായി നാഥ മഹാരാജ്കീ ജയ്" എന്നു വിളിച്ചു. പ്രിയ വായനക്കാരെ, ഈ സമയം മസ്ജിദിലെ ജനക്കൂട്ടത്തിൽ നിൽക്കുന്നുവെന്ന് ധ്യാനിച്ച് നമുക്കും ഈ ജയാരവത്തിൽ പങ്കുകൊള്ളുക.

ആരതി അവസാനിച്ച് പ്രസാദ വിതരണം നടന്നു. ബാപ്പു സാഹെബ് ജോഗ് മുന്നോട്ടുവന്ന്, ബാബയെ നമസ്കരിച്ച്, അദ്ദേഹത്തിന്റെ കൈയിൽ ഒരുപിടി കല്കണ്ട് വെച്ചുകൊടുത്തു. ബാബ അത് മുഴുവൻ ഹേമദ്പാന്തിന്റെ കയ്യിൽകൊടുത്ത് പറഞ്ഞു. " ഈ കഥ ഹൃദയത്തിൽവെച്ച് ഓർമ്മിച്ചാൽ അത് കല്ക്കണ്ടുപോലെ മധുരമായിരിക്കും. എല്ലാ ആഗ്രഹങ്ങളും നിറവേറി നീ സന്തുഷ്ടനാവും" ഹേമദ്പാന്ത് ബാബയെ നമസ്കരിച്ചു പറഞ്ഞു. " എന്നെ ഇങ്ങിനെ തുണച്ച് എല്ലായ്പ്പോഴും രക്ഷിച്ചു നയിച്ചാലും". ബാബ പറഞ്ഞു. ഈ കഥ കേട്ട് അതിനെപ്പറ്റി

ധ്യാനിച്ച് അതിന്റെ തത്വം ഉൾക്കൊള്ളുക. അപ്പോൾ നീ സദാ സമയവും ദൈവത്തെ ധ്യാനിക്കലാവുകയും നിനക്ക് പ്രത്യക്ഷ മാവുകയും ചെയ്യും”. പ്രിയ വായനക്കാരെ! ഹേമദ്പാന്തിന് അപ്പോൾ കല്ക്കണ്ട് പ്രസാദമായിക്കിട്ടി. നമുക്ക് ഈ കഥയാ കുന്ന കല്ക്കണ്ടും അമൃതവും ഇതാ കിട്ടുന്നു. അത് തൃപ്തിവ രുവോളം പാനം ചെയ്യുക. അതിനെപ്പറ്റി മനനം ചെയ്ത്, അതിന്റെ അന്തസ്സത്ത് ഉൾക്കൊള്ളുക. അങ്ങിനെ ബാബയുടെ അനുഗ്രഹത്താൽ ശക്തിയും സന്തോഷവും ആർജ്ജിക്കുക. ആമെൻ! 19-ാം അദ്ധ്യായത്തിന്റെ അവസാനം ഹേമദ്പാന്ത് പ്രതി പാതിച്ച മറ്റു ചില കാര്യങ്ങൾ താഴെ കൊടുക്കുന്നു.

## നമ്മുടെ പെരുമാറ്റത്തെപ്പറ്റി ബാബയുടെ ഉപദേശം

ബാബയുടെ താഴെക്കാണുന്ന വാക്യങ്ങൾ പൊതുവെ ബാധകവും അമൂല്യങ്ങളുമാണ്. അത് മനസ്സിൽ ധരിച്ച് അനു സരിച്ച്, പ്രവൃത്തിച്ചാൽ സദാ ഗുണകരമായിരിക്കും. “ എന്തെ ങ്കിലും ബന്ധമോ സംസർഗ്ഗമോ ഇല്ലാതെ, യാതൊരാളും യാതൊ രിടത്തും പോവില്ല. ഏതെങ്കിലും മനുഷ്യനോ ജീവിയോ നിങ്ങ ളുടെ അടുത്ത് വന്നാൽ, അപമര്യാദയായി ഒരിക്കലും ആട്ടി ഓടി ക്കരുത്. അവയെ നല്ല നിലയിൽ സ്വീകരിച്ച് ബഹുമാനത്തോടു കൂടി പെരുമാറുക. നിങ്ങൾ ദാഹിക്കുന്നവന് വെള്ളവും, വിശ ക്കുന്നവന് ഭക്ഷണവും, നഗ്നന് വസ്ത്രവും, അപരിചിതന് വിശ്ര മിക്കാൻ കോലായയും കൊടുത്താൽ, ശ്രീഹരി തീർച്ചയായും പ്രസാദിക്കും. ആരെങ്കിലും പണം ചോദിച്ചാൽ, നിങ്ങൾ കൊടുക്കാൻ തയ്യാറായില്ലങ്കിൽ കൊടുക്കേണ്ട, പക്ഷേ, അയാൾക്കു നേരെ നായയെപോലെ കുരക്കാതിരിക്കുവിൻ. ആരെ ങ്കിലും നിങ്ങൾക്കെതിരായി നൂറുകൂട്ടം പറഞ്ഞാലും ചീത്തയായ മറുപടിയും പറയാതിരിക്കുവിൻ. നിങ്ങൾ എപ്പോഴും ഇങ്ങിനെ

പെരുമാറിയാൽ, നിങ്ങൾ തീർച്ചയായും സന്തുഷ്ടനാവും. ലോകം തല കീഴ്മറിഞ്ഞോട്ടെ, നിങ്ങളിരിക്കുന്നേടത്ത് ഇരുന്നുകൊള്ളുവിൻ. നിങ്ങളുടെ സ്ഥാനത്തിരുന്നോ നിന്നോ, ശാന്തനായി നിങ്ങളുടെ മുന്നിലൂടെ പോവുന്ന കാഴ്ച നോക്കിക്കാണുവിൻ. നിങ്ങളെ എന്നിൽനിന്ന് വേർതിരിക്കുന്ന മതിൽ പൊളിക്കുവിൻ; എന്നാൽ നമ്മുടെ കൂടികാഴ്ചക്കുള്ള വീഥി, തുറന്ന് വ്യക്തമായി കാണാം. “ നീ ” “ഞാൻ” എന്ന വ്യത്യസ്ത മനോഭാവമാണ്, ശിഷ്യനെ ഗുരുവിൽനിന്നകറ്റുന്നത്; അത് നശിപ്പിച്ചാലല്ലാതെ ഗുരുശിഷ്യാഭാവങ്ങളുടെ ഐക്യം സാദ്ധ്യമാവുന്നില്ല. “അള്ളാ മാലിക്ക്” മറ്റാരും നമുക്കുടമയില്ല. ബാബയുടെ പ്രവർത്തന പദ്ധതി, അസാധാരണവും, അമൂല്യവും, അനിർവചനീയവുമാണ്. ബാബ ഇച്ഛപോലെ നടക്കും. ബാബ ആഗ്രഹപൂർത്തി വരുത്തി, നമ്മെ നേർവഴി കാണിക്കും. ഋണാനുബന്ധം (മുൻബന്ധം) കൊണ്ടാണ് നാം ഒന്നിച്ച് ചേർന്നത്. നമുക്ക് അന്യോന്യം സേവനം ചെയ്ത് സന്തുഷ്ടരാവുക. ജീവിതത്തിന്റെ പരമ ലക്ഷ്യം തേടുന്നവർ സന്തുഷ്ടനും അമരനുമാണ്. മറ്റുള്ളവർ ജീവിക്കുന്നു. അതായത് ശ്വാസം കഴിയുന്നതുവരെ വെറുതെ ജീവിക്കുന്നു.

## നല്ല ചിന്തകളുടെ ഫലപ്രാപ്തിക്ക് പ്രോത്സാഹിപ്പിക്കൽ

സായിബാബ എങ്ങിനെ നല്ല ചിന്തകളെ പ്രോത്സാഹിപ്പിച്ചു എന്നത് രസകരമാണ്. നിങ്ങളുടെ സമസ്തവും ഭക്തി പ്രേമങ്ങളോടുകൂടി ബാബയിൽ സമർപ്പിച്ചാൽ, പലകാര്യങ്ങളും ബാബ ഏതു പ്രകാരമാണ് സഹായിക്കുന്നതെന്ന് അനുഭവപ്പെടും. ചില ഋഷിമാർ പറയുന്നു, നിങ്ങൾ കാലത്തുണരുമ്പോൾ ഒരു നല്ല ചിന്ത മനസ്സിലുദിച്ചാൽ, അത് പകൽ മുഴുവൻ വളർത്തി കൊണ്ടുവന്നാൽ ബുദ്ധി വികസിച്ച് ശാന്തത ലഭ്യമാകും. എന്ന്. ഹേമദ്പാന്തിന് ഇത് പരീക്ഷിക്കണമെന്നുണ്ടായിരുന്നു. ഒരു

ബുധനാഴ്ച രാത്രി ഉറങ്ങുന്നതിനുമുമ്പ് ഇങ്ങിനെ വിചാരിച്ചു. “നാളെ വ്യാഴാഴ്ചയാണ്. പുണ്യദിവസം. സ്ഥലമോ പുണ്യസ്ഥലമായ ഷിർദ്ദിയും. അതുകൊണ്ട് നാളത്തെ ദിവസം മുഴുവൻ ഞാൻ രാമനാമം ജപിച്ചും സ്മരിച്ചും കഴിയുമാറാവട്ടെ” എന്ന് . അങ്ങിനെ അയാൾ ഉറങ്ങിപ്പോയി. പിറ്റെന്ന് പുലർച്ചെ ഉണർന്നതോടുകൂടി രാമനാമം ഓർമ്മവന്ന് അയാൾ സന്തുഷ്ടനായി. രാവിലത്തെ ദിനചര്യകൾ കഴിഞ്ഞു പുഷ്പങ്ങൾ വാങ്ങി, ബാബയെ കാണാൻ പോയി. സതേ വാഡ കഴിഞ്ഞു ഭൂട്ടിവാഡ (സമാധി മന്ദിരം) കടക്കുമ്പോൾ ഔറംഗബാദ്കർ ബാബയെ മസ്ജിദിൽവെച്ച് സ്തുതിക്കുന്ന മനോഹരമായ ഒരുഗാനം അയാൾ കേട്ടു. ഗാനം ഏകനാഥിന്റെ “ ഗുരുകൃപാഞ്ജൻ പായോമേരോ ഭായ് ” തുടങ്ങിയതായിരുന്നു. അതിൽ പറയുന്നത് ഗുരുകടാക്ഷ രൂപേണ അദ്ദേഹത്തിനു സമാധി ലഭിച്ച് അന്തർദൃഷ്ടി തുറന്ന് ഉള്ളിലും പുറത്തും, രാമനെ കാണാൻ കഴിഞ്ഞു എന്നാണ്. പലെ പാട്ടുകളും ഉള്ളതിൽ എന്തിനാണ് ഈ പാട്ടുതന്നെ ബാബ ഭക്തനായ ഔറംഗബാദ്കർ തിരഞ്ഞെടുത്തത്? ഇത് ഹേമദ്പാന്തിന്റെ രാമനാമം ജപിക്കാനുള്ള തീരുമാനത്തെ വളർത്തി എടുക്കാൻ ബാബയാൽ ഏർപ്പാടുചെയ്യപ്പെട്ട ഒരു പ്രത്യേക സമാന്തര സംഭവംതന്നെയല്ലെ? എല്ലാ ഋഷിമാരും അതിന്റെ പ്രാധാന്യത്തെ പുകഴ്ത്തുന്നവരുമാണ്. ഭക്തന്മാരുടെ ഇംഗിതം പ്രദാനം ചെയ്ത് സർവ്വ കഷ്ടപ്പാടുകളെയും തരണം ചെയ്യിക്കുന്നു.

## ഉപദേശങ്ങളുടെ വ്യത്യസ്തരൂപം, അപലപിച്ചവനെ കുറ്റപ്പെടുത്തി.

സായിബാബക്ക് ഉപദേശം കൊടുക്കാൻ പ്രത്യേക സ്ഥലമോ സമയമോ ആവശ്യമില്ലായിരുന്നു. എപ്പോൾ അവസരം വന്നുവോ, അപ്പോൾ ബാബ അത് നിർല്ലോഭം കൊടുക്കുമായി

രുന്നു. ഒരിക്കൽ ബാബയുടെ ഒരു ഭക്തൻ മറ്റൊരാളെപ്പറ്റി അയാൾ കേൾക്കാതെ ദൂഷണം പറഞ്ഞു. അയാളുടെ ഗുണഗണങ്ങളെ പറയാതെ കുറ്റങ്ങളും കുറവുകളും പുച്ഛ രൂപേണ പറഞ്ഞ്, കേൾക്കുന്നവർക്കുകൂടി മടുപ്പുതോന്നി. സ്വതവേ മനുഷ്യർക്ക് മറ്റുള്ളവരെ അപവാദം പറയുന്ന സ്വഭാവമുണ്ടല്ലോ. ഇത് തെറ്റി ദ്ധാരണക്കും വിരോധത്തിനും കാരണമാവുന്നു. ഋഷിമാർ അപ വാദത്തെ മറ്റു തരത്തിലാണ് കാണുന്നത്. അവർ പറയുന്നത് അഴുക്കു കളയാൻ പല മാർഗ്ഗങ്ങളുമുണ്ട്. അതായത് മണ്ണുപ യോഗിച്ചും വെള്ളം സോപ്പ് ഇവ കൊണ്ടും മറ്റും. എന്നാൽ പര ദൂഷണക്കാരന്റേത് അയാളുടെ ഒരു പ്രത്യേക തരം അഴുക്കുകള യൽ (കുറ്റം) അയാളുടെ നാക്കു കൊണ്ടു വൃത്തിയാക്കുന്നു. അങ്ങിനെ അയാൾ കുറ്റം പറയുന്ന ആളെ ഒരു തരത്തിൽ സേവനം നടത്തുന്നു. അതിന് കുറ്റം പറയുന്നവനോട് കുറ്റം പറയപ്പെട്ടവൻ നന്ദി പറയേണ്ടതുമാണ്. സായിബാബക്കു പരദൂ ഷണക്കാരന്റെ തെറ്റു തിരുത്താൻ ഒരു പ്രത്യേക മർഗ്ഗമാണു ള്ളത്. ബാബയുടെ സർവ്വന്തര്യാമിത്വംകൊണ്ടു പരദൂഷണക്കാ രൻ ചെയ്തതെല്ലാം ബാബക്കറിയാമായിരുന്നു. അയാളെ ഉച്ചസ മയത്ത് ബാബ ലെണ്ടിതോട്ടിത്തിലേക്കു പോകുംവഴിക്കു വെച്ചു കണ്ടപ്പോൾ അമേദ്ധ്യം തിന്നുന്ന ഒരു പന്നിയെ ചൂണ്ടിക്കാട്ടി കൊണ്ട് ബാബ ഇപ്രകാരം പറഞ്ഞു നോക്ക് എങ്ങനെ എന്തൊ രാസ്വാദനത്തോടുകൂടിയാണ് അത് അമേദ്ധ്യം സേവിക്കുന്നത്. നിന്റെ സ്വാഭാവം ഇതു പോലെയാണ്. നീ നിന്റെ സഹോദര ങ്ങളെ മനസ്സിന് തൃപ്തിവരുവോളം അപലപ്പിക്കുന്നു. എത്രയോ പുണ്യം ചെയ്തതിന്റെ ഫലമായാണ് നീ മനുഷ്യനായി പിറന്ന ത്. എന്നിട്ട് നീ ഇങ്ങനെ പ്രവർത്തിച്ചാൽ ഷിർദ്ദി നിന്നെ ഏതെങ്കിലും തരത്തിൽ സഹായിക്കാൻ പോകുന്നുണ്ടോ? ഭക്തൻ ഈ പാഠം മനസ്സിലാക്കിയാണ് അവിടെ നിന്ന് പോയതെന്ന് പറ യാനില്ലല്ലോ.

ഇത്തരത്തിൽ ബാബ അവസരം കിട്ടുമ്പോഴെല്ലാം ഉപദേശം കൊടുത്തുകൊണ്ടിരുന്നു. ഈ വക കാര്യങ്ങൾ നമ്മൾ മനസ്സിലാക്കി പ്രവർത്തിച്ചാൽ ആദ്ധ്യാത്മികലക്ഷ്യം വളരെ ദൂരെയൊന്നുമല്ല. ഒരു പഴഞ്ചൊല്ലുണ്ട് എന്റെ ഹരിയുണ്ടെങ്കിൽ എനിക്കു കട്ടിലിൽ വച്ചു ഭക്ഷണം തരും എന്ന്. ഇത് ഭക്ഷണവസ്ത്രാദികളെപ്പറ്റി ശരിയാവാം. പക്ഷെ ഇത് വിശ്വസിച്ച് ഒരാൾ ഒന്നും ചെയ്യാതെ ചുമ്മാതിരുന്നാൽ ആദ്ധ്യാത്മിക കാര്യങ്ങളിൽ അവൻ നശിച്ചു പോവുക തന്നെ ചെയ്യും. ആദ്ധ്യാത്മ ജ്ഞാനത്തിന് ഒരുവൻ അങ്ങേയറ്റം പരിശ്രമിക്കുക തന്നെ വേണം. എത്രമാത്രം അദ്ധ്വാനിക്കുന്നുവോ അത്രത്തോളം അയാൾക്കു മെച്ചമാണ്.

സായിബാബ സർവ്വാന്തര്യാമിയും ഭൂമി, വായു, രാജ്യം, ലോകം, വെളിച്ചം, സ്വർഗ്ഗം, എന്നതിലെല്ലാം വ്യാപത്നാണെന്നും ബാബയ്ക്ക് പരിധിയില്ലെന്നും പറഞ്ഞിട്ടുണ്ട്. ബാബ ശരീരത്തിൽ ഒതുങ്ങി നില്കുന്നുവെന്നു വിശ്വസിക്കുന്നവരുടെ തെറ്റിദ്ധാരണ അകറ്റാൻ വേണ്ടി ഈ രൂപത്തിലവതിരിച്ചതാണ്. ആത്മാർപ്പണ ബുദ്ധിയോടെ ബാബയുടെ രൂപത്തെ മനസ്സിൽ കരുതി രാപ്പകൽ ധ്യാനിച്ചാൽ ബാബയുമായി യാതൊരു വ്യത്യാസവുമില്ലാതെ താദാത്മ്യം പ്രാപിച്ചുകൊള്ളും. ആ താദാത്മ്യം മാധുര്യവും പഞ്ചസാരപോലെയും കോളും കടലുംപോലെയും കണ്ണും പ്രകാശവും പോലെയും പരിപൂർണ്ണ യോജിപ്പുള്ളതാണ്. ജനന മരണാദികളെ അവസാനിപ്പിക്കാൻ ആഗ്രഹിക്കുന്നവൻ മനശാന്തി കൈവരുത്തി പരിശുദ്ധജീവിതം നയിക്കണം. മറ്റൊരാളെ വ്രണപ്പെടുത്തുന്ന യാതൊന്നും പറയരുത്. സൽകൃത്യങ്ങളിൽ വ്യാപൃതനായി എല്ലാം ഭഗവാനിൽ സമർപ്പിക്കണം. എന്നാൽ അയാൾക്ക് യാതൊന്നും ഭയപ്പെടാനില്ല.യാതൊരുത്തൻ സായിബാബയെ പൂർണ്ണമായി വിശ്വസിച്ച് ബാബയുടെ ലീലകളെ കേൾക്കുകയും പുകഴ്ത്തുകയും ചെയ്ത് മറ്റൊന്നിലും ശ്രദ്ധി

ക്കാതിരിക്കുന്നുവോ, അയാൾക്ക് ആത്മീയ വിജ്ഞാനവും അനുഭവവും കൈവെരുമെന്നതിന് പക്ഷാന്തരമില്ല. ബാബ പലരോടും ബാബയെ സ്മരിച്ച് സകലതും അർപ്പിക്കാൻ പറയലുണ്ട്. ആർക്കെങ്കിലും ഞാനാരാണ് എന്നറിയണമെന്നുണ്ടെങ്കിൽ അവർക്ക് ബാബ ശ്രവണവും മനനവും ഉപദേശിച്ചു. ചിലരോട് പാദസേവയും ചിലരോട് നാമജപവും ചിലരോട് ലീലാശ്രവണവും ചിലരോട് ഖണ്ഡോബാ ക്ഷേത്രത്തിൽ ഭജനമിരിക്കലും. ചിലരോട് വിഷ്ണു സഹസ്ര നാമ ജപവും ചിലരോട് ഛാന്ദോഗ്യ ഉപനിക്ഷത്തും ഗീതയും പഠിക്കാനും അങ്ങിനെ പലർക്ക് പല വിധം അവരവർക്ക് യോജ്യമായ തരത്തിൽ ബാബ നിർദ്ദേശിച്ചു.ബാബയുടെ ഉപദേശങ്ങൾക്ക് പരിധിയോ നിയന്ത്രണമോ ഉണ്ടായിരുന്നില്ല. ചിലർക്ക് ബാബ നേരിട്ട് ഉപദേശം കൊടുത്തു. മറ്റു ചിലർക്ക് സ്വപ്ന ദർശനങ്ങളെക്കൊണ്ട് ഉപദേശം കൊടുത്തു. ഒരു മദ്യാസക്തന് ബാബ സ്വപ്നത്തിൽ അയാളുടെ നെഞ്ചിൽ കയറിയിരുന്നു ഞെരുക്കുന്നതായും മദ്യം തൊടില്ലെന്ന വാഗ്ദാനത്തിനു ശേഷം മാത്രം സ്വാതന്ത്ര്യം കൊടുത്തതായും അനുഭവപ്പെട്ടു. ചിലർക്ക് ഗുരുർബ്രഹ്മാ മുതലായ മന്ത്രങ്ങൾ ഉപദേശിച്ചു. ഹഠയോഗം പരിശീലിച്ചിരുന്ന ഒരു ഭക്തനോട് ആളെ അയച്ച്, ഹഠയോഗം ഉപേക്ഷിച്ച് ശാന്തനായി ക്ഷമിച്ചിരിക്കാൻ പറഞ്ഞുപദേശിച്ചു. ബാബയുടെ എല്ലാ മാർഗ്ഗങ്ങളും സമ്പ്രദായങ്ങളും വിവരിക്കാൻ അസാദ്ധ്യമാണ്. സാധാരണ ലൗകീക കാര്യങ്ങളിൽ ബാബയുടെ പ്രവൃത്തികൾ മാർഗ്ഗനിർദ്ദിഷ്ടങ്ങളായിരുന്നു. ഒരു ഉദാഹരണം പറയാം: പ്രവൃത്തിക്കുള്ള പ്രതിഫലം ഒരു ഉച്ചസമയത്ത് ഒരു ദിവസം ബാബ, രാധാകൃഷ്ണമായിയുടെ വീട്ടിനുമുമ്പിൽ വന്നു. എനിക്ക് ഒരു കോണികൊണ്ടു വന്നു തരൂ എന്ന് പറഞ്ഞു. ചിലർ കോണി കൊണ്ടുവന്ന് ബാബ കാണിച്ചുകൊടുത്ത ഒരു വീട്ടിന്മേൽ ചാരിവെച്ചു. ബാബ വാമൻഗോഡ്ക്കാറുടെ പുരപ്പുറത്തൂടെ കയറി രാധാകൃഷ്ണമായിയുടെ പുര

പ്പുറത്തൂടെ നടന്ന് മറുവശത്തുള്ള മൂലയിലൂടെ താഴത്തിറങ്ങി. എന്താണ് ബാബയുടെ ഉദ്ദേശമെന്ന് ആർക്കും അറിയില്ല. അന്നേരം രാധാകൃഷ്ണമായി മലമ്പനി പിടിച്ചു വിറച്ചു കിടക്കു കയായിരുന്നു. ആ പനിയെ ഒഴിപ്പിക്കാനായിരിക്കാം ബാബ അങ്ങിനെ പോയത്. ഇറങ്ങിയ ഉടനെ കോണികൊണ്ടുവന്ന വർക്ക് ബാബ രണ്ടുറുപ്പിക കൊടുത്തു. ആരോ ധൈര്യമവലം ബിച്ച്, ബാബയോട് എന്തിനാണിത്രയധികം കൊടുത്തതെന്ന് ചോദിച്ചു. ബാബയുടെ മറുപടി, ഒറ്റൊരുത്തനും മറ്റൊരുത്തന്റെ അദ്ധ്വാനം വെറുതെ സ്വീകരിക്കരുത്. പ്രവൃത്തി എടുക്കുന്നവന് ഉടനെ കയ്യഴിച്ച് പ്രതിഫലം കൊടുക്കണം എന്നായിരുന്നു. ബാബ യുടെ നിർദ്ദേശം അംഗീകരിച്ചാൽ അതായത് തൊഴിലാളിക്ക് സുഭി ക്ഷമായി തൃപ്തികരമായി കാലതാമസം വരുത്താതെ കൂലി കൊടുത്താൽ തൊഴിലാളി നല്ലപോലെ പണിയെടുത്ത് തൊഴി ലാളിക്കും ഉടമക്കും ലാഭകരമാവുന്നതും പൂട്ടിയിടലും പണിമു ടക്കും ഒഴിവാക്കാവുന്നതും മുതലാളിയും തൊഴിലാളിയും തമ്മിൽ വൈരാഗ്യം - വെറുപ്പ് സംഭവിക്കാതിരിക്കുന്നതുമാണ്.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!

# അദ്ധ്യായം - 20



*ദാസ്ഗനുവിന്റെ പ്രശ്നം കാക്കാസാഹിബ് ദീക്ഷിത്തിന്റെ വേലക്കാരി പരിഹരിച്ചത്*

## മുഖവുര

സായി ആദിയിൽ നിരാകാരനായിരുന്നു. ഭക്തന്മാരുടെ ഗുണത്തിനു വേണ്ടി രൂപം കൈകൊണ്ടതാണ്. മായയാകുന്ന തടിയോടുകൂടി വിശ്വനാടകവേദിയിൽ ഒരു നടനായി ബാബ അഭിനയിച്ചു. നമുക്ക് മദ്ധ്യാഹ്ന ആരതിക്കുശേഷമുള്ള പരിപാടികൾ കാണുക. ആരതി കഴിഞ്ഞതും,സായിബാബ മസ്ജിദിൽനിന്ന് പുറത്തുവന്ന് ഒരറ്റത്തുനിന്ന്, സ്നേഹാർദ്ര ദൃഷ്ടികളോടെ ഭക്തന്മാർക്ക് ഉധി കൊടുക്കുന്നു. ഭക്തന്മാർ അതീവ സന്തുഷ്ടരായി ബാബയുടെ പാദനമസ്കാരം ചെയ്തു നിന്ന് ദർശിച്ച് ഉധിവർഷം ആസ്വദിക്കുന്നു. ബാബ ഓരോ പിടി ഉധി ഭക്തന്മാർക്ക് കൊടുത്ത് വിരൽകൊണ്ട് നെറ്റിയിൽ കുറിയിട്ടുകൊടുക്കുന്നു. അവരോട് ബാബയ്ക്കുള്ള പ്രേമം സീമാതീതമാണ്. അവരോട് ഇങ്ങിനെ പറയുന്നു.'ഓ ഭാവു! (സഹോദരാ) പോയി ഭക്ഷണം കഴിക്കൂ.

അന്നാ! നീ ലോഡ്ജിലേക്കു ചെല്ലു. ബാപ്പു! നീ പോയി സുഖമായി ഭക്ഷണം കഴിക്കൂ' എന്നിങ്ങനെ. ഇത്തരത്തിൽ ഓരോ ഭക്തനെയും അഭിസംബോധന ചെയ്തു വീട്ടിലേ ക്കയക്കും. ഇപ്പോഴും ഈ വക രംഗങ്ങളെ നിങ്ങൾക്ക് മനസ്സിൽ വിഭാവനം ചെയ്തു കാണാം. അങ്ങനെ ഭാവനയിൽകണ്ട് നിങ്ങൾക്കാസ്വദിക്കാം. അങ്ങനെ രൂപത്തെ ധ്യാനിച്ച്, പാദം മുതൽ മുഖംവരെ കണ്ട്, ഭക്തിബഹുമാനപുരസ്സരം സാഷ്ടാഗ പ്രണാമം ചെയ്ത് ഈ അദ്ധ്യായത്തിലെ കഥയിലേക്ക് പ്രവേശിക്കാം.

## ഈശോപനിഷത്ത്

ദാസ്ഗനു ഒരിക്കൽ ഈശോപനിഷത്തിന്ന് ഒരു മറാത്തി വ്യാഖ്യാനം എഴുതാൻ തീരുമാനിച്ചു. നമുക്ക് തുടർന്നു കഥ പറയുന്നതിന് മുമ്പായി ഈ ഉപനിഷത്തിനെപറ്റി ഒരു ചുരുക്ക വിവരം പറയാം. അതിനെ മന്ത്രോപനിഷത്ത് എന്നാണ് പറയുക. വേദസംഹിതകളിലെ മന്ത്രങ്ങളാണവ. അതു യജുർവേദത്തിലെ (വാജസ്നേയിസംഹിത) 40-ാം അദ്ധ്യായമാണ്. അതിനാൽ അതിനെ വാജസ്നേയിസംഹിതോപനിഷത്ത് എന്നും പറയുന്നു. വേദസംഹിതഭാഗമായതിനാൽ ഇതിനെ എല്ലാ ഉപനിഷത്തുക്കളിലും വെച്ച് മഹത്തായതായാണ് കരുതുന്നത്. അങ്ങിനെ ബ്രാഹ്മണങ്ങളിലും ആരണ്യകങ്ങളിലും പ്രസ്താവിച്ചു കാണുന്നുണ്ട്. മാത്രമല്ല, മറ്റുപനിഷത്തുകൾ ഈശോപനിഷത്തിലെ തത്ത്വങ്ങളുടെ വ്യാഖ്യാനങ്ങളായും കരുതുന്നുണ്ട്. ഉദാഹരണമായി ഏറ്റവും വലിയ ഉപനിഷത്തായ ബ്രഹദാരണ്യക ഉപനിഷത്തിനെ ഈശോപനിഷ്ത്തിന്റെ ഒരു വ്യാഖ്യാനമായി പണ്ഡിറ്റ് സത്വലേക്കർ കരുതുന്നു.





പ്രൊഫസ്സർ ആർ. ഡി. റാനഡെ പറയുന്നു:- 'ഈശോപനിഷത്ത് ഒരു ചെറിയ ഉപനിഷത്താണ്. എങ്കിലും അതിൽ അവഗാഢമായ അന്തർദൃഷ്ടിയുടെ സൂചനകൾ വളരെ ഏറെ ഉള്ളതാണ്. ചുരുങ്ങിയ 18 ശ്ലോകങ്ങളെകൊണ്ട് ആത്മനെകുറിച്ചുള്ള അമൂല്യമായ വിവരണവും, മോഹങ്ങളുടെയും ദുരന്തങ്ങളുടെയും നടുവിൽ പതറാതെ നില്ക്കുന്ന യഥാർത്ഥ ഋഷിയുടെ ലക്ഷണവും, കർമ്മ യോഗത്തിന്റെ തത്വവും, ജ്ഞാനകർമ്മ യോഗങ്ങളുടെ ഏകോപനവും ഭംഗിയായി പ്രതിപാദിച്ചിരിക്കുന്നു. ഇതാണ് ഉപനിഷത്തുകളുടെ എല്ലാം സാരാംശം. ഇശോപനിഷത്ത് സദാചാരത്തിന്റെയും ആദ്ധ്യാത്മികതത്വത്തിന്റെയും വേദാന്തത്തിന്റെയും ഒരു സമ്മേളനമാണ്'.

ഈ പറഞ്ഞകാര്യങ്ങളെക്കൊണ്ട് ഈ ഉപനിഷത്തിന്റെ പരിഭാഷ ഏതെങ്കിലും ഒരു പ്രാദേശിക ഭാഷയിൽ എഴുതുന്നത് എത്രമാത്രം ശ്രമകരമാണെന്ന് വ്യക്തമാണ്. ദാസ്ഗനു അതു മറാത്തിയിൽ പദ്യ രൂപത്തിൽ വിവർത്തനം ചെയ്തു. പക്ഷെ ആ ഉപനിഷത്തിന്റെ അന്തസ്സത്ത ഉൾക്കൊള്ളാൻ കഴിയാത്തതിനാൽ അയാൾക്ക് തൃപ്തിവന്നില്ല. അതൃപ്തനായി പല പണ്ഡിതന്മാരോടും ഈ ഉപനിഷത്തിനെ പറ്റി ചർച്ച ചെയ്തു. അതുകൊണ്ട് അയാളുടെ പ്രശ്നത്തിന് പരിഹാരം കാണാതെ ദാസ്ഗനു വളരെ വ്യാകുലപ്പെട്ടു.

## സദ്ഗുരുമാത്രമാണ് വ്യാഖ്യാനിക്കാൻ അർഹൻ

മുൻ പറഞ്ഞപോലെ ഈ ഉപനിഷത്ത് വേദങ്ങളുടെ അന്തസ്സത്തയാണ്. അത് ആത്മജ്ഞാനത്തിന്റെ മാർഗ്ഗമാണ്. അത് ജനനമരണാദികൾ അവസാനിപ്പിച്ചു മോക്ഷം തരുന്ന

ഉപാധിയാണ്. അപ്പോൾ ആത്മജ്ഞാനികൾക്ക് മാത്രമേ അതിനെപ്പറ്റി നിർദ്ദേശം തരാൻ കഴിയൂ എന്നയാൾ കരുതി. ആർക്കും കഴിയാത്തപ്പോൾ ദാസ്ഗനു സായിബാബയോട് ആലോചിക്കാൻ തീർച്ചയാക്കി. ഷിർദ്ദിയിൽ പോവാനവസരം കിട്ടിയപ്പോൾ അയാൾ സായിബാബയെകണ്ട് നമസ്കരിച്ച് അയാളുടെ വിഷമത്തെപറ്റി പറഞ്ഞു. സായിബാബ അനുഗ്രഹിച്ച് പറഞ്ഞു: ‘നീ പരിഭ്രമിക്കേണ്ട, ഇതിൽ ഒരു പ്രയാസവുമില്ല. നീ മടങ്ങിപ്പോകുമ്പോൾ വൈലെപാർളെയിൽ വെച്ച് കാക്കാ സാഹെബ് ദീക്ഷിത്തിന്റെ വേലക്കാരി നിന്റെ പ്രശ്നത്തിന് പരിഹാരമുണ്ടാക്കിത്തരും.‘ അതുകേട്ടവർ ബാബ തമാശപറഞ്ഞതാണെന്ന് ധരിച്ചു. പക്ഷെ ദാസ്ഗനു കാര്യമായെടുത്തു. ബാബ എന്തുപറഞ്ഞാലും അത് ശരിയാരിക്കുമെന്നും ബാബയുടെ വാക്കുകൾ ബ്രഹ്മ കല്പിതങ്ങളാണെന്നും അയാൾക്കാറിയാമായിരുന്നു.

## കാക്കയുടെ വേലക്കാരി

ബാബയുടെ വാക്കുകൾ വിശ്വസിച്ച് അയാൾ വൈലെർപാളെയിലെത്തി കാക്കാസാഹെബ് ദീക്ഷിത്തിന്റെ വീട്ടിൽ താമസിച്ചു. പിറ്റേന്ന് കാലത്ത് ദാസ്ഗനു മയങ്ങിക്കിടക്കുമ്പോൾ (ചിലർ പൂജ ചെയ്യുമ്പോൾ എന്നു പറയുന്നു). അയാൾ ഒരു ദരിദ്രപെൺക്കുട്ടി കർണ്ണാനന്ദകരമായി മനോഹരമായ ഒരു ഗാനം ആലപിക്കുന്നത് കേട്ടു. പാട്ടിന്റെ സാരം ‘ഇളം ചുവപ്പുസാരി എത്രമാത്രം അഴകുള്ളതാണെന്നോ! അതിന്റെ അറ്റങ്ങളും കരകളും എന്തുമാത്രം മനോഹര മാണെന്നോ! എന്നും മറ്റുമാണ്. ആ പാട്ടു കേട്ട് രസിച്ച് ദാസ്ഗനു പുറത്തുവന്നു നോക്കിയപ്പോൾ അവിടുത്തെ വേലക്കാരൻ നമ്യന്റെ സഹോദരി ഒരു സാധുവായ ചെറിയ പെൺക്കുട്ടിയാണ് പാട്ടുകാരി എന്ന് മനസ്സിലായി. അവൾ ഒരു കീറിയ പഴന്തുണി

ധരിച്ച് പാത്രം കഴുകുകയാണ്. ഇവളുടെ ശോചനീയമായ സ്ഥിതിയും സന്തുഷ്ടമായ മനഃസ്ഥിതിയും കണ്ട് അയാൾ അതിശയിച്ചു പിന്നീട് റാവുബഹദൂർ പ്രധാൻ അയാൾക്ക് രണ്ടു മുണ്ടുകൾ കൊടുത്തപ്പോൾ ആ കുട്ടിക്ക് ഒരു സാരി കൊടുക്കാനാവശ്യപ്പെട്ടതനുസരിച്ച്, അയാൾ നല്ലൊരു ദാവണി വാങ്ങികൊണ്ടുവന്ന് ആ കുട്ടിക്ക് കൊടുത്തു. പട്ടിണിക്കാരന് സദ്യകിട്ടിയതുപോലെ ആ കുട്ടിയുടെ ആനന്ദത്തിന് അതിരുണ്ടായിരുന്നില്ല. അടുത്ത ദിവസം ആ സാരിധരിച്ച് അവൾ ആനന്ദം കൊണ്ട് അവിടെ മുഴുവൻ ഓടിച്ചാടിനടന്ന് നൃത്തംവെച്ചും കളിച്ചും മറ്റു കുട്ടികളുമായു ഷുഗഡി കളിച്ചു തോല്പിച്ചും നടന്നു. അതിനടുത്ത ദിവസം ആ സാരി വീട്ടിൽ സൂക്ഷിച്ച് വെച്ച് പഴയ വേഷത്തിൽ തന്നെ വന്നു, ഇതുകണ്ട് ദാസ്ഗനുവിന്റെ സഹതാപം മാറി. കുട്ടി പഴയപോലെ തന്നെ സന്തുഷ്ടയാണ്. ഈ കുട്ടിക്ക് പഴന്തുണിയെയുള്ളു എങ്കിലും ഒരു പുതിയ സാരി കരുതിവെയ്ക്കാനുമുണ്ട്. എന്നിട്ട് പഴന്തുണി ഉടുത്ത് യാതൊരു പരാതിയുമില്ലാതെ അതീവ സന്തുഷ്ടയും മിടുക്കിയുമായി വിലസി നടക്കുന്നു. അങ്ങിനെ അയാൾക്ക് മനസ്സിലായി സന്തുഷ്ടിയും സന്താപവുമെല്ലാം മനസ്സിന്റെ ഭാവങ്ങൾ മാത്രമാണ് എന്ന്. അതിനെപറ്റി ആലോചിച്ചപ്പോൾ അയാൾക്ക് ദൈവം തന്നതുകൊണ്ട് തൃപ്തനാകണമെന്ന് ബോദ്ധ്യമായി. ദൈവം മുന്നിൽ നിന്നും പിന്നിൽനിന്നും നാനാഭാഗത്തുനിന്നും തന്നുകൊണ്ടിരിക്കയാണെന്നും അങ്ങിനെ ദൈവേച്ഛയാ കിട്ടുന്നതെല്ലാം അയാളുടെ ഗുണത്തിനാണെന്നും ബോദ്ധ്യമായി. ഈ സംഭവത്തിൽ കുട്ടിയുടെ ദാരിദ്ര്യസ്ഥിതിയും ജീർണ്ണിച്ച വസ്ത്രവും, പുതിയ സാരിയും, ദാനം കൊടുത്ത ആളും, ദാനം സ്വീകരിച്ച കുട്ടിയും

എല്ലാം ദൈവാംശങ്ങളാണ്. ഇതിൽ നിന്ന് ഉപനിഷത്തിലെ തത്വം യഥാർത്ഥത്തിൽ ദാസ്ഗനുവിനു പ്രവൃത്തിപരമായി കാണിച്ചുകൊടുത്തു. അതായത് ദൈവം തരുന്നതിൽ നിന്ന് തൃപ്തനാവുക ദൈവം ചെയ്യുന്നതു എല്ലാം നമുക്ക് നല്ലതാണ് എന്നാണ് ആ തത്വം.

## പഠിപ്പിക്കലിന്റെ പ്രത്യേക സമ്പ്രദായം

മേൽ സംഭവത്തിൽ നിന്നും ബാബയുടെ സമ്പ്രദായങ്ങൾ വ്യത്യസ്തവും പ്രത്യേക തരത്തിലുള്ളവയു മാണെന്ന് കാണാമല്ലോ. ബാബ ഷിർദ്ദിയിൽ നിന്നെങ്ങോട്ടും പോകില്ലെങ്കിലും, സാധന പരിശീലിക്കാൻ പലരേയും മച്ഛീന്ദ്രഗഡ, കോൽഹാപ്പൂർ, ഷോലാപൂർ എന്നിവിടങ്ങളി ലേക്കയക്കലുണ്ട്. ചിലർക്ക് സാധാരണ രൂപത്തിലും ചിലർക്ക് ജാഗ്രൽ സ്വപ്നങ്ങളിലും രാത്രിയോ പകലോ ആവിർഭവിച്ചു, അഗ്രഹനിവൃത്തി സാധിച്ചുകൊടുത്തു. ഭക്തൻമാർക്ക് നിർദ്ദേശങ്ങൾ നൽകാൻ ബാബ സ്വീകരിച്ച എല്ലാ വഴികളും പ്രതിപാധിക്കുന്നതു അസാദ്ധ്യമാണ്. ഈ സംഭവത്തിൽ ദാസ്ഗനുവെ, വൈലെപാർളെയിലേക്കയച്ച് ഒരു വേലക്കാരി ക്കുട്ടിയെകൊണ്ട് പ്രശ്നത്തിന് പരിഹാരം കാണിച്ചുകൊടുത്തു. ചിലർ പറയുമായിരിക്കാം, ദാസ്ഗനുവിനെ എന്തിനിങ്ങനെ അയച്ചു, ബാബക്കുതന്നെ പറഞ്ഞു കൊടുക്കാമായിരുന്നില്ലെ ? എന്ന്. അതിനുത്തരം ബാബ ശരിയായ മാർഗ്ഗമെ നിർദ്ദേശിക്കൂ എന്നാണ്. അല്ലാതെ എങ്ങിനെയാണ് ദാസ്ഗനുവിന്ന് വേലക്കാരിയും സാരിയും എല്ലാം ഈശ്വരവിലാസമാണെന്ന് ബോദ്ധ്യപ്പെടുക. ഈ ഉപനിഷത്തിനെ പറ്റി ഒരു ചെറിയ വിവരണത്തോട ഈ അദ്ധ്യായം അവസാനിപ്പിക്കാം.

## ഈശോപനിഷത്തിലെ സദാചാരം

ഈശോപനിഷത്തിലെ പ്രാധാന്യം അതു പ്രതിപാദിക്കുന്ന സദാചാരപരമായ കാര്യങ്ങളാണ്, ആ സദാചാരങ്ങൾ ആദ്ധ്യാത്മികത്വത്തിൽ ഉടലെടുത്തവയുമാണ്. തുടക്കംതന്നെ പറയുന്നതു ഭഗവാൻ എല്ലാറ്റിലും ഉൾകൊള്ളുന്നു എന്നാണ്. ഇതിന്നു അനുബന്ധമായി, സദാചാരമായി, അതു തരുന്ന ഉപദേശം മനുഷ്യൻ ദൈവകല്പിതമായി കിട്ടുന്നത് ആസ്വാദിക്കാനും, അങ്ങിനെ ദൈവകല്പിതമായി കിട്ടുന്നതെന്തും അയാളുടെ ഗുണത്തിനാണെന്നുള്ള പൂർണ്ണവിശ്വാസം വേണമെന്നുമാണ്. ഉപനിഷത്തു അന്യന്റെ സ്വത്തിനെ കാംക്ഷിക്കുന്നതു നിരോധിച്ചിരിക്കുന്നു. നമുക്കുള്ളതുകൊണ്ട് തൃപ്തിപ്പെടാനാണ് ഉപനിഷത്തിന്റെ സാരം. മറ്റൊരു സാരോപദേശം മനുഷ്യൻ ശാസ്ത്ര വിധിപ്രകാരമുള്ള കർമ്മം എല്ലാ കാലത്തും, ദൈവേച്ഛ നടക്കട്ടെ, എന്ന ഭാവത്തിൽ ചെയ്തുകൊണ്ടിരിക്കണമെന്നാണ്. നിഷ്കർമ്മത്വം ഈ ഉപനിഷത്തു പ്രകാരം ആത്മാവിന്റെ പുഴുക്കുത്താണ്. ഇങ്ങനെ കർമ്മനിരതനായിരുന്നാൽ മാത്രമെ മനുഷ്യനു നൈഷ്കർമ്മ്യത്തെപ്പറ്റി അറിയാൻ കഴിയൂ. പിന്നെ ഉപനിഷത്തുൽഘോഷിക്കുന്നത്, ആത്മാവിൽ എല്ലാ ജീവജാലങ്ങളെയും കാണാനും എല്ലാ ജീവജാലങ്ങളിലും ആത്മാവിനെ കാണാനുമാണ് ചുരുക്കത്തിൽ എല്ലാ ജീവജാല ങ്ങളും ആത്മനാണ്. അത്തരം ബോധമുള്ള ആൾ എങ്ങിനെ മോഹവാനാവും ? അയാൾക്ക് വ്യഥക്ക് എന്താണ് അവസര മുള്ളത്? വെറുപ്പ്, മോഹം, വ്യസനം ഇവയെല്ലാം എല്ലാ ജീവജാലങ്ങളിലും ആത്മനെ കാണാൻ കഴിയാത്തതു





കൊണ്ടുണ്ടാവുന്നതാണ്. എല്ലാറ്റിലും ആത്മനെ ദർശിക്കുന്നവന് സാധാരണ മനുഷ്യസഹജമായ സങ്കടങ്ങളൊന്നും ഉണ്ടാവുന്നതല്ല.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!

# അദ്ധ്യായം - 21



*1. വി. എച്ച്. താക്കൂർ, 2. അനന്തറാവു പതൻകർ, 3. പന്ധർപൂർ വക്കീൽ ഇവരുടെ കഥകൾ*

## മുഖവുര

നമ്മുടെ പൂർവ്വജന്മ സുകൃതംകൊണ്ടാണ് നമുക്ക് ഋഷിമാരുടെ സമ്പർക്കമുണ്ടാവുന്നതെന്ന് ഒരു പൊതു നിയമമാണ്. ഉദാഹരണമായി ഹേമപദ്പാന്ത് സ്വന്തം അനുഭവത്തെതന്നെ ചൂണ്ടിക്കാട്ടുന്നു. അയാൾ ബോംബെ ക്കടുത്ത ബന്ദ്രയിലെ ഒരു മജിസ്ട്രേട്ടായിരുന്നു. അവിടെ പീർ മൗലാനാ എന്നുപേരായ പ്രശ്സതനായ ഒരു മുസ്ലീം സിദ്ധനുണ്ടായിരുന്നു. നാനാമതസ്ഥരും അദ്ദേഹത്തെ പോയി ദർശനം ചെയ്തിരുന്നു. ഹേമദ്പാന്തിന്റെ പുരോഹിതൻ അയാളോട് പീറിനെ പോയി കാണാൻ പലതവണ നിർബന്ധിച്ചു. പക്ഷെ എന്തെങ്കിലും കാരണവശാൽ പോവാൻ കഴിഞ്ഞിരുന്നില്ല. വളരെ കാലങ്ങൾക്കുശേഷം ഊഴം എത്തുകയും ഷിർദ്ദിയിലേക്ക് വിളിച്ച് ബാബയുടെ ഡർബാറിലെ ഒരു സ്ഥിരം അംഗമാക്കുകയും ചെയ്തു നിർഭാഗ്യവാന്മാർക്ക്

ഋഷിമാരുടെ സമ്പർക്കം കിട്ടുന്നില്ല. ഭാഗ്യവാന്മാർക്കെ അതു തരപ്പെടുകയുള്ളൂ.

## ഋഷിമാർ എന്ന സ്ഥാപനം

പണ്ടുകാലം മുതല്ക്കെ ലോകത്തിൽ 'ഋഷിമാർ' എന്ന സ്ഥാപനമുണ്ട്. പല ഋഷിമാരും പല സ്ഥലത്തു അവതരിച്ച് അവരുടെ കൃത്യങ്ങൾ നിർവ്വഹിക്കുന്നു. പല സ്ഥലത്തും അവരിരുന്നാലും അവർ ഒറ്റക്കെട്ടാണ്. അവർ ഏകോപിച്ച് ഭഗവാന്റെ നിയോഗമനുസരിച്ച് പ്രവൃത്തിക്കുന്നു. മാത്രമല്ല, മറ്റു യോഗികൾ പ്രവൃത്തി എന്തെന്നറിഞ്ഞ് വേണ്ടുന്നിടത്ത് പൂർത്തീകരിച്ചുകൊടുക്കുകയും ചെയ്യുന്നു. ഇതിന്നൊരു ദാഹരണം പറയാം.

## മിസ്റ്റർ താക്കൂർ

മിസ്റ്റർ വി. എച്ച്. താക്കൂർ ബി. എ. റവന്യൂ ഡിപ്പാർട്ടുമെന്റിൽ ഒരു ക്ലാർക്കായിരുന്നു. അയാൾ ഒരു സർവ്വെ പാർട്ടിയൊന്നിച്ച് ബൽഗാമിനടുത്ത് വഡഗാം എന്ന സ്ഥലത്തുവന്നു. അവിടുന്നു അപ്പാ എന്നു പേരായ ഒരു കർണ്ണാടകക്കാരൻ സിദ്ധനെ കണ്ടു വന്ദിച്ചു. അദ്ദേഹം നിച്ചൽദാസിന്റെ 'വിചാരസാഗരം' എന്ന വേദാന്ത പുസ്തകത്തിലൊരു ഭാഗം വായിച്ച് വിവരി ക്കുകയായിരുന്നു. താക്കൂർ പോവാനൊരുങ്ങിയപ്പോൾ അദ്ദേഹം പറഞ്ഞു. ' ഈ പുസ്തകം നിങ്ങൾ വായിക്കണം. എന്നാൽ നിങ്ങളുടെ ആഗ്രഹം സഫലീകരിക്കും. ഭാവിയിൽ നിങ്ങൾ ജോലി സംബന്ധമായി വടക്കോട്ട് പോവുമ്പോൾ നിങ്ങളുടെ ഭാഗ്യവശാൽ ഒരു മഹാസിദ്ധനെകാണാനിടയാകും. അദ്ദേഹം ഭാവി മാർഗ്ഗങ്ങൾ പറഞ്ഞു തന്ന് നിങ്ങളുടെ മനസ്സിന്ന് ശാന്തി തന്നു സന്തുഷ്ടനാക്കും.

പിന്നീടയാളെ ജുംന്നാറിലേക്ക് സ്ഥലം മാറ്റി. അയാൾക്ക് നാനെഘട്ട് മല മുറിച്ചു കടക്കേണ്ടതുണ്ടായിരുന്നു. ഇത് ചെങ്കുത്തായ മലയായതിനാൽ ഒരു വാഹനവും പോവില്ല. അങ്ങിനെ അയാൾ ഒരു പോത്തിന്റെ പുറത്തുകയറി സവാരി ചെയ്ത് വളരെ അസൗകര്യവും വേദനയും അനുഭവിച്ച് മല കടക്കേണ്ടിവന്നു. പിന്നെ ഉദ്യോഗക്കയറ്റം കിട്ടി. കല്യാണിൽ വരുകയും അവിടെ വെച്ച് നാനാസാഹെബ് ചന്ദോർക്കറുമായി പരിചയപ്പെടുകയും ചെയ്തു. അയാൾ ചന്ദോർക്കറിൽനിന്ന് സായിബാബയെപറ്റി പലതും കേൾക്കുകയും സായിയെ കാണാനാഗ്രഹിക്കുകയും ചെയ്തു. അടുത്ത ദിവസം നാനാസാഹെബ് ഷിർദ്ദിക്കു പോവുമ്പോൾ താക്കൂറിനെയും ക്ഷണിച്ചു. അയാൾക്ക് ഒരു സിവിൽകേസിന്ന് താനാ സിവിൽ കോടതിയിൽ ഹാജരാവാനുണ്ടായിരുന്നതിനാൽ പോവാൻ തരപ്പെട്ടില്ല. അങ്ങിനെ നാനാസാഹെബ് ഒറ്റക്കുപോയി. താക്കൂർ താനെയിൽ പോയപ്പോൾ കേസ് നിർത്തിവെക്കുകയും ചെയ്തു. അപ്പോൾ നാനാസാഹെബിനോട് കൂടെ പോവാൻ കഴിയാത്തതിനാൽ കുണ്ഠിതപ്പെടുകയും ചെയ്തു. എന്നിട്ടും അയാൾ ഷിർദ്ദിക്കുപോയി. അപ്പോഴെക്കും തലേന്ന് നാനാസാഹെബ് തിരിച്ചു പോയിട്ടുണ്ടായിരുന്നു. അയാളുടെ ചില സുഹൃത്തുക്കൾ അയാളെ ബാബയുടെ അടുക്കൽ കൊണ്ടുപോയി. ആയാൾ ബാബയെ ദർശനം ചെയ്ത്, കാൽക്കൽ നമസ്കരിച്ച് അത്യധികം സന്തുഷ്ടനായി. അയാളുടെ കണ്ണിൽ ആനന്ദാശ്രു നിറഞ്ഞു രോമഹർഷം അനുഭവപ്പെട്ടു. കുറച്ചുകഴിഞ്ഞ് അന്തർയാമിയായ ബാബ പറഞ്ഞു. 'ആ സ്ഥലത്തെ മാർഗ്ഗം കർണ്ണാടകത്തിലെ സിദ്ധൻ അപ്പയുടെ പ്രഭാഷണം പോലെയോ പോത്തിൻ പുറത്ത് കയറി നാനേഘട്ട് മല കടക്കുമ്പോലെയോ അത്ര എളുപ്പമുള്ളതല്ല. ഈ

ആദ്ധ്യാത്മികമർഗ്ഗത്തിൽ നിങ്ങളുടെ എല്ലാ അദ്ധ്വാനവും ഉപയോഗിക്കണം. അത്ര പ്രയാസമുള്ളതാണ്'. താക്കൂർ ഈ മർമ്മപ്രധാനമായതും മറ്റാർക്കും മനസ്സിലാവത്തുമായ വാക്കുകൾകേട്ട് അതീവ സന്തുഷ്ടനായി. അയാൾക്ക് കർണ്ണാടക സിദ്ധന്റെ വാക്കുകൾ ഫലിച്ചുവെന്ന് ബോദ്ധ്യമായി. പിന്നീട് കൈകൂപ്പി നമസ്കരിച്ച് തന്നെ സ്വീകരിക്കാൻ ബാബയോടപേക്ഷിച്ചു. ബാബ പറഞ്ഞു. 'അപ്പ പറഞ്ഞതൊക്കെ ശരിയാണ്. പക്ഷെ അതൊക്കെ പ്രവർത്തനത്തിലും അനുഭവത്തിലും കൊണ്ടുവരണം. വെറും വായനകൊണ്ട് മാത്രം പോര, എന്താണ് വായിച്ചതെന്ന് ചിന്തിച്ച് അതുപോലെ പ്രവൃത്തിക്കണം. അല്ലെങ്കിൽ പ്രയോജനമില്ല. ഗുരുവിന്റെ അനുഗ്രഹാശിസ്സില്ലാത്ത പുസ്തകം പഠിക്കൽ പ്രയോജന രഹിതമാണ്.' താക്കൂർ വിചാരസാഗറിലെ സിദ്ധാന്തം ഭാഗം വായിക്കലുണ്ട്. അതിന്റെ പ്രായോഗികവശം ഷിർദ്ദിയിൽ നിന്ന് കാണിച്ചു കൊടുത്തു. ഇതു കൂടുതൽ വ്യക്തമാക്കുന്ന മറ്റൊരു കഥപറയാം.

## അനന്തറാവ് പതൻകർ

പൂനാക്കാരനായ അനന്തറാവ് പതൻകറിന് ബാബയെ കാണാൻ ആഗ്രഹം ജനിച്ചു. അയാൾ ഷിർദ്ദിയിൽ വന്ന് ബാബയെ ദർശനം ചെയ്തു. കണ്ണു നിറയെ കണ്ട് അയാൾ സന്തുഷ്ടനായി. അയാൾ ബാബയുടെ പാദങ്ങളിൽ വീണ്, ആരാധനകൾ നടത്തി ബാബയോട് പറഞ്ഞു: 'ഞാൻ ഒരു പാട് വായിച്ചിട്ടുണ്ട്, വേദങ്ങൾ പഠിച്ചിട്ടുണ്ട്. വേദാന്തങ്ങളും പുരാണങ്ങളും ഉപനിഷത്തുകളും അറിയാം. എന്നിട്ടും എനിക്ക് മനഃശാന്തി കിട്ടുന്നില്ല. അതുകൊണ്ട് എന്റെ വായനക്കൊന്നും ഫലമില്ലെന്നു തോന്നുന്നു. നിരക്ഷരകുക്ഷികളായ ശുദ്ധശീലന്മാരായ സാധാരണ ഭക്തന്മാരാണ് എന്നെക്കാൾ





ഭേദം. പലരും എന്നോട് പറഞ്ഞു അവിടുന്ന് ക്ഷണനേരം മനഃശാന്തി കൊടുക്കുമെന്ന്. അതാണ് ഞാനിവിടെ വന്നത് എന്നിൽ കനിവുണ്ടായി അനുഗ്രഹിക്കണം. ബാബ താഴെപറയും പ്രകാരം ഒരു കഥപറഞ്ഞുകൊടുത്തു.

## ഒമ്പത് ഉരുളചാണകത്തിന്റെ കഥ

'ഒരിക്കൽ ഒരു കച്ചവടക്കാരൻ ഇവിടെ വന്നു. അയാളുടെ മുന്നിൽ ഒരു കുതിര ഒമ്പത് ഉരുള ചാണകമിട്ടു. കച്ചവടക്കാരൻ അന്വേഷണ ബുദ്ധിക്കാരനായതിനാൽ മുണ്ടിന്റെ തലകാണിച്ച് ആ ഒമ്പതുരുള ചാണകവും സംഭരിച്ചു. അങ്ങിനെ അയാൾക്ക് ധ്യാനശക്തിയും മനസ്ഥൈര്യവും സിദ്ധിച്ചു'

പതൻകർക്ക് കഥയുടെ അർത്ഥം മനസ്സിലായില്ല. അതുകൊണ്ടയാൾ ദാദാകേൽക്കറോട് ചോദിച്ചു, എന്താണ് ബാബ അതുകൊണ്ടുദ്ദേശിച്ചതെന്ന്. അയാൾ പറഞ്ഞു: 'ബാബ പറയുന്നതെന്തെന്ന് എനിക്കും അറിയില്ല എങ്കിലും അവിടുത്തെ പ്രചോദനം കൊണ്ട് മനസ്സിലായതു പറയാം. കുതിര ഭഗവാനാണ്. ഒമ്പതുരുള ചാണകം നവവിധ ഭക്തിയാണ്. 1. ശ്രവണം 2. കീർത്തനം 3. സ്മരണ 4. പാദസേവ 5. അർച്ചന 6. നമസ്കാരം 7. ദാസ്യം 8. സഖ്യം 9. ആത്മനിവേദനം അഥവാ ആത്മാർപ്പണം. ഇതിലേതെങ്കിലും ഒന്നനുഷ്ഠിച്ചാൽ ഹരി പ്രസാദിച്ച് പ്രത്യക്ഷപ്പെടും. ജപം, തപം, യോഗം മുതലായ സാധനകൾ, ഭക്തിയില്ലെങ്കിൽ പ്രയോജനരഹിതമാണ്. വേദജ്ഞാനവും, മഹാജ്ഞാനിയാണെന്ന പേരും ഭജനപാടലും എല്ലാ ഭക്തിയില്ലെങ്കിൽ പ്രയോജനശൂന്യമാണ്. വേണ്ടത് ഭക്തിയാണ് നിങ്ങൾ സ്വയം ആ സത്യാന്വേഷകനായ

കച്ചവടക്കാരനാണെന്ന് സങ്കൽപിച്ച് നവവിധ ഭക്തി വളർത്തിയാലും! എന്നാൽ സ്ഥൈര്യവും മനഃശാന്തിയും ലഭിക്കും'.

പിറ്റേന്ന് പതൻകർ ബാബയെ നമസ്കാരിക്കാൻ ചെന്നപ്പോൾ ഒമ്പതുരുണ്ട ചാണകം പെറുക്കിയോ എന്ന് ചോദിച്ചു. അയാൾ പറഞ്ഞു. ഞാനൊരു സാധുമനുഷ്യനായതു കൊണ്ട് ബാബയുടെ അനുഗ്രഹമാണ് വേണ്ടതെന്നും എന്നാൽ എളുപ്പം പെറുക്കിയെടുക്കാമെന്നും പിന്നെ ബാബ അനുഗ്രഹിച്ച് ശാന്തിയും ക്ഷേമവും കൈവരട്ടെ എന്നു പറഞ്ഞു. ഇതുകേട്ട് പതൻകർ സംതൃപ്തനായി.

## പന്ധർപൂരിലെ വക്കീൽ

ബാബയുടെ സർവ്വവ്യാപിത്വവും, എപ്രകാരം ബാബ തെറ്റുതിരുത്തി ജനങ്ങളെ നല്ലവഴിക്ക് നയിക്കുന്നുവെന്നും കാണിക്കുന്ന ഒരു ചെറുകഥയോടുകൂടി ഈ അദ്ധ്യായം അവസാനിപ്പിക്കാം. ഒരിക്കൽ പന്ദർപൂരിൽനിന്നൊരു വക്കീൽ ഷിർദ്ദിയിൽവന്ന് ബാബയെ നമസ്കരിച്ച് ചോദിക്കാതെ തന്നെ ദക്ഷിണ കൊടുത്ത് ബാബ പറയുന്നത് കേൾക്കാൻ മസ്ജിദിന്റെ ഒരു മൂലയിൽ ഇരുന്നു. ബാബ അയാളുടെ നേരേ തിരിഞ്ഞു പറഞ്ഞു ജനങ്ങൾ എത്രമാത്രം ദുസ്സാമർത്ഥ്യക്കാരാണ്! അവർകാൽക്കൽവീഴും, ദക്ഷിണതരും, ഉള്ളുകൊണ്ട് പുലഭ്യം പറയുകയും ചെയ്യും. ഇത് അത്ഭുതമല്ലെ ? 'ഇത് വക്കീലിനെ സംബന്ധിച്ചായിരുന്നു. മറ്റാർക്കും അത് മനസ്സിലായില്ല. വക്കീൽ അത് മനസ്സിലാക്കി നിശ്ശബ്ദനായിരുന്നു. അവർ സത്രത്തിലേക്ക് മടങ്ങിയപ്പോൾ വക്കീൽ കാക്കാസാഹെബ് ദീക്ഷിത്തിനോട്

പറഞ്ഞു. 'ബാബ പറഞ്ഞത് മുഴുവൻ ശരിയാണ്. ആ ശരം എന്റെ നേർക്കയച്ചതാണ്. അത് എന്നെ ഗുണദോഷിച്ച്, ഞാൻ ആരെയും അപലപിക്കുയോ കുറ്റം പറയുകയോ ചെയ്യരുതെന്ന് പറഞ്ഞതാണ്. പന്ധർപൂരിലെ സബ്ബ് ജഡ്ജ് നൂൽക്കാർ ദേഹസുഖത്തിനുവേണ്ടി ഷിർദ്ദിയിലേക്ക് പോവുമ്പോൾ സാധാരണ ബാറിലുണ്ടാവാറുള്ളതുപോലെ, ഇതിനെപ്പറ്റിയും ബാറിൽ സംസാരം നടന്നു. സായിബാബയെ കണ്ടാൽ ജഡ്ജിയുടെ സുഖക്കേട് മാറുമോ ? മരുന്നൊന്നും കഴിക്കാതെ എങ്ങനെ മാറാനാണ്. ഈ വിവരമുള്ളവർ ഇത്തരം വിവരക്കേട് കാണിച്ചാലോ എന്നെല്ലാം പറഞ്ഞ് സബ് ജഡ്ജിയെ നിശിത വിമർശനം നടത്തി. ഞാനും അതിൽ പങ്കു ചേർന്നു. ഇപ്പോൾ സായിബാബ അങ്ങനെ ഞാൻ ചെയ്തത് നന്നായില്ലെന്ന് പറഞ്ഞതാണ്. ഇത് അധിക്ഷേപമല്ല, അനുഗ്രഹമാണ്. മറ്റുള്ളവരെ അധിക്ഷേപിക്കുകയോ അപലപിക്കുകയോ ചെയ്യരുതെന്നും വേണ്ടാതെ മറ്റുള്ളവരുടെ കാര്യത്തിൽ ഇടപെടരുതെന്നുമുള്ള ഒരു ഉപദേശമാണ്.

ഷിർദ്ദി പന്ധർപൂരിൽ നിന്ന് 300 നാഴിക അകലെയാണ്. എന്നിട്ടും അവിടെ ബാർമുറിയിൽ നടന്നതു ബാബ അറിഞ്ഞു. ഇടക്കുള്ള നദികളും മലകളും കാടുകളും ഒന്നും ബാബയുടെ ദൃഷ്ടികൾക്ക് തടസ്ഥമായിരുന്നില്ല. ബാബക്ക് എല്ലാവരുടെയും മനസ്സിലുള്ളത് അറിയാം. ബാബയോട് മൂടിവെക്കുന്ന പ്രശ്നമേയില്ല. അടുത്തും അകലെയും എവിടെയായാലും ബാബക്ക് വ്യക്തമായിക്കാണാം. ഇതിൽനിന്ന് വക്കീൽ ഒരാളെയും ദുഷിക്കരുതെന്ന് പഠിച്ചു. അയാളുടെ ദുശ്ശീലം കളഞ്ഞ് സന്മാർഗ്ഗത്തിലേക്കുനയിച്ചു.

ഈ കഥ ഒരു വക്കീലിനെ സംബന്ധിച്ചാണെങ്കിലും എല്ലാവർക്കും ബാധകമാണ്. അതുകൊണ്ട് എല്ലാവരും അതു മനസ്സിലാക്കി നന്നാവട്ടെ. സായിബാബയുടെ മഹത്വവും ലീലകളും അപാരമാണ്. ബാബയുടെ ജീവിതം തന്നെ അങ്ങനെയാണ് സായിബാബ പരബ്രഹ്മൻ അവതരിച്ചതാണ്.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!

# അദ്ധ്യായം - 22



*പാമ്പുകടിയിൽനിന്നും രക്ഷിക്കൽ (1), ബാലാസാഹെബ് മിരിക്കാർ (2), ബാപ്പുസാഹെബ് ഭൂട്ടി (3), അമീർഷക്കാർ (4) ഹേമദ്പാന്ത്, പാമ്പുകളെ കൊല്ലുന്നതിൽ ബാബയുടെ അഭിപ്രായം.*

## മുഖവുര

എപ്രകാരമാണ് ബാബയെ ധ്യാനിക്കേണ്ടത്? ആർക്കും ഭഗവാന്റെ സ്വഭാവമോ ആകൃതിയോ മനസ്സിലാക്കാൻ കഴിയുന്നില്ല. വേദങ്ങൾക്കും ആയിരം നാവുള്ള അനന്തനും അത് പൂർണ്ണമായും വിവരിക്കാനാവുന്നില്ല. പക്ഷെ ഭക്തന്മാർക്ക് ബാബയുടെ പാദങ്ങളിലേക്ക് നോക്കിയാൽ മതി. അത് ആനന്ദമാർഗ്ഗമാണ്. ആ പാദങ്ങളിൽ ധ്യാനിക്കയല്ലാതെ മറ്റു മാർഗ്ഗങ്ങളൊന്നും ലക്ഷ്യത്തിലെത്താൻ അവർക്കറിയില്ല, ഹേമദ്പാന്ത് ധ്യാനത്തിന് ഒരു സുഗമമാർഗ്ഗം പറഞ്ഞു തരുന്നത് ഇപ്രകാരമാണ്: കറുത്തപക്ഷം മുന്നോട്ടുപോകുന്തോറും ചന്ദ്രൻ ക്ഷയിച്ച് ക്ഷയിച്ച് വന്ന് വാവുദിവസം തീരെ കാണാതാവുന്നു. പിന്നെ വെളുത്ത പക്ഷം തുടങ്ങുമ്പോൾ എല്ലാവർക്കും ചന്ദ്രദർശനത്തിന് വലിയ ആഗ്രഹമാണ്. ഒന്നാം ദിവസം





ചന്ദ്രനെ കാണുകയെ ഇല്ല. രണ്ടാം ദിവസവും ശരിക്കു കാണാൻ സാദ്ധ്യമല്ല. അപ്പോൾ ചൂണ്ടികാണിക്കുന്ന ആൾ ഒരു മരത്തിൽ ഒരു കൊമ്പിന്റെ കവർച്ചത്തിൽ കൂടെ ശ്രദ്ധാപൂർവ്വം നോക്കുമ്പോൾ, ദൂരത്ത് അതി സൂക്ഷ്മമായി നിൽക്കുന്ന ചന്ദ്രക്കല ദൃഷ്ടിയിൽപെടുന്നു. ഇത് പ്രകാരം തന്നെ നമുക്ക് ബാബയുടെ വെളിച്ചം കാണുവാൻ നോക്കുക. ബാബയുടെ ഇരിപ്പു നോക്കുക. എത്ര നല്ലതായിരിക്കുന്നു. ബാബ കാലുമടക്കി വലംകാൽ, മുട്ടിന് താഴ് ഭാഗം, ഇടത്തുകാൽ മുട്ടിന്മേൽ കയറ്റി വെച്ചിരിക്കുന്നു. ഇടതുകയ്യിന്റെ വിരലുകൾ വലംകാലിന്റെ പാദത്തിൽ പരത്തി വെച്ചിരിക്കുന്നു. വലത്തെ കാലിന്റെ തള്ളവിരൽ ഇടത്തെ കയ്യിന്റെ ചൂണ്ടുവിരലിന്റെയും നടുവിരലിന്റെയും നടുക്കാണ്. ഇതിൽ നിന്നും നേരത്തെ പറഞ്ഞ കവർച്ചം പോലെ, ഈ രണ്ടു വിരലുകളുടെ കവർച്ചത്തിലുള്ള തള്ളവിരലിനെ ധ്യാനിക്കുക. എപ്രകാരം ഭക്തൻ വിനീതനായും സ്നേഹത്തോടുകൂടിയും ധ്യാനിക്കുന്നുവോ, അപ്രകാരം തന്നെ ബാബയുടെ വെളിച്ചം അയാൾക്ക് കിട്ടുന്നതാണ്.

നമുക്ക് ബാബയുടെ ജീവിതത്തിൽ ഒന്ന് കണ്ണോടിച്ചു നോക്കാം. ബാബയുടെ ആവിർഭാവം കൊണ്ട് ഷിർദ്ദി ഒരു തീർത്ഥാടനകേന്ദ്രമായി. നാനാഭാഗത്തുനിന്നും ജനങ്ങൾ അവിടെയെത്തി. ധനികനും ദരിദ്രനും എല്ലാം നാനാപ്രകാരം നേട്ടങ്ങൾ സിദ്ധിച്ചു. ആർക്കാണ് ബാബയുടെ സീമാതീതമായ പ്രേമത്തെയും, വിസ്മായവഹമായ ജ്ഞാനത്തെയും സർവ്വാന്തര്യാമിത്വത്തെയും അറിയാൻ കഴിയുക ! ഇതിലേ ഏതെങ്കിലും അനുഭവത്തിൽ കിട്ടിയവർ അനു ഗ്രഹീതരാണ്. ചിലപ്പോൾ ബാബ ദീർഘനേരം മൗന ത്തിലിരിക്കുന്നു. ഇതു ബ്രഹ്മനുമായി സമ്പർക്കം പുലർത്തുന്നതാണ്. മറ്റു സമയം ഭക്തന്മാരാൽ ചുറ്റപ്പെട്ട് പരമാത്മജ്ഞാനവും ആനന്ദവും മൂർത്തീകരിച്ചപോലെ കാണും. ചിലപ്പോൾ കഥകൾ പറയും ചില





പ്പോൾ കളി തമാശകൾ പറയും, ചിലപ്പോൾ പറയുന്നത് വ്യക്തമാവും, ചിലപ്പോൾ കോപിഷ്ഠനാവും, ചിലപ്പോൾ വളരെ ചുരുക്കം ഉപദേശം തരും, മറ്റു ചിലപ്പോൾ വിസ്തരിച്ച് പറയും, പലപ്പോഴും വളരെ വ്യക്തമായി പറയും ഇത്തരത്തിൽ വ്യത്യസ്ത സ്വഭാവത്തിൽ പലർക്കും ബാബ ഉപദേശങ്ങൾ കൊടുത്തു. അങ്ങിനെ ആ ജീവിത രീതി മനസ്സിലാക്കാൻ പ്രയാസമുള്ളതായിരുന്നു. ആ മുഖം കാണുക, ബാബയോട് സംസാരിക്കുക, ലീലകൾ കേൾക്കുക മുതലായ നമ്മുടെ ആഗ്രഹങ്ങൾ നമുക്ക് സാദ്ധ്യപ്പെട്ടിട്ടില്ലെങ്കിലും നാം സന്തുഷ്ടിയിൽ ലയിക്കുന്നു. മഴവെള്ളം അളക്കാം. കാറ്റിനെ പിടിച്ച് സഞ്ചിയിലാക്കാം എന്നാലും ആ ലീലകളെ അളക്കാനാവില്ല. ഇനി നമുക്ക് ബാബ ഏതു പ്രകാരം ഭക്തന്മാരുടെ അപകടം മനസ്സിലാക്കി അവരെ അതിൽ നിന്ന് രക്ഷിച്ചു എന്നു നോക്കാം.

## ബാലാസാഹെബ് മിരിക്കാർ

സർദാർ കാക്കാസാഹെബ് മിരിക്കാരുടെ മകൻ ബാലാസാഹെബ് മിരിക്കാർ, കോപ്പർഗാവോണിലെ മാംലത്ദാർ (അസിസ്റ്റന്റ് കലക്ടർ) ആയിരുന്നു. അയാൾ ചിതലിക്ക് ടൂർ പോകുകയായിരുന്നു. വഴിക്ക് ബാബയെ കാണാൻ ഷിർദ്ദിയിൽ വന്നു. അയാൾ വന്ന് ബാബയെ നമസ്കരിച്ച് സാധാരണ ആരോഗ്യത്തെപറ്റിയും മറ്റുമുള്ള കുശലപ്രശ്നങ്ങളൊക്കെ കഴിഞ്ഞപ്പോൾ ബാബ ഇങ്ങനെ ഒരു മുന്നറിയിപ്പ് നൽകി. 'നിനക്ക് നമ്മുടെ ദ്വാരകാമായിയെ അറിയാമോ?' ബാലാസാഹെബ് കാര്യം മനസ്സിലാവാത്തതുകൊണ്ട് ഒന്നും മിണ്ടിയില്ല. 'നീയിരിക്കുന്ന സ്ഥലമാണ് നമ്മുടെ ദ്വാരകമായി. അവൾ മക്കളുടെ എല്ലാം അപകടവും പരിഭ്രമവും അവളുടെ മടിയിൽ ഇരിക്കുന്നതോടുകൂടി ഇല്ലാതാക്കുന്നു. ഈ

മസ്ജിദ്മായി വളരെ കരുണാമയിയാണ്. അവൾ ശുദ്ധരായ ഭക്തന്മാരുടെ മാതാവാണ്. അവരെ അവൾ അപകടത്തിൽ നിന്നും രക്ഷിക്കുന്നു. ഒരിക്കൽ ഒരാൾ അവളുടെ മടിയിലിരുന്നാൽ അയാളുടെ എല്ലാ അപകടങ്ങളും തീർന്നു. അവളുടെ തണലിലിരിക്കുന്നവർക്ക് ആനന്ദം കൈവരുന്നു' എന്ന് തുടർന്ന് പറഞ്ഞു. പിന്നീട് ബാബ ഉധികൊടുത്ത് തലയിൽ കൈവെച്ചനുഗ്രഹിച്ച് ചോദിച്ചു. 'നിനക്ക് 'ലംബബാവ' യെ (നീണ്ടവിദ്വാനെ) അതായത് പാമ്പിനെ അറിയാമോ ?' പിന്നെ ബാബ കൈമുട്ട് മറ്റെ ഉള്ളംകയ്യിൽ വെച്ച് പാമ്പ് പടം പിടിച്ചപോലെ കൈകൊണ്ട് കാണിച്ച് പറഞ്ഞു. 'അവൻ ഭയങ്കരനാണ്. പക്ഷെ ദ്വാരകാമായിയുടെ മക്കളോട് അവനെന്തു ചെയ്യാൻ കഴിയും? ദ്വാരകമായി രക്ഷിക്കുമ്പോൾ പാമ്പിനെന്തു കഴിയും?

അവിടെ കൂടിയവർക്കെല്ലാം മിരിക്കാരോട് പറഞ്ഞതിന്റെ കാര്യമെന്തെന്ന് അറിയണമെന്നുണ്ടായിരുന്നെങ്കിലും ബാബയോട് ചോദിക്കാൻ ധൈര്യമുണ്ടായില്ല. പിന്നെ ബാലാസാഹെബ് ബാബയെ നമസ്കരിച്ച് ശാമയോടുകൂടെ മസ്ജിദിൽ നിന്നു പുറത്തുവന്നു. ബാബ ശാമയെ വിളിച്ചിട്ട് മിരിക്കാരോട് കൂടി ചിതലിക്കു പോവാൻ പറഞ്ഞു. ശാമ വന്ന് മിരിക്കാരോട് ബാബ നിർദ്ദേശിച്ചപോലെ കൂടെവരാമെന്ന് പറഞ്ഞു അയാൾ അസൗകര്യം ആലോചിച്ച് ശാമ വരെണ്ടെന്നു പറഞ്ഞു ശാമ മടങ്ങിവന്ന് ബാബയോട് ബാലാസാഹെബ് പറഞ്ഞ വിവരം പറഞ്ഞു. ബാബ പറഞ്ഞു: 'ശരി, പോകണ്ട നാം നല്ലത് വിചാരിച്ച് നല്ലതു ചെയ്യുന്നു. സംഭവിക്കാനുള്ളത് സംഭവിക്കും'.

അപ്പോഴെക്ക് ബാലാസാഹെബ് വീണ്ടും ആലോചിച്ച്, ശാമയോട് കൂടെ പോരാൻ പറഞ്ഞു. ശാമ ബാബയുടെ അനുമതി

വാങ്ങി ടോങ്കയിൽ അയാളോടുകൂടി പുറപ്പെട്ടു. അവർ രാത്രി 9 മണിക്ക് ചിതലിയിലെത്തി മാരുതി ക്ഷേത്രത്തിൽ ക്യേമ്പു ചെയ്തു. ഓഫീസിലുള്ളവർ എത്തിയിട്ടില്ലാത്തതുകൊണ്ട് അവർ അവിടെ സംസാരിച്ചുകൊണ്ടിരുന്നു. ബാലാസാഹെബ് ഒരു പായയിലിരുന്നു പത്രം വായിക്കുകയായിരുന്നു. അയാളുടെ മേൽ മുണ്ട് അരക്ക് ചുറ്റിയിരുന്നതിന്റെ ഒരറ്റത്ത് ഒരു പാമ്പു കയറികൂടിയിരുന്നിരുന്നു അത് നീങ്ങുമ്പോൾ ഉണ്ടായിരുന്ന ഒരുതരം ഒച്ച ശിപായി കേട്ടു. അയാൾ റാന്തലെടുത്ത് നോക്കി പാമ്പിനെക്കണ്ട് പേടിച്ച് 'പാമ്പ്, പാമ്പ്' എന്ന് വിളിച്ച് പറഞ്ഞു ശാമയും അന്തംവിട്ടു പോയി. ബാലാസാഹെബ് പേടിച്ച് വിറച്ചു. ശാമയും മറ്റും മെല്ലെ അവിടുന്ന് നീങ്ങി പോയി വടിയും മറ്റുമായി വന്നു. പാമ്പ് അരക്കെട്ടിൽ നിന്ന് മെല്ലെ ഇറങ്ങി ബാലാ സാഹെബിനെ വിട്ട് മാറിയിരുന്നു. അതിനെ ഉടനെ തല്ലിക്കൊന്നു. അങ്ങിനെ ബാബ മുന്നറിയിപ്പ് നൽകിയ അപകടത്തിൽ നിന്ന് ബാലാസാഹെബ് രക്ഷപ്പെട്ട് ബാബയെ നന്ദിപൂർവ്വം സ്മരിച്ചു.

## ബാപ്പുസാഹേബ് ഭൂട്ടി

ബാപ്പു സാഹെബ് ഭൂട്ടിയോട് ഷിർദ്ദിയിൽ വെച്ച് നാനാസാഹെബ് ഡെൻഗാളെ എന്ന പ്രശസ്തനായ ജ്യോത്സ്യൻ 'ഇന്ന്' നിങ്ങൾക്ക് ചീത്ത ദിവസമാണ്. ജീവന് അപകടമുണ്ട്' എന്നു പറഞ്ഞു. ഇതു കേട്ട് ബാപ്പുസാഹെബ് പരിഭ്രമിച്ചു. അവർ സാധാരണപോലെ മസ്ജിദിൽ വന്നപ്പോൾ ബാബ ചോദിച്ചു. 'എന്താണ് ഈ നാന പറഞ്ഞത്? അയാൾ നിങ്ങൾക്ക് മരണം പ്രവചിച്ചുവോ. ശരി നീ ഭയപ്പെടേണ്ട അയാളോട് ധൈര്യസമേതം പറയൂ. 'നമുക്ക് നോക്കാം മരണം എങ്ങിനെ കൊല്ലുന്നു' എന്ന്. അന്നു വൈകുന്നേരം ബാപ്പുസാഹെബ് മലവിസർജ്ജനത്തിന് പോയപ്പോൾ ഒരു പാമ്പിനെ കണ്ടു. വേലക്കാരൻ കല്ലെറിഞ്ഞത് കൊണ്ടില്ല. വടിയും കൊണ്ട്

വന്നപ്പോഴെക്കും പാമ്പ് രക്ഷപ്പെട്ടു. ബാബയുടെ അനുഗ്രഹം ബാപ്പു സാഹെബ് നന്ദിപൂർവ്വം സ്മരിച്ചു.

**അമിർഷക്കാർ**

കോപ്പർ ഗാവോൺ താലൂക്കിലെ കൊരളി ഗ്രാമക്കാരനായിരുന്നു അമീർഷക്കാർ (മുസ്ലിം). അയാൾ അറവുകാരുടെ വർഗ്ഗത്തിൽപ്പെട്ട ആളായിരുന്നു. അയാൾ ബന്ദ്രയിൽ ഒരു കമ്മീഷൻ ഏജന്റായി പണിയെടുത്ത് അവിടെ പ്രശസ്തനായിത്തീർന്നു. ഒരിക്കൽ രക്തവാതം പിടിപ്പെട്ട് അയാൾ വല്ലാതെ വേദന അനുഭവിച്ചു. അങ്ങിനെ ദൈവചിന്ത വന്ന്, ജോലിവിട്ട്, ഷിർദ്ദിയിൽ വന്ന്, ബാബയോട് കരുണ കാണിക്കാൻ അപേക്ഷിച്ചു. ബാബ അയാളെ ചാവടിയിൽ താമസിപ്പിച്ചു. അന്ന് ചാവടി നിൽക്കുന്ന സ്ഥലം ചതുപ്പ് നിലമായിരുന്നു. അത്തരം രോഗികൾക്ക് തീരെ യോജിക്കാത്ത തുമായിരുന്നു. മറ്റേത് സ്ഥലവും, കൊരളിതന്നെയും, കൂടുതൽ ആരോഗ്യപരമായിരുന്നെങ്കിലും ബാബയുടെ കല്പനയാണല്ലോ മരുന്ന്, ബാബ അയാളെ മസ്ജിദിലേക്ക് വരാൻ സമ്മതിച്ചി ല്ലെങ്കിലും, ചാവടിയിലായതുകൊണ്ട് ബാബ അതിലെ രാവിലെയും വൈകുന്നേരവും പോകുമ്പോഴും ഒന്നിടവിട്ടു രാത്രി അവിടെ ഉറങ്ങുമ്പോഴും നല്ലപോലെ ദർശനം ചെയ്യാമായിരുന്നു. അമീർ അവിടെ ഒമ്പതുമാസം താമസിച്ചു. പിന്നെ അയാൾക്ക് മടുപ്പുതോന്നി. അങ്ങിനെ ഒരു രാത്രി അവിടുന്ന് ഒളിഞ്ഞുപോന്ന് കോപ്പർഗോവണിലെത്തി, ഒരു ധർമ്മശാലയിൽ താമസിച്ചു. അവിടെ മരിക്കാറായ ഒരു ഫക്കീർ അയാളോട് വെള്ളം ചോദിച്ചു. അമീർ അദ്ദേഹത്തിന് വെള്ളം കൊടുത്തു. വെള്ളം കുടിച്ച തോടുകൂടി ഫക്കീർ അന്ത്യശ്വാസം വലിച്ചു. അപ്പോൾ അയാൾക്ക് ഭയമായി. ഷിർദ്ദിയിൽ നിന്ന് ബാബയുടെ സമ്മതം കൂടാതെ വന്നതിന് പശ്ചാത്തപിച്ച് ബാബയോട് പ്രാർത്ഥിക്കാൻ തുടങ്ങി.

അപ്പോൾ തന്നെ ബാബയുടെ നാമം ഉച്ചരിച്ചുകൊണ്ട് ഷിർദ്ദിയിലേക്കോടി, പുലർച്ചക്കുമുമ്പായി ഷിർദ്ദിയിലെത്തി, പിന്നെ ഷിർദ്ദിയിൽത്തന്നെ കുറച്ചുകൂടി താമസിച്ചപ്പോൾ മുഴുവൻ സുഖക്കേടും മാറി. ഒരു രാത്രി ബാബ വിളിച്ചു പറഞ്ഞു 'ഓ അബ്ദുൾ, എന്തോ ഒരു ഭയങ്കരസാധനം എന്റെ വിരിപ്പിൽ ചാടിയിരിക്കുന്നു' എന്ന്. അബ്ദുൾ റാന്തലുമായി വന്ന് ബാബയുടെ വിരിപ്പ് നോക്കിയപ്പോൾ ഒന്നും കണ്ടില്ല. ബാബ എല്ലായിടത്തും നോക്കാൻ പറഞ്ഞ് സത്ക്കകൊണ്ട് നിലത്തടിച്ചു. ഇത് കണ്ട് വല്ല പാമ്പും വന്നിട്ടുണ്ടാവുമെന്ന് അമീർ സംശയിച്ചു. ബാബയോടടുത്ത് പെരുമാറിയതുകൊണ്ട്, അദ്ദേഹത്തിന്റെ വാക്കുകളുടെയും പെരുമാറ്റത്തിന്റെയും അർത്ഥം അമീറിന്നറിയാമായിരുന്നു. ബാബ അപ്പോൾ അമീറിന്റെ തലയണക്കരികിൽ ഒരിളക്കം കണ്ടു വിളക്കു കൊണ്ടുവന്നു നോക്കാൻ പറഞ്ഞപ്പോൾ ഒരു സർപ്പം ഫണം വിരുത്തി ആടുന്നു. ഉടനെ അതിനെ തല്ലിക്കൊന്നു. അങ്ങിനെ ബാബ അമീറിനെ രക്ഷിച്ചു.

## ഹേമദ്പാന്ത് (തേളും പാമ്പും)

1) ബാബയുടെ നിർദ്ദേശപ്രകാരം കാക്കാസാഹെബ് ദീക്ഷിത്, ദിവസവും ഏകനാഥിന്റെ ഭാഗവതവും ഭാവാർത്ഥ രാമായണവും വായിക്കും. ഹേമദ്പന്ത് അത് കേട്ടിരിക്കലും പതിവാണ്. ഒരിക്കൽ ഹനുമാൻ, രാമന്റെ മാഹാത്മ്യത്തെ പരീക്ഷിച്ച ഭാഗം വായിച്ചപ്പോൾ എല്ലാവരും വിസ്മയപ്പെട്ടു പോയി. എവിടുന്നെന്നറിഞ്ഞില്ല ഒരു വലിയ തേൾ ചാടി ഹേമദ്പാന്തിന്റെ വലത്തെ ചുമലിൽ വേഷ്ടിക്കുമേൽ കയറിയിരുന്നു. ആദ്യം കണ്ടില്ലെങ്കിലും, ഭഗവൽ കഥ കേൾക്കുന്നവരെ അദ്ദേഹം രക്ഷിക്കുമല്ലോ. അങ്ങിനെ അയാൾ തേളിനെ കണ്ടു. അവിടെ നിശബ്ദമാണ് ആരും ഇളകിയില്ല. ഹേമദ്പാന്ത് മെല്ലെ

വേഷ്ടിയുടെ രണ്ട് തലപൊക്കി തേളിനെ അതിൽ കുടുക്കി കൂട്ടിപിടിച്ചു. പിന്നെ പുറത്തുപോയി തോട്ടത്തിലെക്കെറിഞ്ഞു.

2) ഒരിക്കൽ, കുറച്ചുപേർ ദീക്ഷിത്ത് വാഡയുടെ മുകളിൽ സന്ധ്യക്ക് ഇരിക്കുകയായിരുന്നു. ഒരു പാമ്പ് ജനൽക്കൽ വന്ന് ഫണം വിരുത്തി ചുരുണ്ടിരുന്നു. വിളക്കു കൊണ്ടുവന്നിട്ടും പാമ്പ് അല്പം പരിഭ്രമിച്ചെങ്കിലും തലയാട്ടി അവിടെ തന്നെ ഇരുന്നു. പലരും വടിയുമായി വന്നെങ്കിലും, അവിടെ അങ്ങിനെ ഇരിക്കുന്നതുകൊണ്ട് അതിനെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ആൾക്കാരുടെ ഒച്ച കേട്ട് പാമ്പ് വന്ന വഴിയെ രക്ഷപ്പെട്ടു. എല്ലാവർക്കും സമാധാനമായി.

## ബാബയുടെ അഭിപ്രായം

മുക്താറാം എന്ന ഭക്തൻ, ആ സാധുജീവി രക്ഷപ്പെട്ടത് നന്നായെന്ന് പറഞ്ഞു. ഹേമദ്പാന്ത് അതെതിർത്ത് പാമ്പിനെ തല്ലിക്കൊല്ലണമെന്ന് പറഞ്ഞു. അങ്ങിനെ ചൂടുപിടിച്ച വാഗ്വാദം നടന്നു. രാത്രി ഒരു തീരുമാനത്തിലെത്താതെ വാദം അവസാനിച്ചു. പിറ്റേന്ന് ബാബയോട് ചോദിച്ചപ്പോൾ ബാബയുടെ വ്യക്തമായ തീർപ്പ് ഇപ്രകാരമായിരുന്നു.: 'ഭഗവാൻ എല്ലാ ജീവജാലങ്ങളിലും കുടികൊള്ളുന്നു. അവ പാമ്പായാലും തേളായാലും വ്യത്യാസമില്ല. അദ്ദേഹം ലോകനിയന്താവാണ്. എല്ലാ ജീവജാലങ്ങളും, പാമ്പ് തേളടക്കം, ആ കല്പന അനുസരിക്കുന്നു. ഭഗവാൻ കല്പിക്കാതെ ആർക്കും ആരെയും ഉപദ്രവിക്കാൻ കഴിയില്ല. ലോകം മുഴുവൻ ഭഗവാനെ ആശ്രയിക്കുന്നു. ആരും സ്വതന്ത്രരല്ല. അതുകൊണ്ട് നാം അവയിൽ സഹതപിച്ച് അവയെ സ്നേഹിക്കണം. തല്ലലും കൊല്ലലും ശരിയല്ല. ഭഗവാൻ എല്ലാവരുടെയും രക്ഷിതാവാണ്.'

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ !

# അദ്ധ്യായം - 23



*യോഗവും ഉള്ളിയും - ശാമയെ പാമ്പുകടിച്ചത് സുഖപ്പെടുത്തൽ - കോളറാ നിയമ ലംഘനം - ഗുരുഭക്തിയുടെ ചടങ്ങ്*

## മുഖവുര

യഥാർത്ഥത്തിൽ മനുഷ്യാത്മാവ് സത്വരജസ്തമോ ഗുണഗണങ്ങൾക്കതീതമാണെങ്കിലും, സ്ഥിതി, ജ്ഞാനം, ആനന്ദമെന്ന അവസ്ഥകൾ മായയാൽ മറന്ന് ഞാനാണ് കർത്താവ്, ഞാനാണ് ഭോക്താവ് എന്ന തെറ്റായബോധം വളർത്തി അത്യധികം കഷ്ടതകൾ അനുഭവിക്കുന്നു. മോചനമാർഗ്ഗം കാണാതെ ഉഴലുന്നു. ഗുരുപാദ ഭക്തി മാത്രമാണ് മോചനമാർഗ്ഗം. സായിപ്രഭു, ഭക്തന്മാരെ ഉദ്ധരിച്ച് അദ്ദേഹവുമായ താദാത്മ്യം വരുത്തുന്നു.

നാം സായിബാബയെ ദൈവാവതാരമായി കരുതുന്നു. സായിബാബ താൻ ദൈവത്തിന്റെ സേവകനാണെന്നെ പറയൂ. അവതാരമാണെങ്കിലും ബാബ ജനങ്ങളെ അവരവർക്കുള്ള ചുമതലകളിൽ ബോധവാന്മാരാക്കി. ഒരാളോടും തനിക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ ആവശ്യപ്പെട്ടിട്ടില്ല. സർവ്വചരാചര

ങ്ങളിലും ദൈവത്തെക്കാണുന്ന ബാബ, വിനയത്തിന്റെ മൂർത്തിമത്ഭാവമായിരുന്നു. ആരെയും അവഗണിക്കുകയോ അപമാനിക്കകുയോ ചെയ്യില്ല. കാരണം അവരിൽ ബാബ നാരായണനെ ദർശിച്ചു എല്ലായ്പ്പോഴും ഭഗവാനെ സ്മരിച്ച് 'അള്ളാമാലിക്ക്' എന്നു പറയും.

നമുക്ക് പല യോഗിമാരെപ്പറ്റിയും അവരുടെ ഭക്ഷണത്തെപ്പറ്റിയും ജീവിതരീതിയെപ്പറ്റിയും മറ്റും ഒന്നും അറിയില്ല. അവർ ദൈവാനുഗ്രഹത്താൽ ലോകത്തിൽ പ്രത്യക്ഷപ്പെട്ട് മാനവരാശിക്ക് ഗുണം ചെയ്യുന്നു വെന്നുമാത്രം നമുക്കറിയാം. നമുക്ക് പൂർവ്വജന്മാർജ്ജിത സുകൃതമുണ്ടെങ്കിൽ അല്പം ലീലകളും പ്രവൃത്തികളും ശ്രദ്ധിക്കുവാൻ ആഗ്രഹം ജനിക്കുന്നു. ഇല്ലെങ്കിൽ ആഗ്രഹം തോന്നുകയുമില്ല. നമുക്ക് ഈ അദ്ധ്യായത്തിലെ കഥകളിലേക്ക് തിരിയുക.

## യോഗവും ഉള്ളിയും

ഒരിക്കൽ ഒരു യോഗസാധകൻ നാനാസാഹെബ് ചന്ദോർക്കറോടൊപ്പം ഷിർദ്ദിയിൽ വന്നു. അയാൾ യോഗശാസ്ത്രം മുഴുവനും, പതഞ്ചലിയുടെ യോഗസൂത്രവും പഠിച്ചിരുന്നെങ്കിലും പ്രായോഗിക അനുഭവമില്ലായിരുന്നു. കുറച്ചു നേരത്തേക്കുപോലും മനസ്സുറപ്പിച്ച് സമാധി പ്രാപിക്കാൻ അയാൾക്ക് കഴിഞ്ഞിരുന്നില്ല. അയാൾ സായിബാബയുടെ അനുഗ്രഹം കൊണ്ട് മനസ്സുറപ്പിച്ചു സമാധി ശീലിക്കാൻ കഴിയുമെന്ന് ആഗ്രഹിച്ചു. ആ ഉദ്ദേശത്തോടെ മസ്ജിദിൽ പോയപ്പോൾ സായിബാബ റൊട്ടി ഉള്ളികൂട്ടി തിന്നുന്നതാണ് കണ്ടത്. ഇതുകണ്ട് അയാൾ കരുതി ' ഈ പഴയ റൊട്ടി പച്ച ഉള്ളി കൂട്ടി തിന്നുന്ന മനുഷ്യൻ എങ്ങിനെ എന്റെ പ്രശ്നം പരിഹരിക്കും ? സായി ബാബ അത് മനസ്സിലാക്കി നാനാ





സാഹെബിനോട് 'ഓ നാനാ ഉള്ളി ദഹിക്കാൻ കെല്പുള്ളവനെ തിന്നാൻ പാടുള്ളു. മറ്റുള്ളവർ തിന്നരുത് എന്നു പറഞ്ഞു ഇതു കേട്ട് വിസ്മിതനായി യോഗി ബാബയുടെ കാൽക്കൽ അർപ്പണബുദ്ധിയോടെ നമസ്കരിച്ചു. അയാളുടെ വിഷമങ്ങൾ തുറന്ന് സംസാരിച്ച് ബാബയോട് പരിഹാരമാർഗ്ഗവും മനസ്സിലാക്കി അങ്ങിനെ സന്തുഷ്ടനായി ബാബയുടെ ഉധിയും അനുഗ്രഹവും വാങ്ങി ഷിർദ്ദിയിൽ നിന്നുപോയി.

## ശാമയെ പാമ്പുകടിച്ചത് സുഖപ്പെടുത്തിയത്

ജീവൻ തത്തയെപോലെയാണ്. ഒന്നു ശരീരത്തിലും മറ്റത് കൂട്ടിലും ബന്ധനസ്ഥമാണ്. ഇരുവരും ബന്ധനാവസ്ഥ നല്ലതായി കരുതുന്നു. ഒരു സഹായിയൊ ഗുരുവോ വന്ന് മോചിതരാകുമ്പോഴാണ് സ്വാതന്ത്ര്യത്തിന്റെ സുഖവും ബന്ധനത്തിന്റെ ദുരിതവും അവർ മനസ്സിലാക്കുന്നത്.

കഴിഞ്ഞ അദ്ധ്യായത്തിൽ മിരിക്കാരുടെ കഷ്ടപ്പാടുകൾ തീർത്തതും മറ്റും വായിച്ചല്ലോ. അതിലും ഗംഭീരമായ ഒരു സംഭവം വിവരിക്കാം. ഒരിക്കൽ ശാമയെ വിഷപാമ്പു കടിച്ചു. കയ്യിന്റെ ചെറുവിരലിന്നാണ് കടി. വിഷം ദേഹത്തിൽ വ്യാപിക്കാൻ തുടങ്ങി. ഭയങ്കര വേദന അനുഭവിച്ച ശാമ താൻ ഉടനെ മരിക്കുമെന്നുറപ്പിച്ചു. അയാളുടെ സുഹൃത്തുക്കൾ അയാളെ വിഷമിറക്കൽ പതിവുള്ള വിഠോബ ക്ഷേത്രത്തിലേക്ക് കൊണ്ടുപോവാൻ നോക്കി. പക്ഷെ ശാമ മസ്ജിദ്ദിലേക്കോടി - അയാളുടെ ഭഗവാന്റെ അടുക്കലേയ്ക്ക്. ബാബ അലറി 'ദുഷ്ട പുരോഹിത'! ഇവിടേയ്ക്ക് കയറരുത് കയറിയാൽ നോക്കിയ്ക്കോ' എന്നിട്ട് വീണ്ടും അലറി 'പോ, കടന്നു പോ, താഴെ ഇറങ്ങ്' ബാബയെ കോപിച്ച് ചുവന്ന് കണ്ട ശാമ അന്തം വിട്ട് നിരാശനായി. എവിടെ പോവനാണയാൾ ? ജീവിക്കാനുള്ള

പ്രതീക്ഷ നശിച്ച് അയാൾ നിശ്ശബ്ദനായിരുന്നു. കുറച്ചു കഴിഞ്ഞ് ബാബ ശാന്തനായപ്പോൾ ശാമ അടുത്തുപോയിരുന്നു. അപ്പോൾ ബാബ പറഞ്ഞു 'ഒന്നും ഭയപ്പെടേണ്ട, ഒന്നും കരുതേണ്ട. ദയാലുവായ ഫക്കീർ നിന്നെ രക്ഷിക്കും വീട്ടിൽപോയി ശാന്തനായിരിക്കൂ. പുറത്ത് പോകണ്ട. എന്നിൽ വിശ്വാസിച്ച് നിർഭയനായി പേടികൂടാതെ ഇരുന്നാൽ മതി. 'അങ്ങിനെ അയാളെ വീട്ടിലേക്കയച്ചു. ഉടനെ താത്ത്യാസാഹെബിനെയും കാക്കാസാഹെബ് ദീക്ഷിത്തിനെയും പറഞ്ഞയച്ച് എന്തു വേണമെങ്കിലും കഴിക്കുകയും വീട്ടിൽ നടക്കുകയുമാവാം. പക്ഷെ കിടക്കുകയോ ഉറങ്ങുകയോ ചെയ്യരുതെന്നറിയിച്ചു. ശാമ അതുപ്രകാരം ചെയ്തു സുഖപ്പെട്ടു. ബാബയുടെ ആജ്ഞ 'പോ കടന്നുപോ, ഇറങ്ങു താഴെ' എന്ന് പുറമെത്തോന്നുന്നപോലെ ശാമയോട് പറഞ്ഞതല്ല. വിഷത്തിനോടായിരുന്നു. മറ്റു മന്ത്രവാദികളെപോലെ ബാബക്ക് പ്രത്യേക മന്ത്രമോ, വെള്ളമോ, അരിയോ ജപിച്ചുകൊടുക്കലോ ഒന്നും ആവശ്യമില്ലാ. ബാബ യുടെ വാഗ്പ്രഭാവം കൊണ്ടുമാത്രം ശാമ രക്ഷപ്പെട്ടു.

ഈ കഥയും മറ്റും ഇത്തരം കഥകളും കേൾക്കുന്നവർക്ക് ബാബാ പാദങ്ങളിൽ ഭക്തിഉറച്ചുകിട്ടും. മായാസാഗരം കടക്കാനുള്ള ഒരേ വഴി ബാബാ പാദങ്ങൾ മനസ്സിൽ ധ്യാനിക്കൽ തന്നെയാണ്.

## കോളറ

ഒരിക്കൽ ഷിർദ്ദിയിൽ കോളറ പടർന്നു പിടിച്ചു. ജനങ്ങൾ പേടിച്ച് ഗ്രാമത്തിന് പുറത്തുള്ളവരുമായി എല്ലാ സമ്പർക്കവും നിർത്തൽ ചെയ്തു. പഞ്ചായത്ത്കൂടി രണ്ട് നിയമങ്ങൾ പാസ്സാക്കി. (1) വിറകുവാങ്ങി ഗ്രാമത്തിൽ കൊണ്ടുവരാൻ പാടില്ല. (2) ആടിനെ അറക്കരുത്. ആരെങ്കിലും ഇത് ലംഘിച്ചാൽ

പഞ്ചായത്ത് പിഴവസൂലാക്കും. ബാബക്ക് ഇതെല്ലാം അന്ധവിശ്വാസമാണെന്നറിയാവുന്നതുകൊണ്ട് അതൊന്നും വിലവെച്ചില്ല. അന്നേരം ഒരു വിറകുവണ്ടി ഗ്രാമാതിർത്തിയിൽ വന്ന്, ഉള്ളിൽ വരാൻ അനുവാദം ചോദിച്ചു. വിറകിന് കടുത്ത ക്ഷാമമുണ്ടായിട്ടും നാട്ടുകാർ വണ്ടിവരാൻ അനുവദിച്ചില്ല. ബാബക്കെതിരെ നില്ക്കാൻ ആർക്കും ധൈര്യമുണ്ടായില്ല. ധുനിക്ക് ആവശ്യാർത്ഥം ബാബക്ക് വിറകുവേണം. അഗ്നിഹോത്രി അഗ്നികെടാതെ സൂക്ഷിക്കുംപോലെ, ബാബധുനി കെടാതെ സൂക്ഷിച്ചിരുന്നു. മസ്ജിദ് എല്ലാവർക്കും സ്വതന്ത്രമായി വന്നുപോവുന്ന സ്ഥലമാണ്. അതിന്ന് പൂട്ടും താക്കോലുമില്ല. ചില സാധുക്കൾ വിറകെടുത്ത് കൊണ്ടുപോവും. ബാബ അതിനൊന്നുംപറയില്ല. എല്ലാവരിലും ഈശ്വരനെ കാണുന്ന ബാബക്ക് വിരോധമോ നീരസമോ ഇല്ല. നിസ്സംഗനെങ്കിലും മറ്റുള്ളവർക്ക് ആദർശമാവാൻ ഗൃഹസ്ഥനെപ്പോലെ ബാബ പെരുമാറിയിരുന്നു.

## ഗുരുഭക്തിയുടെ ചടങ്ങ്

രണ്ടാം കോളറാ നിയമങ്ങൾ ബാബ എങ്ങിനെ അഭിമുഖീകരിച്ചു എന്ന് നോക്കാം. അത് നിലവിലിരിക്കെ ഒരാൾ ഒരാടിനെ മസ്ജിദ്ദിൽ കൊണ്ടുവന്നു. അത് വയസ്സായി. ക്ഷീണിച്ച് ചാവാറായിരുന്നു. അപ്പോൾ ഫക്കീർ പിർമുഹമ്മദ് അഥവാ ബാദെബാബയും അവിടെയുണ്ടായിരുന്നു. സായിബാബ അദ്ദേഹത്തോട് ആടിനെ ഒരു വെട്ടിന് അറുത്ത് ബലികൊടുക്കാൻ പറഞ്ഞു. ഈ ബാദെബാബയെപ്പറ്റി ബാബക്ക് വലിയ അഭിപ്രായമായിരുന്നു. അദ്ദേഹം എപ്പോഴും സായിബാബയുടെ വലതുഭാഗത്തായിരിക്കും. ചിലിം വലിച്ച് ബാബ അദ്ദേഹത്തിനും മറ്റുള്ളവർക്കും കൊടുക്കും. ഉച്ചഭക്ഷണം വിളമ്പിയാൽ ബാബ,





ബാദേബാബയെ വിളിച്ച് ഇടതുവശത്തിരുത്തി എല്ലാവരും ഭക്ഷണം കഴിക്കും. ബാബ, ദക്ഷിണ കിട്ടിയതിൽ നിന്ന് എല്ലാദിവസവും അദ്ദേഹത്തിന് 50 ക വീതം കൊടുക്കും. അദ്ദേഹം പോവുമ്പോൾ ബാബ, 100 അടിയോളം അനുഗമിക്കും. അത്രയും സ്ഥാനം അദ്ദേഹത്തിന് ബാബയുടെ അടുക്കലുണ്ടായിരുന്നു എന്നിട്ടും ബാബ ആടിനെ ഒററവെട്ടിനറക്കാൻ പറഞ്ഞപ്പോൾ 'എന്തിനാണിതിനെ വെറുതെ കൊല്ലുന്നത്' എന്നു പറഞ്ഞു വിസമ്മതിച്ചു. അപ്പോൾ ബാബ ശാമയോട് അതിനെ കൊല്ലാൻ പറഞ്ഞു. ശാമ രാധാകൃഷ്ണമായിയുടെ വീട്ടിൽ നിന്ന് കത്തിവാങ്ങി വന്ന് ബാബയുടെ മുന്നിൽ വെച്ചു. കത്തി വാങ്ങിയ ഉദ്ദേശം മനസ്സിലായി രാധാകൃഷ്ണമായി അത് തിരികെ ആവശ്യപ്പെട്ടു. അപ്പോൾ ശാമ മറ്റൊരുകത്തിക്ക് പോയി. പക്ഷെ വാഡയിൽ കുറച്ച് താമസിച്ചതിനാൽ അല്പം വൈകി. പിന്നെ കാക്കാസാഹെബ് ദീക്ഷിത്തിന്റെ ഊഴമായി. അയാൾ നല്ല തങ്കം പോലെയുള്ള ആളാണ്. പക്ഷെ പരീക്ഷിക്കണമല്ലോ. അയാളോട് ഒരു കത്തി കൊണ്ടുവന്ന് ആടിനെ വെട്ടാൻ ബാബ പറഞ്ഞു. അയാൾ സതേവാഡയിൽ പോയി കത്തിയുമായി വന്നു. ബാബ പറഞ്ഞാൽ കൊല്ലാൻ തയ്യാറായി നിന്നു. പരിശുദ്ധ ബ്രാഹ്മണനായി ജനിച്ച അയാൾക്ക് വധം എന്തെ ന്നറിയില്ല. അക്രമം പ്രവൃത്തിക്കാൻ തീരെ വിമുഖനെങ്കിലും ബാബ പറഞ്ഞാൽ കൊല്ലാൻ തന്നെ ഉറച്ചു. ഒരു മുഹമ്മദനായ ബാദോബാബാ ചെയ്യാത്ത വധം ഒരു ബ്രാഹ്മണൻ ചെയ്യാൻ ഒരുങ്ങിയത് കണ്ട് എല്ലാവരും അതിശയിച്ചു. അയാൾ മുണ്ട് മടക്കി ചുറ്റി കത്തി ഓങ്ങി ബാബയുടെ ആംഗ്യം പ്രതീക്ഷിച്ചുനിന്നു. ബാബ പറഞ്ഞു: 'എന്താ ആലോചിക്കാൻ, ഉം വെട്ട്' വെട്ടാൻ കയ്താഴ്ന്നപ്പോൾ ബാബ പറഞ്ഞു. 'നിർത്ത്, നീ ഒരു ബ്രാഹ്മണനായിട്ടും ആടിനെ വെട്ടുകയോ? എന്തു ക്രൂരകൃത്യം',

കാക്കാസാഹെബ് കത്തി താഴെവെച്ച് ബാബയോട് പറഞ്ഞു. 'അവിടുത്തെ വാക്കാണ് ഞങ്ങളുടെ നിയമം. മറ്റു നിയമങ്ങൾ ഒന്നും ഞങ്ങൾക്കറിയില്ല. ഞങ്ങൾ അവിടുത്ത് എപ്പോഴും സ്മരിച്ച് അവിടുത്തെ രൂപം ധ്യാനിച്ച്, രാപ്പകൽ അനുസരിച്ച് കഴിയുന്നവരാണ്. കൊല്ലുന്നത് ശരിയോ തെറ്റോ എന്നറിയില്ല. അതാലോചിക്കേണ്ട കാര്യവും ഞങ്ങൾക്കില്ല. ഗുരുകല്പന ഉടനെ അനുസരിക്കലാണ് ഞങ്ങളുടെ ചുമതലയും ധർമ്മവും' അപ്പോൾ ബാബ പറഞ്ഞു ബാബ തന്നെ കൊല്ലലും ബലിയും നടത്തിക്കോളാമെന്ന്. ഒടുവിൽ ആടിനെ ഫക്കീർമാരിരിക്കുന്ന താക്കിയക്കടുത്തുവെച്ച് ശരിപ്പെടുത്താമെന്ന് തീർച്ചയാക്കി. അങ്ങോട്ടു കൊണ്ടുപോകും വഴിക്ക് ആട് ചത്തു വീണു.

ശിഷ്യന്മാർ മൂന്നുതരക്കാരാണ് (1) ഒന്നാമതായി ഏറ്റവും നല്ല ശിഷ്യന്മാർ (2) രണ്ടാമത് ഇടത്തരക്കാർ (3) മൂന്നാമത് സാധാരണതരം. ഒന്നാമത്തെ തരത്തിൽപ്പെട്ടവർ ഗുരുവിന് വേണ്ടത് അറിഞ്ഞു പറയാതതെന്നെ പ്രവൃത്തിക്കുന്നു. രണ്ടാമത്തെ തരക്കാർ ഗുരുകല്പന അക്ഷരം പ്രതി നിറവേറ്റുന്നവരാകുന്നു. മൂന്നാമത്തെ തരക്കാർ കല്പന നടപ്പാക്കൽ നീട്ടിവെക്കുകയും അതിൽ തെറ്റുപറ്റിക്കുകയും ചെയ്യുന്നവരാകുന്നു. ശിഷ്യൻ സ്ഥിരോത്സാഹവും ഉറച്ച വിശ്വാസമുള്ളവനാണെങ്കിൽ ലക്ഷ്യത്തിൽ നിന്ന് വളരെ അകലെയൊന്നുമല്ല. പ്രാണായാമവും ഹഠയോഗവും ഒന്നും ആവശ്യമില്ല. മുൻപറഞ്ഞ ഗുണങ്ങളുള്ള ശിഷ്യന് സ്വമേധയാ ഗുരുക്കന്മാർ പ്രത്യക്ഷപ്പെട്ട് അതാതവസരം മുന്നോട്ടു പോവാനുള്ള ഉപദേശങ്ങൾ കൊടുക്കുന്നു. അടുത്ത അദ്ധ്യായത്തിൽ ബാബയുടെ കളിതമാശകളെപ്പറ്റി രസകരമായ കാര്യങ്ങൾ പറയാം.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ !

# അദ്ധ്യായം - 24



*ബാബയുടെ തമാശകൾ ചണക്‌ലീല - (1) ഹേമദ് പാന്ത് (2) സുദാമ (3) അന്നാചിൻചാനിക്കർ മാവുസിബായി.*

അടുത്ത അദ്ധ്യായത്തിൽ ഇന്നത് പറയാമെന്ന് പറയുന്നത് ഒരു വിധം അഹംഭാവമാണ്. മുഴുവൻ അഹംഭാവവും സദ്ഗുരുവിൽ സമർപ്പിക്കാത്ത പക്ഷം ഒന്നും നടക്കുന്നില്ല. അഹംഭാവരഹിതനായാൽ വിജയം സുസാദ്ധ്യമാണ്.

സായിബാബയെ ആരാധിക്കുന്നതിൽ നിന്നും ലൗകികവും അദ്ധ്യാത്മികവുമായ നേട്ടവും കൈവരുന്നു. അത് നമ്മുടെ സ്വാഭാവമായി തീർന്ന് ആനന്ദം കൈവരുന്നു. അതിനാൽ ഇതുകേട്ട് നേട്ടം കൈവരിക്കാനാഗ്രഹിക്കുന്നവർ ഈ ലീലകളിൽ ശ്രദ്ധിച്ചു അവയെപ്പറ്റി സ്മരിക്കണം. അങ്ങിനെ ചെയ്താൽ പരമാനന്ദം അനുഭവിക്കാറാകും.

## ചണക് ലീല - തമാശകൾ

ഷിർദ്ദിയിൽ എല്ലാ ഞായറാഴ്ചയും ചന്ത പതിവുണ്ട്. അയൽ ഗ്രാമക്കാർ അന്ന് അവിടെ വന്ന് നിരത്തിൽ

കടകെട്ടിയുണ്ടാക്കി വ്യാപാരം ചെയ്തുപോവും എല്ലാ ദിവസവും ഉച്ചക്ക് മസ്ജിദിൽ തിരക്കായിരിക്കും. ഞായറാഴ്ച ഉച്ചക്ക് തിരക്ക്കൊണ്ട് ശ്വാസംമുട്ടിപ്പോവും. ഒരു ഞായറാഴ്ച ഉച്ചക്ക് ഹേമദ്പാന്ത് ബാബയുടെ കാൽ തലോടി ഇരിക്കയായിരുന്നു. ശാമ ബാബയുടെ ഇടത്തും വാമൻറാവു മുന്നിലും ഇരിപ്പുണ്ട്. ശ്രീമാൻ ഭൂട്ടിയും കാക്കാസാഹെബ് ദീക്ഷിതും മറ്റുപലരും അവിടെയുണ്ട്. ശാമ ചിരിച്ച് ഹേമദ്പാന്തിനോട് പറഞ്ഞു. ‘അന്നാ സാഹെബ്! നിങ്ങളുടെ കോട്ടിന്റെ കയ്യിൽ കുറെ കടല പറ്റികിടക്കുന്നുണ്ട്. ‘ഹേമദ്പാന്ത് ഇടം കയ്യിന്റെ ഭാഗം പരിശോധിച്ചു. അപ്പോൾ കുറെ കടലമണികൾ താഴെ വീണത് ആളുകൾ പെറുക്കി എടുത്തു. ഇത് തമാശക്ക് വഴികൊടുത്തു. അവിടെയുള്ളവർ കടല അവിടെ എത്താൻ പല കാരണങ്ങളും പറഞ്ഞ് ചിരിക്കാൻ തുടങ്ങി. ഹേമദ്പാന്തിനും അത് അങ്ങിനെ അവിടെയെത്താനുള്ള കാരണം മനസ്സിലായില്ല. ആർക്കും ശരിയായ കാരണം പറയാൻ കഴിയാഞ്ഞപ്പോൾ ബാബ പറഞ്ഞു.

ബാബ : ‘ഈയാൾക്ക് ഒറ്റക്ക് തിന്നുന്ന ഒരു ദുസ്വാഭാവമുണ്ട്. ഇന്ന് ചന്തയല്ലെ. അയാൾ കടലതിന്നു കൊണ്ടാണിവിടെ വന്നത്. എനിക്കീ സ്വഭാവമറിയാം. അതിന്റെ തെളിവാണ് കടലമണികൾ. ഇതിലെന്താണ തിശയിക്കാനുള്ളത് ?

ഹേമദ്പാന്ത്: ‘ബാബ ഞാൻ ഒറ്റക്ക് തിന്നലെ ഇല്ല. പിന്നെ എന്തിനാണീ ദുസ്വഭാവം എന്നിൽ ആരോപിക്കുന്നത്? ഞാൻ ഷിർദ്ദി ചന്തയിൽ ഇന്ന് പോയിട്ടേ ഇല്ല. പിന്നെ എങ്ങിനെ കടലവാങ്ങി തിന്നാനാണ്? മറ്റുള്ളവർക്ക് കൊടുക്കാതെ ഞാനൊന്നും തിന്നലെ ഇല്ല’.

ബാബ: ‘ശരിയാണ്, നീ അടുത്തുള്ളവർക്ക് കൊടുത്തെ തിന്നലുള്ളു. അടുത്താരുമില്ലെങ്കിൽ നാം എന്തുചെയ്യും? പക്ഷെ

തിന്നുന്നതിനു മുമ്പ് എന്നെ ഓർക്കലുണ്ടോ? ഞാനെപ്പോഴും കൂടെയില്ലേ? അപ്പോൾ നീ തിന്നുന്നതിനുമുമ്പ് എനിക്ക് വല്ലതും തരലുണ്ടോ?'.

**തത്വം**

ഈ സംഭവത്തിൽ ബാബ പഠിപ്പിച്ച പാഠം നോക്കുക. നമ്മുടെ ഇന്ദ്രിയങ്ങളും, മനസ്സും, ബുദ്ധിയും എന്താസ്വദിക്കുകയാണെങ്കിലും ബാബയെ മുൻകൂട്ടി വിചാരിച്ചാൽ അത് ഒരു നൈവേദ്യമായി എന്ന്. ഇന്ദ്രിയങ്ങൾക്കു ലക്ഷ്യങ്ങളെ വിധേയമാക്കാതിരിക്കാൻ സാദ്ധ്യമല്ല. പക്ഷെ അവയെ ആദ്യം ഗുരുവിന് സമർപ്പിച്ചാൽ, അവയിലുള്ള ആസക്തി ഇല്ലാതാവുന്നു. ഇങ്ങിനെ ആഗ്രഹം, കോപം, ദുരാശ മുതലായ എല്ലാ വൃത്തികളും ആദ്യം ഗുരുവിന് സമർപ്പിച്ചാൽ ഗുരു അവയെ ഇല്ലായ്മ ചെയ്യുന്നു. ആസ്വദിക്കുന്നതിന് മുമ്പ് ബാബ സമീപത്തുണ്ടെന്ന് സങ്കല്പിക്കുക. അപ്പോൾ അത് ആസ്വദിക്കാൻ പറ്റിയതോ അല്ലാത്തതോ എന്ന് ആലോചന വരും. അപ്പോൾ ആസ്വാദനത്തിന് പറ്റാത്തവ ഉപേക്ഷിച്ച്, ദുഃസ്വഭാവം ഇല്ലായ്മചെയ്യും. ഗുരുവിനോടുള്ള ഭക്തിയും വർദ്ധിക്കും. ജ്ഞാനം തന്നെത്താൻ പൊട്ടിമുളക്കും. അങ്ങിനെ ശരീരമാണ് നാമെന്ന ചിന്തമാറി, നാം പരമാത്മാവാണെന്ന ബോധം വളർന്ന് വരും. അപ്പോൾ ആനന്ദവും തൃപ്തിയും ലഭിക്കും. ഗുരുവും ദൈവവും ഭിന്നമല്ല. അവ തമ്മിൽ വ്യത്യാസം കാണുന്നവർ ദൈവത്തെ കാണുന്നില്ല. അപ്പോൾ വ്യത്യസ്ത ചിന്ത ഒഴിവാക്കി ഗുരുവെയും ദൈവത്തേയും ഒന്നായി കാണണം. അങ്ങിനെ ഗുരുവെ മേൽപ്രകാരം സേവിച്ചാൽ ദൈവം മനശുദ്ധിയുണ്ടാക്കി ആത്മജ്ഞാനം പ്രദാനം ചെയ്യും. ചുരുക്കത്തിൽ എന്തും ഗുരുവിന്നു കൊടുത്തേ നാം





അനുഭവിക്കാവൂ. ഇങ്ങിനെ ശീലിച്ചാൽ നമുക്ക് സദാ ബാബയെ ധ്യാനിക്കാൻ കഴിയും ബാബയുടെ സഗുണരൂപം മുന്നിൽ എപ്പോഴുമുണ്ടായിരിക്കും. അപ്പോൾ ഭക്തി, നിസ്സംഗത്വം, മുക്തി ഇത് നമുക്ക് ഉറപ്പാണ്. അങ്ങിനെ ബാബാരൂപം മനസ്സിൽവെച്ചാൽ വിശപ്പ്, ദാഹം, സംസാരം എല്ലാം മറക്കും. ലൗകിക സുഖങ്ങളിലെ ആസക്തി ഇല്ലാതായി മനസ്സിന്ന് ശക്തിയും സന്തോഷവും സിദ്ധിക്കും.

## സുദാമാവിന്റെ കഥ

ശ്രീകൃഷ്ണനും ബാലരാമനും ഒരു സതീർത്ഥ്യനായ സുദാമാവോടു കൂടി, സാന്ദീപനിയുടെ ആശ്രമത്തിൽ പഠിക്കാൻ താമസിച്ചു. ഒരിക്കൽ കൃഷ്ണനെയും ബലരാമനെയും കാട്ടിൽ വിറകിന്നയച്ചപ്പോൾ മൂന്നു പേർക്കും തിന്നാൻ കുറെ കടലയും കൊടുത്തയച്ചു. കൃഷ്ണൻ സുദാമാവിനെ കാട്ടിൽവെച്ച് കണ്ടപ്പോൾ ചോദിച്ചു. 'ദാദാ എനിക്ക് വെള്ളം വേണം. സുദാമാവ് പറഞ്ഞു: 'വെറും വയറിൽ വെള്ളം കുടിക്കരുത്. കുറച്ച് വിശ്രമിച്ചോളു. കടലയുടെ വർത്തമാനമെ പറഞ്ഞില്ല. കൃഷ്ണൻ ക്ഷീണിതനായി സുദാമാവിന്റെ മടിയിൽ തലവെച്ച് കിടന്ന് കൂർക്കം വലിച്ചുറങ്ങി. ഇത് കണ്ട് സുദാമാവ് കടല എടുത്ത് തിന്നാൻ തുടങ്ങി. കൃഷ്ണൻ ചോദിച്ചു. 'ദാദാ! എന്താ തിന്നുന്നത്? എന്താ ഒച്ച കേൾക്കുന്നത്? സുദാമാവ് മറുപടി പറഞ്ഞു: 'എന്ത് തിന്നാനുണ്ട്? ഞാൻ തണുത്ത് വിറച്ച് പല്ലുകടിക്കുന്നതാണ്. എനിക്ക് വിഷ്ണു സഹസ്രനാമം ജപിക്കാൻപോലും കഴിയുന്നില്ല' ഇതുകേട്ട് പരമാത്മാവായ കൃഷ്ണൻ പറഞ്ഞു. 'ഞാൻ ഒരു സ്വപ്നം കണ്ടു. അതിൽ ഒരാൾ മറ്റൊരാൾക്കുള്ളത് തിന്നുകയാണ്. മറ്റെയാൾ ചോദിച്ചപ്പോൾ എന്തുമണ്ണാണ് തിന്നാന്നുള്ളതെന്നാണ് അയാൾ ചോദിച്ചത്.

മറ്റെയാൾ അങ്ങിനെയാവട്ടെ എന്നും പറഞ്ഞു. ദാദ ഇതൊരു സ്വപ്നമാണ്. എന്നെ കൂടാതെ നിങ്ങളൊന്നും തിന്നില്ലെന്ന് എനിക്കറിയാം. സ്വപ്നത്തിന്റെ പ്രേരണാ ശക്തികൊണ്ട് നിങ്ങളെന്താണ് തിന്നുന്നതെന്ന് ചോദിച്ചു പോയതാണ്. 'സുദാമാവിന് കൃഷ്ണപരമാത്മാവിന്റെ ലീല മനസ്സിലായിരുന്നെങ്കിൽ അപ്രകാരം ചെയ്യില്ലായിരുന്നു. പിന്നീട് അതിന്ന് അയാൾക്ക് അനുഭവിക്കേണ്ടിവന്നത് കഷ്ടപ്പാടാണ്. ജീവിതം മുഴുവൻ ദരിദ്രനായിക്കഴിഞ്ഞു. പിന്നീട് ഭാര്യ കഷ്ടപ്പെട്ടുണ്ടാക്കിയ ഒരു പിടി അവിൽകൊടുത്ത് പ്രീതനായ കൃഷ്ണൻ അയാൾക്ക് ഒരു സുവർണ്ണനഗരം തന്നെ പ്രദാനം ചെയ്തു. ഈ കഥ അന്യർക്ക് കൊടുക്കാതെ ഒറ്റക്ക് തിന്നുന്നവർ ഓർക്കേണ്ടതാണ്.

ശ്രുതികളിലും ആദ്യം ദൈവത്തിന് നിവേദിച്ച് ഉച്ചിഷ്ടം കഴിക്കാൻ ഉപദേശിക്കുന്നു. ബാബയും ഇതേ പാഠം തമാശരൂപത്തിൽ പഠിപ്പിച്ചു. (തേനകൃക്തേന ഭുഞ്ജീഥ- ഈശോപനിഷത്ത്)

## അന്നാചിൻ ചാനിക്കർ *VS* മാവ്സിബായി

മറ്റൊരുരസകരമായ സംഭവത്തിൽ ബാബ സമാധാനം സ്ഥാപിച്ച കഥപറയാം. ദാമോദർ ഘനശ്യാമ ബാബറെ എന്ന അന്നാചിൻ ചാനിക്കർ എന്നു പേരായ ഒരു ഭക്തനുണ്ടായിരുന്നു. അയാൾ നേർവഴിക്കാരനും ശുണ്ഠിക്കാരനുമായിരുന്നു. ആരെയും വകവെക്കാതെയും വെട്ടിത്തുറന്ന് കാര്യം പറഞ്ഞും റൊക്കച്ചവടം മാത്രം ചെയ്തും അയാൾ ജീവിച്ചു. അയാൾ പുറമെക്ക് പരുക്കനായിരുന്നെങ്കിലും യഥാർത്ഥത്തിൽ സൽസ്വാഭാവിയും നല്ലവനുമായിരുന്നു. അയാളെ ബാബ

സ്നേഹിച്ചു. പിന്നീട് അയാൾ മഹാസമാധിക്കുശേഷം മുഴുവൻ സ്വത്തും ഷിർദ്ദി സനസ്ഥാനത്തേക്ക് ഒസ്യത്തെഴുതിവെച്ചു. ഒരു ഉച്ചക്ക് എല്ലാവരും ചെയ്യുമ്പോലെ ഈ അന്നാ സാഹെബ് നിന്നുകൊണ്ട് ബാബയുടെ മരപ്പടിയിൽ വെച്ചിരുന്ന കൈ തടവുകയായിരുന്നു. വലതുഭാഗത്ത് വയസ്സായ വിധവ മാവ് സിബായി അവർക്കിഷ്ടം പോലെ ബാബയെ പരിചരിക്കുക യായിരുന്നു. അന്നേരം അവർ ബാബയുടെ ദേഹം പിടിച്ച് വയറ്റത്ത് വിരൽകൊണ്ടമർത്തി ഇളക്കി മറിക്കുകയായിരുന്നു. ഇത് വളരെ ശക്തിയോടെ ചെയ്യുന്നതുകൊണ്ട് ബാബയുടെ വയറ് പരന്ന മാതിരിയായി. ബാബ അങ്ങോട്ടും ഇങ്ങോട്ടും ഇളകികൊണ്ടിരുന്നു. അന്ന ഇളകാതെയും മാവ്സിഭായി അങ്ങോട്ടും ഇങ്ങോട്ടും ഇളകിച്ചുമാണ് പരിചരിച്ചത്. ഒരിക്കൽ അവരുടെ മുഖം അന്നയുടെ മുഖത്തിന്നടുത്തു വന്നു. അവർ തമാശയായി 'ഓ ഈ അന്ന ഒരുമാതിരിക്കാരനാണ്. എന്നെ ഉമ്മ വെയ്ക്കാൻ നോക്കുന്നു. ഇത്ര വയസ്സായി നരച്ച എന്നെ ഉമ്മ വെയ്ക്കാൻ ഇയാൾക്ക് ലജ്ജയില്ലല്ലോ' എന്നു പറഞ്ഞു. ഇതുകേട്ട് കോപിച്ച അന്ന കുപ്പായക്കയ്യ് മടക്കി കയറ്റി ' നിങ്ങൾ പറയുന്നത് ഞാൻ ചീത്തയാളാണെന്നാണോ? ഞാനൊരു വിഡ്ഢിയൊന്നുമല്ല. നിങ്ങളാണ് വക്കാണം തുടങ്ങിവെച്ച് ഇത് പറയിക്കുന്നത്' എന്നു പറഞ്ഞു. അവിടെകൂടിയവരെല്ലാം ഇത് കണ്ട് ചിരിച്ചു. ബാബക്ക് അവരെ രണ്ടുപേരെയും ഇഷ്ട മായതിനാൽ വളരെ സമർത്ഥമായി അവരെ സമാധാനിപ്പിച്ചു. ബാബ പറഞ്ഞു. 'ഒ അന്ന! എന്തിനാണ് വെറുതെ ഇങ്ങനെ ഒച്ചപ്പാടുണ്ടാക്കുന്നത്? അമ്മയെ ഉമ്മ വെക്കുന്നതിൽ എന്താണ് വിരോധമെന്ന് എനിക്ക് മനസ്സിലാവുന്നില്ല.'ഇതുകേട്ട് അവർ രണ്ടുപേരും സമാധാനപ്പെട്ടു. എല്ലാവരും ചിരിച്ചു. ബാബയുടെ അവസരോചിതമായ വാക്കുകൾ പ്രശംസിച്ചു.

## ബാബയുടെ സ്വഭാവം - ഭക്തരെ ആശ്രയിക്കൽ

ബാബക്ക് ഭക്തന്മാർ അവരുടെ ഇഷ്ടപ്രകാരം സേവിക്കുന്നതാണിഷ്ടം ആരും അതിലിടപെടുന്നത് ബാബ സമ്മതിക്കില്ല. ഒരു ഉദാഹരണമായി ഇതേ മാവ്സിബായി ബാബയുടെ വയറ് തിരുമ്മുകയായിരുന്നു അവരുപയോഗിക്കുന്ന ബലവും പരുക്കത്തരവും കണ്ട് എല്ലാ ഭക്തന്മാരും ഭയപ്പെട്ടു. അവർ' അമ്മെ കുറച്ച് സാവധാനത്തിൽ ചെയ്യൂ അല്ലെങ്കിൽ ബാബയുടെ ഞരമ്പുകൾ പൊട്ടും' എന്ന് പറഞ്ഞു. ഇതുകേട്ട് ബാബ എണീറ്റ് സത്കകൊണ്ട് നിലത്തടിച്ചു. ബാബ കോപിച്ച് കണ്ണുകൾ തീക്കനൽപോലെയായി. ആർക്കും ബാബയുടെ മുന്നിൽ നിൽക്കാൻ ധൈര്യം വന്നില്ല. ഉടനെ ബാബ സത്ക്കയുടെ തല പൊക്കിൾ കുഴിയിൽവെച്ച് മറ്റെ തല തൂണിന്മേൽ വെച്ച് വയറമർത്താൻ തുടങ്ങി. രണ്ടുമൂന്നടി നീളമുള്ള സത്ക ബാബയുടെ ദേഹത്ത് ഇറങ്ങി പോവുന്നതുപോലെ തോന്നി. എല്ലാവരും വയർ പൊട്ടി പോകുമോ എന്ന് ഭയപ്പെട്ടു. ബാബ പിന്നെയും പിന്നെയും തൂണിനടുക്കലേക്ക് നീങ്ങുകയാണ്. ബാബ തൂണ് കടന്നുപിടിച്ച് അമർത്താൻ തുടങ്ങി. എല്ലാവരും പേടിച്ച് സ്തബ്ധരായി. ബാബ ഭക്തനുവേണ്ടിയാണ് ഈ സാഹസം അനുഭവിച്ചത്. മറ്റുള്ളവർ മാവ്സിബായിക്ക് സൂചനകൊടുത്തത് ബാബക്ക് വിഷമം ഏല്പിക്കരുതെന്നുവെച്ചാണ്. ഇത് സദുദ്ദേശത്തിൽ ചെയ്തതാണെങ്കിലും ബാബക്ക് ഇഷ്ടപ്പെട്ടില്ല. അവരുടെ സദുദ്ദേശപരമായ വാക്ക് ഇങ്ങിനെ ആയിപ്പോയതിൽ അവർ അതിശയിച്ചു. ഭാഗ്യവശാൽ ബാബയുടെ കോപം ഉടനെ ശമിച്ചു. സത്കവിട്ട് ആസനത്തിലിരുന്നു. അന്നുതൊട്ട് ഭക്തന്മാർ ആരുടെ സേവനത്തിലും ഇടപെടരുതെന്നും അതിന്റെ ഗുണദോഷം അളക്കാൻ ബാബക്ക് തന്നെയാണ് ശരിക്കറിയുക എന്നും മനസ്സിലാക്കി.

ശ്രീ സായിയെ നമിക്കുവിൻ- ലോകശാന്തി ഭവിക്കട്ടെ!

# അദ്ധ്യായം - 25



*അഹമ്മദ് നഗറിലെ ദാമു അന്നാകാസർ-1)കച്ചവടം 2) ആമ്ര ലീല.*

## മുഖവുര

മഹായോഗേശ്വരനും പരബ്രഹ്മവും ഈശ്വരാത്മാവുമായ സായിബാബയെ സാഷ്ടാംഗം പ്രണമിച്ച് ഈ അദ്ധ്യായം തുടങ്ങാം. സിദ്ധന്മാരിൽ ചൂഡാമണിയും, സർവ്വമംഗള നിവാസസ്ഥാനവും, നമ്മുടെ ആത്മാരാമനും, ഭക്തന്മാരുടെ അഭയക്ഷേത്രവുമായ സായിനാഥന് വിജയം ഘോഷിക്കട്ടെ. ജീവിത ലക്ഷ്യവും ഉദ്ദേശവും കൈവന്ന ആ മഹാത്മാവിനെ നമസ്കരിക്കുക.

സായിബാബ എല്ലായ്പ്പോഴും കരുണാപൂർണ്ണനാണ്. നമ്മുടെ കൃത്യം മനസ്സറിഞ്ഞ ഭക്തിമാത്രമാണ്. ഒരു ഭക്തന് ഉറച്ചവിശ്വാസവും ഭക്തിയുമുണ്ടെങ്കിൽ അയാൾ ആഗ്രഹിക്കുന്നതെന്തും നടക്കും. ഹേമദ്പാന്തിന് സായി ബാബയുടെ ലീലകളെപ്പറ്റി എഴുതാൻ ആഗ്രഹം വന്നപ്പോൾ ബാബതന്നെ അവ എഴുതിക്കാൻ അയാളെ സഹായിച്ചു. കുറിപ്പുകളും മറ്റും എടുക്കാൻ പറഞ്ഞതോടുകൂടി ഹേമദ്പാന്തിന് പ്രചോദനം

സിദ്ധിച്ചു. പിന്നെ എഴുതാൻ ഒരു പ്രശ്നമായില്ല. അദ്ദേഹം അതിന് പ്രാപ്തനല്ലെന്നു പറയുന്നെങ്കിലും സായിബാബയെ സംബന്ധിച്ച അമൃതവർഷം പെയ്യുന്ന സോമകാന്ത ശിലപോലുള്ള ഈ സച്ചരിതം നമുക്കു കിട്ടി.

ആർക്കെങ്കിലും ബാബയിൽ പരിപൂർണ്ണ വിശ്വാസം ജനിച്ചാൽ അവരുടെ സകല കഷ്ടതകളും ബാബ ഇല്ലായ്മ ചെയ്യുന്നു. അഹമ്മദ് നഗറിലെ ദാമോദർ സവലറാം രസാനി കാസറിന്റെ അഥവാ ദാമു അന്നയുടെ കഥ ഇതിന്നു ദാഹരണമായ് താഴെകൊടുക്കുന്നു.

## ദാമു അന്ന

ഈ ഭക്തനെപറ്റി 6-ാം അദ്ധ്യായത്തിൽ രാമനവമി ഉത്സവത്തെ സംബന്ധിച്ച് പറഞ്ഞപ്പോൾ പ്രതിപാദിച്ചത് വായനക്കാർ ഓർമ്മിക്കുന്നുണ്ടാവാം. 1895-ലെ രാമനവമി ഉത്സവത്തിന് ഷിർദ്ദിയിൽപോയ കാലംമുതൽ ഈയാളുടെ വക ഭംഗിയുള്ള ചിത്രപണി ചെയ്ത ഒരു കൊടിക്കൂറ രാമനവമി ഉത്സവത്തിന് എഴുന്നള്ളിക്കാറുണ്ട്. ഉത്സവത്തിനു വരുന്ന സാധുകൾക്കും ഫക്കീർമാർക്കും ഇയാൾ ഭക്ഷണം കൊടുക്കുന്നു.

## അയാളുടെ ഊഹക്കച്ചവടം (1) പരുത്തി

ദാമു അന്നയുടെ ഒരു ബോംബെ സുഹൃത്ത് കൂറായി കുറച്ചു പരുത്തിക്കച്ചവടം ചെയ്യാനെഴുതി. അന്നത്തെ നിലവാരപ്രകാരം അതിൽ രണ്ടു ലക്ഷം ഉറുപ്പിക ലാഭം കിട്ടു. ദാമുഅന്ന, ബി. വി. നരസിംഹസാമിയോട് പറഞ്ഞത്, കത്ത് ഒരു ബ്രോക്കർ അയച്ചതാണെന്നും, അയാൾ മാത്രം കച്ചവടം ചെയ്യാനാണെന്നുമാണ്. ബ്രോക്കർ, കച്ചവടത്തിൽ നഷ്ട





സാദ്ധ്യതയില്ലെന്നും ഉടനെ ചെയ്യണമെന്നുമാണ് എഴുതിയത്. ദാമു അന്നക്ക് എന്തു ചെയ്യണമെന്നറിയാതെയായി. ബാബാ ഭക്തനായതിനാൽ എല്ലാ വിവരവും വെച്ച് ശാമക്കെഴുതി ബാബയുടെ അഭിപ്രായം അറിയാൻ പറഞ്ഞു. ശാമകത്ത് പിറ്റേന്ന് കിട്ടിയപ്പോൾ അതുകൊണ്ട് മസ്ജിദ്ദിൽപോയി ബാബയുടെ കാൽക്കൽവെച്ചു. ബാബ എന്താണത് ആരുടെ കത്താണെന്ന് ചോദിച്ചു. ദാമു അന്നക്ക് ഒരു കാര്യം അറിയാനാണ് എന്നു പറഞ്ഞു. ബാബ പറഞ്ഞു 'അയാളെന്താണെഴുതിയത്? എന്താണയാളുടെ പരിപാടി? അയാൾക്ക് ദൈവം കൊടുത്തതിൽ തൃപ്തി വരാതെ ആകാശം കടന്നുപിടിക്കാൻ നോക്കയാണ് കത്ത് വായിക്കൂ.' ശാമ പറഞ്ഞു കത്ത് അത് തന്നെയാണ്. ദേവ! അവിടുന്ന് ഇവിടെ ഇരുന്ന് ഭക്തന്മാർക്ക് പരിഭ്രമം വരുമ്പോൾ ഇങ്ങോട്ടേക്ക് നേരിട്ടോ കത്ത് മൂലമോ ആകർഷിക്കുന്നു. കത്തിലെ വിവരം അറിഞ്ഞ് എന്നെകൊണ്ടെന്തിനാണ് വായിപ്പിക്കുന്നത്? ബാബ പറഞ്ഞു. 'ശാമ! ദയവ് ചെയ്ത് വായിക്കൂ. ഞാനെന്തെങ്കിലും പറഞ്ഞാൽ ആരു വിശ്വസിക്കാൻ'.

ശാമ കത്തുവായിച്ചത് ബാബ ശ്രദ്ധിച്ചു. പിന്നീട് പറഞ്ഞു 'ശേട്ടുവിന് ഭ്രാന്താണ്. അയാളുടെ വീട്ടിൽ ഒന്നിന്റെയും കുറവില്ലെന്നും ഇപ്പോഴുള്ളതുകൊണ്ട് തൃപ്തിപ്പെട്ടാൽ മതിയെന്നും ലക്ഷത്തിന്റെ പിന്നാലെ പോകേണ്ടെന്നും മറുപടി എഴുതൂ.'ശാമ മറുപടി അയച്ചു. ദാമു അന്ന അതിന് കാത്തിരി ക്കുകയായിരുന്നു. അത് വായിച്ചപ്പോൾ ലക്ഷക്കണക്കിൽ ലാഭത്തിനുള്ള പ്രതീക്ഷ തകർന്നുപോയതാണ് കണ്ടത്. ബാബയോട് ആലോചിക്കേണ്ടായിരുന്നു എന്നയാൾ കരുതി. ശാമ നേരിട്ടുവന്നു. ബാബയോട് ചോദിക്കുന്നത് നന്നായിരിക്കും എന്ന് സൂചിപ്പിച്ചതനുസരിച്ച് അയാൾ നേരിട്ട് ഷിർദ്ദിയിൽ വന്നു ബാബയെ ദർശനം ചെയ്തു നമസ്കരിച്ച് ബാബയുടെ

കാലുതലോടി ഇരുന്നു. ബാബയോട് നേരിട്ട് ചോദിക്കാൻ ധൈര്യം പോരാഞ്ഞ് ബാബ സമ്മതിക്കുന്ന പക്ഷം ലാഭത്തിൽ ഒരു പങ്ക് ബാബക്ക് കൊടുക്കാമെന്ന് മനസ്സിൽ വിചാരിച്ചു. ബാബയിൽ നിന്ന് ഒന്നും ഒളിച്ചുവെക്കാൻ സാദ്ധ്യമല്ലല്ലോ. ഭൂതം, ഭാവി, വർത്തമാനം മുഴുവൻ സർവ്വന്തര്യാമിയായ ബാബക്ക് അറിയാം. കുട്ടി മിഠായി ചോദിക്കുമ്പോൾ അമ്മ കയ്പ് മരുന്ന് കൊടുക്കുന്നു. ആദ്യത്തേത് ആരോഗ്യം നശിപ്പിക്കും, രണ്ടാമത്തേത് നന്നാക്കും. അതു പ്രകാരം ബാബ ദാമു അന്നയുടെ മനസ്സിലെ കാര്യം അറിഞ്ഞു ഇപ്രകാരം പറഞ്ഞു:'ബാപ്പു എന്നെ ഇമ്മാതിരി ലാഭം വീതിക്കലും മറ്റുമായ ലൗകികത്തിലേക്ക് വലിച്ചിഴക്കണ്ട'. ബാബയുടെ ഇംഗിതം അറിഞ്ഞ് ദാമു അന്ന ആ കച്ചവടം വേണ്ടെന്നു വച്ചു.

## ധാന്യകച്ചവടം

പിന്നീടയാൾ ധാന്യങ്ങൾ, അരി, ഗോതമ്പ് മുതലായ കച്ചവടം ചെയ്യാൻ ആലോചിച്ചു. ഇതും ബാബ മനസ്സിലാക്കി പറഞ്ഞു: 'നീ ഉറുപ്പികക്ക് 5 സേറ് വാങ്ങി 7 സേറ് വില്ക്കേണ്ടി വരും'. അതുകൊണ്ട് അതും വേണ്ടെന്നുവച്ചു. കുറച്ചു ദിവസങ്ങളും കൂടി ധാന്യവില സ്ഥിരമായി നിന്നെങ്കിലും ഒരു മാസത്തിനിടക്ക് നല്ല മഴപെയ്ത കാരണം ധാന്യങ്ങൾക്ക് വിലയിടിഞ്ഞു. ധാന്യം സ്റ്റോക്കുവെച്ചവർക്ക് വമ്പിച്ച നഷ്ടം പറ്റി. ദാമു അന്നയെ നഷ്ടത്തിൽനിന്ന് രക്ഷിച്ചു. ബ്രോക്കർ മറ്റൊരു കച്ചവടക്കാരന് പരുത്തികച്ചവടം ചെയ്ത് കൊടുത്തത് വമ്പിച്ച നഷ്ടത്തിൽ കലാശിച്ചു. അങ്ങിനെ രണ്ടു ദുരന്തങ്ങളിൽ നിന്ന് തന്നെ രക്ഷിച്ച ബാബയുടെ ഒരു അടിയുറച്ച വിശ്വാസിയായ ദാമുഅന്ന, മഹാസമാധിവരെയും അതിനു ശേഷവും ഭക്തനായിതന്നെ തുടരുന്നു.

## ആമ്രലീല അഥവാ മാങ്ങയുടെ അതിശയം

ഒരിക്കൽ 300 നല്ല മാങ്ങായടങ്ങുന്ന ഒരു പാർസൽ ഷിർദ്ദിയിൽ കിട്ടി. അത് റാലി എന്ന മംലത്ത് ദാർ ബാബക്ക് ശാമയുടെ പേരിൽ ഗോവയിൽ നിന്നയച്ചതായിരുന്നു. പാർസൽ തുറന്നപ്പോൾ എല്ലാ മാങ്ങയും നല്ല പാകം വന്നിരുന്നു. അവ ശാമയെ ഏല്പിച്ച് ബാബ നാലെണ്ണം അദ്ദേഹത്തിന്റെ മൺപാത്രത്തിൽവെച്ചു. ബാബ പറഞ്ഞു:'ഈ നാലു മാങ്ങ ദാമു അന്നക്കാണ്; അവിടെ കിടക്കട്ടെ.'

ഈ ദാമു അന്നക്ക് മൂന്നു ഭാര്യമാരുണ്ടായിരുന്നു. (അയാൾ പറഞ്ഞത് രണ്ട് ഭാര്യമാരാണെന്നാണ്) കുട്ടികളില്ലായിരുന്നു. അയാൾ പല ജ്യോത്സ്യന്മാരേയും കാണുകയും സ്വന്തം ജ്യോതിഷം പഠിക്കുകയും ചെയ്തു. അയാൾക്ക് ഒരു പാപഗ്രഹത്തിന്റെ ദോഷഫലത്താൽ ഈ ജന്മം സന്താനങ്ങളുണ്ടാവില്ലെന്നാണ് ഫലം. ദാമു അന്ന കുറച്ചു കഴിഞ്ഞപ്പോൾ ഷിർദ്ദിയിൽ വന്നു. ബാബ 'മറ്റുള്ളവർ ഈ മാങ്ങക്ക് വേണ്ടി നോക്കുകയാണ്. ഇവ ദാമുവിനുള്ളതാണ്. അതിന്നുള്ള ആൾ അത് തിന്നുമരിക്കട്ടെ' എന്നു പറഞ്ഞു. ദാമു അന്ന അതുകേട്ട് പരിഭ്രമിച്ചപ്പോൾ മഹൽസാപതി മരണം എന്നത് അഹംഭാവത്തിന്റേതാണെന്നും അത് ബാബയുടെ മുന്നിൽ തന്നെയാണ് നശിപ്പിക്കേണ്ടതെന്നും പറഞ്ഞു. ദാമു അന്ന ഉടനെ തിന്നാൻ തയ്യാറായി. ബാബ പറഞ്ഞു: 'നീ തിന്നണ്ട, നിന്റെ ഇളയഭാര്യക്ക് കൊടുക്ക് ഈ ആമ്രലീല അവൾക്ക് നാലാൺ മക്കളെയും, നാലു പെൺമക്കളെയും കൊടുക്കും.' അപ്രകാരം ചെയ്യുകയും ബാബയുടെ വാക്കു ഫലിക്കുകയും ചെയ്തു.

ബാബ ജീവിച്ചിരിക്കെ പറഞ്ഞ വാക്കുകൾക്ക് അതിയായ ശക്തിയും ഫലവുമായിരുന്നു. അതിശയമെന്നു പറയട്ടെ ! മഹാസമാധിക്കു ശേഷവും ഇതു തന്നെയായിരുന്നു നടന്നത്. ബാബ പറയും. ' എന്നെ വിശ്വാസിച്ചാലും! ഞാൻ മരിച്ചാലും എന്റെ ശവകൂടീരത്തിലുള്ള അസ്ഥികൾ നിങ്ങൾക്ക് സമാധാനവും ആശയും തരും. ഞാൻ മാത്രമല്ല എന്റെ ശവകൂടീരം സംസാരിക്കുകയും, സഞ്ചരിക്കുകയും എനിക്കർപ്പിക്കപ്പെട്ടവരോട് ബന്ധം പുലർത്തുകയും ചെയ്യും. ഞാൻ നിങ്ങളോടൊപ്പമില്ലെന്ന് കുണ്ഠിതപ്പെടരുത്. എന്റെ അസ്ഥികൾ നിങ്ങളുമായി സംസാരിക്കുന്നതും കുശലങ്ങള ന്വേഷിക്കുന്നതും നിങ്ങൾക്കു കേൾക്കാം. എന്നെ സദാ സ്മരിച്ച് എന്നെ പരിപൂർണ്ണമായി വിശ്വസിച്ചാൽ നിങ്ങൾക്ക് അതിന്നുള്ള നേട്ടമുണ്ടാവും'.

## പ്രാർത്ഥന

ഹേമദ്പാന്ത് ഈ അദ്ധ്യായം ഒരു പ്രാർത്ഥനയിൽ അവസാനിപ്പിക്കുന്നു. 'ഓ സായി സദ്ഗുരോ! ഭക്തന്മാരുടെ കല്പതരൂ! ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങൾ ഒരിക്കലും അവിടുത്തെ പാദങ്ങൾ മറക്കുകയോ കാണാതിരിക്കുകയോ ചെയ്യരുത്. ഈ സംസാരത്തിൽ ഞങ്ങൾ ജനനമരണങ്ങളാൽ വ്യാകുലരാണ്. ഇനി ഞങ്ങളെ ജനനമരണങ്ങളിൽ നിന്ന് മോചിപ്പിച്ചാലും. ഞങ്ങളെ ഇന്ദ്രിയങ്ങളുടെ പിന്നാലെ സുഖത്തിനുവേണ്ടി അലയിപ്പിക്കാതെ അന്തർമുഖമാക്കി ആത്മനെ കാണുവാൻ സഹായിച്ചാലും മനസ്സിന്റെയും ഇന്ദ്രിയങ്ങളുടെയും ബഹിർമുഖത നിയന്ത്രിക്കാത്ത പക്ഷം ആത്മസാക്ഷാൽക്കാരം സാദ്ധ്യമല്ല. സന്താനപത്നി സുഹൃത് സംഘങ്ങളൊന്നും അന്ത്യകാലത്ത് സഹായകമല്ല. അവിടുന്ന് മാത്രമാണ് മുക്തിയും തുഷ്ടിയും തരാനുള്ളത്. ഞങ്ങളുടെ

ദുഷ്ടവിചാരങ്ങളെയും വാദമനഃസ്ഥിതിയെയും നശിപ്പിച്ചാലും. നാക്ക് അവിടുത്തെ നാമം ജപിക്കട്ടെ. നല്ലതും ചീത്തയുമായ എല്ലാതരം ചിന്തകളും കളഞ്ഞ് ഞങ്ങൾ വീടും ദേഹവും എല്ലാം മറന്ന് അഹംഭാവം ഇല്ലാത്തവരാവട്ടെ. അവിടുത്തെ നാമം മാത്രം സ്മരിച്ച് ബാക്കി എല്ലാം ഞങ്ങൾ മറക്കട്ടെ. മനസ്സിന്റെ പതറിച്ചകൾ അകറ്റി ശാന്തമാവട്ടെ. അവിടുന്ന് ഒരിക്കൽ ഞങ്ങളെ താങ്ങിയാൽ ഞങ്ങളുടെ അറിവില്ലായ്മയുടെ ഇരുട്ട് നീങ്ങി അവിടുത്തെ പ്രകാശത്തിൽ ഞങ്ങൾ സന്തുഷ്ടരാവും. ഞങ്ങളുടെ പൂർവ്വജന്മാർജിത സുകൃതം കൊണ്ടാണ് അവിടുത്തെ ലീലകളാകുന്ന അമൃതം പാനം ചെയ്ത് ഞങ്ങൾക്ക് നിദ്രയിൽനിന്നുണരാൻ കഴിഞ്ഞത്‘.

**നോട്ട്:**

ദാമു അന്ന പറഞ്ഞ കാര്യങ്ങൾ: ‘ഒരിക്കൽ പലരുടെയും കൂടെ ഞാൻ ബാബയുടെ കാല്ക്കലിരുന്നപ്പോൾ എന്റെ മനസ്സിൽ രണ്ടു പ്രശ്നങ്ങളുണ്ടായിരുന്നു. ബാബ അവക്ക് രണ്ടിനും ഉത്തരം തന്നു.

1) പലരും സായിബാബയുടെ അരികെ കൂട്ടം കൂട്ടമായി വരുന്നു. അവർക്കെല്ലാം നേട്ടമുണ്ടാവുന്നുണ്ടോ?

ഇതിന് ബാബ വാക്കാൽ മറുപടി പറഞ്ഞു:‘ ആ മാവ് പൂത്തുനില്ക്കുന്നത് കണ്ടില്ലെ. എല്ലാ പൂക്കളും കായയായാൽ എത്രമാത്രം മാങ്ങയുണ്ടാവും! പക്ഷെ അതുണ്ടാവുന്നുണ്ടോ? പലതും പൂവായും കുരുന്നായും മൂക്കാതെയും കൊഴിഞ്ഞു വീഴുന്നു. കാറ്റടിച്ചും വീഴുന്നു. വളരെ കുറച്ചുമാത്രം പൂർണ്ണവളർച്ച എത്തുന്നു.

2) രണ്ടാമത്തെ ചോദ്യം എന്നെപ്പറ്റി തന്നെ ആയിരുന്നു. 'ബാബ ഇല്ലാതാവുമ്പോൾ ഞാൻ എന്തു ചെയ്യും'? ഇതിന് ബാബ പറഞ്ഞത് എപ്പോൾ എവിടെവെച്ചും ഞാൻ സ്മരിച്ചാൽ ബാബ കൂടെയുണ്ടാവുമെന്നാണ്. ആ വാഗ്ദത്തം 1918-ന് മുമ്പും 1918ൽ മഹാസമാധിക്കു ശേഷവും ബാബ പരിപാലിക്കുന്നു. ബാബ എന്നെ നയിക്കുന്നു. ഈ പറഞ്ഞത് 1910-11 കാലത്ത് സഹോദരൻമാർ വേർപെടുകയും എന്റെ സഹോദരി മരിക്കുകയും ചെയതപ്പോഴാണ്. അന്ന് ഒരു കളവും പോലീസ്സന്വേഷണവും എല്ലാമുണ്ടായി ഞാനാകെ മാനസികമായി തളർന്നിരുന്നു.

എന്റെ സഹോദരി മരിച്ചപ്പോൾ എന്റെ മനസ്സ് വല്ലാതെ കലങ്ങി. ഞാൻ ജീവിതം വെറുത്തു. ഞാൻ ബാബയെ കാണാൻ പോയപ്പോൾ ബാബ ഉപദേശംകൊണ്ട് സമാധാനിപ്പിച്ച് അപ്പ കുൽക്കർണ്ണിയുടെ വീട്ടിൽ നിന്ന് പുരൻപോലി വേണ്ടപോലെ തീററുകയും ചന്ദനം പൂശുകയും ചെയ്തു.

എന്റെ വീട്ടിൽ ഒരു കളവു നടന്നു. 30 കൊല്ലത്തെ പരിചയക്കാരനായ ഒരാൾ എന്റെ ഭാര്യയുടെ ആഭരണപ്പെട്ടി മോഷ്ടിച്ചു. അതിൽ മംഗളകരമായ മൂക്കുത്തിയും പെട്ടിരുന്നു. ഞാൻ ബാബയുടെ ഫോട്ടോ നോക്കി കരഞ്ഞു. പിറ്റേന്നയാൾ പെട്ടി തിരികെ കൊണ്ടുവന്നു മാപ്പിരന്നു.

ശ്രീ സായിയെ നമിക്കുവിൻ ലോകശാന്തി ഭവിക്കട്ടെ!

# അദ്ധ്യായം - 26



*1) ഭക്തപാന്ത് 2) ഹരിശ്ചന്ദ്രപിതാലെ 3) ഗോപാൽ അംബേദ്കർ എന്നിവരുടെ കഥകൾ.*

## മുഖവുര

ലോകത്തിൽ കാണുന്ന സമസ്തവസ്തുക്കളും മായാവിലാസമാണ്. അവ മിഥ്യയാണ്. പരബ്രഹ്മം മാത്രമാണ് യഥാർത്ഥത്തിലുള്ളത്. കയറിനെയോ മാലയെയോ ഇരുട്ടിനാൽ പാമ്പെന്ന് ധരിക്കുന്നത്പോലെ നാം പുറംപൂച്ച് മാത്രം വിശ്വസിച്ച് ആന്തരാർത്ഥത്തെ മനസ്സിലാക്കാതെ പോവുന്നു. സദ്ഗുരുവിന് മാത്രമെ, പുറംപൂച്ചല്ല യഥാർത്ഥം എന്നു മനസ്സിലാക്കിത്തരുവാൻ കഴിയൂ. അതുകൊണ്ട് സദ്ഗുരുവിനോട് യഥാർത്ഥ കാഴ്ചയായ ദൈവ സാക്ഷാത്കാരം തരുവാനായി അപേക്ഷിക്കുക.

## ആന്തരിക ആരാധന

ഹേമദ്പാന്ത് ഒരു പുതിയതരം ആരാധന പറഞ്ഞു തരുന്നുണ്ട്. കണ്ണീരിനെ ചൂടുവെള്ളത്തിന്റെ സ്ഥാനത്ത് സദ്ഗുരു പാദങ്ങളെ കഴുകാനുള്ള ജലമായെടുക്കുക. ബാബയുടെ ശരീരം യഥാർത്ഥ പ്രേമമാകുന്ന ചന്ദനത്താൽ പൂശുക. യഥാർത്ഥ

വിശ്വാസമാകുന്ന വസ്ത്രത്താൽ അദ്ദേഹത്തിന്റെ ശരീരം ആവരണം ചെയ്യുക. നമ്മുടെ എട്ട് സാത്വിക വികാരങ്ങളായ എട്ട് താമരപ്പൂക്കളെകൊണ്ട് അർപ്പിക്കുക. ബാബയുടെ തലയിൽ ഭക്തിയാകുന്ന ചൂർണ്ണം തിരുമ്മുക. ഭക്തിയാകുന്ന അരപ്പട്ട ചുറ്റിച്ച് പാദത്തിൽ ശിരസ്സുവെക്കുക.

ഇങ്ങനെ സദ്ഗുരുവിനെ അലങ്കരിച്ച് നമ്മുടെ, എല്ലാറ്റിനെയും നേർച്ച ചെയ്ത് ഭക്തിയാകുന്ന ചാമരം വീശി ചൂടകറ്റുക. അങ്ങിനെ ആനന്ദകരമായ ആരാധനക്ക് ശേഷം ഇപ്രകാരം പ്രാർത്ഥിക്കുക. ' മനസ്സിനെ എന്നിലേക്ക് തന്നെ നയിച്ചാലും! സത്യവും മിത്ഥ്യയും തിരിച്ചറിയാനുള്ള കെൽപു തന്നാലും! ലൗകികത്തിൽ നിസ്സംഗത്വം തന്ന് ആത്മ ജ്ഞാനത്തിലേക്ക് എന്നെ നയിച്ചാലും! ശരീരവും ആത്മാവും അർപ്പിച്ചിരിക്കുന്ന ഞങ്ങളുടെ ദൃഷ്ടി അവിടുത്തെ ദൃഷ്ടിയാക്കി മാറ്റുക. അതുകൊണ്ട് ഞങ്ങൾ വേദനയും സന്തോഷവും അറിയാതിരിക്കട്ടെ. അവിടുന്ന് ആഗ്രഹിക്കുന്ന തരത്തിൽ ശരീരവും മനസ്സും നിയന്ത്രിച്ചാലും! അവിടുത്തെ പാദങ്ങളിൽ ഞങ്ങളുടെ മനസ്സ് ശാന്തി തേടട്ടെ'. ഇനി ഈ അദ്ധ്യായത്തിലെ കഥകളിലേക്ക് കടക്കാം.

## ഭക്ത പാന്ത്

മറ്റൊരു സദ്ഗുരുവിന്റെ ശിഷ്യനായ ഭക്തപാന്ത് ഒരിക്കൽ ഷിർദ്ദി സന്ദർശിച്ചു. അയാൾക്ക് ഷിർദ്ദിക്ക് വരാനിഷ്ട മില്ലായിരുന്നു. പക്ഷെ മനുഷ്യൻ ഒരു തരത്തിൽ ആശിക്കുന്നു. ദൈവം മറ്റൊന്നു വരുത്തുന്നു. അയാൾ തീവണ്ടിയിൽ യാത്ര ചെയ്യുമ്പോൾ ഷിർദ്ദിക്കു പോവുന്ന പല ബന്ധുക്കളെയും സ്നേഹിതന്മാരെയും കാണാനിടയായി അവർ കൂടെ വരാൻ പറഞ്ഞപ്പോൾ അയാൾക്ക് എതിർത്തു നില്ക്കാൻ കഴിഞ്ഞില്ല. അവർ ബോംബെയിലും പാന്ത് വിറാറിലും ഇറങ്ങി. എന്നിട്ടയാൾ




അയാളുടെ സദ്ഗുരുവിന്റെ അനുവാദം വാങ്ങി, ആ സംഘത്തോട് കൂടി ഷിർദ്ദിക്കു പുറപ്പെട്ടു. അവർ ഷിർദ്ദിയിലെത്തി രാവിലെ 11 മണിക്ക് മസ്ജിദ്ദിലേക്ക് പോയി. അവിടെ കൂടിയ ഭക്തന്മാരുടെ തിരക്ക് കണ്ട് എല്ലാവരും സന്തുഷ്ടരായിരിക്കെ പാന്ത് അപസ്മാരമിളകി ബോധംകെട്ടു വീണു. അവരെല്ലാം ഭയന്ന് അയാളെ ബോധം വരുത്താൻ പലതും ശ്രമിച്ചുനോക്കി. ബാബയുടെ അനുഗ്രഹത്താൽ, തലയിൽ കുറെ വെള്ളമൊഴിച്ചപ്പോൾ ഉറക്കം ഉണർന്നപോലെ ആയാൾ എഴുന്നേറ്റിരുന്നു. അയാൾ മറ്റൊരു ഗുരുവിന്റെ ശിഷ്യനാണെന്നറിഞ്ഞ് ബാബ അയാൾക്ക് ഗുരുഭക്തി ഉറപ്പിച്ചുകൊടുക്കാൻ ഇങ്ങനെ പറഞ്ഞു: 'എന്തുവന്നാലും നീ നിന്റെ ആലംബം അതായത് ഗുരുവെ വിടാതെ കൂടിക്കൊള്ളൂ. എപ്പോഴും തയ്യാറായി ഗുരുവിനോട് ഐക്യം പ്രാപിക്കുവാൻ ശ്രമിച്ചാലും' പാന്തിന്നതിന്റെ അർത്ഥം മനസ്സിലാവുകയും സദ്ഗുരുവെ സ്മരിക്കുകയും ചെയ്തു. ഈ കരുണ അയാൾ ഒരിക്കലും മറന്നില്ല.

## ഹരിശ്ചന്ദ്ര പിതാലെ

ബോംബെയിൽ ഹരിശ്ചന്ദ്ര പിതാലെ എന്നൊരു മാന്യനുണ്ടായിരുന്നു. അയാളുടെ മകൻ അപസ്മാര രോഗിയായിരുന്നു. പല ചികിത്സകളും നടത്തിയിട്ടും സുഖം കിട്ടിയില്ല. പിന്നെ സിദ്ധന്മാരെ സമീപിക്കൽ മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളു. ദാസ്ഗനു അക്കാലം തന്റെ കീർത്തനങ്ങളെക്കൊണ്ട് ബാബയുടെ കീർത്തി ബോംബെയിൽ മുഴുവൻ എത്തിച്ചിരുന്നു. പിതാലെ, ഈ വക കീർത്തനങ്ങൾ കേട്ടും മറ്റു പലരിൽനിന്നും ബാബ, സ്പർശനത്താലും ദർശനത്താലും പല മാറാരോഗങ്ങളും മാറ്റിയിരുന്നതായി കേട്ടിരുന്നു. പിതാലെ, കുടുംബസമേതം പല കാണിക്കകളും

പഴങ്ങളും മറ്റുമായി ഷിർദ്ദിയിൽ വന്നു. അത് 1910-ലായിരുന്നു. എന്നിട്ട് അയാൾ മസ്ജിദിൽ പോയി ബാബയെ നമസ്കരിച്ച് സുഖക്കേടായ മകനെ ബാബയുടെ കാൽക്കൽ വെച്ചു. ബാബയെ കണ്ടമാത്രയിൽ കുട്ടി കണ്ണ് വട്ടം ചുറ്റിച്ചു. ബോധം കെട്ടു വീണു. വായിൽ നിന്ന് നുരയും പതയും വന്ന് ദേഹം മുഴുവൻ വിയർത്ത് മരണലക്ഷണംപോലെ കാണിക്കാൻ തുടങ്ങി. ഇത് കണ്ട് അച്ഛനും അമ്മയും വല്ലാതെ പേടിച്ചു. അങ്ങിനെ ഇളക്കമുണ്ടാവലുണ്ടെങ്കിലും ഇത്രയധികം നേരം അന്നാദ്യമായിട്ടാണ് ഉണ്ടായത്. അമ്മ കരഞ്ഞു പറയാൻ തുടങ്ങി. അവർ കള്ളനെ പേടിച്ച് കയറികൂടിയ പുര തലക്കു വീണപോലെയും, പുലിയിൽനിന്ന് രക്ഷപ്പെട്ട പശു അറവുകാരന്റെ കയ്യിൽ കുടുങ്ങിയപോലെയും വെയിൽകൊണ്ട് തളർന്ന യാത്രക്കാരൻ തണൽ നോക്കിയിരുന്ന വൃക്ഷം തലക്കുവീണപോലെയു, അമ്പലത്തിൽ തൊഴാൻ പോയി കെട്ടിടം ദേഹത്തിൽ പൊളിഞ്ഞുവീണപോലെയുമാണ് അവരുടെ സ്ഥിതി എന്നും മറ്റും പറഞ്ഞു നിലവിളിച്ചു. ബാബ അവരെ സമാധാനിപ്പിച്ച് 'ഇങ്ങനെ കരയണ്ട. ക്ഷമിച്ചിരിക്കു, സമാധാനിക്കു. കുട്ടിയെ താമസസ്ഥലത്തേക്കെടുത്തോളു അരമണിക്കൂർകൊണ്ട് സുഖമാവും' എന്ന് പറഞ്ഞു. അവർ ബാബ പറഞ്ഞപോലെ ചെയ്യുകയും കുട്ടിയ്ക്ക് സുഖമാവുകയും ചെയ്തു. പിതാലെ കുടുംബം ഇത് കണ്ട് സന്തുഷ്ടരാവുകയും അവരുടെ സംശയം തീരുകയും ചെയ്തു. പിന്നെ പിതാലെ ഭാര്യയെയും കൂട്ടി വന്ന് നമസ്കരിച്ച് മനസ്സിൽ ബാബക്ക് നന്ദി പറഞ്ഞ് അദ്ദേഹത്തിന്റെ പാദം തലോടി ഇരുന്നു. ബാബ ചോദിച്ചു. 'ഇപ്പോൾ നിങ്ങളുടെ എല്ലാ ചിന്തകളും സംശയങ്ങളും, ഭയവും ശമിച്ചുവോ? ഹരി, വിശ്വാസവും ക്ഷമയുള്ളവനെ രക്ഷിയ്ക്കു' പിതാലെ ധനികനായിരുന്നു. അയാൾ വളരെ മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയും ബാബക്ക്





വിശിഷ്ടമായ പഴങ്ങളും വെറ്റിലടക്കയും കാണിക്കവെക്കുകയും ചെയ്തു. അയാളുടെ ഭാര്യ ശുദ്ധഹൃദയയും സാത്വികയും ഭക്തയുമായിരുന്നു. അവർ തൂണിന്നടുത്തിരുന്നു ബാബയെ വെറുതെ നോക്കിക്കൊണ്ടിരുന്നു കണ്ണീർ തൂകും. ബാബക്ക് അവരുടെ ഭക്തികണ്ട് വളരെ ഇഷ്ടമായിരുന്നു. ദൈവവും സിദ്ധന്മാരും, സർവ്വാർപ്പണം ചെയ്ത് ഭക്തന്മാരെ ഇഷ്ടപ്പെടുന്നു. കുറച്ച് ദിവസം ഷിർദ്ദിയിൽ കഴിഞ്ഞ് പിതാലെ കുടുംബം ബാബയോട് അനുവാദം ചോദിച്ച് പോകാനായി വന്നു. അവർക്ക് ഉധി കൊടുത്ത് ബാബ പിതാലയെ വിളിച്ച് സ്വകാര്യമായി പറഞ്ഞു.'ബാപ്പു! നിനക്ക് മുമ്പ് ഞാൻ രണ്ടുറുപ്പിക തന്നിട്ടുണ്ട്. ഇപ്പോൾ മൂന്നുറുപ്പികയും കൂടിതരുന്നു. ഇത് പൂജാ മുറിയിൽ വെച്ച് ആരാധിച്ചാലും'. പിതാലെ ഇവ സ്വീകരിച്ച് അനുഗ്രഹ ത്തിന്നപേക്ഷിച്ച് നമസ്ക്കരിച്ചു. അയാൾ ആദ്യമായി ഷിർദ്ദിയിൽ വന്നതാകയാൽ എങ്ങിനെയാണ് ആദ്യം രണ്ടുറുപ്പിക തന്നതെന്ന് അയാൾ ആലോചിക്കാൻ തുടങ്ങി. ഇത് മനസ്സിലാക്കാൻ ആഗ്രഹം തോന്നി എങ്കിലും ബാബ തുടർന്നൊന്നും പറഞ്ഞില്ല. ബോംബെയിലെത്തി അയാൾ വയസ്സായ അമ്മയോട് എല്ലാ വിവരവും പറഞ്ഞു. കൂട്ടത്തിൽ എങ്ങിനെയാണ് രണ്ടുറുപ്പിക മുമ്പ് തന്നതെന്നറിയില്ല എന്നും പറഞ്ഞു. അമ്മക്ക് ആദ്യം മനസ്സിലായില്ലെങ്കിലും നല്ലവണ്ണം ആലോചിച്ചപ്പോൾ ഒരു പഴയ സംഭവം ഓർമ്മവന്നു. അവർ മകനോട് പറഞ്ഞു. 'നീ മകനുമായി സായിയെ കാണാൻ പോയപോലെ നിന്റെ അച്ഛൻ നിന്നെയും കൂട്ടി വളരെക്കൊല്ലം മുമ്പ് അക്കൽക്കോട്ട് മഹാരാജിനെ കാണാൻപോയി. ആ മഹാരാജും ശരിക്കുള്ള ഒരു യോഗിയും സിദ്ധനും സർവ്വജ്ഞാനിയുമായിരുന്നു. നിന്റെ അച്ഛൻ ഭക്തനും പരിശുദ്ധനുമായതിനാൽ അദ്ദേഹത്തിന്റെ ആരാധന മഹാരാജ് സ്വീകരിച്ചു. അദ്ദേഹം നിന്റെ അച്ഛന് രണ്ടുറുപ്പിക

പൂജാമുറിയിൽവെച്ച് ആരാധിക്കാൻ കൊടുത്തു. നിന്റെ അച്ഛൻ മരണംവരെ അവ പൂജിച്ചു. പിന്നെ പൂജ മുടങ്ങി. ഉറുപ്പിക കാണാതെയുമായി. പിന്നെ അതിന്റെ ഓർമ്മകൂടെ മാഞ്ഞുപോയി. നീ ഭാഗ്യവാനായതുകൊണ്ട് അക്കൽക്കോട്ട് മഹരാജ് സായിബാബയുടെ രൂപത്തിൽ നിന്റെ കഷ്ടപ്പാടു തീർക്കാൻ കുടുംബത്തിലെ ആരാധന മുടങ്ങരുതെന്ന് പറഞ്ഞു തന്നതാണ്. ഇനി സംശയിക്കേണ്ട. എല്ലാ ഗർവ്വും കളഞ്ഞ് കുടുംബദേവന്മാരെയും ഉറുപ്പികയും മുടങ്ങാതെ ആരാധിക്കുക. ഋഷിമാരുടെ അനുഗ്രഹത്തിൽ സന്തുഷ്ടരാവുക. സായിസമർത്ഥ് നിനക്ക് ഭക്തി ഉണ്ടാക്കിത്തന്നിരിക്കുന്നു. അതു വളർത്തി യെടുത്ത് നന്നായിത്തീരുക'. അമ്മയുടെ വർത്തമാനം കേട്ട് പിതാലെ സന്തുഷ്ടനായി. അയാൾക്ക് ബാബയുടെ സർവ്വാന്തര്യാമിത്വം ബോദ്ധ്യപ്പെടുകയും ദർശനം കൊണ്ടുള്ള നേട്ടം അനുഭവപ്പെടുകയും ചെയ്തു. അതിൽ പിന്നെ വളരെ ശ്രദ്ധിച്ച് അയാൾ പെരുമാറാൻ തുടങ്ങി.

**അംബേദ്കർ**

പൂനയിലെ ഗോപാൽനാരായൺ അംബേദ്കർ ഒരു ബാബഭക്തനായിരുന്നു. അയാൾ അബ്കാരി ഡിപ്പാർട്ടുമെന്റിൽ താനയിലും ജവഹറിലും പണിയെടുത്ത് പെൻഷൻപറ്റി. ഒരു ജോലിക്ക് വീണ്ടും ശ്രമിച്ചു കിട്ടിയില്ല. മറ്റു കഷ്ടപ്പാടുകൾ പലതും നേരിട്ടു. സ്ഥിതി വളരെ വളരെ മോശമായി. ഏഴുകൊല്ലം ഇങ്ങനെ കഷ്ടപ്പെട്ടു. ഓരോ കൊല്ലവും ഷിർദ്ദിയിൽ വന്ന് ബാബയോട് കഷ്ടപ്പാടുകൾ പറയും. 1916-ൽ സ്ഥിതി വളരെ ശോചനീയമായതിനാൽ ഷിർദ്ദിയിൽവെച്ച് ആത്മഹത്യ ചെയ്യാൻ തീരുമാനിച്ചു. അയാൾ ഭാര്യയേയും കൂട്ടിവന്ന് രണ്ട് മാസം ഷിർദ്ദിയിൽ താമസിച്ചു. ഒരു രാത്രി ദീക്ഷിത് വാഡക്കുമുന്നിൽ ഒരു കാളവണ്ടിയിൽ ഇരുന്ന് അന്നു രാത്രി അടുത്തുള്ള കിണറ്റിൽ ചാടിമരിക്കാൻ ഉറപ്പിച്ചു. പക്ഷെ മറ്റൊന്നാണ് വിധിച്ചത്.

അതിന്നടുത്ത് ഒരു ഹോട്ടലുണ്ട്. അവിടുന്ന് അതിന്റെ ഉടമ, സഗുൺ എന്നയാൾ അയാളെ വിളിച്ചു 'നിങ്ങൾ അക്കൽക്കോട്ട് മഹാരാജിന്റെ ജീവിത ചരിത്രം വായിച്ചിട്ടുണ്ടോ' എന്ന് ചോദിച്ചു. അംബേദ്കർ പുസ്തകം വാങ്ങി മറിച്ചു നോക്കി, കണ്ടതായ കഥ ഇപ്രകാരമായിരുന്നു. അക്കൽക്കോട് മഹാരാജിന്റെ കാലത്ത് ഒരു ഭക്തന് മാറാവ്യാധി വന്നു. എന്തായിട്ടും സുഖം കിട്ടാതെ നിരാശനായി ജീവിതം അവസാനിപ്പിക്കാൻ അയാൾ കിണറ്റിൽ ചാടി. ഉടനെ മഹാരാജാവ് അവിടെ വന്ന് അയാളെ സ്വന്തം കൈകൊണ്ട് കരകയറ്റി ഇങ്ങിനെ ഉപദേശിച്ചു, 'നിന്റെ കർമ്മഫലം നല്ലതായാലും ചീത്തയായാലും നീ അനുഭവിച്ചേതീരു. അനുഭവം പൂർത്തിയായില്ലെങ്കിൽ, ആത്മഹത്യ പരിഹാരമല്ല. മറ്റൊരു ജന്മമെടുത്ത് വീണ്ടും കഷ്ടപ്പാടനുഭവിക്കേണ്ടിവരും, അതുകൊണ്ട് ഇനി ഒരു ജന്മത്തിന്നിടവരുത്താതെ എന്തുകൊണ്ട് കുറെകൂടി അനുഭവിച്ച് കർമ്മഫലം ഈ ജന്മത്തിൽ തന്നെ തീർത്തുകൂടാ? അല്ലെങ്കിൽ പിന്നെ ആ ബുദ്ധിമുട്ട് സ്ഥിരമായിത്തീരില്ലെ'.

ഈ അവസരോചിതമായ കഥവായിച്ച് അംബേദ്കർ വിസ്മയിച്ച് തളർന്നുപോയി. ബാബയുടെ സൂചന ഈ കഥയിൽകൂടെ കിട്ടിയിരുന്നില്ലെങ്കിൽ അപ്പോഴെക്കും അയാൾ കഥ കഴിക്കുമായിരുന്നു. ബാബയുടെ സർവ്വാന്തര്യാമിത്വം ബോദ്ധ്യമായി അയാളുടെ ഭക്തി ഉറച്ചു. അയാളുടെ അച്ഛൻ, അക്കൽകോട്ടു മഹാരാജിന്റെ ഭക്തനായിരുന്നു. ബാബക്ക് അയാളെയും ആ വഴിക്കു നയിക്കലായിരുന്നു ഉദ്ദേശ്യം. അയാൾ പിന്നീട് ബാബയുടെ അനുഗ്രഹം സിദ്ധിച്ച് സ്ഥിതി മെച്ചപ്പെട്ടു തുടങ്ങി. അയാൾ ജ്യോതിഷം പഠിച്ച് അതുകൊണ്ട് കുറെ കഷ്ടപ്പാടു തീർന്നു. വേണ്ട പോലെ പണം കിട്ടിയതുകൊണ്ട് ബാക്കി ജീവിതം സുഖമായി കഴിച്ചു.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!

# അദ്ധ്യായം - 27



*ഭാഗവതവും വിഷ്ണുസഹസ്രനാമവും കൊടുത്ത് പ്രത്യേകത കാണിക്കൽ-ദീക്ഷിതിന്റെ വിറ്റൽ ദർശനം-ഗീതാരഹസ്യം-ഖപാർദിമാർ.*

ഈ അദ്ധ്യായം, ബാബ സ്പർശിച്ച് പരിപൂതമാക്കിയ ഭക്തി വിഷയമായ പുസ്തകങ്ങൾ ഭക്തൻമാർക്കു പാരായണത്തിന് കൊടുക്കുന്നതും മറ്റു കാര്യങ്ങളും പ്രതിപാദിക്കുന്നു.

## മുഖവുര

ഒരാൾ സമുദ്രത്തിൽ മുങ്ങിയാൽ എല്ലാ തീർത്ഥങ്ങളിലും പുണ്യനദികളിലും സ്നാനം ചെയ്ത ഫലം സിദ്ധിക്കുന്നു. അതുപോലെ ഒരാൾ സദ്ഗുരുപാദങ്ങളിൽ നമസ്കരിച്ചാൽ ത്രിമൂർത്തികളെയും പരബ്രഹ്മത്തെയും നമസ്ക്കരിച്ച ഫലം സിദ്ധിക്കുന്നു. കല്പദ്രുമതുല്യനും പുണ്യപ്രദായിയും ആയ സായിനാഥിന് വിജയം ആശംസിക്കുക. ഭഗവാൻ സായിനാഥ! അവിടുത്തെ കഥ കേൾക്കാൻ ഞങ്ങളിൽ ആഗ്രഹം വളർത്തിയാലും. ചാതകപക്ഷി വർഷജലം പാനം ചെയ്ത്

സന്തുഷ്ടനാവും പോലെ ഈ കഥകളിൽ നിന്ന് വായനക്കാർ അമൃതധാര പഠനം ചെയ്ത് സന്തുഷ്ടരാവട്ടെ ഈ കഥകേട്ടുകൊണ്ട് വായനക്കാരും അവരുടെ കുടുംബങ്ങളും സാത്വികഗുണം വളർത്തട്ടെ. അതായത് അവരുടെ ദേഹം വിയർത്ത്, കണ്ണുനനഞ്ഞ് പ്രാണൻ നേരേയായി, മനം ശാന്തമായി, രോമഹർഷം അനുഭവിച്ച്, അവർ ഉറക്കെ കരഞ്ഞും വിതുമ്മിക്കരഞ്ഞും അവരുടെ വിദ്വേഷങ്ങളും വ്യത്യാസങ്ങളും വലിപ്പച്ചെറുപ്പങ്ങളും ഇല്ലാതവട്ടെ. ഇവ സംഭവിച്ചാൽ ഗുരുവിന്റെ അനുഗ്രഹം അവരിൽ ആവേശിച്ചതിന്റെ ലക്ഷണമാണ്. ഈ വക വികാരങ്ങളും പ്രതികരണങ്ങളും നിങ്ങളിൽ ആവിർഭവിച്ചാൽ ഗുരു സന്തുഷ്ടനായി നിങ്ങളെ ആത്മ നിർവൃതിയിലേക്ക് നയിക്കും. അതുകൊണ്ട് മായയുടെ ശൃംഖലയിൽ നിന്ന് മോചനം ലഭിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം, പരിപൂർണ്ണമായും തൃപ്തിയോടുകൂടിയും ബാബക്ക് ആത്മാർപ്പണം ചെയ്യലാണ്. വേദങ്ങൾക്ക് നിങ്ങളെ മായാസാഗരം കടത്തിവിടാൻ കഴിയുന്നില്ല. സദ്ഗുരുവിന്നു മാത്രമെ അത് സാധിച്ച് നിങ്ങൾക്ക് സകലജീവജാലങ്ങളിലും ദൈവശക്തിയെ കാണിച്ചു തരാൻ കഴിയുകയുള്ളൂ.

## പരിപാവനമാക്കിയ പുസ്തകം കൊടുക്കൽ

ബാബയുടെ ഉപദേശം കൊടുക്കലിന്റെ വിവിധ സമ്പ്രദായങ്ങളെപ്പറ്റി മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. ഇതിൽ ഒരു സമ്പ്രദായത്തെപറ്റി പ്രസ്താവിക്കാം. സാധാരണയായി ഭക്തന്മാർ പാരായണത്തിനുള്ള ഏതെങ്കിലും പുസ്തകം കൊണ്ടുപോയി ബാബയുടെ കയ്യിൽ കൊടുത്ത് തിരിച്ചു വാങ്ങൽ ഒരു പതിവായിരുന്നു. ബാബ തൊട്ട് അവയെ പരിപാവനമാക്കലാണ് ഉദ്ദേശം. ആ പുസ്തകങ്ങൾ പാരായണം ചെയ്യുമ്പോൾ അവർക്കു ബാബയുടെ സാമീപ്യം അനുഭവപ്പെട്ടു.

ഒരിക്കൽ കാക്കാമഹാജനി ഒരു ഏകനാഥ് ഭാഗവതം പുസ്തകവുമായി ഷിർദ്ദിയിൽ വന്നു. ശാമ അത് വായിക്കാനെടുത്ത് മസ്ജിദ്ദിൽ ചെന്നു. ബാബ അതെടുത്ത് തിരിച്ചും മറിച്ചും നോക്കി ശാമക്ക് കൊടുത്ത് അത് സൂക്ഷിച്ചോളാൻ പറഞ്ഞു. ശാമ അത് കാക്കാമഹാജനിയുടെ താണെന്നും, മടക്കിക്കൊടുക്കണമെന്നും പറഞ്ഞു. ബാബ പറഞ്ഞു. 'അല്ലല്ല ഞാൻ നിനക്കുതന്നതു കൊണ്ട് നീ സൂക്ഷിച്ചു വെക്കുന്നതാണ് നല്ലത്. അത് നിനക്ക് ഉപകാരപ്രദമാവും.' ഇങ്ങനെ പല പുസ്തകങ്ങളും ശാമയെ ഏല്പിക്കലുണ്ട്. കാക്കാമഹാജനി മറ്റൊരു കോപ്പിയുമായി വന്ന് ബാബയുടെ കയ്യിൽ കൊടുത്തു. ബാബ അത് പ്രസാദമെന്ന നിലയിൽ മടക്കി കൊടുത്ത് അത് സൂക്ഷിക്കാനും അതുകൊണ്ട് ഗുണം വരുമെന്നും പറഞ്ഞു. കാക്ക അത് നമസ്ക്കാരത്തോടു കൂടി തിരിച്ചുവാങ്ങി.

## ശാമയും വിഷ്ണു സഹസ്രനാമവും

ശാമ ബാബയുടെ പ്രിയംകരനായ ഭക്തനായതിനാൽ, ബാബക്കും അയാൾക്കൊരു വിഷ്ണു സഹസ്രനാമം പ്രസാദമായി കൊടുത്ത് പ്രത്യേകത കാണിക്കണമെന്നുണ്ടായിരുന്നു. ഇത് താഴെ പറയും പ്രകാരമാണ് ചെയ്തത്. ഒരിക്കൽ ഒരു രാമദാസി (ഋഷി രാമദാസിന്റെ അനുയായി) ഷിർദ്ദിയിൽ വന്ന് കുറച്ചുകാലം താമസിച്ചു. അയാളുടെ ദിനചര്യ ഇപ്രകാരമാണ്. രാവിലെ എഴുന്നേറ്റ് പല്ലു തേച്ച് കുളിച്ച് കാവി വസ്ത്രം ധരിച്ച് ഭസ്മം പൂശി ഭക്തിയോടു കൂടി വിഷ്ണു സഹസ്രനാമവും ആദ്ധ്യാത്മ രാമായണവും വായിക്കും. അയാൾ ഈ പുസ്തകങ്ങൾ പലവുരുവായിച്ചിരുന്നു. ബാബ ശാമയ്ക്ക വിഷ്ണു സഹസ്രനാമം പഠിപ്പിക്കണമെന്ന് തീരുമാനിച്ചു. ഒരു ദിവസം ബാബ രാമദാസിയെ വിളിച്ച് തനിക്ക് വയറ്റിൽ

വേദനയാണെന്നും സുന്നാമുക്കി കഴിക്കണമെന്നും അങ്ങാടിയിൽ പോയി വാങ്ങിക്കൊണ്ടു വരണമെന്നും പറഞ്ഞു. രാമദാസി വായന നിർത്തി അങ്ങാടിക്കുപോയി. ബാബ ഉടനെ താഴെ ഇറങ്ങി രാമദാസി വായിക്കുന്ന സ്ഥലത്ത് ചെന്ന് വിഷ്ണു സഹസ്രനാമം എടുത്ത് തന്റെ സ്ഥാനത്തു വന്നിരുന്ന് ശാമയോട് പറഞ്ഞു.: 'ശാമ ഈ പുസ്തകം വളരെ അമൂല്യവും ശക്തിമത്തുമാണ്. ഞാൻ ഇത് നിനക്ക് സമ്മാനിക്കുന്നു. നീ അത് വായിക്കൂ. ഒരിക്കൽ ഞാൻ അത്യധികം വേദനയനുഭവിച്ചു ഹൃദയം തളരാൻ തുടങ്ങി ജീവൻ തന്നെ അപകടത്തിലായി. അങ്ങനെ അപകടസമയത്ത് ഈ പുസ്തകം നെഞ്ചത്തടക്കി പിടിച്ചപ്പോൾ എന്തൊരു സമാധാനമാണ് കിട്ടിയതെന്നോ! അള്ളാഹുതന്നെ ഇറങ്ങി വന്നു രക്ഷിച്ചു എന്നു ഞാൻ കരുതി. അതുകൊണ്ട് ഇതു ഞാൻ നിനക്കു തരുന്നു. അതു സാവധാനം കുറച്ചുകുറച്ചായി വായിക്കുക. ഒരു ദിവസം ഒരു നാമമെങ്കിലും വായിക്കുക. അത് നിനക്ക് ഗുണം ചെയ്യും.' ശാമ അത് തനിക്കു വേണ്ടെന്നും അതിന്റെ ഉടമയായ രാമദാസി, കോപിഷ്ഠനും ഭ്രാന്തനും പിടിവാശിക്കാരനുമായതിനാൽ ശണ്ഠക്കു വരുമെന്നും, താൻ നാടനായതുകൊണ്ട് ദേവനാഗരി അക്ഷരം വേണ്ടപോലെ വായിക്കാൻ കഴിയില്ലെന്നും മറുപടി പറഞ്ഞു.

ശാമ വിചാരിച്ചത് ബാബ തന്നെ രാമദാസിയുമായി തല്ലിക്കാൻ നോക്കയാണെന്നാണ്. ബാബ അയാളെ എങ്ങിനെ കരുതുന്നു എന്നയാൾക്കറിഞ്ഞുകൂടായിരുന്നു. ബാബ, ഈ വിഷ്ണു സഹസ്രനാമമായ കണ്ഠാഭരണം ശാമയുടെ കഴുത്തിൽക്കെട്ടി പാമരനെങ്കിലും പ്രിയംകരനായ അയാളെ ലോകവ്യാപരത്തിൽ നിന്ന് രക്ഷിക്കണമെന്നാണ് ഉദ്ദേശി ച്ചിരുന്നത്. ഭഗവന്നാമത്തിന്റെ ശക്തി വിശ്രുതമാണ്. അത് എല്ലാ പാപത്തിൽ നിന്നും ദുർവ്വിചാരങ്ങളിൽ നിന്നും നമ്മെ രക്ഷിച്ച്

ജനനമരണങ്ങളെ ഇല്ലാതാക്കുന്നു. ഇതിലും എളുപ്പമായ സാധനയില്ല. അത് മനസ്സ് ശുദ്ധിയാക്കാൻ ഏറ്റവും പറ്റിയതാണ്. അതിന് ചടങ്ങും ഒരുക്കും ഒന്നും ആവശ്യമില്ല. അത് വളരെ എളുപ്പവും വളരെ ഫലപ്രദവുമാണ്. ഈ സാധന, ആവശ്യപ്പെട്ടില്ലെങ്കിലും ശാമ ശീലിക്കണമെന്നായിരുന്നു ബാബയുടെ ഉദ്ദേശം. അതാണ് ബാബ അയാളെ നിർബന്ധിച്ചത്. മുമ്പിതേപോലെ ഏകനാഥ് മഹരാജ് വിഷ്ണുസഹസ്രനാമം ഒരു അയൽവാസി സാധു ബ്രാഹ്മണനെ നിർബന്ധിച്ചു വായിപ്പിച്ച് കഷ്ടപ്പാടിൽ നിന്നു രക്ഷിച്ചതായി കേട്ടിട്ടുണ്ട്. വിഷ്ണുസഹസ്രനാമം വായിക്കലും പഠിക്കലും മനഃശുദ്ധിവരുത്താനുള്ള തുറന്ന വഴിയായതിനാലാണ് ബാബ ശാമയെ നിർബന്ധിച്ചത്.

രാമദാസി സുന്നാമുക്കിയുമായി വേഗം മടങ്ങി വന്നു. അന്നാചിൻചാനിക്കർ അപ്പോൾ അവിടെയുണ്ടായിരുന്നതു കൊണ്ട് അയാൾ നാരദന്റെ പണിയെടുത്ത് സംഭവിച്ചതെല്ലാം രാമദാസിയോട് പറഞ്ഞു. രാമദാസി കോപിക്കാൻ തുടങ്ങി. അയാൾ ശാമയെ ശകാരിക്കാൻ തുടങ്ങി. അയാളെ ശാമയുടെ ആവശ്യപ്രകാരമാണ് ബാബ മരുന്നിന്നയച്ചതെന്നും അങ്ങിനെ പുസ്തകം കരസ്ഥ മാക്കിയതാണെന്നും ശാമയെ കുറ്റപ്പെടുത്തി. ശാമയെ ചീത്ത പറഞ്ഞ് ഒടുവിൽ പുസ്തകം ഉടനെ മടക്കി കിട്ടിയില്ലെങ്കിൽ അയാൾ ശാമയുടെ മുന്നിൽവെച്ച് തന്നെത്താൻ തല തല്ലിപ്പൊളിക്കുമെന്ന് പറഞ്ഞു. ശാമ പലതും സമാധാനിപ്പിച്ചിട്ടും ഫലമുണ്ടായില്ല. അപ്പോൾ ബാബ ദയാപൂർവ്വം അയാളോട് പറഞ്ഞു. 'ഓ രാമദാസി! നിങ്ങൾ ക്കെന്താണ് പറ്റിയത്? എന്തിനാണിത്ര കോപിക്കുന്നത്? ശാമ നമ്മുടെ കുട്ടിയല്ലെ എന്തിനാണവനെ അനാവശ്യമായി





ചീത്തപറയുന്നത്? എന്താണ് നിങ്ങളിങ്ങനെ ലഹള ക്കാരാനായത്? നിങ്ങൾക്ക് സൗമ്യമായും മധുരമായും സംസാരിക്കാനറിഞ്ഞുകൂടെ? ഈ പുണ്യ പുസ്തകങ്ങൾ നിത്യം വായിച്ചിട്ടും മനസ്സ് പരിശുദ്ധ മാവാതെയും കോപം അടക്കാൻ വയ്യാതെയും ആണല്ലോ കാണുന്നത്. എന്തു തരക്കാരൻ രാമദാസിയാണ് നിങ്ങൾ? ഇതിലൊക്കെ നിങ്ങൾ നിർമ്മമനായിരിക്കണ്ടെ. ഈ പുസ്തകം ഇത്രയധകിം നിങ്ങൾ ആഗ്രഹിക്കുന്നത് വിരോധാഭാസമല്ലെ? ശരിയായ രാമദാസിക്ക് മമതയില്ലാതെ എല്ലാവരോടും സമതയാണുണ്ടാവേണ്ടത്. നിങ്ങൾ ശാമയോട് ഒരു പുസ്തകത്തിനുവേണ്ടി ശണ്ഠകൂടുന്നു. പോയി അവിടെ ഇരിക്കൂ. പണം കൊടുത്താൽ വേണ്ടത്ര പുസ്തകം കിട്ടും. പക്ഷെ മനുഷ്യനെ കിട്ടില്ല. നല്ല പോലെ ആലോചിച്ച് ദാക്ഷിണ്യം കാണിക്കൂ. നിങ്ങളുടെ പുസ്തകം എന്തിനുമാത്രമുണ്ട്? ശാമക്കത് വേണ്ടായിരുന്നു. ഞാനതെടുത്ത് അവനു കൊടുത്തതാണ്. ശാമ അത് വായിച്ചു നന്നാവുമെന്ന് കരുതി ഞാനവന് കൊടുത്തു. 'ബാബയുടെ സൗമ്യവും ദയാപരവും അമൃതു തുല്യവുമായ വാക്കുകൾ എത്ര മധുരമായിരുന്നു വെന്നോ അതിന്റെ ഫലം വിസ്മയാവഹമായിരുന്നു. രാമദാസി സമാധാനിച്ച് അതിന് പകരം പഞ്ച രത്ന ഗീത കിട്ടിയാൽ മതി എന്ന് ശാമയോട് പറഞ്ഞു. ശാമ സന്തോഷിച്ചു 'എന്തിന് ഒന്ന്. പത്തുകോപ്പികൾ പകരം തരാം' എന്ന് പറഞ്ഞു.

ഒടുക്കം സംഗതി ഒത്തു തീർപ്പായി. ഒരു ചോദ്യം അവശേഷിക്കുന്നതാണ്. അയാൾക്കു താല്പര്യമില്ലാത്ത ദേവനെ സംബന്ധിച്ച പഞ്ചരത്നഗീതക്ക് എന്തിനാണ് രാമദാസി ആവശ്യപ്പെട്ടത്? എന്നും പുണ്യപുസ്തകങ്ങൾ മസ്ജിദിൽ ബാബയുടെ മുന്നിലിരുന്ന് വായിക്കുന്ന അയാൾ എന്തിന്

ശാമയോട് ബാബയുടെ മുന്നിൽവെച്ചു കോപിച്ചു? നമുക്ക് ആരെയാണ് കുറ്റം പറയേണ്ടത് എന്നറിയില്ല. കുറ്റം ആര് തമ്മിൽ പങ്കുവെക്കണമെന്നും അറിയില്ല. ഒന്നുമാത്രം പറയാം. ഈ സംഭവം ഇങ്ങനെ നടന്നില്ലെങ്കിൽ വിഷ്ണുസഹസ്രനാമം പഠിക്കുന്നതിന്റെ മാഹാത്മ്യം ശാമക്ക് മനസ്സിലാവുമായിരുന്നില്ല. പിന്നീട് ശാമ സഹസ്രനാമം മുഴുവൻ പഠിച്ച് അർത്ഥം മനസ്സിലാക്കി, പുനാ എഞ്ചിനീയറിംഗ് കോളേജിലെ പ്രൊഫസറും ശ്രീമാൻ ഭൂട്ടിയുടെ ജാമാതാവുമായ പ്രൊഫസ്സർ നാർക്കെ എം. എ. ക്ക് വിവരിച്ച് കൊടുക്കാൻപോലും അയാൾക്ക് കഴിഞ്ഞു.

## വിറ്റൽ ദർശനം

ഒരിക്കൽ കാക്കാസാഹെബ് ദീക്ഷിത്ത് കാലത്ത് കുളികഴിഞ്ഞ് അയാളുടെ വാഡയിൽ ധ്യാനിച്ചിരിക്കുമ്പോൾ വിറ്റൽ ദർശനം സിദ്ധിച്ചു. പിന്നീട് ബാബയുടെ അടുക്കൽ പോയപ്പോൾ ബാബചോദിച്ചു: വിറ്റൽ പഠേൽ വന്നില്ലേ ? നിങ്ങൾ കണ്ടിട്ടില്ലേ? വിറ്റൽ പിടിച്ചാൽ കിട്ടാത്ത ആളാണ്, മുറുക്കെ പിടിച്ചില്ലെങ്കിൽ വഴുതി രക്ഷപ്പെടും. ഉച്ചക്ക് ഒരു വഴിക്കച്ചവടക്കാരൻ 20,25 പന്ധർപുർ വിറ്റലിന്റെ ചിത്ര ങ്ങളുമായി വന്നു. അത് ധ്യാനത്തിൽ കണ്ടപോലെ തന്നെ യായിരുന്നു. ബാബയുടെ വാക്കുകൾ ഓർമ്മ വന്ന് അതിൽനിന്ന് ഒരു പടം വാങ്ങി പൂജാമുറിയിൽ ആരാധനക്കായി വെച്ചു.

## ഗീതാരഹസ്യം

ബാബക്ക് ബ്രഹ്മവിദ്യ പഠിക്കുന്നവരെ ഇഷ്ടമായിരുന്നു. അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ഉദാഹരണത്തിന് ഒരിക്കൽ ബാപ്പു സാഹെബ് ജോഗിന്ന് ഒരു പാർസൽ കിട്ടി. അതിൽ ലോകമാന്യതിലകന്റെ ഗീതരഹസ്യമായിരുന്നു. അത്

കക്ഷത്തുവെച്ച് അയാൾ മസ്ജിദ്ദിൽ വന്ന് ബാബയെ നമസ്കരിച്ചപ്പോൾ പുസ്തകം ബാബയുടെ കാൽക്കൽ വീണു. ബാബ അതെന്താണെന്നന്വേഷിച്ചു. പുസ്തകം ബാബയുടെ കയ്യിൽകൊടുത്തു. അത് തുറന്ന് നോക്കി ഒരു ഉറുപ്പിക മീതെവെച്ച് ജോഗിന്ന് കൊടുത്ത് ബാബ ഇപ്രകാരം പറഞ്ഞു: 'ഇത് മുഴുവൻ വായിക്കുക. നിനക്ക് നേട്ടമുണ്ടാവും.'

**ഖപർദി ദമ്പതികൾ**

ഖപർദി ദമ്പതികളെപ്പറ്റി പറഞ്ഞ് ഈ അദ്ധ്യായം അവസാനിപ്പിക്കാം. ഒരിക്കൽ ദാദാസാഹെബ് ഖപർദി കുടുംബസമേതം ഷിർദ്ദിയിൽ വന്ന് കുറച്ച് മാസം താമസിച്ചു. ദാദാസാഹെബ് സാധാരണക്കാരനായിരുന്നില്ല. അയാൾ പണക്കാരനും പ്രശസ്തനുമായ അമരാവതി (ബീറാൽ)യിലെ വക്കീലും ഡെൽഹി കൗൺസിൽ ഓഫ് സ്റ്റെയിറ്റിലെ മെമ്പറുമായിരുന്നു. പല ഭക്തന്മാരും ബാബയോട് വർത്തമാനം പറഞ്ഞും വാദിച്ചുകൊണ്ടിരുന്നെങ്കിലും മൂന്നുപേർ അതായത് ഖപർദി, നൂൽക്കാർ, ഭൂട്ടി ഇവർമാത്രം സദാ നിശ്ശബ്ദരായിരിക്കും. അവർ വീനിതരും, സൽസ്വഭാവികളുമായിരുന്നു. ദാദാസാഹെബിന് വിദ്യാരണ്യന്റെ പഞ്ചദശി വ്യാഖ്യാനിച്ച് പറയാൻ കൂടി കഴിഞ്ഞിരുന്നെങ്കിലും മസ്ജിദ്ദിൽ ബാബയുടെ സാന്നിദ്ധ്യത്തിൽ ഒന്നും മിണ്ടാതിരിക്കലാണ് പതിവ്. ഏതു പണ്ഡിതനും ബ്രഹ്മജ്ഞാനിയുടെ മുന്നിൽ ഒന്നും അല്ലല്ലോ. പാണ്ഡിത്യം പ്രകാശിക്കില്ല. ദാദസാഹെബ്, നാലുമാസം താമസിച്ചെങ്കിലും ഭാര്യ ഏഴുമാസം താമസിച്ചു. രണ്ടുപേരും ഷിർദ്ദിയിലെ താമസം കൊണ്ട് സന്തുഷ്ടരായി. എല്ലാ ഉച്ചക്കും ബാബക്ക് നൈവേദ്യം കൊണ്ടുവന്ന് ബാബ സ്വീകരിച്ചേ, അവർ ഭക്ഷണം കഴിക്കലുള്ളൂ. അവരുടെ ഭക്തിയുടെ സ്ഥിരത കണ്ട് ബാബക്ക് അത് മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കണമെന്ന്

തോന്നി. ഒരു ഉച്ചക്ക് അവർ സൻസാ (ഗോതമ്പ് പായസം) പൂരി, ചോറ്, സൂപ്പ്, പായസം മുതലായത് മസ്ജിദ്ദിലേക്കു കൊണ്ടുവന്നു. ബാബ സാധാരണമണിക്കൂറുകളോളം താമസിക്കലുണ്ടെങ്കിലും ഇതു കണ്ട ഉടനെ എഴുന്നേറ്റ്, മൂടി എടുത്തുമാറ്റി സുഖമായി എടുത്തു ഭക്ഷിക്കാൻ തുടങ്ങി. അതുകണ്ട് ശാമ ചോദിച്ചു. 'എന്താണിത്ര പക്ഷഭേദം? മറ്റുള്ളവർകൊണ്ടുവരുന്ന ഭക്ഷണം വലിച്ചെറിഞ്ഞ് അതിൽനോക്കുകപോലും ചെയ്യലില്ല. പക്ഷെ ഇത് അടുത്തേക്ക് വലിച്ചുവെച്ചു നല്ലപോലെ കഴിക്കുന്നു. എന്താണ് ഈയമ്മയുടെ ഭക്ഷണം ഇത്ര മധുരമുള്ളതാണോ? ഞങ്ങൾക്കിത് മനസ്സിലാവുന്നില്ല' ബാബ അപ്പോൾ ഇങ്ങനെ വിവരിച്ചു:'ഈ ഭക്ഷണം യഥാർത്ഥത്തിൽ അസാധാരണമാണ്. മുൻജന്മത്തിൽ ഈ സ്ത്രീ ഒരു കച്ചവടക്കാരന്റെ ധാരാളം പാൽ നൽകുന്ന തടിച്ച ഒരു പശുവായിരുന്നു. പിന്നെ അതിനെ കാണാതായി. അത് ഒരു തോട്ടക്കാരന്റെ കുടുംബത്തിലും ഒരു ക്ഷത്രിയകുടുംബത്തിലും ജനിച്ചു. ഒരു കച്ചവടക്കാരനെ കല്ല്യാണം കഴിച്ചു. പിന്നീട് ഒരു ബ്രാഹ്മണകുടുംബത്തിൽ അവൾ ജനിച്ചു. ഞാൻ വളരെ കാലത്തിനുശേഷം അവളെ കാണുകയാണ്. അവളുടെ പാത്രത്തിൽ നിന്ന് കുറച്ച് മധുരതരമായ ഭക്ഷണമെങ്കിലും ഞാൻ കഴിക്കട്ടെ'. ബാബ നല്ല പോലെ കഴിച്ച് തൃപ്തിവന്നെന്ന് കാണിക്കാൻ ഒന്നു തേട്ടി, കയ്യും വായും കഴുകി സ്വസ്ഥാനത്ത് വന്നിരിക്കുകയും ചെയ്തു. അവർ ബാബയെ നമസ്കരിച്ച് ബാബയുടെ കാൽ തലോടികൊടുത്തു. ബാബ അവരോട് സംസാരിച്ച് അവരുടെ കയ്യ് അങ്ങോട്ടും തലോടികൊടുത്തു. ഈ അന്യോന്യപരിചാരം കണ്ട്, ശാമ തമാശയായി പറഞ്ഞു 'ഇത് നന്നായിരിക്കുന്നു, ഭഗവാനും ഭക്തനും അന്യോനം പരിചരിക്കുന്നത് നല്ലൊരു കാഴ്ചതന്നെയാണ്' അവരുടെ

വിനയവും ഭക്തിയുംകണ്ട് ബാബ അവരോട് മെല്ലെ ഹൃദ്യമായ സ്വരത്തിൽ 'രാജാ രാമ, രാജാ രാമ' എന്ന് എപ്പോഴും എല്ലായ്പ്പോഴും ജപിക്കാൻ പറഞ്ഞു. 'നീ അങ്ങിനെ ചെയ്താൽ നിന്റെ ജീവിതോദ്ദേശം സഫലമാകും, മനശ്ശാന്തി ലഭിക്കും, നിനക്കു നല്ലതുവരും 'എന്ന് ബാബ വീണ്ടും അവരോട് പറഞ്ഞു. ആദ്ധ്യാത്മിക കാര്യങ്ങൾ പരിചയമില്ലാത്തവർക്ക് ഇത് നിസ്സാരമായി തോന്നും. പക്ഷെ കാര്യം അങ്ങനെയല്ല. അതിന്ന് സാങ്കേതികമായി 'ശക്തിപാതം' എന്നു പറയാം. അതായത് ഗുരു ശിഷ്യന് തപ:ശക്തി പ്രദാനം ചെയ്യൽ. ബാബയുടെവാക്കുകൾ എത്രമാത്രം ശക്തിമത്തും ഫലവത്തുമാണ്! നിമിഷംകൊണ്ട് അവ, അവരുടെ ഹൃദയത്തിൽകൊണ്ട് സ്ഥിരപ്രതിഷ്ഠിതമായി.

ഈ കഥ ഗുരുശിഷ്യന്മാരുടെ ബന്ധം എപ്രകാരമാണ് വേണ്ടതെന്ന് തെളിയിക്കുന്നതാണ്. ഇരുവരും അന്യോന്യം ഒരേപോലെ സ്നേഹിക്കയും പരിചരിക്കയും വേണം. അവർ തമ്മിൽ ഭേദമില്ല. ഇരുവരും ഒന്നാണ്. ഒന്നിന് മറ്റൊന്നില്ലാതെ നിലനില്പില്ല. ശിഷ്യൻ ഗുരപാദത്തിൽ നമസ്കരിക്കുന്നു എന്നത് പുറമെ കാണുന്നത് മാത്രമാണ്. ആന്തരികമായും സത്യത്തിലും അവർ ഒന്നാണ് . അവർ തമ്മിൽ ഭേദം ഉള്ളതായി കാണുന്നവർ അപക്വമതികളും അപൂർണ്ണരുമാണ്.

ശ്രീ സായിയെ നമിക്കുവിൻ ലോകശാന്തി ഭവിക്കട്ടെ!

# അദ്ധ്യായം - 28



***ഷിർദ്ദിയിലേക്കാകർഷിക്കപ്പെട്ട കുരുവികൾ -1) ലക്ഷ്മിചന്ദ് 2) ബർഹാംപൂർക്കാരിയായ സ്ത്രീ 3) മേഘ***

## മുഖവുര

സായി സീമാബദ്ധനല്ല. ബ്രഹ്മാവുതൊട്ട് ഉറുമ്പ് കൃമി മുതലായതിലെല്ലാം അദ്ദേഹം കുടികൊള്ളുന്നു. എല്ലാറ്റിലും വ്യാപൃതനായിരിക്കുന്നു. സായി എല്ലാ വേദങ്ങളും അറിയുന്നവനും ബ്രഹ്മജ്ഞാനിയുമാണ്. അതുകാരണത്താൽ ബാബ തികച്ചും ഒരു സദ്ഗുരുവാകാൻ യോഗ്യനായി. എത്ര പണ്ഡിതനായാലും ശിഷ്യന് ആത്മജ്ഞാനം കൈവരിക്കാനുള്ള മാർഗ്ഗം അറിയാത്തവൻ സദ്ഗുരുവാകില്ല. പിതാവ് ശരീരത്തിന് ജന്മകൊടുക്കുന്നു. ജീവിതത്തെ മരണം പിന്തുടരുന്നു. പക്ഷെ സദ്ഗുരു ജനനമരണങ്ങൾ അവസാനിപ്പിക്കുന്നതിനാൽ എല്ലാരിലും വെച്ച് ഏറ്റവും ദയാപരനാണ്.

സായി ബാബ പറയാറുണ്ട് ‘എന്റെ ആൾ 3000 നാഴിക ദൂരെയായാലും കാലിൽ ചരടുകെട്ടിവിട്ട പക്ഷിയെപ്പോലെ ഞാനെന്റ അടുക്കലേക്ക് വലിച്ചുകൊണ്ടുവരും‘ എന്ന്, ഈ അദ്ധ്യായം അത്തരം ആകർഷിക്കപ്പെട്ട ചില കിളികളുടെ കഥകളെപ്പറ്റി പറയുന്നു.

**1) ലാലാ ലക്ഷ്മീചന്ദ്**

ഈ മാന്യൻ ആദ്യം ബോംബെയിലെ ശ്രീ വെങ്കിടേശ്വര പ്രസ്സിലും, പിന്നീട് റെയിൽവെ ഡിപ്പാർട്ടുമെന്റിലും അവസാനം മെസ്സേർസ് റാലി ബ്രദേഴ്സ് ഏന്റ് കമ്പനിയിലും ക്ലാർക്കായി ജോലിചെയ്തിരുന്നു. അയാൾക്ക് 1910-ൽ ബാബയെ സന്ദർശിക്കാൻ കഴിഞ്ഞു. ഒരു ക്രിസ്തു മസ്സവധിക്ക് ഒന്നു-ഒന്നര മാസത്തിനു മുമ്പ് സ്വപ്നത്തിൽ ഒരു താടിക്കാരൻ വയസ്സനെയും അയാളുടെ ചുറ്റും കുറെ ഭക്തന്മാരെയും കണ്ടു കുറച്ചു ദിവസം കഴിഞ്ഞ അയാൾ ദാസ്ഗനുവിന്റെ കീർത്തനം കേൾക്കാൻ, അയാളുടെ സുഹൃത്ത്ദത്താത്രേയ മഞ്ജുനാഥ് ബിജ്ജുവിന്റെ വീട്ടിൽപോയി ദാസ്ഗനു സാധാരണ കീർത്തന സമയത്ത് ബാബയുടെ ഒരു ഫോട്ടോ വെക്കൽ പതിവുണ്ട് ആ ചിത്രം കണ്ടപ്പോൾ ലക്ഷ്മി ചന്ദിന് അയാൾ സ്വപ്നത്തിൽ കണ്ടത് സായിബാബയാണെന്ന് തീരുമാനിക്കുകയും ചെയ്തു. ഈ ചിത്രം കാണലും ദാസ്ഗനുവിന്റെ കീർത്തനവും തുക്കാറാമിന്റെ ജീവിതത്തെപ്പറ്റി ദാസ്ഗനുവിന്റെ വിവരണം എല്ലാം കേട്ട് അയാൾക്ക് ഷിർദ്ദിക്ക് പോകാൻ അതിയായ ആശ ജനിച്ചു. സാധാരണ ഭക്തന്മാർക്ക് ഭഗവാൻ സദ്ഗുരുവിനെ കാണിച്ചുകൊടുക്കുന്നു എന്നത് ഒരു സത്യമാണ്. അന്നു രാത്രി തന്നെ ഒരു സുഹൃത്ത് ശങ്കർറാവ് 8 മണിക്ക് വാതില്ക്കൽ വന്നുമുട്ടി, അയാളോട് ഷിർദ്ദിക്ക് വരുന്നുവോ എന്നുചോദിച്ചു. അയാൾ സന്തുഷ്ടനായി ഉടനെ ഷിർദ്ദിക്ക് പോകാൻ ഒരുങ്ങി.

ഒരു ബന്ധുവിന്റെ കയ്യിൽ നിന്ന് 15ക. കടം വാങ്ങി തയ്യാറായി ഷിർദ്ദിക്ക് പുറപ്പെട്ടു. വണ്ടിയിൽ അവർ കുറെ ഭജന പാടി. പിന്നെ ഷിർദ്ദിക്ക് അടുത്ത് നാട്ടിലേക്കു മടങ്ങുന്ന നാലു മുഹമ്മദീയരോട് സായിബാബയെ പറ്റി അന്വേഷിച്ചു. അവർ സായിബാബ, ഒരു മഹായോഗിയാണെന്നും കുറെ കാലമായി ഷിർദ്ദിയിൽ താമസമാണെന്നും പറഞ്ഞു. കോർപ്പഗാവോണിലെത്തിയപ്പോൾ ബാബക്ക് കുറെ ബേരിപ്പഴം വാങ്ങാനാലോചിച്ചത്, അവിടത്തെ കാഴ്ചകൾ കണ്ടും മറ്റും മറന്നുപോയി. ഷിർദ്ദി സമീപി ക്കാറയാപ്പോൾ പഴത്തിന്റെ കാര്യം ഓർമ്മവന്നു. അപ്പോഴേക്കും ഒരു വൃദ്ധ ഒരു കുട്ട പഴം തലയിൽവെച്ച് കുതിരവണ്ടി ക്കടുത്തേക്ക് ഓടി വരുന്നതുകണ്ടു. അതിൽ നിന്ന് നല്ല കുറെപഴം വാങ്ങി. അപ്പോൾ ആ സ്ത്രീ, 'എല്ലാ പഴവും എടുത്ത് ബാക്കി എനിക്കുവേണ്ടി ബാബക്ക് കൊടുത്താലും എന്നു പറഞ്ഞു. പഴം മറന്നതും ഇങ്ങനെ വാങ്ങാൻ കഴിഞ്ഞതും വൃദ്ധക്ക് ബാബയോടുള്ള ഭക്തിയും എല്ലാം അവർക്ക് അതിശയകരാമയി തോന്നി. ലക്ഷ്മീചന്ദ് കരുതിയത് ആ വൃദ്ധ, താൻ സ്വപ്നത്തിൽകണ്ട വയസ്സന്റെ വല്ല ബന്ധുവുമായിരിക്കും എന്നാണ്. അങ്ങിനെ അവർ ഷിർദ്ദിയിലേക്ക് പോന്നു. വഴിക്കുവെച്ച് മസ്ജിദ്ദിലെ കൊടിക്കൂറ കണ്ട് അവർ വന്ദിച്ചു. പൂജാസാമഗ്രികളെല്ലാം വാങ്ങി അവർ ബാബയെ ദർശനം ചെയ്ത് ആരാധിച്ചു. ലക്ഷ്മീചന്ദ് ബാബയെ കണ്ട് അതീവ സന്തുഷ്ടനായി. ഒരു വണ്ട് താമരപ്പൂവിനെയെന്നപോലെ അയാൾ ബാബയുടെ പാദത്തിൽ കടന്നുപിടിച്ചു അപ്പോൾ ബാബ ഇപ്രകാരം പറഞ്ഞു: 'സൂത്രക്കാരൻ, അവൻ വഴിക്ക് ഭജന ചൊല്ലും. എന്നിട്ട് ആളുകളോടന്വേഷിക്കും. എന്തിനു മറ്റുള്ളവരോട് ചോദിക്കുന്നു? എല്ലാ നമ്മുടെ സ്വന്തം കണ്ണുകൊണ്ട് കാണണം. നിന്റെ സ്വപ്നം ശരിയോ അല്ലയോ

എന്ന് ആലോചിച്ചാൽ പോരെ. ഒരു മാർവാടിയോട് കടംവാങ്ങി ദർശനത്തിന് വരാനെന്തായിരുന്നു ആവശ്യം? ഇപ്പോൾ ഹൃദയത്തിലെ ആഗ്രഹം സാധിച്ചില്ലെ?‘

ഈ വാക്കുകൾ കേട്ട് ബാബയുടെ സർവ്വാന്തര്യാമിത്വം ബോദ്ധ്യമായി ലക്ഷ്മീചന്ദ് അതിശയിച്ചുപോയി. വഴിക്കുവെച്ചുണ്ടായ സംഗതികൾ എങ്ങനെ ബാബ അറിഞ്ഞു എന്നയാൾക്കു മനസ്സിലായില്ല. ഇതിൽ പ്രധാനകാര്യം ബാബദർശനത്തിന്നോ, പുണ്യദിവസം കൊണ്ടാടുന്നതിനോ തീർത്ഥാടനത്തിന്നോ, കടം വാങ്ങുന്നത് ബാബ ഇഷ്ടപ്പെട്ടിരുന്നില്ല എന്നതാണ്.

**സൻസാ**

ഉച്ചക്ക് ലക്ഷമീചന്ദ് ഭക്ഷണത്തിന്നിരിക്കുമ്പോൾ അയാൾക്ക് ഒരു ഭക്തനിൽ നിന്ന് കുറച്ചു സൻസാ (ഗോതമ്പുപ്പായസം) പ്രസാദമായി കിട്ടി. അയാൾ വളരെ സന്തോഷിച്ചു പിറ്റെന്നും സൻസാ കിട്ടുമെന്നു കരുതി. പക്ഷെ കിട്ടിയില്ല. അടുത്ത ദിവസം ഉച്ചക്കുള്ള ആരതിക്ക് ശേഷം ബാബക്ക് എന്ത് നൈവേദ്യമാണ് കൊണ്ടുവരേണ്ടതെന്ന് ബാപ്പുസാഹെബ് ജോഗ് ചോദിച്ചു. ബാബ സൻസാ കൊണ്ടുവരാൻ പറഞ്ഞു. ഭക്തൻമാർ രണ്ടു വലിയ പാത്രം നിറയെ സൻസാ കൊണ്ടുവന്നു. ലക്ഷ്മീ ചന്ദിനും വിശപ്പും പുറത്ത് വേദനയുമുണ്ടായിരുന്നു. ബാബ പറഞ്ഞു: ‘വിശക്കുന്നത് നല്ലതാണ്. സൻസാ കഴിച്ചോളൂ. പുറം വേദനക്ക് എന്തെങ്കിലും മരുന്നുംകഴിക്കൂ‘ അപ്പോഴും അയാളുടെ മനസ്സിലുള്ളത് ബാബ അറിഞ്ഞതിൽ അയാൾ അതിശയിച്ചു. എത്രമാത്രം സർവ്വാന്തര്യമിയാണ് ബാബ എന്നു നോക്കുക!

**1) കരിങ്കണ്ണ്**

ഈ അവസരത്തിൽ ലക്ഷ്മീചന്ദ് ചാവടിയിലേക്കുള്ള എഴുന്നള്ളിപ്പ് കണ്ടു. അന്നേരം ബാബ വല്ലാതെ ചുമച്ചിരുന്നു. അയാൾ കരുതി ബാബയുടെ ചുമ ആരുടെയോ കരിങ്കണ്ണു കാരണമാണെന്ന്. പിറ്റെന്നയാൾ മസ്ജിദ്ദിൽപോയപ്പോൾ ബാബ ശാമയെ വിളിച്ചു പറഞ്ഞു. 'ഇന്നലെ രാത്രി ഞാൻ വല്ലാതെ ചുമച്ചു. അത് കരിങ്കണ്ണു പറ്റിയതാണോ? ആരുടെയോ കരിങ്കണ്ണുകൊണ്ടാണ് ഞാൻ ചുമയ്ക്കുന്നതെന്നാണ് തോന്നുന്നത്' ബാബ ലക്ഷ്മീചന്ദ് വിചാരിച്ചത് പറഞ്ഞതാണ് അത്.

ഇതെല്ലാം കണ്ട് ബാബയെപ്പറ്റി പരമാത്മാവാണെന്ന് ബോദ്ധ്യപ്പെട്ട് ആയാൾ കാൽക്കൽവീണു പറഞ്ഞു: 'ഞാൻ ദർശനം കൊണ്ട് കൃതാർത്ഥനായി. എന്നോട് കനിവുണ്ടായി രക്ഷിക്കണം. അവിടുത്തെ പാദങ്ങളില്ലാതെ എനിക്കു മറ്റൊരു ദൈവമില്ല. എന്റെ മനസ്സ് അവിടുത്തെ ഭജനയിലും പാദങ്ങളിലും മാത്രം വ്യാപൃതമാവട്ടെ. അവിടുത്തെ ദയ എന്നെ എല്ലാ കഷ്ടതകളിൽ നിന്നും രക്ഷിക്കട്ടെ. എനിക്ക് സദാ അവിടുത്തെ നാമം ജപിക്കാൻ കഴിയുമാറാവട്ടെ'.

ബാബയുടെ ഉധിയും അനുഗ്രഹവും വാങ്ങി സ്നേഹിതനോടൊപ്പം അയാൾ വീട്ടിലേക്കു മടങ്ങി, തൃപ്തനായി വഴി നീളെ ബാബയെപറ്റി കീർത്തിച്ചു. പിന്നീട് എല്ലായ്പ്പോഴും ബാബയുടെ പരമഭക്തനായിരുന്നു. ആർ അടുത്ത പ്രദേശത്തുനിന്ന് ഷിർദ്ദിക്കു വരുമ്പോഴും അയാൾ ദക്ഷിണയും കർപ്പൂരവും മാലകളും അയച്ചുകൊണ്ടിരുന്നു.

**2) ബർഹാംപൂർക്കാരി**

ഇനി മറ്റൊരു കിളിയെപറ്റി കേൾക്കുക. ബർഹാംപൂരിലെ ഒരു സ്ത്രീ, സ്വപ്നത്തിൽ ബാബ വന്ന് കിച്ചടി യാചിക്കുന്നതായി

കണ്ടു. ഉണർന്നു നോക്കിയപ്പോൾ ആരെയും കണ്ടില്ല. ഈ സ്വപ്നംകണ്ട് സന്തുഷ്ടയായി അവർ ഭർത്താവിനോടും മറ്റ് എല്ലാവരോടും വിവരം പറഞ്ഞു. അയാൾ പോസ്റ്റൽ ഡിപ്പാർട്ടുമെന്റിൽ ജോലിക്കാരാനായിരുന്നു. അയാൾക്ക് അക്കാലയിലേക്ക് മാറ്റം കിട്ടിയപ്പോൾ ഭാര്യയും ഭർത്താവും കൂടി ഷിർദ്ദിയിലേക്ക് പോവാൻ തീർച്ചപ്പെടുത്തി. ഒരു ദിവസം ഷിർദ്ദിക്കു പുറപ്പെട്ട് വഴിക്കുവെച്ച് ഗോമതീതീർത്ഥം സന്ദർശിച്ച് ഷിർദ്ദിയിലെത്തി അവിടെ രണ്ടു മാസം താമസിച്ചു. എല്ലാ ദിവസവും മസ്ജിദ്ദിൽ പോയി ബാബയെ ആരാധിച്ച് സന്തോഷമായി കഴിഞ്ഞുകൂടി. അവർ ബാബക്ക്, കിച്ചടി നൈവേദ്യം കൊടുക്കാൻ വന്നതായിരുന്നു. പക്ഷെ ആദ്യത്തെ പതിനാലു ദിവസം അതിന് സാധിച്ചില്ല സ്ത്രീക്ക് ഈ അമാന്തം തീരെ ഇഷ്ടപ്പെട്ടിരുന്നില്ല. 15-ാം ദിവസം ഉച്ചക്ക് കിച്ചടിയുമായി അവർ മസ്ജിദ്ദിൽ വന്നു. അപ്പോൾ ബാബയും മറ്റുള്ളവരും ഭക്ഷണത്തിന്നിരുന്നതായും മറശ്ശീല താഴ്ത്തിയിട്ടതുമായാണ് കണ്ടത്. ആരും മറശ്ശീല താഴ്ത്തിയാൽ പ്രവേശിക്കാൻ ധൈര്യപ്പെട്ടിരുന്നില്ല. പക്ഷെ ആയമ്മക്ക് അതൊന്നും അറിഞ്ഞിരുന്നില്ല. അവർകർട്ടൻ പൊന്തിച്ചകത്ത് കടന്നു. അന്ന് ബാബക്ക് കിച്ചടിവേണമെന്ന് പറഞ്ഞിരുന്നു. കിച്ചടി കണ്ട ഉടനെ ബാബ അതുവാങ്ങി വാരിവാരി കഴിക്കാൻ തുടങ്ങി. ഇതുകണ്ട് എല്ലാവരും അതിശയിക്കുകയും ഭക്തന്മാരോടുള്ള ബാബയുടെ പ്രേമത്തെപറ്റി അവർക്ക് ബോദ്ധ്യമാവുകയും ചെയ്തു.

**മേഘ**

ഇനി മൂന്നാമത്തെയും ഏറ്റവും വലുതുമാതയ കിളിയെപറ്റി നോക്കാം. വീരം ഗാവോണിലെ മേഘ, അക്ഷരാഭ്യാസം പോലുമില്ലാത്ത ശുദ്ധഗതിക്കാരനായ ബ്രാഹ്മണനും റാവുബഹദൂർ സതെയുടെ പാചക വേലക്കാരനു മായിരുന്നു.

അയാൾ ശിവഭക്തനായതു കൊണ്ട് സദാ നേരവും 'നമഃ ശിവായ' എന്നു ജപിക്കുമായിരുന്നു. അയാൾക്ക് സന്ധ്യാവന്ദനമോ ഗായത്രിയോ ഒന്നും അറിയില്ലായിരുന്നു. റാവുബഹദൂർ സാതെ അയാളിൽ തല്പരനായി സന്ധ്യാ വന്ദനവും ഗായത്രിയും പഠിപ്പിച്ചു സാതെ അയാളോട് ഷിർദ്ദിയിലെ സായിബാബ, ശിവാവതാരമാണെന്ന് പറഞ്ഞ് അയാളെ ഷിർദ്ദിയിലെക്ക് പുറപ്പെടുവിപ്പിച്ചു. ബ്രോച്ച് റെയിൽവെ സ്റ്റേഷനിൽവെച്ച് സായിബാബ മുസ്ലിമാണെന്ന് കേട്ടപ്പോൾ അയാളുടെ ശുദ്ധഗതിയും യാഥാസ്ഥിതികത്വവും കാരണം ഒരു മുസ്ലീമിനെ വണങ്ങുന്ന കാര്യത്തിൽ നന്നെവിഷമം തോന്നി. എന്നിട്ട് യജമാനനോട് തന്നെ അങ്ങോട്ടയക്കരുതെന്നപേക്ഷിച്ചു. സതെ അയാളെ നിർബന്ധിച്ച് അയാളുടെ ഭാര്യപിതാവായ ഷിർദ്ദിയിലെ ദാദാകേൽക്കർക്ക് ഒരു കത്തുംകൊടുത്ത് അയച്ചു. അയാൾ ഷിർദ്ദിയിലെത്തി മസ്ജിദിൽ ചെന്നപ്പോൾ ബാബ കോപിച്ച് അയാളെ ഉള്ളിൽ കയറാൻ സമ്മതിക്കാതെ അലറി' ആ കള്ളനെ ചവുട്ടി പുറത്താക്കുവിൻ' എന്നിട്ട് ബാബ മേഘയോട് പറഞ്ഞു. 'നീ മുന്തിയ ബ്രാഹ്മണനും ഞാൻ താണതരം മുസ്ലീമും! നീയിവിടെ വന്നാൽ ജാതി നഷ്ടപ്പെടും. അതുകൊണ്ട് കടന്ന് പോ' ഈ വാക്കുകൾ കേട്ട് മേഘ പേടിച്ച് വിറച്ചു. അയാളുടെ മനസ്സിലുള്ളത് എങ്ങിനെ ബാബ അറിഞ്ഞു എന്നാണ് അയാളുടെ അതിശയം. കുറച്ചുദിവസം അവിടെ അയാൾ ബാബയെ അയാൾ ഇഷ്ടപ്പെട്ടവണ്ണം പരിചരിച്ചു കൂടിയും ബോദ്ധ്യം വന്നില്ല. പിന്നീട് അയാൾ വീട്ടിൽ പോവുകയും അതിന്നുശേഷം നാസിക്കിലെ ത്ര്യംബക്കിൽ ഒന്നരക്കൊല്ലം താമസിക്കുകയും ചെയ്തു. വീണ്ടും അയാൾ ഷിർദ്ദിയിലേക്ക് മടങ്ങി. ഇത്തവണ ദാഭോൽക്കർ ഇടപെട്ടതുകൊണ്ട് മസ്ജിദ്ദിൽ പ്രവേശിക്കാനനുവദിക്കുകയും അങ്ങിനെ ഷിർദ്ദിയിൽ

താമസിക്കുകയും ചെയ്തു. സായിബാബ, മേഘയെ സഹായിച്ചത് വാക്കാൽ ഉപദേശം കൊടുത്തി ട്ടായിരുന്നില്ല. ബാബ മേഘയിൽ ആന്തരികമായി പ്രവൃത്തിച്ച് അയാളിൽ പല മാറ്റങ്ങളും വരുത്തി പല നേട്ടങ്ങളും കൊടുത്തു. അങ്ങിനെ മേഘ, സായിബാബയെ ശിവാവതാരമായി കണക്കാക്കുവാൻ തുടങ്ങി. ശിവപൂജക്ക് കൂവളത്തില വേണമല്ലോ. മേഘ, നാഴികകണക്കിന് നടന്നുപോയി കൂവളഇലകൊണ്ടുവന്ന് അയാളുടെ ശിവനെ (ബാബയെ) പൂജിക്കും. അയാളുടെ പതിവ് എങ്ങിനെ എന്നുവെച്ചാൽ ഗ്രാമത്തിലെ എല്ലാ ദേവന്മാരെയും ആരാധിച്ച് മസ്ജിദ്ദിൽ വന്ന് ബാബയുടെ അടുക്കൽ കുമ്പിട്ട് ബാബയുടെ കാൽ തലോടികൊടുത്ത് പാദതീർത്ഥം കഴിക്കും. ഒരിക്കൽ ഖണ്ഡോബാക്ഷേത്രം അടച്ചിരുന്നതിനാൽ അവിടെ തൊഴാതെ അയാൾ മസ്ജിദ്ദിൽ വന്നു. ബാബ ആരാധന സ്വീകരിക്കാതെ ക്ഷേത്രത്തിന്റെ നട അപ്പോൾ തുറന്നിട്ടുണ്ടെന്ന് പറഞ്ഞു വീണ്ടും മടക്കി അയച്ചു. മേഘപോയി നോക്കിയപ്പോൾ നട തുറന്നിട്ടുണ്ട്. അവിടെ തൊഴുത് വീണ്ടും പതിവുപോലെ ബാബയുടെ അടുക്കൽ വന്നു.

**ഗംഗാസ്നാനം**

ഒരു മകരസംക്രമത്തിന് മേഘക്ക് ബാബയുടെ ദേഹം ചന്ദനം പൂശിഗംഗാജലത്തിൽ കുളിപ്പിക്കണമെന്നാഗ്രഹം തോന്നി. ബാബ ആദ്യം സമ്മതിച്ചില്ലെങ്കിലും വീണ്ടും വീണ്ടും അപേക്ഷിച്ചപ്പോൾ അനുവാദം കൊടുത്തു. മേഘക്ക് അങ്ങോട്ടുമിങ്ങോട്ടും കൂടി 24 നാഴിക നടന്നാലേ ഗോമതിനദിയിൽ നിന്ന് ജലം കൊണ്ടുവരാൻ കഴിയൂ. അയാൾ ജലം കൊണ്ടുവന്ന് എല്ലാ ഏർപ്പാടും ചെയ്ത് ബാബയോട് സ്നാനത്തിന് തയ്യാറാവൻ അപേക്ഷിച്ചു. ബാബ, തന്നെ അതിൽ നിന്നൊഴിവാക്കാനും ഒരു ഫക്കീറെന്ന നിലക്ക് ഗംഗാ

ജലവുമായി തനിക്കൊരു ബന്ധവുമില്ലെന്നും പറഞ്ഞു നോക്കി. പക്ഷെ മേഘ അതൊന്നും ശ്രദ്ധിച്ചില്ല. അയാൾക്കറിയാം ശിവൻ ഗംഗാസ്നാനം കൊണ്ട് സന്തുഷ്ടനാവുന്നു എന്ന്. അതുകൊണ്ട് അയാളുടെ ശിവനെ ആ പുണ്യദിവസം ഗംഗാസ്നാനം ചെയ്യിച്ചെ തീരൂ. ബാബ അവസാനം സമ്മതിച്ച് ഒരു പലകയിലിരുന്ന് തലമുന്നോട്ട് നീട്ടിപറഞ്ഞു. 'ഓ മേഘ! ഒരൊറ്റ സഹായമെങ്കിലും ചെയ്യണം. ശിരസ്സാണല്ലോ ദേഹത്തിലെ ഉത്തമാംഗം. അതുകൊണ്ട് ശിരസ്സിൽമാത്രം വെള്ളം ഒഴിച്ചാൽ മതി. അത് ദേഹം മുഴുവൻ കുളിച്ചതിന് സമമാണ്' ശരി എന്ന് പറഞ്ഞ് മേഘ കുടമെടുത്ത് വെള്ളമൊഴിക്കാൻ തുടങ്ങുകയും സ്നേഹാധിക്യംകൊണ്ട് 'ഹർഗംഗേ' എന്ന് പറഞ്ഞു മേലാകെകൂടി വെള്ളമൊഴിക്കുകയും ചെയ്തു. പാത്രം താഴെവെച്ച് ബാബയെ നോക്കിയപ്പോൾ, അതിശയമെന്ന് പറയട്ടെ ബാബയുടെ തലമാത്രമെ നനഞ്ഞിട്ടുള്ളു. ദേഹം നനഞ്ഞിട്ടെ ഇല്ല.

## ത്രിശൂലവും ലിംഗവും

മേഘ, ബാബയെ രണ്ട് സ്ഥലങ്ങളിൽവെച്ച് ആരാധിച്ചു. മസ്ജിദിൽ നേരിട്ടും വാഡയിൽ നാനാസാഹെബ് ചന്ദോർക്കർ കൊടുത്ത ബാബയുടെ ഒരു വലിയ ചിത്രത്തെയും. ഇങ്ങിനെ 12 മാസത്തോളം അയാൾ ചെയ്തു. അപ്പോൾ അയാളുടെ ഭക്തി ഉറപ്പിക്കാനും ആസ്വാദിക്കാനുമായി ബാബ ഒരു ദർശനം കൊടുത്തു. ഒരു പ്രഭാതത്തിൽ മേഘ കിടക്കയിൽ കണ്ണടച്ചു കിടക്കുകയായിരുന്നു. പക്ഷെ നല്ലപോലെ ഉണർന്നു കഴിഞ്ഞിരുന്നു. അപ്പോൾ അയാൾ ബാബയുടെ രൂപം വ്യക്തമായി കണ്ടു. ബാബ അയാൾ ഉണർന്നിരിക്കയാണെന്നറിഞ്ഞ് അയാളുടെ ദേഹത്തിൽ അരിമണി കുങ്കുമത്തിലിട്ട അക്ഷതം എറിഞ്ഞു ഇങ്ങിനെ പറഞ്ഞു: 'മേഘ!

ഒരു ത്രിശൂലം വരക്കൂ‘ ബാബ അപ്രത്യക്ഷനാവുകയും ചെയ്തു. ബാബയുടെ വാക്കുകേട്ട് കണ്ണുതുറന്നപ്പോൾ ബാബയെ കണ്ടില്ല പക്ഷേ, അക്ഷതം അവിടെ കിടക്കുന്നുണ്ട്. അയാൾ ബാബയുടെ അടുക്കൽ പോയി ഈ ദർശനത്തെപറ്റി പറയുകയും ത്രിശൂലം വരക്കാൻ അനുവാദം ചോദിക്കുകയും ചെയ്തു. ബാബ അതിന്ന് ഇങ്ങിനെ മറുപടി പറഞ്ഞു: ‘ഞാൻ നിന്നോട് ത്രിശൂലം വരക്കാൻ പറഞ്ഞ എന്റെ വാക്കുകൾ നീ കേട്ടില്ലെ? അത് ദർശനമല്ല നേരിട്ടുള്ള കൽപനയാണ്. എന്റെ വാക്കുകൾ അർത്ഥഗർഭമാണ്. ഒരിക്കലും വെറും വാക്കുകളല്ല‘ മേഘ പറഞ്ഞു. ‘ഞാൻ കരുതി അവിടുന്നെന്നെ ഉണർത്തി എന്ന്. എല്ലാ വാതിലുകളും അടച്ചിരുന്നു. അതുകൊണ്ട് അതൊരു ദർശനമാണെന്ന് കരുതി‘. ബാബ തുടർന്നു പറഞ്ഞു: ‘ എനിക്ക് പ്രവേശിക്കാൻ വാതിൽ ആവശ്യമില്ല. എനിക്കു ആകൃതിയോ വിസ്തൃതിയോ ഇല്ല. ഞാൻ സദാ സർവ്വാന്തര്യാമിയാണ്. ഞാൻ സൂത്രധാരനപ്പോലെ എന്നെ വിശ്വാസിച്ച് എന്നിൽ ലയിക്കുന്നവരുടെ കാര്യങ്ങൾ നിർവ്വഹിക്കുന്നു’.

മേഘ ഉടനെ വാഡയിലേക്ക് മടങ്ങി വന്ന് ബാബയുടെ ചിത്രത്തിനടുത്തായി ചുമരിൽ ചുകന്ന നിറത്തിൽ ഒരു ത്രിശൂലം വരച്ചു അടുത്തദിവസം ബോംബെയിൽനിന്ന് ഒരു രാമദാസി ഭക്തൻ വന്ന് ബാബയെ വണങ്ങി ഒരു ലിംഗം ബാബക്കു കൊടുത്തു. അന്നേരം മേഘയും അവിടെ വന്നു. ബാബ പറഞ്ഞു: ‘നോക്കൂ: ശങ്കരൻ വന്നിരിക്കുന്നു. അദ്ദേഹത്തെ വേണ്ടപോലെ നോക്കണം’. മേഘ ഇത് കണ്ട് ത്രിശൂല ത്തോടുകൂടി ശിവലിംഗവും വന്നതിൽ ആശ്ചര്യപ്പെട്ടു. വാഡയിൽ അതേസമയം കാക്കാസാഹെബ് ദീക്ഷിത് കുളികഴിഞ്ഞ് തലയിൽ ഒരു തോർത്തും കെട്ടി ബാബയെ നമസ്കരിച്ച് നില്ക്കയായിരുന്നു. അയാൾ മനസ്സിൽ ഒരു ശിവലിംഗം കണ്ടു.

അയാൾ അതിശയിച്ചു നിൽക്കുമ്പോൾ മേഘ തനിക്ക് ബാബകൊടുത്ത ആ ശിവലിംഗം കൊണ്ടുവന്ന്, അയാൾക്ക് കാണിച്ചു. ദീക്ഷിത് അതു കണ്ടപ്പോൾ താൻ നിമിഷങ്ങൾക്ക് മുമ്പ് മനസ്സിൽ കണ്ട അതേ ശിവലിംഗ മാണിതെന്ന് അയാൾക്ക് ബോദ്ധ്യമായി. ത്രിശൂലം വരച്ച് കുറച്ച് ദിവസങ്ങൾക്ക് ശേഷം ബാബ തന്റെ ചിത്രത്തിനടുത്ത് ആ ശിവലിംഗവും പ്രതിഷ്ഠിച്ചു. അങ്ങിനെ മേഘയുടെ ശിവപൂജ ഈ ത്രിശൂലവും ശിവലിംഗവും കൂടി ആയപ്പോൾ പൂർണ്ണമാവുകയും അയാളുടെ ഭക്തി ബാബ സ്ഥിരപ്പെടു ത്തുകയും ചെയ്തു.

അങ്ങിനെ വളരെക്കാലം ബാബയെ സേവിച്ചും പരിചരിച്ചും സ്ഥിരമായി മദ്ധ്യാഹ്ന ആരതിയും സായന്തന ആരതിയും നടത്തിയും വന്ന മേഘ 1912 ൽ അന്ത്യശ്വാസം വലിച്ചു. അപ്പോൾ ബാബ അയാളുടെ ശവശരീരം തലോടി കണ്ണീരൊലിപ്പിച്ചുകൊണ്ടു പറഞ്ഞു: 'ഇതെന്റെ ഒരു യഥാർത്ഥ ഭക്തനായിരുന്നു'.ബാബ തന്റെ സ്വന്തം ചിലവിൽ ശവദാഹശേഷം ബ്രാഹ്മണസദ്യ നടത്താൻ കല്പിക്കുകയും ആ കൽപന കാക്കാസാഹെബ് ദീക്ഷിതിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുകയും ചെയ്തു.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!

# അദ്ധ്യായം - 29



1). മദ്രാസി ഭജനിമേള. 2). തെണ്ടുൽക്കാർ (അച്ഛനും മകനും). 3). ഡോക്ടർ കേപ്ടൻ ഹതെ. 4). വാമൻനാർവേകർ.

ഈ അദ്ധ്യായം സായിബാബയുടെ മറ്റു രസകരവും വിസ്മയാവഹവുമായ കഥകളെ പറ്റി പ്രതിപാദിക്കുന്നു.

## 1) മദ്രാസി ഭജനി സംഘം

1916 –ൽ രാമദാസി പാന്ഥാവിൽപ്പെട്ട ഒരു മദ്രാസി ഭജനിസംഘം കാശിയിലേക്ക് ഒരു തീർത്ഥാടനത്തിനായി പുറപ്പെട്ടു. സംഘത്തിൽ ഒരാളും അയാളുടെ ഭാര്യയും മകളും ഭാര്യയുടെ സഹോദരിയുമാണുണ്ടായിരുന്നത്. അവരുടെ പേർ നിർഭാഗ്യവശാൽ പറഞ്ഞിട്ടില്ല. പോകും വഴിക്ക് അവർ അഹമ്മദ് നഗർ ഡിസ്ട്രിക്ടിലെ കോപ്പർഗാവോൺ താലൂക്കിൽപ്പെട്ട ഷിർദ്ദിയിൽ ശാന്തനും ഗംഭീരനുമായി സായിബാബ എന്നു പേരായ ഒരു സിദ്ധനുണ്ടെന്നും ബാബ വളരെ ദയാലുവും ഭക്തന്മാർക്കും വൈദഗ്ദ്ധ്യമുള്ളവർക്കും പണം ധാരാളം കൊടുക്കുന്ന ആളാണെന്നും അറിഞ്ഞു വശായി. എല്ലാ

ദിവസവും ദക്ഷിണയായി വലിയ തുക സായിബാബ സ്വീകരിച്ചിരുന്നതിൽ നിന്ന് ദിവസവും ബാബ ഭക്ത കൊണ്ടോജിയുടെ മൂന്നു വയസ്സായ മകൾ അമാമിക്ക് ഒരുറുപ്പികയും, വെറേ ചിലർക്ക് 2 മുതൽ 5 ഉറുപ്പികയും, അമാനിയുടെ അമ്മ ജാമാലിക്ക് 6 കയും 10ഉം, 20ഉം, 50ഉം ഉറുപ്പികത്തോതിൽ മറ്റു ഭക്തനമാർക്കും വീതിച്ചുകൊടുത്തിരുന്നു. ഇതെല്ലാം കേട്ട് മദ്രാസി ഭജനസംഘം ഷിർദ്ദിയിൽ വന്നു താമസിച്ചു. സംഘം നല്ല ഭജനയും പാട്ടുകളും പാടി. അവർ ഉള്ളിൽ പണത്തിന് വേണ്ടി ആശിക്കുകയായിരുന്നു. സംഘത്തിൽ മൂന്നുപേർ അത്യാർത്തിക്കാരായിരുന്നു. പക്ഷെ അതിൽ സ്ത്രീകളിലെ പ്രധാനി അത്തരക്കാരിയായിരുന്നില്ല. അവർ ബാബയെ സ്നേഹബഹുമാനങ്ങളോടെ വീക്ഷിച്ചു. ഒരിക്കൽ മദ്ധ്യാഹന ആരതി നടക്കുമ്പോൾ അവരുടെ ഭക്തികണ്ട് സന്തോഷിച്ച് സായിബാബ അവർക്ക് അവരുടെ ഇഷ്ടദേവതയുടെ ദർശനം കൊടുത്തു. അവർക്ക് ബാബ, സീതാനാഥനായിട്ടാണ് കാണപ്പെട്ടത്. മറ്റുള്ളവർക്ക് സാധാരണപോലെ ബാബയും. അവർ ആനന്ദാശ്രുക്കൾ തൂകി സന്തോഷാധിക്യം കൊണ്ട് കൈയടിക്കാൻ തുടങ്ങി. ജനങ്ങൾ അവരുടെ ആനന്ദം കണ്ട് വിസ്മയിച്ചെങ്കിലും അതിന്റെ കാരണം മനസ്സിലാക്കിയില്ല. പിന്നീട് വൈകുന്നേരം അവർ എല്ലാ കാര്യവും ഭർത്താവിനോട് പറഞ്ഞുകൊടുത്തു. അവർ സായിബാബയിൽ ശ്രീരാമനെ ദർശിച്ച വിവരവും പറഞ്ഞുകൊടുത്തു. അയാൾ കരുതിയത് ശുദ്ധഹൃദയമായതുകൊണ്ട് മനസ്സിന്റെ വിഭ്രാന്തിയാൽ ശ്രീരാമനെ ദർശിച്ചതായിക്കരുതിയിരിക്കുമെന്നാണ്. അയാൾ അവർ മാത്രം ശ്രീരാമനെക്കാണുന്നതെങ്ങിനെ എന്ന് പറഞ്ഞു അത് വളരെ നിസ്സാരമാക്കി തള്ളി. പക്ഷെ അവർ അത് വകവെക്കാതെ





മനഃശാന്തി കിട്ടുമ്പോഴെല്ലാം രാമദർശനം അനുഭവിച്ചുകൊണ്ടിരുന്നു.

## വിസ്മയാവഹമായ ദർശനം

സ്ഥിതിഗതികൾ മേൽപ്രകാരമായിരിക്കെ ഭർത്താവിന് സ്വപ്നത്തിൽ വിസ്മയാവഹമായ ഒരു ദർശനം കിട്ടി. അത് ഇപ്രകാരമായിരുന്നു. അയാൾ ഒരു വലിയ പട്ടണത്തിലാണ്. പോലീസ് അയാളെ അറസ്റ്റ് ചെയ്ത് കയ്യുകൾ കൂട്ടിക്കെട്ടി ലോക്കപ്പിലിട്ടിരിക്കുകയാണ്. പോലീസ് കൈ മുറുകെ പിടിക്കുമ്പോൽ അയാൾ സായിബാബയെ ശാന്തസ്വരൂപനായി ലോക്കപ്പിന് പുറത്ത് നില്ക്കുന്നതായി കണ്ടു. സായിബാബയെ അടുത്തുകണ്ടപ്പോൾ ദീനദീനം പറഞ്ഞു. അവിടുത്തെ പ്രശസ്തി കേട്ടാണ് ഞാനിവിടെ വന്നത്. പിന്നെ അവിടുന്ന് നേരിട്ടു മുന്നിൽ നില്ക്കെ എനിക്കെങ്ങിനെയാണ് ഇത്തരം ആപത്ത് സംഭവിച്ചത്? ബാബ അതിനു മറുപടിയായി നീ നിന്റെ കർമ്മഫലം അനുഭവിച്ചേ തീരു. എന്നു പറഞ്ഞപ്പോൾ അയാൾ 'ഞാനീ ജന്മം ഇത്തരത്തിലൊരു നിർഭാഗ്യം സംഭവി ക്കാത്തതായി യാതൊന്നും ചെയ്തിട്ടില്ല'. എന്ന് വീണ്ടും പറഞ്ഞു. അതിന് ബാബ 'ഈ ജന്മത്തിലല്ലെങ്കിൽ മുൻജന്മങ്ങളിൽ നീ എന്തെങ്കിലും ഒരു പാപം ചെയ്തിരിക്കും' എന്നായി. അയാളിതിന്ന് എനിക്ക് മുജ്ജന്മത്തെപ്പറ്റി ഒന്നും അറിയില്ല. ഇനി അഥവാ വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ തന്നെ ഉണക്കപ്പുല്ല് അഗ്നിക്കു മുന്നിലെന്നപോലെ അവിടുത്തെ മുന്നിൽ അത് കത്തിച്ചാമ്പലാവണ്ടെ? എന്നു ചോദിച്ചു. ബാബ അയാളോട് നിനക്ക് അത്രമാത്രം വിശ്വാസമുണ്ടോ? അയാൾ 'ഉണ്ട്' ബാബ അയാളോട് കണ്ണടക്കാൻ പറഞ്ഞു. കണ്ണടച്ച ഉടനെ എന്തോ വീഴുന്ന ശബ്ദം കേട്ട് കണ്ണു തുറന്നു നോക്കിയപ്പോൾ ബാബ

ഇപ്പോൾ നിന്നെ നല്ലപോലെ കുടുക്കി ആഫീസർമാർ ഉടനെ നിന്നെവന്ന് അറസ്റ്റ് ചെയ്യും. എന്നാണ് പറഞ്ഞത്. അയാൾ അപേക്ഷിച്ചു. 'അവിടുന്നല്ലാതെ രക്ഷയില്ല. എന്നെ എങ്ങിനെയെങ്കിലും രക്ഷിച്ചാലും' ബാബ വീണ്ടും കണ്ണടയ്ക്കാൻ പറഞ്ഞു. അയാൾ കണ്ണടച്ച് തുറന്നു നോക്കിയപ്പോൾ അയാൾ ലോകപ്പിന്നു പുറത്തുവന്ന് സ്വതന്ത്രനായും ബാബ അരികത്ത് നില്കുന്നതായു കണ്ടു. അയാൾ ഉടനെ ബാബയുടെ പാദങ്ങളിൽ വീണു. ബാബ അയാളോട് ചോദിച്ചു. 'ഈ നമസ്കാരവും മുമ്പ് ചെയ്ത നമസ്ക്കാരങ്ങളും തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ ? നല്ലവണ്ണം ആലോചിച്ച് മറുപടിപറയണം' അയാൾ പറഞ്ഞു: 'അവ തമ്മിൽ വലിയ അന്തരമുണ്ട്. എന്റെ മുമ്പത്തെ നമസ്കാരങ്ങളെല്ലാം അവിടുത്തോട് പണം കിട്ടാൻ വേണ്ടി ചെയ്തവയായിരുന്നു. പക്ഷെ ഇപ്പോഴത്തെ നമസ്കാരം അവിടുത്തെ ദൈവമായി കരുതിയിട്ടുള്ളതാണ്. കൂടാതെ അവിടുന്ന് ഒരു മുഹമ്മദീയനാണെന്നും ഞങ്ങൾ ഹിന്ദുക്കളെ കേടുവരുത്തകയുമാണെന്നുമുള്ള വെറുപ്പും മുമ്പ് എനിക്കുണ്ടായിരുന്നു. ബാബ ചോദിച്ചു 'നീ മുഹമ്മദെൻ ദൈവത്തിൽ വിശ്വസിക്കുന്നില്ലെ?'. അയാൾ 'ഇല്ല' എന്നു മറുപടി നല്കി. ഉടനെ ബാബ ചോദിച്ചു 'നിന്റെ വീട്ടിൽ ഒരു കൈയിന്റെ ചിഹ്നം ഇല്ലെ' അത് നിങ്ങൾ മുഹറം കാലങ്ങളിൽ ആരാധിക്കാറില്ലെ? കൂടാതെ നിന്റെ വീട്ടിൽ കാദ്ബീബി എന്ന ഒരു മുഹമ്മദൻ ദൈവമുള്ളതിനെ നിങ്ങൾ വിവാഹ അവസരങ്ങളിലും മറ്റ് ആഘോഷദിവസങ്ങളിലും പ്രീതി പ്പെടുത്താറില്ലെ. അത് ശരിയല്ലെ ? അയാളതെല്ലാം സമ്മതിച്ചു. അപ്പോൾ ബാബ ചോദിച്ചു. 'ഇനി എന്തു വേണം നിനക്ക്' അപ്പോൾ അയാൾക്ക് ഗുരുരാമദാസിനെ കാണണെന്ന് തോന്നി. ബാബ പിന്നോട്ട് നോക്കാൻ പറഞ്ഞു. തിരിഞ്ഞു

നോക്കിയപ്പോൾ രാമദാസ് മുന്നിൽ നില്കുന്നു. അയാൾ കാല്ക്കൽ വീഴാൻ നോക്കുമ്പോഴെക്കും രാമദാസ് മറഞ്ഞു. അപ്പോൾ ജിജ്ഞാസുവായി അയാൾ ബാബയോട്ചോദിച്ചു 'അവിടുന്ന് വൃദ്ധനായികാണപ്പെടുന്നു അവിടുത്തേക്ക് എത്ര വയസ്സായെന്നറിയാമോ?' ബാബ ചോദിച്ചു 'എന്ത് ഞാൻ വയസ്സനെന്നോ എന്റെ കൂടെ ഒന്ന് ഓടിനോക്ക് കാണാം' ഇതും പറഞ്ഞ് ബാബ ഓടാൻ തുടങ്ങി. അയാളും ഓടി. ബാബ വിദൂരതയിൽ ഓടിമറഞ്ഞു അയാൾ പിന്നെയും ഓടുകയാണ്. അപ്പോഴേക്കും അയാൾ ഉണർന്നു. ഉണർന്നുകഴിഞ്ഞപ്പോൾ അയാൾ സ്വപ്നദർശനത്തെപ്പറ്റി അവഗാഢമായി ചിന്തിച്ചു. അയാളുടെ മനസ്ഥിതി ആകെ മാറി. ബാബയുടെ മഹത്വം മനസ്സിലായി തുടങ്ങി. അതിൽ പിന്നെ ദുരാഗ്രഹവും മറ്റും മാറി. ബാബയോട് യഥാർത്ഥഭക്തിയുണ്ടാവാൻ തുടങ്ങി. ഈ ദർശനം വെറു സ്വപ്നമായിരുന്നെങ്കിലും ചോദ്യോത്തരങ്ങൾ മർമ്മപ്രധാനങ്ങളും രസകരങ്ങളുമായിരുന്നു. പിറ്റേന്ന് പുലർച്ചെ എല്ലാവരും ആരതിക്ക് മസ്ജിദ്ദിൽ വന്നപ്പോൾ ബാബ അയാൾക്ക് രണ്ടുറപ്പികയും കൊടുത്ത് അയാളെ അനുഗ്രഹിച്ചു. കുറച്ചു ദിവസവും കൂടി ബാബ അവിടെ അവരെ നിർത്തി പിന്നീട് 'അള്ളാ നിങ്ങളെ സുഭിക്ഷമാക്കും നിങ്ങൾക്ക് നന്മ വരുത്തും' എന്നനുഗ്രഹിച്ചു. അയാൾക്ക് കൂടുതൽ പണം കിട്ടിയില്ലെങ്കിലും അതിലും എത്രയോ വലുതും പ്രയോജനകരവുമായ ബാബയുടെ അനുഗ്രഹം വേണ്ടുവോളം കിട്ടി. സംഘത്തിന് പിന്നീട് വേണ്ട പണം കിട്ടുകയും തീർത്ഥയാത്ര യാതൊരു വിഷമവും കൂടാതെ പൂർത്തി യാക്കുകയും ചെയ്തു. ബാബയെ സ്മരിച്ചും വാഴ്ത്തിയും അവർ സുരക്ഷിതരായി വീട്ടിൽ മടങ്ങിയെത്തി. അവർക്ക് ലഭിച്ച ആനന്ദം അവർ എന്നും ഓർമ്മിച്ചു.

ഈ കഥ ബാബയുടെ പല സമ്പ്രദായങ്ങളിൽ ഒന്നായ ഭക്തന്മാരെ നന്നാക്കുവാനുള്ള പ്രത്യേക വിധത്തെയാണ് ഉദാഹരിക്കുന്നത്.

## 2) തെണ്ടുൽക്കാർ കുടുംബം

ബോംബെക്കടുത്ത ബന്ദ്രയിൽ ഒരു തെണ്ടുൽക്കാർ കുടുംബം താമസിച്ചിരുന്നു. എല്ലാ അംഗങ്ങളും ബാബാ ഭക്തരായിരുന്നു. മിസ്സിസ്സ് സാവിത്രി തെണ്ടുക്കൽക്കർ 'ശ്രീ സായിനാഥ് ഭജനമാല' എന്ന പേരിൽ മറാത്തിയിൽ സായിബാബയുടെ ലീലകളെ പ്രകീർത്തിച്ച് ഒരു പുസ്തകം തന്നെ രചിച്ചിട്ടുണ്ട്. ബാബയിൽ താത്പര്യമുള്ളവർക്ക് വായിക്കാൻ പറ്റിയ പുസ്തകമാണ്. മകൻ ബാബ തെണ്ടുൽക്കർ മെഡിക്കൽ പരീക്ഷയ്ക്ക് വേണ്ടി രാപ്പകൽ പഠിക്കുകയായിരുന്നു. ജാതകം നോക്കിയപ്പോൾ ഗ്രഹപ്പിഴയാണെന്നും അക്കൊല്ലം പരീക്ഷക്കു പോകരുതെന്നും അടുത്ത കൊല്ലംപാസ്സാവുമെന്നും കണ്ടു. ഇതുകാരണം അയാൾ നിരാശനായി, മനശ്ശാന്തിയില്ലാതായി. കുറച്ചുദിവസങ്ങൾക്കുശേഷം അയാളുടെ അമ്മ ഷിർദ്ദിയിൽ പോയി ബാബയെ ദർശിച്ചു. കൂടെ മകന്റെ പരീക്ഷാവിവരവും നിരാശയും എല്ലാം അവർ ബാബയോട് പറഞ്ഞു. ബാബ ഇതുകേട്ട് പറഞ്ഞു. 'എന്നെ വിശ്വാസിക്കാനും, ജാതകവും ജ്യോത്സ്യവും കൈനോട്ടവുമെല്ലാം ദൂരെ എറിയാനും പരീക്ഷക്ക് നല്ലവണ്ണം പഠിക്കാനും മകനോട് പറയൂ' അമ്മ വീട്ടിൽ വന്നു ബാബയുടെ സന്ദേശം മകനെ അറിയിച്ചു. അയാൾ നല്ലതുപോലെ പഠിച്ച് പരീക്ഷക്കിരുന്നു. എഴുത്തു പരീക്ഷയിൽ നന്നായി ചെയ്തു. പക്ഷെ ആശങ്കകൊണ്ട് ജയിക്കാൻ മാർക്ക് കിട്ടില്ലെന്നയാൾ ഭയപ്പെട്ടു. നേരിട്ടുത്തരം പറയേണ്ടുന്ന പരീക്ഷക്ക് ഹാജരാവുന്നില്ലെന്നു വച്ചു. പരീക്ഷകൻ അയാളെ

വിട്ടില്ല. അയാളുടെ ഒരു സതീർത്ഥ്യനെ അയച്ച് അയാൾ എഴുത്ത് പരീക്ഷയിൽ ജയിച്ചുവെന്നും, പരീക്ഷക്ക് ഹാജരാവണമെന്നും അറിയിച്ചു. മകൻ അങ്ങിനെ പ്രോത്സാഹിതനായി നേരിട്ടുത്തരം പറയുന്ന പരീക്ഷക്കും ഹാജരായി, രണ്ടിലും ജയിച്ചു. അങ്ങിനെ ബാബയുടെ അനുഗ്രഹംകൊണ്ട് ഗ്രഹപ്പിഴ അനുഭവിക്കാതെ അയാൾ വിജയിച്ചു. ഇതിലെന്താണ് മനസ്സിലാക്കാനുള്ള തെന്നാൽ സന്ദേഹങ്ങളും വിഷമങ്ങളും നമ്മെ വലയം ചെയ്യുന്നത് നമ്മെ ഇളക്കി ഉറച്ച വിശ്വാസം ഉണ്ടാക്കാ നാണെന്നാണ്. നാം അങ്ങിനെ മുന്നോട്ടു പോയാൽ നമ്മുടെ അദ്ധ്വാനം വിജയത്തിൽ അവസാനിക്കുമെന്നതിന് സംശയിക്കാനില്ല.

ഈ കുട്ടിയുടെ അച്ഛൻ രഘുനാഥ്റായ്, ബോംബെയിലെ ഒരു വിദേശവാണിജ്യ സ്ഥാപനത്തിൽ ജോലിക്കാരനായിരുന്നു. അയാൾക്ക് വയസ്സായതിനാൽ പണിയെടുക്കാൻ കഴിയാതെ ലീവെടുത്ത് വിശ്രമിക്കയായിരുന്നു. ദേഹം നന്നാവാത്ത തിനാൽ ലീവു നീട്ടുകയോ പിരിയുകയോ രണ്ടാലൊന്നു വേണമെന്ന നിലയിലായി. അയാൾ ഒരു വിശ്വസ്ത ജീവനക്കാരനായതിനാൽ ചീഫ് മാനേജർ അയാളെ ജോലിയിൽനിന്ന് പിരിക്കാനും പെൻഷൻ അനുവദിക്കാനും തീരുമാനിച്ചു. എത്രയാണ് പെൻഷൻ സംഖ്യ നിശ്ചയി ക്കേണ്ടതെന്ന് പരിഗണനയി ലായിരുന്നു.

അയാൾക്ക് 150ക. ശമ്പളമായിരുന്നു. അതിൽ പാതി 75ക കൊണ്ട് കുടുംബം പുലർത്താൻ സാദ്ധ്യമല്ല. അതുകൊണ്ട് എല്ലാവരും ഇക്കാര്യത്തിൽ വ്യാകുലപ്പെട്ടു. അവസാന തീരുമാനത്തിന്റെ പതിനഞ്ച് ദിവസങ്ങൾക്ക് മുമ്പ് ബാബ അയാളുടെ ഭാര്യക്ക് സ്വപ്നത്തിൽ ദർശനം കൊടുത്തു '100 ക പെൻഷൻ നിശ്ചയിക്കുമെന്ന് ഞാനാശിക്കുന്നു. അതുകൊണ്ട്

നിങ്ങൾ തൃപ്തരാണോ‘? എന്നു ചോദിച്ചു. അവർ അതിന്ന് ‘ബാബ എന്നോടെന്തിനാണിത് ചോദിക്കുന്നത്. ഞങ്ങൾ അങ്ങയെ പരിപൂർണ്ണമായി വിശ്വസിക്കുന്നു‘എന്ന് മറുപടിയും പറഞ്ഞു. ബാബ 100ക. എന്നു പറഞ്ഞെങ്കിലും പ്രത്യേക പരിഗണനയിൽ അയാൾക്ക് 110ക. പെൻഷൻ നിശ്ചയിച്ചു. ബാബ, ഭക്തന്മാരുടെ കാര്യത്തിൽ അത്രമാത്രം സ്നേഹവും ഔത്സുക്യവും കാണിച്ചിരുന്നു.

## 3) കേപ്ടൻ ഹതേ

ബിക്കാനീറിൽ താമസിച്ചിരുന്ന കേപ്ടൻ ഹതെ ബാബയുടെ വലിയ ഭക്തനായിരുന്നു. ഒരിക്കൽ ബാബ അയാളെ സ്വപ്നത്തിൽ സന്ദർശിച്ചു ചോദിച്ചു ‘നീയെന്ന മറന്നുവോ?‘ ബാബയുടെ പാദങ്ങൾ പിടിച്ച് ഹതെ മറുപടി പറഞ്ഞു. ‘കുട്ടി അമ്മയെ മറന്നാൽ അതെങ്ങനെ രക്ഷപ്പെടും?’ അയാൾ ഉടനെ തോട്ടത്തിൽപോയി പച്ചക്കറി കൊണ്ടുവന്ന് നെയ്യ്, പരിപ്പ്, മാവ്, എല്ലാം ചേർത്ത് ദക്ഷിണയുമായി വരാനൊരുങ്ങുമ്പോൾ പെട്ടെന്ന് ഉണർന്ന് ഇതെല്ലാം സ്വപ്നാമായിരുന്നു എന്ന് മനസ്സിലാക്കി. അപ്പോൾ അയാൾ ഗ്വാളിയോറിൽ വന്ന് ഒരു സുഹൃത്തിന് 12ക. മണിയോർഡർ അയച്ചുകൊടുക്കയും അതിൽ നിന്ന് 2ക.ക്ക് പച്ചക്കറി, പരിപ്പ്, നെയ്യ്, മാവ് മുതലായവ വാങ്ങി ബാബക്ക് കൊടുക്കാനും ബാക്കി 10 ക. ദക്ഷിണ കൊടുപ്പാനും നിർദ്ദേശിച്ചു. സുഹൃത്ത് ഷിർദ്ദിയിൽപോയി. പക്ഷെ നിർദ്ദേശിച്ച പച്ചക്കറി കിട്ടിയില്ല. ഒരു നിമിഷത്തിനകം ഒരു സ്ത്രീ ഒരു കൊട്ട അതേ പച്ചക്കറിയുമായി വരുന്നതുകണ്ടു. അത് വാങ്ങി നിർദ്ദേശിച്ചപോലെ ബാബക്ക് കൊടുക്കയും ചെയ്തു. മിസ്റ്റർ നിമോൻകർ, നൈവേദ്യം തയ്യാറാക്കി ബാബക്ക് കൊടുത്തു.

ബാബ പച്ചക്കറി മാത്രം കഴിക്കുന്നതും മറ്റൊന്നും തൊടാത്തതും എല്ലാവരെയും അതിശയിപ്പിച്ചു. തന്റെ സുഹൃത്തിൽ നിന്ന് ഈ വിവരം അറിഞ്ഞ ഹതേയുടെ സന്തോഷത്തിന് അതിരില്ലാ യിരുന്നു.

## പരിപാവനമാക്കിയ ഉറുപ്പിക

മറ്റൊരവസരത്തിൽ ബാബ സ്പർശിച്ച പരിപൂതമാക്കിയ ഒരു ഉറുപ്പിക തന്റെ വീട്ടിൽ വേണമെന്ന് കേപ്ടൻ ഹതെക്ക് ആഗ്രഹം ജനിച്ചു. അയാൾ ഷിർദ്ദിയിലേക്കു പോകുന്ന ഒരു സുഹൃത്തിനെ കണ്ടു അയാൾ വശം ഹതെ ഉറുപ്പിക നാണ്യം അയച്ചു. അയാൾ ഷിർദ്ദിയിൽ പോയി ബാബയെ നമസ്കരിച്ച് ദക്ഷിണ കൊടുക്കുകയും ബാബ അത് പോക്കറ്റിലിടുകയും ചെയ്തു. പിന്നെ ഹതേയുടെ നാണ്യം കയ്യിൽ കൊടുത്തപ്പോൾ ബാബ അത് നല്ലപോലെ നോക്കാൻ തുടങ്ങി. അത് മുന്നിൽ പിടിച്ച് വലംകയ്യിന്റെ പെരുവിരൽകൊണ്ട് ചെത്തംനോക്കി മേലോട്ടെറിഞ്ഞും മറ്റും കളിക്കാൻ തുടങ്ങി. പിന്നീട് ബാബ ഹതെയുടെ സുഹൃത്തിനോട് പറഞ്ഞു. 'ഇത് ഇതിന്റെ ഉടമക്ക് ഉധിപ്രസാദത്തോടുകൂടി തിരിച്ചുകൊടുക്കണം. എനിക്കയാളിൽ നിന്ന് ഒന്നും വേണ്ടെന്ന് പറയണം." അയാളോട് സമാധാനമായും സംതൃപ്തമായും ജീവിക്കാൻ പറയണം. സുഹൃത്ത് ഗ്വളിയോറിലേക്ക് മടങ്ങിവന്ന് പരിപാവനമാക്കിയ നാണ്യം ഹതെക്ക് തിരിച്ചുകൊടുത്ത് ഉണ്ടായ സംഭവങ്ങളെല്ലാം പറഞ്ഞു. ഹതെ സന്തുഷ്ടനാവുകയും നല്ല ആഗ്രഹങ്ങൾ ബാബ എപ്പോഴും പ്രോത്സാഹിപ്പിക്കും എന്നയാൾക്ക് ബോദ്ധ്യ പ്പെടുകയും ചെയ്തു.

## 4) വാമൻ നാർവേക്കർ

ഇനി വായനക്കാർ ഒരു വ്യത്യസ്തമായ കഥ കേൾക്കുവിൻ.





വാമൻ നാർവേക്കർ എന്നു പേരായ ഒരാൾ ബാബയെ വളരെ സ്നേഹിച്ചു. ആയാൾ ഒരിക്കൽ ഒരു ഉറുപ്പിക നാണ്യം കൊണ്ടുവന്നു. അതിന്റെ ഒരു ഭാഗത്തു രാമലക്ഷ്മണന്മാരും സീതയും മറുഭാഗത്ത് കൈകൂപ്പി നിൽക്കുന്ന മാരുതിയുമായിരുന്നു രൂപങ്ങൾ ഉണ്ടായിരുന്നത്. അത് സ്പർശിച്ച് പരിപാവനമാക്കി ഉധിയോടുകൂടി തിരിച്ചുകിട്ടാനായി അയാൾ ബാബയുടെ കയ്യിൽ കൊടുത്തു. ബാബ അത് പോക്കറ്റിലിട്ടു. ശാമ, വാമൻറാവുവിന്റെ ആവശ്യം ഓർമ്മിപ്പിച്ച് മടക്കിക്കൊടുപ്പാൻ ആവശ്യപ്പെട്ടു. അപ്പോൾ ബാബ, വാമൻ റാവു കേൾക്കെ പറഞ്ഞു. ‘എന്തിനാണിതയാൾക്ക് മടക്കിക്കൊടുക്കുന്നത്?‘ ഇത് നമുക്ക് തന്നെ സൂക്ഷിക്കാം. അയാൾ 25ക അതിന്നുപകരം തന്നാൽ മടക്കിക്കൊടുക്കാം‘. ആ നാണ്യത്തിനുവേണ്ടി വാമൻ റാവു 25ക ബാബയുടെ മുന്നിൽവെച്ചു. അപ്പോൾ ബാബ ‘ആ നാണ്യത്തിന്റെ വില 25കയിലും എത്രയോ കൂടുതലാണ്. ശാമ ഈ നാണ്യം എടുത്ത് സൂക്ഷിച്ചോളു. ഇത് നിന്റെ പൂജാമുറിയിൽവെച്ച് ആരാധിച്ചോലൂ‘ എന്ന് പറഞ്ഞ് നാണ്യം ശാമക്ക് കൊടുത്തു. ആർക്കും ബാബ എന്താണങ്ങനെ ചെയ്തതെന്നു ചോദിക്കാൻ ധൈര്യംവന്നില്ല. അദ്ദേഹത്തിന് മാത്രമെ, ഓരോർത്തർക്കും നല്ലതും യോജിച്ചതുമെന്തെന്ന് അറിയാൻ കഴിയൂ.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!

# അദ്ധ്യായം - 30



***ഷിർദ്ദിയിലേക്ക് ആകർഷിക്കപ്പെട്ടു...***

***1. വാണിയിലെ കാക്കാജി വൈദ്യ 2.ബോംബെയിലെ പഞ്ചാബി രാമലാൽ.***

***ഈ അദ്ധ്യായത്തിൽ ഷിർദ്ദിയിലേക്കാകർഷിക്കപ്പെട്ട രണ്ടും ഭക്തന്മാരെപറ്റി പ്രതിപാദിക്കാം.***

## മുഖവുര

കരുണാനിധിയും ഭക്തപ്രിയനും ദയാപരനുമായ സായിക്ക് നമസ്കാരം ബാബയുടെ ദർശനംകൊണ്ടു മാത്രം ബാബ സംസാരഭയം അകറ്റി ആപത്തുകളെ ഇല്ലായ്മചെയ്യുന്നു. ബാബ ആദിയിൽ നിർഗ്ഗുണനായിരുന്നു. പക്ഷെ ഭക്തന്മാരുടെ ആഗ്രഹമനുസരിച്ച് ദേഹം കൈക്കൊണ്ടതാണ്. ഭക്തന്മാർക്ക് ആത്മജ്ഞാനം പ്രദാനം ചെയ്ത് മുക്തി കൊടുക്കലാണ് സിദ്ധന്മാരുടെ കൃത്യം. എന്നാൽ അവരിൽ പ്രധാനിയായ സായിക്ക് ആ കൃത്യം ഒഴിച്ചുകൂടാൻ വയ്യാത്തതാണ്. ബാബയുടെ പാദങ്ങൾ സ്മരിച്ച് പുണ്യസ്ഥലങ്ങളിൽ നിന്ന് ബ്രാഹ്മണർ ബാബയുടെ അടുക്കൽ വന്ന് ബാബയുടെ സാന്നിദ്ധ്യത്തിൽ

വേദപാരായണം ചെയ്യുകയും ഗായത്രി ജപിക്കുകയും ചെയ്തു. യാതൊരു ജ്ഞാനവുമില്ലാത്ത, ക്ഷീണിതരായ നമുക്ക് ഭക്തി എന്താണെന്നറിയുന്നില്ല. പക്ഷെ നമുക്കൊന്നറിയാം. എല്ലാവരും നമ്മെ ഉപേക്ഷിച്ചാലും സായിനാഥൻ നമ്മെ ഉപേക്ഷിക്കില്ല. അവിടുന്ന് ആഗ്രഹിക്കുന്നവർക്ക് അപാരമായ ശക്തി സിദ്ധിച്ച് സത്യാസത്യ വിവേചനമുണ്ടായി. ജ്ഞാനം കൈവരുന്നു.

സായി, ഭക്തന്മാരുടെ ഇംഗിതം പരിപൂർണ്ണമായി മനസ്സിലാക്കുകയും അവയെ സാധിപ്പിച്ചു കൊടുക്കുകയും ചെയ്യുന്നു. അങ്ങിനെ അവർക്ക് വേണ്ടത് കിട്ടുന്നതുകൊണ്ട് അവർ കൃതജ്ഞരാണ്. നാം അതുകൊണ്ട് ബാബയെ ആവാഹിച്ച് ബാബയുടെ മുന്നിൽ പ്രണാമം ചെയ്യുന്നു. നമ്മുടെ എല്ലാ തെറ്റുകുറ്റങ്ങളും മറന്ന് നമ്മെ ആശകളിൽ നിന്നും ബാബ രക്ഷിക്കട്ടെ. ദുരിതങ്ങളിൽപ്പെട്ടവൻ സായിയെ സ്മരിച്ച് ഇപ്രകാരം പ്രാർത്ഥിച്ചാൽ അയാൾക്ക് മനശാന്തിയും തൃപ്തിയും ബാബയുടെ അനുഗ്രഹത്താൽ കൈ വരുന്നതാകുന്നു.

ഈ സായി - ഈ കരുണാസമുദ്രം - തന്നെ അനുഗ്രഹിച്ചതിന്റെ ഫലമാണ് ഈ സായി സച്ചരിതം എന്നാണ് ഹേമദ്പാന്ത് പറയുന്നത്. അതല്ലാതെ മറ്റെന്തു യോഗ്യതയാണയാൾക്കുള്ളത്? ആർക്കാണ് ഈ കൃത്യം ഏറ്റെടുക്കാൻ കഴിയുക? പക്ഷെ സായി എല്ലാ ചുമതലകളും എറ്റെടുത്തതുകാരണം, ഹേമദ്പാന്തിനു വല്ലഭാരമോ, വിഷമമോ ഇക്കാര്യത്തിൽ നേരിട്ടില്ല. ശക്തമായ വിജ്ഞാന ശോഭ, അയാളുടെ വാക്കിന്നും തൂലികക്കും പ്രചോദനം കൊടുക്കാനുള്ളപ്പോൾ അയാൾക്ക് സംശയത്തിന്നോ സംഭ്രമത്തിന്നോ കാരണമെന്തുണ്ട്? ഈ പുസ്തകത്തിന്റെ രൂപത്തിൽ അയാളുടെ സേവനം സായിക്കു ലഭിച്ചു. അതിന് കാരണം അയാളുടെ മുജ്ജന്മസുകൃതം മാത്രമാണ്. അതുകൊണ്ടയാൾ താൻ ഭാഗ്യവാനും അനുഗ്രഹീതനു

മാണെന്ന് വിശ്വസിക്കുന്നു.

താഴെ പറയുന്ന കഥ വെറും ഒരു കഥയല്ല, അമൃത ധാരയാണ്. അത് പാനംചെയ്യുന്നവന് സായിയുടെ മാഹാത്മ്യവും സർവ്വാന്തര്യാമിത്വവും ബോദ്ധ്യമാവും. വിമർശിക്കാനും വാദിക്കാനും ഉദ്ദേശിക്കുന്നവർ ഈ കഥകൾ നോക്കേണ്ടതില്ല. ഇവിടെ വേണ്ടതു വാഗ്വാദമോ ചർച്ചയോ അല്ല. അതിരില്ലാത്ത ഭക്തിയും പ്രേമവുമാണ്. പാണ്ഡിത്യവും, ഭക്തിയും, വിശ്വാസവുമുള്ള സായിനാഥന്റെ ദാസന്മാരായി വിശ്വസി ക്കുന്നവർ, ഈ കഥകൾ ഇഷ്ടപ്പെടുകയും ആസ്വാദിക്കുകയും ചെയ്യും. മറ്റുള്ളവർ ഇവ വെറും കെട്ടുകഥകളായി കണക്കാക്കും. സായിയുടെ ഭക്തന്മാരാവാൻ ഭാഗ്യമുള്ളവർ സായിലീലകളെ കല്പതരുപോലെ കാണും. ഈ സായിലീലകളാകുന്ന അമൃതം പാനം ചെയ്യൽ കൊണ്ടു മാത്രം അജ്ഞനായ ജീവന്നു മോചനവും, ഗൃഹസ്ഥന് സംതൃപ്തിയും അന്വേഷകന് സാധനയും സിദ്ധിക്കുന്നതാണ്. ഇനി ഈ അദ്ധ്യായത്തിലെ കഥയിലേക്കു പ്രവേശിക്കാം.

## കാക്കാജി വൈദ്യ

നാസിക്ക് ജില്ലയിലെ വാണിയിൽ കാക്കാജി വൈദ്യ എന്നുപേരായൊരാളുണ്ടായിരുന്നു. അയാൾ സപ്തശൃംഗീ ദേവിയുടെ പുരോഹിതനായിരുന്നു. പല ദുരിതങ്ങളും നേരിട്ട് അയാൾക്ക് മനശ്ശാന്തി നഷ്ടപ്പെട്ടു. അയാൾ കഷ്ടത്തിലായി. ഈ ചുറ്റുപാടിൽ അയാൾ ദേവിയുടെ അടുക്കൽപോയി, ഈ കഷ്ടപ്പാടുകളിൽനിന്ന് മോചനം കൊടുക്കാനായി മനം നൊന്തുപ്രാർത്ഥിച്ചു. ദേവി അയാളുടെ ഭക്തികണ്ട് സന്തുഷ്ടയായി അന്നുരാത്രി അയാൾക്ക് സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ഇപ്രകാരം പറഞ്ഞു 'നീ ബാബയുടെ അടുക്കൽ പോവുക. എന്നാൽ നിനക്ക് ശാന്തിയും സമാധാവനും

സിദ്ധിക്കും.‘ കാക്കാജിക്ക് ഈ ബാബ ആരാണെന്ന് ദേവിയോടന്വേഷിക്കണമെന്നുണ്ടായിരുന്നെങ്കിലും അപ്പോഴേക്കും അയാൾ ഉറക്കം ഉണർന്നുപോയി. പിന്നെ അയാൾ ദേവി നിർദ്ദേശിച്ച ബാബ, ആരായിരിക്കുമെന്ന് ആലോചിക്കാൻ തുടങ്ങി. കുറെ ആലോചിച്ച് അത് ത്ര്യംബകേശ്വരനായിരിക്കുമെന്ന് തീരുമാനിച്ചു. അങ്ങിനെ അയാൾ നാസിക്കിലെ ത്ര്യംബക്കിൽ പോയി പത്തു ദിവസം അവിടെ താമസിച്ചു. ഈ ദിവസങ്ങളിലെല്ലാം അയാൾ പ്രഭാതത്തിലെഴുന്നേറ്റു. കുളിച്ച് രുദ്രമന്ത്രം ജപിച്ച് ലിംഗത്തിന് അഭിഷേകം ചെയ്യലും മറ്റ് ചടങ്ങുകളും ചെയ്തുകൊണ്ടിരുന്നു. ഇതൊക്കെ ചെയ്തിട്ടും മനശ്ശാന്തി മാത്രം കിട്ടിയില്ല. പിന്നീട് അയാൾ നാട്ടിലേക്കുതന്നെ മടങ്ങിവന്ന് വീണ്ടും ദയ കാണിക്കാനായി ദേവിയോടുതന്നെ പ്രാർത്ഥിച്ചു. ആ രാത്രിയിൽ വീണ്ടും ദേവി സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു പറഞ്ഞു. ‘നീയെന്തിന് വെറുതെ ത്ര്യംബകേശ്വരത്തിലേക്കുപോയി? ഞാൻ ബാബ എന്നതുകൊണ്ടുദ്ദേശിച്ചത് ഷിർദ്ദിയിലെ ശ്രീ സായി സമർത്ഥിനെയാണ്.‘ ഇപ്പോൾ കാക്കാജിയുടെ പ്രശ്നം എപ്പോൾ എങ്ങനെ ഷിർദ്ദിയിലെക്കു പോകണം. എങ്ങനെ സായി ബാബയെ കാണും. എന്നായി. ആരെങ്കിലും ആത്മാർത്ഥമായി സിദ്ധന്മാരെയോ ദൈവത്തെയോ കാണുവാൻ ആഗ്രഹി ക്കുന്നുണ്ടോ, ആ ആഗ്രഹം പൂർത്തീകരിക്കപ്പെടുക തന്നെ ചെയ്യും. യഥാർത്ഥത്തിൽ സത്ത്, ആനന്ദ് എന്നിവ ഒന്നുതന്നെയാണ്. അവർ തമ്മിൽ ലവലേശം വ്യത്യാസമില്ല. ഞാൻ തന്നത്താൻ ഒരു സിദ്ധനെ കാണും എന്നാരെങ്കിലും പറഞ്ഞാൽ അതൊരു വെറും വാക്കുമാത്രമാവും. ഋഷികല്പിതമില്ലെങ്കിൽ ആർക്കാണവരെ കാണാൻ കഴിയുക ? അദ്ദേഹത്തിന്റെ ആജ്ഞയില്ലാതെ ഒരിലപോലും ഇളകുന്നില്ല. ഒരു ഭക്തൻ ഭക്തിവിശ്വാസം വർദ്ധിപ്പിച്ച് ഋഷിമാരെ കാണാൻ

ആത്മാർത്ഥമായ ആഗ്രഹം ഉൾക്കൊള്ളുമ്പോൾ , ആ ആഗ്രഹം എത്രയും വേഗം അയാൾക്ക് സാദ്ധ്യപ്പെടുത്തി കൊടുക്കുന്നു. സന്ദർശനത്തിന് ക്ഷണിക്കുന്നവൻ സ്വീകരണത്തിനും ഏർപ്പാട് ചെയ്യണമല്ലോ, അതുപോലെതന്നെയാണ് കാക്കാജിക്കും സംഭവിച്ചത്.

## ശാമയുടെ പ്രാർത്ഥനകൾ

കാക്കാജി ഷിർദ്ദിക്കു പോവാനാഗ്രഹിച്ചിരിക്കുമ്പോൾ അയാളെ ഷിർദ്ദിക്കു കൊണ്ടുപോവാനായി അയാളുടെ അടുക്കൽ ഒരു അതിഥി വന്നു. അത് ബാബയുടെ ഏറ്റവും ഉത്തമഭക്തനായ ശാമ തന്നെയായിരുന്നു. അയാൾ ഈ സമയം വാണിയിലെത്തിയതെങ്ങനെ എന്നുനോക്കാം. ശാമ, ചെറിയ കുട്ടിയായിരിക്കുമ്പോൾ ഒരു രോഗം പിടിപ്പെട്ട് അപകട സ്ഥിതിയിലായപ്പോൾ അയാളുടെ അമ്മ അയാളെ അവരുടെ കുടുംബ ദൈവമായ വാണിയിലെ സപ്തശൃംഗീ ദേവിക്ക് അർപ്പിക്കാമെന്ന് പ്രാർത്ഥിച്ചിരുന്നു. പിന്നെ കുറെക്കാലം കഴിഞ്ഞപ്പോൾ അമ്മക്കു മുലമേൽ വട്ടച്ചൊറി പിടിപെട്ട് കഷ്ടപ്പാടായി. അന്നേരം വീണ്ടു കുടുംബ ദൈവത്തിന് രണ്ട് വെള്ളിമുലകൾ വഴിപാട് കൊടുക്കാമെന്ന് പ്രാർത്ഥിച്ചു ഈ രണ്ടു പ്രാർത്ഥനകൾ പൂർത്തിയാക്കാതെ കിടന്നിരുന്നു. അമ്മ മരിക്കാൻ കിടക്കുമ്പോൾ മകൻ ശാമയെ വിളിച്ച് ഈ പ്രാർത്ഥനകൾ ഓർമ്മിപ്പിക്കുകയും അവ നടത്തിക്കോളാമെന്ന് ശാമ വാക്കുകൊടുത്തത് കേട്ട് അവർ അന്ത്യശ്വാസം വലിക്കുകയും ചെയ്തു. കുറച്ചുകാലം കഴിഞ്ഞപ്പോൾ ശാമ ഈ പ്രാർത്ഥനകൾ തീരെ മറന്നു. അങ്ങിനെ മുപ്പതു വർഷങ്ങൾ കഴിഞ്ഞു. ഈ കാലത്ത് ഷിർദ്ദിയിൽ പ്രശസ്തനായ ഒരു ജ്യോത്സ്യൻ വന്നു ഒരു മാസം താമസിച്ചു. അയാൾ ശ്രീമാൻ ഭൂട്ടിയെ പറ്റിയും മറ്റും പറഞ്ഞ സംഗതികൾ ശരിയായതിനാൽ എല്ലാവർക്കും വളരെ തൃപ്തനായി. ശാമയുടെ അനുജൻ

ബാപ്പാജി ഈ ജ്യോത്സ്യനെക്കൊണ്ട് പ്രശ്നം വെപ്പിച്ചു നോക്കിയപ്പോൾ ജ്യേഷ്ഠൻ വാഗ്ദത്തം ചെയ്ത പ്രാർത്ഥനകൾ നിർവ്വഹിച്ചിട്ടില്ലെന്നും അതുകൊണ്ട് ദേവിക്ക് സന്തോഷക്കേടു ണ്ടെന്നുംകുറച്ചു ഉപദ്രവങ്ങൾ അതുകൊണ്ടുണ്ടായിരിക്കു മെന്നും കണ്ടു. ബാപ്പാജി, ഈ വിവരം ശാമയോട് പറഞ്ഞപ്പോളാണ് അയാൾ സംഗതി ഓർമ്മിച്ചത്. ഇനി ഒട്ടും താമസിച്ചുകൂടെന്ന് നിശ്ചയിച്ച് ഒരു തട്ടാനെക്കൊണ്ട് വെള്ളിമുലകൾ ഉടനെ ഉണ്ടാക്കിച്ചു, അതും കൊണ്ടയാൾ മസ്ജിദ്ദിൽ പോയി. അവ ബാബയുടെ കയ്യിൽകൊടുത്ത് ബാബയാണ് അയാളുടെ സപ്തശൃംഗിമാതാവെന്നും അതുകൊണ്ട് പ്രാർത്ഥന നിർവ്വഹിച്ചതായി സ്വീകരിക്കണ മെന്നും അപേക്ഷിച്ചു. അപ്പോൾ ബാബ, അയാൾ തന്നെ സപ്തശൃംഗിക്ഷേത്രത്തിൽ നേരിട്ടു പോയി പ്രാർത്ഥന പൂർത്തിയാക്കണമെന്ന് നിർബന്ധിച്ചു പറഞ്ഞു. അങ്ങിനെ ബാബയുടെ അനുവാദവും ഉധിയും വാങ്ങി ശാമ, വാണിയിലെത്തി പുരോഹിതനെ അന്വേഷിച്ചുകൊണ്ടാണ് കാക്കാജിയുടെ വീട്ടിലെത്തിയത്. കാക്കാജി ബാബയെകാണാൻ ധൃതിയായിക്കൊണ്ടിരിക്കുമ്പോഴാണ് ശാമ അവിടെ എത്തിയത്. എന്തൊരു സമാന്തര സംഭവങ്ങളാണെന്നു നോക്കൂ! കാക്കാജി അയാളാരാണെന്നും എപ്പോൾ എത്തി എന്നും മറ്റും ചോദിച്ചതിന് താൻ ഷിർദ്ദിയിൽനിന്നാണ് വരുന്നതെന്ന് ശാമ പറഞ്ഞപ്പോൾ അയാളെ കെട്ടിപ്പിടിച്ചു. അയാൾ ഭക്തികൊണ്ട് അത്രമാത്രം പരവശനായിപ്പോയി. പിന്നീടവർ സായിലീലകളെക്കുറിച്ച് സംസാരിക്കുകയും ശാമയുടെ പ്രാർത്ഥനകൾ നിർവ്വഹിച്ചതിൽ പിന്നെ രണ്ടുപേരും കൂടി ഷിർദ്ദിയിലേക്ക് പുറപ്പെടുകയും ചെയ്തു. ഷിർദ്ദിയിലെത്തി കാക്കാജി, മസ്ജിദ്ദിൽപോയി ബാബയുടെ കാല്ക്കൽ വീണു അയാളുടെ കണ്ണിൽ വെള്ളം നിറഞ്ഞു. അതോടെ മനശ്ശാന്തിയും സിദ്ധിച്ചു. ദേവിയുടെ

വാക്കുകൾ പ്രകാരം തന്നെ ആയാൾ ബാബയെ കണ്ടമാത്രയിൽ തന്നെ മനശ്ശാന്തി അനുഭവിച്ചു. കാക്കാജി മനസ്സിൽ കരുതി എന്തൊരു മാസ്മരശക്തിയാണിത്! ബാബ ഒന്നും പറഞ്ഞില്ല. യാതൊരു ചോദ്യമോ ഉത്തരമോ ഉണ്ടായില്ല. അനുഗ്രഹ വാക്കുകൾ പറഞ്ഞില്ല. ദർശനംകൊണ്ടുമാത്രം സന്തോഷം ലഭിക്കുന്നു. ദർശനംകൊണ്ടുമാത്രം മനസ്സിന്റെ വ്യാകുലത തീർന്നിരിക്കുന്നു. ഞാൻ ആനന്ദം അനുഭവിക്കുന്നു. ഇതിന്നാണ് 'ദർശനമാഹാത്മ്യം' എന്ന് പറയുന്നത്. അയാൾ ദൃഷ്ടി, സായി പാദങ്ങളിൽ ഉറപ്പിച്ചു. ഒന്നും പറയാൻ ശക്തിനായില്ല. ബാബയുടെ ലീലകളെ കേട്ട് അയാൾക്ക് സീമാതീതമായ ആനന്ദം ലഭിച്ചു. അയാൾ ബാബക്ക് ആത്മാർപ്പണം ചെയ്ത് പരമാനന്ദം അനുഭവിച്ചു. പന്ത്രണ്ടുദിവസത്തോളം അവിടെ താമസിച്ച് ബാബയുടെ അനുഗ്രഹവും ഉധിയും വാങ്ങി വീട്ടിലേക്ക് മടങ്ങി.

## റഹടയിലെ കുഷൽചന്ദ്

പ്രാതസ്വപ്നം അനുഭവത്തിൽ വരുമെന്ന് ചൊല്ലുണ്ട്. അത് ശരിയായിരിക്കാം. പക്ഷെ ബാബ കൊടുക്കുന്ന സ്വപ്നങ്ങൾക്ക് സമയത്തിന്റെ നിബന്ധനകളൊന്നുമില്ല ഉദാഹരണമായി ബാബ, കാക്കാസാഹെബ് ദീക്ഷിത്തിനോട് റഹടയിൽപോയി കുഷൽചന്ദിനെ കുറെക്കാലമായി കാണാത്തതുകൊണ്ട് ഷിർദ്ദിക്ക് കൂട്ടിക്കൊണ്ടുവരാൻ പറഞ്ഞു. കാക്കാ സാഹെബ് കുതിരവണ്ടി പിടിച്ച് റഹടയിൽ പോയി കുഷൽചന്ദിനോട് ബാബ പറഞ്ഞയച്ചവിവരം പറഞ്ഞു. ഇതുകേട്ട് അയാൾ വിസ്മയിച്ചു. അയാൾ ഉച്ചക്ക് ഒന്നു മയങ്ങിയപ്പോൾ ബാബ പ്രത്യക്ഷപ്പെട്ട് ഷിർദ്ദിക്ക് വരാൻ പറഞ്ഞെന്നും പോവാനൊരുങ്ങിയിരിക്കാണെന്നും അയാൾപറഞ്ഞു. ഒരു കുതിരവണ്ടി കിട്ടാത്തതിനാൽ മകനെ ബാബയുടെ

അടുക്കലേക്ക് വിവരം പറയാൻ അയച്ചതായിരുന്നു. അയാൾ ഗ്രാമാതിർത്തിയിലെത്തുമ്പോഴേക്കും ദീക്ഷിത്തിന്റെ കുതിരവണ്ടി വന്നു. ദീക്ഷിത് അയാളെ കൂട്ടാനാണ് വന്നതെന്ന്പറഞ്ഞ് കുഷൽചന്ദിനേയും കൂട്ടി അതേ വണ്ടിയിൽ ഷിർദ്ദിയിലേക്ക് പോയി. കുഷൽചന്ദ് ബാബയെ കണ്ട് സന്തുഷ്ടനായി. ബാബയുടെ ലീലകളിൽ അയാൾ ആനന്ദവാനായി.

## ബോംബെയിലെ പഞ്ചാബി രാമലാൽ

ഒരിക്കൽ ബോംബെയിലെ പഞ്ചാബി രാമലാൽ എന്നൊരാൾക്ക് ബാബ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ഷിർദ്ദിയിലേക്ക് ചെല്ലാൻ പറഞ്ഞു. ബാബ ഒരു ഋഷിരൂപത്തിൽ പ്രത്യക്ഷപ്പെട്ടെങ്കിലും എവിടെയാണുള്ളതെന്നൊന്നും അയാൾക്കറിയില്ലായിരുന്നു. ബാബയെപ്പോയി കാണാൻ നിശ്ചയിച്ചുവെങ്കിലും വിവരങ്ങളൊന്നും അറിയാത്തതിൽ അയാൾ വിഷമിച്ചു. പക്ഷെ അഭിമുഖ സംഭാഷണത്തിന് ക്ഷണിക്കുന്നവർ അതിന് ഏർപ്പാട് ചെയ്യണമല്ലോ. അതു തന്നെ ഇതിലും സംഭവിച്ചു. അയാൾ അന്നു വൈകുന്നേരം തെരുവിൽകൂടി നടക്കുമ്പോൾ ബാബയുടെ ഒരു പടം കണ്ടു. ആയാൾ സ്വപ്നത്തിൽ കണ്ട ഋഷി ഇതേ രൂപത്തിലായിരുന്നു. അന്വേഷണത്തിൽ ആ പടം ഷിർദ്ദിയിലെ സായി ബാബയുടെതാണെന്ന് മനസ്സിലായി. ഉടനെ അയാൾ ഷിർദ്ദിയിലേക്കു പോവുകയും മരണം വരെ അവിടെ താമസിക്കുകയും ചെയ്തു.

ഇങ്ങിനെ ബാബ, ഭക്തന്മാരെ ഷിർദ്ദിയിലേക്ക് ദർശനാവശ്യാർത്ഥം വരുത്തി അവരുടെ ലൗകികവും ആദ്ധ്യാത്മികവുമായ ആവശ്യങ്ങൾ സാധിപ്പിച്ചു കൊടുത്തു.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ !

# അദ്ധ്യായം - 31



*ബാബയുടെ സാന്നിദ്ധ്യത്തിൽ അന്ത്യശ്വാസം വലിക്കൽ 1) സന്ന്യാസി വിജയാനന്ദ്. 2) ബാലറാം മങ്കാർ. 3) നൂൽക്കാർ 4) മേഘ. 5) ഒരു പുലി.*

## മുഖവുര

ആസന്നമരണനായ ഒരാളുടെ അന്ത്യനിമിഷത്തെ ചിന്താഗതിയാണ് അയാളുടെ ഭാവിയെ കുറിക്കുന്നത്. ഭഗവാൻ ഗീതയിൽ 'യാതൊരുത്തൻ അന്ത്യനിമിഷങ്ങളിൽ എന്നെ സ്മരിക്കുന്നുവോ അവൻ നേരെ എന്നിലെത്തുന്നു. വേറെ ഏതിലാണ് അവൻ ശ്രദ്ധ പതിപ്പിക്കുന്നതെന്നാൽ അതിലേക്ക് അയാളുടെ ജീവൻ ചെന്നു ചേരുന്നു' എന്നാണ് പറഞ്ഞി രിക്കുന്നത്. നമ്മുടെ അന്ത്യനിമിഷത്തിൽ എന്ത് സദ്വിചാര മാണുണ്ടാവാൻ പോവുന്നത് എന്നതിനെപ്പറ്റി നമുക്ക് യാതൊരു രൂപവുമില്ല. കാരണം പലപ്പോഴും പല കാരണ ങ്ങളാലും അന്നേരം നാം ഭയപ്പെടാനും ഭീകരത അനുഭവിക്കാനുമാണ് സാദ്ധ്യത. അതുകൊണ്ട് അന്ത്യ നിമിഷത്തിൽ സദ് വിചാരങ്ങളിലേക്ക് മനസ്സിനെ നയിക്കാൻ ചിരകാല പരിശ്രമം

തന്നെ വേണ്ടിവരുന്നതാണ്. അതുകൊണ്ടാണ് എല്ലാ ഋഷിശ്വരന്മാരും, സദാസമയവും നാമം ജപിക്കാനാവശ്യപ്പെടുന്നത്. അങ്ങിനെ വന്നാൽ അന്ത്യ നിമിഷത്തിൽ മനസ്സ് പതറിപ്പോകുന്നതല്ല. ഭക്തന്മാർ അങ്ങിനെ സർവ്വവും ഋഷീശ്വരന്മാരിൽ അർപ്പിച്ചാൽ അവസാനനിമിഷം വരെ ഋഷിശ്വരന്മാർ അവരെ നയിക്കുന്നതാണ്. ചില ഉദാഹരണങ്ങൾ താഴെ പറയാം.

## 1) വിജയാനന്ദ്

ഒരു മദ്രാസി സന്യാസിയായ വിജയാനന്ദ്. മാനസസരസ്സിലേക്ക് തീർത്ഥയാത്ര പുറപ്പെട്ടു. പോകുന്ന വഴിക്ക് ബാബയുടെ പ്രശസ്തി കേട്ട് അദ്ദേഹം ഷിർദ്ദിയിൽ വന്നു. അവിടെ വെച്ച് ഹരിദ്വാരിലെ സോമദേവ് സ്വാമിയെ കാണുകയും അദ്ദേഹത്തോട് മാനസസരസ്സിലേക്കുള്ള യാത്രയുടെ വിവിധ വശങ്ങൾ അന്വേഷിക്കുകയും ചെയ്തു. സ്വാമി അയാളോട് മാനസസരസ്സ് ഗംഗോത്രിയിൽ നിന്ന് 500 നാഴിക അകലെയാണെന്നും വഴി വളരെ വിഷമം പിടിച്ചതാണെന്നും മഞ്ഞുമൂടിയതാണെന്നും ഓരോ 150 നാഴിക പോയാലും ഭാഷ മാറുമെന്നും, ഭൂട്ടാനിലെ ജനങ്ങൾ വളരെ സംശയാലുക്കളാണെന്നും അവർ തീർത്ഥാടകർക്ക് അത്യധികം വിഷമങ്ങൾ സൃഷ്ടിക്കുമെന്നും പറഞ്ഞുകൊടുത്തു. ഇതു കേട്ട് സന്യാസി നിരാശനായി യാത്ര വേണ്ടെന്നു വെച്ചു. എന്നിട്ട് അദ്ദേഹം ബാബയുടെ അടുക്കൽ പോയി നമസ്കരിച്ചപ്പോൾ ബാബ അദ്ദേഹത്തോട് കോപിച്ച് 'ഈ കൊള്ളരുതാത്ത സന്യാസിയെ ആട്ടിപ്പുറത്താക്കുവിൻ അയാളുടെ സംസർഗ്ഗംകൊണ്ട് പ്രയോജനമില്ല.' എന്നു പറഞ്ഞു. സന്യാസിക്ക് ബാബയുടെ സ്വഭാവം അറിയില്ല. അയാൾ മനസ്സമാധാനമില്ലാതെ ഇനി എന്താണ് നടക്കാൻ പോകുന്നതെന്നറിയാൻ അവിടെ തന്നെയിരുന്നു. അന്നേരം രാവിലത്തെ ദർബാർ നടക്കുക

യായിരുന്നതിനാൽ മസ്ജിദ് നിറയെ പുരുഷാരമായിരുന്നു. ബാബയെ പലവിധത്തിലും ആരാധിച്ചു കൊണ്ടിരിക്കയായിരുന്നു. ചിലർ പാദം കഴുകുന്നു. ചിലർ പാദതീർത്ഥം എടുത്ത് സേവിക്കുന്നു. ചിലർ പാദതീർത്ഥം കണ്ണിൽ വെക്കുന്നു. ചിലർ ബാബയെ ചന്ദനം പൂശുന്നു. ചിലർ സുഗന്ധദ്രവ്യങ്ങൾ പൂശുന്നു. അങ്ങിനെ പലവിധം ആരാധന നടക്കുകയാണ്. ജനങ്ങൾ ജാതിമതഭേദങ്ങൾ മറന്നാണ് ആരാധന നടത്തുന്നത്. സന്യാസിയോട് ബാബ കോപിച്ചെങ്കിലും സന്യാസിക്ക് ബാബയോട് അതിയായ ആദരവുണ്ടായിരുന്നതിനാൽ സന്യാസി അവിടുന്ന് പോയില്ല.

അദ്ദേഹം ഷിർദ്ദിയിൽ രണ്ടു ദിവസങ്ങൾ കൂടി താമസിച്ചപ്പോൾ മദിരാശിയിൽ നിന്നും അമ്മക്ക് അത്യധികം സുഖക്കേടാണെന്ന് ഒരു കത്തുകിട്ടി. അദ്ദേഹത്തിന് ഉടനെ അമ്മയുടെ അടുക്കലെത്തണമെന്നുണ്ടായിരുന്നെങ്കിലും ബാബയുടെ അനുവാദമില്ലാതെ പോകാൻ നിവൃത്തിയുണ്ടായിരുന്നില്ല. അങ്ങിനെ അദ്ദേഹം കത്തും കയ്യിൽ വെച്ച്, നാട്ടിലേക്കു പോകാൻ ബാബയുടെ അനുവാദം ചോദിക്കാൻ ചെന്നു. അദ്ദേഹത്തിന്റെ ഭാവി മനസ്സിലാക്കിയ സർവ്വാന്തര്യാമിയായ ബാബ 'അമ്മയെ നിനക്കിത്രമാത്രം സ്നേഹമാണെങ്കിൽ നീയെന്തിന് സന്യാസം സ്വീകരിച്ചു? കാവിവസ്ത്രത്തിന് സ്നേഹബന്ധം കൊള്ളില്ല. നീ താമസസ്ഥലത്തുപോയി കുറച്ചു ദിവസം സാമധാനമായിരിക്കണം. വാഡയിൽ പല കൊള്ളക്കാരുമുണ്ട്. അതുകൊണ്ട് സൂക്ഷിച്ച് വാതിൽ ബന്ധിച്ച് ഇരിക്കണം. അല്ലെങ്കിൽ എല്ലാം കൊള്ളയടിച്ചു പോവും. സമ്പത്തും സ്ഥാനമാനങ്ങളുമെല്ലാം ക്ഷണികമാണ്. ദേഹം നാശത്തിനും മരണത്തിനും വിധേയമാണ്. അതറിഞ്ഞ് ഇഹത്തിലെയും പരത്തിലെയും കാര്യങ്ങളിൽ ആസക്തയില്ലാതെ നീ നിന്റെ കർമ്മം നിർവ്വഹിച്ചാലും അങ്ങനെ

സർവ്വവും ഹരിപാദങ്ങളിൽ അർപ്പിച്ച് യാതൊരുവൻ ഇപ്രകാരം ചെയ്യുന്നുവോ അവൻ എല്ലാ കഷ്ടപ്പാടുകളിൽ നിന്നും മോചിതനായി പരമാനന്ദം പ്രാപിക്കും. തന്നോട് പ്രേമ ഭക്തികളോടുകൂടി ധ്യാനിക്കുന്നവനെ രക്ഷിക്കാൻ ഭഗവാൻ അവന്റെ അടുക്കലേക്ക് ഓടി എത്തുന്നു. നിന്റെ പൂർവ്വജന്മ സുകൃതങ്ങളുടെ ആധിക്യം കൊണ്ടാണ് നീഇവിടെ വന്നത്. ഇപ്പോൾ ഞാൻ പറഞ്ഞതനുസരിക്കുക. നിന്റെ ജീവിതത്തിന്റെ അന്ത്യം അടുത്തു എന്നു മനസ്സിലാക്കിയാലും. നീ നിരാഗ്രഹിയായി നാളെ മുതൽ ഭാഗവതപാരയണം തുടങ്ങണം. ഭഗവാൻ സന്തോഷിച്ച് നിന്റെ സങ്കടങ്ങൾക്കെല്ലാം നിവൃത്തിയുണ്ടാക്കും. നിന്റെ വ്യാമോഹങ്ങൾ നശിച്ച് മനശ്ശാന്തി കൈവരും' എന്നു പറഞ്ഞു. അദ്ദേഹത്തിന്റെ അന്ത്യകാലം അടുത്തതായി മനസ്സിലാക്കിയ ബാബ മൃത്യുദേവനെ പ്രീതിപ്പെടുത്താനായി 'രാമവിജയം' വായിക്കാനും പറഞ്ഞു. അടുത്ത ദിവസം പ്രഭാതത്തിൽ സ്നാനം ചെയ്ത് അദ്ദേഹം ലെണ്ടി തോട്ടത്തിലിരുന്ന് ഭാഗവതം വായന തുടങ്ങി. രണ്ടു സപ്താഹം അങ്ങിനെ കഴിഞ്ഞപ്പോഴേക്കും അദ്ദേഹം വളരെ ക്ഷീണിതനായി. അദ്ദേഹം വാഡയിലേക്കു മടങ്ങിവന്ന് രണ്ടുദിവസം കൂടി അവിടെ കൂടിയതിൽ പിന്നെ 3-ാം ദിവസം ഫക്കീർ ബാദേബാബയുടെ മടിയിൽ തലവെച്ച് കിടന്ന് അന്ത്യശ്വാസം വലിച്ചു. പിന്നീട് പോലീസ്സ് അന്വേഷണം കഴിച്ച് ശവം മറവുചെയ്യാൻ അനുവദിച്ചു. മൃതദേഹം എല്ലാ ചടങ്ങുകളോടും കൂടി വേണ്ടും വിധം സംസ്കരിച്ചു. ഇങ്ങനെ ബാബ സന്യാസിയെ സഹായിച്ച് സൽഗതി കൊടുത്തു.

## 2)ബാലറാം മങ്കാർ

ബാബക്ക് ബാലറാം മങ്കാർ എന്നു പേരായ ഗൃഹസ്ഥനായ ഒരു ഭക്തനുണ്ടായിരുന്നു. അയാളുടെ ഭാര്യ മരിച്ചതിൽ പിന്നെ വീട്ടുകാര്യങ്ങളെല്ലാം മകനെ ഏല്പിച്ച് അയാൾ ഷിർദ്ദിയിൽ

സ്ഥിരതാമസമാക്കി. അയാളുടെ ഭക്തികണ്ട് ബാബ അയാൾക്ക് സൽഗതികൊടുക്കണമെന്ന് തോന്നി ഇപ്രകാരം ചെയ്തു. ബാബ അയാൾക്ക് 12ക. കൊടുത്ത് സറ്റാറാ ജില്ലയിലെ മഹീന്ദ്രഗദയിൽ പോയി താമസിക്കാൻ പറഞ്ഞു. മങ്കാർക്ക് ബാബയെ പിരിഞ്ഞു താമസിക്കാൻ ആദ്യം മനസ്സുവന്നില്ല. പക്ഷെ ബാബ അയാളെ ഗദയിൽവെച്ച് ദിവസം മൂന്നു പ്രാവശ്യം ധ്യാനിക്കുന്നത് നല്ലതാണെന്ന് ബോദ്ധ്യപ്പെടുത്തി. ബാബയുടെ വാക്കുകളിൽ വിശ്വസിച്ച് മങ്കാർഗദയിലേക്കു പോയി. അവിടെ ആരോഗ്യകരമായ കാലാവസ്ഥയും നല്ല വെള്ളവും മറ്റു ചുറ്റുപാടുകളും അയാൾക്കിഷ്ടപ്പെടുകയും ബാബ പറഞ്ഞ പ്രകാരം അയാൾ അവിടെ വെച്ച് ധ്യാനം ചെയ്യാൻ തുടങ്ങുകയും ചെയ്തു. കുറച്ചുദിവസം കഴിഞ്ഞപ്പോൾ അയാൾക്ക് ഒരു അനുഭവമുണ്ടായി. സാധാരണഭക്തന്മാർക്ക് സമാധി സ്ഥരാവുമ്പോൾ അനുഭവങ്ങളുണ്ടാകാറുണ്ട്. എന്നാൽ മങ്കാറുടെ കാര്യത്തിൽ സാധാരണ നിലയിൽ ജാഗ്രത്തിൽ തന്നെയാണ് അനുഭൂതിയുണ്ടായത്. ബാബ അയാളുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. മങ്കാർ ബാബയെ കണ്ടെന്നു മാത്രമല്ല അയാളെ അങ്ങോട്ടയച്ചതെന്തിനാണെന്നു ബാബയോട് ചോദിച്ചു. ബാബ അതിന്നു ഇപ്രകാരം മറുപടിപറഞ്ഞു. 'ഷിർദ്ദിയിൽ വെച്ച് നിന്റെ മനസ്സിൽ പലതരം വിചാരങ്ങളും പരിപാടികളും ഉദയം ചെയ്തതു കാരണം നിനക്ക് മനശ്ശാന്തി കൈ വരുത്താനായാണ് ഞാൻ ഇങ്ങോട്ടയച്ചത്. നീ കരുതിയത് ഈ കാണുന്ന പഞ്ചഭൂത നിർമ്മിതമായ ഒരു ദേഹം മാത്രമാണ് ഞാനെന്നും ഷിർദ്ദിയിൽ മാത്രമുള്ള ഒരു വ്യക്തി യാണെന്നുമാണ്. ഞാൻ മറ്റെങ്ങുമില്ലെന്നും നീ ധരിച്ചിരുന്നു. ഇപ്പോൾ നീ നോക്കി തീരുമാനമെടുത്താലും! ഷിർദ്ദിയിൽ കാണുന്ന അതേ വ്യക്തിയെ തന്നെയാണോ ഇവിടെയും വെച്ചുകാണുന്നതെന്ന്. അത് മനസ്സിലാക്കി ത്തരാനാണ് നിന്നെ ഞാൻ ഇങ്ങോട്ടയച്ചത്' ബാബ പറഞ്ഞ അവധി കഴിഞ്ഞശേഷം മങ്കാർ ഗദയിൽനിന്നും സ്വന്തം

നാടായ ബന്ദ്രയിലേക്കുപോയി. അയാൾക്ക് പൂനെയിൽനിന്ന് ദാദറിലേക്ക് തീവണ്ടിമാർഗ്ഗം യാത്രചെയ്യണമെന്നായിരുന്നു ഉദ്ദേശം. പക്ഷെ ചെന്ന് ടിക്കറ്റു ബുക്കുചെയ്യാൻ നോക്കുമ്പോൾ വലിയ ജനത്തിരക്കായിരുന്നു. ടിക്കറ്റു കിട്ടാൻ യാതൊരു സാദ്ധ്യതയുമില്ലായിരുന്നു. അപ്പോൾ ഒരു ലങ്കോട്ടി മാത്രം ഉടുത്ത് ഒരു കമ്പിളിയും ചുമലിലിട്ടുകൊണ്ട് ഒരു ഗ്രാമീണൻ അയാളുടെ അടുത്തുവന്ന് 'നിങ്ങൾ എവിടേക്കാണ് പോകുന്നത്'? എന്നു ചോദിച്ചു. മങ്കാർ ദാദറിലേക്കാണെന്നു പറഞ്ഞു. അപ്പോൾ ഗ്രാമീണൻ 'എന്നാൽ എന്റെ ടിക്കറ്റ് എടുത്തോളൂ. എനിക്കിവിടെ കുറച്ച് അടിയന്തരകാര്യമുള്ളതുകൊണ്ട് ദാദർ യാത്ര റദ്ദാക്കിയിരിക്കുന്നു' എന്നു പറഞ്ഞ് മങ്കാർക്ക് ടിക്കറ്റ് കൊടുത്തു.അയാൾ വളരെ സന്തുഷ്ടനായി പണം പോക്കറ്റിൽ നിന്നെടുത്തുകൊടുക്കാൻ നോക്കുമ്പോഴേക്കും ഗ്രാമീണൻ അപ്രത്യക്ഷനായിക്കഴിഞ്ഞിരുന്നു. അയാൾ ഗ്രാമീണനെ അവിടെ മുഴുവൻ തിരഞ്ഞുനോക്കിയിട്ടും കണ്ടു കിട്ടിയില്ല. വണ്ടി പോകാൻ ആവുന്നവരെയും കാത്തു നിന്നിട്ടും ആളെ കണ്ടില്ല. ഇതു വളരെ വിചിത്രമായ തരത്തിൽ രണ്ടാം പ്രാവശ്യം മങ്കാർക്ക് കിട്ടിയ അനുഭവമായിരുന്നു. പിന്നീട് മങ്കാർ നാട്ടിൽപോയി ഷിർദ്ദിയിലേക്കുതന്നെ മടങ്ങിവന്ന് ബാക്കി കാലം മുഴുവൻ ബാബയുടെ കല്പനകളനുസരിച്ചും ബാബയെ സേവിച്ചും കഴിച്ചുകൂട്ടി. അവസാനകാലം ബാബയുടെ അനുഗ്രഹ ത്തോടുകൂടി ബാബയുടെ സാന്നിദ്ധ്യത്തിൽ അന്ത്യശാസം വലിക്കുവാനുള്ള മഹാഭാഗ്യവും അയാൾക്കുണ്ടായി.

## 3) താത്ത്യാസാഹെബ് നൂൽക്കാർ

ഹേമദ്പന്ത്, താത്ത്യാസാഹെബ് നൂൽക്കാർ ഷിർദ്ദിയിൽ വെച്ച് അന്ത്യശ്വാസം വലിച്ചു. എന്നല്ലാതെ മറ്റുവിവരങ്ങളൊന്നും പറയുന്നില്ല. സായി ലീലാ മാസികയിൽ വന്ന ഒരു ചുരുക്ക വിവരം ഇവിടെ പറയാം.





1909-ൽ താത്ത്യാസാഹെബ്, പന്ധർപൂരിലെ സബ്ബ് ജഡ്ജിയായിരുന്നു. അക്കാലത്ത് അവിടത്തെ മംഗലത്ത്ദാർ (സബ്ബ് കലക്ടർ) നാനാ സാഹേബ് ചന്ദോർക്കാറായിരുന്നു. ഇരുവരും ഇടക്കിടക്ക് കണ്ട് സംസാരിക്കാറുണ്ടായിരുന്നു. താത്ത്യാസാഹെബിന് ഋഷിമാരെ വിശ്വാസമായിരുന്നില്ലെങ്കിലും നാനാസാഹെബിന് ഋഷിമാരോട് അതിയായ സ്നേഹാദര മായിരുന്നു. നാനാസാഹെബ് പലപ്പോഴും നൂൽക്കാരോട് സായിബാബയുടെ ലീലകളെപ്പറ്റി പറയുകയും ബാബയെ ചെന്നുകാണാൻ പ്രേരിപ്പിക്കുകയും പതിവായിരുന്നു. അവസാനം രണ്ടു വ്യവസ്ഥകളിൽ അയാൾ ഷിർദ്ദിക്കുപോവാൻ സമ്മതിച്ചു 1) അയാൾക്ക് ബ്രാഹ്മണനായ ഒരു വെപ്പുകാരൻ വേണം 2) കാണിക്ക കൊടുക്കാൻ നല്ല നാഗപൂർ മധുരനാരങ്ങ കിട്ടണം. ഈ രണ്ടു വ്യവസ്ഥകളും ദൈവഗത്യാ സാധിച്ചു. നാനാസാഹെബിന്റെ അടുക്കൽ ജോലി അന്വേഷിച്ചു വന്ന ഒരു ബ്രാഹ്മണനെ അയാൾ നൂൽക്കാർക്കയച്ചുകൊടുത്തു. ഒരു അജ്ഞാതനമാവ് താത്ത്യാസാഹെബിന്ന് 100 നല്ല നാരങ്ങകൾ പാർസലായി അയച്ചുകൊടുത്തു. വ്യവസ്ഥകൾ പൂർത്തീ കരിച്ചപ്പോൾ താത്ത്യാസാഹെബിന് ഷിർദ്ദിയൽ പോകേണ്ടി വന്നു. അയാളെ കണ്ടപ്പോൾ ആദ്യം ബാബ വല്ലാതെ കോപിച്ചു. പക്ഷെ ക്രമേണ പലതരം അനുഭവങ്ങളുമുണ്ടായതിനാൽ താത്ത്യാസാഹെബിന് ബാബ, ദൈവാവതാരമാണെന്നു ബോദ്ധ്യപ്പെട്ടു. അങ്ങിനെ ബാബയിൽ അകൃഷ്ടനായി അയാൾ മരണം വരെ ഷിർദ്ദിയിൽ തന്നെ താമസിച്ചു. അവസാന നിമിഷങ്ങളിൽ പുണ്യഗ്രന്ഥങ്ങൾ അദ്ദേഹത്തെ വായിച്ചു കേൾപ്പിക്കയും ബാബയുടെ പാദതീർത്ഥം സേവിക്കാൻ കൊടുക്കുകയും ചെയ്തു. അയാളുടെ മരണവാർത്ത കേട്ട് ബാബ പറഞ്ഞു. 'ഓ താത്ത്യാ നമ്മുടെ മുന്നിൽ പോയി. അവൻ ഇനി വീണ്ടും ജനിക്കില്ല.'

## 4) മേഘ

മേഘയുടെ കഥ 28-ാം അദ്ധ്യായത്തിൽ പ്രതി പാദിച്ചിട്ടുണ്ട്. മേഘ മരിച്ചപ്പോൾ ഗ്രാമവാസികളെല്ലാവരും മരണ ഘോഷയാത്രയിൽ പങ്കെടുത്തു. ബാബയും അവരോട് കൂടെപോയി ശവശരീരത്തിൽ പൂക്കളർപ്പിച്ചു. ചടങ്ങുകളെല്ലാം കഴിഞ്ഞപ്പോൾ ബാബയുടെ കണ്ണുകളിൽ നിന്ന് കണ്ണീരൊഴുകി ക്കൊണ്ടിരുന്നു. ഒരു സാധാരണ മനുഷ്യനെപ്പോലെ ബാബയെ കദനഭാരത്തിൽ മുഴുകിക്കണ്ടു. പിന്നീട് ശവശരീരം പൂക്കളിട്ട് മൂടി ഒരു ഉറ്റ ബന്ധുവെപ്പോലെ കരഞ്ഞുകൊണ്ട് ബാബ, മസ്ജിദ്ദിലേക്കു മടങ്ങി. പല ഋഷിമാരും ജനങ്ങൾക്ക് സൽഗതി കൊടുക്കുന്നത് കണ്ടിട്ടുണ്ട്. പക്ഷെ ബാബയുടെ സമ്പ്രദായം അനിതര സാധാരണവും മഹത്വമേറിയതുമാണ്. ഒരു ക്രൂരമൃഗമായ പുലിപോലും ബാബയുടെ അടുക്കൽ സൽഗതിക്ക് വരികയുണ്ടായി. ഈ കഥ ഇനി അടുത്തുപറയാം.

## 5) പുലി

ബാബയുടെ മഹാസമാധിക്ക് ഏഴുദിവസങ്ങൾക്ക് മുമ്പ്, ഷിർദ്ദിയിൽ ഒരു വിസ്മയാവഹമായ സംഭവം നടന്നു. ഒരു കാളവണ്ടി വന്ന് മസ്ജിദ്ദിന് മുന്നിൽ നിന്നു. ഒരു പുലിയെ ചങ്ങലക്കിട്ട് കെട്ടിയതായിരുന്നു. വണ്ടിക്കുള്ളിൽ. അതിന്റെ ഭീകരമായ മുഖം വണ്ടിക്കു പിൻവശത്തേക്ക് തിരിച്ചായിരുന്നു അത് കിടന്നിരുന്നത്. അത് എന്തോ അസഹ്യമായ വേദന അനുഭവിക്കുന്നുണ്ടായിരുന്നു. അതിന്റെ സൂക്ഷിപ്പുകാരായ മൂന്നു ദേർവേഷി മുസ്ലിംകൾ അതിനെ പലസ്ഥലത്തും കൊണ്ടുനടന്ന് കാഴ്ചവസ്തുവായി പ്രദർശിപ്പിച്ച് പണം സമ്പാദിക്കുക യായിരുന്നു അവരുടെ ഉപജീവനമാർഗ്ഗം ഈ പുലിയായിരുന്നു. അതിന്റെ സുഖക്കേട് മാറ്റാൻ അവർപലതും പരീക്ഷിച്ചു നോക്കിയിട്ടും വിഫലമായി. അവർ ബാബയുടെ പ്രശസ്തി കേട്ടു മൃഗവുമായി അവിടെ എത്തിയതാണ്. അവർ അതിനെ





ചങ്ങലപിടിച്ച് വണ്ടിയിൽ നിന്നിറക്കി വാതിൽക്കൽ നിർത്തി സ്വതവെ ഭയങ്കര മൃഗം. പോരെങ്കിൽ സുഖക്കേടും. അതുകാരണം അത് അത്യധികം വെപ്രാളപ്പെട്ടുകൊണ്ടിരുന്നു. ജനങ്ങൾ അതിനെ ഭയത്തോടും അതിശയത്തോടും കൂടി നോക്കിക്കൊണ്ടിരുന്നു. സൂക്ഷിപ്പുകാർ അകത്തു പോയി, ബാബയോട് പുലിയുടെ വിവരങ്ങളെല്ലാം പറഞ്ഞ് അനുവാദം വാങ്ങി. പുലിയെ ബാബയുടെ മുന്നിൽകൊണ്ടുവന്നു. മസ്ജിദ്ദിന്റെ ഒതുക്കിന്റെ അടുത്ത് എത്തിയപ്പോൾ ബാബയുടെ പ്രഭ കണ്ടതോട് കൂടി ആ ജീവി പരിഭ്രമിച്ച് തലതാഴ്ത്തിനിന്നു. ബാബയും പുലിയും അന്യോന്യം കണ്ടതോടുകൂടി അത് ഒതുക്കിന്മേൽ കയറി ബാബയെ സ്നേഹഭാവത്തോടുകൂടി നോക്കി നിന്നു. അതുടനെ വാലിന്റെ കൊടി പൊക്കി നിലത്തു മൂന്നടിയടിച്ച് താഴോട്ട് ചത്തുവീണു. പുലി ചത്തുപോയതു കണ്ടപ്പോൾ സൂക്ഷിപ്പുകാർക്ക് ആദ്യം നിരാശ തോന്നിയെങ്കിലും പിന്നീട് അവർ ബുദ്ധിപൂർവ്വം അതിനെപ്പറ്റി ആലോചിച്ചു. ആ മൃഗം സുഖക്കേട് പിടിച്ച് അവശനായ സ്ഥിതിക്ക് ബാബയുടെ പാദങ്ങളിൽ വെച്ച് അന്ത്യശ്വാസം വലിച്ചത് വളരെ നന്നായി എന്നവർക്ക് ബോദ്ധ്യപ്പെട്ടു. അത് അവരുടെ കടക്കാരനായിരുന്നു. ആ കടം കൊടുത്തു വിട്ടിയതോടുകൂടി അതിന്ന് ബാബയുടെ പാദങ്ങളിൽ വെച്ച് ജീവിതം അവസാനിച്ചു. കിട്ടുവാൻ കഴിഞ്ഞതാണ്. ഏതു ജീവജാലമായാലും ഋഷിശ്വരന്മാരുടെ മുന്നിൽ കുമ്പിട്ട് ജീവിതം അവസാനിച്ചാൽ അവർക്ക് സൽഗതിയാണ്. മുജ്ജന്മ സുകൃതംകൊണ്ടല്ലാതെ അവർക്കങ്ങിനെ സന്തോഷകരമായ അവസാനം കൈ വരുന്നതല്ല.

ശ്രീ സായിയെ നമിക്കുവിൻ–ലോകശാന്തി ഭവിക്കട്ടെ!

# അദ്ധ്യായം - 32



*ഗുരുവിനെയും ദൈവത്തേയും അന്വേഷിച്ച് - നിരാഹാരം അംഗീകരിക്കുന്നില്ല.*

*ഈ അദ്ധ്യായത്തിൽ ഹേമദ്പാന്ത് രണ്ട് കാര്യങ്ങളാണ് പ്രതിപാദിക്കുന്നത്. 1) ബാബ കാട്ടിൽവെച്ചു ഗുരുവിനെയും ഗുരുവിൽകൂടെ ദൈവത്തെയും കണ്ടുവെന്ന് 2) മൂന്നു ദിവസങ്ങൾ നിരാഹാരവ്രതം എടുക്കാൻ തീരുമാനിച്ച് മിസ്സിസ്സ് ഗോഖലയെ ബാബ പുരൻപോളി തീറ്റിയത് എങ്ങിനെയാണ്.*

## മുഖവുര

തുടക്കത്തിൽ ഹേമദ്പാന്ത് സംസാരത്തെ ഗീതയിൽ പറഞ്ഞപോലെ 'ഊർദ്ധമൂലം അധഃശാഖം' എന്ന നിലയിൽ ഉള്ള അശ്വത്ഥവൃക്ഷത്തോട് താരതമ്യപ്പെടുത്തി വിവരിക്കുന്നു. അതിന്റെ ശാഖകൾ മേലോട്ടും കീഴോട്ടും വളർന്ന് ഗുണങ്ങളിൽ നിന്നും പോഷകങ്ങൾ എടുക്കുന്നു. അതിന്റെ തളിരുകൾ ഇന്ദ്രിയവിഷയങ്ങളാണ്. അതിന്റെ വേരുകൾ, കർമ്മത്തിലേക്ക് നയിച്ചുകൊണ്ട് മനുഷ്യലോകത്തിൽ വ്യാപൃതമായി

രിക്കുകയാണ്. അതിന്റെ ആകൃതി ഇഹലോകത്തിൽ അറിയപ്പെടുന്നതല്ല. അതുപോലെ തന്നെ അതിന്റെ ആദ്യമോ അവസാനമോ ആലംബമോ ആർക്കും അറിയുന്നില്ല. ഈ രൂഢമൂലമായ അശ്വത്ഥ വൃക്ഷത്തെ നിസ്സംഗമാകുന്ന മൂർച്ചയേറിയ ആയുധം കൊണ്ട് ഛേദിച്ച് മുന്നോട്ടുള്ള വഴിതേടേണ്ടതും ആ വഴിയെപോയാൽ ഒരിക്കലും മടങ്ങിപ്പോകേണ്ടതില്ലാത്തതു മാകുന്നു.

ഈ വഴിയെപ്പോകാൻ നല്ല ഒരു വഴികാട്ടി (ഗുരു) അത്യാന്താപേക്ഷിതമാണ്. ഒരുവൻ എത്രമാത്രം പണ്ഡിത നായാലും എത്രമാത്രം അയാൾ വേദവും വേദാന്തവും പഠിച്ചിരുന്നാലും അയാൾക്ക് അയാളുടെ പ്രാപ്യസ്ഥാനത്ത് സുരക്ഷിതമായി എത്തുവാൻ കഴിയുന്നില്ല. വഴികാട്ടി അയാളോടൊപ്പമുണ്ടായി നേർവഴിയിലൂടെ കൊണ്ടു പോകുമ്പോൾ വന്യമൃഗങ്ങളെയും അഗാധഗർത്തങ്ങളെയും അയാൾ ഒഴിവാക്കി സുഗമമായ വഴിയിലൂടെ പോകാൻ ശക്തനാവുന്നു. ബാബയുടെ അനുഭവം തന്നെ. ബാബ പറഞ്ഞതായി നമുക്കറിയാൻ കഴിയുന്നത് വിസ്മയാവഹവും ആ കഥ ശ്രദ്ധിക്കുന്നവർക്ക് അടിയുറച്ച വിശ്വാസവും ഭക്തിയും മോക്ഷവും സുസാദ്ധ്യമാകുന്നതുമാണ്.

## അന്വേഷണം (ബാബയുടെ കഥ)

'ഒരിക്കൽ ഞങ്ങൾ നാലുപേർ പുരാണേതി ഹാസങ്ങളൊക്കെ പഠിച്ച് വിജ്ഞാനം സമ്പാദിച്ച് ബ്രഹ്മന്റെ സ്വാഭാവത്തെപ്പറ്റി ചർച്ച ചെയ്യുകയായിരുന്നു. ഞങ്ങളി ലൊരാളുടെ അഭിപ്രായം നാം തന്നെ നമ്മെ ഉന്നമനത്തി ലെത്തിക്കണമെന്നും അതിൽ ആരേയും ആശ്രയിക്കേണ്ട തില്ലെന്നു മായിരുന്നു. രണ്ടാമന്റെ അഭിപ്രായം മനസ്സിനെ





നിയന്ത്രിക്കാനാവുന്നവൻ അനുഗ്രഹീതനാണെന്നും നാം ചിന്തയിൽ നിന്നും സ്വതന്ത്രനായാൽ നാമല്ലാതെ ലോകത്തി ലൊന്നുമില്ലെന്ന് ബോദ്ധ്യപ്പെടുമെന്നുമായിരുന്നു. മൂന്നാമൻ പറഞ്ഞത് ലോകം സദാ മാറിക്കൊണ്ടിരിക്കുന്നതാണെന്നും മാറ്റമില്ലാത്തത് അരൂപബ്രഹ്മം മാത്ര മാണെന്നും അതുകൊണ്ട് നമുക്ക് യഥാർത്ഥവും അയഥാർത്ഥ്യവും തമ്മിൽ തിരിച്ചറിയാനുള്ള വിവേകമാണ് വേണ്ടത് എന്നുമായിരുന്നു. നാലാമൻ (അതായത് ബാബതന്നെ) അഭിപ്രായപ്പെട്ടത് പുസത്കം പഠിച്ച വിവരം പ്രയോജന ശൂന്യമാണെന്നും നാം നമ്മുടെ കൃത്യങ്ങൾ നിർവ്വഹിച്ച് ശരീരവും മനസ്സും പ്രാണങ്ങളും ഗുരുപാദത്തിങ്കൽ അർപ്പിക്കേണ്ടതാണെന്നും ഗുരു ദൈവം തന്നെയാണെന്നും ആ ബോധം മനസ്സിലുദിക്കാൻ സീമാതീതമായ വിശ്വാസം അത്യാവശ്യമാണെന്നുമായിരുന്നു.

ഇങ്ങിനെ ചർച്ചചെയ്തുകൊണ്ട് പണ്ഡിതന്മാരായ ഞങ്ങൾ നാലുപേരും ദൈവാന്വേഷികളായി ഒരു കാട്ടിന്നുള്ളിലൂടെ നടക്കാൻ തുടങ്ങി. മറ്റു മൂന്നുപേർക്കും ആരുടെ സഹായവും കൂടാതെ സ്വതന്ത്ര ബുദ്ധിയോടുകൂടി അന്വേഷണം നടത്തണമെന്നായിരുന്നു. വഴിക്കുവെച്ച് ഒരു വനജാരി (ധാന്യം മുതലായവ കാളപ്പുറത്ത് വെച്ച് നടന്ന് കച്ചവടം ചെയ്യുന്ന താണജാതിയിൽപ്പെട്ട ഒരാൾ) ഞങ്ങളെകണ്ട് ചോദിച്ചു. 'ഇപ്പോൾ നല്ല ചുട്ട വെയിലാണല്ലോ. നിങ്ങൾ ഇങ്ങനെ എത്രകണ്ട് ദൂരം എവിടംവരെ പോകുന്നു' ഞങ്ങൾ കാട്ടിൽ തിരയാൻ പോകുകായയണെന്നും മറുപടി പറഞ്ഞു. അപ്പോൾ നിങ്ങൾ എന്ത് തിരഞ്ഞാണ് പോകുന്നത് എന്നു ചോദിച്ചതിന് ഞങ്ങൾ ഒഴികഴിവായി ചില മറുപടിയും കൊടുത്തു. ഞങ്ങൾ ഒരു പ്രത്യേക ഉദ്ദേശമില്ലാതെ നടക്കുന്നവരാണെന്ന് കണ്ട് അയാൾ വീണ്ടും ഇപ്രകാരം പറഞ്ഞു. 'ഈ കാട് വേണ്ടപോലെ

അറിയാതെ ഇതിൽ നിങ്ങൾ ചുറ്റിത്തിരിയരുത്. നിങ്ങൾക്ക് ഘോരവനങ്ങളിൽ സഞ്ചരിക്കണമെന്നുണ്ടെങ്കിൽ ഒരു വഴി കാട്ടിയെ കൂട്ടണം. ഈ ചൂടെടുക്കുന്ന ഉച്ചസമയത്ത് എന്തിനാണ് നിങ്ങൾ അനാവശ്യമായി അലഞ്ഞുനടന്ന് ക്ഷീണിതരാവുന്നത്? നിങ്ങളുടെ രഹസ്യാന്വേഷണത്തെപറ്റി എന്നോട് പറയണ മെന്നില്ല. എന്നാലും നിങ്ങൾക്ക് ഇവിടെ ഇരുന്ന് ഭക്ഷണം കഴിച്ച്, വെള്ളം കുടിച്ച് അല്പം വിശ്രമിച്ച് പോകാം. ക്ഷമാശീലമാണ് എപ്പോഴും വേണ്ടത്' അയാൾ വളരെ ദയയോട് കൂടിയാണ് പറഞ്ഞതെങ്കിലും അയാളുടെ അപേക്ഷ നിരസിച്ച് ഞങ്ങൾ പോകുകതന്നെ ചെയ്തു. ഞങ്ങൾക്ക് വേണ്ടത് ഞങ്ങൾ ക്കറിയാമെന്നും ആരുടെയും സഹായം ഞങ്ങൾക്ക് ആവശ്യ മില്ലെന്നുമായിരുന്നു ഞങ്ങളുടെ വിശ്വാസം. കാട് വളരെ ഇടുങ്ങിയതും യാതൊരു ചവിട്ടടിപ്പാതപോലും ഇല്ലാത്തതു മായിരുന്നു. കുറച്ചുകൂടി പോയപ്പോഴേക്കും വൃക്ഷനിബിഡത കൊണ്ട് സൂര്യരശ്മിക്കും കൂടി പ്രവേശിക്കാനാവാതെ ഇരുളടഞ്ഞതായിട്ടാണ് കണ്ടത്. അങ്ങനെ ഞങ്ങൾ വഴിപിഴച്ച് പലവഴിക്കും വളരെ നേരം അലഞ്ഞു തിരിഞ്ഞു നടന്നു. അവസാനം ഭാഗ്യവശാൽ ഞങ്ങൾ പുറപ്പെട്ട സ്ഥലത്തുതന്നെ വന്നുപെട്ടു. വനജാരി വീണ്ടം ഞങ്ങളെക്കണ്ട് 'നോക്കിൻ, നിങ്ങളുടെ സ്വന്തം കഴിവിൽ വിശ്വസിച്ച് നിങ്ങൾക്ക് വഴിതെറ്റി. ചെറുതായാലും വലുതായാലും എല്ലാ കാര്യത്തിലും നമുക്ക് മാർഗ്ഗനിർദ്ദേശം തരാൻ ഒരു വഴികാട്ടി ഉണ്ടായിരിക്കേണ്ടത് ഒഴിച്ചുകൂടാത്ത ഒരാവശ്യമാണ്. വിശന്ന വയറുമായി നടത്തുന്ന ഒരന്വേഷണവും വിജയപ്രദമാക്കാൻ കഴിയുന്നില്ല. ദൈവ കല്പിതം കൊണ്ടല്ലാതെ നാം വഴിക്കുവെച്ച് ആരെയും കാണുന്നില്ല. തരുന്ന ഭക്ഷണം ഉപേക്ഷിക്കരുത്. വിളമ്പിയ പാത്രം തട്ടി നീക്കരുത്. ഭക്ഷണം കിട്ടുന്നത് വിജയസൂചനയായി

കണക്കാക്കണം.' എന്നു പറഞ്ഞു അയാൾ ഞങ്ങൾക്ക് ഭക്ഷണം തന്നുകൊണ്ട് ക്ഷമാശീലരും ശാന്തരുമായിരിക്കാൻ ആവശ്യപ്പെട്ടു. വീണ്ടും ഞങ്ങൾക്ക് അയാളുടെ ആതിഥ്യം ഇഷ്ടപ്പെടാതെ ഞങ്ങൾ അവിടുന്ന് പോയി. യാതൊരു ഭക്ഷണവും കഴിക്കാതെയും യാതൊരന്വേഷണവും നടത്താതെയും ദുർവ്വാശിക്കാരായ ഞങ്ങളിൽ മൂന്നുപേർ പോവാൻ തുടങ്ങി. വിശപ്പും ദാഹവും സഹിക്കവയ്യാത്ത ഞാൻ വനജാരിയുടെ സ്നേഹപൂർവ്വമുള്ള പെരുമാറ്റത്തിൽ ആകൃഷ്ടനായി. ഞങ്ങൾ പണ്ഡിതന്മാരാണെന്ന് സ്വയം വിശ്വാസിച്ചിരുന്നുവെങ്കിലും ദയാദാക്ഷിണ്യം എന്തെന്ന് ഞങ്ങൾക്കറിഞ്ഞുകൂടായിരുന്നു. വനജാരി, അക്ഷരജ്ഞാനമോ യോഗ്യതയോ ഇല്ലാത്ത ഒരു താണജാതിക്കാരനായിരുന്നു. എങ്കിലും അയാൾക്ക് സമസൃഷ്ടികളോടുള്ള സ്നേഹം ഹൃദയത്തിലുണ്ടായതിനാലാണ് ഞങ്ങളെ ഭക്ഷണത്തിനു ക്ഷണിച്ചത്. ഒരു പ്രത്യേക നേട്ടത്തിനുമല്ലാതെ മറ്റുള്ളവരെ സ്നേഹിക്കുന്നവനാണ് ജ്ഞാനി എന്നും അയാളുടെ ആതിഥ്യം സ്വീകരിക്കലാണ് വിജ്ഞാനസമ്പാദനത്തിനുള്ള നല്ല തുടക്കമെന്നും ഞാൻ തീരുമാനിച്ചു. അങ്ങിനെ ബഹുമാന പുരസ്സരം ഞാൻ അയാൾ തന്ന ഭക്ഷണം സ്വീകരിച്ച് ഭക്ഷിക്കുകയും വെള്ളം കുടിക്കുകയും ചെയ്തു.

അപ്പോഴേക്കും നോക്കുക ! ഗുരുപെട്ടെന്ന് പ്രത്യക്ഷപ്പെട്ട് ഞങ്ങളുടെ മുന്നിൽ വന്നുനിന്ന് 'എന്തായിരുന്നു തർക്കവിഷയം എന്നദ്ദേഹം ചോദിച്ചപ്പോൾ ഞാൻ ഉണ്ടായ സംഭവങ്ങളെല്ലാം അദ്ദേഹത്തോട് പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു നീ എന്റെ കൂടെ വരാനിഷ്ടപ്പെടുന്നുവോ? ഞാൻ നിനക്കുവേണ്ടത് കാണിച്ചുതാരം ഞാൻ പറയുന്നത് വിശ്വസിക്കുന്നവന് മാത്രമേ വിജയിക്കാൻ കഴിയൂ. 'എന്നു പറഞ്ഞു. മറ്റുള്ളവർ അദ്ദേഹം





പറഞ്ഞ വാക്കുകളിഷ്ടപ്പെടാതെ അവിടുന്ന് പോയി. ഞാൻ അദ്ദേഹത്തെ ബഹുമാനപുരസ്സരം നമസ്കരിച്ച് അദ്ദേഹത്തിന്റെ കല്പനകൾ സ്വീകരിച്ചു. അദ്ദേഹം എന്നെ ഒരു കിണറ്റിനരികെ കൊണ്ടുപോയി എന്റെ കാലുകൾ ഒരു കയറുകൊണ്ട് കെട്ടി തലകീഴായി കിണറ്റിനുള്ളിലേയ്ക്ക് ഒരു മരത്തിന്മേൽ കെട്ടിതൂക്കി. ഞാൻ വെള്ളത്തിൽ നിന്നും മൂന്നടി ഉയരത്തിലായിരുന്നു. വെള്ളം കൈകൊണ്ടോ, വായകൊണ്ടോ തൊടാൻ കഴിയുമായിരുന്നില്ല. എന്നെ ഇങ്ങനെ കെട്ടിത്തൂക്കി അദ്ദേഹം എവിടേക്കാ പോയി. നാലഞ്ചു മണിക്കൂർ കഴിഞ്ഞ് അദ്ദേഹം മടങ്ങിവന്ന് എന്നെ വേഗം പുറത്തേക്ക് എടുത്ത് 'എങ്ങിനെ ഉണ്ടായിരുന്നു' എന്ന് ചോദിച്ചു. 'ഞാൻ പരമാനന്ദത്തിലായിരുന്നു എന്നെപ്പോലുള്ള ഒരല്പന് താൻ അനുഭവിച്ച ആനന്ദം എങ്ങനെ വിവരിക്കാൻ കഴിയും? എന്ന് ഞാൻ മറുപടി പറഞ്ഞു. എന്റെ ഉത്തരം കേട്ട് സന്തുഷ്ടനായ ഗുരു എന്നെ ഗാഢാലിഗംനം ചെയ്ത് മേല്ലെല്ലാം തലോടി എന്നെ കൂടി താമസിപ്പിച്ചു. അദ്ദേഹം ഒരു തള്ളപ്പക്ഷി, കുഞ്ഞിനെ നോക്കുംപോലെ എന്ന നോക്കിയിരുന്നു. എന്നെ അദ്ദേഹം അദ്ദേഹത്തിന്റെ കമനീയമായ വിദ്യാലയത്തിൽ ചേർത്തി. അവിടെ ഞാൻ മാതാപിതാക്കന്മാരെപ്പോലും വിസ്മരിച്ചുപോയി. എന്റെ എല്ലാ ബന്ധങ്ങളും അവിടെ വച്ച് ഇല്ലാതാക്കി. എന്നെ സ്വതന്ത്രനാക്കി. അദ്ദേഹത്തിന്റെ കഴുത്തിൽ കെട്ടിപിടിച്ച് അദ്ദേഹത്തെ തന്നെ നിർന്നിമേഷനായി നോക്കിയിരിക്കാൻ ഞാനാഗ്രഹിച്ചു. അദ്ദേഹത്തിന്റെ രൂപം ദൃഷ്ടിയിൽ സ്ഥിരപ്രതിഷ്ഠമാക്കുന്നില്ലെങ്കിൽ അന്ധതയാണ് സുഖമെന്നു ഞാൻ വിശ്വാസിച്ചു. അത്തരത്തിലുള്ളതായിരുന്നു ആ വിദ്യാലായം അതിൽ പ്രവേശിച്ച് ഒരുത്തനും വെറു കയ്യോടെ മടങ്ങില്ല. എന്റെ ഗുരു എനിക്ക് സർവ്വസ്വമായിരുന്നു. എന്റെ





വീടും ധനവും മാതാപിതാക്കളും എല്ലാം അദ്ദേഹമായിന്നു. ഞാൻ എന്റെ എല്ലാ ജ്ഞാനേന്ദ്രിയങ്ങളും സ്വസ്ഥാനുപേക്ഷിച്ച് ദൃഷ്ടിയിൽ കേന്ദ്രീകരിക്കുകയും ദൃഷ്ടിയെ ഞാൻ ഗുരുവിൽ ഉറപ്പിക്കുയും ചെയ്തു. അത്തരത്തിലായിരുന്നു എന്റെ ഗുരു. എല്ലാ ധ്യാനവും അദ്ദേഹത്തെ മാത്രമല്ലാതെ മറ്റൊന്നും ഞാനറിഞ്ഞിരുന്നില്ല. അദ്ദേഹത്തെ ധ്യാനിച്ചുകൊണ്ടിരിക്കുമ്പോൾ എന്റെ മനോബുദ്ധികൾ സ്തംഭിച്ചു പോകയാൽ ഞാൻ ശാന്ത നായി അദ്ദേഹത്തെ മനസ്സാ നമിക്കേണ്ടിവരുമായിരുന്നു. ഇതിലും വ്യത്യസ്തമായ പരിതസ്ഥികളുള്ള മറ്റു പല വിദ്യാലയങ്ങളുമുണ്ട്. വിദ്യാർത്ഥി അവിടെ പോയി പണവും അദ്ധ്വാനവും സമയവും ചിലവഴിച്ച് അവസാനം പശ്ചാത്തപിക്കേണ്ടിവരുന്നു. അവിടങ്ങളിലെ ഗുരു അയാളുടെ ഗൂഢ ജ്ഞാനത്തെ പറ്റിയും നേർവഴിയെ പറ്റിയും വീമ്പടിക്കും. അയാളുടെ മഹാത്മ്യത്തെയും പുണ്യവാളത്വത്തേയും പ്രദർശിപ്പിക്കുമെങ്കിലും അയാളിൽ കരുണ മാത്രം കാണില്ല. അയാൾ കണ്ടമാനം പ്രസംഗിക്കും, ആത്മപ്രശംസ നടത്തും. പക്ഷെ അയാളുടെ വാക്കുകൾ ശിഷ്യന്റെ ഹൃദയത്തിൽ തട്ടുകയോ ശിഷ്യന് അവയിൽ വിശ്വാസം ജനിക്കുകയോ ചെയ്യുന്നില്ല. ആത്മാനുഭവമാണെങ്കിൽ അയാൾക്കൊട്ടില്ലതാനും. പിന്നെ എങ്ങിനെയാണ് അത്തരം വിദ്യാലയങ്ങൾ ശിഷ്യന്മാർക്കു ഉപകാരപ്രദമാവുന്നതും ശിഷ്യന് നേട്ടമുണ്ടാവുന്നതും? ഞാൻ പറഞ്ഞ ഗുരു അത്തരക്കാരനല്ലായിരുന്നു. അദ്ദേഹത്തിന്റെ അനുഗ്രഹംകൊണ്ട് എനിക്ക് യാതൊരദ്ധ്വാനമോ പഠിപ്പോ കൂടാതെ ആത്മജ്ഞാനം സിദ്ധിച്ചു. എനിക്ക് എല്ലാം പകൽവെളിച്ചം പോലെ വ്യക്തമായതിനാൽ ഒന്നും അന്വേഷിക്കാനില്ലായിരുന്നു. ഇങ്ങിനെ തലകീഴായി തൂക്കിയതിൽ എനിക്കെങ്ങിനെ ആനന്ദം സിദ്ധിച്ചു എന്നത്

ഗുരുവിന്നുമാത്രമെ അറിയാവു! ഞങ്ങൾ നാലുപേരിൽ ഒരാൾ കർമ്മാരാധനക്കാരനായിരുന്നതിനാൽ അയാൾക്ക് ഏതെല്ലാം കർമ്മമാണ് ചെയ്യേണ്ടത്, ഏതെല്ലാം ചെയ്തുകൂടാ എന്നു മാത്രമേ അറിവുണ്ടായിരുന്നുള്ളൂ. രണ്ടാമൻ ജ്ഞാനി യായിരുന്നതിനാൽ അയാളുടെ അറിവിനെക്കുറിച്ച് അഹംഭാവം മാത്രമായിരുന്നു അയാൾക്കുള്ളത്. മൂന്നാമൻ ഭക്തനായി രുന്നതിനാൽ എല്ലാ ദൈവത്തിൽ സമർപ്പിച്ചിരിക്കുക യായിരുന്നു. ഇവർ ചർച്ച തുടങ്ങിവെച്ചപ്പോൾ ദൈവത്തെപ്പറ്റി പ്രശ്നം പൊന്തിവന്ന് അവർ ദൈവത്തെ ആരുടെ സഹായവുമില്ലാതെ അന്വേഷണം തുടങ്ങിയതായിരുന്നു. വിവേകത്തിന്റെയും നിസ്സംഗത്വത്തിന്റെയും മൂർത്തീമൽഭാവമായ സായി, ആ നാലുപേരിൽ ഒരാളായിരുന്നു. ബാബ തന്നെ പരബ്രഹ്മ മായതിനാൽ ബാബ മറ്റുള്ളവരോട് ചേർന്ന് എന്തിനിങ്ങനെ ഭോഷത്വം പ്രവർത്തിച്ചു എന്ന് ചിലർ ചോദിച്ചേക്കാം. അതു മറ്റുള്ളവരുടെ നന്മക്കുവേണ്ടി ഒരു ഉദാഹരണത്തിനുവേണ്ടി മാത്രം ബാബ അങ്ങിനെ പ്രവൃത്തിച്ചതാണ്. ഇതു കണ്ട് മറ്റുള്ളവർ വഴി മനസ്സിലാക്കട്ടെ. സ്വയം ഒരവാതരമായിരുന്നിട്ടും വനജാരി കൊടുത്ത ഭക്ഷണം അന്നം ബ്രഹ്മമാണെന്ന് മനസ്സി ലാക്കി ബാബ സ്വീകരിച്ചു. വനജാരി കൊടുത്ത ഭക്ഷണം സ്വീകരിക്കാത്തവരുടെ കഷ്ടത മനസ്സിലാക്കിത്തരുന്ന തോടൊപ്പം, ജ്ഞാനസമ്പാദനത്തിന് ഗുരു അത്യന്താപേക്ഷിതമാണെന്നും ബാബ നമ്മെ പഠിപ്പിച്ചു. തൈത്തിരിയ ഉപനിഷത്ത് മാതാ പിതാ ഗുരു എന്നിവരെ പൂജിക്കാനും വേദങ്ങൾ പഠിക്കാനും പറയുന്നുണ്ട്. ഇതെല്ലാം മനഃശുദ്ധിയുണ്ടാക്കാനാണ്. മനഃശുദ്ധിയില്ലാത്തവർക്ക് ആത്മവിജ്ഞാനം അസാദ്ധ്യമാകുന്നു. മനോബുദ്ധ്യാഹങ്കാര ങ്ങളൊന്നും ആത്മനിലെത്തുന്നില്ല. തെളിവുകളോ, പരിശോധനകളോ, അനുമാനങ്ങളോ നമ്മെ ഇതിൽ സഹായി

ക്കുന്നില്ല. ഗുരുവിന്റെ അനുഗ്രഹം മാത്രമാണ് കണക്കിലെടുക്കാനുള്ളത്. ധർമ്മാർത്ഥ കാമങ്ങളെല്ലാം അദ്ധ്വാനം കൊണ്ട് ലഭ്യമാകുന്ന വയാണ്. പക്ഷെ നാലാമത്തെ ഉപാധിയായ മോക്ഷം ഗുരുവിന്റെ സഹായം കൊണ്ടുമാത്രമേ ലഭ്യമാകൂ.

ശ്രീ സായിനാഥന്റെ ദർബാറിൽ പലരും വന്ന് അവരുടെ കടമകൾ നിർവ്വഹിക്കലുണ്ട്. ജ്യോത്സന്മാർ വന്ന് ഫലം പറയും. രാജാക്കന്മാരും, പ്രഭുക്കന്മാരും, സാധാരണക്കാരും, പാവങ്ങളും, സന്യാസിമാരും, യോഗിമാരും, സംഗീതജ്ഞന്മാരും മറ്റു പലരും ദർശനത്തിനായി വരുന്നു. ഒരു യോഗിപോലും വന്ന് നമസ്കരിച്ച് സായിയാണ് യഥാർത്ഥ മാതാപിതാക്കൾ എന്നും ജനനമരണങ്ങളിൽ നിന്ന് മോചിപ്പിക്കാൻ മറ്റാരുമില്ലെന്നും പറഞ്ഞു. പലതരം കളിക്കാരും, നാടകക്കാരും, നാട്യക്കാരും, അന്ധന്മാരും, മുടന്തന്മാരും, മറ്റു പലരും അവിടെ വന്ന് ഓരോരുത്തർക്കും അനുയോജ്യമായ വിധം സ്വീകരിക്കപ്പെടുന്നു. അതുപോലെ വനജാരിയും അയാൾക്ക് വിധിച്ച കർമ്മം നിർവ്വഹിച്ചെന്നേയുള്ളു. നമുക്ക് അടുത്ത കഥയിലേക്ക് പ്രവേശിക്കാം.

**നിരാഹാരവും മിസ്സിസ് ഗോഖലെയും**

ബാബ ഒരിക്കലും നിരാഹാരമനുഷ്ഠിക്കുകയോ മറ്റുള്ളവരെ നിരാഹാരം അനുഷ്ഠിക്കാൻ അനുവദിക്കുകയോ ചെയ്തിരുന്നില്ല. നിരാഹാരം അനുഷ്ഠിക്കുന്നവന് ഒരിക്കലും മനഃശാന്തിയുണ്ടാവില്ല. പിന്നെ എങ്ങിനെ അയാൾ പരമാർത്ഥം മനസ്സിലാക്കും? വിശക്കുന്നവയറുമായി ദൈവത്തെ അറിയാൻ കഴിയില്ല. ആദ്യം ആത്മാവിനെ തൃപ്തിയാക്കണം. ഭക്ഷണത്തിലെ പോഷണം സിദ്ധിച്ചില്ലെങ്കിൽ ഏതു കണ്ണുകൊണ്ട് ദൈവത്തെകാണും, ഏതു നാക്കുകൊണ്ട് ദൈവത്തിന്റെ മാഹാത്മ്യത്തെ പ്രകീർത്തിക്കും. ഏതു

കാതുകളെക്കൊണ്ട് അവ കേൾക്കും? ചുരുക്കത്തിൽ എല്ലാ അവയവങ്ങൾക്കും വേണ്ട പോഷകാംശങ്ങൾ കിട്ടിയാലെ നമുക്കു ഏതു സാധനയും ചെയ്യാൻ കഴിഞ്ഞു ദൈവത്തെ അറിയാൻ സാധിക്കൂ. അതുകൊണ്ട് നിരാഹാരവും അമിതാഹാരവും നല്ലതല്ല. ഭക്ഷണത്തിൽ ക്രമംപാലിക്കുന്നത് ശരീരത്തിനും നല്ലതാണ്. മിസ്സിസ് ഗോഖലെ എന്നു പേരായ ഒരു സ്ത്രീയെ മിസ്സിസ് കാശി ബായ് കാനിത്കാർ എന്നിവരിൽ നിന്നും ദാദാകേൽക്കർക്കു പരിചയപ്പെടുത്താനുള്ള ഒരു കത്തുമായി ഷിർദ്ദിയൽ വന്നു. അവർ ബാബയുടെ കാല്ക്കൽ മൂന്നുദിവസം ഉപവാസമിരിക്കാൻ തീരുമാനിച്ചാണ് വന്നത്. തലേന്നുതന്നെ ദാദാകേൽക്കറോട് ബാബ, താൻ ഹോളി ഉത്സവക്കാലത്ത് ആരും പട്ടിണികിടക്കാൻ അനുവദിക്കില്ലെന്നും, അവർക്ക് പട്ടിണിയാണെങ്കിൽ താൻ എന്തിനാണിവിടെ എന്നും ചോദിച്ചിരുന്നു. പിറ്റെന്ന് ഈ സ്ത്രീ ദാദാകേൽക്കറോട് കൂടിവന്നു ബാബയുടെ കാൽക്കൽ ഇരുന്ന ഉടനെ ബാബ അവരോട് 'എന്താണ് പട്ടിണി കിടക്കുന്നതിന്റെ ആവശ്യം? ദാദാഭട്ടിന്റെ വീട്ടിൽപോയി പുരൻപോളിയുണ്ടാക്കി അയാളുടെ കുട്ടികൾക്ക് കൊടുത്ത് നീയും കഴിക്കണം' എന്ന് പറഞ്ഞു. ഹോളി ഉത്സവക്കാലമാണ്. കേൽക്കറിന്റെ ഭാര്യ ഋതുവായി രുന്നതിനാൽ അവിടെ ഭക്ഷണം പാകം ചെയ്യാനാരു മില്ലായിരുന്നു. അപ്പോൾ സായിബാബയുടെ ഉപദേശം അവസരോചിതമായിരുന്നു. മിസ്സിസ് ഗോഖലെ നിർദ്ദേശിച്ച പ്രകാരം, ദാദാഭട്ടിന്റെ വീട്ടിൽപോയി പലഹാരമുണ്ടാക്കി കുട്ടികൾക്കും കൊടുത്ത് അവരും ഭക്ഷിച്ചു. എന്തൊരു നല്ല കഥ, എന്ത് സുന്ദരമായ തത്വം!

## ബാബയുടെ സർക്കാർ

ബാബ താഴെ വിവരിക്കും പ്രകാരം തന്റെ കുട്ടിക്കാലത്തെ ഒരു കഥ പറഞ്ഞു. 'ഞാൻ കുട്ടിയായിരി ക്കുമ്പോൾ ഭക്ഷണം





അന്വേഷിച്ച് ബീഢ്ഗോമിൽ ചെന്നു. അവിടെ എനിക്കൊരു തുന്നൽ പണി കിട്ടി. ഞാൻ വളരെ കഠിനാദ്ധ്വാനം ചെയ്തു പണിയെടുത്തു. മുതലാളിക്ക് എന്നിൽ സന്തോഷമായി. എന്റെ മുമ്പെ മൂന്നുകുട്ടികൾ അവിടെ പണിക്കാരായുണ്ടായിരുന്നു. ഒരുത്തന് 50 രൂപയും രണ്ടാമത്തവന് 100കയും മൂന്നാമന് 150കയും ശമ്പളമായിരുന്നു. എനിക്ക് ഇതെല്ലാം ചേർന്നതിന്റെ ഇരട്ടിയായ 600 കയും കിട്ടി. എന്റെ പ്രവൃത്തിയിലുള്ള സാമർത്ഥ്യം കണ്ട് മുതലാളി എന്നെ സ്നേഹിക്കുകയും പുകഴ്ത്തുകയും ചെയ്തതിന് പുറമെ ഉടുപ്പും തലക്കെട്ടും, ഷർട്ടും തന്ന് ആദരിക്കുകയും ചെയ്തു. ഞാൻ ഈ വസ്ത്രങ്ങൾ ഉപയോഗിക്കാതെ വെച്ചു. മനുഷ്യൻ തന്നത് അപൂർണ്ണവും അസ്ഥിരവുമാണെന്ന് ഞാൻ ചിന്തിച്ചു. പക്ഷെ എന്റെ സർക്കാർ (ദൈവം) തരുന്നത് കാലാകാലം നിലനിൽക്കും. മറ്റാരിൽ നിന്നുമുള്ള സമ്മാനവും അതിന് തുല്യമല്ല എന്റെ സർക്കാർ' എടുത്തോ എടുത്തോ' എന്നു പറയുന്നു. പക്ഷെ എല്ലാവരും എന്റെ അടുക്കൽ വന്ന് 'തരുക, തരുക' എന്നു യാചിക്കുന്നു. ഞാൻ പറയുന്നതിന്റെ അർത്ഥം മനസ്സിലാക്കാൻ ആരും മെനക്കെടുന്നില്ല. എന്റെ സർക്കാറിന്റെ ഖജാന നിറഞ്ഞ് വഴിയുകയാണ്. ഞാൻ പറയുകയാണ് 'ഈ ധനം കോരി വണ്ടിക്കണക്കിനു കൊണ്ടുപോവിൻ. അമ്മ പെറ്റ മക്കളെല്ലാം ഈ ധനം കൊണ്ട് തന്നത്താൻ നിറഞ്ഞിരിക്കണം എന്ന്. എന്റെ ഫക്കീറിന്റെ ചാതുര്യം എന്റെ ഭഗവാന്റെ ലീല, എന്റെ സർക്കാറിന്റെ പ്രീതി, അത് ഒന്നു പ്രത്യേകം തന്നെയാണ്. ഞാനോ? ശരീരം മണ്ണിലും ശ്വാസം വായുവിലും ലയിക്കുന്നു. ഈ അവസരം ഇനിയുണ്ടാവില്ല. ഞാൻ എവിടെയോ പോവുന്നു. എവിടെയോ ഇരിക്കുന്നു. മായ എന്നെ വല്ലാതെ അലട്ടുന്നു. എന്നിട്ടും ഞാൻ എന്റെ ആൾക്കാരെക്കുറിച്ച് വ്യാകുലപ്പെടുന്നു.

ആരെങ്കിലും എന്തെങ്കിലും ചെയ്താൽഅതിന്റെ ഫലം അവർക്കു കിട്ടും. ഞാനീ പറയുന്ന വാക്കുകൾ സ്മരിക്കുന്ന വർക്ക് അമൂല്യമായ ആനന്ദം കൈവരും’.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!




## ഉധിയുടെ മാഹാത്മ്യം

*തേളുകുത്തിയതും പ്ലേഗും സുഖപ്പെടുത്തി – ജാംനഗറിലെ അത്ഭുതം - നാരായണറാവുവിന്റെ സുഖക്കേട് - ബാലാബുവാസുതാർ അപ്പാ സാഹെബ് കുൽക്കർണ്ണി - ഹരിഭാവുകാർണിക്ക്*

*കഴിഞ്ഞ അദ്ധ്യായത്തിൽ ഗുരുവിന്റെ മാഹാത്മ്യം വിവരിച്ചു. ഈ അദ്ധ്യായത്തിൽ ഉധിയുടെ മാഹാത്മ്യം വിവരിക്കുന്നതാണ്.*

## പ്രാരംഭക്കുറിപ്പുകൾ

നമുക്ക് മഹത്തുകളായ ഋഷിശ്വരന്മാരെ വന്ദിക്കുക. അവരുടെ കരുണാമയമായ കടാക്ഷംകൊണ്ട് നമ്മിൽ കുന്നുകൂടിയ പാപങ്ങൾ നശിപ്പിക്കപ്പെടുന്നുവെന്നു മാത്രമല്ല, നമ്മുടെ സ്വഭാവത്തിലുള്ള ചീത്തവശങ്ങൾ ഇല്ലായ്മ ചെയ്യപ്പെടുകയും ചെയ്യുന്നു. അവരുടെ മനസ്സിൽ 'ഇത് എന്റെ അത് നിന്റെ' എന്ന വ്യത്യാസങ്ങളില്ല. അത്തരം വിവേചനങ്ങൾ അവരുടെ മനസ്സിൽ ഉദിക്കുന്നേയില്ല. അവരോടുള്ള കടപ്പാട്

നമുക്ക് ഈ ജന്മത്തിലല്ല മറ്റു നിരവധി ജന്മങ്ങളെക്കൊണ്ടും തീർക്കാവുന്നതല്ല.

## ഉധി

ബാബ പലരിൽനിന്നും ദക്ഷിണ സ്വീകരിക്കലുണ്ടെന്നും, അതിൽ നിന്ന് വലിയൊരു ഭാഗം ധാർമ്മിക വിഷയങ്ങളിൽ ചിലവാക്കി ബാക്കി വിറകു വാങ്ങലായിരുന്നുവെന്നും പരക്കെ അറിയാവുന്ന വസ്തുകളാണ്. ഈ വിറക് ബാബ കെടാതെ കത്തിച്ചിരുന്ന അഗ്നിയായ ധുനിയിൽ ഇടലായിരുന്നു പതിവ്. ഈ ധുനിയിലെ വെണ്ണീറാണ് ഉധി. ഇത് അവിടെ വരുന്ന ഭക്തന്മാർക്ക് മടങ്ങിപ്പോകുമ്പോൾ ധാരാളമായി വാരിക്കൊടുക്കലുണ്ടായിരുന്നു.

ഈ ഉധികൊണ്ട് ബാബ എന്താണ് പഠിപ്പിച്ചിരുന്നത് ? ഈ ലോകത്തിലുള്ള സകല സംഗതികളും വെണ്ണീറായി പോവുന്ന ക്ഷണികങ്ങളാണ് പഞ്ചഭൂതാത്മകമായ ഈ ദേഹം എല്ലാ വ്യാപാരങ്ങളും അവസാനിപ്പിച്ച് വെണ്ണീറായി പോവുന്നു. ഭക്തന്മാർക്ക് അവരുടെ ദേഹം ഒരിക്കൽ വെണ്ണീറാക്കപ്പെടും എന്ന് ഓർമ്മിപ്പിക്കാനാണ് ബാബ, ഉധി വിതരണം ചെയ്തിരുന്നത്. ഉധിയിൽകൂടെ ബാബ 'ബ്രഹ്മസത്യം ജഗന്മിത്ഥ്യ 'എന്ന തത്വവും മകൻ, അച്ഛൻ, ഭാര്യ എന്ന ബന്ധങ്ങളൊന്നും യഥാർത്ഥത്തിൽ ഉള്ളതല്ലെന്നും പഠിപ്പിച്ചു. നാം ലോകത്തിൽ ഒറ്റക്കാണ് വരുന്നത്. പോകേണ്ടതും ഒറ്റക്കാണ്. ഉധികൊണ്ട് പല ശാരീരികവും മാനസികവുമായ തകരാറുകൾ സുഖപ്പെട്ടതായി കാണുകയും കണ്ടു കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ടെങ്കിലും ബാബ ഉധികൊണ്ടും ദക്ഷിണകൊണ്ടും ഉദ്ദേശിച്ചത് ഭക്തന്മാരെ യഥാർത്ഥവും അയഥാർത്ഥവും തമ്മിൽ തിരിച്ചറിയാനും,

അയഥാർത്ഥത്തിൽ നിസ്സംഗത്വം വളർത്തേണ്ടതാണെന്ന് പഠിപ്പിക്കാനുമാണ്. ഉധി വിവേചന ബുദ്ധിയും, ദക്ഷിണ നിസ്സംഗത്വവും പഠിപ്പിക്കുന്നു. ഇത് രണ്ടുമില്ലെങ്കിൽ നമുക്ക് സംസാര സാഗരം കടക്കാനാവില്ല. അതുകൊണ്ട് ബാബ ദക്ഷിണ ചോദിച്ച് വാങ്ങുകയും ഭക്തന്മാർ വിടവാങ്ങുമ്പോൾ ഉധി കൊടുക്കുകയും ചെയ്തു. ചിലപ്പോൾ ബാബ ഉധികൊണ്ട് നെറ്റിയിൽ കുറിയിട്ടുകൊടുത്ത് തലയിൽ കൈ വെച്ചനുഗ്രഹിക്കുമായിരുന്നു. ബാബ സന്തുഷ്ടനായി ചിലപ്പോൾ ആനന്ദത്തോടുകൂടി പാടുമായിരുന്നു. അത്തരം ഒരു പാട്ട് 'രമ്തേ രാം ആവോജി ആവോജി! ഉധിയാം കി ഗോ നിയാം ലാവോജി' എന്നായിരുന്നു. അതിന്നർത്ഥം 'ക്രീഡാനിരതനായ രാമ! വരൂ വരൂ! ചാക്കുകണക്കിൽ ഉധികൊണ്ടുവരൂ' എന്നാണ്. ബാബ വ്യക്തമായും മധുരമായും പാടാറുണ്ടായിരുന്നു.

ഉധിയുടെ ആദ്ധ്യാത്മികവശത്തെപ്പറ്റി അത്രമാത്രം. അതിന്ന് ഭൗതിക വശവുമുണ്ടായിരുന്നു. അത് ആരോഗ്യം, നേട്ടം, സ്വാതന്ത്ര്യം, മനഃശാന്തി മുതലായവ പ്രദാനം ചെയ്തു. അങ്ങിനെ ഉധി ആദ്ധ്യാത്മികവും ഭൗതികവുമായ നേട്ടങ്ങൾ പ്രദാനം ചെയ്തു. ഇനി നമുക്ക് ഉധിയെ പറ്റിയ കഥകൾ പറയാം.

## തേളുകുത്തിയത്

നാസിക്കിലെ നാരായണൻ മോതിറാംജാനി എന്നയാൾ ബാബയുടെ ഒരു ഭക്തനായിരുന്നു. അയാൾ രാമചന്ദ്ര വാമൻമോദക്ക് എന്നു പേരായ മറ്റൊരു ബാബാഭക്തന്റെ സേവകനായിരുന്നു. ഒരിക്കൽ അയാൾ അമ്മയെയും കൂട്ടി ഷിർദ്ദിയിലേക്കു പോയി. ബാബയെ കണ്ടു. അന്നേരം ബാബ അയാളോട് ഇനി മേലാൽ ആരെയും സേവിക്കേണ്ടതില്ലെന്നും സ്വാതന്ത്രമായി കച്ചവടം നടത്തണമെന്നും പറഞ്ഞു. കുറച്ച്





ദിവസങ്ങൾക്ക് ശേഷം ഈ വാക്കുകൾ സഫലീകരിച്ചു. നാരായണൻജാനി ജോലി ഉപേക്ഷിച്ച് സ്വന്തമായി 'ആനന്ദാശ്രമം' എന്ന പേരിൽ ഒരു ബോർഡിങ്ങ് ഹൗസ് തുടങ്ങി. ഒരിക്കൽ ഈ നാരായണൻ റാവുവിന്റെ ഒരു സ്നേഹിതനെ തേളുകുത്തി. അയാൾക്കു ദുസ്സഹമായ വേദനയും സഞ്ചാരവും അനുഭവപ്പെട്ടു. ഈ വക കാര്യങ്ങളിൽ, വേദനിക്കുന്നിടത്ത് ഉധി പുരട്ടിയാൽ സമാധാനം കിട്ടും. നാരായണൻ റാവു ഉധിക്കുവേണ്ടി തിരഞ്ഞുനോക്കിയിട്ടും ഒട്ടും കിട്ടിയില്ല. അപ്പോൾ അയാൾ ബാബയുടെ ചിത്രത്തിനു മുന്നിൽ നിന്ന് നന്നായി പ്രാർത്ഥിച്ച്, സഹായിക്കാൻ അപേക്ഷിച്ച്, അവിടെ കത്തിയിരുന്ന ചന്ദനത്തിരിയുടെ ചാരം ഉധിയാണെന്നു സങ്കല്പിച്ച് കുറച്ചെടുത്ത് തേളുകുത്തിയ ഭാഗത്ത് പുരട്ടിക്കൊടുത്തു. പുരട്ടി കയ്യെടുത്തത്തോടുകൂടി വേദനയും സഞ്ചാരവും തീരെ മാറി. ഇരുവരും അത്യധികം സന്തോഷിച്ചു.

**പ്ലേഗ്**

ഒരിക്കൽ ബന്ദ്രയിലുള്ള ഒരു ഭക്തന് , മറ്റൊരു സ്ഥലത്ത് താമസിക്കുന്ന തന്റെ മകൾക്ക് പ്ലേഗാണെന്ന് വിവരം കിട്ടി. അയാളുടെ കയ്യിൽ ഉധി തീർന്നുപയോതിനാൽ നാനാ സാഹെബ് ചന്ദോർക്കറുടെ അടുക്കലേക്ക് കുറച്ച് ഉധിതരാൻ പറഞ്ഞ് ഒരാളെ അയച്ചു. നാനാസാഹെബ് ഭാര്യയോടുകൂടി കല്യാണിലേക്ക് പോവാൻ താനാ റെയിൽവെസ്റ്റേഷനിലേക്ക് പോകുംവഴി നിരത്തിൽവെച്ചാണ് ഈ സന്ദേശം കേട്ടത്. അന്നേരം അയാൾവശം ഉധിയുണ്ടായിരുന്നില്ല. അയാൾ ഉടനെ നിരത്തിൽ നിന്ന് ഒരു നുള്ളുപൊടിയെടുത്ത് ബാബയോട് സഹായിക്കാൻ പ്രാർത്ഥിച്ച് അയാളുടെ ഭാര്യയുടെ നെറ്റിയിൽ തേച്ചു. വന്ന ആൾ ഇതെല്ലാം കണ്ടു. ചെന്നു നോക്കുമ്പോൾ നാനാസാഹെബ് ഭാര്യയുടെ നെറ്റിയിൽ പൊടിപുരട്ടിയ നിമിഷം

മുതൽ ഭക്തന്റെ മകളുടെ മൂന്നുദിവസമായി കലശലായി ക്കൊണ്ടിരുന്ന പ്ലേഗു സമാധാനപ്പെട്ടു വരുന്നതായി കണ്ടു.

**ജാംനറിലെ അത്ഭുതം**

1904 –05 കാലത്ത് ഷിർദ്ദിയിൽ നിന്ന് 100 നാഴികയിലധികം അകലെയുള്ള ഖാണ്ഡെഷ് ജില്ലയിലെ ജാംനറിൽ നാനാസാഹെബ് ചന്ദോർക്കർ മംലത്ത്ദാറായിരുന്നു. അയാളുടെ മകൾ മൈനതായിക്ക് പ്രസവം അടുത്തിരുന്നു. അവർ മൂന്നു ദിവസത്തോളം പ്രസവവേദനയായിക്കിടന്ന് പ്രസവിക്കാതെ അത്യന്തം അപകടസ്ഥിതിയിലായിരുന്നു. നാനാസാഹെബ് പലതും നോക്കിയിട്ടും കാര്യമുണ്ടായില്ല. ഒടുവിൽ അയാൾ ബാബയോട് തന്നെ പ്രാർത്ഥിച്ചു. അന്നേരം ഷിർദ്ദിയുലുണ്ടായിരുന്ന രാംഗീർബുവ എന്നയാൾക്ക് (ഇയ്യാളെ ബാബ ബാപ്പു ഗീർബുവ എന്നാണ് വിളിക്കുക) ഖാണ്ഡേഷിലുള്ള അയാളുടെ നാട്ടിലേക്ക് പോവാനു ണ്ടായിരുന്നു. ബാബ അയാളോട് പോകുംവഴി ജാംനഗറിലിറങ്ങി ഉധിയും ആരതിയും നാനാസാഹെബിന്ന് കൊടുത്ത് വിശ്രമിച്ച് പോയാൽ മതി എന്നു പറഞ്ഞു. രാംഗീർബുവ തന്റെ കയ്യിൽ രണ്ടുറുപ്പിക മാത്രമെയുള്ളുവെന്നും അത് ജലഗാവോൺവരെ എത്താൻ തന്നെ കഷ്ടിയാണെന്നും അവിടെ നിന്ന് മുപ്പത് നാഴിക അകലെയുള്ള ജാംനഗറിലെത്താൻ ഒരു മാർഗ്ഗവു മില്ലെന്നും പറഞ്ഞു. അതിന് ബാബ അയാൾ ഭയപ്പെടേണ്ട തില്ലെന്നും എല്ലാ ഏർപ്പാടും ചെയ്തിട്ടുണ്ടെന്നും പറഞ്ഞു. പിന്നീട് ബാബ ശാമയോട് മാധവ് ആദ്ക്കർ എഴുതിയ ആരതി ഗീതം പകർത്തി ഒരു പകർപ്പും ഉധിയും കൂടി നാനാ സാഹെബ്ബിന് കൊടുക്കാൻ രാംഗീർബുവയെ ഏല്പിക്കാൻ പറഞ്ഞു. (ഈ ആരതിയുടെ തർജ്ജമ അവസാനം കൊടു ത്തിട്ടുണ്ട്) ബാബയുടെ വാക്കുകളിൽ വിശ്വസിച്ച് രാംഗീർബുവ

ഷിർദ്ദിയിൽ നിന്നുപോയി പുലർച്ചെക്ക് 2.45ന് ജല ഗാവോണിൽ വണ്ടിയിറങ്ങി. കയ്യിൽ രണ്ടണ മാത്രമാണുള്ളത്. ആകെ അയാൾ വിഷമത്തിലാണ്. അപ്പോഴേക്കും ഒരാൾ 'ആരാണ് ഷിർദ്ദിയിലെ ബാപ്പു ഗീർബുവ' എന്ന് വിളിച്ച് ചോദിച്ച് നടക്കുന്നത് കണ്ടു. അയാൾ താനാണ് ബാപ്പു ഗീർബുവ എന്ന് മറ്റെയാളെ സമീപിച്ച് പറഞ്ഞു. നാനാസാഹെബിന്റെ ശിപായിയാണ് താനെന്നും പറഞ്ഞ് നല്ല രണ്ടു കുതിരകളെ കെട്ടിയ ഒന്നാംതരം ഒരു ടോങ്കയിലേക്ക് അയാൾ രാംഗീർ ബുവയെ കൂട്ടികൊണ്ടുപോയി. അവർരണ്ടുപേരും കുതിരവണ്ടിയിൽ അതിശീഘ്രം പോയി പുലർച്ചയോടുകൂടി ഒരു അരുവിക്കടുത്തെത്തി. വണ്ടിക്കാരൻ കുതിരകൾക്ക് വെള്ളം കൊടുക്കാൻ കൊണ്ടുപോയപ്പോൾ ശിപായി, രാംഗീർ ബുവയോട് കുറച്ച് ഭക്ഷണം കഴിക്കാമെന്ന് പറഞ്ഞു. ഒരു പൊതി എടുത്തു. അയാളുടെ താടിയും മീശയും ഉടുപ്പും എല്ലാം കണ്ടപ്പോൾ രാംഗീർബുവ അയാളൊരു മുസ്ലീമായിരിക്കുമെന്ന് സംശയിച്ച് ഭക്ഷണം കഴിക്കാൻ മടിച്ചുനിൽക്കുന്നത് കണ്ട് താൻ ഗാർവാളി ക്ഷത്രിയനാണെന്നും ഹിന്ദുവാണെന്നും ഈ ഭക്ഷണം നാനാസാഹെബ് അയച്ചതാണെന്നും ഒന്നും സംശയിക്കേണ്ടതില്ലെന്നും പറഞ്ഞു. അയാൾ നാനാ സാഹെബിന്റെ വീട്ടിൽ ചെന്ന് ഉധിയും ആരതിയും കൊടുത്തു. അപ്പോഴേക്കും മൈനതായിക്ക് സ്ഥിതി വളരെ അപകട നിലയിലായിരുന്നു. എല്ലാവരും അത്യധികം സങ്കടത്തി ലായിരുന്നു. നാനാസാഹെബ് ഭാര്യയെ വിളിച്ച് ഉധി വെള്ളത്തിൽ കലർത്തി മകൾക്ക് കുടിക്കാൻ കൊടുക്കാനും ആരതിപാടാനും ഏല്പിച്ചു. ബാബ അവസരോചിതം സഹായത്തിനെത്തിയതാണെന്നയാൾ വിശ്വസിച്ചു. ഏതാനും നിമിഷങ്ങൾക്കകം സുഖമായി പ്രസവിച്ച വിവരവും കിട്ടി. രാംഗീർബുവ പിന്നീട് നാനാസാഹെബിനോട്, കുതിര

വണ്ടിയോടു കൂടി ശിപായിയെ അയച്ചതിനും ഭക്ഷണം കൊടുത്തയച്ചതിനും നന്ദി പറഞ്ഞപ്പോൾ നാനാസാഹെബ് അതിശയിച്ചു അയാൾ ആരെയും സ്റ്റേഷനിലേക്കയച്ചിരുന്നില്ല. ഷിർദ്ദിയിൽ നിന്ന് ആളുവരുന്ന വിവരവും അയാൾക്ക് അറിയില്ലായിരുന്നു.

താനയിലെ മംലത്ത്ദാരായി റിട്ടയർചെയ്ത മിസ്റ്റർ ബി. വി. ദേവ് ഇക്കാര്യത്തെപ്പറ്റി പിന്നീട് നാനാസാഹെബിന്റെ മകൻ ബാപ്പുറാവു ചന്ദോർക്കറോടന്വേഷിച്ചതിൽ ഇപ്പറഞ്ഞ സംഭവം ശരിയാണെന്ന് തെളിഞ്ഞു. അദ്ദേഹം രാംഗീർബുവയോടും ഇക്കാര്യം അന്വേഷിച്ച് സംഭവം ശരിയാണെന്നറിഞ്ഞു.

## നാരായണൻ റാവു

ഭക്തനാരായണൻ റാവുവിന്റെ അച്ഛന് ആയാളുടെ ജീവദശയിൽ ബാബയെ രണ്ടുപ്രാവശ്യം ദർശനം ചെയ്യാനുള്ള മഹാഭാഗ്യമുണ്ടായി. 1918-ലെ മഹാസമാധിക്കു മൂന്നു വർഷങ്ങൾക്ക് ശേഷം അയാൾക്ക് ഷിർദ്ദിക്ക് വരാനാഗ്രഹ മുണ്ടായെങ്കിലും സാധിച്ചില്ല. മഹാസമാധികഴിഞ്ഞു ഒരു കൊല്ലത്തിനുള്ളിൽ തന്നെ അയാൾ രോഗിയായി തീർന്നു. എല്ലാ മരുന്നുകളും പരീക്ഷിച്ചു നോക്കിയിട്ടും ഫലമുണ്ടായില്ല. അങ്ങിനെ അവസാനം ബാബയെ അഹോരാത്രം ധ്യാനിക്കാൻ തുടങ്ങി. ഒരു രാത്രിയിൽ അയാൾക്ക് ഒരു സ്വപ്ന ദർശന മുണ്ടായി. ബാബ അയാളുടെ അരികെ വന്നു സമാധാനിപ്പിച്ചു. ‘നിരാശപ്പെടേണ്ടതില്ല. നാളെ തൊട്ടു സുഖപ്പെടാൻ തുടങ്ങും. സ്വപ്നദർശനത്തിൽ പറഞ്ഞപോലെ തന്നെ നാരായണൻ റാവുവിന് സുഖമായി. ഇതിൽ ചിന്തിക്കേണ്ടത് ബാബ ശരീരം ഉള്ളകാലം ജീവിക്കയും ശരീരം ഉപേക്ഷിച്ചതോടുകൂടി മരിച്ചുപോവുകയും ചെയ്തുവോ എന്നാണ്. ബാബക്ക്

മരണമില്ല. ബാബ ജീവനും മരണത്തിനും അതീതനാണ്. ബാബയെ ആത്മാർത്ഥമായി ഒരിക്കൽ സ്നേഹിച്ചവന് ബാബയിൽ നിന്നും അതിന്നുള്ള ഫലം എപ്പോഴും ഏതു സ്ഥലത്തുവെച്ചും കിട്ടികൊണ്ടിരിക്കും. ബാബ എല്ലായ്പ്പോഴും നമ്മുടെ സമീപത്തുണ്ട് എന്തെങ്കിലും രൂപത്തിൽ ഭക്തന്മാരുടെ മുന്നിൽ പ്രത്യക്ഷപ്പെട്ട് അവരുടെ
ആഗ്രഹം സാധിപ്പിച്ചുകൊടുക്കും.

## അപ്പാസാഹെബ് കുൽക്കർണ്ണി

1917-ൽ അപ്പാസാഹെബ് കുൽക്കർണ്ണിക്കുള്ള അവസരം വന്നു. അയാളെ താനെയിലേക്ക് സ്ഥലം മാറ്റിയതിൽ പിന്നെ ബാലാസാഹിബ് ഭാട്ടെ കൊടുത്ത ബാബയുടെ ചിത്രത്തെ പൂജിക്കാൻ തുടങ്ങി. പടത്തിന് ദിവസവും പുഷ്പം, ചന്ദനം, നൈവേദ്യം മുതലായവകൊണ്ട് പൂജിച്ച് ബാബയെ കാണുമാറാകണമെന്ന് പ്രാർത്ഥിക്കും. ബാബയുടെ പടം കാണുന്നത് ബാബയെ കാണുന്നതിന് തുല്യമാണ്. അതിന്നൊരു ഉദാഹരണം പറയാം.

## ബാലാബുവ സുതാർ

ബാലബുവ സുതാർ എന്നു പേരായി, ഭക്തികൊണ്ട് അഭിനവതുക്കാറാം എന്ന സ്ഥാനപ്പേരു ലഭിച്ച ഒരു ബോംബെക്കാരൻ സന്യാസി 1917-ൽ ഷിർദ്ദിയിൽ വന്നു. അദ്ദേഹം ബാബയെ നമസ്കരിച്ചപ്പോൾ 'ഈ മനുഷ്യനെ എനിക്ക് നാലു കൊല്ലങ്ങളായിട്ടറിയാം' എന്നാണ് ബാബ പറഞ്ഞത്. ബാലബുവ ആദ്യമായി ഷിർദ്ദിയിൽ വന്നതായതിനാൽ അദ്ദേഹം അതിശയിച്ചുപോയി. നല്ലപോലെ ആലോചിച്ചപ്പോൾ ബോംബെയിൽ വെച്ച് നാല് കൊല്ലങ്ങൾക്കു മുമ്പൊരിക്കൽ ബാബയുടെ പടത്തിന്നുമുന്നിൽ നമ്സകരിച്ച

തായി ഓർമ്മ വന്നു. അപ്പോഴാണ് ബാബ പറഞ്ഞതിന്റെ പൊരുൾ അദ്ദേഹത്തിന് മനസ്സിലായത്. അദ്ദേഹം ചിന്തിച്ചു. 'ഋഷിശ്വരന്മാർ എത്രമാത്രം സർവ്വവ്യാപികളും സർവ്വാന്തര്യാമി കളുമാണ് ! അവർ ഭക്തന്മാരോട് എത്രമാത്രം കരുണ - കാണിക്കുന്നു! ഞാൻ ഒരു പടത്തെ മാത്രമാണ് നമസ്കരിച്ചത്. അത് ബാബ എടുത്തു പറഞ്ഞു കൊണ്ട് പടത്തെ കാണുന്നതും തന്നെ കാണുന്നതും വ്യത്യസ്തമല്ലെന്ന് വ്യക്തമാക്കുകയാണ്'

അപ്പാസാഹെബിന്റെ കഥയിലേക്കുതന്നെ മടങ്ങുക. അയാൾ താനയിലിരിക്കെ ദീവണ്ടിയിലേക്ക് ടൂർ പോവാനുണ്ടായിരുന്നതിനാൽ ഒരാഴ്ചക്ക് മടങ്ങിവരാൻ കഴിയുമായിരുന്നില്ല. അയാളുടെ അഭാവത്തിൽ മൂന്നാംദിവസം താഴെപറയുന്ന വിസ്മയം നടന്നു. ഉച്ചനേരത്ത് അപ്പാ സാഹെബിന്റെ വീട്ടിൽ ഒരു ഫക്കീർ കയറി വന്നു. കാഴ്ചയിൽ ബാബയുടെ ചിത്രത്തിലേതുപോലെ തന്നെ ഉണ്ടായിരുന്നു. മിസ്സിസ് കുൽക്കർണ്ണിയും കുട്ടികളുമെല്ലാം അദ്ദേഹത്തോട് ഷിർദ്ദിയിലെ സായിബാബയാണോ എന്നന്വേഷിച്ചു. അദ്ദേഹം 'അല്ല' എന്നും പക്ഷെ ബാബയുടെ ആശ്രിതനാണെന്നും ബാബ നിയോഗിച്ചതനുസരിച്ച് ആ കുടുംബത്തിന്റെ യോഗക്ഷേമം അറിയാൻ വന്നതാണെന്നും പറഞ്ഞു. അദ്ദേഹം ദക്ഷിണ ആവശ്യപ്പെട്ടു. അവർ അദ്ദേഹത്തിന് ഒരുറുപ്പിക കൊടുത്തു. അദ്ദേഹം ഒരു ചെറിയ ഉധി കൊടുത്ത് അത് പൂജാ മുറിയിൽവെച്ച് ആരാധിക്കാൻ പറഞ്ഞു. ഇതും പറഞ്ഞ് അദ്ദേഹം പോയി. ഇനി സായിയുടെ വിസ്മായവഹമായ ലീല കേൾക്കുവിൻ. അപ്പാസാഹെബിന്റെ കുതിരക്കു സുഖമില്ലാതായതിനാൽ ടൂർ തുടർന്നു നടത്താൻ കഴിഞ്ഞില്ല. അന്നു വൈകുന്നേരം അയാൾ വീട്ടിൽ മടങ്ങി വന്നപ്പോൾ ഫക്കീർ സന്ദർശിച്ച വിവരം ഭാര്യ പറഞ്ഞു. അയാൾക്ക് ഫക്കീറിനെ കാണാൻ കഴിഞ്ഞില്ലല്ലോ

എന്നും ഒരുറുപ്പിക ദക്ഷിണകൊടുത്തത് മതിയായില്ല എന്നും അയാൾ മനസ്സിൽ വിചാരിച്ചു. താൻ ഉണ്ടായിരുന്നെങ്കിൽ പത്തുറുപ്പികയിൽ കുറഞ്ഞു ദക്ഷിണ കൊടുക്കില്ലെന്ന് അയാൾ പറയുകയും ചെയ്തു. പിന്നീട് ഭക്ഷണവും കൂടി കഴിക്കാതെ ഫക്കീറിനെ അന്വേഷിച്ചിറങ്ങി. അവിടുത്തെ ഒരു മസ്ജിദ്ദിലും മറ്റു പലസ്ഥലങ്ങളിലും തിരഞ്ഞു. അയാളുടെ അന്വേഷണം വിഫലമായി. അയാൾ വീട്ടിൽ മടങ്ങിവന്ന് ഭക്ഷണം കഴിച്ചു. ബാബയുടെ കല്പന, ദൈവത്തെ വെറും വയറായി അന്വേഷിക്കരുതെന്നാണെന്നു 32-ാം അദ്ധ്യായത്തിൽ വായിച്ചത് വായനക്കാർ ഓർക്കുന്നുണ്ടല്ലോ. അപ്പാ സാഹെബിന് ആ പാഠം ഇക്കാര്യത്തിൽ പഠിഞ്ഞു. ഊണു കഴിഞ്ഞു അയാൾ മിസ്റ്റർ ചിത്രെ എന്ന ഒരു സുഹൃത്തുമായി ഒന്നു നടക്കാനിറങ്ങി. കുറച്ചുപോയപ്പോൾ ഒരാൾ ധൃതിയിൽ അവരെ സമീപിക്കുന്നതു കണ്ടു. അദ്ദേഹം ഫോട്ടോവിലെ ബാബയുടെ മാതിരിതന്നെ ഇരുന്നതുകൊണ്ട് ഉച്ചക്ക് വീട്ടിൽ വന്ന ഫക്കീർ തന്നെ ആയിരിക്കുമെന്ന് അയാൾ നിശ്ചയിച്ചു. ഫക്കീർ കൈനീട്ടി ദക്ഷിണചോദിച്ചു. അപ്പാസാഹെബ് ഒരുറുപ്പിക കൊടുത്തു. വീണ്ടും വീണ്ടും ചോദിച്ചപ്പോൾ അപ്പാസാഹെബ് രണ്ടുറുപ്പിക കൂടി കൊടുത്തു. എന്നിട്ടും തൃപ്തനാവാഞ്ഞപ്പോൾ മിസ്റ്റർ ചിത്രെയോട് മൂന്നുറുപ്പിക കടംവാങ്ങി അതും കൊടുത്തു. ഫക്കീർ പിന്നെയും ചോദിച്ചു. അപ്പാ സാഹെബ് അദ്ദേഹത്തോട് തന്റെ കൂടെ വീട്ടിലേക്ക് വരാൻ പറഞ്ഞു. അങ്ങിനെ എല്ലാവരും കൂടി വീട്ടിലെത്തിയപ്പോൾ അപ്പാസാഹെബ് മൂന്നുറുപ്പികകൂടി കൊടുത്തു. അങ്ങിനെ ആകെ ഒമ്പതുറുപ്പികയായി. ഫക്കീർ തൃപ്തനായില്ല. അപ്പോൾ തന്റെ കയ്യിൽ ഒരു പത്തിന്റെ നോട്ടുണ്ട് എന്നു പറഞ്ഞു. ഫക്കീർ അത് ചോദിച്ചുവാങ്ങി. ഒമ്പതുറുപ്പിക മടക്കികൊടുത്തു സ്ഥലംവിട്ടു. അപ്പാസാഹെബ് പറഞ്ഞ

പത്തുറുപ്പികയും വാങ്ങി ബാബ തൊട്ടു പരിശുദ്ധമാക്കിയ ഒമ്പതുറുപ്പിക അയാൾക്ക് കൊടുക്കകയും ചെയ്തതാണ് ബാബ പോയത്. ഒമ്പത് എന്ന അക്കം സുപ്രധാനമാണ്. അത് നവവിധഭക്തിയെ സൂചിപ്പിക്കുന്നു. (21-ാം അദ്ധ്യായം) ബാബയുടെ അവസാന നിമിഷങ്ങളിൽ ബാബ ലക്ഷ്മീബായി ഷിൻഡെക്കും ഒമ്പതുറുപ്പികയാണ് കൊടുത്തത്.

അപ്പാ സാഹെബ് ഉധിയുടെ പൊതി തുറന്നു നോക്കിയപ്പോൾ അതിൽകുറച്ചു പുഷ്പവും അക്ഷതവും കൂടി ഉള്ളതായി കണ്ടു. പിന്നീട് കുറച്ചുകാലം കഴിഞ്ഞു ബാബയെ ഷിർദ്ധിയിൽവെച്ച് കണ്ടപ്പോൾ അദ്ദേഹത്തിന്റെ ഒരു തലനാരിഴയും അയാൾക്ക് കിട്ടി. അയാൾ ഉധിയുടെ പൊതിയും മുടിനാരും ഒരു തകിടിലാക്കി ദേഹത്തിൽ ധരിച്ചു. അപ്പാസാഹേബിന് ഉധിയുടെ ശക്തി മനസ്സിലായി. അയാൾ സമർത്ഥനായിരുന്നെങ്കിലും ആദ്യത്തിൽ നാല്പതുറുപ്പികയെ ശമ്പളം കിട്ടിയിരുന്നുള്ളൂ. പക്ഷെ ബാബയുടെ ഉധിയും പടവും കിട്ടിയതിൽ പിന്നെ ഈ നാല്പതിന്റെ എത്രയോ ഇരട്ടി ശമ്പളം വർദ്ധിക്കുകയും വളരെ അധികം സ്വാധീനമുള്ള ആളാവുകയും ചെയ്തു. അയാൾ ആദ്ധ്യാത്മികമായും ഉയർന്നു. അതുകൊണ്ട് ബാബയുടെ ഉധി കിട്ടാൻ ഭാഗ്യമുള്ളവർ കുളികഴിഞ്ഞ് അത് നെറ്റിയിൽ തൊട്ടു കുറച്ചെടുത്ത് വെള്ളത്തിൽ കലർത്തി തീർത്ഥമായി കഴിക്കുകയും വേണം.

## ഹരിഭാവു കാർണിക്:

1917-ലെ ഗുരുപൗർണ്ണമി ദിവസം താനാ ഡിസ്ട്രിക്ടിലെ ഭഹാനുവിൽ നിന്ന് ഹരിഭാവു കാർണ്ണിക്ക് എന്ന ഒരാൾ ഷിർദ്ദിയിൽ വന്ന് ബാബയെ ഉപചാരപൂരസ്സരം പൂജിച്ചു. അയാൾ വസ്ത്രങ്ങളും ദക്ഷിണയും എല്ലാം വഴിപാടായി കൊടുത്ത്

ശാമയോട് പറഞ്ഞ് ബാബയുടെ അനുമതി വാങ്ങി മസ്ജിദ്ദിന്റെ ഒതുക്കകളിറങ്ങി. അപ്പോൾ അയാൾക്ക് ഒരുറുപ്പിക കൂടി ദക്ഷിണ കൊടുക്കണമെന്നു തോന്നി വീണ്ടും ഒതുക്കുകയറാൻ നോക്കിയപ്പോൾ ശാമ അയാളോട് ബാബ പൊയ്ക്കോളാൻ സമ്മതിച്ചതിനാൽ പിന്നീട് അങ്ങോട്ട് കയറരുതെന്നും ഉടനെ പോകണമെന്നും പറഞ്ഞു. അയാൾ വീട്ടിലേക്ക് മടങ്ങി. വഴിക്കുവെച്ച് നാസിക്കിലെ കാലരാമക്ഷേത്രത്തിൽ അയാൾ ദർശനത്തിനുപോയപ്പോൾ അവിടെയുണ്ടായിരുന്ന യോഗി നരസിംഗ് മഹരാജ് ശിഷ്യന്മാരെ വിട്ടുവന്ന് ഹരിഭാവുവിന്റെ കയ്പിടിച്ച് 'എന്റെ ഒരുറുപ്പിക തരൂ' എന്നു പറഞ്ഞു. കാർണിക് സന്തോഷത്തോടെ ഉറുപ്പിക കൊടുത്തു. സിദ്ധന്മാർ ഒറ്റക്കെട്ടാണെന്നും ബാബ ഈ മാർഗ്ഗത്തിലൂടെ ബാബക്ക് കൊടുക്കാൻ നിശ്ചയിച്ച ഉറുപ്പിക വസൂലാക്കിയതാണെന്നും അയാൾക്ക് മനസ്സിലായി.

എല്ലാ ഋഷിശ്വരന്മാരും ഒന്നാണ്. അവരുടെ പ്രവർത്തനരീതിയും ഒന്നാണ്.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ !




***ഉധിയുടെ മാഹാത്മ്യം തുടർച്ച***

*1. ഡോക്ടറുടെ മരുമകൻ, 2. ഡോക്ടർ പിള്ളെയ്, 3. ശാമയുടെ സഹോദര പത്നി, 4. ഇറാണി പെൺകുട്ടി, 5. ഹർദയിലെ മാന്യൻ, 6. ബോംബയിലെ മാന്യ.*

*ഈ അദ്ധ്യായം ഉധിയുടെ മാഹാത്മ്യത്തെ തുടർന്നു പറയുന്നു. ഉധി ഉപയോഗിച്ച് വളരെ അധികം ഫലം കണ്ട സംഭവങ്ങളാണവ.*

**ഡോക്റുടെ മരുമകൻ**

നാസ്സിക് ജില്ലയിലെ മാലിഗാവോണിൽ ബിരുദധാരിയായ ഒരു ഡോക്ടറുണ്ടായിരുന്നു. അയാളുടെ മരുമകന് മാറാ രോഗമായിരുന്നു. ട്യൂബർക്കുലർ ബോൺ ഏബ്സസ്സ്. ഡോക്ടറും അയാളുടെ സഹോദരന്മാരായ വൈദ്യന്മാരും പലതും ചെയ്തുനോക്കി. ഒടുവിൽ ഒരു ഓപ്പറേഷനും നടത്തി. ഒരു സമാധാനവും കിട്ടിയില്ലെന്നല്ല കുട്ടിയുടെ ദുരിതത്തിന് അവസാനമില്ലെന്ന മട്ടായി. സുഹൃത്തുക്കളും ബന്ധുക്കളും ദൈവ സഹായമാണ് ഇനി വേണ്ടതെന്നും ഒറ്റനോട്ടത്തിൽ

ഇത്തരം സുഖക്കേടുകൾ സുഖപ്പെടുത്താറുള്ള സായി ബാബയെ ആശ്രയിച്ചാൽ മതി എന്നും ഉപദേശിച്ചു. കുട്ടിയേയും കൊണ്ട് മാതാപിതാക്കന്മാർ ഷിർദ്ദിയിലെത്തി. അവർ ബാബയെ നമസ്കരിച്ച് കുട്ടിയെ കാൽക്കൽ ഇരുത്തി. മകനെ രക്ഷിക്കണമെന്ന് താണുകേണപേക്ഷിച്ചു. ബാബ, അവരെ സമാധാപ്പിച്ചു. 'ഈ മസ്ജിദ്ദിൽ അഭയം തേടി വരുന്നവർ ഈ ജന്മത്തിലെന്നല്ല കാലാകാലം ദുരിതമനുഭവിക്കില്ല. അതുകൊണ്ട് ഒന്നും ഭയപ്പെടേണ്ട. കുരുവിന്മേൽ ഉധി പുരട്ടിയാൽ ഒരാഴ്ചക്കുള്ളിൽ സുഖപ്പെടും. ഈശ്വരനിൽ വിശ്വസിക്കുക. ഇത് മസ്ജിദ്ദല്ല, ദ്വാരവതിയാണ്, ഇവിടെ കാലെടുത്ത് കുത്തുന്നവന് ആരോഗ്യവും സന്തോഷവും ലഭിക്കും. അയാളുടെ സകലകഷ്ടപ്പാടുകളും അവസാനിക്കും'. ബാബ, വേദനിക്കുന്ന ഭാഗം മെല്ലെ തലോടി സ്നേഹമസൃണമായി കുട്ടിയെ കടാക്ഷിച്ചു. കുട്ടി സന്തുഷ്ടനായി. ഉധി പുരട്ടാൻ തുടങ്ങി ഏതാനും ദിവസങ്ങൾക്കകം സുഖപ്പെട്ടു. അവർ ബാബയെ വണങ്ങി നാട്ടിലേക്കു പോയി. സുഖക്കേട് മാറിയത് ബാബയുടെ കടാക്ഷം കൊണ്ടും ഉധികൊണ്ടും ആണ്.

ഈ വിവരം കേട്ട് കുട്ടിയുടെ അമ്മാമനായ ഡോക്ടർ വിസ്മയിച്ചുപോയി. അയാൾ എന്തോ ആവശ്യത്തിന് ബോംബെക്കുപോകും വഴി ബാബയെ ദർശിക്കാൻ നിശ്ചയിച്ചു. പക്ഷെ മാലെഗാവോണിൽവെച്ചും മന്മാഡിൽ വെച്ചും ആരോ ബാബയെക്കുറിച്ച് അപലപിച്ചു. അയാളുടെ ആശയം മാറ്റിക്കളഞ്ഞു. അയാൾ ഷിർദ്ദിയിലേക്കുള്ള യാത്ര വേണ്ടെന്നു വെച്ച് നേരെ ബോംബെക്കുപോയി. അയാൾകുറച്ചു ദിവസം ആലിബാഗിൽ കൂടണമെന്നാണ് കരുതിയിരുന്നത്. പക്ഷെ ബോംബെയിൽ വെച്ച് തുടർച്ചയായി മൂന്നു രാത്രികളിൽ 'നീ ഇപ്പോഴും എന്നെഅവിശ്വസിക്കുന്നവോ' എന്നൊരു അശരീരി

കേട്ടു. അപ്പോൾ ഡോക്ടർ ഷിർദ്ദിക്ക് പോവാൻ തന്നെ തീരുമാനിച്ചു. ബോംബെയിൽ അയാൾക്ക് ഒരു വിഷജ്വരം ചികിത്സിക്കാനുണ്ടായിരുന്നു. അത് തീരെ ശമിച്ചുകണ്ടില്ല. അപ്പോൾ ഷിർദ്ദിയാത്ര നീട്ടിവെക്കാമെന്നയാൾ നിശ്ചയിച്ചു. പക്ഷെ മനസ്സുകൊണ്ട് 'ഇന്ന് രോഗിക്ക് സുഖമാവാൻ തുടങ്ങിയാൽ, നാളെ ഷിർദ്ദിക്കുപോവും' എന്നയാൾ നിശ്ചയിച്ചു. അതിശയമെന്ന് പറയട്ടെ ഈ തീരുമാനമെടുത്ത നിമിഷം മുതൽ ജ്വരം കുറഞ്ഞുവന്ന് അന്നുതന്നെ സാധാരണ നിലയിലായി. നിശ്ചയിച്ച പ്രകാരം പിറ്റെന്ന് ഷിർദ്ദിയിൽ പോയി ബാബയെ ദർശിച്ച് നമസ്കരിച്ചു. ബാബ അത്തരം അനുഭവങ്ങൾ അയാൾക്ക് കൊടുത്തുതുകൊണ്ട് അയാൾ ബാബാ ഭക്തനായി മാറി. അവിടെ നാലുദിവസങ്ങളോളം താമസിച്ച് ബാബയുടെ അനുഗ്രഹവും ഉധിയും വാങ്ങി നാട്ടിലേക്ക് മടങ്ങി. രണ്ടാഴ്ചകൾക്കകം അയാളെ ബീജാപ്പുരിലേക്ക് ഉദ്യോഗ ക്കയറ്റത്തോടുകൂടി സ്ഥലം മാറ്റി. അതുകൊണ്ട് ബാബയെ വീണ്ടും ദർശിക്കാനായാൾക്ക് കഴിഞ്ഞു. ഇത് അയാളിൽ ശാശ്വതമായ ബാബാഭക്തി വളർത്തി.

## ഡോക്ടർ പിള്ളെയ്

ഒരു ഡോക്ടർ പിള്ളെയ് ബാബയുടെ വലിയ ഭക്തനായിരുന്നു. അയാളെ ബാബക്ക് വലിയ സ്നേഹ മായിരുന്നു. ബാബ അയാളെ സഹോദരൻ എന്നർത്ഥമുള്ള ഭാവു എന്നാണ് വിളിക്കുക. ബാബ പലപ്പോഴും അയാളോട് സംസാരിക്കുകയും അയാളുടെ അഭിപ്രായം ചോദിക്കുകയും, എപ്പോഴും അയാൾകൂടെ വേണമെന്ന് പറയുകയും ചെയ്യുമായിരുന്നു. ഈ പിള്ളെയ്ക്ക് ഒരിക്കൽ വല്ലാത്ത ഗിനിപ്പുഴുരോഗം പിടിപെട്ടു. അയാൾ കാക്കാസാഹെബ്

ദീക്ഷിത്തിനോട് 'വേദന സഹിക്കുന്നില്ല. കലശലായി വരുന്നു, ഞാൻ മരിക്കുന്നതാണ് ഇതിലും ഭേദം. ഈ വേദന എന്റെ കർമ്മഫലം അനുഭവി ക്കലാണെന്നനി ക്കറിയാം. ബാബയുടെ അടുക്കൽപോയി ഈ ദുരിതം എനിക്ക് ഭാവിയിൽ പത്തുജന്മങ്ങളെക്കൊണ്ട നുഭവിച്ചാൽ മതി എന്നാക്കിത്തരാൻ അപേക്ഷിക്കുക' എന്നു പറഞ്ഞു. ബാബ ഇതുകേട്ട് മനസ്സലിഞ്ഞ് ദീക്ഷിത്തിനോട് ' അയാളോട് ഭയപ്പെടേണ്ടെന്നു പറയൂ. അയാളെന്തിന് 10 ജന്മങ്ങളിൽ ദുരിതമനുഭവിക്കണം? പത്തുദിവസങ്ങളെക്കൊണ്ട് ഈ ദുരിതവും കർമ്മഫലവുമെല്ലാം അയാൾക്ക് തീർക്കാമല്ലോ അയാൾക്ക് ഇഹത്തിലും പരത്തിലും നന്മകൊടുക്കാൻ ഞാനിവിടയുള്ളപ്പോൾ അയാളെന്തിന് മരിക്കാൻ പ്രാർത്ഥിക്കണം? അയാളെ ആരെങ്കിലും ചുമന്നിവിടെ കൊണ്ടുവരട്ടെ. നമുക്ക് വേണ്ടത് ചെയ്ത് അയാളുടെ ദുരിതം അവസാനിപ്പിച്ചു കളയാം ' എന്നു പറഞ്ഞു. ഡോക്ടറെ ആ നിലയിൽ എടുപ്പിച്ചുകൊണ്ടുവന്ന്, ഫക്കീർ ബാബ സാധാരണ ഇരിക്കാറുള്ള ബാബയുടെ വലതുഭാഗത്തിരുത്തി. ബാബ അയാൾക്കു തന്റെ കുഷ്യൻകൊടുത്ത് 'അവിടെ ശാന്തനായി സമാധാനത്തോടുകൂടി കിടക്കു. ശരിയായ പ്രതിവിധി പൂർവ്വജന്മഫലം അനുഭവിച്ചു തീർക്കലാണ്. നമ്മുടെ കർമ്മമാണ് സുഖത്തിനും ദുഃഖത്തിനും കാരണം. അതുകൊണ്ട് എന്തുവന്നാലും അനുഭവിക്കണം അള്ളയാണ് എല്ലാറ്റിന്റെയും നിയതാവും രക്ഷിതാവും. അദ്ദേഹത്തെ സദാ സ്മരിക്കുക. അദ്ദേഹം നിന്റെ കാര്യം നോക്കിക്കൊള്ളും. അദ്ദേഹത്തിന്റെ കാല്ക്കൽ മനോബുദ്ധ്യഹങ്കാരവിത്തങ്ങളും സർവ്വസ്വവും സമർപ്പിക്കുക. എന്നിട്ട് അദ്ദേഹം എന്തുചെയ്യുന്നുവെന്നു നോക്കുക' എന്നു പറഞ്ഞു. ഡോക്ടർ പിള്ളെയ് അതിന്നു നാനാസാഹെബ് കാലിന് ഒരു കെട്ടു കെട്ടിയിട്ടുണ്ടെങ്കിലും

യാതൊരു സമാധാനവുമില്ലെന്ന് മറുപടി പറഞ്ഞു. 'നാനാ വങ്കനാണ്, ആ കെട്ടഴിക്കൂ. ഇല്ലെങ്കിൽ നീ മരിക്കും. ഇപ്പോൾ ഒരു കാക്ക വന്ന് നിന്നെ കൊത്തും അതോടെ സുഖപ്പെടും' എന്നു ബാബ പറഞ്ഞു. ഇതു പറഞ്ഞുകൊണ്ടിരിക്കെ, മസ്ജിദ് അടിച്ചുവാരുകയും വിളക്കിൽ തിരിനീട്ടുകയും മറ്റും ചെയ്യാറുള്ള അബ്ദുൾ അവിടെ വന്നു. അയാൾ വിളിക്കിലെ തിരി നീട്ടിക്കൊണ്ടിരിക്കെ അബദ്ധത്തിൽ ഡോക്ടർ പിള്ളയുടെ കാലിൽ ചവിട്ടിപ്പോയി. കാലുവല്ലാതെ പഴുത്തിരുന്നു. അബ്ദുൾ ചവിട്ടയതോടുകൂടി പഴുത്തഭാഗം പൊട്ടി ഏഴു കൃമികൾ പുറത്തേക്ക് തെറിച്ചുപോയി. അസഹ്യമായ വേദനകൊണ്ട് ഡോക്ടർ പിള്ളെയ് ഉറക്കെ നിലവിളിച്ചു. കുറച്ചുകഴിഞ്ഞ് ശമനം വന്നപ്പോൾ അയാൾ മാറി മാറി ഭജനപാടാനും കരയാനും തുടങ്ങി. ബാബ ഇതുകണ്ട് 'നോക്കൂ നമ്മുടെ ഭാവു സുഖമായി പാടാൻ തുടങ്ങിയിരിക്കുന്നു ' എന്നു പറഞ്ഞു. എപ്പോഴാണ് കാക്ക വന്നുകൊത്തുന്നത് എന്ന് ഡോക്ടർ ചോദിച്ചതിന് ' നീ കാക്കയെ കണ്ടില്ലെ? അവൻ ഇനി വരില്ല. അബ്ദുൾ ആയിരുന്നു ആ കാക്ക. ഇനി വാഡയിൽ പോയി വിശ്രമം എടുത്താൽ മതി. നിനക്കുവേഗം സുഖമാവും' എന്ന് ബാബ മറുപടി പറഞ്ഞു. ബാബ പറഞ്ഞപോലെ ഉധി പുരട്ടിയും ഉധിവെള്ളത്തിൽ കലക്കി കുടിച്ചും മറ്റൊരു മരുന്നും കൂടാതെ പത്തുനാളുകൾ കൊണ്ട് സുഖക്കേട് നിശ്ശേഷം മാറി.

**ശാമയുടെ സഹോദരപത്നി**

ശാമയുടെ അനുജൻ ബാപ്പാജി, സാവുൾ കിണറിന്നടുക്കലായിരുന്നു താമസം. ഒരിക്കൽ അയാളുടെ ഭാര്യക്ക് പ്ലേഗ് പിടിപെട്ടു. നല്ല പനി പനിച്ച് രണ്ട് മുഴകൾ അരകെട്ടിൽ പൊന്തി. ബാപ്പാജി ഷിർദ്ദിയിലേക്ക് ഓടിവന്ന് ശാമയോട് സഹായിക്കാൻ അഭ്യർത്ഥിച്ചു. ശാമവല്ലാതെ ഭയപ്പെട്ട്

നേരെ ബാബയുടെ അടുക്കൽപോയി നമസ്കരിച്ച് വിവരം പറഞ്ഞു രക്ഷിക്കാൻ അപേക്ഷിച്ചു. സഹോദരന്റെ വീട്ടിലേക്ക് പോവാൻ അനുവാദവും ചോദിച്ചു. ബാബ ഇതുകേട്ട് 'ഈ രാത്രി അസമയത്ത് അങ്ങോട്ടു പോവണ്ട. അവൾക്ക് ഉധി അയച്ചുകൊടുക്കുക. എന്തിനാണ് പനിയും പ്ലേഗും പറഞ്ഞ് ഭയപ്പെടുന്നത്? ഭഗവാനാണ് നമ്മുടെ പിതാവും രക്ഷിതാവും. അവൾക്ക് എളുപ്പം സുഖപ്പെടും. ഇപ്പോൾ പോവണ്ട. രാവിലെ പോയി ഉടനെ മടങ്ങി വരുക' എന്നു പറഞ്ഞു.

ശാമക്ക് ബാബയുടെ ഉധിയിൽ പൂർണ്ണവിശ്വാസമാണ്. അത് ബാപ്പാജി വശം കൊടുത്തയച്ചു. അത് കുരുവിന്മേൽ പുരട്ടുകയും കുറച്ച് വെള്ളത്തിൽ കലർത്തി രോഗിയെ കുടിപ്പിക്കുകയും ചെയ്തു. അതു കുടിച്ച ഉടനെ നല്ലപോലെ വിയർത്ത് രോഗി സുഖമായി ഉറങ്ങി. പിറ്റേന്ന് രാവിലെ ഭാര്യക്ക് പനിയോ പ്ലേഗ് കുരുവോ കാണാഞ്ഞപ്പോൾ ബാപ്പാജി അതിശയപ്പെട്ടുപോയി. ബാബയോടനുവാദം വാങ്ങി ശാമ രാവിലെ ചെന്നപ്പോൾ അവർ അടുക്കളയിൽ ചായയുണ്ടാക്കുന്നത് കണ്ട് അയാളും വിസ്മയിച്ചുപോയി. കാര്യങ്ങൾ ചോദിച്ചപ്പോൾ ബാബയുടെ ഉധികൊണ്ട് ഒറ്റ രാത്രിയിൽ സുഖപ്പെട്ടുവെന്നറിഞ്ഞു. അപ്പോഴാണ് ബാബ 'രാവിലെ പോയി ഉടനെ മടങ്ങുക' എന്ന് പറഞ്ഞതിന്റെ പൊരുൾ ശാമക്ക് മനസ്സിലായത്.

ചായ കഴിച്ച് ശാമ മടങ്ങിപ്പോയി ബാബയെ നമസ്കരിച്ച് പറഞ്ഞു, 'ദേവ! ഇതെന്തു ലീലയാണ് ഭഗവാന്റെ? ആദ്യം ഒരു കൊടുങ്കാറ്റ് സൃഷ്ടിച്ച് ഞങ്ങളെ ഇളക്കി മറിക്കുന്നു. പിന്നീടത് ശമിപ്പിച്ച് സമാധാനിപ്പിക്കുന്നു'. ബാബ അതിന്ന് 'കർമ്മമാർഗം വിചിത്രമാണ്. ഞാനൊന്നും ചെയ്യുന്നില്ലെങ്കിലും വിധിഗതമായി വരുന്ന സംഗതികൾക്ക് എന്നെ ഉത്തരവാദിയാക്കുന്നു. ഞാൻ അതിന് സാക്ഷി മാത്രമാണ്. ഭഗവാനാണ് എല്ലാം ചെയ്യുന്നതും

പ്രചോദനം നൽകുന്നതും. അദ്ദേഹം കരുണാമയനാണ്. ഞാൻ ദേവനോ പ്രഭുവോ അല്ല. യാതൊരുവൻ അഹംഭാവം ഉപേക്ഷിച്ച് അദ്ദേഹത്തോട് നന്ദിയും വിശ്വസാമുള്ളവനായി ഭവിക്കുന്നവോ അവന് മോചനം സിദ്ധിക്കുന്നു' എന്നാണ് മറുപടി പറഞ്ഞത്.

## ഇറാണി പെൺകുട്ടി

ഒരു ഇറാണിയുടെ അനുഭവം നോക്കുക. അയാളുടെ ചെറുപ്പക്കാരിയായ മകൾക്ക് മണിക്കൂർ തോറും അപസ്മാരമിളകയിരുന്നു. ഇളക്കം തുടങ്ങിയാൽ സംസാരിക്കാൻ കഴിയാതെ, കൈകാൽ ബലംപിടിച്ച് ഓർമ്മകെട്ട് വീഴും. ഒന്നു കൊണ്ടും സമാധാനം കിട്ടിയില്ല. ചിലർ ബാബയുടെ ഉധി ഉപയോഗിക്കാനും അത് വൈലെപാർലിയിൽ കാക്കാ സാഹേബ് ദീക്ഷിത്തിൽനിന്നും കിട്ടുമെന്നും അയാളെ ഉപദേശിച്ചു. അങ്ങിനെ ഇറാണി ഉധി വാങ്ങി നിത്യവും വെള്ളത്തിൽ കലർത്തി മകൾക്ക് കുടിക്കാൻ കൊടുത്തു. ആദ്യം മണിക്കൂർതോറും വന്നിരുന്ന ഇളക്കം ഏഴെട്ടു മണിക്കൂറിൽ ഒരിക്കലെന്ന മട്ടായി. കുറച്ചുദിവസം കഴിഞ്ഞപ്പോൾ തീരെമാറി.

## ഹർദ്ദയിലെ മാന്യൻ

ഹർദ്ദയിലെ *(C.P)* വൃദ്ധനായ ഒരു മാന്യന് മൂത്രസഞ്ചിയിൽ കല്ലിന്റെ സുഖക്കേടായിരുന്നു. അത് സാധാരണ ശസ്ത്രക്രിയ ചെയ്തെടുക്കലാണ്. ഇയോളോടും ഇപ്രകാരം ചെയ്യാൻ ആളുകൾ ഉപദേശിച്ചു. അയാൾ വൃദ്ധനും അവശനുമായതിനാൽ ശസ്ത്രക്രിയ ചെയ്യിക്കാൻ ധൈര്യം വന്നില്ല. അയാളുടെ ദുരിതം മറ്റൊരു വിധത്തിലാണ് താമസംവിനാ അവസാനിച്ചത്. ആ നഗരത്തിലെ ഇനാംദാർ ആ അവസരത്തിൽ അവിടെ വന്നു. അയാൾ ബാബ ഭക്തനായിരുന്ന തിനാൽ എപ്പോഴും കുറച്ച് ഉധി കൈവശം വെക്കലുണ്ടായിരുന്നു. ചില സുഹൃത്തുകളുടെ

ശുപാർശ പ്രകാരം വൃദ്ധനായ മാന്യന്റെ മകൻ ഇനാംദാറിൽ നിന്നു കുറച്ചു ഉധി വാങ്ങി വെള്ളത്തിൽ കലർത്തി അച്ഛനെ കുടിപ്പിച്ചു. അഞ്ചുമിനിട്ടിനുള്ളിൽ ഉധി അകത്ത് ചെന്ന് കല്ലുരുക്കി മൂത്രത്തിലൂടെ പുറത്തുപോയി വൃദ്ധന് സുഖമാവുകയും ചെയ്തു.

## ബോംബെയിലെ മാന്യ

കായസ്ഥപ്രഭുവർഗ്ഗത്തിൽപ്പെട്ട ബോംബെയിലെ ഒരു സ്ത്രീക്ക് പ്രസവസമയം ഭയങ്കരമായ വേദന അനുഭവിക്കുകയായിരുന്നു. ഓരോ അവസരവും ഗർഭം ധരിക്കുമ്പോൾ അവൾ പേടിച്ചരണ്ട് പോവുമായിരുന്നു. എന്താണ് ചെയ്യേണ്ടതെന്ന് യാതൊരു രൂപവുമില്ലായിരുന്നു. കല്യാണിലെ രാമമാരുതി എന്ന ബാബഭക്തൻ അവരുടെ ഭർത്താവിനോട് അവരെ സുഖപ്രസവത്തിന് ഷിർദ്ദിയിലേക്ക് കൊണ്ടുപോവാൻ ഉപദേശിച്ചു. അടുത്തവസരം അവർ ഗർഭം ധരിച്ചപ്പോൾ ഭാര്യയും ഭർത്താവും കൂടി ഷിർദ്ദിയിൽ വന്ന് കുറെമാസങ്ങളോളം താമസിച്ച് ബാബയെ സേവിച്ച് കൂടി കുറച്ചുകാലം കഴിഞ്ഞപ്പോൾ പ്രസവസമയം അടുക്കുകയും സാധാരണപോലെ ഗർഭപാത്രത്തിൽ മുഖത്ത് തടസ്സം അനുഭവപ്പെടുകയും ചെയ്തു. വേദന സഹിക്കാനാവതെ അവർ ബാബയെ പ്രാർത്ഥിക്കാൻ തുടങ്ങി. അപ്പോൾ ചില അയൽവക്കകാരികൾ വന്ന് ഉധി വെള്ളത്തിൽ കലർത്തി അവർക്ക് കുടിക്കാൻ കൊടുത്തു. അഞ്ചുനിമിഷങ്ങൾക്കകം അവർ യാതൊരു വേദനയും കൂടാതെ സുരക്ഷിതമായി പ്രസവിച്ചു. കുട്ടി അതിന്റെ വിധിക്കനുസരിച്ച് ചാപിള്ളയായിരുന്നു. മനസ്സമാധാനം സിദ്ധിച്ച അമ്മ ബാബയെ വന്ദിച്ച് നന്ദി പറഞ്ഞ് ജീവിതകാലം മുഴുവൻ ബാബയുടെ ഭക്തയായി കഴിഞ്ഞു.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ !

# അദ്ധ്യായം - 35



***പരീക്ഷിച്ച് ഫലപ്രദമായി കണ്ടു***

*കാക്കാ മഹാജനിയുടെ സുഹൃത്തും മുതലാളിയും - ബന്ദ്രയിലെ ഉറക്കമില്ലാത്ത സംഭവം - ബാലപട്ടീൽ നിവാസ്കർ*

*ഈ അദ്ധ്യായവും ഉധിയുടെ മാഹാത്മ്യത്തെപറ്റിത്തന്നെ പ്രതിപാദിക്കുന്നതോടുകൂടി ബാബയെ രണ്ടുപ്രാവശ്യം പരീക്ഷിച്ചതിൽ ഫലപ്രദമായി കണ്ടതിനെയും പ്രതിപാദിക്കുന്നു.*

## മുഖവുര

ആദ്ധ്യാത്മിക വിഷയങ്ങളിലും പരിശ്രമങ്ങളിലും ചേരിതിരിവ് പുരോഗമനത്തിന് വലിയ വിഘാതമാണ്. ഭഗവാൻ അരൂപിയാണെന്ന് കൊട്ടിഘോഷിക്കുന്നവർ ദൈവം സരൂപിയാണെന്ന് പറയുന്നത് മിഥ്യയാണെന്നും ഋഷിമാർ വെറും മനുഷ്യരാണെന്നും സമർത്ഥിക്കാൻ ശ്രമിക്കും. അപ്പോൾ ഋഷിമാരുടെ മുന്നിൽ എന്തിന് നമസ്കരിച്ച് ദക്ഷിണ കൊടുക്കണം എന്നാണവരുടെ വാദം. മറ്റെ അഭിപ്രായഗതിക്കാർ പറയും, 'സ്വന്തം സദ്ഗുരുവെ ഉപേക്ഷിച്ച് മറ്റു ഋഷിമാരെ

എന്തിനുവണങ്ങണം?' എന്ന്. അത്തരം ആക്ഷേപങ്ങൾ സായിബാബയെപ്പറ്റി മുമ്പും ഇപ്പോഴും കേട്ടുകൊണ്ടിരിക്കുന്നുണ്ട്. ചിലർപറയും അവർ ഷിർദ്ദിയിൽ പോയപ്പോൾ ബാബ ദക്ഷിണ ചോദിച്ചെന്ന്. ഋഷിമാർ ഇങ്ങനെ പണമുണ്ടാക്കുന്നത് നല്ലതാണോ? അങ്ങിനെ ചെയ്താൽ അവർക്ക് ഋഷിത്വം എവിടെ? എന്നും മറ്റും. പക്ഷെ പല സംഭവങ്ങളിലും പുച്ഛിക്കാൻ ചെന്ന് പ്രാർത്ഥിക്കാനിരുന്നതായിട്ടാണ് കണ്ടിട്ടുള്ളത്. അത്തരം രണ്ടു സംഭവങ്ങളാണ താഴെ പറയുന്നത്.

## കാക്കാ മഹാജനിയുടെ സുഹൃത്ത്

കാക്കാ മഹാജനിയുടെ ഒരു സുഹൃത്ത് അരൂപ ബ്രഹ്മത്തിൽ വിശ്വസിച്ചിരുന്നതുകൊണ്ട് വിഗ്രഹാരാധന വെറുത്തിരുന്നു. ജിജ്ഞാസകൊണ്ട് രണ്ടു വ്യവസ്ഥകളിന്മേൽ അയാൾ ഷിർദ്ദിക്ക് പോവാൻ കാക്കാ മഹാജനിയോട് സമ്മതിച്ചു. 1) അയാൾ ബാബയെ നമസ്ക്കരിക്കില്ല 2) ദക്ഷിണ കൊടുക്കില്ല. ഈ വ്യവസ്ഥസ്വീകരിച്ച് കാക്കയും സുഹൃത്തും ഒരു ശനിയാഴ്ച ബോംബെയിൽ നിന്ന് പുറപ്പെട്ട് ഞായറാഴ്ച ഷിർദ്ദിയിലെത്തി. അവർ മസ്ജിദ്ദിന്റെ ഒതുക്കുകയറാൻ തുടങ്ങുമ്പോൾ ബാബ പുതിയ ആളോട് 'ഒ! സ്വാഗതം സർ' എന്നു പറഞ്ഞു. ഇങ്ങിനെ വിളിച്ച ശബ്ദം പ്രത്യേക തരത്തിലായിരുന്നു. അത് അയാളുടെ അച്ഛന്റെ ശബ്ദത്തിലായിരുന്നു. അയാൾ മരിച്ച അച്ഛനെ സ്മരിച്ച് അതീവ സന്തുഷ്ടനായി. ആ ശബ്ദത്തിന് മാസ്മരശക്തി തന്നെയാണുണ്ടായിരുന്നത്. അതിശയിച്ച് അയാൾ പറഞ്ഞു 'ഇതെന്റെ അച്ഛന്റെ ശബ്ദമാണ്'. അയാൾ ഉടനെ കയറിച്ചെന്ന് വ്യവസ്ഥയെല്ലാം മറന്ന് ബാബയുടെ കാല്ക്കൽ തലവെച്ചു. ബാബ രണ്ടു പ്രാവശ്യം ദക്ഷിണ ചോദിച്ചു. ഒരു പ്രാവശ്യം രാവിലെയും രണ്ടാമത്തെ പ്രാവശ്യം രാത്രി അവർ പോവാൻ

അനുവാദം ചോദിക്കുമ്പോഴും. പക്ഷെ കാക്കയോട് മാത്രമെ ചോദിച്ചുള്ളൂ. അയാളുടെ സ്നേഹിതനോട് ചോദിച്ചതെ ഇല്ല. ഇയാൾ കാക്കയോട് ചോദിച്ചു 'നിങ്ങളോട് ബാബ രണ്ടുതവണ ദക്ഷിണ ചോദിച്ചു. ഞാനൊപ്പമുണ്ടായിട്ട് എന്നെ എന്താണ് വിട്ടുകളഞ്ഞത് 'കാക്ക അതിന് ബാബയോടു തന്നെ ചോദിക്കാൻ പറഞ്ഞു. ബാബ അയാൾ എന്താണ് പറയുന്നതെന്ന് കാക്കയോട് ചോദിച്ചപ്പോൾ അയാൾ തന്നെ ബാബയോട് എന്തെങ്കിലും ദക്ഷിണ കൊടുക്കാമോ എന്നു ചോദിച്ചു. 'നിനക്ക് കൊടുക്കാനിഷ്ടമില്ലാത്തതുകൊണ്ട് നിന്നോട് ചോദിച്ചില്ല ഇപ്പോൾ കൊടുക്കാമെന്നുണ്ടെങ്കിൽ തരാം' എന്ന മറുപടിയും പറഞ്ഞു. അപ്പോൾ അയാൾ കാക്ക കൊടുത്ത തുല്യ സംഖ്യ യായ പതിനേഴ് ഉറുപ്പിക ദക്ഷിണ കൊടുത്തു. ബാബ അപ്പോൾ ഉപദേശമായി ഇങ്ങിനെ പറഞ്ഞു. 'നീ നാം തമ്മിലുള്ള വ്യത്യാസം മനസ്സിൽ നിന്നുമകറ്റണം എന്നാലെ നമുക്ക് മുഖത്തോട് മുഖം കാണാൻ കഴിയൂ'. ബാബ അവർക്കു പോകാൻ അനുമതി നല്കി. മഴക്കാറുണ്ടായിരുന്നിട്ടും അവരുടെ സുഖയാത്രക്ക് ബാബ ഉറപ്പുകൊടുത്തു. അവർ സുരക്ഷിതരായി ബോംബെയിലെത്തി. അവർ വീട്ടിലെത്തി വാതിൽ തുറന്നപ്പോൾ രണ്ട് കുരുവികൾ ചത്തുകിടക്കുന്നതായും ഒന്ന് ജനലിലൂടെ മെല്ലെ പുറത്തേക്ക് പോവുന്നതായും കണ്ടു. അപ്പോൾ അയാൾ ഒരു ജനലെങ്കിലും തുറന്നുവെച്ചിരുന്നെങ്കിൽ രണ്ടു കുരുവികളെയും രക്ഷിക്കാമായിരുന്നവെന്ന് വിചാരിച്ചു. അവ മരിച്ചെങ്കിലും മൂന്നാമത്തേതിനെയെങ്കിലും രക്ഷിക്കാനാണ് അവരെ ബാബ പോകാനനുവദിച്ചതെന്ന് സമാധാനിച്ചു.

## കാക്കാ മഹാജനിയുടെ മുതലാളി

കാക്കാ, ബോംബെയിലെ സോളിസിറ്റർഫേമായ താക്കർ ധരംസീജേതാഭായിലെ മേനേജരായിരുന്നു. മുതലാളിയും

മാനേജരും വളരെ ഇഷ്ടത്തിലായിരുന്നു. മിസ്റ്റർ താക്കർക്ക്, കാക്ക ഇടക്കിടക്ക് ഷിർദ്ദിക്ക് പോവുന്നതും ബാബ അനുവദിച്ചാൽ മാത്രം അവിടുന്ന് മടങ്ങി വരുന്നതും അറിയാമായിരുന്നു. വെറും ജിജ്ഞാസയാലും, ബാബയെ പരീക്ഷിക്കാനുമായി ഷിംഗാ കല്പനക്കാലത്ത് താക്കറും കാക്കയുടെ കൂടെ ഷിർദ്ദിക്ക് പോവാൻ നിശ്ചയിച്ചു. കാക്ക എപ്പോൾ മടങ്ങുമെന്ന് നിശ്ചയിക്കാൻ വയ്യാത്തതുകൊണ്ട് അയാൾ വെറൊരാളെയും കൂടെ തുണക്കുകൂട്ടി. മൂന്നുപേരും കൂടിയാത്രയായി. കാക്ക വഴിക്കുവെച്ച് ബാബക്ക് കാണിക്കവെക്കനായി രണ്ടുസേറ് ഉണങ്ങിയ കുരുവുള്ള മുന്തിരിങ്ങ വാങ്ങി. അവർ യഥാസമയം ഷിർദ്ദിയിലെത്തി ദർശനത്തിനായി മസ്ജിദ്ദിലേക്ക് പോയി. അപ്പോൾ ബാബാസാഹേബ് താർക്കാഡിനെ അവിടെകണ്ട് താക്കർ അയാളോട് എന്തിനാണിവിടെ വന്നതെന്നു ചോദിച്ചു. അയാൾ ദർശനത്തിനാണെന്ന് പറഞ്ഞപ്പോൾ താക്കർ, അയാളോട് അവിടെ അതിശയങ്ങൾ നടക്കുന്നുണ്ടോ എന്നായി. താർക്കാഡ് അതിന് തന്റെ ഉദ്ദേശം അതല്ലെന്നും ഭക്തന്മാരുടെ ആവശ്യങ്ങൾ അവിടെ പൂർത്തിപ്പെടുമെന്നും മറുപടി പറഞ്ഞു. കാക്ക അപ്പോൾ ബാബയെ നമസ്കരിച്ച് മുന്തിരിങ്ങ കൊടുത്തു. ബാബ അതെല്ലാവർക്കും കൊടുക്കാൻ പറഞ്ഞു. താക്കർക്കും കുറച്ചുകിട്ടി. അയാൾക്ക് മുന്തിരിങ്ങ ഇഷ്ടമല്ലായിരുന്നു. അവ കഴുകി വൃത്തിയാക്കാതെ തിന്നരുതെന്ന് ഡോക്ടർ പറഞ്ഞിട്ടുണ്ടായിരുന്നു. അപ്പോൾ അയാൾക്കെന്തു ചെയ്യണമെന്നായി. അത് തിന്നാനുംവയ്യ, ഉപേക്ഷിക്കാൻ നിവൃത്തിയുമില്ല; എല്ലാവരും ചെയ്യുമ്പോലെ വായിലിട്ടെങ്കിലും കുരു എന്തു ചെയ്യണമെന്നായി. അത് മസ്ജിദ്ദിലെ നിലത്ത് തുപ്പാൻ പാടില്ലാത്തതുകൊണ്ട് അയാളുടെ തൃപ്തിക്കു

വിരുദ്ധമാണെങ്കിലും പോക്കറ്റിലിട്ടു. അയാൾ ഇങ്ങിനെ വിചാരിച്ചു. 'ബാബ സിദ്ധനാണെങ്കിൽ എന്തുകൊണ്ട് എന്റെ ഇഷ്ടക്കേട് മനസ്സിലാക്കിയില്ല എന്തുകൊണ്ട് എനിക്ക് മുന്തിരിങ്ങ തന്നു' ഈ വിചാരം മനസ്സിൽ ഉദിച്ച ഉടനെ ബാബ കൂറെക്കൂടി മുന്തിരിങ്ങ കൊടുത്തു. അയാൾ തിന്നാൻ പറ്റാതെ കയ്യിൽ വെച്ചു. അപ്പോൾ ബാബ അയാളോട് തിന്നാൻ പറഞ്ഞു. അയാൾ അനുസരിച്ച് തിന്നപ്പോൾ അതൊക്കെ കുരുവില്ലാത്ത വയായിരുന്നു. അയാൾക്ക് അതിശയങ്ങൾ കാണാനാഗ്രഹം വന്നതിന്, ഇതാ ഒരതിശയം സംഭവിച്ചു. ബാബ അയാളുടെ ചിന്ത മനസ്സിലാക്കി അയാൾക്ക് കിട്ടിയ മുന്തിരിങ്ങ മാത്രം കുരു ഇല്ലാത്തതാക്കിയതാണെന്ന് അയാൾക്ക് മനസ്സിലായി. പിന്നെയും പരീക്ഷിക്കാൻ, അടുത്തിരുന്ന താർക്കാഡിനോട്, അപ്പോൾ കിട്ടിയ മുന്തിരിങ്ങ ഏതു ഇനമാണെന്ന് ചോദിച്ചതിന് അയാൾ കുരുവുള്ള തരമാണെന്ന് മറുപടി കൊടുത്തു. ഇത് കേട്ടപ്പോൾ താക്കർ കൂടുതൽ വിസ്മയിച്ചു. വീണ്ടും അയാളുടെ വിശ്വാസം ഉറപ്പിക്കാനായി അയാൾ ഒരു പരീക്ഷണവും കൂടി നടത്തി. ഇനി മുന്തിരങ്ങ കൊടുക്കുമ്പോൾ കാക്കക്ക് ആദ്യം കൊടുത്താൽ ബാബ, ഒരു ശരിക്കുള്ള സിദ്ധനാണെണ്, അയാൾ മനസ്സിൽ കരുതി. ഇതു മനസ്സിലാക്കി ബാബ ആദ്യം കാക്കക്ക് കൊടുക്കാൻ ഉത്തരവിട്ടു. ഈ തെളിവുകൾ താക്കറെ തൃപ്തിപ്പെടുത്തി.

പിന്നെ ശാമ, താക്കറെ, ബാബക്ക്, അയാൾ കാക്കയുടെ മുതലാളിയാണെന്ന് പറഞ്ഞു പരിചയപ്പെടുത്തിയപ്പോൾ 'അയാളെങ്ങിനെ കാക്കയുടെ മുതലാളിയാവും ? അയാളുടെ മുതലാളി വെറെയാളുണ്ടല്ലോ' എന്നാണ് ബാബ പറഞ്ഞത്. കാക്ക അത് ഇഷ്ടപ്പെട്ടു. താക്കർ എല്ലാം മറന്ന് ബാബയെ നമസ്കരിച്ച് വാഡയിലേക്കു മടങ്ങി.

മദ്ധ്യാഹ്ന ആരതിക്കുശേഷം അവരെല്ലാം മടങ്ങി പ്പോവാൻ

ബാബയുടെ അനുമതിചോദിക്കാനായി മസ്ജിദ്ദിലേക്ക് ചെന്നു. ശാമ അവർക്കുവേണ്ടി അനുവാദം ചോദിച്ചപ്പോൾ ബാബ താഴെ പ്രസ്താവിക്കും പ്രകാരം പറഞ്ഞു.

'ഒരു ചഞ്ചലമനസ്കനായ മാന്യനുണ്ടായിരുന്നു. അയാൾക്ക് ആരോഗ്യവും ധനവും ഉണ്ടായിരുന്നതിനാൽ മാനസികമായും ശാരീരികമായുമുള്ള വിഷമങ്ങളൊന്നും അയാൾക്കുണ്ടായിരുന്നില്ല. പക്ഷെ വേണ്ടാത്ത കാര്യങ്ങളും കുഴപ്പങ്ങളുമെല്ലാം തലയിൽ വെച്ചുകെട്ടി അങ്ങോട്ടുമിങ്ങോട്ടും അലഞ്ഞുനടന്ന് അയാൾ സ്വന്തം മനശ്ശാന്തി കളഞ്ഞു കുളിച്ചു. ചിലപ്പോൾ അയാൾ ഈ ഭാരങ്ങളൊക്കെ ഉപേക്ഷിക്കും, വീണ്ടും എടുത്ത് പേറും. അയാളുടെ മനസ്സിന് സ്ഥൈര്യം എന്നതറിയില്ലായിരുന്നു. അയാളുടെ സ്ഥിതി കണ്ട് പാവം തോന്നി ഞാൻ പറഞ്ഞു. 'ഇനി നിന്റെ വിശ്വാസം നിനക്കിഷ്ടമുള്ള എവിടെയെങ്കിലും ഉറപ്പിച്ച് നിർത്തുക. എന്തിനാണിങ്ങനെ അലഞ്ഞു നടക്കുന്നത്? ഏതെങ്കിലും ഒരിടത്ത് ഉറച്ചിരിക്കുക.'

താക്കർക്ക്, ഈ വാക്കുകൾ, തന്നെ പറ്റിയ വിവരണ മാണെന്ന് ഉടനെ മനസ്സിലായി. അയാൾക്ക് കാക്കയും കൂടെ മടങ്ങിപ്പോരണമെന്നുണ്ടായിരുന്നെങ്കിലും അയാൾക്ക് അത്രവേഗം അനുമതി കൊടുക്കുമെന്ന് ആരും ധരിച്ചിരുന്നില്ല. ബാബ ഈ ആഗ്രഹവും മനസ്സിലാക്കി കാക്കയോടും അയാളുടെ കൂടെ പൊയ്ക്കൊള്ളാൻ അനുവദിച്ചു. താക്കർക്ക്, ബാബ, മറ്റുള്ളവരുടെ മനസ്സ് അറിയാൻ കഴിയുന്ന വ്യക്തി യാണെന്നതിന് ഒരുദാഹരണം കൂടിയായി.

പിന്നീട് ബാബ, കാക്കയോട് 15ക. ദക്ഷിണ ചോദിച്ചുവാങ്ങി. ബാബ കാക്കയോട് പറഞ്ഞു 'ഞാൻ

ഏതെങ്കിലുമൊരുത്തനിൽ നിന്ന് ഒരുറുപ്പിക ദക്ഷിണ വാങ്ങിയാൽ അതിന്റെ പത്തിരട്ടി മടക്കികൊടുക്കാൻ ഞാൻ ബാദ്ധ്യസ്ഥനാണ്. ഞാനൊന്നും വെറുതെ സ്വീകരിക്കില്ല. ഞാൻ വ്യവസ്ഥയില്ലാതെ എല്ലാവരോടും ചോദിക്കുകയുമില്ല. ഫക്കീർ ചൂണ്ടികാണിക്കുന്നവരോട് മാത്രമെ ഞാൻ ചോദിച്ചു വാങ്ങുകയുള്ളൂ. ആരെങ്കിലും മുജ്ജന്മത്തിൽ ഫക്കീറിന് കടപ്പെട്ടിട്ടുണ്ടെങ്കിൽ, അവരോട് ഞാൻ പണം സ്വീകരിക്കും. ദാതാവ് തരുന്നു. അതായത് വിത്തുവിതക്കുന്നു. അത് കൂടുതൽ മേനിയുള്ള ഒരു കൊയ്ത്തു ഭാവിയിൽ നടത്തുവാനാണ്. ധനം ധർമ്മത്തിന്റെ ഉപാധിയാകണം, അത് സ്വന്തം സുഖത്തിനു വിനിയോഗിച്ചാൽ വെറുതെ കളഞ്ഞതിന് ഫലമാണ്. മുമ്പ് കൊടുത്തുവച്ചിരുന്നില്ലെങ്കിൽ ഇപ്പോൾ കിട്ടില്ല. അപ്പോൾ കിട്ടാനുള്ള ഉത്തമമാർഗ്ഗം കൊടുക്കലാണ്. ദക്ഷിണകൊണ്ട് വൈരാഗ്യവും വൈരാഗ്യം കൊണ്ട് ഭക്തിയും ജ്ഞാനവും വളർത്തപ്പെടും. ഒന്നുകൊടുത്ത് പത്ത് വാങ്ങുക'

ഇതു കേട്ട്, കൊടുക്കില്ലെന്ന തീരുമാനം മറന്ന്, താക്കർ തന്ന 15ക. ബാബയുടെ കയ്യിൽ കൊടുത്തു. ഷിർദ്ദിയിൽ വന്നതുകൊണ്ട് എല്ലാ സംശയവും തീർന്ന് പലതും പഠിച്ചു എന്നയാൾക്ക് ബോധ്യപ്പെട്ടു.

ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യുവാനുള്ള ബാബയുടെ സാമർത്ഥ്യം ഒന്നു വേറെതന്നെയാണ്. ഇതെല്ലാം ചെയ്യുന്നെങ്കിലും ബാബ അവയിൽ പരിപൂർണ്ണ നിസ്സംഗനാണ്. ആരെങ്കിലും നമസ്കരിച്ചാലും ഇല്ലെങ്കിലും, ദക്ഷിണ കൊടുത്താലും ഇല്ലെങ്കിലും എല്ലാം ബാബക്ക് ഒരു പോലെയാണ്. ആരോടും ബാബ ബഹുമാനക്കുറവു കാണിക്കില്ല. ആരാധിക്കുന്നതുകൊണ്ട് സന്തോഷമോ

അപരാധിക്കുന്നതുകൊണ്ട് സങ്കടമോ ഇല്ല. സുഖദുഖാദി ദ്വന്ദങ്ങളെ ബാബ ജയിച്ചിരുന്നു.

## ഉറക്കം വരാത്ത കേസ്

ബന്ദ്രയിലെ കായസ്ഥപ്രഭു ഗോത്രത്തിലെ ഒരാൾക്ക് ദീർഘകാലമായി ഉറക്കം വരാത്ത സുഖക്കേടായിരുന്നു. ഉറങ്ങാൻ വേണ്ടി കിടന്നാൽ അയാളുടെ മരിച്ചുപോയ അച്ഛൻ പ്രത്യക്ഷപ്പെട്ട് അയാളെ കലശലായി ചീത്തപറയും. ഇത് ഉറക്കം കളഞ്ഞ് രാത്രി മുഴുവൻ വിശ്രമമില്ലാതാക്കിത്തീർക്കും. എല്ലാ രാത്രിയിലും ഇങ്ങനെ നടക്കും. അയാൾക്ക് എന്ത് വേണമെന്നറിയാതെയായി. ഒരു ദിവസം ഇക്കാര്യം അയാൾ ഒരു ബാബ ഭക്തനോട് പറഞ്ഞു. അയാൾ, അയാൾക്കറിയാവുന്ന ഒരേ ഒരു പ്രതിവിധി ഉധിയാണെന്ന് പറഞ്ഞ് കുറച്ച് ഉധികൊടുത്ത്, കിടക്കാൻ പോവുമ്പോൾ നെറ്റിയിൽ തൊടാനും ഉധിയുടെ പൊതി തലയിണക്കടിയിൽ വെക്കാനും പറഞ്ഞു. അയാൾ ഇപ്രകാരം ചെയ്തുനോക്കിയപ്പോൾ യാതൊരുപദ്രവു മില്ലാതെ സുഖമായുറങ്ങാൻ കഴിഞ്ഞതുകൊണ്ട് അതീവ സന്തുഷ്ടനായി. അയാൾ ഇപ്രകാരം തുടർച്ചയായി ചെയ്തുകൊണ്ട് സായിയെ സ്മരിച്ചു. പിന്നീട് അയാൾ, സായിബാബയുടെ ഒരു പടം കിട്ടിയത് കിടപ്പറയുടെ ചുമരിൽതൂക്കി ദിവസവും ആരാധിക്കാനും വ്യാഴാഴ്ചകളിൽ മാലചാർത്തി നൈവേദ്യം പൂജിക്കാനും തുടങ്ങി. പിന്നീട് അയാൾക്ക് എല്ലാം ശരിപ്പെട്ട് മുൻകാലങ്ങളിലെ കഷ്ടതകൾ എല്ലാം വിസ്മരിച്ചു.

## ബാലാജി പട്ടീൽ നേവാസ്ക്കർ

ഈയാൾ ബാബയുടെ വലിയഭക്തനായിരുന്നു. അയാൾ ഒന്നാന്തരം നിഷ്കാമസേവനം ചെയ്തിരുന്നു. ബാബ നിത്യവും സഞ്ചരിക്കാറുള്ള ഷിർദ്ദിയിൽ എല്ലാ വഴികളും അയാൾ

അടിച്ചുവാരി വൃത്തിയാക്കുമായിരുന്നു. ഇയാൾക്കുശേഷം ഈ പ്രവൃത്തി രാധാകൃഷ്ണമായി എന്നൊരു സ്ത്രീ ഏറ്റെടുക്കുകയും, അവർക്കു ശേഷം അബ്ദുള്ള ആ പണി നടത്തുകയും ചെയ്തു. ബാലാജി കൊയ്ത്തുകഴിഞ്ഞാൽ മുഴുവൻ ധാന്യവും കൊണ്ടുവന്ന് ബാബക്ക് കൊടുക്കും. ബാബ അതിൽ നിന്നെന്ത് കൊടുക്കുന്നുവോ അതുകൊണ്ടുപോയി അയാളും കുടുംബവും കഴിഞ്ഞുകൂടും. ഇത് അയാളെ വളരെക്കാലം ജീവാവസാനം വരെ തുടരുകയും കാലശേഷം അയാളുടെ മകനും ഇതുപ്രകാരം തന്നെ ചെയ്യുകയും ചെയ്തു.

**ഉധിയുടെ ശക്തിയും ഫലവും**

ഒരിക്കൽ ബാലാജിയുടെ ശ്രാർദ്ധ ദിവസം കുറെ ആൾക്കാരെ ക്ഷണിച്ചുവരുത്തി സദ്യയൊരുക്കി ഭക്ഷണ സമയത്ത് നോക്കുമ്പോൾ പ്രതീക്ഷിച്ചതിലും മൂന്നിരട്ടി ആളുകൾ വന്നിട്ടുണ്ട്. നേവാസ്കരുടെ ഭാര്യ ആകെ കുഴങ്ങി. സദ്യ ഒരുക്കിയത് തികയാതെ വന്നാൽ കുടുംബത്തിന്റെ മാനം കെട്ടുപോവുമല്ലോ. അവരുടെ ഭർത്താവിന്റെ അമ്മ അവരെ സമാധാനിപ്പിച്ചുകൊണ്ട് 'ഭയപ്പെടേണ്ട, ഇത് നമ്മുടേതല്ല. സായിയുടെ ഭക്ഷണമാണ്. എല്ലാ പാത്രവും തുണികൊണ്ടടച്ച് അതിൽ കുറശ്ശെ ഉധി വിതറി തുണിനീക്കാതെ അതിൽനിന്ന് വിളമ്പുക സായി നമ്മെ അപമാനത്തിൽ നിന്ന് രക്ഷിക്കും 'എന്ന് നിർദ്ദേശിച്ചു. അവരോ അപ്രകാരം ചെയ്തപ്പോൾ എല്ലാവർക്കും വേണ്ടത്ര വിളമ്പാനും ഉണ്ടായി എന്നുമാത്രമല്ല, ധാരാളം പദാർത്ഥങ്ങൾ ബാക്കിയുമായി. 'ഗാഢമായി സേവിച്ചാൽ ഫലം അതനുസരിച്ച് കിട്ടും' എന്നതും ഇതിൽ തെളിയിക്കപ്പെട്ടു.

**സായി സർപ്പരൂപത്തിൽ പ്രത്യക്ഷപ്പെട്ടത്**

ഒരിക്കൽ ഷിർദ്ദിയിലെ രഘുപട്ടേൽ, നീവെയ്സിലെ

ബാലാജി പട്ടേലിന്റെ അടുക്കലേക്ക് പോയി. അന്നുരാത്രി ഒരു സർപ്പം തൊഴുത്തിൽ കടന്ന് ഊതുന്നതായി അയാൾ കണ്ടു. കാലികൾ ഭയന്ന് അമ്പരന്നു തുടങ്ങി. എല്ലാവരും ഭയന്നെങ്കിലും, ബാലാജി, സായി ബാബ സർപ്പരൂപത്തിൽ വന്നതാണെന്ന് അനുമാനിച്ചു. തീരെ ഭയപ്പെടാതെ ഒരു കോപ്പ പാൽ കൊണ്ടുവന്നു വെച്ച് അയാൾ പറഞ്ഞു 'ബാബ! എന്തിനാണിവിടുന്ന് ഊതി ശബ്ദമുണ്ടാക്കുന്നത് ? ഞങ്ങളെ ഭയപ്പെടുത്തലാണോ അവിടുത്തെ ആവശ്യം! ശാന്തനായി ഈ കോപ്പയിലെ പാൽ കുടിച്ചാലും'. ഇതു പറഞ്ഞ് അയാൾ യാതൊരു പതർച്ചയുമില്ലാതെ അടുത്തിരുന്നു മറ്റുള്ളവർ ഭയന്ന് ഇതികർത്തവ്യതാമൂഢരായി. കുറച്ചു സമയത്തിനകം സർപ്പം എവിടെപ്പോയെന്നറിഞ്ഞില്ല. അത് അപ്രത്യക്ഷമായി. തൊഴുത്തിൽ തിരഞ്ഞിട്ടും അതിനെ കണ്ടില്ല.

ബാലാജിക്ക് രണ്ടുഭാര്യമാരും അവരിൽ മക്കളുമുണ്ടായിരുന്നു. അവർ ഇടക്കിടക്ക് ഷിർദ്ദിയിൽപോയി ബാബയെ ദർശനം ചെയ്തിരുന്നു. അപ്പോൾ ബാബ അവർക്ക് സാരി മുതലായ വസ്ത്രങ്ങൾ കൊടുത്ത് അനുഗ്രഹിച്ചിരുന്നു.

ശ്രീ സായിയെ നമിക്കുവിൻ – ലോകശാന്തി ഭവിക്കട്ടെ!

# അദ്ധ്യായം - 36



*1. രണ്ടു ഗോവാമാന്യന്മാരുടെയും 2. മിസ്സിസ്സ് ഔറംഗാബ്ദകറുടെയും അത്ഭുത കഥകൾ*

## രണ്ട് മാന്യന്മാർ

ഒരിക്കൽ ഗോവയിൽ നിന്ന് രണ്ടുമാന്യന്മാർ ബാബയെ ദർശിക്കാൻ വന്ന് ബാബയുടെ മുന്നിൽ പ്രണാമം ചെയ്തു. രണ്ടുപേരും ഒന്നിച്ചാണ് വന്നതെങ്കിലും ബാബ ഒരാളോട് മാത്രം 15ക. ദക്ഷിണ ചോദിച്ചു വാങ്ങി. മറ്റെ ആൾ ചോദിക്കാതെ തന്നെ 35ക. ദക്ഷിണകൊടുക്കാൻ നോക്കി. ബാബ എല്ലാവരെയും അതിശയിപ്പിക്കത്തക്കവണ്ണം ആ സംഖ്യ നിരസിച്ചു. ശാമ ഇതുകണ്ട് 'എന്താണിത്? രണ്ടുപേരും ഒരുമിച്ചുവന്നു. ഒരാളുടെ ദക്ഷിണ സ്വീകരിച്ചു. മറ്റെ ആൾ ചോദിക്കാതെ തന്നത് നിരസിക്കുന്നു. എന്തിനാണീ പക്ഷഭേദം? എന്ന് ചോദിച്ചു.ബാബ അതിന് 'ശാമ, നിനക്കൊന്നും അറിയില്ല. ഞാൻ ആരിൽനിന്നും ഒന്നും സ്വീകരിക്കുന്നില്ല. മസ്ജിദ്മായി കടം മടക്കി ചോദിക്കുന്നു. ദാതാവ് അത് കൊടുത്ത് സ്വതന്ത്രമാവുന്നു. എനിക്ക് വല്ല വീടോ, സ്വത്തോ, കുടുംബമോ സംരക്ഷി ക്കാനുണ്ടോ? എനിക്കൊന്നും ആവശ്യമില്ല. ഞാൻ സദാ സ്വതന്ത്രനാണ്. കടം, ശത്രുത, കൊല

ഇവക്ക് പരിഹാരം ചെയ്തെ കഴിയൂ. അതിൽ നിന്ന് രക്ഷപ്പെടാനാവില്ല‘ എന്നു പറഞ്ഞു തന്റെ പ്രത്യേക മട്ടിൽ ഇപ്രകാരം തുടർന്നു.

‘ആദ്യം അയാൾ ദരിദ്രനായിരുന്നപ്പോൾ അയാളുടെ ദൈവത്തോട് ഒരു ജോലികിട്ടിയാൽ ആദ്യത്തെ ശമ്പളം വഴിപാടായി കൊടുക്കാമെന്ന് പ്രാർത്ഥിച്ചു. 15ക. ശമ്പളത്തിൽ അയാൾക്കൊരു ജോലികിട്ടി. പിന്നീട് കയറ്റം കിട്ടികൊണ്ടിരുന്നു. പതിനഞ്ചിൽനിന്ന് മുപ്പത്, അറുപ്പത്, നൂറ്, ഇരുന്നൂറ്, ഇങ്ങിനെ വർദ്ധിച്ച് മാസത്തിൽ 700ക. ശമ്പളത്തിലെത്തി. ഈ സമൃദ്ധിയിൽ അയാളുടെ പ്രാർത്ഥന അയാൾ മറന്നുപോയി. കർമ്മശക്തി കൊണ്ട് അയാളെ ഇവിടെ എത്തിച്ചപ്പോൾ ആ പതിനഞ്ചുറുപ്പിക ഞാൻ ദക്ഷിണയായി ചോദിച്ചുവാങ്ങി‘

മറ്റൊരുകഥ:‘കടപ്പുറത്തുകൂടി നടന്നുകൊണ്ടിരി ക്കുമ്പോൾ ഞാൻ ഒരു വലിയ കൊട്ടാരത്തിനുമുന്നിലെത്തി. അതിന്റെ കോലായിലിരുന്നു. വീട്ടുടമ എന്നെ നന്നായി സ്വീകരിച്ചു. സുഖമായി ഭക്ഷണം തന്നു. അയാൾ എനിക്കുറ ങ്ങാൻ വൃത്തിയുള്ള ഒരു സ്ഥലം കാണിച്ചു തന്നു. ഞാനവിടെ കിടന്നുറങ്ങി. ഞാൻ നല്ല ഉറക്കമായപ്പോൾ അയാൾ ഒരു കല്ലടർത്തി മുറിയിൽ കടന്ന് എന്റെ പോക്കറ്റ് കത്രിച്ച് എന്റെ വശമുള്ള മുഴവൻ പണവും മോഷ്ടിച്ചു. ഞാൻ ഉണർന്നപ്പോൾ മുപ്പതിനായിരം ഉറുപ്പിക കളവുചെയ്യപ്പെട്ടതായി കണ്ടു. ഞാൻ വളരെ കുഴങ്ങി കരഞ്ഞുകൊണ്ടും വിലപിച്ചുകൊണ്ടും ഇരിപ്പായി. സംഖ്യ നോട്ടുകളായിട്ടായിരുന്നു. ആ ബ്രാഹ്മണൻ മോഷ്ടിച്ചാതിയിരിക്കുമെന്ന് ഞാൻ വിശ്വസിച്ചു. ഞാൻ ഭക്ഷണപാനീയങ്ങളിൽ ശ്രദ്ധയില്ലാതെ പതിനാലു ദിവസ ങ്ങളോളം വിലപിച്ചുകൊണ്ട് ആ കോലായിലിരുന്നു. പതിനാലു ദിവസം കഴിഞ്ഞപ്പോൾ അതിലെപോയ ഒരു ഫക്കീർ എന്നെ

കണ്ട് ദുഃഖകാരണം അന്വേഷിച്ചു. ഞാൻ എല്ലാം പറഞ്ഞു'. ഞാൻ പറയും പോലെ ചെയ്താൽ നിനക്കു പണം തിരിച്ചുകിട്ടും. ഒരു ഫക്കീറിന്റെ അടുക്കൽ ചെല്ല് ഞാൻ സ്ഥലം പറഞ്ഞു തരാം. ഫക്കീറിനെ ശരണം പ്രാപിച്ചാൽ ഫക്കീർ പണം തിരികെ വാങ്ങിച്ചു തരും. അതുവരെ നിനക്കേറ്റവും ഇഷ്ടപ്പെട്ട ഭക്ഷണം ഉപേക്ഷിക്കുക 'എന്ന് ഫക്കീർ എന്നോട് പറഞ്ഞു. ഞാൻ ഫക്കീർ പറഞ്ഞപോലെ ചെയ്തപ്പോൾ എന്റെ പണം തിരിച്ചുകിട്ടി. അപ്പോൾ ഞാൻ സത്രംവിട്ട് കടപ്പുറത്തേക്ക് പോയി. അവിടെ ഒരു കപ്പലുണ്ടായിരുന്നെങ്കിലും ആൾ നിറഞ്ഞു സ്ഥലമില്ലാത്തതിനാൽ എനിക്കു കയറാൻ കഴിഞ്ഞില്ല. അവിടെ ഒരു നല്ലതരക്കാരനായ ശിപായി ഇടപെട്ടതുകൊണ്ട് എനിക്ക് കയറാൻ സ്ഥലം കിട്ടി. അത് മറ്റൊരു തുറമുഖത്തെത്തിച്ചു. അവിടെ നിന്ന് തീവണ്ടി കയറി ഞാൻ മസ്ജിദ്മായിയിൽ എത്തിച്ചേർന്നു'.

ഈ കഥ പറഞ്ഞുതീർന്നപ്പോൾ ബാബ, ശാമയോട് ഗോവക്കാരെ രണ്ടുപേരെയും കൊണ്ടുപോയി ഭക്ഷണം ഏർപ്പാട് ചെയ്തുകൊടുക്കാൻ പറഞ്ഞു. ശാമ അവരെ വീട്ടിലേക്ക് കൂട്ടികൊണ്ടുപോയി ഭക്ഷണം കൊടുത്തു. ഭക്ഷണസമയത്ത് ശാമ അവരോട് ബാബയുടെ കഥ നിഗൂഢാർത്ഥമുള്ള താണെന്നും ബാബ കടൽക്കരയിൽ പോകയാവട്ടെ, മുപ്പതി നായിരം ഉറുപ്പിക കയ്വശം വെക്കയാവട്ടെ, യാത്ര ചെയ്കയാവട്ടെ, പണം നഷ്ടപ്പെടുകയാവട്ടെ, തിരിച്ചു കിട്ടുകയാവട്ടെ, ഒന്നും ഉണ്ടായിട്ടില്ലെന്നും അതിന്റെ അർത്ഥം അവർക്ക് വല്ലതും മനസ്സിലായോ എന്നും ചോദിച്ചു. അതിഥികൾ ഹൃദയമലിഞ്ഞ് കണ്ണീർ പൊഴിക്കയായിരുന്നു. തൊണ്ടയിടറി കൊണ്ട് ബാബ സർവ്വജ്ഞനും സർവ്വാന്തര്യാമിയും പരമാത്മാവുമാണെന്നവർ പറഞ്ഞു. ബാബ പറഞ്ഞതെല്ലാം

ഞങ്ങൾ അനുഭവിച്ചകാര്യങ്ങളാണ്. ബാബ എങ്ങിനെ ഇതറിഞ്ഞു എന്ന് അത്ഭുതാവഹമാണ്. ഭക്ഷണശേഷം വിവരമെല്ലാം പറയാം എന്നവർ പറഞ്ഞു. ഭക്ഷണശേഷം വെറ്റിലമുറുക്കികൊണ്ട് അവർ കഥ പറയാൻ തുടങ്ങി. അവരിൽ ഒരാൾ പറഞ്ഞു:

പശ്ചിമ ഘട്ടത്തിലുള്ള ഒരു ഹിൽ സ്റ്റേഷനാണ് എന്റെ നാട്. ഞാൻ ഗോവയിൽ ഒരു ജോലി അന്വേഷിച്ച് പോയതാണ്. ഞാൻ ദത്തദേവനോട് ജോലി കിട്ടിയാൽ ആദ്യമാസത്തെ ശമ്പളം വഴിപാടായി കൊടുക്കാമെന്നു പ്രാർത്ഥിച്ചു. ദേവന്റെ അനുഗ്ര ഹത്താൽ 15 ഉറുപ്പിക ശമ്പളത്തിൽ എനിക്കൊരു ജോലി കിട്ടി. പിന്നെ ബാബ പറഞ്ഞ പോലെ ഉദ്യോഗ കയറ്റങ്ങളും കിട്ടി. ഞാൻ എന്റെ പ്രാർത്ഥന തീരെ മന്നുപോയിരുന്നു. ബാബ ഈ വിധത്തിൽ എന്നെ അത് ഓർമ്മിപ്പിച്ച് എന്നിൽ നിന്നും സ്വീക രിച്ചതാണ്. അത് സാധാരണ ദക്ഷിണ അല്ല. ഒരു പഴയ കടം വീട്ടലും വളരെക്കാലമായി മറന്നുപോയ ഒരു പ്രാർത്ഥന നിർവ്വ ഹിക്കലുമാണ്.

**ഗുണപാഠം**

ബാബയഥാർത്ഥത്തിൽ പണത്തിനുവേണ്ടി യാചിക്കുകയോ ഭക്തന്മാരെ യാചിക്കാൻ അനുവദിക്കുകയോ ചെയ്തിരുന്നില്ല. പണം ആദ്ധ്യാത്മികപുരോഗമനത്തിന് ഒരു വിലങ്ങുതടിയാണെന്നാണ് ബാബ കണക്കാക്കിയിരുന്നത്. അതുകൊണ്ടദ്ദേഹം പണത്തിന്റെ പിടിയിൽപെടാൻ ഭക്തന്മാരെ അനുവദിച്ചിരുന്നില്ല. മഹൽസാപതി ഇതിന്നൊരു ദാഹരണ മാണ്. അയാൾ വളരെ ദരിദ്രനും ജീവിതം നയിക്കാൻ നന്നെ വിഷമിച്ചിരുന്ന ആളുമായിരുന്നു. ബാബ അയാളെ പണമുണ്ടാക്കനനുവദിച്ചില്ലെന്നു മാത്രമല്ല, ദക്ഷിണയിൽ നിന്ന്

അയാൾക്ക് ഒന്നും കൊടുക്കലുമില്ല. ഒരിക്കൽ ദയാലുവും ജ്ഞാനതല്പരനുമായ ഹൻസ്‌രാജ് എന്നു പേരായ ഒരു വ്യാപാരി മഹൽസാപതിക്ക് ബാബയുടെ സാന്നിദ്ധ്യത്തിൽ വലിയ ഒരു തുക കൊടുത്തപ്പോൾ, ബാബ അയാളെ അതു സ്വീകരിക്കാൻ അനുവദിച്ചിരുന്നില്ല.

പിന്നീട് രണ്ടാമൻ പറയാൻ തുടങ്ങി. ' എന്റെ പാചകവേലക്കാരനായ ബ്രാഹ്മണൻ എന്റെ കൂടെ 35 കൊല്ലമായി നിന്നു വരുന്നതാണ്. നിർഭാഗ്യവശാൽ അയാൾ ചീത്ത വഴിയിൽ കുടുങ്ങി, മനഃസ്ഥിതി മാറി എന്റെ സമ്പാദ്യം മുഴുവൻ മോഷ്ടിച്ചു. ഒരു കല്ലുപൊളിച്ച് തുരന്നകത്ത് കടന്ന് ഞങ്ങൾ ഉറങ്ങുന്ന സമയം അലമാറയിൽ നിന്ന് നോട്ടുകളായി വെച്ച എന്റെ സമ്പാദ്യമായ മുപ്പതിനായിരം ഉറുപ്പികയും അയാൾ കട്ടുകൊണ്ടുപോയി. ബാബ എങ്ങിനെ സംഖ്യ കൃത്യമായി പറഞ്ഞെന്നറിയുന്നില്ല. ഞാൻ രാവുപകൽ കരഞ്ഞു കൊണ്ടിരുന്നു. അന്വേഷണം കൊണ്ടൊന്നും ഒരു ഫലമുണ്ടായില്ല. പതിനാലു ദിവസങ്ങളോളം വളരെ വിഷമം അനുഭവിച്ചു. ഞാൻ വ്യസനിച്ചുകൊണ്ട് വരാന്തയി ലിരിക്കുമ്പോൾ അതിലെ പോയിരുന്ന ഒരു ഫക്കീർ എന്റെ വ്യസനത്തിനുള്ള കാരണം ചോദിച്ചു. ഞാൻ എല്ലാ വിവരവും പറഞ്ഞു. ഫക്കീർ എന്നോട് സായി എന്ന ഒരു അവുലിയാ കോപ്പർ ഗാവോൺ താലൂക്കിലെ ഷിർദ്ദിയിലുണ്ടെന്നും സായിയെ മനസാ പ്രണമിച്ച് ഒരു ഇഷ്ടപ്പെട്ട ഭക്ഷണം ഉപേക്ഷിച്ച് അവിടു ത്തെ ദർശനം ചെയ്യുന്നതുവരെ ഞാൻ ഭക്ഷണം കഴിക്കില്ലെന്ന് പ്രാർത്ഥിച്ചാൽ മതി എന്നും പറഞ്ഞു. അന്നേരം തന്നെ ഞാൻ അരിഭക്ഷണമുപേക്ഷിച്ച് 'ബാബ'! ഞാൻ അരി ഭക്ഷണം ഇനി എന്റെ പണം തിരിച്ചു കിട്ടി അവിടുത്തെ ദർശനം ചെയ്തു

മാത്രമെ കഴിക്കൂ' എന്ന് വ്രതമെടുത്തു.

അങ്ങിനെ 15ദിവസം കഴിഞ്ഞപ്പോൾ ബ്രാഹ്മണൻ സ്വമനസ്സാലെ മടങ്ങിവന്നു പണം മടക്കിതന്ന് മാപ്പിരുന്നു പറഞ്ഞു' എനിക്ക് ബുദ്ധി ശരിയല്ലാതായി ഇങ്ങിനെയൊക്കെ ചെയ്തതാണ്. ഞാൻ കാലുപിടിച്ചപേക്ഷിക്കുന്നു. എനിക്ക് മാപ്പുതരണം' അങ്ങിനെ എല്ലാം ശുഭമായി കലാശിച്ചു. എന്നെ കണ്ട് സഹായിച്ച ഫക്കീറിനെ പിന്നെ കണ്ടിട്ടില്ല. ഫക്കീർ പറഞ്ഞ സായിബാബയെ കാണാനുള്ള അതിയായ ആഗ്രഹം എന്റെ മനസ്സലുദിച്ചു. എന്റെ വീട്ടിൽ വന്ന ഫക്കീർതന്നെയാണ് സായിബാബ എന്ന് ഞാൻ വിശ്വസിക്കുന്നു. ഇത്രയും പണം നഷ്ടപ്പെട്ടത് തിരിച്ചുവാങ്ങിത്തന്ന ബാബ 35ക ക്ക് ആശിക്കുമോ? നമ്മിൽ നിന്ന് ഒന്നും ആഗ്രഹിക്കാതെ ബാബ നമ്മെ ആദ്ധ്യാത്മികമായി ഉന്നമനത്തിലേക്ക് നയിക്കുന്നു.

എന്റെ നഷ്ടപ്പെട്ട പണം തിരിച്ചു കിട്ടിയ അതിസന്തോഷത്താൽ മതി മറന്ന് എന്റെ പ്രാർത്ഥനതന്നെ ഞാൻ വിസ്മരിച്ചുപോയി. അങ്ങിനെ ഒരിക്കൽ ഞാൻ കൊലാബയിൽ പോയപ്പോൾ സായിബാബയെ സ്വപ്നം കണ്ടു. ഉടനെ ഞാൻ ഷിർദ്ദിയിലേക്കു പോകാനുള്ള പ്രാർത്ഥന ഓർമ്മിച്ചു. ഗോവയിലേക്കു പോയി അവിടെ നിന്ന് ഷിർദ്ദിയിൽ വരാൻ ബോംബെ വരെ ഒരു കപ്പലിൽ പോരാൻ തീരുമാനിച്ചു. തുറമുഖത്ത് വന്നപ്പോൾ കപ്പലിൽ തീരെ സീറ്റില്ലായിരുന്നു. കേപ്ടൻ അനുവാദം തരാതെ നില്ക്കുമ്പോൾ എനിക്ക് തീരെ പരിചയമില്ലാത്ത ഒരു പ്യൂണിന്റെ സഹായത്താൽ എനിക്ക് സീറ്റു കിട്ടി. ഞാൻ ബോംബെയിലെത്തി. പിന്നീട് തീവണ്ടിക്ക് ഞാൻ ഇവിടെ വന്നു. ബാബ എല്ലാം അറിയാവുന്ന പരബ്രഹ്മമാണ്. ഞാനും എന്റെ വീടുമൊക്കെ എത്ര നിസ്സാരം. എനിക്ക് എന്റെ

പണം മടക്കിത്തരീപ്പിച്ച് ഇങ്ങോട്ടാകർഷിച്ചത് നോക്കൂ. ബാബ നിങ്ങളോടുകൂടി കളിച്ചും ചിരിച്ചും സംസാരിച്ചും ഒന്നിച്ച് താമസിച്ചും കഴിയുന്നതുകൊണ്ട് ഈ ഷിർദ്ദിയിലുള്ള നിങ്ങളെല്ലാം ഞങ്ങളെക്കാൾ എത്രയോ ഉപരമഹത്തുകളും ഭാഗ്യവാന്മാരുമാണ്. സായി ഞങ്ങളുടെ ദത്തനാണ്. പ്രാർത്ഥന ചെയ്യിച്ചതും കപ്പലിൽ സ്ഥലം തന്നതും ഇങ്ങോട്ടുകൊണ്ടു വന്നതും എല്ലാം എനിക്ക് സായിബാബ പരബ്രഹ്മമാണെന്ന് തെളിയിച്ച് തന്നതാണ്.

## മിസ്സിസ്സ് ഔറംഗബാദ്കർ

ഷോലാപ്പൂരിലെ സുഖാറാം ഔറംഗബാദ്ക്കറിന്റെ ഭാര്യക്ക് 27 കൊല്ലത്തെ ദാമ്പത്യ ജീവിതത്തിൽ ഒരു കുട്ടി ജനിച്ചില്ല. പല ദേവന്മാർക്കും നേർച്ചകൾ ചെയ്തിട്ടും ഫലമുണ്ടായില്ല. അവർ കടുത്ത നിരാശയിലായി, ഒരവസാന പരീക്ഷണമെന്നോണം അവർ ഷിർദ്ദിയിൽ വന്ന് ബാബയെ സേവിച്ച് രണ്ടുമാസം താമസിച്ചു. അവർ എപ്പോൾ മസ്ജിദിൽ ചെന്നാലും അവിടെ വലിയ ജനത്തിരക്കായിരിക്കും. അവർക്ക് ബാബയെ ഒറ്റക്ക് കണ്ട് കാല്ക്കൽവീണ് സങ്കടം പറഞ്ഞ് ഒരു സന്താനത്തിന്വേണ്ടി പ്രാർത്ഥിക്കണമെന്നുണ്ടായിരുന്നെങ്കിലും തീരെ അവസരം കിട്ടി യില്ല. ഒടുവിൽ ശാമയോട് എങ്ങിനെയെങ്കിലും ബാബ ഒറ്റക്കിരിക്കുമ്പോൾ ഒരവസരമുണ്ടാക്കി കൊടുക്കാൻ അപേക്ഷിച്ചു. ബാബയുടെ ദർബാറിൽ ആർക്കും ചെല്ലാവുന്നതാണെന്നും എങ്കിലും പരിശ്രമിച്ച് നോക്കാമെന്നും ദൈവം അനുഗ്രഹിക്കുമെന്നും ശാമ പറഞ്ഞു. ബാബ ഭക്ഷണത്തിനിരിക്കുമ്പോൾ ഒരു തേങ്ങയും ചന്ദനത്തിരിയുമായി പുറത്ത് മുറ്റത്തിരിക്കാനും, അയാൾ ആംഗ്യംകാണിച്ച ഉടനെ വരാനും ശാമ ഏർപ്പാടു ചെയ്തു. ഒരിക്കൽ ഭക്ഷണ ശേഷം

ശാമ ബാബയുടെ കഴുകിയ കൈ തുടച്ചുകൊണ്ടിരിക്കുമ്പോൾ ബാബ ശാമയുടെ കവിളത്ത് നുള്ളി. ശാമ കോപം നടിച്ച് 'ദേവ! എന്നെ ഇങ്ങിനെ നുള്ളുന്നത് ശരിയാണോ? ഇങ്ങിനെ നുള്ളുന്ന വികൃതിയായ ഒരു ദൈവത്തെ ഞങ്ങൾക്കു വേണ്ട ഞങ്ങൾ അവിടുത്തെ ആശ്രിതന്മാരായിട്ട്. ഇതാണോ ഞങ്ങളുടെ അടുപ്പത്തിന്റെ ഫലം?' എന്നു ചോദിച്ചു. ബാബ അതിന്ന് 'ഓ ശാമ! കഴിഞ്ഞ 72 ജന്മങ്ങളിൽ നീ എന്റെ കൂടെയായിരുന്നു. ഇതുവരെ ഞാൻ നുള്ളിയിട്ടില്ല. ഇപ്പോൾ എന്റെ സ്പർശനം പോലും നീ വെറുക്കുന്നു' എന്നു മറുപടി പറഞ്ഞു. അപ്പോൾ ശാമ 'ഞങ്ങൾക്ക് ചുംബനവും മധുരപലഹാരം തിന്നാനും തരുന്ന ദേവനാണാവശ്യം. ഞങ്ങൾക്ക് അവിടുത്തെ ബഹുമാനവും സ്വർഗ്ഗവും ബലൂണും ഒന്നും ആവശ്യമില്ല. ഞങ്ങൾക്ക് അവിടുത്തെ പാദങ്ങളോടുള്ള ഭക്തിവിശ്വാസങ്ങൾ എന്നും ഉണർന്നിരുന്നാൽ മതി' എന്നു മറുപടിയായി പറഞ്ഞു. ബാബ ഉടനെ 'ശരി ഞാൻ അതിന്ന് വന്നതാണ്. ഞാൻ നിന്നെ തീറ്റിപോറ്റി വരുന്നു. അത്രമാത്രം വാത്സല്യമാണ് എനിക്ക് നിന്നോടുള്ളത്' എന്ന് ശാമയെ മനസ്സിലാക്കികൊടുത്തു.

പിന്നീട് ബാബ ആസന്നസ്ഥനായി. ശാമ ആ സ്ത്രീക്ക് ആംഗ്യംകാണിച്ചു അവർ കയറിവന്ന് നമസ്കരിച്ച് ചന്ദനത്തിരിയും നാളികേരവും ബാബക്ക് കൊടുത്തു. ബാബ കുലുക്കി നോക്കിയപ്പോൾ തേങ്ങ കൊട്ടത്തേങ്ങയായിരുന്നു. കഴമ്പ് ഉള്ളിൽക്കിടന്ന് ശബ്ദമുണ്ടാക്കുന്നുണ്ട്. ബാബ ശാമയെ വിളിച്ച് 'ശാമ ഇത് ഇളകുന്നു. എന്താണത് പറയുന്നതെന്ന് നോക്കൂ' എന്നു പറഞ്ഞു. അപ്പോൾ ശാമ ആസ്ത്രീ പറയുന്നത് അതുപോലെ ഒരു കുട്ടി അവരുടെ ഗർഭപാത്രത്തിൽ കിടന്ന്





ഇളകണമെന്നും വളരണമെന്നുമാണ്, അതുകൊണ്ട് ആ തേങ്ങ അവർക്ക് അനുഗ്രഹത്തോടുകൂടി മടക്കികൊടുക്കണം എന്നാവശ്യപ്പെട്ടു.

ബാബ-തേങ്ങ സന്താനത്തെ കൊടുക്കുമോ? മനുഷ്യന്മാർ എന്തു മാത്രം വിഡ്ഢികളാണ്. അവരെന്തല്ലാം ധരിച്ചുവെച്ചിരിക്കുന്നു?

ശാമ-അവിടുത്തെ വാക്കിന്റെയും അനുഗ്രഹത്തിന്റെയും ശക്തി എനിക്കറിയാം അവിടുത്തെ വാക്കുകൾ അവർക്ക് ഒരു കൂട്ടം കുട്ടികളെ തന്നെ കൊടുക്കും. അവിടുന്ന ശരിക്കുള്ള അനുഗ്രഹം കൊടുക്കാതെ ഒഴിഞ്ഞുമാറുകയാണ്.

ഇങ്ങിനെ കുറച്ചുനേരം സംഭാഷണം നടന്നു. ബാബ തേങ്ങ ഉടക്കാനും ശാമ അത് അനുഗ്രഹിച്ച് സ്ത്രീക്ക് കൊടുക്കാനും പറഞ്ഞു കൊണ്ടിരുന്നു. ഒടുക്കം ബബാ വഴങ്ങി പറഞ്ഞു. 'അവർക്ക് സന്താനം ലഭിക്കും.' എപ്പോൾ എന്നായി ശാമ, 'പന്ത്രണ്ട് മാസങ്ങൾക്കകം' എന്ന് ബാബ മറുപടിയും പറഞ്ഞു. എന്നിട്ട് തേങ്ങ രണ്ടായി മുറിച്ച് ഒരു പകുതി ശാമയും ബാബയും തിന്നു. മറ്റെ പകുതി ആ സ്ത്രീക്കും കൊടുത്തു. എന്നിട്ട് ശാമ ആ സ്ത്രീയോട് തിരിഞ്ഞുനിന്ന് പറഞ്ഞു 'അമ്മേ! നിങ്ങൾ എന്റെ വാക്കുകൾക്ക് പരിപൂർണ്ണസാക്ഷിയാണ്. പന്ത്രണ്ട് മാസങ്ങൾക്കകം നിങ്ങൾക്കു ഒരു കുട്ടി ജനിക്കാത്ത പക്ഷം ഞാൻ ഈ ദേവന്റെ തലയിൽ ഒരു തേങ്ങയടിച്ചുടച്ചു ഈ മസ്ജിദ്ദിൽ നിന്നും ആട്ടിപ്പുറത്താക്കും. ഇത് ചെയ്തില്ലെങ്കിൽ ഞാൻ മാധവനല്ല., ഞാൻ പറഞ്ഞതെന്തെന്ന് നിങ്ങൾക്ക് ഉടനെ ബോദ്ധ്യമാവും.'

അവർ ഒരു കൊല്ലത്തിനകം ഒരാൺകുട്ടിയെ പ്രസവിച്ചു. കുട്ടിയെ 5-ാമാസം ബാബയുടെ അടുക്കൽ കൊണ്ടുവന്നു. ഭാര്യയും ഭർത്താവും ബാബയെ നമസ്കരിച്ചു. ഔറംഗബാദ്കർ

നന്ദിപൂർവ്വം ബാബക്ക് 500ക. കൊടുത്തു. അത് ബാബയുടെ കുതിര ‘ശ്യാമകർണ്ണന്‘ ഒരു ഷെഡ്ഡുണ്ടാക്കാൻ വിനിയോഗിച്ചു.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!

# അദ്ധ്യായം - 37



## ചാവടിയിലേക്കുള്ള എഴുന്നള്ളിപ്പ്

സായിബാബയുടെ ദിനചര്യകളും ജീവിതവും അനുഗ്രഹീതങ്ങളാണ്. ബാബയുടെ മാർഗ്ഗങ്ങളും കർമ്മങ്ങളും അവർണ്ണനീയങ്ങളാണ്. ചിലപ്പോൾ ബ്രഹ്മാനന്ദം കൊണ്ട് ലഹരിപിടിച്ചപ്പോലെ കാണും. മറ്റ് ചിലപ്പോൾ ആത്മജ്ഞാനം കൊണ്ട് സംതൃപ്തനായിക്കാണും. പലപ്പോഴും പലതും ചെയ്യുമെങ്കിലും അതിലൊന്നും ശ്രദ്ധവാനായിരിക്കില്ല. പലപ്പോഴും നിഷ്കർമ്മനായി കാണുമെങ്കിലും ഒരിക്കലും വെറുതെ ഇരിക്കില്ല. എപ്പോഴും ആത്മനിൽ മുഴുകിയിരിക്കും. തിരയില്ലാത്ത കടൽപോലെ ശാന്തനായി കാണുമെങ്കിലും ബാബ അഗാധമായ ആഴത്തിലായിരിക്കും. ആർക്കാണ് ആ പ്രത്യേക സ്വഭാവത്തെ വർണ്ണിക്കാൻ കഴിയുക? പുരുഷന്മാരെ ബാബ സഹോദരന്മാരായും സ്ത്രീകളെ സഹോദരിമാരായും അമ്മമാരായും കണ്ടു. ബാബ ഒരു തികഞ്ഞ നിത്യ ബ്രഹ്മചാരി യാണെന്ന് എല്ലാവർക്കും അറിയാം. ബാബ സംസർഗ്ഗത്താൽ സംജാതമായ വിജ്ഞാനം നമുക്ക് മരണം വരെ നിലനിൽക്കട്ടെ. നമുക്ക് ബാബയെ എല്ലാ ജീവജാലങ്ങളിലും ദർശിച്ച് ബാബ





യുടെ നാമം എന്നും പ്രേമാദരങ്ങളോടെ സ്മരിക്കുക.

## ചാവടി എഴുന്നള്ളിപ്പ്

ബാബയുടെ ആവാസസ്ഥാനങ്ങളെ മുമ്പു വിവരിച്ചിട്ടുണ്ടല്ലോ. ഒരു രാത്രി മസ്ജിദ്ദിലും അടുത്ത രാത്രി ചാവടിയിലുമാണ് ബാബ ഉറങ്ങുക. (ചാവടി മസ്ജിദ്ദിനടുത്തുള്ള രണ്ടു മുറികൾ മാത്രമുള്ള ഒരു പൊതുകെട്ടിടമാണ്). ഈ ഒന്നിടവിട്ട് മാറിമാറിയുള്ള ഉറക്കം, ബാബയുടെ മഹാസമാധിവരെ തുടർന്നുകൊണ്ടിരുന്നു. 1909 ഡിസംബർ മാസം 10 മുതൽ ഭക്തന്മാർ ബാബയെ ചാവടിയിൽവെച്ച് സ്ഥിരമായി ആരാധിക്കാൻ തുടങ്ങി. ഇത് നമുക്ക്, ബാബയുടെ അനുഗ്രഹത്താൽ ഇവിടെ വിവരിക്കാം. ചാവടിയിലേക്കു പോകാനുള്ള സമയമടുക്കുമ്പോൾ, ഭക്തന്മാർ മസ്ജിദ്ദിൽ തടിച്ചുകൂടി മുറ്റത്തിരുന്ന് ഭജന നടത്തും. അവരുടെ പിറകെ അലങ്കരിച്ച ഒരു രഥമുണ്ടായിരിക്കും. വലതുഭാഗത്ത് ഒരു തുളസിവൃന്ദാവനമാണ്. മുന്നിൽ ബാബയും ഇവക്ക് മദ്ധ്യത്തിൽ ഭജനനടത്തുന്ന ഭക്തന്മാരും. ഭജന ഇഷ്ടപ്പെടുന്ന സ്ത്രീകളും പുരുഷന്മാരും സമയത്തിനെത്തിച്ചേരും. പലരും താളം, ചപ്ലാംകട്ട, എലത്താളം, മൃദംഗം, ഗഞ്ചിറ, ഘോൾ മുതലായ വാദ്യോപകരണങ്ങൾ എടുത്തിരിക്കും. എന്നിട്ടാണ് ഭജന നടത്തുക. ഈ ഭക്തന്മാരെ മുഴുവൻ ആകർഷിച്ചുകൊണ്ടുവന്ന കാന്തശക്തിയാണ് സായിബാബ. പുറമെ ചിലർ തീവെട്ടികൾ ശരിപ്പെടുത്തും. ചിലർ പല്ലക്ക് അലങ്കരിക്കും. ചിലർ ചൂരൽവടികൾ കയ്യിൽവെച്ച് സായി ബാബ കീ ജയ് എന്നു വിളിക്കും അവിടെ മുഴുവൻ അലങ്കരിച്ചിരിക്കും. മസ്ജിദ്ദിനു ചുറ്റും വിളക്കുകൾ കത്തിക്കും. ബാബയുടെ കുതിര ശ്യാമകർണ്ണനെ നന്നായലങ്കരിച്ച് മുന്നിൽ നിർത്തും. അപ്പോൾ താത്ത്യാ പട്ടേൽ ഒരു സംഘം ആളുകളുമായി വന്ന്, ബാബയോട് തയ്യാറാവാൻ പറയും. താത്ത്യാപട്ടേൽ വന്ന് ബാബയെ കൈ

പിടിച്ച് എഴുന്നേൽപ്പിക്കുന്നതുവരെ ബാബ ശാന്തനായി അവിടെ ഇരിക്കും. താത്ത്യാ ബാബയെ 'മാമ' എന്നാണ് വിളിക്കുക. അവരുടെ ബന്ധം അത്രമാത്രം അടുത്തതായിരുന്നു. ബാബ കഫ്നി ധരിച്ച്, സത്ക കയ്യിലെടുത്ത്, ചിലിം പൈപ്പും പുകയിലയുമെടുത്ത് ചുമലിൽ ഒരു വസ്ത്രവുമിട്ട് തയ്യാറാവും. അപ്പോൾ താത്ത്യാ സ്വർണ്ണവർണ്ണത്തിലുള്ള ഒരു വിശേഷപ്പെട്ട ഷാൾ ബാബയുടെ ദേഹത്തിൽ ഇട്ടുകൊടുക്കും. അതിന്നുശേഷം ബാബ തന്റെ അടുത്തുള്ള വിറകുകെട്ട് വലതുകാൽകൊണ്ട് നീക്കിവെച്ച് കത്തിച്ചുകൊണ്ടിരിക്കുന്ന വിളക്ക് വലതു കൈകൊണ്ട് കെടുത്തി ചാവടിക്ക് പുറപ്പെടുന്നു. എല്ലാ വാദ്യോപകരണങ്ങളും ചെണ്ട, ബേന്റ്, കുഴല്, മൃദംഗം മുതലായ അവയുടെ പലതരം ധ്വനികൾ മുഴക്കുകയായി. കരിമരുന്ന് പണികളെക്കൊണ്ട് വർണ്ണോജ്ജ്വലമായ അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നു. സ്ത്രീകളും പുരുഷന്മാരും സംഗീതോ പകരണങ്ങളോടുകൂടി ബാബയുടെ ഭജന പാടികൊണ്ട് നീങ്ങുന്നു. ചിലർ ആനന്ദംകൊണ്ട് നൃത്തം വെക്കുന്നു ചിലർകൊടിക്കൂറകളും മറ്റും പിടിക്കുന്നു. ദൽദാരന്മാർ, ബാബ ഒതുക്കിന്മേൽ കാൽ വെക്കുന്നതോടുകൂടി ബാബയുടെ ഇരുവശത്തും വെൺചാമരം പിടിച്ച് നിന്ന് അവർ ബാബയെ വീശിക്കൊടുക്കുന്നു. ഭക്തന്മാർ കൈപിടിച്ചുകൊണ്ടു, വെള്ളവിരിച്ച പാതയിലൂടെ ബാബ മന്ദം മന്ദം നടക്കുന്നു. താത്ത്യാ ഇടതുകൈയ്യും മഹൽസാപതി വലതുകയ്യും പിടിക്കുന്നു. ബാപ്പു സാഹേബ്ജോഗ് വെൺകൊറ്റകുട പിടിക്കുന്നു. ഈ വിധത്തിൽ ബാബ ചാവടിക്ക് എഴുന്നള്ളു ന്നു. പരിപൂർണ്ണമായി അലങ്കരിക്കപ്പെട്ട ശ്യാമകർണ്ണൻ എന്ന കുതിര വഴികാട്ടിയായി മുന്നിലും, അതിന് പുറകെ സേവകന്മാരും വാദ്യക്കാരും ഭക്തന്മാരും മററും നടക്കുന്നു. സംഗീതോപകരണങ്ങളുടെ ശ്രുതിക്കനുസരിച്ച് ഹരിനാമവും

സായിനാമവും മധുരമധുരമായി പാടുന്നു. ഇങ്ങനെ ഘോഷയാത്ര ചാവടിയുടെ മൂലവരെ പോകുമ്പോഴേക്കും സർവ്വജനങ്ങളും അത്യന്തം സന്തുഷ്ടരായിത്തീരുന്നു.

മസ്ജിദിന്റെ ഒരു മൂലക്കലെത്തുമ്പോൾ ബാബ ചാവടിക്കഭിമുഖമായി നിൽക്കുന്നു. അന്നേരം ഒരു അഭൗമമായ പ്രഭാമണ്ഡലം ബാബയെ ആവരണം ചെയ്തതായി കാണാം. ബാബയുടെ മുഖം പ്രഭാതസൂര്യനെപ്പോലെ വിളങ്ങുന്നുണ്ടാവും. ബാബ വടക്കോട്ട് തിരിഞ്ഞ് ധ്യാനനിരതനായി ആരെയോ വിളിക്കുന്ന മാതിരി നില്ക്കും. ബാബ, വലംകൈ മേലോട്ടും കീഴോട്ടും കുറച്ചുനേരം തുടർച്ചയായി വീശുമ്പോൾ എല്ലാ വാദ്യോപകരണങ്ങളും മധുരസ്വരം പൊഴിക്കും. അന്നേരം കാക്കാസാഹെബ് ദീക്ഷിത് ചുവന്ന കുങ്കുമം പുരണ്ട കുറെ പുഷ്പങ്ങൾ ഒരു തട്ടിൽ വെച്ച് കൊണ്ട് വന്ന് ഇടക്കിടക്ക് ബാബയുടെ ദേഹത്തിൽ അർപ്പിക്കും. അന്നേരം സംഗീതോ പകരണങ്ങൾ വളരെ നന്നായി വായിക്കുന്നുണ്ടാവും. ബാബ, ശോഭകൊണ്ട് വിളങ്ങിക്കൊണ്ടിരിക്കും. എല്ലാവരും ആനന്ദ ത്തോടെ ഈ പ്രഭാ പൂരം കണ്ടാസ്വദിക്കും. ഈ അവസര ത്തിലെ മാഹാത്മ്യവും ഗാംഭീര്യവും വിവരിക്കാൻ വാക്കുകളുണ്ടാവില്ല. ഇടക്ക്, മഹൽസാപതി ദൈവാവേശം കയറി നൃത്തം വെക്കുന്നുണ്ടാവും. പക്ഷെ ബാബയുടെ ധ്യാനത്തിന് ഒരിളക്കവും വരുന്നില്ലെന്ന് കണ്ട് എല്ലാവരും അതിശയിച്ചുപ്പോവും. ഒരു റാന്തലുമായി താത്ത്യാപട്ടേൽ ബാബയുടെ ഇടത്തുഭാഗത്തും, മഹൽസാപതി വലത്തു ഭാഗത്തും ബാബയുടെ ഉടുപ്പിന്റെ തലപിടിച്ചുകൊണ്ട് നടക്കും. എന്തൊരു സുന്ദരമായ ഘോഷയാത്ര! എന്തൊരു ഭക്തിപ്രകടനം ഇതു കാണാൻ സ്ത്രീകളും പുരുഷന്മാരും ധനികരും ദരിദ്രരും എല്ലാവരും തടിച്ചുകൂടും. ബാബ വളരെ സാവാധാനമേ നടക്കൂ. ഭക്തന്മാർ പ്രേമാദരഭക്തിയോട് കൂടി ഇരുവശത്തുമായി

അനുഗമിക്കുന്നു. ഇങ്ങിനെ ആനന്ദം നിറഞ്ഞു വഴിയുന്ന അന്തരീക്ഷത്തിൽ ഘോഷയാത്ര ചാവിടിയിലെത്തുന്നു. അന്നത്തെ കാഴ്ചകളും ആ കാലവും ഇന്ന് പോയ്മറഞ്ഞു. ആർക്കും അത് ഇപ്പോളോ മേലാലോ കാണാൻ കിട്ടില്ല. എങ്കിലും ആ രംഗം മനസ്സിൽ വിഭാവനം ചെയ്തു നമുക്ക് മനശ്ശാന്തിയും സമാധാനവും തേടാം.

ചാവടിയും, ഒരു വെള്ളമേലാപ്പും കണ്ണാടികളും ദീപങ്ങളും കൊണ്ടലങ്കരിച്ചിരിക്കും. അവിടെ എത്തുമ്പോൾ താത്ത്യാ മുന്നിൽ പോയി ഒരു ആസനം ഒരുക്കി ഒരു കുഷ്യൻ വെച്ചു ചാരിയിരിക്കാൻ തയ്യാറാക്കും. ബാബ അവിടെ ഇരിക്കുമ്പോൾ ഒരു നല്ല കോട്ട് ധരിപ്പിക്കും. അപ്പോൾ ഭക്തന്മാർ ബാബയെ പലതരത്തിലും ആരാധിക്കും. അവർ ബാബയ്ക്ക് ഒരു കീരിടം ധരിപ്പിച്ച് മാലചാർത്തി ചന്ദനംകൊണ്ട് വൈഷ്ണവന്മാരെപ്പോലെ മുഗ്ഗോപി തൊടുവിപ്പിച്ച് തൃപ്തിയാവോളം നോക്കിയിരിക്കും. അവർ കിരീടം ഇടക്കിടക്ക് മാറിമാറിവെച്ച്, ബാബ അതെടുത്ത് ദൂരെക്കെറിയുമോ എന്ന് ഭയന്ന്, പിടിച്ചുകൊണ്ട് നില്ക്കും. ബാബ അവരുടെ ഹൃദയശുദ്ധി അറിഞ്ഞ് ഇതെല്ലാം ചെയ്യുന്നതിൽ നിന്ന് അവരെ വിലക്കാതെ വിനയത്തോടുകൂടി ഇരിക്കും. ഈ വക അലങ്കാരങ്ങളാൽ സായിബാബ അത്യധികം മനോഹരനായിത്തീരും.

നാനാസാഹെബ് നിമോൻകാർ, അലംകൃതവും മകുടത്തോടും അലുക്കുകളോടും കൂടിയതുമായ ഒരു വെൺകൊറ്റകുട അദ്ദേഹത്തിന് പിടിച്ചുകൊടുക്കും. ബാപ്പുസാഹെബ് ജോഗ്, ബാബയുടെ പാദങ്ങൾ കഴുകിച്ച് അർഘ്യം കൊടുക്കുകയും കൈകളിൽ ചന്ദനം പൂശുകയും താമ്പൂലം കൊടുക്കുകയും ചെയ്യുമ്പോൾ ബാബ ആസനത്തിൽ തന്നെ ഇരിക്കയും താത്ത്യയും മറ്റു ഭക്തന്മാരും ബാബയുടെ കാല്ക്കൽ നമസ്കരിക്കുകയും ചെയ്യും. ബാബ ആസനസ്ഥ നായി കുഷ്യനിൽ ചാരിയിരിക്കുമ്പോൾ ഭക്തന്മാർ ചാമരം

വീശിക്കൊടുക്കും. ശാമ ചിലിം തയ്യാർ ചെയ്ത് താത്ത്യക്കു കൊടുക്കുമ്പോൾ താത്ത്യ ഒരു പുകവലിച്ച് ബാബക്ക് കൊടുക്കും. ബാബ ഒരു പുകവലിച്ച് മഹൽസാപതിക്ക് കൊടുക്കു. അങ്ങിനെ അത് എല്ലാവർക്കും എത്തിച്ചുകൊടുക്കും. ആ ചിലിം അനുഗ്രഹീതമാണ്. ആദ്യം അതിന് കുംഭകാരന്റെ ചവിട്ടു മുതലായ തേല്ക്കുന്നു. വെയിലിലും തീയിലും ചുടുന്നു. ആ തപശ്ചര്യക്കു ശേഷം അതിന് ബാബയുടെ കരങ്ങളുടെയും ചുണ്ടുകളുടെയും സ്പർശനമേൽക്കാൻ കഴിഞ്ഞിരിക്കുന്നു. ഇതിന്നുശേഷം ഭക്തന്മാർ ബാബയെ ഹാരമണിയിച്ച് വാസനദ്രവ്യങ്ങളും വാസനിക്കാൻ പൂക്കളും അർപ്പിക്കുന്നു. തികച്ചും നിസ്സംഗത്തിന്റെ മൂർത്തിമത് പ്രഭാവമായ ബാബക്ക് മാലയിലും ആഭരണങ്ങളിലും യാതൊരു ശ്രദ്ധയുമില്ലെങ്കിലും ഭക്തന്മാരുടെ ഇംഗിതത്തിനു വഴങ്ങി അവർ എന്തു ചെയ്യുന്നതും സ്വീകരിക്കുക മാത്രമാണ്. ഒടുവിൽ വാദ്യസംഗീത ത്തോടൊപ്പം എല്ലാ ചടങ്ങുകളോടും കൂടി ബാപ്പു സാഹെബ് ജോഗ്, ബാബക്ക് ആരതി കാണിക്കുന്നു. ഈ ആരതിക്കുശേഷം ഭക്തന്മാർ ഓരോരുത്തരായി ബാബയെ നമസ്കരിച്ച് അനുവാദം വാങ്ങി മടങ്ങിപ്പോകും. താത്ത്യസാഹെബ് ചിലിം അത്തർ, പനിനീർ മുതലായവകൊണ്ടുപചരിച്ച് പോകാൻ ഒരുങ്ങിയാൽ ബാബ പറയും 'എന്നെ കാവൽ നില്കണം നിനക്കുവേണ മെങ്കിൽ പോകാം. പക്ഷെ രാത്രിയിൽ എപ്പോഴെങ്കിലും ഇവിടെ വന്ന് എന്റെ കാര്യം അന്വേഷിക്കണം' അങ്ങിനെ ചെയ്തോള മാമെന്ന് പറഞ്ഞ് താത്ത്യ ചാവടിവിട്ട് വീട്ടിലേക്കു പോകും. പിന്നെ ബാബ തന്നെ വിരിപ്പു തയ്യാറാക്കും. അമ്പതറുപത് വെള്ളവിരികൾ മേല്ക്കുമേൽ വിരിച്ചതിൽ ബാബ കിടന്നു വിശ്രമിക്കും.നമുക്കും ഈ അദ്ധ്യായം അവസാനിപ്പിച്ച് വിശ്രമമെടുക്കാം. വായനക്കാർ നിത്യവും ഉറങ്ങുന്നതിനു മുമ്പായി സായിബാബയെയും ചാവടിഘോഷ യാത്രയും സ്മരിക്കണമെന്ന് അപേക്ഷിക്കുന്നു.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!

# അദ്ധ്യായം - 38



*ബാബയുടെ പാചകപാത്രം - ക്ഷേത്രങ്ങളോടുള്ള അവഗണന - കൂട്ടികലർത്തിയ ഭക്ഷണം - ഒരു കോപ്പ മോര്*

*കഴിഞ്ഞ അദ്ധ്യായത്തിൽ ചാവടി എഴുന്നള്ളിപ്പിനെ വിവരിച്ചു. ഈ അദ്ധ്യായത്തിൽ ബാബയുടെ പാചക പാത്രത്തെയും മറ്റുവിഷയങ്ങളെയും സംബന്ധിച്ച് പ്രതിപാദിക്കാം.*

## മുഖവുര

സമസ്തജീവജാലങ്ങൾക്കും ആനന്ദം പ്രദാനം ചെയ്ത്, ഭക്തനമാർക്ക് ക്ഷേമം വരുത്തി, അവിടുത്തെ പാദാരവിന്ദങ്ങളെ ശരണം പ്രാപിച്ചവരുടെ സകലദുരിതങ്ങളും തീർത്തു വിരാജിക്കുന്ന അനുഗ്രഹീതനായ സദ്ഗുരു സായി! അവിടുത്തെ ഞങ്ങൾ പ്രണമിക്കുന്നു. സ്വതവെ ദയാപരനും ശരണാഗതരെ സംരക്ഷിക്കുന്നവനും ആയ അവിടുന്നു ഭക്തന്മാരുടെ ആഗ്രഹപൂരണത്തിന്നായും അവർക്ക് നന്മ വരുത്താനും വേണ്ടിയാണ് ഭൂമിയിൽ അവതരിച്ചത്. പരിശുദ്ധാത്മാവിന്റെ ദ്രാവകരൂപത്തിലുള്ള അന്തസ്സാരത്തെ ബ്രഹ്മത്തിന്റെ

മൂശയിലൊഴിച്ച് വാർത്തതിനാലാണ് ഋഷിശ്വരന്മാരുടെ ചൂഡാമണിയായ സായി ഉടലെടുത്തത്. ഈ സായി ആത്മാരാമൻ തന്നെയാണ്. തികഞ്ഞ ദൈവികാനന്ദത്തിന്റെ ആവാസ സ്ഥാനമാണ് ബാബ. ജീവിതത്തിന്റെ പരമോദ്ദേശം സാദ്ധ്യമായ അവിടുന്ന് അവിടുത്തെ ഭക്തന്മാരെ നിസ്സംഗരും സ്വതന്ത്രരുമാക്കി മാറ്റുന്നു.

**ബാബയുടെ പാചകപാത്രം**

വ്യത്യസ്ത യുഗങ്ങൾക്ക് വ്യത്യസ്ത സാധനകളാണ് വേദകല്പിതം. കൃതയുഗത്തിൽ തപസ്സും, ത്രേതായുഗത്തിൽ ജ്ഞാനവും, ദ്വാപരയുഗത്തിൽ യജ്ഞവും കലിയുഗത്തിൽ ദാനവുമാണ് നിർദ്ദിഷ്ട സാധനകൾ. ദാനങ്ങളിൽ ശ്രേഷ്ഠം അന്നദാനമാണ്. ഉച്ചഭക്ഷണം കിട്ടാഞ്ഞാൽ നാമെല്ലാം പരിഭ്രമിക്കുന്നു. മറ്റു ജീവജാലങ്ങൾ ഇതേ പോലെ തന്നെയാണ്. ഇക്കാര്യമറിഞ്ഞ് ദരിദ്രർക്കും വിശക്കുന്നവർക്കും ഭക്ഷണം കൊടുക്കുന്നവനാണ് ഏറ്റവും ശ്രേഷ്ഠമായ ദാതാവും ധർമ്മിഷ്ടനും. തൈത്തിരീയ ഉപനിഷത്തിൽ പറയുന്നത് നോക്കുക. "അന്നം ബ്രഹ്മമാണ്. അന്നത്തിൽ നിന്ന് എല്ലാ ജീവജാലങ്ങളും ജനിക്കുന്നു. ജനിച്ചു കഴിഞ്ഞാൽ അന്നം കൊണ്ട് അവ ജീവിക്കുന്നു. മരണശേഷം അന്നമായിതന്നെ അവ വീണ്ടും മാറുന്നു" നമ്മുടെ വാതില്ക്കൽ ഉച്ചക്കൊരതിഥി വന്നാൽ അയാളെ സ്വീകരിച്ച് ഭക്ഷണം കൊടുക്കേണ്ടത് നമ്മുടെ കടമയാണ്. മറ്റുതരത്തിലുള്ള ദാനധർമ്മങ്ങളായ വസ്ത്രദാനം, ദ്രവ്യദാനം മുതലായവയിൽ ചില വിവേചനങ്ങളൊക്കെ ആവശ്യമാണെങ്കിലും അന്നദാനത്തിന് ആളെ നോക്കേണ്ടതേ ഇല്ല. ആരുതന്നെ മദ്ധ്യാഹ്നത്തിൽ വാതിൽക്കൽ വന്നാലും അന്നം കൊടുക്കണം. മുടന്തനും, കുരുടനും രോഗിയുമാണെങ്കിൽ അവർക്ക് മുൻഗണന നൽകണം. ശരീരബലമുള്ള

വർക്കും ബന്ധുക്കൾക്കും പിന്നീട് കൊടുത്താൽ മതി. ആദ്യത്തെ തരത്തിൽപ്പെട്ടവരെ ഊട്ടുന്നതിനുള്ള നേട്ടം രണ്ടാമത്തെ തരക്കാരെ ഊട്ടുന്നതിലില്ല. അന്നദാനരഹിതമായ ഏതു ദാനവും, ചന്ദ്രനില്ലാത്ത നക്ഷത്രങ്ങൾ പോലെയും, മകുടമില്ലാത്ത കിരീടംപോലെയും, പതക്കമില്ലാത്ത കണ്ഠാഭരണംപോലെയും, താമരയില്ലാത്ത കുളംപോലെയും, ഭക്തിയില്ലാത്ത ഭജനപോലെയും, കുങ്കുമം തൊടാത്ത സുമംഗലിപോലെയും, മധുരസ്വരമില്ലാത്ത പാട്ടുപോലെയും, ഉപ്പിടാത്ത മോരുപോലെയും അപൂർണ്ണമാണ്. അന്നദാനമാണ് എല്ലാ സത്കർമ്മങ്ങളിലും വെച്ച് വിശിഷ്ടം. ഇനി നമുക്ക് ബാബ എപ്രകാരം ഭക്ഷണം തയ്യാറാക്കി വിതരണം ചെയ്തുവെന്നു നോക്കാം.

ബാബക്ക് വളരെ കുറച്ച് ഭക്ഷണമേ ആവശ്യമുണ്ടായിരുന്നുള്ളൂ. എന്നും, അതുതന്നെ കുറച്ചു വീടുകളിൽ നിന്ന് യാചിച്ചുവാങ്ങലാണ് പതിവെന്നും മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. പക്ഷെ എപ്പോഴെങ്കിലും എല്ലാവർക്കും ഭക്ഷണം കൊടുക്കണമെന്നു തോന്നിയാൽ, തുടക്കം മുതൽ ഒടുക്കംവരെയുള്ള എല്ലാ ഏർപ്പാടുകളും അദ്ദേഹം തന്നെയാണ് ചെയ്യുക. ഇതിൽ ആരെയും ആശ്രയിക്കയോ ബുദ്ധിമുട്ടിക്കയോ ചെയ്യില്ല. ആദ്യം താൻ തന്നെ ബസാറിൽ പോയി ധാന്യങ്ങൾ, മാവ്, കുരുമുളക്, ഏലം, പട്ട മുതലായവയെല്ലാം കാശുകൊടുത്തു വാങ്ങും. അരവും താൻ താൻ തന്നെ കഴിക്കും. മസ്ജിദിന്റെ തുറന്ന മുറ്റത്ത് ഒരു വലിയ അടുപ്പുകൂട്ടി തീ കത്തിച്ച് വലിയ ഒരു പാത്രത്തിൽ പാകത്തിനുള്ള വെള്ളമൊഴിച്ച് അടുപ്പത്ത് വെയ്ക്കും. രണ്ടു തരത്തിലുള്ള പാത്രങ്ങളുണ്ട്. ഒന്ന് വലുതും മറ്റേത് ചെറുതും വലുത് 100 പേർക്കും ചെറുത് 50 പേർക്കും മതിയാവും. ചിലപ്പോൾ പായസവും ചിലപ്പോൾ

ഇറച്ചികൊണ്ടുള്ള പുലാവും തയ്യാറാക്കും. ചിലപ്പോൾ തിളക്കുന്ന വെള്ളത്തിലേക്ക് മാവു ചെറുതായി ഉരുട്ടിയോ പരത്തിയോ ഇട്ടുകൊടുക്കും. കുരുമുളക്, ഏലം, പട്ട മുതലായവ കല്ലിന്മേൽ വെച്ച് പൊടിച്ച് പാത്രത്തിലിടും. ഭക്ഷണം രുചികരമാക്കാൻ വേണ്ടതെല്ലാം ബാബ ചെയ്യും. 'അമ്പിൾ' എന്ന പലഹാരമുണ്ടാക്കി ഭക്ഷണശേഷം എല്ലാവർക്കും കൊടുക്കും. ഭക്ഷണം വേണ്ടപോലെ വേവായോ എന്നു നോക്കാൻ ബാബ കഫ്നിയുടെ കൈതിരിച്ചുകയറ്റി നഗ്നമായ കൈ തിളക്കുന്ന ഓട്ടുപാത്രത്തിലിട്ട് ഒട്ടാകെ ഇളക്കി മറിച്ച് പാകപ്പെടുത്തും. കയ്യ് പൊള്ളുകയോ അതിൽ ഭീതനാവുകയോ ചെയ്യില്ല. വെപ്പു കഴിഞ്ഞാൽ ബാബ പാത്രങ്ങൾ മസ്ജിദ്ദിൽ കയറ്റിവെച്ച് ഭക്ഷണം ഒരു മൗലവിയെകൊണ്ട് പരിപൂർണ്ണമാക്കിക്കും. ആദ്യം മഹൽസാപതിക്കും താത്ത്യാപട്ടേലിനും ഓരോ ഭാഗം പ്രസാദമായി കൊടുത്തയക്കും. ബാക്കി മുഴുവൻ സ്വന്തം കൈകൊണ്ടുതന്നെ ദരിദ്രന്മാർക്കും നിസ്സഹായർക്കും വേണ്ടുവോളം വാരിക്കൊടുക്കും. അങ്ങിനെ ബാബ തന്നെ വിളമ്പിക്കൊടുത്ത അന്നം കഴിക്കാൻ കഴിഞ്ഞ ജനങ്ങൾ ഭാഗ്യവാന്മാരാണ്. ചിലർ ചോദിച്ചേക്കാം, ബാബ പച്ചക്കറി ഭക്ഷണവും മാംസഭക്ഷണവും എല്ലാവർക്കും ഒരുപോലെ കൊടുക്കുകയായിരുന്നുവോ എന്ന്. ഉത്തരം വ്യക്തവും ഋജുവുമാണ്. മാംസം കഴിക്കുന്നവർക്കു മാത്രമേ മാംസം കൊടുക്കൂ. അല്ലാത്തവരെക്കൊണ്ട് അത് തൊടീക്കപോലും ചെയ്യില്ല. അവർക്കത് കഴിക്കാനുള്ള യാതൊരു താല്പര്യവും അവരിൽ ബാബ സൃഷ്ടിക്കില്ല. ഗുരു എന്തു പ്രസാദം തന്നാലും ശിഷ്യൻ അത് സ്വീകരിക്കുമോ എന്ന് സംശയിച്ചാൽ നരകത്തിൽ പോവുമെന്ന ഒരു തത്വമുണ്ട്. ഈ തത്വം ഏതെങ്കിലും ശിഷ്യൻ ഗ്രഹിച്ചിട്ടുണ്ടോ എന്നു നോക്കാൻ ബാബ ചിലപ്പോൾ ചില




പരീക്ഷണങ്ങൾ നടത്തും. ഉദാഹരണമായി ഒരു ഏകാദശി ദിവസം ബാബ, ദാദ കേൾക്കറെ വിളിച്ച് ഒരുറുപ്പിക കൊടുത്ത് കൊരളയിൽ പോയി മാംസം വാങ്ങികൊണ്ടുവരാൻ പറഞ്ഞു. ദാദാ കേൽക്കർ ഒരു യാഥാസ്ഥിതിക ബ്രാഹ്മണനായിരുന്നു. അയാൾക്ക് ധന ധാന്യങ്ങളും വസ്ത്രങ്ങളും മാത്രം സദ്ഗുരുവിന് കൊടുത്താൽ പോരെന്നും ഗുരുവിന്റെ കല്പന, ക്ഷണത്തിൽ അക്ഷരംപ്രതി അനുസരിക്കലാണ് ഏറ്റവും സന്തോഷകരമായ ദക്ഷിണ എന്നും അറിയാമായിരുന്നു. അതുകൊണ്ട് ദാദാകേൽക്കർ ഉടുപ്പുമാറി മാംസം വാങ്ങാൻ പുറപ്പെട്ടു. അയാൾ പുറപ്പെട്ടതുകണ്ട് ബാബ അയാളെ മടക്കി വിളിച്ചു. പരിപാടി റദ്ദാക്കി, ഒരിക്കൽ ബാബ ദാദയോട് പുലാവിൽ ഉപ്പുമതിയോ എന്നു നോക്കാൻ പറഞ്ഞു. ദാദ സാധാരണമട്ടിൽ എല്ലാം ശരിക്കുണ്ടെന്നു പറഞ്ഞു. അപ്പോൾ ബാബ 'നീ അത് കണ്ണുകൾകൊണ്ട് കാണുകയോ നാക്കുകൊണ്ട് രുചിക്കുകയോ ചെയ്യാതെ എങ്ങിനെ നന്നായെന്നു പറഞ്ഞു? അടപ്പു തുറന്നൊന്നു നോക്കൂ' എന്ന് പറഞ്ഞു. അയാളുടെ കയ്യ് പിടിച്ച് പാത്രത്തിൽ താഴ്ത്തി 'കയ്യെടുത്ത് നിന്റെ യാഥാസ്ഥിതിക മനോഭാവം കളഞ്ഞ് കയ്യിൽകൊണ്ട് ഒരു കഷണമെടുത്ത് നോക്ക്' എന്ന് വീണ്ടും പറഞ്ഞു മാതൃഹൃദയം സ്നേഹാർദ്ര മാകുമ്പോൾ കുഞ്ഞിനെ നുള്ളി എന്നുവരാം. അതു കരയു മ്പോൾ മാറോടടുക്കി പിടിക്കുകയും ചെയ്യും. അതു പോലെ ബാബ യഥാർത്ഥമായും മാതൃനിർവ്വിശേഷം കോൽക്കറെ കയ്പിടിച്ചമർത്തിയതാണ്. ഒരു ഋഷിയും, ഒരു ശിഷ്യനെയും നിഷിദ്ധാഹാരം കഴിപ്പാൻ അനുവദിക്കില്ല. ഈ പാചകപണി 1910 വരെ നടന്നു. പിന്നീടത് നിർത്തലാക്കി. ദാസ്ഗനുവിന്റെ കീർത്തനംകൊണ്ട് ബാബ ബോംബെ മുഴുവൻ അറിയപ്പെട്ട തോടുകൂടി കണക്കില്ലാതെ ആളുകൾ ഷിർദ്ദിയിലേക്ക് വരാൻ തുടങ്ങി. അവിടം ഒരു തീർത്ഥാടനകേന്ദ്രമായി മാറിക്കഴിഞ്ഞു.





ഭക്തന്മാർ പല കാണിക്കകളും ഭക്ഷണ പദാർത്ഥങ്ങളും നൈവേദ്യങ്ങളും കൊണ്ടുവരാൻ തുടങ്ങി. അവർകൊണ്ടുവന്ന നൈവേദ്യംകൊണ്ട് ഫക്കീർമാർക്കും ദരിദ്രന്മാർക്കും വേണ്ടുവോളം കൊടുത്തിട്ടും ബാക്കിയാവാൻ തുടങ്ങി. നൈവേദ്യം എങ്ങിനെ വിതരണം ചെയ്യുമെന്ന് പറയുന്നതിന് മുമ്പ്, ഗ്രാമദേവന്മാരോടുള്ള ബാബയുടെ ബഹുമാനം കാണിക്കുന്ന നാനാസാഹേബ് ചന്ദോർക്കറുടെ കഥ പറയാം.

## നാനാസാഹെബിന്റെ ഒരു ദേവനോടുള്ള അവഗണന

ചില അനുമാനങ്ങളെ ആശ്രയിച്ചുകൊണ്ട്, ചിലർ സായി ബ്രാഹ്മണനാണെന്നും, ചിലർ മുസ്ലീമാണെന്നും പറഞ്ഞു. യഥാർത്ഥത്തിൽ സായിബാബ മതാതീതനായിരുന്നു. ആർക്കും ബാബ എന്നു ജനിച്ചെന്നോ ഏതു ജാതിക്കാരനെന്നോ മാതാപിതാക്കളാരാണെന്നോ, കൃത്യമായറിയില്ല. പിന്നെ എങ്ങനെ ബാബ മുസ്ലീമോ ബ്രാഹ്മണനോ ആവും? മുസ്ലീമാണെങ്കിൽ എങ്ങനെ ബാബ ധുനി എന്ന അഗ്നി കുണ്ഡം കത്തിച്ചുവെയ്ക്കും, എങ്ങിനെ തുളസിവൃന്ദാവനം ഉണ്ടാക്കും, എങ്ങനെ ശംഖുവിളിയും മണിയടിയും വാദ്യഘോഷവും മറ്റു പലതരം ഹിന്ദു ആരാധനകളും അനുവദിക്കും? മുസ്ലീമായിരുന്നെങ്കിൽ കാതുകുത്തിയിരിക്കുമോ? സ്വന്തം പണം ചിലവുചെയ്ത് ഹിന്ദുക്ഷേത്രങ്ങൾ നന്നാക്കുമോ? അതും പോരെങ്കിൽ ഹിന്ദുക്ഷേത്രങ്ങളെ അവഗണിക്കുന്നത് ലവലേശംപോലും ബാബ പൊറുത്തിരുന്നില്ല.

ഒരിക്കൽ നാനാസാഹെബ് തന്റെ ഭാര്യ സഹോദരിയുടെ ഭർത്താവായ ബിനിവാലെയോടുകൂടെ ഷിർദ്ദിയിലേക്കു വന്നു. അവർ മസ്ജിദ്ദിൽ പോയി ബാബയോട് സംസാരിക്കുവാൻ തുടങ്ങിയപ്പോൾ, ബാബ കോപിച്ചുകൊണ്ടു പറഞ്ഞു 'നീ ഇത്രകാലം എന്നോടിടപെട്ട് ഇങ്ങനെ പെരുമാറിയതെന്താണ്?'

നാനാസാഹെബിന് കാര്യം മനസ്സിലാവാതെ ബാബയോട് വിശദമായി പറയാൻ അപേക്ഷിച്ചു. ബാബ, അയാളോട് എപ്പോൾ കോപ്പർഗാവോണിലെത്തി എന്നും, എങ്ങിനെ ഷിർദ്ദിയിൽ എത്തി എന്നും, ചോദിച്ചു. ഉടനെ നാനാസാഹെബിന് തെറ്റു മനസ്സിലായി. സാധാരണ ഗോദാവരി തീരത്തുള്ള ദത്തക്ഷേത്രത്തിൽ തൊഴുതാണ് ഷിർദ്ദിയിൽ വരാറുള്ളത്. ഇപ്രാവശ്യം അയാളുടെ ദത്തഭക്തനായ ബന്ധുവെയുംകൂടി ക്ഷേത്രദർനത്തിൽ നിന്ന് മുടക്കി, താമസം ഒഴിവാക്കാൻ നേരെ പോരുകയാണുണ്ടായത്. ബാബയോട് എല്ലാം പറഞ്ഞ്, ഗോദാവരിയിൽ കുളിക്കുമ്പോൾ കാലിൽ മുള്ളുതറച്ച് വളരെ വേദനിച്ച വിവരവും വെളിപ്പെടുത്തി. ബാബ അയാളോട് അതയാൾക്കു കിട്ടിയ ഒരു ചെറിയ ശിക്ഷയാണെന്നും മേലാൽ കൂടുതൽ ശ്രദ്ധിക്കണമെന്നും താക്കീത് ചെയ്തു.

## ഭക്ഷണം കൂട്ടിക്കലർത്തൽ

ഇനി നൈവേദ്യവിതരണം തന്നെ പറയാം. ആരതിക്കുശേഷം ഭക്തന്മാർക്കെല്ലാം ബാബ ഉധിയും അനുഗ്രഹവും കൊടുത്ത് പറഞ്ഞയച്ചുകഴിഞ്ഞാൽ അകത്തു പോയി തൂണുചാരി ഭക്ഷണത്തിനിരിക്കും. ബാബയുടെ ഇരുവശവും ഭക്തന്മാർ വരിവരിയായി ഇരിക്കും. ഭക്തന്മാർ അവർ കൊണ്ടുവരുന്ന പൂരി, ബോളി, ബസുന്തി, സൻസാ, ചോറു മുതലായ നൈവേദ്യങ്ങളടങ്ങുന്ന പാത്രങ്ങൾ മുന്നിൽവെക്കും അവർ, ബാബ അവതൊട്ടു പരിശുദ്ധമാക്കികിട്ടാൻ കാത്ത് പുറത്ത് നില്ക്കും. എല്ലാ ഭക്ഷണവും ഒന്നിച്ചൊരു പാത്രത്തിലിട്ട് ബാബയുടെ മുന്നിൽവെക്കും. ബാബ അതെല്ലാം ദൈവത്തിന് നിവേദിച്ച് പരിശുദ്ധമാക്കും. പിന്നീട് ഒരു ഭാഗം പുറത്ത് നില്ക്കുന്നവർക്ക് കൊടുത്ത് ബാക്കി ബാബയും അകത്തിരിക്കുന്നവരും കൂടി കഴിക്കും. രണ്ടുവരിയായിരിക്കുന്നവർ

സുഖമായി ഭക്ഷിക്കും. ബാബ, ശാമയോടും നാനാസാഹെബ് നിമോൻകാറിനോടും അകത്തിരിക്കുന്നവർക്ക് ഭക്ഷണം വിളമ്പി അവർക്ക് വേണ്ടതുപോലെ സുഖമായി കൊടുക്കാൻ നിർദ്ദേശിക്കും. ഇതവർ ശ്രദ്ധാപൂർവ്വം സന്തോഷകരമായി നിർവ്വഹിക്കും. അവർ കഴിക്കുന്ന ഭക്ഷണം അവർക്ക് ഉന്മേഷവും സംതൃപ്തിയും പ്രദാനം ചെയ്യും. അത്രമാത്രം സുഖകരവും പരിപൂരിതവുമായ ഭക്ഷണവുമായിരുന്നു അത്! എന്നും മംഗളകരവും എന്നും പൂരിതവുമായത്.

## ഒരു കോപ്പ മോര്

ഒരിക്കൽ ഹേമദ്പാന്ത് ഈ സംഘത്തിൽ ഭക്ഷണം കഴിച്ചപ്പോൾ ബാബ ഒരു കോപ്പ മോര് കൊടുത്തു. അതിന്റെ വെള്ള നിറം സുഖകരായിരുന്നെങ്കിലും ഒട്ടും കഴിക്കാൻ വയറ്റിൽ കൊള്ളില്ലായിരുന്നു. ഒന്നുമോന്തിയപ്പോൾ വളരെ സ്വാദു തോന്നി. അയാളുടെ ശങ്ക കണ്ടപ്പോൾ ബാബ പറഞ്ഞു 'മുഴുവൻ കുടിച്ചുകൊള്ളുക, ഇങ്ങിനെ ഒരവസരം ഇനികിട്ടില്ല' അയാൾ അത് മുഴുവൻ കുടിച്ചു. ബാബയുടെ വാക്കുകൾ അർത്ഥവത്തായിരുന്നു. കാരണം അദ്ദേഹം വേഗം സമാധിയായി.

പ്രിയ വായനക്കാരെ നമുക്ക് തീർച്ചയായും ഹേമദ്പാന്തിനോട് നന്ദിയുണ്ടായിരിക്കണം അദ്ദേഹം ഒരു കോപ്പ മോര് കുടിച്ചതിന് നമുക്ക് തന്നത് ധാരാളം സായി ലീലാമൃതമാണ്. നമുക്ക് കോപ്പകൾ കണക്കിന് ഈ അമൃതം പാനം ചെയ്തു സംതൃപ്തരും സന്തുഷ്ടരുമാവുക.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ !




***ബാബയുടെ സംസ്കൃത പരിജ്ഞാനം***

*അദ്ദേഹം ഗീതയിലെ ഒരു ശ്ലോകം വ്യാഖ്യാനിച്ചത് - സമാധി മന്ദിരം നിർമ്മിച്ചത്.*

## മുഖവുര

ഷിർദ്ദിയും ദ്വാരകമായിയും, ബാബ മഹാസമാധിവരെ വാണരുളിയ സ്ഥലങ്ങളെന്ന നിലയിൽ അനുഗ്രഹീതങ്ങളാണ്. ബാബ ഉപകാരം ചെയ്ത ഷിർദ്ദിയിലെ ജനങ്ങളും അനുഗ്രഹീതരാണ്. അവർക്കുവേണ്ടി ബാബ അതിവിദൂരത്തിൽ നിന്നും വന്നു. ഷിർദ്ദി ഒരു ചെറുഗ്രാമമായിരുന്നത് ബാബയുടെ സമ്പർക്കത്താൽ ഒരു തീർത്ഥാടന കേന്ദ്രമായി മാറി. ഷിർദ്ദിയിലെ സ്ത്രീകളുടെ കറകളഞ്ഞ ബാബ ഭക്തികാരണം അവർ അനുഗ്രഹീതരാണ്. അവർ കുളിക്കുമ്പോഴും അരയ്ക്കുമ്പോഴുമെല്ലാം ബാബയുടെ അപദാനങ്ങൾ ശ്രുതിമധുരമായ ഗീതങ്ങളാക്കി പാടികൊണ്ടിരുന്നു. ആ പാടുന്നവർക്കും മനശാന്തി നൽകി.

## ബാബയുടെ വ്യാഖ്യാനം

ബാബക്ക് സംസ്കൃതം അറിയാമായിരുന്നുവെന്നു ആരും വിശ്വാസിച്ചിരുന്നില്ല. ഒരു ദിവസം നാനാനാഹെബ് ചന്ദോർക്കർക്ക് ഒരു ഗീതാ ശ്ലോകത്തിന് വ്യാഖ്യാനം പറഞ്ഞുകൊടുത്തപ്പോൾ എല്ലാവരും അതിശയിച്ചുപോയി. അതിന്റെ ചുരുക്കം സായിലീലാ മാസികയിൽ ബി. വി. ദേവ് എഴുതിയ ഒരു ലേഖനത്തിലും ബി. വി. നരസിംഹസ്വാമിയുടെ ബുക്കിലും കൊടുത്തിട്ടുണ്ട്. ദേവ്, നാനാസാഹെബിനോടു തന്നെ അന്വേഷിച്ചു കിട്ടിയ വിവരങ്ങളാണ് ഇവിടെ ചേർക്കുന്നത്.

നാനാസാഹെബ് ചന്ദോർക്കർ നല്ല വേദാന്ത പരിജ്ഞാനമുള്ള ആളായിരുന്നു. ഗീത, വ്യഖ്യാനത്തോട് കൂടി വായിച്ചു മനസ്സിലാക്കി അതിൽ തനിക്കുള്ള പരിജ്ഞാനത്തിൽ കുറച്ച് അഹംഭാവിയുമായി. അയാൾ കരുതിയത് ബാബക്ക് ഈ വക കാര്യങ്ങളോ സംസ്കൃതമോ അറിയില്ലെന്നായിരുന്നു. അപ്പോൾ ബാബ ഒരു ദിവസം ഈ പൊള്ള പൊട്ടിച്ചു. അന്ന് ബാബയുടെ അടുത്ത് തിരക്കൊന്നുമില്ലാതെ ഭക്തന്മാർക്ക് യഥേഷ്ടം സംസാരിക്കാൻ സാധിച്ചിരുന്ന കാലമായിരുന്നു. നാനാ, ബാബയുടെ അരികിലിരുന്നു കാലു തലോടി ക്കൊണ്ടിരിക്കെ എന്തോ പിറുപിറുത്തു.

ബാബ – നാനാ എന്താ തന്നത്താൻ പറയുന്നത്?

നാനാ: 'ഞാൻ ഒരു സംസ്കൃതത്തിലുള്ള ശ്ലോകം ചൊല്ലിയതാണ്'.

ബാബ : 'എന്തു ശ്ലോകം?'.

നാന : 'ഭഗവത്ഗീതയിൽ നിന്നാണ്'

ബാബ : 'ഉറക്കെ ചൊല്ല്'

നാനാ : ' അപ്പോൾ ഭഗവത്ഗീതയിലെ നാലാം അദ്ധ്യായത്തിലെ 34-ാംമത്തെ ശ്ലോകം' ഇങ്ങനെ ചൊല്ലി-

'തദ്വിദ്ധി പ്രാണിപാതേന

പരിപ്രശ്നേന സേവയാ

ഉപദേക്ഷ്യന്തി തേ ജ്ഞാനം

ജ്ഞാനിനസ്തത്ത്വ ദർശിന'.

ബാബ: 'നാനാ അത് മനസ്സിലായോ നിനക്ക്'

നാനാ: 'ഉവ്വ്'

ബാബ: 'മനസ്സിലായെങ്കിൽ പറയൂ'

നാനാ അതിന്റെ അർത്ഥം ഇതാണ് 'സാഷ്ടാംഗ പ്രണാമം ചെയ്തും, ഗുരുവിനോട് ചോദ്യങ്ങൾ ചോദിച്ചും, സേവിച്ചും, ജ്ഞാനം എന്താണെന്ന് പഠിക്കുക. അപ്പോൾ ബ്രഹ്മത്തെ പറ്റി യാഥാർത്ഥ വിജ്ഞാനമുള്ള ജ്ഞാനികൾ നിനക്ക് ജ്ഞാനത്തെപ്പറ്റി ഉപദേശം തരും'.

ബാബ : 'നാന, എനിക്ക് ആ ശ്ലോകത്തിന്റെ ഒട്ടാകെയുള്ള അർത്ഥമല്ല വേണ്ടത്. ഓരോ വാക്കും അതിന്റെ വ്യാകരണവും അർത്ഥവും പറഞ്ഞു തരണം.

അന്നേരം നാന ഓരോവാക്കായി അർത്ഥം പറഞ്ഞു

ബാബ: നാനാ! സാഷ്ടാംഗ പ്രണാമം മാത്രം മതിയോ

നാനാ: പ്രണിപാതത്തിനു പ്രണാമം എന്നാല്ലാതെ മറ്റു അർത്ഥം എനിക്കറിയില്ല

ബാബ : 'പരി പ്രശ്നം എന്താണ്?'

നാന: 'ചോദ്യങ്ങൾ ചോദിക്കൽ'

ബാബ : 'പ്രശ്നം എന്നാലെന്താണ്?'

നാനാ : 'അതെ അർത്ഥം തന്നെയാണ്'

ബാബ : 'പരി പ്രശ്നത്തിനും പ്രശ്നത്തിനും ഒരേ അർത്ഥമാണെങ്കിൽ, വ്യാസൻ എന്തിനാണ് 'പരി' എന്ന് ചേർത്തത്? വ്യാസന് തലക്ക് ശരിയില്ലെ?'

നാനാ : ' എനിക്ക് പരി പ്രശ്നം എന്ന വാക്കിന് വേറെ അർത്ഥം അറിഞ്ഞുകൂട'

ബാബ : 'സേവ' – എന്തുതരം സേവയാണ് ഉദ്ദേശിച്ചിരിക്കുന്നത്.

നാനാ : 'ഞങ്ങൾ സദാ ചെയ്യുന്ന തരത്തിലുള്ളത്'

ബാബ : 'അത്തരം സേവ ചെയ്താൽ മതിയോ'

നാനാ : 'അതിൽകൂടുതൽ എന്താണ്' സേവ എന്ന പദം കൊണ്ടുദ്ദേശിച്ചതെന്ന് എനിക്കറിഞ്ഞുകൂട'

ബാബ : ' അടുത്ത വരി ഉപദേക്ഷ്യന്തി തേ ജ്ഞാനം' അതിൽ ജ്ഞാനത്തിന് പകരം വേറെ എന്തെങ്കിലും വാക്ക് ഉച്ചരിക്കാമോ?'

നാനാ : ആവാം

ബാബ : എന്തുവാക്കാണ് ?





നാനാ : അജ്ഞാനം

ബാബ : ജ്ഞാനത്തിനു പകരം അജ്ഞാനം എന്നാക്കിയാൽ ആ ശ്ലോകത്തിന് വല്ല അർത്ഥവും കിട്ടുമോ

നാന 'ഇല്ല ശങ്കരഭാഷ്യം അങ്ങിനെ പദം മുറിച്ചിട്ടില്ല'

ബാബ: 'അദ്ദേഹം പറഞ്ഞിട്ടില്ലെങ്കിൽ പോട്ടെ സാരമില്ല. അജ്ഞാനം എന്നുപയോഗിച്ച് കൂടുതൽ നല്ല അർത്ഥം വരുന്നുവെങ്കിൽ അതിന് വല്ല ആക്ഷേപവുമുണ്ടോ?'

നാന: അജ്ഞാനം എന്നും ചേർത്ത് എങ്ങനെ ശരിയാവും എന്ന് എനിക്ക് മനസ്സിലാവുന്നില്ല'

ബാബ - കൃഷ്ണൻ എന്തിനാണ് അർജ്ജുനനെ, ജ്ഞാനികളുടെയും തത്വദർശികളുടെയും അടുത്തേക്ക് പ്രണാമത്തിനും പ്രശ്നത്തിനും സേവക്കും അയക്കുന്നത്. കൃഷ്ണൻതന്നെ തത്വദർശിയും ജ്ഞാനിയുമല്ലെ.

നാനാ- അതെ കൃഷ്ണൻ അങ്ങനെയായിരുന്നു പക്ഷെ എന്തിനാണ് അർജ്ജുനനെ ജ്ഞാനികളുടെ അടുക്കൽ പോവാൻ നിർദ്ദേശിച്ചതെന്ന് എനിക്ക് മനസ്സിലാവുന്നില്ല.

ബാബ - നിനക്കത് മനസ്സിലായിട്ടില്ലേ ?

നാനയുടെ അഹംഭാവം നശിച്ചു. ഗർവ്വിന്റെ നെറുകിൽ തന്നെയാണ് അടികൊണ്ടത്. എന്നിട്ട് ബാബ വ്യാഖാനിക്കാൻ തുടങ്ങി.

1. 'ജ്ഞാനികളെ നമസ്കരിച്ചാൽ മാത്രം പോര.

സദ്ഗുരുവിന്റെ അടുക്കൽ സർവ്വസ്വ ശരണാഗതി തന്നെ ആയിരിക്കണം.

2. വെറും ചോദ്യം ചോദിക്കാൽ മാത്രം പോര. ചോദ്യങ്ങൾ ഗുരുവെ കുടുക്കാനോ, ദുരുദ്ദേശപരമായോ, തെറ്റു കണ്ടുപിടിക്കാനോ, വെറും പരീക്ഷണാർത്ഥമോ ആവരുത്. അത് ഗൗരവപൂർവ്വം മോക്ഷസാദ്ധ്യത്തിനും ആദ്ധ്യാത്മിക പുരോഗതി ക്കും മാത്രം ഉദ്ദേശിച്ചു ചോദിക്കേണ്ടതാണ്.

3. സേവ എന്നാൽ എനിക്ക് ഇഷ്ടമുണ്ടെങ്കിൽ ചെയ്യാം ഇല്ലെങ്കിൽ വേണ്ടെന്നു വെക്കാം എന്നുള്ള മനഃസ്ഥിതി യോടുകൂടിയ സേവനമല്ല. ഈ ശരീരം എന്റെതല്ലെന്നും അതിന്റെ ഉടമ ഗുരുവാണെന്നും, ഞാൻ മനസ്സിലാക്കിയായിരിക്കണം ആ സേവ ചെയ്യുന്നത്.

ഇങ്ങിനെ ചെയ്താൽ സദ്ഗുരു നിനക്ക് മുൻശ്ലോക ത്തിലെ അജ്ഞാനം എന്താണെന്ന് കാണിച്ചു തരും. ഗരു അജ്ഞാനം പഠിപ്പിക്കുന്നു എന്നു പറഞ്ഞാ ലെന്താണ് നാനക്ക് മനസ്സിലായില്ല.

ബാബ: ജ്ഞാനം ഉപദേശിക്കലെങ്ങനെയാണ്? അജ്ഞാനം നശിപ്പിക്കലാണ് ജ്ഞാനം. ഗീത 18-ാം അദ്ധ്യായം 66-ാം ശ്ലോകത്തെ വ്യാഖ്യാനിച്ച് ജ്ഞാനേശ്വരിയിൽ പറയുന്നു അല്ലയോ അർജ്ജുനാ! അജ്ഞാനം നശിപ്പിക്കൽ ഇപ്രകാരമാണ്. സ്വപ്നവും സുഷുപ്തിയും പോയാൽ നീ, നീ തന്നെയാവു ന്നില്ലേ അതു പോലെയാണ് ഇതും. ജ്ഞാനത്തിൽ, അജ്ഞാനം നശിപ്പിക്കലാല്ലാതെ വേറെ എന്താണുള്ളത്? ഇരുട്ട് നശിപ്പി ക്കലെന്നാൽ വെളിച്ചമാണ്. ദ്വൈതം നശിപ്പിക്കലെന്നാൽ

അദ്വൈതമാണ്. ദ്വൈതത്തെ ഇല്ലായ്മ ചെയ്യലിനെപറ്റി നാം പ്രതിപാദിക്കുകയാണെങ്കിൽ അദ്വൈതമാണ് പ്രതിപാദി ക്കേണ്ടത്. ഇരുട്ടിനെ ഇല്ലായ്മ ചെയ്യുന്ന കാര്യം പറയുക യാണെങ്കിൽ വെളിച്ചത്തിന്റെ കാര്യമായിരിക്കും പറയുക. അദ്വൈതഭാവം അനുഭവിക്കണമെങ്കിൽ ദ്വൈതഭാവം മനസ്സിൽ നിന്ന് ഇല്ലായ്മചെയ്യണം- അതാണ് അദ്വൈതഭാവം അനുഭവത്തിൽ വരുത്തൽ. ദ്വൈതത്തിലിരുന്നുകൊണ്ട് ആർക്കാണ് അദ്വൈതത്തെപറ്റി ആധികാരികമായി പറയാൻ കഴിയുക? ആ ഭാവത്തിലെത്താത്ത ഒരുവൻ അതു പറഞ്ഞു തന്നാൽ എങ്ങനെയാണ് ശ്രോതാവിന് അത് മനസ്സിലായ അനുഭവത്തിൽ കൊണ്ടുവരാൻ കഴിയുക?

പോരെങ്കിൽ ശിഷ്യനും സദ്ഗുരുവെപ്പോലെ തന്നെ ജ്ഞാനത്തിന്റെ മൂർത്തീകരണമാണ്. അവർ തമ്മിലുള്ള ഭേദം, ഭാവത്തിലും ഉയർന്ന അനുഭവങ്ങളിലും, വിസ്മയാവഹമായ ഉയർന്ന നിലവാരത്തിലുള്ള സാത്വിക ഗുണത്തിലും, എതിരില്ലാത്ത കഴിവിലും, ഐശ്വര്യയോഗത്തിലും മാത്രമാണ്. സദ്ഗുരു നിർഗുണനും സച്ചിദാനന്ദനുമാണ്. ഗുരു മാനുഷ രൂപം കൈകൊണ്ടത് ലോകോദ്ധാരണത്തിനും മാനവരാശിയെ ഉന്നമനത്തിലെത്തിക്കാനുമാണ്. പക്ഷെ അതുകൊണ്ട് യഥാർത്ഥമായുള്ള ഗുരുവിന്റെ നിർഗ്ഗുണ സ്വാഭാവം അല്പം പോലും കുറഞ്ഞുപോകുന്നില്ല. ഗുരുവിന്റെ സ്ഥിതിയും ദൈവശക്തിയും ജ്ഞാനവും ഒട്ടും കമ്മിവരാതെ നിലനിൽക്കുന്നു. ശിഷ്യനും യഥാർത്ഥത്തിൽ അതേ സ്വരൂപത്തിലാണ്. പക്ഷെ അത് എത്രയോ ജന്മങ്ങളിലെ അജ്ഞാനരൂപത്തിലുള്ള സംസ്കാരങ്ങളാൽ ആവരണം ചെയ്തു കിടക്കുന്നതിനാൽ അയാളുടെ ശുദ്ധചൈതന്യത്വം

അയാളുടെ ദൃഷ്ടിപഥത്തിൽ നിന്ന് മറയ്ക്കപ്പെട്ടിരിക്കയാണ്. ആ കാരണത്താൽ അയാൾക്ക് 'ഞാൻ ജീവനാണ്' ഒരു ജീവിയാണ്. കഴിവില്ലാത്തവനാണ് ദരിദ്രനാണ്' എന്നെല്ലാമുള്ള ചീത്ത സംസ്കാരം ഉണ്ടാവുന്നു. ഗുരുവിന്ന് ഈ വക അജ്ഞാനത്തിന്റെ നാമ്പുള്ളികൾ നുള്ളിക്കളയാനുണ്ട്. എന്നിട്ടുവേണം ഉപദേശം കൊടുക്കുവാൻ. അന്തമില്ലാത്ത ജന്മങ്ങളെക്കൊണ്ടും ശിഷ്യനുണ്ടായിത്തീർന്ന 'ഞാൻ ജീവനാണ്, ദരിദ്രനാണ്, സാധുവാണ്' എന്നിങ്ങനെയുള്ള ചീത്ത സംസ്കാരം നിർമ്മാർജ്ജനം ചെയ്വാനായി ഗുരു നൂറുകണക്കിലുള്ള ജന്മങ്ങളെക്കൊണ്ട് 'നീ ദൈവമാണ്, നീ ഗംഭീരനാണ്, നീ സമ്പന്നനാണ്' എന്നിങ്ങനെയുള്ള പാഠങ്ങൾ അയാളെ പഠിപ്പിക്കുന്നു. അങ്ങനെ അയാൾക്ക് ഞാൻ ദൈവമാണ് എന്ന ബോധം സ്വല്പമെങ്കിലും ഉദിക്കുന്നു. സ്ഥിര പ്രതിഷ്ഠിത മായി ശിഷ്യനിൽ കുടികൊള്ളുന്ന 'ഞാൻ ദേഹമാണ് ജീവനാണ്, അഹംഭാവമാണ്, ദൈവം എന്നിൽ നിന്നും ഭിന്നമാണ്, ഞാൻ ലോകത്തിൽ നിന്നു വേർപെട്ടു നിൽക്കുന്നു' എന്നിങ്ങനെയുള്ള ആശയങ്ങളെല്ലാം തന്നെ അയാൾ എത്രയോ മുജ്ജന്മങ്ങളിൽ നിന്നും ആർജ്ജിച്ച വിവരക്കേടുകളാണ്. ഈ മതിഭ്രമവും, തെറ്റും വിവരക്കേടും, ഈ അജ്ഞാനത്തിന്റെ മൂലകാരണവും നീക്കം ചെയ്യാൻ അയാൾ അന്വേഷണം തുടങ്ങണം. എങ്ങനെയാണ് ഈ അജ്ഞാനം ഉദിച്ചത്? എവിടെയാണത്? എന്ന്. ഇത് മനസ്സിലാക്കികൊടുക്കലാണ് ഗുരുവിന്റെ ഉപദേശം. താഴെ പറയുന്നവയാണ്

അജ്ഞാനത്തിന്റെ ഉദാഹരണം:

1. ഞാൻ ഒരു ജീവനാണ്
2. ദേഹം തന്നെയാണ് ആത്മാവ്, അഥവാ ഞാൻ ദേഹം

3. ദൈവം, ലോകം, ജീവൻ ഇവ വ്യത്യസ്ഥങ്ങളാണ്.
4. ഞാൻ ദൈവമൊന്നുമല്ല.
5. ദേഹം ആത്മാവല്ലെന്ന് അറിയാതിരിക്കൽ
6. ദൈവം, ലോകം, ജീവൻ ഇവ ഒന്നുതന്നെയാണെന്നറിയായ്മ

ഈ വക തെറ്റുകളും അയാൾക്ക് വെളിവാക്കിക്കൊടുത്തില്ലെങ്കിൽ, ശിഷ്യന് എന്താണ് ലോകം, ദൈവം, ജീവൻ, ദേഹം എന്ന് മനസ്സിലാവുകയോ അവ തമ്മിലുള്ള പരസ്പര ബന്ധം അറിയുകയോ അവ തമ്മിൽ വല്ല ഭേദവു മുണ്ടോ എന്ന് ബോധ്യപ്പെടുകയോ ചെയ്യുന്നില്ല. ഇതയാളെ പഠിപ്പിച്ച് അജ്ഞാനം നശിപ്പിക്കുന്നത്, ജ്ഞാനത്തെ പറ്റിയ ഉപദേശമോ അജ്ഞാനത്തെ പറ്റിയ ഉപദേശമോ? എന്തിനാണ് ജ്ഞാനമൂർത്തിയായ ജീവന് ജ്ഞാനം ഉപദേശിക്കുന്നത്? ഉപദേശം അയാളുടെ തെറ്റ് മനസ്സിലാക്കികൊടുക്കാനും അജ്ഞാനം നശിപ്പിക്കാനും മാത്രമാണ്.

ബാബ തുടർന്നു1) പ്രണിപാതം അർപ്പണത്തെ സൂചിപ്പിക്കുന്നു 2) അർപ്പണം ശരീരം, അർത്ഥം, മാനസം ഇവകളെകൊണ്ടാണ്. 3) എന്തിനാണ് കൃഷ്ണൻ അർജ്ജുനനോട് മറ്റു ജ്ഞാനികളുടെ അടുക്കൽ പോവാൻ പറഞ്ഞത് ? സദ്ഭക്തൻ എല്ലാം വാസുദേവനായികാണുന്നു. അപ്പോൾ ഏത് ഗുരുവും ഭക്തന് കൃഷ്ണൻ തന്നെയാണ്. ഗുരു ശിഷ്യനെയും വാസുദേവനായിക്കാണുന്നു. കൃഷ്ണൻ രണ്ടുപേരെയും ആത്മനും പ്രാണനുമായി കരുതുന്നു. (ഗീത അദ്ധ്യായം 7 ശ്ലോകം 8) ശ്രീകൃഷ്ണന് അത്തരം ഭക്തന്മാർ ഗുരുക്കളായിട്ടുണ്ടെന്നറിയുന്നതിനാൽ അർജ്ജുനനെ അവരുടെ

അടുക്കൽ പോവാൻ നിർദ്ദേശിച്ച് അവരുടെ മഹത്വം പ്രഖ്യാപിക്കുക മാത്രമാണ് ചെയ്യുന്നത്.

**സമാധി മന്ദിരം നിർമ്മിക്കൽ**

ബാബ തനിക്ക് നിർവ്വഹിക്കേണ്ട കാര്യങ്ങളെപ്പറ്റി പറയുകയോ തിരക്കുകൂട്ടുകയോ യാതൊന്നും ചെയ്യാറില്ല. പക്ഷെ എല്ലാം സമർത്ഥമായി കൈകാര്യം ചെയ്തു സാവധാനമെങ്കിലും സുദൃഢമായി കാര്യങ്ങൾ നടക്കുന്നതു കണ്ട് ജനങ്ങൾ വിസ്മയിച്ചുപോവും. സമാധിമന്ദിരം പണിചെയ്തത് ഇതിന്നൊരുദാഹരണമാണ്. നാഗ്പൂരിലെ കോടീശ്വരനായ ശ്രീമാൻ ബാപ്പു സാഹെബ്ഭൂട്ടി കുടുംബ സമേതം ഷിർദ്ദിയിൽ താമസിച്ചിരുന്നു. ഒരിക്കൽ അയാൾക്ക് അവിടെ സ്വന്തമായി ഒരു കെട്ടിടം വേണമെന്ന് ആഗ്രഹമുണ്ടായി. ഇതിന്ന് ശേഷം കുറച്ച് കഴിഞ്ഞ് ഒരിക്കൽ ദീക്ഷിത് വാഡയിൽ കിടന്നുറങ്ങുമ്പോൾ ഒരു ദർശനമുണ്ടായി. ബാബ പ്രത്യക്ഷപ്പെട്ട്, അയാൾ സ്വന്തമായി ഒരു സത്രം പണിയുവാനും അതിൽ ഒരു ക്ഷേത്രം കൂടി നിർമ്മിക്കാനും പറഞ്ഞതായി കണ്ടു. അവിടെ തന്നെ ഉറങ്ങിയിരുന്ന ശാമക്കും ഇതേപോലെതന്നെ ദർശന മുണ്ടായി. ബാപ്പു സാഹെബ് ഉണർന്നു നോക്കിയപ്പോൾ ശാമ കരയുന്നത് കണ്ട് എന്താണ് കാരണം എന്നു ചോദിച്ചു. അയാൾ അയാളുടെ സ്വപ്നത്തിൽ ബാബ അടുത്തുവന്ന് വ്യക്തമായി 'ക്ഷേത്രത്തോടുകൂടി ഒരു സത്രം നിർമ്മിക്കുക. എല്ലാവരുടെയും ആഗ്രഹം ഞാൻ നിർവ്വഹിക്കാം' എന്നു പറഞ്ഞതായും ബാബയുടെ സ്നേഹമധുരമായ വാക്കുകേട്ട് വികാരധീനനായി തൊണ്ടയിടറി കണ്ണുനിറഞ്ഞു കരഞ്ഞുപോയതാണെന്നും മറുപടി പറഞ്ഞു. രണ്ടുപേരുടെയും സ്വപ്നം ഒരുപോലെയിരുന്ന തിനാൽ ബാപ്പു സാഹെബ് അതിശയിച്ചുപോയി. ധനികനായതു

കൊണ്ട് അവിടെ തന്നെ ഒരു വാഡ നിർമ്മിക്കാൻ നിശ്ചയിച്ച് ശാമയുടെ സഹായത്തോടെ ഒരു പ്ലാൻ തയ്യാറാക്കി. കാക്കാ സാഹെബ് ദീക്ഷിതും ആ പ്ലാൻ അംഗീകരിച്ചു. അതു ബാബ യുടെ മുന്നിൽ വെച്ചപ്പോൾ ബാബയും അതുടനെ അംഗീകരിച്ചു.

അനുവാദം കൊടുത്തു. ഉടനെ പണി തുടങ്ങി. ശാമയുടെ മേൽനോട്ടത്തിൽ താഴെ നിലയും ഉള്ളറയും കിണറും പണി കഴിപ്പിച്ചു. ലെണ്ടിയിലേക്ക് പോവുമ്പോഴും, വരുമ്പോഴും ബാബയും പല ഭേദഗതികളും നിർദ്ദേശിക്കുമായിരുന്നു. ബാക്കി പണി ബാപ്പുസാഹെബ് ജോഗിനെ ചുമതലപ്പെടുത്തി. അങ്ങനെ പണി നടന്നുകൊണ്ടിരിക്കെ നടുക്ക് വിശാലമായ ഒരു തുറന്ന തളം വേണമെന്നും അതിൽ ഉയർന്ന വേദി വേണമെന്നും അതിൽ ഒരു മുരളീധര വിഗ്രഹം പ്രതിഷ്ഠിക്കണമെന്നും ബാപ്പു സാഹെബ് ഭൂട്ടിക്ക് ഒരാശയം ജനിച്ചു. ഇത് ബാബയോട് ചോദിച്ച് അനുവാദം വാങ്ങാൻ, അയാൾ ശാമയോട് പറഞ്ഞു. ബാബ അതിലെ കടന്നുപോകുമ്പോൾ ശാമ സംഗതി പറഞ്ഞ് അനുവാദം ചോദിച്ചു. അത് കേട്ട് ബാബ ശാമക്ക് അനുവാദം കൊടുത്തതിങ്ങനെയാണ്:' ക്ഷേത്രം പണിചെയ്തു കഴിഞ്ഞാൽ ഞാൻ അവിടെ താമസിക്കാൻ വരും' എന്നിട്ട് വാഡയെ നോക്കികൊണ്ട് ബാബ തുടർന്നു-വാഡ പണിതുകഴിഞ്ഞാൽ നാം തന്നെ അത് സ്വന്തമായി ഉപയോഗിക്കും. നാം അവിടെ താമസിച്ചും, നടന്നും കളിച്ചും അന്യോന്യം കെട്ടിപിടിച്ചും സന്തുഷ്ടരായി കഴിയും' അപ്പോൾ ശാമ അത് പ്രതിഷ്ഠാ സ്ഥാപ നക്കുള്ള സ്ഥലം പണിക്ക് തറക്കല്ലിടാൻ പറ്റിയ ശുഭ സമയ മാണോ എന്ന് ചോദിച്ചു. ബാബ അതേ എന്ന് പറഞ്ഞു. ശാമ ഉടനെ നാളികേരം ഉടച്ച് പ്രവൃത്തി തുടങ്ങി. ഉദ്ദേശിച്ചതുപോലെ പ്രവൃത്തി പൂർത്തിയാക്കുകയും മുരളീധര വിഗ്രഹം ഉണ്ടാക്കാൻ

ഏല്പിക്കുകയും ചെയ്തു. പക്ഷെ വിഗ്രഹം തയ്യാറാവുന്നതിന് മുമ്പ് ഒരു പുതിയ സംഭവമുണ്ടായി. ബാബക്ക് സുഖക്കേടാവുകയും അന്ത്യശ്വാസം വലിക്കാറാവുകയും ചെയ്തു. ബാപ്പുസാഹെബിന് സങ്കടമായി. ബാബ പൊയ്പോയാൽ ലക്ഷകണക്കിന് ചിലവാക്കി നിർമ്മിച്ച വാഡയിൽ അദ്ദേഹത്തിന്റെ പാദധൂളി ഏറ്റ് പരിശുദ്ധമാക്കുവാൻ കഴിയില്ലല്ലോ. പക്ഷെ ബാബയുടെ അന്ത്യശാസനം: 'എന്നെ വാഡയിൽ സൂക്ഷിക്കുക' എന്ന വാക്കുകൾ ബാപ്പുസാഹെബിനെയും ബാക്കി എല്ലാവരെയും സമാധാനിപ്പിച്ചു. യഥാസമയം ബാബയുടെ ശരീരം നടുക്കുള്ള വേദിയിൽ സ്ഥാപിച്ച് മുരളീധരന്റെ സ്ഥാനത്ത് ബാബ തന്നെ വന്ന് മുരളീധരനായി, വാഡ സമാധിമന്ദിരവുമായി. അദ്ദേഹത്തിന്റെ അത്ഭുതാവഹമായ ജീവിതം ആരാലും അറിയാൻ കഴിയാത്തതാണ്.

ബാബയുടെ പരിശുദ്ധവും പവിത്രവും ആയ ദേഹം അടക്കിയ വാഡ നിർമ്മിച്ച ബാപ്പുസാഹെബ് ഭൂട്ടി അനുഗ്രഹീതനും ഭാഗ്യവാനുമാണ്.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ !

# അദ്ധ്യായം - 40



**ബാബയുടെ കഥകൾ**

*1. മിസ്സിസ്സ് ദേവിന്റെ ഉദ്യാപന അടിയന്തരത്തിൽ മറ്റു രണ്ടു പേരോടുകൂടി വന്ന് ഒരു സന്യാസി എന്ന നിലയിൽ പങ്കെടുത്തത് - ഹേമദ്പാന്തിന്റെ വീട്ടിൽ ബാബ ചിത്രത്തിന്റെ രൂപത്തിൽ സന്ദർശിച്ചത്.*

## മുഖവുര

ഭക്തന്മാർക്ക് ഭൗതീകവും ആദ്ധ്യാത്മീകവുമായ കാര്യങ്ങളിൽ ഉപദേശം കൊടുത്ത് അവരെ സന്തുഷ്ടരാക്കി ജീവിത ലക്ഷ്യത്തിലെത്തിക്കുന്ന സായി സമർത്ഥ് അനുഗ്രഹീതനാണ്. സായി അവരുടെ തലയിൽ കൈവെക്കുന്നതോടുകൂടി തന്റെ ശക്തി അവർക്ക് പ്രദാനം ചെയ്ത്, സകല ഭേദങ്ങളെയും ഇല്ലായ്മചെയ്ത്, കൈവരുത്തുവാൻ അസാദ്ധ്യമായ സംഗതികൾ സുസാദ്ധ്യമാക്കിതീർക്കുന്നു. മുന്നിൽ നമസ്കരിക്കുന്നവരെ ആലിംഗനം ചെയ്ത് അവരുടെ ദ്വന്ദഭാവങ്ങളും വ്യത്യാസങ്ങളും

ഇല്ലായ്മ ചെയ്യുന്നു. ബാബ, ഏതുവിധം സമുദ്രം നദിയെ തന്നിൽ ചേർത്ത് തന്റെ മഹിമ നദിക്ക് പ്രദാനം ചെയ്യുന്നുവോ, അതു പോലെ ഭക്തൻമാരെ തമ്മിൽചേർത്ത് തന്റെ ശക്തി അവർക്ക് പ്രദാനം ചെയ്യുന്നു. ദൈവഭക്തന്മാരുടെ ലീലകളെ പ്രകീർത്തിക്കുന്നത് ഭഗവാന്റെ ലീലകളെ തന്നെ പ്രകീർത്തിക്കുന്നതിന് തുല്യമാണ്. ഇനി ഈ അദ്ധ്യായത്തിലെ കഥകളിലേയ്ക്ക് പ്രവേശിക്കാം.

**മിസ്സിസ് ദേവിന്റെ ഉദ്യാപന അടിയന്തരം**

മിസ്റ്റർ ബി. വി. ദേവ് താനയിലെ ദഹനുവിൽ മംലത്ത്ദാർ ആയിരിക്കുമ്പോൾ അയാളുടെ അമ്മ ഇരുപത്തഞ്ചോ മുപ്പതോ വൃതങ്ങൾ ആചരിച്ച് കഴിഞ്ഞതിനാൽ അതിന്റെ ഒരു ഉദ്യാപന അടിയന്തിരം (പടിപൂർത്തിവരുത്തൽ) നടത്താൻ തീർച്ചയാക്കി. അതിന് 100-200 ബ്രാഹ്മണർക്ക് ഭക്ഷണം കൊടുക്കണം. അതിന് ദിവസം നിശ്ചയിച്ച് അയാൾ ബാപ്പുസാഹെബ് ജോഗിന് എഴുതുകയും ബാബ വന്ന് സദ്യയിൽ പങ്കുകൊണ്ടാലെ ചടങ്ങ് പൂർത്തിയാവൂ എന്ന് പ്രത്യേകം അപേക്ഷിക്കുകയും ചെയ്തു. കത്ത്, ബാബക്ക്, ജോഗ് വായിച്ചുകൊടുത്തു. അതിലെ ശുദ്ധ ഹൃദയത്തോടുകൂടിയ ക്ഷണം സ്വീകരിച്ച് "ഞാൻ എന്നെ സ്മരിക്കുന്നവരെപ്പറ്റി സദാ ശ്രദ്ധാലുവാണ്. എനിക്ക് വാഹനമോ വണ്ടിയോ ടോങ്കയോ, തീവണ്ടിയോ, വിമാനമോ ഒന്നും ആവശ്യമില്ല. എന്നെ സ്നേഹപൂർവ്വം വിളിക്കുന്നവന്റെ അടുക്കലേക്ക് ഞാൻ പാഞ്ഞെത്തി ആവീർഭവിക്കുന്നു. അയാൾക്ക് സ്നേഹപൂർവ്വം മറുപടി അയക്കുക. നമ്മൾ മൂന്ന് പേർചേർന്ന് പങ്കു കൊള്ളുമെന്നറിയിക്കുക" എന്ന് ബാബ പറഞ്ഞു. ബാബപറഞ്ഞവിവരം ജോഗ്ദേവിനെ അറിയിക്കുകയുംചെയ്തു. ദേവിന്

സന്തോഷമായെങ്കിലും ബാബ ദൂരയാത്രക്ക് പോവില്ലെന്നും, റാഹദ, റൂയി, നിമഗോൺ എന്നിവിടങ്ങളിൽ മാത്രമെ പോകാറുള്ളൂ എന്നും അറിയാമായിരുന്നു. അയാൾ അതേമയം തന്നെ സർവാന്തര്യമിയായ ബാബക്ക് സാദ്ധ്യമല്ലാത്തതൊന്നുമില്ലെന്നും ഏതെങ്കിലും ഇഷ്ടമുള്ളരൂപത്തിൽ വന്ന് പങ്കെടുത്തുകൂടായെന്നുമില്ലെന്നും കരുതി.

അടിയന്തിരത്തിന് കുറച്ച് ദിവസം മുമ്പ് ബങ്കാളി വേഷത്തിൽ ഒരു സന്ന്യാസി, ഗോസംരക്ഷണത്തിന് വേണ്ടി പ്രവർത്തിക്കുകയാണെന്നും പറഞ്ഞ് ദഹനുവിലെ സ്റ്റേഷൻ മാസ്റ്ററുടെ അടുക്കൽ സംഭാവനക്ക് ചെന്നു. സ്റ്റേഷൻമാസ്റ്റർ സന്ന്യാസിയോട് ടൗണിൽപോയി മംലത്ത്ദാരെ (ദേവ്) കണ്ട് അദ്ദേഹത്തിന്റെ സഹായത്തോടെ ഫണ്ട് പിരിക്കുന്നതാണ് നല്ലതെന്നും പറഞ്ഞു. അന്നേരം മംല്ലത്ത്ദാർ തന്നെ സ്റ്റേഷനിലേക്ക് വന്നു. സ്റ്റേഷൻമാസ്റ്റർ സന്ന്യാസിയെ പരിചയപ്പെടുത്തികൊടുത്തു. മംലത്ത്ദാറും സന്ന്യാസിയും സംസാരിച്ച്കൊണ്ട് പ്ലാറ്റ്ഫോമിൽതന്നെ ഇരുന്നു. മംലത്ത്ദാർ, അപ്പോൾ അവിടുത്തെ പ്രധാനപൗരനായ റാവു സാഹെബ് നെരോത്തംഷെട്ടി ഒരു സംഭാവന പിരിവുതുടങ്ങിയിട്ടുണ്ടെന്നും ഉടനെ മറ്റൊരു പിരിവുകൊണ്ടു ഗുണമുണ്ടാവില്ലെന്നും അതുകൊണ്ട് രണ്ടുനാല് മാസങ്ങൾക്കുശേഷം വരുന്നതാണ് നല്ലതെന്ന് പറഞ്ഞു. ഇതുകേട്ട് സന്ന്യാസി സ്ഥലം വിടുകയും ചെയ്തു. സുമാർ ഒരു മാസം കഴിയുന്നതിന് മുൻപായി ഒരു ദിവസം സന്ന്യാസി ഒരു ടോങ്കയിൽ വന്ന് രാവിലെ 10 മണിയോടുകൂടി മിസ്റ്റർ ദേവിന്റെ വീട്ടിനുമുന്നിൽ ഇറങ്ങി. ദേവ് അദ്ദേഹം സംഭാവനക്ക് വന്നതായിരിക്കുമെന്നാണ് ധരിച്ചത്. അടിയന്തിരിത്തിന്റെ ഒരുക്കങ്ങൾ കണ്ട് സന്ന്യാസി, താൻസംഭാവനക്ക്

വന്നതല്ലെന്നും ഭക്ഷണത്തിനാണ് വന്നതെന്നും പറഞ്ഞു. ദേവ് അതുകേട്ട് “ശരി വളരെ സന്തോഷം, നിങ്ങൾക്ക് സ്വാഗതം! വീടു തന്നെ നിങ്ങളുടേതുപോലെ കരുതു” എന്നുപറഞ്ഞു. അപ്പോൾ സന്ന്യാസി “എന്റെ കൂടെ രണ്ട്പയ്യന്മാരുണ്ട്”. ദേവ് “എന്നാൽ അവരേയുകൂട്ടി വരൂ” എന്നുപറഞ്ഞു. പിന്നെയും ഊണിനും രണ്ടുമണിക്കൂർ താമസമുള്ളതുകൊണ്ട് എവിടേക്കാണ് ആളെ അയച്ച് വിളിക്കേണ്ടതെന്ന് ദേവ് ചോദിച്ചു. അത്യാവശ്യം ഇല്ലെന്നും നിശ്ചിത സമയത്ത് താൻ തന്നെ വന്നുകൊള്ളാമെന്നും സന്യാസി പറഞ്ഞു. കൃത്യം 12 മണിക്കു മൂന്നുപേരും കൂടി വന്ന് ഭക്ഷണത്തിൽ പങ്കുകൊണ്ട് പോവുകയും ചെയ്തു.

അടിയന്തിരം കഴിഞ്ഞ് ദേവ് ബാപ്പുസാഹെബ് ജോഗിന് ബാബ വാക്കുപാലിച്ചെന്ന് പറഞ്ഞ് ഒരു കത്തയച്ചു. ജോഗ് കത്തുമായി ബാബയുടെ അടുക്കൽ പോയി. അതു തുറക്കുന്നതിന് മുമ്പായി ബാബ “ആ, അവൻ പറയുന്നത് ഞാൻ ചെല്ലാമെന്ന് വാഗ്ദത്തം ചെയ്ത്, പോയില്ലെന്നാണ്. ഞാൻ വേറെ രണ്ടു പേരോടുകൂടി സദ്യയിൽ പങ്കുകൊണ്ടു എന്നവനെ അറിയിക്കുക. പക്ഷെ അവനെന്നെ തിരിച്ചറിഞ്ഞില്ല. പിന്നെ എന്തിന് എന്നെ വിളിച്ചു? സന്യാസി സംഭാവനക്ക് വന്നതാണെന്ന് അവൻ ധരിച്ചതെന്ന് പറയുക. അന്നേരം അവന്റെ സംശയം തീർത്ത് വേറെ രണ്ടുപേരെയും കൂട്ടി വരുമെന്ന് പറഞ്ഞില്ലെ? അങ്ങനെ മൂന്നു പേർ വന്ന് സദ്യയിൽ പങ്കുകൊണ്ടില്ലെ? നോക്കൂ വാക്കുപാലിക്കാൻ വേണ്ടി ഞാൻ ജീവൻതന്നെ ബലികഴിക്കും. ഞാൻ ഒരിക്കലും എന്റെ വാക്കുകൾ തെറ്റിക്കില്ല” എന്നുപറഞ്ഞു. ഈ വാക്കുകൾ കേട്ട് സന്തുഷ്ടനായ ജോഗ് വിവരം ദേവിനെ അറിയിച്ചു. ആ കത്ത് വായിച്ച ഉടനെ അയാൾ സന്തോഷാശ്രുക്കൾ പൊഴിയിക്കുകയും ബാബയെ പഴിച്ചതിന് മനസ്സാ തന്നത്താൻ

ശപിക്കുകയും ചെയ്തു. സന്യാസിയുടെ ആദ്യത്തെ സംഭാവന പിരിവിനുള്ള വരവും മറ്റും തന്നെ പറ്റിച്ചതായിരുന്നതെന്നും സന്ന്യാസി രണ്ടുപേരോടുകൂടി ഊണിനുവരാമെന്ന് പറഞ്ഞ പ്പോഴെങ്കിലും മനസ്സിലാവാഞ്ഞത് കഷ്ടമായിപ്പോയെന്ന് അയാൾ അത്ഭുതപ്പെടുകയും സങ്കടപ്പെടുകയും ചെയ്തു.

ഈ കഥ, ഭക്തൻമാർ സമർപ്പണബുദ്ധിയോടെ സദ്ഗു രുവെ സമീപിച്ചാൽ അവരുടെ വീടുകളിലെ മതപരമായ ചടങ്ങുകൾ വേണ്ടുംവിധം ഗുരുതന്നെ നടത്തിക്കൊടുക്കും എന്ന തിന് ഉദാഹരണമാണ്.

**ഹേമദ്പാന്തിന്റെ സദ്യ**

ബാബ ഒരു ചിത്രത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട് ഭക്ത ന്മാരുടെ ആഗ്രഹം സാധിച്ചുകൊടുത്ത കഥ പറയാം. 1917-ൽ ഒരു വെളുത്ത വാവുദിവസം രാവിലെ ഹേമദ്പാന്തിനും ഒരു ദർശനമുണ്ടായി. ബാബ നല്ലനിലയിൽ വസ്ത്രങ്ങൾ ധരിച്ച് ഒരു സന്യാസിയെപോലെ വന്ന് അയാളെ ഉണർത്തി അന്ന് ഭക്ഷണ ത്തിനു വരുന്നതാണെന്ന് പറഞ്ഞതായിട്ടാണ് ദർശനം. ഉണർത്തലും സ്വപ്നത്തിന്റെ ഒരു ഭാഗമായിരുന്നു. നല്ലപോലെ ഉണർന്നപ്പോൾ സായിയോ സന്യാസിയോ ഇല്ല. നല്ലതായി ഓർമ്മിച്ചുനോക്കുമ്പോൾ സന്യാസി പറഞ്ഞ ഓരോവാക്കും മന സ്സിൽ ദൃഢമായി തെളിഞ്ഞു. ബാബയുമായി ഏഴുകൊല്ലത്തോളം അടുപ്പമുണ്ടായിരുന്നിട്ടും സദാസമയം ബാബയെ ധ്യാനിച്ചിരി ക്കലുണ്ടായിട്ടും തന്റെ വീട്ടിൽ ബാബ ഭക്ഷണത്തിന് വരുമെന്ന് തീരെ പ്രതീക്ഷിച്ചിരുന്നില്ല. എന്തായാലും വളരെ സന്തോഷ ത്തോടുകൂടി അയാൾ ഭാര്യയോടുചെന്ന്, അന്ന് ഹോളിദിവസ മായിരുന്നതുകൊണ്ട് ഒരു സന്യാസികൂടി ഭക്ഷണത്തിന് വരു

മെന്ന് കുറച്ചുകൂടി ചോറും മറ്റും തയ്യാറാക്കണമെന്ന് പറഞ്ഞേൽപ്പിച്ചു. പിന്നീട് അവർക്ക് തെറ്റിദ്ധാരണ ഉണ്ടാവാതിരിക്കാൻ, അയാൾക്കുണ്ടായ സ്വപ്നദർശനത്തിലെ വിവരവും പറഞ്ഞുകൊടുത്തു. അവർ ബാബ, ഷിർദ്ദിയിൽനിന്ന് ബന്ദ്രയിൽ വരുമോ എന്നും സ്വാദിഷ്ടമായ ഭക്ഷണങ്ങൾ ഉപേക്ഷിച്ച് അവരുടെ സാധാരണ ചോറും കറിയും കഴിക്കാൻ വരുമോ എന്നും ശങ്കിച്ചു. അപ്പോൾ ഹേമദ്പാന്ത്, ബാബ അങ്ങനെ അല്ല വരുകയെന്നും ഏതെങ്കിലും അതിഥിയുടെ രൂപത്തിൽ അവിടെ വന്ന് ഭക്ഷണത്തിന് പങ്കുകൊള്ളുമെന്നും അയാൾ പറഞ്ഞു. ഏതായാലും അവർ കുറച്ചുകൂടി ചോറും കറികളും തയ്യാറാക്കാൻ നിശ്ചയിച്ചു.

ഇതിനുശേഷം ഭക്ഷണം തയ്യാറാക്കുകയും ഉച്ചയോടുകൂടി എല്ലാം ഒരുക്കുകയും ചെയ്തു. ഹോളി പൂജ കഴിച്ച് ഇലകൾ വെച്ച് അവയ്ക്കുചുറ്റും 'രംഗോളി' അടയാളങ്ങളുമിട്ടു. രണ്ടു വരിയായി ഇലവെച്ചതിന് നടുക്ക് അതിഥിക്കും ഒരു ഇല വെച്ചു. കുടുംബാംഗങ്ങളെല്ലാം അതായത് ആൺമക്കളും അവരുടെ മക്കളും പെൺമക്കളും അവരുടെ ഭർത്താക്കൻമാരും എല്ലാം അതാത് സ്ഥാനത്തിരുന്നു. വിഭവങ്ങളെല്ലാം വിളമ്പി അപ്പോഴെല്ലാം അവർ അതിഥിയെ പ്രതീക്ഷിച്ചിരുന്നെങ്കിലും ആരും വന്നില്ല. ഉച്ചതിരിയാനും തുടങ്ങി അപ്പോൾ വാതിലടച്ച് സാക്ഷയിട്ട് അന്നശുദ്ധി (നെയ്യ്) വിളമ്പി. അതുഭക്ഷണം തുടങ്ങാനുള്ള അടയാളമാണ്. അഗ്നിക്ക് പൂജയും കൃഷ്ണന് നിവേദിക്കലും കഴിഞ്ഞു. വീട്ടുകാർ ഉണ്ണാൻതുടങ്ങുമ്പോഴേക്കും കോണിപ്പടി കയറുന്ന ചവിട്ടടി വ്യക്തമായി കേട്ടു. ഹേമദ്പാന്ത് പോയി വാതിൽ തുറന്നുനോക്കിയപ്പോൾ രണ്ട് പേർ വന്നിട്ടുണ്ട്. ഒരാൾ ആലിമുഹമ്മദും, രണ്ടാമത്തെയാൾ മൗലാന ഇസാമുമുജാവറു

മാണ്. അവർ, വീട്ടുകാർ ഭക്ഷണത്തിനിരിക്കയാണെന്ന് കണ്ട് ഹേമദ്പാന്തിനോട് അപ്പോൾ ഇടക്ക് കയറിവന്നതിന് ക്ഷമ ചോദിച്ചു. അവർ, "നിങ്ങൾ ഉണ്ണാനിരിക്കുന്നിടത്തുനിന്നാണല്ലോ എഴുന്നേറ്റ് വന്നത്. ബാക്കിയുള്ളവർ നിങ്ങളെ കാത്തിരിക്കുന്നു.. അതുകൊണ്ട്, ഇത് നിങ്ങൾക്കുള്ള സാധനമാണ്. അതു വാങ്ങി ക്കൊള്ളു. അതിനെ സംബന്ധിച്ച് അതിശയകരമായ കഥ പിന്നീട് സൗകര്യംപോലെ പറയാം" എന്ന് പറഞ്ഞ് കക്ഷത്തുനിന്ന് പഴയ ദിനപത്രത്തിൽ പൊതിഞ്ഞ ഒരു പാക്കറ്റ് മേശപ്പുറത്തുവെച്ചു. ഹേമദ്പാന്ത് പൊതിയഴിച്ചുനോക്കിയപ്പോൾ അയാൾക്ക് വിസ്മയം തോന്നത്തക്കവണ്ണം നല്ല ഭംഗിയുള്ള ബാബയുടെ ഒരു വലിയ ചിത്രമായിരുന്നു അത്. അത് കണ്ട് സന്തുഷ്ടനായി രോമ ഹർഷം പൂണ്ട് കണ്ണീർപൊഴിച്ചു. അയാൾ തലകുനിച്ച് ചിത്ര ത്തിലെ ബാബയുടെ പാദങ്ങൾ നമസ്ക്കരിച്ചു. ബാബ, ഈ ലീല കൊണ്ടുതന്നെ അനുഗ്രഹിച്ചതാണെന്നയാൾ പൂർണ്ണമായി വിശ്വ സിച്ചു. ജിജ്ഞാസകൊണ്ട് അയാൾ ആലിമുഹമ്മദിനോടും ഈ ചിത്രം എങ്ങനെ കിട്ടി എന്നുചോദിച്ചു. അയാൾ അത് പീടിക യിൽ നിന്നു വാങ്ങിയതാണെന്നും വിവരങ്ങൾ എല്ലാം പിന്നീട് പറയാമെന്നും ബാക്കിപേർ കാത്തിരിക്കുന്നതുകൊണ്ട് അയാൾ ഉടനെ അവരോടുകൂടി ചേരണമെന്നും പറഞ്ഞു. ഹേമദ്പാന്ത് നന്ദിപറഞ്ഞ് അവരെ യാത്രയയച്ച് ഉണ്ണാനിരിക്കുന്ന സ്ഥലത്തേക്ക് ചെന്നു. അതിഥിക്കായി കരുതിവെച്ച സ്ഥാനത്ത് ചിത്രം വെച്ച് എല്ലാം വിഭവങ്ങളും നിവേദിച്ച് അവരെല്ലാവരും ഭക്ഷണം കഴി ച്ചു. ആ ചിത്രത്തിലെ സുന്ദരമായ രൂപം കണ്ട് എല്ലാവരും സന്തോ ഷിക്കുകയും ഇതെല്ലാം എങ്ങനെ സംഭവിച്ചു എന്നും അതിശ യിക്കുകയും ചെയ്തു.

ഇങ്ങനെയാണ് സായിബാബ ഹേമദ്പാന്തിനോട് സ്വപ്ന

ത്തിൽ പറഞ്ഞ വാക്കുകൾ പാലിച്ചത്. ചിത്രത്തിന്റെ കഥ അതായത് ആലി മുഹമ്മദിൽ അത് എങ്ങനെ കിട്ടിയെന്നും, എന്തിനാണ് ഹേമദ്പാന്തിന് കൊടുത്തത് എന്നും അടുത്ത അദ്ധ്യായത്തിൽ വിവരിക്കുന്നതാണ്.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തിഭവിക്കട്ടെ !

# അദ്ധ്യായം - 41



*ചിത്രത്തിന്റെ കഥ - കീറത്തുണികൾ മോഷ്ടിക്കലും ജ്ഞാനേശ്വരി പാരായണവും.*

*കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞ സംഭവത്തിന് ശേഷം 9 കൊല്ലം കഴിഞ്ഞ് ആലിമുഹമ്മദ് ഹേമദ്പാന്തിനെ കാണാനിടവരികയും താഴെ വിവരിക്കുന്ന കഥ പറയുകയും ചെയ്തു.*

ഒരിക്കൽ ബോംബെയിലെ നിരത്തിൽ കൂടി നടക്കുമ്പോഴാണ് ഒരു വഴിക്കച്ചവടക്കാരനോട് അയാൾ ആ ചിത്രം വാങ്ങിയത്. പിന്നീട് അത് ചില്ലിട്ട് അയാളുടെ ബാന്ദ്രയിലുള്ള വീട്ടിന്റെ ചുവരിൽ തൂക്കി ബാബയെ അയാൾക്ക് ബഹുമാനമായതുകൊണ്ട് എന്നും ആ പടം ദർശിക്കും. ഹേമദ്പാന്തിന് ഈ ചിത്രം കൊടുക്കുന്നതിന് മൂന്നു മാസങ്ങൾക്ക് മുമ്പ് അയാളുടെ കാലിൽ ഒരു കുരു വന്ന് വീർത്ത് കഷ്ടത്തിലായി. ഒരു ഓപ്പറേഷനും കഴിച്ച്, അയാളുടെ അളിയൻ നൂർമുഹമ്മദ് പീർഭായിയുടെ ബോംബെയിലുള്ള വീട്ടിൽ കിടപ്പായി. ഈ മൂന്നു മാസക്കാലവും ബാന്ദ്രയിലുള്ള അയാളുടെ വീട് പൂട്ടികിടക്കുകയായിരുന്നു. ആരും അവിടെ

താമസമുണ്ടായിരുന്നില്ല. പ്രശസ്തനായ ബാബാ അബ്ദുൾറഹിമാൻ, മൗലാനാ സാഹെബ് മുഹമ്മദ് ഹുസൈൻ, ബാബാ സായി, ബാബാ താജ്ജുദീൻ മുതലായ സിദ്ധയോഗികളുടെ ചിത്രങ്ങൾ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ. കാലം ഈ ചിത്രങ്ങളെയും ഒഴിവാക്കിയില്ല. അയാൾ സുഖക്കേടായി ബാന്ദ്രയിൽ കിടപ്പിലാണ്. എന്തിനാണ് ബാന്ദ്രയിലുള്ള ചിത്രങ്ങൾ ദുരിതമനുഭവിക്കുന്നത്? അവക്കും ജനനമരണങ്ങളുണ്ടായിരിക്കുമെന്നു തോന്നുന്നു. ബാബയുടെ ചിത്രങ്ങളൊഴികെ എല്ലാം ചിതൽ തിന്നു നിശിപ്പിച്ചുകളഞ്ഞിരുന്നു. എങ്ങനെ ബാബയുടെ ചിത്രം ഒഴിവായി എന്നറിയില്ല. അത് സന്യാസിയുടെ മഹൽശക്തിയെ കാണിക്കുക മാത്രമല്ലാതെ മറ്റൊന്നുമില്ല.

അയാൾക്ക്, മുഹമ്മദ് ഹുസൈൻ താരിയാതോപ്പാൻ, ഒരിക്കൽ ഫക്കീർബാബാ അബ്ദുൾറഹിമാന്റെ ഒരു ചിത്രം കൊടുത്തിരുന്നതാണ്. അത് അയാളുടെ അളിയൻ നൂർമുഹമ്മദ് പീർഭായിക്കുകൊടുത്തു. അങ്ങനെ ആ ചിത്രം മേശവലിപ്പിൽ 8 വർഷങ്ങളോളമായി കിടക്കുകയായിരുന്നു. ഒരിക്കൽ അത് പീർഭായി കണ്ട് അത് ഒരു ഫോട്ടോഗ്രാഫറുടെ കയ്യിൽ കൊടുത്തു ആൾ വലിപ്പത്തിൽ എൻലാർജു ചെയ്യിച്ച് എല്ലാ ബന്ധുക്കൾക്കും ഓരോ കോപ്പി കൊടുത്തു. അതാണ് ബാന്ദ്രയിലെ വീട്ടിൽവെച്ചിരുന്നത്. നൂർമുഹമ്മദ്, ഫക്കീർ അബ്ദുറഹിമാന്റെ ശിഷ്യനായിരുന്നു. ഒരുപടം അദ്ദേഹത്തിന് തുറന്ന ദർബാറിൽവെച്ച് കൊടുക്കാൻ ചെന്നപ്പോൾ ഗുരു കോപിച്ച് അയാളെ തല്ലാൻ ഓടിയെത്തുകയും പുറത്താക്കുകയും ചെയ്തു. അയാൾക്കു വളരെ വ്യസനവും നിരാശയും തോന്നി. അയാൾക്കു കുറെ പണം ചിലവായതിനു പുറമെ ഗുരുവിന്റെ കോപവും നേരിടേണ്ടിവന്നു. ഗുരുവിന് വിഗ്രഹാരാധന ഇഷ്ടമല്ലാത്തതിനാൽ, അയാൾ ചിത്ര

വുമെടുത്ത് അപ്പോളോ ബന്ദറിയിൽപോയി, ഒരു ബോട്ട് കൂലിക്കെടുത്ത് നടുക്കടലിൽപോയി അവിടെ കടലിൽ ചിത്രം വലിച്ചെറിഞ്ഞ്, വെള്ളത്തിൽ താഴ്ത്തി. അയാൾ പടംകൊടുത്തിരുന്ന എല്ലാ ബന്ധുക്കളോടും അവ തിരിച്ചുവാങ്ങി. ഒട്ടാകെ ആറുപടങ്ങൾ ഒരു മീൻപിടുത്തക്കാരനെ ഏർപ്പാടുചെയ്ത് ബന്ദ്രയിൽവെച്ച് കടലിലിടിച്ചു. അന്നേരം ആലി മുഹമ്മദ് അയാളുടെ വീട്ടിൽ കിടപ്പിലായിരുന്നു. അയാളോട് എത്രയുംവേഗം ഫക്കീർമാരുടെ ചിത്രങ്ങൾ കടലിൽ മുക്കിക്കളയുന്നുവോ അത്രയു വേഗം അയാൾക്ക് സുഖപ്പെടുമെന്നുപദേശിക്കുകയും ചെയ്തു. അതുകേട്ട്, ആലിമുഹമ്മദ്, അയാളുടെ മാനേജരെ അയച്ച് ബാന്ദ്രയിലെ വീട്ടിൽനിന്ന് എല്ലാ പടങ്ങളും എടുപ്പിച്ച് കടലിലിടുകയും ചെയ്തു. ആലിമുഹമ്മദ് രണ്ടുമാസങ്ങൾ കൂടി കഴിഞ്ഞു വന്നപ്പോൾ, ബാബയുടെ പടം മാത്രം ചുമരിൽ കണ്ട് അതിശയിച്ചുപോയി. അയാൾക്ക് അയാളുടെ മാനേജർ, ഈ പടം മാത്രം , എടുക്കാത്ത കാരണം മനസ്സിലായില്ല. ഉടനെ അതെടുത്തുമാറ്റി അലമാറയിൽവെച്ചു. അയാളുടെ അളിയനോ മറ്റോ കണ്ടാൽ ഉടനെ അതും നശിപ്പിക്കുമായിരുന്നു. ഇനി എന്തു ചെയ്യണമെന്നും ആരാണത് കേടുവരാതെ സൂക്ഷിക്കുക എന്നും ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ സായിബാബ തന്നെ നിർദ്ദേശിച്ചപോലെ മൗലാനാ ഇസ്മുമുജാവറോട് അഭിപ്രായം ചോദിക്കുന്നതാണ് നല്ലതെന്നയാൾക്ക് തോന്നി. അങ്ങനെ മൗലാനയെ കണ്ട് വിവരങ്ങളെല്ലാംപറഞ്ഞു. അവർ രണ്ടുപേരും കൂടി ആലോചിച്ച് ചിത്രം ഹേമദ്പാന്തിനുകൊടുത്താൽ വേണ്ടപോലെ സൂക്ഷിച്ചുകൊള്ളുമെന്ന് നിശ്ചയിച്ച് രണ്ടുപേരും കൂടി ഹേമദ്പാന്തിന്റെ വീട്ടിൽ വന്ന് അവസരോചിതമായി ചിത്രം അവിടെ കൊണ്ടുവന്നതാണ്.

ഈ കഥ ബാബക്ക് ഭൂതവും ഭാവിയും വർത്തമാനവും ഒരുപോലെ അറിയാമായിരുന്നുവെന്നും കാര്യങ്ങൾ സമർത്ഥമായി കൈകാര്യം ചെയ്തു ഭക്തന്മാരുടെ ഇംഗിതങ്ങൾ സാധിപ്പിച്ചു കൊടുക്കുന്നു എന്നും ഉള്ളതാണ് കാണിക്കുന്നത്. അടുത്ത കഥ ആദ്ധ്യാത്മികമായ ഏതു പരിശ്രമവും ബാബക്കിഷ്ടമായിരുന്നുവെന്നും അതിലുള്ള എല്ലാ തടസ്ഥങ്ങളും നീക്കംചെയ്തു ബാബ ഭക്തന്മാരെ സഹായിച്ചിരുന്നുവെന്നും തെളിയിക്കുന്നതാണ്.

**കീറത്തുണി മോഷണവും ജ്ഞാനേശ്വരി പാരായണവും**

ദഹനുവിലെ മംലത്ത്ദാറായിരുന്ന ബി.വി. ദേവിന്ന് ജ്ഞാനേശ്വരി വായിക്കണമെന്നാഗ്രമുണ്ടായിരുന്നു. (ജ്ഞാനേശ്വരിന്റെ മറാത്തിയിലുള്ള പ്രശസ്തമായ ഗീതാവ്യാഖ്യാനം) അയാൾ നിത്യവും ഗീതയിൽ നിന്നൊരദ്ധ്യായവും മറ്റു പുസ്തകങ്ങളിൽ നിന്ന് ഓരോ ഭാഗവും വായിക്കുമെങ്കിലും ജ്ഞാനേശ്വരി കയ്യിലെടുത്താൽ എന്തെങ്കിലും തടസ്ഥം നേരിട്ട് അത് വായിക്കാൻ കഴിയാതെ പോകലാണ് പതിവ്. അയാൽ ലീവെടുത്ത് ഷിർദ്ദിയിൽ വന്ന് കുറച്ചുദിവസം കഴിഞ്ഞ്, പൗണ്ടിലുള്ള സ്വന്തം വീട്ടിലേക്കു വിശ്രമത്തിനായി പോയി. അവിടെവെച്ചും മറ്റു പുസ്തകങ്ങൾ വായിക്കാൻ കഴിയുമെങ്കിലും ജ്ഞാനേശ്വരി കയ്യിലെടുത്താൽ ദുർവിചാരങ്ങളോ മറ്റോ മനസ്സിലുദിച്ച് വായിക്കാൻ കഴിയാതെ വരുകയായിരുന്നു പതിവ്. എത്ര പരിശ്രമിച്ചാലും മനസ്സമാധാനത്തോടുകൂടി കുറച്ചു വരികൾപോലും വായിക്കാൻ കഴിയില്ല. അങ്ങിനെ യായപ്പോൾ, ബാബ തന്റെ മനസ്സിൽ ആ പുസ്തകത്തിൻമേൽ പ്രീതിവരുത്തുന്നതുവരെ ആ പുസ്തകം തുറക്കുകപോലുമില്ലെന്ന് അയാൾ മനസാ നിശ്ചയി

ച്ചു. പിന്നീട് 1914 ഫിബ്രവരിയിൽ അയാൾ കുടുംബസമേതം ഷിർദ്ദിയിലേക്ക് പോയി. അവിടെവെച്ച് ജോഗ്, അയാളോട് ജ്ഞാനേശ്വരി പാരായണം ചെയ്യലുണ്ടോ എന്നു ചോദിച്ചു. ദേവ് അതിന് താൻ വായിക്കാൻ ശ്രമിച്ചാൽ ശരിയാവുന്നില്ലെന്നും ബാബ നിയോഗിക്കുമ്പോൾ മാത്രമേ ഇനി വായിക്കാൻ തുടങ്ങു എന്നും മറുപടി പറഞ്ഞു. ജോഗ് അതിന് ആ പുസ്തകത്തിന്റെ ഒരു പ്രതി ബാബയുടെ കൈവശം കൊടുത്ത് ബാബയുടെ സ്പർശ്നത്താൽ പാവനമാക്കി തിരികെ വാങ്ങിവായിച്ചു നോക്കാൻ നിർദ്ദേശിച്ചു. തന്റെ ആശയം ബാബക്കറിയാവുന്ന തുകൊണ്ട് അതിന്റെ ആവശ്യമില്ലെന്ന് ദേവ് മറുപടിയും പറ ഞ്ഞു. തന്റെ മനസ്ഥിതിയറിഞ്ഞ് അയാളുടെ തൃപ്തിക്കനുസ രിച്ച് വ്യക്തമായി പുസ്തകം വായിക്കാനുള്ള ഒരു കല്പന ബാബ കൊടുക്കില്ലേ?

ദേവ് പിന്നീട് ബാബയെ ദർശിച്ചു ഒരുറുപ്പിക ദക്ഷിണ കൊടുത്തു. ബാബ 20ക. ചോദിച്ചത് അയാൾ കൊടുത്തു. രാത്രി യിൽ ബാലക്റാം എന്നൊരാളെ കണ്ടപ്പോൾ അയാൾ എങ്ങിനെ ബാബയുടെ അനുഗ്രഹവും ഭക്തിയും സിദ്ധിച്ചു എന്നു ചോദി ച്ചു. ബാലക്റാം ആ വക വിവരം പിറ്റെ ദിവസത്തെ ആരതിക്കു ശേഷം പറയാമെന്നും പറഞ്ഞു. അടുത്ത ദിവസം ദേവ് ദർശന ത്തിന് പോയപ്പോൾ ബാബ 20ക. ദക്ഷിണ ചോദിച്ചത് അയാൾ സന്തോഷത്തോടുകൂടി കൊടുത്തു. മസ്ജിദ്ദിൽ ധാരാളം ജന ക്കൂട്ടമുണ്ടായിരുന്നതിനാൽ ദേവ് പോയി ഒരു മൂലക്കിരുന്നു. ബാബ അയാളോട് അടുത്തു വന്ന് മനശ്ശാന്തിയോടെ ഇരിക്കാൻ പറഞ്ഞത് അയാൾ അനുസരിച്ചു. പിന്നീട് മദ്ധ്യാഹ്ന ആരതി കഴിഞ്ഞശേഷം ജനങ്ങളെല്ലാം പിരിഞ്ഞതിൽപിന്നെ ദേവ്, ബാല ക്റാമിനെ കണ്ട് എങ്ങനെയാണയാൾ ബാബയെ കണ്ടെതന്നും

ബാബ എന്തു പറഞ്ഞുവെന്നും എങ്ങനെയാണ് ധ്യാനം പഠിപ്പിച്ചതെന്നും മറ്റും ചോദിച്ചു. ബാലക്റാം മറുപടി പറയാൻ തുടങ്ങുമ്പോഴെക്കും ബാബ, ചന്ദ്രു എന്നുപോരായ കുഷ്ഠരോഗിയായ ഒരു ഭക്തനെ അയച്ച് ദേവിനെ വിളിപ്പിച്ചു. ദേവ് അടുത്തു വന്നപ്പോൾ ആരോട് എന്തായിരുന്നു അന്വേഷിച്ചിരുന്നതെന്ന് ചോദിച്ചു. ദേവ് അതിന് അയാൾ ബാലക്റാമിനോട് സംസാരിച്ചുവെന്നും അയാളിൽ നിന്ന് ബാബയുടെ കീർത്തി കേട്ടുവെന്നും പറഞ്ഞു. ബാബ വീണ്ടു 25ക. കൂടി ദക്ഷിണ ചോദിച്ചത് ദേവ് സന്തോഷത്തോടെ കൊടുത്തു. പിന്നെ ബാബ അയാളെ അകത്തുകൊണ്ടുപോയി തൂണിൽ ചാരിയിരുന്നു അയാളെ ഇപ്രകാരം കുറ്റപ്പെടുത്തി. 'നീ എന്റെ കീറത്തുണികൾ എന്റെ അറിവില്ലാതെ മോഷ്ടിച്ചു'. ദേവ് അതിനെപ്പറ്റി തനിക്കൊന്നും അറിയില്ലെന്നു പറഞ്ഞപ്പോൾ ബാബ തിരഞ്ഞു നോക്കാൻ പറഞ്ഞു. ദേവ് തിരഞ്ഞിട്ടൊന്നും കണ്ടില്ല. അപ്പോൾ ബാബ കോപിച്ച് പറഞ്ഞു 'ഇവിടെ മറ്റാരും ഇല്ല, നീ തന്നെയാണ് കള്ളൻ ഇത്ര നരച്ച് വയസ്സായി നീ ഇവിടെ കക്കാൻ വന്നിരിക്ക്യാണ്'. ബാബ ഇതും പറഞ്ഞ് വളരെയധികം കോപിച്ച് കണ്ടമാനം ചീത്തപറഞ്ഞു. ദേവ് നിശബ്ദനായി നോക്കിയിരുന്നു. തനിക്കടി കിട്ടുമെന്നു പോലും അയാൾ കരുതി. ഒരു മണിക്കൂർ ഇങ്ങനെ കഴിഞ്ഞു. ബാബ അയാളോട് വാഡയിലേക്ക് പെയ്ക്കൊള്ളാൻ പറഞ്ഞു. അയാൾ വാഡയിലേക്കു മടങ്ങി ജോഗിനോടും ബാലക്റാമിനോടും സഭവിച്ചതെല്ലാം പറഞ്ഞു. വൈകുന്നേരം ബാബ ദേവിനെയും ബാക്കി എല്ലാവരെയും വരാൻ പറഞ്ഞയച്ചു വരുത്തി അവരോടായി തന്റെ വാക്കുകൾ ആ വൃദ്ധനെ വേദനിപ്പിച്ചിട്ടുണ്ടാവുമെങ്കിലും അയാൾ കളവു നടത്തിയതുകൊണ്ട് പറയാതിരിക്കാൻ തനിക്ക് നിവൃത്തിയില്ലെന്നും പറഞ്ഞു. ബാബ വീണ്ടും

12 ക. കൂടി ചോദിച്ചത് പലരോടുംകൂടി വാങ്ങി ബാബക്ക് കൊടുത്ത് സാഷ്ടാംഗപ്രണാമം ചെയ്തു. പിന്നീട് ബാബ നിർദ്ദേശിച്ചു. “നിത്യവും ജ്ഞാനേശ്വരി വായിക്കണം. വാഡയിൽ പോയിരുന്ന് നിത്യവും ഓരോ ഭാഗവും വായിച്ച്, വായിക്കുന്ന ഭാഗം അവിടെയുള്ളവർക്ക് ഭക്തിയോടും സ്നേഹത്തോടുംകൂടി വ്യാഖാനിച്ചുകൊടുക്കുക. ഞാൻ ഇവിടെ ഇരിക്കുന്നത് ഒരു ഒന്നാന്തരം സുവർണ്ണ കമ്പളം തന്നെ തരാനാണ്. പിന്നെ എന്തിന് കണ്ടവരോട് കീറത്തുണി മോഷ്ടിക്കുന്നു? എന്തിനാണ് ഈ മോഷണ സ്വഭാവം വളർത്തുന്നത്?

ദേവ്, ബാബയുടെ വാക്കുകേട്ട് സംതൃപ്തനായി. അയാളോട് ജ്ഞാനേശ്വരി വായിക്കാൻ കൽപിക്കുകയും ചെയ്തുവല്ലോ. അയാൾക്കു വേണ്ടതുകിട്ടി എന്ന് ആലോചിച്ച് സന്തുഷ്ടനായി. അന്നു മുതൽ ഭക്തിപൂർവ്വം വായന തുടങ്ങാൻ നിശ്ചയിച്ചു. അയാൾ വീണ്ടും ബാബയെ നമസ്കരിച്ച് തന്നെ ഒരു കുട്ടിയെപോലെ കരുതി വായനയിൽ സഹായിക്കണമെന്നപേക്ഷിച്ചു. ബാബ “കീറത്തുണി മോഷ്ടിക്കൽ” എന്നു പറഞ്ഞതിന്റെ പൊരുൾ അയാൾക്കു മനസ്സിലായി. അയാൾ ബാലക്റാമിനോട് ചോദിച്ചതാണ് “കീറത്തുണികൾ”. അയാളുടെ ആ ചോദിക്കൽ ബാബക്ക് ഇഷ്ടപ്പെട്ടില്ല. സായിബാബ തന്നെ എല്ലാ ചോദ്യത്തിനും മറുപടി പറയാൻ തയ്യാറായിരിക്കെ അന്യരോട് വേണ്ടാത്തത് ചോദിക്കുന്ന സ്വഭാവം സായിബാബക്ക് പിടിച്ചില്ല. അതാണ് ചീത്ത പറയാൻ കാരണം. ദേവിന് അയാളെ ചീത്തപറഞ്ഞുവെന്നല്ലാ തോന്നിയത്. ബാബ എല്ലാ സംശയങ്ങളും തീർത്തു കൊടുക്കാൻ തയ്യാറാണെന്നും മറ്റുള്ളവരോട് വെറുതെ ചോദിക്കേണ്ട കാര്യമില്ലെന്ന് വ്യക്തമാക്കിയതാണെന്നുമാണ് അയാൾ വിശ്വസിച്ചത്. ഈ അധിക്ഷേപങ്ങളെ ബാബയുടെ

പൂക്കളും അനുഗ്രഹങ്ങളായി കരുതി സന്തുഷ്ടിയോടും സംതൃപ്തിയോടും കൂടി വീട്ടിലേക്ക് മടങ്ങി.

സംഗതി അവിടെ അവസാനിച്ചില്ല. വായിക്കാനുള്ള ഒരു കല്പന കൊടുക്കലോടുകൂടി ബാബ നിർത്തിയില്ല. ഒരു കൊല്ലത്തിലധികം ബാബ ദേവിന്റെ അടുക്കൽ പോയി എത്രകണ്ടു പുരോഗമിച്ചു എന്നന്വേഷിച്ചു. 1914 ഏപ്രിൽ 2-നു വ്യാഴാഴ്ച കാലത്ത് ബാബ അയാൾക്കൊരു സ്വപ്നദർശനം നൽകി. ബാബ ഉയർന്ന കോലായിരുന്ന് അയാളോട് ജ്ഞാനേശ്വരി മനസ്സിലായോ എന്നു ചോദിച്ചു. ദേവ് "ഇല്ല" എന്നു പറഞ്ഞു. ബാബ "എന്നാലിനി എന്നാണ് മനസ്സിലാക്കാൻ പോവുന്നത്? ദേവ് കരഞ്ഞുകൊണ്ട് പറഞ്ഞു "അവിടുന്ന് അനുഗ്രഹിക്കാത്തിടത്തോളം വായന ഒരു വെറും ശല്യവും മനസ്സിലാക്കാൻ വളരെ പ്രയാസവുമായിരിക്കും. ഞാൻ ഇത് തീർത്തു പറയുകയാണ്" ബാബ "വായിക്കുമ്പോൾ നീ തിരക്കായി വായിക്കുന്നു. സാവധാനത്തിൽ എന്റെ മുന്നിലിരുന്ന് വായിക്കുക." ദേവ് ഞാനെന്താണ് വായിക്കേണ്ടത്? ബാബ അദ്ധ്യാത്മം വായിക്കൂ ദേവ് പുസ്തകം കൊണ്ടുവരാൻ പോവാൻ തുടങ്ങുമ്പോഴെക്കും ഉണർന്നുപോയി. ഈ ദർശനത്തിന് ശേഷം എത്രമാത്രം ആനന്ദവും സന്തോഷവുമാണ് ദേവിനുണ്ടായതെന്ന് വായനക്കാർ അനുമാനിച്ചാൽ മതി.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!

# അദ്ധ്യായം - 42



***ബാബയുടെ മഹാസമാധി***

*മുൻകൂട്ടിയുള്ള സൂചന - രാമചന്ദ്ര ദാദാ പട്ടേലിനെയും താത്ത്യാക്കോട്ടെ പട്ടേലിനെയും മരണത്തിൽ നിന്നൊഴിവാക്കൽ -ലക്ഷ്മിബായി ഷിൻഡെക്ക് ധർമ്മം കൊടുക്കൽ-അന്ത്യനിമിഷം.*

## മുഖവുര

മുൻ അദ്ധ്യായത്തിൽ വിവരിച്ച കഥകൾ കാണിക്കുന്നത് ഗുരുവിന്റെ അനുഗ്രഹമാകുന്ന വെളിച്ചമുണ്ടായാൽ സംസാര ജിവിതത്തിലെ ഭയം നീങ്ങുമെന്നും മുക്തിമാർഗ്ഗം തുറന്ന് തന്ന് നമ്മുടെ കഷ്ടതകളെ ആനന്ദമാക്കിമാറ്റുമെന്നാണ്. നീ സദാ സദ്ഗുരുപാദങ്ങളെ സ്മരിച്ചാൽ നമ്മുടെ കഷ്ടതകളവസാനിക്കുകയും, മരണഭയം നീങ്ങുകയും, സംസാരദുഃഖം ഇല്ലതാവുകയും ചെയ്യുന്നു. അതുകൊണ്ട് അവനവന്റെ ക്ഷേമത്തിൽ ശ്രദ്ധിക്കുന്നവർ സായീനാഥന്റെ ഈ കഥകളെ ശ്രദ്ധാപൂർവ്വം ധരിച്ച് അവരുടെ മനസ്സ് ശുദ്ധീകരിക്കട്ടെ.

തുടക്കത്തിൽ ഹേമദ്പാന്ത് ഡോക്ടർ പണ്ഡിറ്റിന്റെ





ആരാധനയും ത്രിപുണ്ട്റം തൊടീച്ചതും പറയുന്നു. ഇത് 11-ാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കയാൽ ഇവിടെ ആവർത്തിക്കുന്നില്ല.

**മുൻകൂട്ടിയുള്ള സൂചന**

വായനക്കാർ ഇതുവരെ കേട്ടത് ബാബയുടെ ജീവിതകഥകളാണ്. ഇനി അവർ ശ്രദ്ധാപൂർവ്വം ബാബയുടെ അന്ത്യയാത്രയെപ്പറ്റി കേൾക്കട്ടെ. 1918 സപ്തംബർ 28-ാം തിയ്യതി ബാബക്ക് ചെറിയ ഒരു ജ്വരബാധയുണ്ടായി. ജ്വരം രണ്ടോ മൂന്നോ ദിവസങ്ങളോളമെ ഉണ്ടായിരുന്നുള്ളുവെങ്കിലും, അതിനുശേഷം ബാബ ഭക്ഷണം ഉപേക്ഷിച്ചതുകൊണ്ട് കൂടെക്കൂടെ ക്ഷീണിതനായി തീർന്നു. 17-ാം ദിവസം അതായത് 1918 ഒക്ടോബർ 15-ാം തിയ്യതി ചൊവ്വാഴ്ച വൈകുന്നേരം ബാബ ഇഹലോകവാസം വെടിഞ്ഞു. ഇതിന് രണ്ട് കൊല്ലങ്ങൾക്ക് മുമ്പ്, അതായത് 1916ൽ ബാബ തന്റെ അന്ത്യത്തെപറ്റി സൂചന നൽകിയിരുന്നെങ്കിലും ആരും അതത്രകണക്കാക്കിയില്ല. അത് ഇപ്രകാരമാണുണ്ടായത്. വിജയദശമി (ദസറ) ദിവസം ആളുകൾ "സീമാലംഘൻ" (ഗ്രാമാർത്തി കടക്കൽ) എന്ന ചടങ്ങ് കഴിഞ്ഞ് മടങ്ങിവരുമ്പോൾ ബാബയെ അത്യധികം കോപിഷ്ഠനായികണ്ടു. ബാബ തലക്കെട്ടും കഫ്നിയും ലങ്കോട്ടിയും എല്ലാം അഴിച്ച് മുന്നിലുള്ള ധുനിയിലിട്ട് ദഹിപ്പിച്ചു. ഇത് കത്തിപിടിച്ച് ധുനിയിലെ അഗ്നി പ്രകാശിക്കുകയും ചെയ്തു. ബാബ പൂർണ്ണ നഗ്നനായി കണ്ണ് തീക്കനൽ പോലെ ജ്വലിപ്പിച്ച് അലറി. "എടാ കൊള്ളരുതാത്തവരെ, ഇപ്പോൾ വന്നു നോക്കിൻ, ഞാൻ മുസ്ലീമോ ഹിന്ദുവോ എന്ന്". എല്ലാവരും ഭയപ്പെട്ടു വിറച്ചു. ഒരുത്തനും ബാബയെ സമീപിക്കാൻ ധൈര്യം വന്നില്ല. കുറെക്കഴിഞ്ഞപ്പോൾ കുഷ്ഠരോഗിയും ഭക്തനുമായ ഭാഗോജിഷിൻഡെ ഒരുവിധം ധൈര്യമവലംബിച്ച് ബാബയെ

സമീപിച്ച് ഒരുലങ്കോട്ടി കെട്ടികൊടുക്കുന്നതിൽ വിജയിച്ചു. എന്നിട്ട് "ബാബ! എന്താണിതൊക്കെ. ഇന്ന് സീമാലംഘൻ ആണ്. ദസറ ദിവസം" എന്നു പറഞ്ഞു. ബാബ സത്ക്കകൊണ്ട് നില ത്തടിച്ചു പറഞ്ഞു: "ഇത് എന്റെ സീമാലംഘനമാണ്". (അതിർത്തി കടക്കൽ) രാത്രി 11 മണിവരെ ബാബയുടെ കോപം അടങ്ങിയില്ല. അന്നുരാത്രി ചാവടി എഴുന്നള്ളിപ്പുതന്നെ ഉണ്ടാ കുമോ എന്ന് ജനങ്ങൾ സംശയിച്ചു. ഒരു മണിക്കൂർ കഴിഞ്ഞ് ബാബ വസ്ത്രങ്ങൾധരിച്ച് മുമ്പ് വിവരിച്ചപോലെ ചാവടി എഴു ന്നള്ളത്തിന് തയ്യാറായി. ഈ സംഭവംകൊണ്ട് ബാബ തന്റെ അതിർത്ഥി കടക്കൽ (ജീവാവസാനം) ദസറ സമയത്താണെന്ന് സൂചിപ്പിച്ചതായിരുന്നു. ആർക്കും അന്നതിന്റെ സാരം മനസ്സിലാ യില്ല. ബാബ മറ്റൊരു സൂചനയുംകൂടെ താഴെപറയും പ്രകാരം തരുകയുണ്ടായി.

## രാമചന്ദ്രപട്ടേലിന്റെയും താത്ത്യാപട്ടേലിന്റെയും മരണം ഒഴി വാക്കൽ

ഇതു കഴിഞ്ഞ് കുറച്ചു ദിവസം കഴിഞ്ഞപ്പോൾ രാമചന്ദ്ര പട്ടേലിന് കലശലായ രോഗം പിടിപെട്ടു. അയാൾ വല്ലാതെ കഷ്ട പ്പെട്ടു. പല മരുന്നുകളും പ്രയോഗിച്ച് ഫലമില്ലാതെ നിരാശനായി അന്ത്യനിമിഷവും കാത്ത് കിടക്കുകയായിരുന്നു. ഒരു രാത്രി പെട്ടെന്ന് ബാബ അയാളുടെ കിടക്കക്കരികിൽ വന്നതായി കണ്ടു. പട്ടേൽ ബാബയുടെ പാദങ്ങൾ പിടിച്ച് "എനിക്ക് ജീവിതത്തി ലുള്ള ആശ നഷ്ടപ്പെട്ടു കഴിഞ്ഞു. ഞാൻ എപ്പോൾ മരിക്കു മെന്ന് പറഞ്ഞുതരണം" എന്നപേക്ഷിച്ചു. കരുണാനിധിയായ ബാബ പറഞ്ഞു നിനക്ക് വേഗം സുഖപ്പെടും. പക്ഷെ എനിക്ക് താത്ത്യയെക്കുറിച്ചാണ് ഭയം. അവൻ 1840 ശാകമാസത്തിലെ വിജ യദശമി ദിവസം മരിക്കും. ഇതാരോടും പ്രത്യേകിച്ച് അവനോട്

പറയരുത്, അവൻ ഭയപ്പെട്ടുപോകും”. രാമചന്ദ്രദാദക്ക് സുഖപ്പെട്ടു. പക്ഷെ അയാൾ താത്ത്യയുടെ ജീവനെപ്പറ്റി ദുഃഖിതനായി. ബാബയുടെ വാക്കുകൾക്ക് വ്യത്യാസമില്ലെന്നും താത്ത്യ രണ്ടു കൊല്ലത്തിനുള്ളിൽ മരിച്ചുപോകുമന്നും അയാൾക്കുറപ്പാണ്. ഇതാരോടും അയാൾ പറഞ്ഞില്ല. പക്ഷെ ഒരു തുന്നൽപണിക്കാരനും ഭക്തനുമായ ബാലഷിംപിയോട് മാത്രം പറഞ്ഞു. അങ്ങനെ രാമചന്ദ്രദാദയും ബാലഷിംപിയും മാത്രം താത്ത്യയുടെ കാര്യത്തിൽ ഭയപ്പെട്ടുകൊണ്ടിരുന്നു.

രാമചന്ദ്രദാദക്ക് സുഖപ്പെട്ടുവെന്നു പറഞ്ഞുവല്ലോ. സമയം ക്ഷണത്തിൽ പോയ്ക്കൊണ്ടിരുന്നു. 1840-ാംമാണ്ട് ശകവർഷത്തിലെ ഭദ്രപാദമാസം കഴിഞ്ഞ് അശ്വനിമാസം തുടങ്ങി. ബാബ പറഞ്ഞതുപോലെ താത്ത്യാ രോഗ ബാധിതനായി അതുകൊണ്ട് ബാബയുടെ ദർശനത്തിനുവേണ്ടി വരാൻ കഴിയാതെയായി. ബാബക്ക് ജ്വരബാധായായും കിടപ്പിലായി. താത്ത്യക്ക് ബാബയിലും ബാബക്ക് തന്റെ രക്ഷി താവായ ഭഗവാൻ ഹരിയിലും പൂർണ്ണ വിശ്വാസമാണ്. താത്ത്യയുടെ രോഗം വളരെവളരെ മൂർച്ഛിച്ച് ഇളകാൻ വയ്യാതെയായി. എങ്കിലും അയാൾ സദാ ബാബയെതന്നെ സ്മരിച്ചുകിടന്നു. ബാബയുടെ സ്ഥിതിയും ഇതേപോലെ മോശപ്പെട്ടുകൊണ്ടിരുന്നു. നിർദ്ദിഷ്ട ദിവസമായ വിജയദശമി അടുക്കാൻ തുടങ്ങി. രാമചന്ദ്രദാദായും ബാലഷിംപിയും താത്ത്യയെക്കുറിച്ച് അത്യധികം ഭയപ്പെട്ടുകൊണ്ടിരുന്നു. അവർ ഭയപ്പെട്ട് ശരീരം വിറച്ചും വിയർത്തും ബാബ പറഞ്ഞ പ്രകാരം താത്ത്യയുടെ മരണം അടുത്തു വരുന്നത് കണ്ടുകൊണ്ടിരുന്നു. വിജയദശമി ദിവസം പുലർന്നു. താത്ത്യയുടെ നാഡിമിടിപ്പ് നിലച്ചുകൊണ്ടിരിക്കയാണ്. മരണം അടുത്തടുത്ത് വരുന്നു. പക്ഷെ ഒരു പ്രത്യേകത സംഭവിച്ചു. താത്ത്യജീവിക്കുകയും പകരം ബാബ തന്നെത്തന്നെ മരണത്തിന് കൊടുക്കുകയും

ചെയ്തു. അത് ശരിക്കും ഒരു ഒത്തുമാറ്റമായിരുന്നു. ജനങ്ങളെല്ലാം ബാബ, താത്ത്യക്കുവേണ്ടി ജീവൻ കൊടുത്തു എന്നു പറഞ്ഞു. എന്തിനാണ് ബാബ അങ്ങിനെ ചെയ്തത്? ബാബയുടെ മാർഗ്ഗങ്ങൾ വിഭാവനം ചെയ്യാൻ കഴിയാത്തവയായതിനാൽ ബാബയ്ക്ക് മാത്രമേ അതറിഞ്ഞുകൂട. ഇതിൽ തന്റെ അന്ത്യത്തിന്റെ സൂചന തനിക്കുപകരം താത്ത്യയുടെ പേരുപറഞ്ഞു ബാബ മുൻകൂട്ടി കൊടുത്തതായിരുന്നു.

അടുത്തദിവസം അതായത് ഒക്ടോബർ 16-ാംനു ബാബ പന്ധർപൂരിലുള്ള ദാസ്ഗനുവിന്റെ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് പറഞ്ഞു "മസ്ജിദ് പൊളിഞ്ഞുവീണു. ഷിർദ്ദിയിലുള്ള എണ്ണക്കച്ചവടക്കാരും മസാലപ്പീടികക്കാരും എന്നെ ഒരുപാട് ഉപദ്രവിച്ചു. അതുകൊണ്ട് ഞാൻ ഇവിടെവന്ന് വിവരമറിയിക്കുകയാണ്. ദയവുചെയ്ത് അവിടെക്ക് ഉടൻ പോയി എന്നെ ഭക്കൽപൂക്കളെ കൊണ്ട് ആവരണം ചെയ്യുക". ദാസ്ഗനുവിന് ഷിർദ്ദിയിൽ നിന്നുള്ള കത്തിൽനിന്ന് വിവരം കിട്ടി. ദാസ്ഗനു ഉടനെ ശിഷ്യന്മരോടുകൂടി ഷിർദ്ദിയിൽ വന്ന് ബാബയെ സമാധിയടക്കുന്നതു വരെ ഭഗവൽകീർത്തനങ്ങളും ഭജനകളും പാടിക്കൊണ്ടിരുന്നു. അയാൾ സ്വന്തം കൈകൊണ്ട് ഹരിനാമാങ്കിതമായ ഒരു പൂമാലയുണ്ടാക്കി. ബാബയുടെ സമാധിയിൽ ചാർത്തി. സ്വന്തം ചിലവിൽ ബാബയുടെ സ്മരണക്കായി പരക്കെ അന്നദാനവുംനടത്തി.

## ലക്ഷ്മിബായിക്ക് ധർമ്മം കൊടുക്കൽ

വിജയദശമി ദിവസം ഹിന്ദുക്കൾക്ക് ഏറ്റവും മംഗളകരമായ ദിവസമാണ്. അത്തരം ഒരു ദിവസം ബാബ തന്റെ സീമാലംഘനത്തിന് തിരഞ്ഞെടുത്തത് അനുയോജ്യമായി. കുറച്ചുദിവസം മുമ്പു മുതൽക്കെ സുഖമില്ലാതെ കിടപ്പിലായെങ്കിലും

ആന്തരികമായി ബാബ എല്ലായ്പ്പോഴും ബോധവാനായിരുന്നു. അന്ത്യനിമിഷത്തിന് അല്പംമുമ്പ് ബാബ ആരുടെയും സഹായം കൂടാതെ എഴുന്നേറ്റിരുന്ന് വളരെ സുഖപ്പെട്ടപോലെ പെരുമാറി. ജനങ്ങൾ അപകടസ്ഥിതി കഴിഞ്ഞെന്നും ബാബ സുഖപ്പെട്ടുവരുന്നെന്നും കരുതി. ബാബയ്ക്ക് താൻ അന്ത്യശ്വാസം വലിക്കാൻ പോകുന്നുവെന്നറിയാമായിരുന്നതിനാൽ ലക്ഷ്മീബായി ഷിൻഡ്രേക്ക് കുറച്ച് ധർമ്മം കൊടുക്കാൻ നിശ്ചയിച്ചതായിരുന്നു.

**ബാബ എല്ലാ ജീവജാലങ്ങളിലും കുടികൊള്ളുന്നു.**

ഈ ലക്ഷ്മീബായി ഷിൻഡെ സൽസ്വഭാവിയും സാമാന്യം ധനസ്ഥിതിയുള്ളവരുമായിരുന്നു. അവർ രാവും പകലും മസ്ജിദ്ദിൽ പണിയെടുക്കും. രാത്രി കാലങ്ങളിൽ ഭഗത്മാലസപതി, താത്ത്യാ, ലക്ഷ്മീബായി ഇവരൊഴികെ ആരെയും മസ്ജിദ്ദിൽ പ്രവേശിക്കാനുവദിച്ചിരുന്നില്ല. ഒരിക്കൽ ബാബയും താത്ത്യയും കൂടി മസ്ജിദ്ദിലിരിക്കുമ്പോൾ ലക്ഷ്മീബായി വന്നു ബാബയെ വണങ്ങി. ബാബ അവരോട് "ഓ ലക്ഷ്മീ! എനിക്കു വല്ലാതെ വിശക്കുന്നു" എന്നുപറഞ്ഞു. അവർ ഉടനെ "ബാബ, ഒരു നിമിഷത്തിനുള്ളിൽ ഞാൻ ഭക്ഷണംകൊണ്ടുവരാം" എന്നുപറഞ്ഞു ഓടിപ്പോയി. അവർ റൊട്ടിയും പച്ചക്കറിയുംകൊണ്ടുവന്ന് ബാബയുടെ മുന്നിൽ വെച്ചു. ബാബ അതെടുത്ത് ഒരു നായക്ക് കൊടുത്തു. അപ്പോൾ "ഇതെന്താണ് ബാബ ! എന്നെ വെറുതെ ബുദ്ധിമുട്ടിച്ചത് ? ഞാൻ ഓടിപ്പോയി എന്റെ സ്വന്തം കൈകൊണ്ട് ഭക്ഷണം തയ്യാറാക്കികൊണ്ടുവന്നത് അവിടുന്ന് തൊടുകപോലും ചെയ്യാതെ നായക്ക് കൊടുത്തു" എന്ന് പറഞ്ഞു. ബാബ അതിന് "നീ എന്തിന് വെറുതെ വ്യസനിക്കുന്നു? നായയുടെ വിശപ്പുമാറ്റൽ എന്റെ വിശപ്പുമാറ്റൽതന്നെയാണ്. നായക്ക് ഒരാത്മാവുണ്ട്. ജീവി വ്യത്യസ്തനായിരുന്നോട്ടെ. പക്ഷെ





എല്ലാവരുടെയും വിശപ്പ് ഒരുപോലെയാണ്. ചിലവ അത് പറയും, ചിലവ മൂകജീവികളാണ്. ഒരു കാര്യം മനസ്സിലാക്കൂ. ആരാണ് വിശക്കുന്ന ജീവികൾക്ക് ഭക്ഷണം കൊടുക്കുന്നത്, അവർ എന്നെയാണ് ഊട്ടുന്നത്. ഇത് ഒരു വിശ്വസത്യമായി കരുതിക്കോളൂ' എന്നാണ് മറുപടി പറഞ്ഞത്. ഇതൊരു നിസ്സാരസംഭവമാണെങ്കിലും ബാബ അതുകൊണ്ട് ഒരു മഹത്തായ ആദ്ധ്യാത്മിക സത്യമാണ് പ്രചരിപ്പിച്ചത്. ആ സത്യത്തെ എങ്ങനെയാണ് മറ്റൊരാളെ വേദനിപ്പിക്കാതെ പ്രായോഗികമാക്കുക എന്ന് ബാബ കാണിച്ചു തന്നു. അന്നുമുതൽ നിത്യവും ലക്ഷ്മീബായി സ്നേഹഭക്തികളോടെ ബാബയ്ക്ക് പാലും റൊട്ടിയും കെടുക്കാൻ തുടങ്ങി. ബാബ അത് ആസ്വാദനത്തോടെ സ്വീകരിച്ച് ഭക്ഷിക്കുമായിരുന്നു. അതിൽ നിന്ന് കുറച്ച് ബാബ എടുത്ത് ബാക്കി ലക്ഷ്മീബായിയുടെ കൈയ്യിൽതന്നെ കൊടുത്ത് രാധാകൃഷ്ണമായിക്ക് എത്തിച്ചുകൊടുക്കുമായിരുന്നു. അവർ ബാബയുടെ ഉച്ഛിഷ്ടം പ്രസാദമെന്ന നിലക്ക് സ്വീകരിച്ച് ആസ്വദിക്കുകയും ചെയ്യും. ഈ ഭക്ഷണത്തന്റെ കഥ ഒരു വ്യതിയാനമായിക്കരുതരുത്. ഇത് ഏത് പ്രകാരം സായിബാബ എല്ലാ ജിവജാലങ്ങലിലും കുടികൊള്ളുന്നുവെന്നും അവയെ എങ്ങനെ പുരോഗമിപ്പിച്ചുവെന്നും തെളിയിക്കുന്നു. സായിബാബ സർവ്വവ്യാപിയും ജനനമരണങ്ങളില്ലാത്ത അമരനുമാണ്.

ബാബ, ലക്ഷ്മീബായിയുടെ സേവനങ്ങളെ സ്മരിച്ചു. ബാബയ്ക്ക് എങ്ങനെ അവരെ വിസ്മരിക്കാനാവും? ദേഹവിയോഗത്തിനല്പം മുമ്പ് ബാബ തന്റെ പോക്കറ്റിൽ കയ്യിട്ട് ആദ്യം 5 ക. എടുത്ത് അവർക്കുകൊടുത്തു. വീണ്ടും 4 ക. കൂടി എടുത്തുകൊടുത്തു. ഒട്ടാകെ ഒമ്പത്. 9 എന്ന അക്കം നവവിധ ഭക്തിയെ സൂചിപ്പിക്കുന്നു എന്ന് 21-ാം അദ്ധ്യായത്തിൽ പറഞ്ഞി





ട്ടുണ്ട്. അത് സീമാലംഘനസമയത്ത് കൊടുത്ത ദക്ഷിണയായിരിക്കാം ലക്ഷ്മീബായി കഴിഞ്ഞുകൂടുവാനുള്ള വകയുള്ളവരായിരുന്നതിനാൽ പണത്തിന് ക്ഷാമമുണ്ടായിരുന്നില്ല. അതുകൊണ്ട് ബാബ അവർക്ക് ഭാഗവതം ഏകാദശസ്കന്ധം പത്താം അദ്ധ്യായത്തിലെ 6-ാം ശ്ലോകത്തിൽ പറഞ്ഞ ശരിയായ ശിഷ്യന്റെ ഒമ്പതു ഗുണങ്ങളെ ഓർമ്മിപ്പിച്ചതായിരിക്കാം. അതിൽ ആദ്യം അഞ്ചും പിന്നീട് നാലും ഗുണങ്ങളാണ് ആദ്യത്തെ രണ്ടുവരികളിൽ പറയുന്നത്. ("അമാന്യമത്സരോദക്ഷോ നിർമ്മമോ ദൃഢസൗഹൃദഃഅസത്വരോർത്ഥ ജിജ്ഞാസുരമസൂയുരമോഘവാക്ക്") ബാബ ആ ചിട്ടയിൽ തന്നെ ആദ്യം 5 ക. യും പിന്നീട് 4 ക. യും കൂടി ഒട്ടാകെ 9 ക.യാണ് കൊടുത്തത്. ഒമ്പതല്ല, ഒമ്പതുറുപ്പികയുടെ എത്രയോ ഗുണിതങ്ങൾ അവരുടെ കയ്യിൽ വന്നുവെങ്കിലും ഈ ഒമ്പതുറുപ്പിക എന്നും ലക്ഷ്മീബായി ഓർമ്മവെയ്ക്കും. (ഇപ്പോഴും ഇവയിൽ ഏഴെണ്ണം ആ വീട്ടിൽ ചില്ലിട്ട് സൂക്ഷിച്ചിട്ടുണ്ട്. വിക്ടോറിയാ റാണിയുടെ തലയുള്ള നാണ്യങ്ങളാണ്).

വളരെ ശ്രദ്ധാലുവും ബോധവാനുമായിരുന്നതിനാൽ ബാബ അന്ത്യ നിമിഷത്തിൽ മറ്റു ചില മുൻകരുതലുകളും കൂടി എടുത്തു. ഭക്തന്മാരോടുള്ള സ്നേഹംകൊണ്ട് തനിക്ക് ഒരു വിഷമവും തോന്നരുതെന്ന് കരുതി അവരെ എല്ലാവരെയും പറഞ്ഞയച്ചു. കാക്കാ സാഹെബ് ദീക്ഷിത്, ബാപ്പുസാഹെബ് ഭൂട്ടി മുതലായവരെല്ലാം ഉൽക്കണ്ഠയോടുകൂടി ബാബയ്ക്കെന്തുസംഭവിക്കുമെന്നറിയാതെ മസ്ജിദിൽ കാത്തിരിക്കുകയായിരുന്നു. ബാബ അവരോടെല്ലാം വാഡയിൽപോയി ഭക്ഷണം കഴിച്ച് വരാൻ പറഞ്ഞ് അവിടെനിന്നയച്ചു. അവർക്ക് ബാബയുടെ മുന്നിൽ നിന്ന് പോവാനും വയ്യ ബാബയുടെ കല്പന അനുസരിക്കാതിരിക്കാനും വയ്യെന്നായി. എന്നിട്ട് വിഷാദമനസ്കരായി മടിച്ചുമ

ടിച്ചു അവർ വാഡയിലേക്കുപോയി. അവർക്ക് ബാബയുടെ കാര്യം ഗൗരവാവഹമാണെന്ന് അറിയാമായിരുന്നു. അവർ ഭക്ഷണത്തിനിരുന്നെങ്കിലും മനസ്സ് ബാബയുടെ അടുക്കലായിരുന്നു. ഭക്ഷണം കഴിയ്ക്കുന്നതിന് മുമ്പുതന്നെ ബാബ ദേഹത്യാഗം ചെയ്ത വിവരം അവർക്കു കിട്ടി. ഭക്ഷണം അവിടെയിട്ട് അവർ മസ്ജിദ്ദിലോക്കോടിചെന്നപ്പോൾ ബാബ ബയ്യാജിയുടെ മടിയിൽ അന്ത്യവിശ്രമംകൊള്ളുന്നതാണ് കണ്ടത്. ബാബ നിലത്തുവീഴുകയോ കിടക്കയിൽ കിടക്കുകയോ ചെയ്തില്ല. ബാബ സ്വന്തം ഇരിപ്പിടത്തിലിരുന്ന് കൈകൊണ്ട് ധർമ്മം കൊടുത്തുകൊണ്ടാണ് ദേഹവിയോഗം ചെയ്തത്. ഋഷിമാർ അവതരിച്ച് ലോകത്തിൽ വരുന്നത് നിശ്ചിതമായ പ്രവർത്തനങ്ങൾക്കാണ്. അത് പൂർത്തിയായിക്കഴിഞ്ഞാൽ അവർ വന്നപോലെ ശാന്തമായും അനായാസമായും കടന്നുപോവുന്നു.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ !

# അദ്ധ്യായം - 43 - 44



*ബാബയുടെ മഹാസമാധി തുടർച്ച*

*തയ്യാറെടുക്കൽ - സമാധിമന്ദിരം - ഇഷ്ടിക ഉടക്കൽ-72 മണിക്കൂർ നേരത്തെ സമാധി - ജോഗിന്റെ സന്യാസം - ബാബയുടെ അമൃതവാണികൾ*

## മുൻകൂട്ടിയുള്ള തയ്യാറെടുക്കൽ

സാധാരണ ഹിന്ദുക്കൾക്കിടയിൽ ഒരാൾ ആസന്ന മരണനായിക്കിടക്കുമ്പോൾ എന്തെങ്കിലും പുണ്യഗ്രന്ഥങ്ങൾ അയാൾക്ക് വായിച്ചുകേൾപ്പിച്ച് അവസാന നിമിഷത്തിൽ ലൗകീകകാര്യങ്ങളെ അയാൾ ചിന്തിക്കാനിടവരുത്താതെ ആദ്ധ്യാത്മിക കാര്യങ്ങളിൽ ആലോചനയുണ്ടാക്കി സൽഗതിയുണ്ടാക്കികൊടുക്കുക എന്നൊരു സമ്പ്രദായമുണ്ട്. പരീക്ഷിത് മഹാരാജാവിനെ ഒരാഴ്ചക്കുള്ളിൽ മരിച്ചുപോട്ടെ എന്ന് ഒരു ബ്രാഹ്മണമുനി ശപിച്ചപ്പോൾ അദ്ദേഹത്തിന് ശുകമഹർഷി ഒരാഴ്ച കൊണ്ട് ഭാഗവത മുഴുവൻ വായിച്ചുകേൾപ്പിച്ചു. ഈ സമ്പ്രദായം





ഇപ്പോഴും തുടർന്നു വരുന്നതും ഗീത, ഭാഗവതം മുതലായ വിശ്ഷ്ടഗ്രന്ഥങ്ങൾ മരിക്കാറായവരെ വായിച്ചുകേൾപ്പിക്കുന്ന പതിവ് ഇന്നും നില നിൽക്കുന്നതുമാകുന്നു. ഒരു ദൈവാവ താരമന്ന നിലക്ക് ബാബക്ക് ഈ വക സഹായങ്ങളൊന്നും ആവശ്യമില്ലായിരുന്നെങ്കിലും മറ്റുള്ളവർക്ക് മാതൃകയാ ക്കാൻവേണ്ടി ബാബ ഈ സമ്പ്രദായം തന്നെ സ്വീകരിച്ചു. ബാബ അന്ത്യശ്വാസം വലിക്കാൻ പോകുന്നുവെന്നറിഞ്ഞ് ബാബ വാസി എന്ന ആളോട് രാമവിജയം വായിച്ചുകേൾപ്പിക്കാൻ പറഞ്ഞു. വാസി ഒരാഴ്ചകൊണ്ട് പുസ്തകം ഒരിക്കൽ വായിച്ചു. എന്നിട്ട് ബാബ അയാളോട് ഒരിക്കൽകൂടി രാവും പകലും വായിക്കാൻ പറഞ്ഞ പ്രകാരം മൂന്നുദിവസങ്ങൾകൊണ്ട് വായന പൂർത്തിയാ ക്കി. അങ്ങനെ പതിനൊന്നു ദിവസങ്ങൾ കഴിഞ്ഞു അയാൾ വീണ്ടും മൂന്നു ദിവസങ്ങൾകൂടി വായിച്ച് അത്യധികം ക്ഷീണി തനായി. പിന്നീട് ബാബ അയാളെ പോവാനനുവദിച്ച് ശാന്ത നായി കഴിഞ്ഞു. അദ്ദേഹം ആത്മനിൽതന്നെ അധിവസിച്ച് അന്ത്യനിമിഷം കാത്തിരുന്നു.

രണ്ടുമൂന്നു ദിവസങ്ങൾക്ക് മുമ്പുതന്നെ ബാബ തന്റെ രാവിലത്തെ നടത്തങ്ങളും ഭിക്ഷാടനവും നിർത്തൽ ചെയ്ത് മസ്ജിദ്ദിൽതന്നെ ഇരിക്കലായി. അവസാന നിമിഷംവരെ ബോധ ത്തോടുകൂടിയിരുന്ന ബാബ ഭക്തന്മാരോട് ധൈര്യമായിരിക്കാൻ പറഞ്ഞു. ആരെയും അന്ത്യനിമിഷം എപ്പോളായിരിക്കുമെന്നറി യിച്ചില്ല. കാക്കാസാഹെബ് ദീക്ഷിതും ശ്രീമാൻ ഭൂട്ടിയും മസ്ജി ദ്ദിൽ ബാബയുടെ കൂടെതന്നെയാണ് നിത്യ ഭക്ഷണം കഴിച്ചിരു ന്നത്. അന്നത്തെ ദിവസം (ഒക്ടോബർ15) ആരതിക്കുശേഷം അവ രോട് വാസസ്ഥലത്ത് പോയി ഭക്ഷണം കഴിക്കാൻ നിർദ്ദേശിക്കു കയാണുണ്ടായത്. എന്നിട്ടും കുറച്ചുപേർ, അതായത് ലക്ഷ്മീ

ബായി ഷിൻഡെ, ഭഗോജി ഷിൻഡെ, ബായാജി, ലക്ഷ്മണൻ ബാലഷിംപി, നാനാസാഹെബ് നീമോൻകാർ എന്നിവർ അവിടെതന്നെ ഇരുന്നു. ശാമ ഒതുക്കിന്മേൽ ഇരിക്കുകയായിരുന്നു. ലക്ഷ്മീബായി ഷിൻഡെക്ക് 9ക. കൊടുത്തശേഷം തനിക്ക് മസ്ജിദ്ദിൽ സുഖമില്ലെന്നും തന്നെ ഭൂട്ടിയുടെ കല്ലുകൊണ്ടുണ്ടാക്കിയ വാഡയിലേക്ക് കൊണ്ടുപോകണമെന്നും അവിടെ സുഖമായിരിക്കുമെന്നും പറഞ്ഞു. ഈ അവസാന വാക്കുകൾ പറഞ്ഞ് ബായാജിയുടെ ചുമലിലേക്ക് ചാരി അന്ത്യശ്വാസം വലിച്ചു. ഭഗോജി ബാബയുടെ ശ്വാസം നിലച്ചതായികണ്ട് താഴെ ഇരിക്കുന്ന നാനാസാഹെബ് നീമോൻകറോട് വിവരം പറഞ്ഞു. നാനാസാഹെബ് കുറച്ച് വെള്ളമെടുത്ത് ബാബയുടെ വായിൽ ഒഴിച്ചു. അത് പുറത്തേക്കൊഴുകി. അപ്പോൾ അയാൾ ഉറക്കെ 'ഓ ദേവാ!' എന്ന് വിലപിച്ചു. ബാബ ചെറുതായികണ്ണൊന്നു തുറന്നു. 'ഹാ' എന്നു പറഞ്ഞമാതിരിതോന്നി. പക്ഷെ ബാബ ദേഹത്യാഗം ചെയ്തു എന്ന് വ്യക്തമായി.

ബാബ സമാധിയായ വിവരം കാട്ടുതീ പോലെ ഗ്രാമമാകെ പരന്നു. ആബാലവൃദ്ധം ജനങ്ങൽ മസ്ജിദ്ദിൽ തടിച്ചുകൂടി പലവിധത്തിൽ വിലപിച്ചു. ചിലർ ഉറക്കെ കരഞ്ഞു. ചിലർ നിരത്തിൽ കിടന്ന് ഉരുണ്ടു. ചിലർ ബോധം കെട്ടുവീണു. എല്ലാവരുടെ കണ്ണുകളിൽ നിന്നും കണ്ണീർ പൊഴിഞ്ഞ് അവിടം മുഴുവൻ ശോകസ്തബ്ധമായി.

അപ്പോൾ ബാബയുടെ ദേഹം എങ്ങനെ സംസ്കരിക്കണമെന്ന പ്രശ്നം ഉയർന്നുവന്നു. ചില മുഹമ്മദീയർ ബാബയെ പുറമെ തുറന്ന ഒരു സ്ഥലത്ത് മറവ് ചെയ്ത് ഒരു ശവകുടീരം പണി ചെയ്യണമെന്നായി. കുഷൽ ചന്ദും അമീർസർക്കാറും ഈ

അഭിപ്രായത്തോട് യോജിച്ചു. അംശം അധികാരിയായ രാമചന്ദ്ര പഠേൽ തീർത്തും പറഞ്ഞു. 'നിങ്ങളുടെ അഭിപ്രായം ഞങ്ങൾക്ക് സ്വീകാര്യമല്ല'. ബാബയുടെ ദേഹം വാഡയിലല്ലാതെ വേറെ എവിടെയും അടക്കുന്നതല്ല. ഇങ്ങനെ ഭിന്നാഭിപ്രായം ഉയർന്ന് വന്ന് 36 മണിക്കൂറോളം ഇതിനെപ്പറ്റി ചർച്ച നടന്നു.

ബുധനാഴ്ച രാവിലെ ബാബ, ലക്ഷമൺ മാമാ ജോഷിക് സ്വപ്നദർശനം നല്കി അയാളുടെ കൈപിടിച്ച് വലിച്ച് പറഞ്ഞു: "വേഗം എഴുന്നേൽക്ക്, ബാപ്പുസാഹെബ് കരുതന്നത് ഞാൻ മരിച്ചുവെന്നാണ്. അതുകൊണ്ട് അവൻ വരില്ല. നീ ആരാധനയും കാക്കഡ (രാവിലത്തെ) ആരതിയും നടത്തണം". ലക്ഷ്മൺ മാമ ഗ്രാമത്തിലെ ജ്യോത്സ്യനും ശാമയുടെ മാതുലനുമായിരുന്നു. അയാൾ ഒരു യാഥാസ്ഥിതിക ബ്രാഹ്മണനായിരുന്നു. അയാൾ നിത്യവും ബാബയെയും ഗ്രാമദൈവങ്ങളെയും ആരാധിക്കുമായിരുന്നു. ദർശനത്തിനുശേഷം അയാൾ പൂജാസാധാനങ്ങളുമായി വന്ന് മൗലവിമാരുടെ പ്രതിഷേധം വകവെയ്ക്കാതെ പൂജയും കാക്കഡ് ആരതിപോലും മുറപോലെ നടത്തി മടങ്ങിപോയി. പിന്നീട് ഉച്ചക്ക് ബാപ്പു സാഹെബ് ജോഗ് എല്ലാവരോടും കൂടി വന്ന് പതിവുപോലെ മദ്ധ്യാഹ്ന ആരതിയും നടത്തി.

ബാബയുടെ വാക്കുകളെ ബഹുമാനിച്ച് ജനങ്ങൾ ബാബയെ വാഡയിൽ അടക്കാൻ തീരുമാനിച്ച് മദ്ധ്യത്തിൽ കുഴി വെട്ടാൻ തുടങ്ങി. ചൊവ്വാഴ്ച വൈകുന്നേരം റഹടയിൽനിന്ന് സബ് ഇൻസ്പെക്ടറും മറ്റു സ്ഥലങ്ങളിൽ നിന്ന് മറ്റു ജനങ്ങളും വന്ന് ഈ തീരുമാനത്തോട് യോജിച്ചു. അടുത്ത പ്രഭാതത്തിൽ ബോംബെയിൽ നിന്ന് അമീർഭായിയും കോപ്പർ ഗാവോണിൽനിന്ന് മംലത്ത്ദാറും വന്നു. ജനങ്ങൾ അപ്പോഴും അഭിപ്രാ

യവ്യത്യാസത്തിലാണ്. ചിലർ തുറന്ന സ്ഥലത്ത് മറവുചെയ്യാൻ നിർബന്ധിച്ചുകൊണ്ടിരുന്നു. മംലത്ദാർ പൊതുജനാഭിപ്രായം എന്തെന്ന് വോട്ടിനിട്ടപ്പോൾ വാഡയിൽ അടക്കുന്നതിന് എതിര ഭിപ്രായത്തിന്റെ ഇരട്ടി വോട്ട് കിട്ടിയതായി കണ്ടു. അയാൾ ഏതാ യാലും കലക്ടറുടെ അഭിപ്രായം കൂടി ചോദിക്കാമെന്ന് പറഞ്ഞ പ്പോൾ കാക്കാസാഹെബ് ദീക്ഷിത് കലക്ടറെ കാണാൻ അഹ മ്മദ്നഗറിലേക്കു പുറപ്പെട്ടു. അപ്പോഴെക്കും ബാബയുടെ പ്രചോ ദനംകൊണ്ട് എതിരഭിപ്രായക്കാരുടെ മനസ്സുമാറി അവരും വാഡയിൽ അടക്കാനുള്ള അഭിപ്രായത്തോട് യോജിച്ചു. ബുധ നാഴ്ച വൈകുന്നേരം ബാബയുടെ ദേഹം വിലാപയാത്രയായി എഴുന്നള്ളിച്ച് വാഡയിൽകൊണ്ടുവന്ന് അവിടെ ഗർഭഗൃഹത്തിൽ മുരളീധരന് തയ്യാറാക്കിയ സ്ഥാനത്ത് വിധിയാംവണ്ണം സമാധി യടക്കി. യഥാർത്ഥത്തിൽ ബാബ തന്നെ മുരളീധരനായി. വാഡ ഒരു ക്ഷേത്രവും തീർത്ഥാടന കേന്ദ്രവുമായി. അവിടെ അനേകം ഭക്തന്മാർ ശാന്തിക്കും സമാധാനത്തിനുമായി വന്നുകൊണ്ടിരി ക്കുന്നു.

പ്രൊഫസ്സർ നാർക്കെ പ്രസ്താവിച്ച പ്രകാരം മുപ്പത്താറു മണിക്കൂർ കാറ്റുകൊണ്ടു കിടന്നിട്ടും ബാബയുടെ ദേഹം മരവി ച്ചില്ല. എല്ലാ അവയവങ്ങളും സാധാരണപോലെ തന്നെ ഇളക്കാൻ കഴിഞ്ഞിരുന്നു. കഫ്നിസുഖമായി എളുപ്പം ഊരി എടുക്കാൻ തന്നെ കഴിഞ്ഞു. അല്ലാതെ കീറി എടുക്കേണ്ടതായി വന്നില്ല.

**ഇഷ്ടിക ഉടയ്ക്കൽ**

ബാബ പോകുന്നതിന് കുറച്ചുദിവസങ്ങൾക്ക് മുമ്പ് വരാൻ പോകുന്ന സംഭവത്തെപറ്റിയ ഒരു സൂചനയുണ്ടായി. ബാബ കൈവെച്ചുകൊണ്ടിരുന്ന ഒരു പഴയ ഇഷ്ടിക മസ്ജിദ്ദിലുണ്ടാ

യിരുന്നു. രാത്രി അതിന്മേൽ ചാരിയാണ് ബാബ ആസനസ്ഥനാവുക. ഇങ്ങനെ വളരെ കൊല്ലങ്ങളായിട്ടുള്ള പതിവായിരുന്നു. ഒരു ദിവസം ബാബയുടെ അഭാവത്തിൽ ഒരു ചെറുക്കൻ അവിടെ അടിച്ചുവാരുമ്പോൾ ആ ഇഷ്ടിക വഴുതിവീണ് രണ്ടു കഷ്ണമായി പൊട്ടിപ്പോയി. ബാബ ഈ വിവരം അറിഞ്ഞു അതു പൊട്ടിപോയതിനെപ്പറ്റി ഇങ്ങനെ വിലപിച്ചു. “ഇഷ്ടികയല്ല എന്റെ വിധിയാണ് പൊട്ടിനുറുങ്ങിപോയത്. അതെന്റെ ജീവിത സുഹൃത്തായിരുന്നു. അതും വെച്ച് ഞാൻ സദാ ആത്മനെ പ്രാർത്ഥിക്കുമായിരുന്നു. അതെ നിക്കു എന്റെ ജീവനു തുല്യമായിരുന്നു. അതെന്നെ ഇന്നു വിട്ടുപിരിഞ്ഞു. ചിലർ ചോദിച്ചേക്കാം ബാബ എന്തിനാണ് ഇഷ്ടികപോലത്തെ ഒരു നിർജീവ വസ്തുവിനെചൊല്ലി വിലപിക്കുന്നത്? എന്ന്. അതിന്നു ഹേമദ്പാന്തിന്റെ മറുപടി, ഋഷിശ്വരന്മാർ നിസ്സഹായരെയും ദരിദ്രരേയും സഹായിക്കാനാണ് അവതരിക്കുന്നതെന്നും അങ്ങനെ അവതരിച്ചു കഴിഞ്ഞാൽ അവർ ജനങ്ങളുമായി ഇടപഴകി അവരെപോലെ പുറമേക്ക് പെരുമാറി ചിരിക്കുകയും കളിക്കുകയും കരയുകയും എല്ലാം ചെയ്യുമെന്നും എന്നാൽ ആന്തരികമായി അവർ ഉദ്ബുദ്ധരും ശാന്തരുമായി അവരുടെ പ്രവൃത്തി നടത്തികൊണ്ടിരിക്കുമെന്നുമാണ്.

**72 മണിക്കൂർ നേരത്തെ സമാധി**

ഇതിന് 32 വർഷങ്ങൾക്ക് മുമ്പ്, അതായത് 1886-ൽ ബാബ ഒരു സീമാലംഘനത്തിനു പരിശ്രമിക്കുകയുണ്ടായി. ഒരു മാർഗ്ഗ പൗർണ്ണമി ദിവസം ബാബക്ക് വല്ലാത്ത കാസരോഗം പിടിപെട്ടു. അതിൽ നിന്നും മോചിതനാവാൻ ബാബ പ്രാണനെ വളരെ ഉയരത്തിലേക്കുയർത്താനും സമാധിസ്ഥനാവാനും തീർച്ചപ്പെടുത്തി. ബാബ ഭഗത്മാലസപതിയോട് പറഞ്ഞു “എന്റെ ദേഹം മൂന്നുദി





വസങ്ങളോളം സംരക്ഷിക്കുക. ഞാൻ മടങ്ങി വന്നാൽ എല്ലാം ശരിയായിരിക്കും. മടങ്ങി വന്നില്ലെങ്കിൽ എന്റെ ദേഹം ആ തുറന്ന സ്ഥലത്ത് (കാണിച്ചുകൊണ്ട്) അടക്കം ചെയ്യുക. അവിടെ രണ്ടു കൊടിക്കൂറുകൾ അടയാളമായി സ്ഥാപിക്കുക" ഇതും പറഞ്ഞ്, (രാത്രി പത്തുമണിയോടുകൂടി) ബാബ താഴെ വീണു. ശ്വാസോച്ഛ്വാസവും നാഡിമിഡിപ്പും നിലച്ചു. പ്രാണൻ ദേഹത്തെ വെടിഞ്ഞപോലെതോന്നി. ഗ്രാമത്തിലുള്ളവരെല്ലാം വന്ന് അന്വേഷണം നടത്തി ദേഹം ബാബ പറഞ്ഞ സ്ഥലത്ത് അടക്കണമെന്നായി. മാലസപതി ഇതെല്ലാം തടഞ്ഞു. ബാബയുടെ ശരീരം മടിയിൽവെച്ച് സൂക്ഷിച്ച് അയാൾ മൂന്ന്ദിവസം ഒരേ ഇരിപ്പിരുന്നു. മൂന്ന് നാൾ കഴിഞ്ഞ് വൈകുന്നേരം മൂന്നുമണിക്ക് ബാബ ജീവനുള്ള ലക്ഷണം കാണിച്ചു. അടിവയറിന്റെ ഭാഗത്ത് ഒരു ചലനം കണ്ടു. ബാബ കണ്ണുതുറന്ന് കൈകാലുകൾ നിവർത്തി ബോധവാനായിത്തീർന്നു.

ഈ സംഭവത്തിൽ നിന്നും മറ്റും വായനക്കാർ മൂന്നര മുഴം നീളത്തിൽ ബാബ കുടികൊണ്ടിരുന്ന ഒരു ശരീരം മാത്രമായിരുന്നുവോ ബാബ എന്ന് തീരുമാനിക്കട്ടെ. ബാബ ശരീരമുപേക്ഷിച്ചാലും സർവ്വാന്തര്യാമിയും ആത്മനിവാസിയുമായി എന്നും നിലകൊള്ളുന്നു. പഞ്ചഭൂതാത്മകമായ ദേഹം ക്ഷണികവും നാശോന്മുഖവുമാണ്. അതിലുള്ള ആത്മാൻ, കേവല സത്യവും, നാശരഹിതവും, ശാശ്വതവുമാണ്. മനസ്സിനെയും ഇന്ദ്രിയങ്ങളെയും നിയന്ത്രിക്കുന്ന ബോധമാകുന്ന ബ്രഹ്മത്തെ സായിയായി കാണുവിൻ ! ഇത് പ്രപഞ്ചത്തിലെ സർവ്വത്തിലും മുഴുകിയിരിക്കുന്നു. അതില്ലാത്ത ഇടമില്ല. കല്പിതമായ പ്രവർത്തനം പൂർത്തിയാക്കാൻ ബാബ ഒരു ശരീരം ധരിച്ചു. പ്രവൃത്തി പൂർത്തിയാക്കിയതോടുകൂടി അതുപേക്ഷിക്കുകയും

ചെയ്തു. വീണ്ടും ശാശ്വതത്വത്തിലേക്ക് തന്നെ മടങ്ങുകയും ചെയ്തു. സായി, മുമ്പുണ്ടായ ദത്താവതാരമായ ഗനാഗാപുരിലെ ശ്രീ നരംസിംഹ സരസ്വതിയെപ്പോലെതന്നെ എന്നും നാശമില്ലാതെ നിലകൊള്ളുന്നു. ബാബയുടെ മൃതി ഒരു ബാഹ്യഭാവം മാത്രമാണ്. യഥാർത്ഥത്തിൽ ബാബ സർവചാരാചരങ്ങളിലും ആമഗ്നനായി അവയുടെ അന്തർയ്യാമിയും നിയന്താവുമായി വാഴുകയാണ്. ഇത് ഇന്നും ബാബയിൽ സർവം സമർപ്പിച്ചാൽ ബോദ്ധ്യപ്പെടുന്നതും പൂർണ്ണ മനസ്സാലെ ബാബയെ ഭക്ത്യാദരങ്ങളോടെ ആരാധിച്ചാൽ അനുഭവപ്പെടുന്നതുമാണ്. ഇന്ന് നമുക്ക് ബാബയെ ശരിയായിക്കാണാൻ കഴിയില്ലെങ്കിലും ഷിർദ്ദിയിൽപോയാൽ മസ്ജിദ്ദിൽ ബാബയുടെ ജീവനുള്ളപോലെത്തെ ഛായാപടം നമുക്ക് കാണാൻ കഴിയും. ഇത് ശാമറാവ് ജയകർ എന്ന കലാകാരനായ ഒരു ഭക്തൻ വരച്ചതാണ്. ഭാവനാസമ്പന്നനായ ഭക്തന് ഈ പടം നോക്കിയാൽ ഇന്നും ബാബയെ ദർശിച്ച സംതൃപ്തി അനുഭവിക്കുന്നതാണ്. ബാബക്ക് ഇന്നൊരു ദേഹമില്ലെങ്കിലും ബാബ അവിടെയും സകല ഇടത്തും വാഴുന്നുണ്ട്. ഇന്നും ഭക്തന്മാരുടെ ക്ഷേമകാര്യങ്ങളിൽ ബാബ ദേഹിയായിരുന്ന കാലത്തെപോലെത്തന്നെ തല്പരനാണ്. ബാബയെപ്പോലുള്ള ഋഷിശ്വരൻമാർ മരിക്കുന്നില്ല. മനുഷ്യരെപ്പോലെ കാഴ്ചയിൽ തോന്നുമെങ്കിലും അവർ ദൈവം തന്നെയാണ്.

## ബാപ്പുസാഹെബ് ജോഗിന്റെ സന്യാസം

ഹേമദ്പാന്ത് ജോഗിന്റെ സന്യാസത്തെപറ്റി പറഞ്ഞാണ് അദ്ധ്യായം അവസാനിപ്പിക്കുന്നത്. സഖാറാംഹരി എന്ന് അപരനാമമായ ബാപ്പുസാഹെബ്, ജോഗ്, പൂനയിലെ പ്രശസ്തനായ വർക്കരി വിഷ്ണുബുവജോഗിന്റെ അമ്മാമനാണ്. ഗവൺമെന്റ് സർവ്വീസിൽനിന്ന് റിട്ടയർ ചെയ്തശേഷം (അയാൾ പി. ഡബ്ലി

യു. ഡി യിൽ സൂപ്പർവൈസറായിരുന്നു) 1909 അയാൾ ഭാര്യ യോടുകൂടി വന്ന് ഷിർദ്ദിയിൽ താമസമാക്കി. ഭാര്യയും ഭർത്താവും ബാബയെ അത്യധികം ആദരിച്ച് ബാബയെ സേവിച്ച് കഴിഞ്ഞു കൂടി. അവർക്ക് കുട്ടികളുണ്ടായിരുന്നില്ല. മേഘയുടെ മരണശേഷം ബാപ്പുസാഹെബാണ് മസ്ജിദ്ദിലും ചാവടിയിലും മഹാസമാധി വരെക്കും ആരതി നടത്തിയിരുന്നത്. അയാൾക്ക് സതേവാഡ യിൽ വെച്ച് ജ്ഞാനേശ്വരിയും ഏകനാഥ് ഭാഗവതവും വായിച്ച് അർത്ഥം പറയുന്ന ജോലിയും കൊടുത്തിരുന്നു. അനവധിക്കാലം സേവനം ചെയ്തശേഷം ജോഗ്, ബാബയോട് "ഞാൻ അവി ടുത്തെ വളരെക്കാലം സേവിച്ചു. എനിക്കു മനശ്ശാന്തിയും സംതൃ പ്തിയും കിട്ടിയില്ല. എന്താണ് എനിക്ക് ഋഷിമാരുടെ സംസർഗ്ഗം ഉണ്ടായിട്ടുകൂടി നന്മ വരാത്തത്? എപ്പോളാണവിടുന്നെന്നെ അനു ഗ്രഹിക്കുക? എന്നു ചോദിച്ചു. ഭക്തന്റെ പ്രാർത്ഥന കേട്ട് ബാബ മറുപടിയായി "കാലക്രമംകൊണ്ട് നിന്റെ ദുഷ്കർമ്മഫലം അവ സാനിക്കും. നിന്റെ പുണ്യാപുണ്യങ്ങൾ ഇല്ലായ്മചെയ്ത് ഭസ്മീ കരിക്കപ്പെടും. അന്നേരം നീ നിസംഗനായി, കാമവും ക്രോധവും ആഹാര പ്രിയവും എല്ലാം ഉപേക്ഷിച്ച് നിന്റെ എല്ലാ തടസ്ഥവും തീർന്ന് ദൈവത്തെ പൂർണ്ണ മനസ്സോടെ സേവിച്ച് ഭിക്ഷാംദേഹി യായി സന്യാസം സ്വീകരിക്കുമ്പോൾ നിന്നെഞാൻ അനുഗ്രഹീ തനായിക്കാണും". എന്നു പറഞ്ഞു. അല്പകാലത്തിനുള്ളിൽ ബാബയുടെ വാക്കുകൾ ശരിയായി വന്നു. അയാളുടെ ഭാര്യ ആദ്യം മരിച്ചു. പിന്നെ അയാൾ തികച്ചും നിസ്സംഗനും സ്വതന്ത്ര നുമായി. അയാൾ സന്യാസം സ്വീകരിച്ച് ജീവിത സാക്ഷാത്ക്കാരം നേടി.

**ബാബയുടെ അമൃതവാണികൾ**

കരുണാമയനും സ്നേഹസമ്പന്നനുമായ ബാബ മസ്ജി

ട്ടിൽ വെച്ച് പലപ്പോഴും ഇങ്ങനെ പറയുമായിരുന്നു. - "എന്നെ ഏറ്റവും അധികം സ്നേഹിക്കുന്നവൻ, എന്നെ സദാ കാണുന്നു. ഞാനില്ലാത്ത ലോകം അവന് കേവലം ശൂന്യമാണ്. അവന് എന്റെ അപദാനങ്ങളല്ലാതെ മറ്റൊരു കഥയും പറയുവാനില്ല. അവൻ നിരന്തരം എന്നിൽ ധ്യാനനിരതനായി സദാ എന്റെ നാമം ജപിക്കുന്നു. സർവ്വവും എന്നിൽ സമർപ്പിച്ച് എന്നെ സ്മരിക്കുന്നവനോട് ഞാൻ സ്വയം കടപ്പെട്ടവനായി കരുതുന്നു. ഞാൻ അവന്റെ കടം വീട്ടുന്നത് അവന് മുക്തി പ്രദാനം ചെയ്തിട്ടാണ്. എന്നെ സ്മരിച്ച് എന്റെ പിന്നാലെകൂടി എനിക്ക് തന്നല്ലാതെ ഭക്ഷണം കഴിക്കാത്തവനിൽ ഞാൻ ആശ്രിതനാവുന്നു. ഇങ്ങനെ യാതൊരുവൻ എന്നെ സമീപിക്കുന്നുവോ അവൻ ഞാനുമായി താദാത്മ്യം പ്രാപിച്ച് ഐക്യം സംഭവിച്ച് നദി സമുദ്രത്തിൽ ലയിക്കുന്നപോലെ എന്നിൽ ലയിക്കുന്നു. അതുകൊണ്ട് അഹംഭാവത്തിന്റെയും അഹങ്കാരത്തിന്റെയും ലാഞ്ഛനപോലും ഉപേക്ഷിച്ച് നിങ്ങളുടെ ഹൃദയനിവാസിയായ എന്നിൽ നിങ്ങൾ ശരണം പ്രാപിച്ചാലും".

**ആരാണ് ഈ ഞാൻ ?**

സായിബാബ ആരാണ് ഈ "ഞാൻ" എന്നു പലപ്പോഴും വ്യക്തമാക്കിയിട്ടുണ്ട്. ബാബ പറയും "നിങ്ങൾ എന്നെ അന്വേഷിച്ച് ദൂരദിക്കിലൊന്നും പോവേണ്ടതില്ല. നിങ്ങുടെ പേരും ആകൃതിയും ഒഴിച്ചാൽ, നിങ്ങളിലും സർവ്വ ജീവജാലങ്ങളിലുമുള്ള ആ സ്ഥിതിയുണ്ടല്ലോ, ബോധമാവുന്ന സ്ഥിതി, അതാണ് ഞാൻ. ഇതറിഞ്ഞ് നിങ്ങൾ എന്നെ നിങ്ങളിൽ തന്നെയും സകല ജീവജാലങ്ങളിലും കണ്ടെത്തുവിൻ. ഇത് നിങ്ങൾ പരിശിലിച്ചാൽ നിങ്ങൾക്ക് സർവാന്തര്യാമിത്വവും എന്നിലുള്ള ഐക്യവും അനുഭവപ്പെടും."

ഹേമദ്പാന്ത് അതുകൊണ്ട് വായനക്കാരെ വണങ്ങി അവരോട് എല്ലാ ദൈവങ്ങളെയും ഋഷിമാരെയും ഭക്തന്മാരെയും സ്നേഹിച്ച് ബഹുമാനിക്കാൻ വിനീതമായും സ്നേഹപൂർവവും അപേക്ഷിക്കുകയാണ്. ബാബ പലപ്പോഴും പറഞ്ഞിട്ടില്ലേ. "യാതൊരുത്തൻ മറ്റുള്ളവരെ വെറുതെ നിന്ദിക്കുകയും കുറ്റംപറയുകയും ചെയ്യുന്നുവോ അവൻ എന്റെ ഹൃദയം പിളർന്നു എന്നെ പരുക്കേല്പിക്കുകയായിരിക്കും. യാതൊരുവൻ എല്ലാം സഹിച്ച് ക്ഷമിക്കുന്നുവോ അവനെന്നെ അങ്ങേയറ്റം സംപ്രീതനാക്കുന്നു" എന്ന്. ബാബ അങ്ങനെ എല്ലാ ഭാഗങ്ങളിലും അലങ്കാരമായി വെച്ചിരിക്കുകയാണ്. സർവജീവജാലങ്ങളോടുമുള്ള സ്നേഹമല്ലാതെ മറ്റൊന്നും ബാബ ഇഷ്ടപ്പെടുന്നില്ല. അത്തരം അമൃതവാണികൾ സദാ ബാബയുടെ ചുണ്ടുകളിൽ നിന്നും ബഹിർഗമിക്കുകയായിരുന്നു. യാതൊരുത്തൻ ബാബയുടെ പ്രശസ്തിയെ ഭക്ത്യാദരങ്ങളൊടെ പാടിപുകഴ്ത്തുന്നുവോ അവനും, അവയെ ഭക്ത്യാധരങ്ങളോടെ യാതൊരുത്തൻ ശ്രദ്ധിക്കുന്നുവോ അവനും ബാബയിൽ ലയിച്ച് ഐക്യം പ്രാപിക്കുന്നു എന്ന് പ്രസ്താവിച്ച് ഹേമദ്പാന്ത് ഈ അദ്ധ്യായം അവസാനിപ്പിക്കുന്നു.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ.

# അദ്ധ്യായം - 43 - 44



*ബാബയുടെ മഹാസമാധി തുടർച്ച*

*തയ്യാറെടുക്കൽ - സമാധിമന്ദിരം - ഇഷ്ടിക ഉടക്കൽ-72 മണിക്കൂർ നേരത്തെ സമാധി - ജോഗിന്റെ സന്യാസം - ബാബയുടെ അമൃതവാണികൾ*

**മുൻകൂട്ടിയുള്ള തയ്യാറെടുക്കൽ**

സാധാരണ ഹിന്ദുക്കൾക്കിടയിൽ ഒരാൾ ആസന്ന മരണനായിക്കിടക്കുമ്പോൾ എന്തെങ്കിലും പുണ്യഗ്രന്ഥങ്ങൾ അയാൾക്ക് വായിച്ചുകേൾപ്പിച്ച് അവസാന നിമിഷത്തിൽ ലൗകീകകാര്യങ്ങളെ അയാൾ ചിന്തിക്കാനിടവരുത്താതെ ആദ്ധ്യാത്മിക കാര്യങ്ങളിൽ ആലോചനയുണ്ടാക്കി സൽഗതിയുണ്ടാക്കികൊടുക്കുക എന്നൊരു സമ്പ്രദായമുണ്ട്. പരീക്ഷിത് മഹാരാജാവിനെ ഒരാഴ്ചക്കുള്ളിൽ മരിച്ചുപോട്ടെ എന്ന് ഒരു ബ്രാഹ്മണമുനി ശപിച്ചപ്പോൾ അദ്ദേഹത്തിന് ശുകമഹർഷി ഒരാഴ്ച കൊണ്ട് ഭാഗവത മുഴുവൻ വായിച്ചുകേൾപ്പിച്ചു. ഈ സമ്പ്രദായം

ഇപ്പോഴും തുടർന്നു വരുന്നതും ഗീത, ഭാഗവതം മുതലായ വിശ്ഷ്ടഗ്രന്ഥങ്ങൾ മരിക്കാറായവരെ വായിച്ചുകേൾപ്പിക്കുന്ന പതിവ് ഇന്നും നില നിൽക്കുന്നതുമാകുന്നു. ഒരു ദൈവാവ താരമന്ന നിലക്ക് ബാബക്ക് ഈ വക സഹായങ്ങളൊന്നും ആവശ്യമില്ലായിരുന്നെങ്കിലും മറ്റുള്ളവർക്ക് മാതൃകയാ ക്കാൻവേണ്ടി ബാബ ഈ സമ്പ്രദായം തന്നെ സ്വീകരിച്ചു. ബാബ അന്ത്യശ്വാസം വലിക്കാൻ പോകുന്നുവെന്നറിഞ്ഞ് ബാബ വാസി എന്ന ആളോട് രാമവിജയം വായിച്ചുകേൾപ്പിക്കാൻ പറഞ്ഞു. വാസി ഒരാഴ്ചകൊണ്ട് പുസ്തകം ഒരിക്കൽ വായിച്ചു. എന്നിട്ട് ബാബ അയാളോട് ഒരിക്കൽകൂടി രാവും പകലും വായിക്കാൻ പറഞ്ഞ പ്രകാരം മൂന്നുദിവസങ്ങൾകൊണ്ട് വായന പൂർത്തിയാ ക്കി. അങ്ങനെ പതിനൊന്നു ദിവസങ്ങൾ കഴിഞ്ഞു അയാൾ വീണ്ടും മൂന്നു ദിവസങ്ങൾകൂടി വായിച്ച് അത്യധികം ക്ഷീണി തനായി. പിന്നീട് ബാബ അയാളെ പോവാനനുവദിച്ച് ശാന്ത നായി കഴിഞ്ഞു. അദ്ദേഹം ആത്മനിൽതന്നെ അധിവസിച്ച് അന്ത്യനിമിഷം കാത്തിരുന്നു.

രണ്ടുമൂന്നു ദിവസങ്ങൾക്ക് മുമ്പുതന്നെ ബാബ തന്റെ രാവിലത്തെ നടത്തങ്ങളും ഭിക്ഷാടനവും നിർത്തൽ ചെയ്ത് മസ്ജിദ്ദിൽതന്നെ ഇരിക്കലായി. അവസാന നിമിഷംവരെ ബോധ ത്തോടുകൂടിയിരുന്ന ബാബ ഭക്തന്മാരോട് ധൈര്യമായിരിക്കാൻ പറഞ്ഞു. ആരെയും അന്ത്യനിമിഷം എപ്പോളായിരിക്കുമെന്നറി യിച്ചില്ല. കാക്കാസാഹെബ് ദീക്ഷിതും ശ്രീമാൻ ഭൂട്ടിയും മസ്ജി ദ്ദിൽ ബാബയുടെ കൂടെതന്നെയാണ് നിത്യ ഭക്ഷണം കഴിച്ചിരു ന്നത്. അന്നത്തെ ദിവസം (ഒക്ടോബർ15) ആരതിക്കുശേഷം അവ രോട് വാസസ്ഥലത്ത് പോയി ഭക്ഷണം കഴിക്കാൻ നിർദ്ദേശിക്കു കയാണുണ്ടായത്. എന്നിട്ടും കുറച്ചുപേർ, അതായത് ലക്ഷ്മീ

ബായി ഷിൻഡെ, ഭഗോജി ഷിൻഡെ, ബായാജി, ലക്ഷ്മണൻ ബാലഷിംപി, നാനാസാഹെബ് നീമോൻകാർ എന്നിവർ അവിടെതന്നെ ഇരുന്നു. ശാമ ഒതുക്കിന്മേൽ ഇരിക്കുകയായിരുന്നു. ലക്ഷ്മീബായി ഷിൻഡെക്ക് 9ക. കൊടുത്തശേഷം തനിക്ക് മസ്ജിദ്ദിൽ സുഖമില്ലെന്നും തന്നെ ഭൂട്ടിയുടെ കല്ലുകൊണ്ടുണ്ടാക്കിയ വാഡയിലേക്ക് കൊണ്ടുപോകണമെന്നും അവിടെ സുഖമായിരിക്കുമെന്നും പറഞ്ഞു. ഈ അവസാന വാക്കുകൾ പറഞ്ഞ് ബായാജിയുടെ ചുമലിലേക്ക് ചാരി അന്ത്യശ്വാസം വലിച്ചു. ഭഗോജി ബാബയുടെ ശ്വാസം നിലച്ചതായികണ്ട് താഴെ ഇരിക്കുന്ന നാനാസാഹെബ് നീമോൻകറോട് വിവരം പറഞ്ഞു. നാനാസാഹെബ് കുറച്ച് വെള്ളമെടുത്ത് ബാബയുടെ വായിൽ ഒഴിച്ചു. അത് പുറത്തേക്കൊഴുകി. അപ്പോൾ അയാൾ ഉറക്കെ 'ഓ ദേവാ!' എന്ന് വിലപിച്ചു. ബാബ ചെറുതായികണ്ണൊന്നു തുറന്നു. 'ഹാ' എന്നു പറഞ്ഞമാതിരിതോന്നി. പക്ഷെ ബാബ ദേഹത്യാഗം ചെയ്തു എന്ന് വ്യക്തമായി.

ബാബ സമാധിയായ വിവരം കാട്ടുതീ പോലെ ഗ്രാമമാകെ പരന്നു. ആബാലവൃദ്ധം ജനങ്ങൽ മസ്ജിദ്ദിൽ തടിച്ചുകൂടി പലവിധത്തിൽ വിലപിച്ചു. ചിലർ ഉറക്കെ കരഞ്ഞു. ചിലർ നിരത്തിൽ കിടന്ന് ഉരുണ്ടു. ചിലർ ബോധം കെട്ടുവീണു. എല്ലാവരുടെ കണ്ണുകളിൽ നിന്നും കണ്ണീർ പൊഴിഞ്ഞ് അവിടം മുഴുവൻ ശോകസ്തബ്ധമായി.

അപ്പോൾ ബാബയുടെ ദേഹം എങ്ങനെ സംസ്കരിക്കണമെന്ന പ്രശ്നം ഉയർന്നുവന്നു. ചില മുഹമ്മദീയർ ബാബയെ പുറമെ തുറന്ന ഒരു സ്ഥലത്ത് മറവ് ചെയ്ത് ഒരു ശവകുടീരം പണി ചെയ്യണമെന്നായി. കുഷൽ ചന്ദും അമീർസർക്കാറും ഈ

അഭിപ്രായത്തോട് യോജിച്ചു. അംശം അധികാരിയായ രാമചന്ദ്ര പഠേൽ തീർത്തും പറഞ്ഞു. 'നിങ്ങളുടെ അഭിപ്രായം ഞങ്ങൾക്ക് സ്വീകാര്യമല്ല'. ബാബയുടെ ദേഹം വാഡയിലല്ലാതെ വേറെ എവിടെയും അടക്കുന്നതല്ല. ഇങ്ങനെ ഭിന്നാഭിപ്രായം ഉയർന്ന് വന്ന് 36 മണിക്കൂറോളം ഇതിനെപ്പറ്റി ചർച്ച നടന്നു.

ബുധനാഴ്ച രാവിലെ ബാബ, ലക്ഷമൺ മാമാ ജോഷിക് സ്വപ്നദർശനം നല്കി അയാളുടെ കൈപിടിച്ച് വലിച്ച് പറഞ്ഞു: "വേഗം എഴുന്നേൽക്ക്, ബാപ്പുസാഹെബ് കരുതന്നത് ഞാൻ മരിച്ചുവെന്നാണ്. അതുകൊണ്ട് അവൻ വരില്ല. നീ ആരാധനയും കാക്കഡ (രാവിലത്തെ) ആരതിയും നടത്തണം". ലക്ഷ്മൺ മാമ ഗ്രാമത്തിലെ ജ്യോത്സ്യനും ശാമയുടെ മാതുലനുമായിരുന്നു. അയാൾ ഒരു യാഥാസ്ഥിതിക ബ്രാഹ്മണനായിരുന്നു. അയാൾ നിത്യവും ബാബയെയും ഗ്രാമദൈവങ്ങളെയും ആരാധിക്കുമായിരുന്നു. ദർശനത്തിനുശേഷം അയാൾ പൂജാസാധാനങ്ങളുമായി വന്ന് മൗലവിമാരുടെ പ്രതിഷേധം വകവെയ്ക്കാതെ പൂജയും കാക്കഡ് ആരതിപോലും മുറപോലെ നടത്തി മടങ്ങിപോയി. പിന്നീട് ഉച്ചക്ക് ബാപ്പു സാഹെബ് ജോഗ് എല്ലാവരോടും കൂടി വന്ന് പതിവുപോലെ മദ്ധ്യാഹ്ന ആരതിയും നടത്തി.

ബാബയുടെ വാക്കുകളെ ബഹുമാനിച്ച് ജനങ്ങൾ ബാബയെ വാഡയിൽ അടക്കാൻ തീരുമാനിച്ച് മദ്ധ്യത്തിൽ കുഴി വെട്ടാൻ തുടങ്ങി. ചൊവ്വാഴ്ച വൈകുന്നേരം റഹടയിൽനിന്ന് സബ് ഇൻസ്പെക്ടറും മറ്റു സ്ഥലങ്ങളിൽ നിന്ന് മറ്റു ജനങ്ങളും വന്ന് ഈ തീരുമാനത്തോട് യോജിച്ചു. അടുത്ത പ്രഭാതത്തിൽ ബോംബെയിൽ നിന്ന് അമീർഭായിയും കോപ്പർ ഗാവോണിൽനിന്ന് മംലത്ത്ദാറും വന്നു. ജനങ്ങൾ അപ്പോഴും അഭിപ്രാ

യവ്യത്യാസത്തിലാണ്. ചിലർ തുറന്ന സ്ഥലത്ത് മറവുചെയ്യാൻ നിർബന്ധിച്ചുകൊണ്ടിരുന്നു. മംലത്ദാർ പൊതുജനാഭിപ്രായം എന്തെന്ന് വോട്ടിനിട്ടപ്പോൾ വാഡയിൽ അടക്കുന്നതിന് എതിര ഭിപ്രായത്തിന്റെ ഇരട്ടി വോട്ട് കിട്ടിയതായി കണ്ടു. അയാൾ ഏതായാലും കലക്ടറുടെ അഭിപ്രായം കൂടി ചോദിക്കാമെന്ന് പറഞ്ഞപ്പോൾ കാക്കാസാഹെബ് ദീക്ഷിത് കലക്ടറെ കാണാൻ അഹമ്മദ്നഗറിലേക്കു പുറപ്പെട്ടു. അപ്പോഴെക്കും ബാബയുടെ പ്രചോദനംകൊണ്ട് എതിരഭിപ്രായക്കാരുടെ മനസ്സുമാറി അവരും വാഡയിൽ അടക്കാനുള്ള അഭിപ്രായത്തോട് യോജിച്ചു. ബുധനാഴ്ച വൈകുന്നേരം ബാബയുടെ ദേഹം വിലാപയാത്രയായി എഴുന്നള്ളിച്ച് വാഡയിൽകൊണ്ടുവന്ന് അവിടെ ഗർഭഗൃഹത്തിൽ മുരളീധരന് തയ്യാറാക്കിയ സ്ഥാനത്ത് വിധിയാംവണ്ണം സമാധിയടക്കി. യഥാർത്ഥത്തിൽ ബാബ തന്നെ മുരളീധരനായി. വാഡ ഒരു ക്ഷേത്രവും തീർത്ഥാടന കേന്ദ്രവുമായി. അവിടെ അനേകം ഭക്തന്മാർ ശാന്തിക്കും സമാധാനത്തിനുമായി വന്നുകൊണ്ടിരിക്കുന്നു.

പ്രൊഫസ്സർ നാർക്കെ പ്രസ്താവിച്ച പ്രകാരം മുപ്പത്താറു മണിക്കൂർ കാറ്റുകൊണ്ടു കിടന്നിട്ടും ബാബയുടെ ദേഹം മരവിച്ചില്ല. എല്ലാ അവയവങ്ങളും സാധാരണപോലെ തന്നെ ഇളക്കാൻ കഴിഞ്ഞിരുന്നു. കഫ്നിസുഖമായി എളുപ്പം ഊരി എടുക്കാൻ തന്നെ കഴിഞ്ഞു. അല്ലാതെ കീറി എടുക്കേണ്ടതായി വന്നില്ല.

**ഇഷ്ടിക ഉടയ്ക്കൽ**

ബാബ പോകുന്നതിന് കുറച്ചുദിവസങ്ങൾക്ക് മുമ്പ് വരാൻ പോകുന്ന സംഭവത്തെപറ്റിയ ഒരു സൂചനയുണ്ടായി. ബാബ കൈവെച്ചുകൊണ്ടിരുന്ന ഒരു പഴയ ഇഷ്ടിക മസ്ജിദ്ദിലുണ്ടാ

യിരുന്നു. രാത്രി അതിന്മേൽ ചാരിയാണ് ബാബ ആസനസ്ഥനാവുക. ഇങ്ങനെ വളരെ കൊല്ലങ്ങളായിട്ടുള്ള പതിവായിരുന്നു. ഒരു ദിവസം ബാബയുടെ അഭാവത്തിൽ ഒരു ചെറുക്കൻ അവിടെ അടിച്ചുവാരുമ്പോൾ ആ ഇഷ്ടിക വഴുതിവീണ് രണ്ടു കഷ്ണമായി പൊട്ടിപ്പോയി. ബാബ ഈ വിവരം അറിഞ്ഞു അതു പൊട്ടിപോയതിനെപ്പറ്റി ഇങ്ങനെ വിലപിച്ചു. “ഇഷ്ടികയല്ല എന്റെ വിധിയാണ് പൊട്ടിനുറുങ്ങിപോയത്. അതെന്റെ ജീവിത സുഹൃത്തായിരുന്നു. അതും വെച്ച് ഞാൻ സദാ ആത്മനെ പ്രാർത്ഥിക്കുമായിരുന്നു. അതെ നിക്കു എന്റെ ജീവനു തുല്യമായിരുന്നു. അതെന്നെ ഇന്നു വിട്ടുപിരിഞ്ഞു. ചിലർ ചോദിച്ചേക്കാം ബാബ എന്തിനാണ് ഇഷ്ടികപോലത്തെ ഒരു നിർജീവ വസ്തുവിനെചൊല്ലി വിലപിക്കുന്നത്? എന്ന്. അതിന്നു ഹേമദ്പാന്തിന്റെ മറുപടി, ഋഷിശ്വരന്മാർ നിസ്സഹായരെയും ദരിദ്രരേയും സഹായിക്കാനാണ് അവതരിക്കുന്നതെന്നും അങ്ങനെ അവതരിച്ചു കഴിഞ്ഞാൽ അവർ ജനങ്ങളുമായി ഇടപഴകി അവരെപോലെ പുറമേക്ക് പെരുമാറി ചിരിക്കുകയും കളിക്കുകയും കരയുകയും എല്ലാം ചെയ്യുമെന്നും എന്നാൽ ആന്തരികമായി അവർ ഉദ്ബുദ്ധരും ശാന്തരുമായി അവരുടെ പ്രവൃത്തി നടത്തികൊണ്ടിരിക്കുമെന്നുമാണ്.

**72 മണിക്കൂർ നേരത്തെ സമാധി**

ഇതിന് 32 വർഷങ്ങൾക്ക് മുമ്പ്, അതായത് 1886-ൽ ബാബ ഒരു സീമാലംഘനത്തിനു പരിശ്രമിക്കുകയുണ്ടായി. ഒരു മാർഗ്ഗപൗർണ്ണമി ദിവസം ബാബക്ക് വല്ലാത്ത കാസരോഗം പിടിപെട്ടു. അതിൽ നിന്നും മോചിതനാവാൻ ബാബ പ്രാണനെ വളരെ ഉയരത്തിലേക്കുയർത്താനും സമാധിസ്ഥനാവാനും തീർച്ചപ്പെടുത്തി. ബാബ ഭഗത്മാലസപതിയോട് പറഞ്ഞു “എന്റെ ദേഹം മൂന്നുദി

വസങ്ങളോളം സംരക്ഷിക്കുക. ഞാൻ മടങ്ങി വന്നാൽ എല്ലാം ശരിയായിരിക്കും. മടങ്ങി വന്നില്ലെങ്കിൽ എന്റെ ദേഹം ആ തുറന്ന സ്ഥലത്ത് (കാണിച്ചുകൊണ്ട്) അടക്കം ചെയ്യുക. അവിടെ രണ്ടു കൊടിക്കൂറുകൾ അടയാളമായി സ്ഥാപിക്കുക" ഇതും പറഞ്ഞ്, (രാത്രി പത്തുമണിയോടുകൂടി) ബാബ താഴെ വീണു. ശ്വാസോച്ഛ്വാസവും നാഡിമിഡിപ്പും നിലച്ചു. പ്രാണൻ ദേഹത്തെ വെടിഞ്ഞപോലെതോന്നി. ഗ്രാമത്തിലുള്ളവരെല്ലാം വന്ന് അന്വേഷണം നടത്തി ദേഹം ബാബ പറഞ്ഞ സ്ഥലത്ത് അടക്കണമെന്നായി. മാലസപതി ഇതെല്ലാം തടഞ്ഞു. ബാബയുടെ ശരീരം മടിയിൽവെച്ച് സൂക്ഷിച്ച് അയാൾ മൂന്ന്ദിവസം ഒരേ ഇരിപ്പിരുന്നു. മൂന്ന് നാൾ കഴിഞ്ഞ് വൈകുന്നേരം മൂന്നുമണിക്ക് ബാബ ജീവനുള്ള ലക്ഷണം കാണിച്ചു. അടിവയറിന്റെ ഭാഗത്ത് ഒരു ചലനം കണ്ടു. ബാബ കണ്ണുതുറന്ന് കൈകാലുകൾ നിവർത്തി ബോധവാനായിത്തീർന്നു.

ഈ സംഭവത്തിൽ നിന്നും മറ്റും വായനക്കാർ മൂന്നര മുഴം നീളത്തിൽ ബാബ കുടികൊണ്ടിരുന്ന ഒരു ശരീരം മാത്രമായിരുന്നുവോ ബാബ എന്ന് തീരുമാനിക്കട്ടെ. ബാബ ശരീരമുപേക്ഷിച്ചാലും സർവ്വാന്തര്യാമിയും ആത്മനിവാസിയുമായി എന്നും നിലകൊള്ളുന്നു. പഞ്ചഭൂതാത്മകമായ ദേഹം ക്ഷണികവും നാശോന്മുഖവുമാണ്. അതിലുള്ള ആത്മാൻ, കേവല സത്യവും, നാശരഹിതവും, ശാശ്വതവുമാണ്. മനസ്സിനെയും ഇന്ദ്രിയങ്ങളെയും നിയന്ത്രിക്കുന്ന ബോധമാകുന്ന ബ്രഹ്മത്തെ സായിയായി കാണുവിൻ ! ഇത് പ്രപഞ്ചത്തിലെ സർവ്വത്തിലും മുഴുകിയിരിക്കുന്നു. അതില്ലാത്ത ഇടമില്ല. കല്പിതമായ പ്രവർത്തനം പൂർത്തിയാക്കാൻ ബാബ ഒരു ശരീരം ധരിച്ചു. പ്രവൃത്തി പൂർത്തിയാക്കിയതോടുകൂടി അതുപേക്ഷിക്കുകയും

ചെയ്തു. വീണ്ടും ശാശ്വതത്വത്തിലേക്ക് തന്നെ മടങ്ങുകയും ചെയ്തു. സായി, മുമ്പുണ്ടായ ദത്താവതാരമായ ഗനാഗാപുരിലെ ശ്രീ നരസിംഹ സരസ്വതിയെപ്പോലെതന്നെ എന്നും നാശമില്ലാതെ നിലകൊള്ളുന്നു. ബാബയുടെ മൃതി ഒരു ബാഹ്യഭാവം മാത്രമാണ്. യഥാർത്ഥത്തിൽ ബാബ സർവചാരാചരങ്ങളിലും ആമഗ്നനായി അവയുടെ അന്തർയ്യാമിയും നിയന്താവുമായി വാഴുകയാണ്. ഇത് ഇന്നും ബാബയിൽ സർവം സമർപ്പിച്ചാൽ ബോദ്ധ്യപ്പെടുന്നതും പൂർണ്ണ മനസ്സാലെ ബാബയെ ഭക്ത്യാദരങ്ങളോടെ ആരാധിച്ചാൽ അനുഭവപ്പെടുന്നതുമാണ്. ഇന്ന് നമുക്ക് ബാബയെ ശരിയായിക്കാണാൻ കഴിയില്ലെങ്കിലും ഷിർദ്ദിയിൽപോയാൽ മസ്ജിദ്ദിൽ ബാബയുടെ ജീവനുള്ളപോലെത്തെ ഛായാപടം നമുക്ക് കാണാൻ കഴിയും. ഇത് ശാമറാവ് ജയകർ എന്ന കലാകാരനായ ഒരു ഭക്തൻ വരച്ചതാണ്. ഭാവനാസമ്പന്നനായ ഭക്തന് ഈ പടം നോക്കിയാൽ ഇന്നും ബാബയെ ദർശിച്ച സംതൃപ്തി അനുഭവിക്കുന്നതാണ്. ബാബക്ക് ഇന്നൊരു ദേഹമില്ലെങ്കിലും ബാബ അവിടെയും സകല ഇടത്തും വാഴുന്നുണ്ട്. ഇന്നും ഭക്തന്മാരുടെ ക്ഷേമകാര്യങ്ങളിൽ ബാബ ദേഹിയായിരുന്ന കാലത്തെപോലെത്തന്നെ തല്പരനാണ്. ബാബയെപ്പോലുള്ള ഋഷിശ്വരൻമാർ മരിക്കുന്നില്ല. മനുഷ്യരെപ്പോലെ കാഴ്ചയിൽ തോന്നുമെങ്കിലും അവർ ദൈവം തന്നെയാണ്.

### ബാപ്പുസാഹെബ് ജോഗിന്റെ സന്യാസം

ഹേമദ്പാന്ത് ജോഗിന്റെ സന്യാസത്തെപറ്റി പറഞ്ഞാണ് അദ്ധ്യായം അവസാനിപ്പിക്കുന്നത്. സഖാറാംഹരി എന്ന് അപരനാമമായ ബാപ്പുസാഹെബ്, ജോഗ്, പൂനയിലെ പ്രശസ്തനായ വർക്കരി വിഷ്ണുബുവജോഗിന്റെ അമ്മാമനാണ്. ഗവൺമെന്റ് സർവ്വീസിൽനിന്ന് റിട്ടയർ ചെയ്തശേഷം (അയാൾ പി. ഡബ്ലി

യു. ഡി യിൽ സൂപ്പർവൈസറായിരുന്നു) 1909 അയാൾ ഭാര്യ യോടുകൂടി വന്ന് ഷിർദ്ദിയിൽ താമസമാക്കി. ഭാര്യയും ഭർത്താവും ബാബയെ അത്യധികം ആദരിച്ച് ബാബയെ സേവിച്ച് കഴിഞ്ഞു കൂടി. അവർക്ക് കുട്ടികളുണ്ടായിരുന്നില്ല. മേഘയുടെ മരണശേഷം ബാപ്പുസാഹെബാണ് മസ്ജിദ്ദിലും ചാവടിയിലും മഹാസമാധി വരെക്കും ആരതി നടത്തിയിരുന്നത്. അയാൾക്ക് സതേവാഡ യിൽ വെച്ച് ജ്ഞാനേശ്വരിയും ഏകനാഥ് ഭാഗവതവും വായിച്ച് അർത്ഥം പറയുന്ന ജോലിയും കൊടുത്തിരുന്നു. അനവധിക്കാലം സേവനം ചെയ്തശേഷം ജോഗ്, ബാബയോട് "ഞാൻ അവി ടുത്തെ വളരെക്കാലം സേവിച്ചു. എനിക്കു മനശ്ശാന്തിയും സംതൃ പ്തിയും കിട്ടിയില്ല. എന്താണ് എനിക്ക് ഋഷിമാരുടെ സംസർഗ്ഗം ഉണ്ടായിട്ടുകൂടി നന്മ വരാത്തത്? എപ്പോളാണവിടുന്നെന്നെ അനു ഗ്രഹിക്കുക? എന്നു ചോദിച്ചു. ഭക്തന്റെ പ്രാർത്ഥന കേട്ട് ബാബ മറുപടിയായി "കാലക്രമംകൊണ്ട് നിന്റെ ദുഷ്കർമ്മഫലം അവ സാനിക്കും. നിന്റെ പുണ്യാപുണ്യങ്ങൾ ഇല്ലായ്മചെയ്ത് ഭസ്മീ കരിക്കപ്പെടും. അന്നേരം നീ നിസംഗനായി, കാമവും ക്രോധവും ആഹാര പ്രിയവും എല്ലാം ഉപേക്ഷിച്ച് നിന്റെ എല്ലാ തടസ്ഥവും തീർന്ന് ദൈവത്തെ പൂർണ്ണ മനസ്സോടെ സേവിച്ച് ഭിക്ഷാംദേഹി യായി സന്യാസം സ്വീകരിക്കുമ്പോൾ നിന്നെഞാൻ അനുഗ്രഹീ തനായിക്കാണും". എന്നു പറഞ്ഞു. അല്പകാലത്തിനുള്ളിൽ ബാബയുടെ വാക്കുകൾ ശരിയായി വന്നു. അയാളുടെ ഭാര്യ ആദ്യം മരിച്ചു. പിന്നെ അയാൾ തികച്ചും നിസ്സംഗനും സ്വതന്ത്ര നുമായി. അയാൾ സന്യാസം സ്വീകരിച്ച് ജീവിത സാക്ഷാത്ക്കാരം നേടി.

**ബാബയുടെ അമൃതവാണികൾ**

കരുണാമയനും സ്നേഹസമ്പന്നനുമായ ബാബ മസ്ജി

ട്ടിൽ വെച്ച് പലപ്പോഴും ഇങ്ങനെ പറയുമായിരുന്നു. - “എന്നെ ഏറ്റവും അധികം സ്നേഹിക്കുന്നവൻ, എന്നെ സദാ കാണുന്നു. ഞാനില്ലാത്ത ലോകം അവന് കേവലം ശൂന്യമാണ്. അവന് എന്റെ അപദാനങ്ങളല്ലാതെ മറ്റൊരു കഥയും പറയുവാനില്ല. അവൻ നിരന്തരം എന്നിൽ ധ്യാനനിരതനായി സദാ എന്റെ നാമം ജപിക്കുന്നു. സർവ്വവും എന്നിൽ സമർപ്പിച്ച് എന്നെ സ്മരിക്കുന്നവനോട് ഞാൻ സ്വയം കടപ്പെട്ടവനായി കരുതുന്നു. ഞാൻ അവന്റെ കടം വീട്ടുന്നത് അവന് മുക്തി പ്രദാനം ചെയ്തിട്ടാണ്. എന്നെ സ്മരിച്ച് എന്റെ പിന്നാലെകൂടി എനിക്ക് തന്നല്ലാതെ ഭക്ഷണം കഴിക്കാത്തവനിൽ ഞാൻ ആശ്രിതനാവുന്നു. ഇങ്ങനെ യാതൊരുവൻ എന്നെ സമീപിക്കുന്നുവോ അവൻ ഞാനുമായി താദാത്മ്യം പ്രാപിച്ച് ഐക്യം സംഭവിച്ച് നദി സമുദ്രത്തിൽ ലയിക്കുന്നപോലെ എന്നിൽ ലയിക്കുന്നു. അതുകൊണ്ട് അഹംഭാവത്തിന്റെയും അഹങ്കാരത്തിന്റെയും ലാഞ്ഛനപോലും ഉപേക്ഷിച്ച് നിങ്ങളുടെ ഹൃദയനിവാസിയായ എന്നിൽ നിങ്ങൾ ശരണം പ്രാപിച്ചാലും”.

**ആരാണ് ഈ ഞാൻ ?**

സായിബാബ ആരാണ് ഈ “ഞാൻ” എന്നു പലപ്പോഴും വ്യക്തമാക്കിയിട്ടുണ്ട്. ബാബ പറയും “നിങ്ങൾ എന്നെ അന്വേഷിച്ച് ദൂരദിക്കിലൊന്നും പോവേണ്ടതില്ല. നിങ്ങുടെ പേരും ആകൃതിയും ഒഴിച്ചാൽ, നിങ്ങളിലും സർവ്വ ജീവജാലങ്ങളിലുമുള്ള ആ സ്ഥിതിയുണ്ടല്ലോ, ബോധമാവുന്ന സ്ഥിതി, അതാണ് ഞാൻ. ഇതറിഞ്ഞ് നിങ്ങൾ എന്നെ നിങ്ങളിൽ തന്നെയും സകല ജീവജാലങ്ങളിലും കണ്ടെത്തുവിൻ. ഇത് നിങ്ങൾ പരിശീലിച്ചാൽ നിങ്ങൾക്ക് സർവാന്തര്യാമിത്വവും എന്നിലുള്ള ഐക്യവും അനുഭവപ്പെടും.”

ഹേമദ്പാന്ത് അതുകൊണ്ട് വായനക്കാരെ വണങ്ങി അവരോട് എല്ലാ ദൈവങ്ങളെയും ഋഷിമാരെയും ഭക്തന്മാരെയും സ്നേഹിച്ച് ബഹുമാനിക്കാൻ വിനീതമായും സ്നേഹപൂർവവും അപേക്ഷിക്കുകയാണ്. ബാബ പലപ്പോഴും പറഞ്ഞിട്ടില്ലെ. "യാതൊരുത്തൻ മറ്റുള്ളവരെ വെറുതെ നിന്ദിക്കുകയും കുറ്റംപറയുകയും ചെയ്യുന്നുവോ അവൻ എന്റെ ഹൃദയം പിളർന്നു എന്നെ പരുക്കേല്പിക്കുകയായിരിക്കും. യാതൊരുവൻ എല്ലാം സഹിച്ച് ക്ഷമിക്കുന്നുവോ അവനെന്നെ അങ്ങേയറ്റം സംപ്രീതനാക്കുന്നു" എന്ന്. ബാബ അങ്ങനെ എല്ലാ ഭാഗങ്ങളിലും അലങ്കാരമായി വെച്ചിരിക്കുകയാണ്. സർവജീവജാലങ്ങളോടുമുള്ള സ്നേഹമല്ലാതെ മറ്റൊന്നും ബാബ ഇഷ്ടപ്പെടുന്നില്ല. അത്തരം അമൃതവാണികൾ സദാ ബാബയുടെ ചുണ്ടുകളിൽ നിന്നും ബഹിർഗമിക്കുകയായിരുന്നു. യാതൊരുത്തൻ ബാബയുടെ പ്രശസ്തിയെ ഭക്ത്യാദരങ്ങളൊടെ പാടിപുകഴ്ത്തുന്നുവോ അവനും, അവയെ ഭക്ത്യാധരങ്ങളോടെ യാതൊരുത്തൻ ശ്രദ്ധിക്കുന്നുവോ അവനും ബാബയിൽ ലയിച്ച് ഐക്യം പ്രാപിക്കുന്നു എന്ന് പ്രസ്താവിച്ച് ഹേമദ്പാന്ത് ഈ അദ്ധ്യായം അവസാനിപ്പിക്കുന്നു.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ.




*കാക്കാസാഹെബിന്റെ സന്ദേഹവും ആനന്ദറാവുവിന്റെ ദർശ നവും-മരപ്പലക ബാബയുടെ കിടപ്പിടമാണ്, ഭഗത്തിന്റേതല്ല.*

**മുഖവുര**

കഴിഞ്ഞ മൂന്ന് അദ്ധ്യായങ്ങളിൽ ബാബയുടെ മഹാസ മാധിയെപ്പറ്റി വിവരിച്ചു. ബാബയുടെ ക്ഷണിക ശരീരം നമ്മുടെ മുന്നിൽ നിന്ന് അപ്രത്യക്ഷമായി എന്നത് ശരിയാണ്. പക്ഷെ ബാബയുടെ സൂക്ഷ്മശരീരവും പ്രചോദനവും ശാശ്വതങ്ങളാണ്. ബാബ ജീവിച്ചിരുന്ന കാലത്തെ ലീലകളെയാണ് ഇതുവരെ പ്രസ്താവിച്ചത്. മഹാസമാധിക്കുശേഷവും പുതിയലീലകൾ ഉണ്ടാവുകയും ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുകയാണ്. ഇത് ബാബ എന്നും ജിവിച്ചിരിപ്പുണ്ടെന്നും സദാ ഭക്തന്മാരെ സഹാ യിച്ചുകൊണ്ടിരിക്കുന്നുവെന്നും തെളിയിക്കുന്നു. ബാബയെ ദേഹ ത്തോടുകൂടി കണ്ടവർ മഹാ ഭാഗ്യവാന്മാർ തന്നെ. പക്ഷെ അവ രിലാർക്കെങ്കിലും നിസ്സംഗമനോഭാവം വളരാതെ ഈശ്വരവി ശ്വാസം ഉറച്ച് കിട്ടിയില്ലെങ്കിൽ അത് നിർഭാഗ്യമെന്നേ പറയാവൂ.

അന്നും ഇന്നും വേണ്ടത് ബാബയോടുള്ള അകമഴിഞ്ഞ ഭക്തി യാണ്. മനോബുദ്ധ്യഹങ്കാരങ്ങളെക്കൊണ്ടും അവയവങ്ങളെ ക്കൊണ്ടും ഒരു സമ്മിളിതമായ ആരാധനയാണ്, നാം ബാബക്ക് ചെയ്യേണ്ടത്. ചില അവയവങ്ങളെക്കൊണ്ട് ആരാധിച്ച് മറ്റുള്ളവ അതിൽ വ്യാപരിക്കാതിരുന്നാൽ ആ ആരാധന പ്രയോജനഹീ നമാണ്. ആരാധനയോ ധ്യാനമോ ചെയ്യുകയാണെങ്കിൽ അത് പൂർണ്ണമനസ്സാലെ ആയിരിക്കേണ്ടതാണ്.

ഒരു പതിവ്രതക്ക് ഭർത്താവിനോടുള്ള ഭക്തിയെ ചില പ്പോൾ ശിഷ്യന് ഗുരുവിനോടുള്ള ഭക്തിയുമായി ഉപമിക്കാറുണ്ട്. എങ്കിലും ആദ്യത്തേത് രണ്ടാമത്തേക്കാൾ എത്രയോ ലഘുവാ ണ്. ഗുരുഭക്തിക്ക് സാമ്യമായി മറ്റൊന്നില്ല. ജീവിതലക്ഷ്യം പ്രാപി ക്കുന്ന കാര്യത്തിൽ മാതാപിതാക്കന്മാരോ സഹോദരങ്ങളോ, ബന്ധുക്കളോ ഒന്നും തന്നെ നമ്മെ സഹായിക്കുന്നില്ല. ആ മാർഗ്ഗം നാം തന്നെ ഒറ്റക്ക് നടന്നുപോകേണ്ടതാണ്. നമുക്ക് സത്യാവിവേചനം വേണം. ഇഹത്തിലും പരത്തിലുമുള്ള ഭോഗാ സക്തി ഉപേക്ഷിച്ച് മനസ്സും ഇന്ദ്രിയങ്ങളും നിയന്ത്രാണാധീന മാക്കിവേണം മോക്ഷത്തെക്കുറിച്ചുമാത്രം ശ്രദ്ധിക്കുവാൻ. മറ്റു ള്ളവരെ ആശ്രയിക്കുന്നതിന്നുപകരം നമുക്കു നമ്മിൽതന്നെ പൂർണ്ണവിശ്വാസമുണ്ടായിരിക്കലാണ് പ്രധാനമായും വേണ്ടത്. വിവേകത്തോടെ വീക്ഷിച്ചാൽ നമുക്ക് ലോകം ക്ഷണികവും മിഥ്യ യുമാണെന്ന് ബോദ്ധ്യമാകും. ലൗകികങ്ങളിൽ ആസക്തി ചുരു ങ്ങിവന്ന്, അവസാനം നിസ്സംഗത്വവും അനാസ്ക്തിയും നമുക്ക് കൈവരുന്നു. ബ്രഹ്മം എന്നത് ഗുരുവല്ലാതെ മറ്റാരുമല്ലെന്ന ബോധം നമ്മിലുണ്ടായിവന്നാൽ നാം ബ്രഹ്മത്തെ സകലചരാച രങ്ങളിലും വ്യാപൃതമായിക്കണ്ട് അതിനെ ആരാധിക്കാൻ തുട ങ്ങുന്നു. ഇതാണ് ഏകഭാവമായ ആരാധന. ഇങ്ങനെ നാം പരി





പൂർണ്ണ മനസ്സാലെ ബ്രഹ്മനെയോ ഗുരുവെയോ ആരാധിച്ചാൽ നമുക്ക് ദൈവത്തോട് ഐക്യം കൈവന്ന് പൂർണ്ണാനുഭവവും ബോധവും സിദ്ധിക്കുന്നു. ചുരുക്കത്തിൽ സദാ ഗുരുനാമം ജപിച്ച് ഗുരുവെ സ്മരിച്ചാൽ നമുക്ക് ഗുരുവിന്റെ സാക്ഷാൽ ക്കാരം സകല ജീവജാലങ്ങളിലും അനുഭവപ്പെട്ടു നാം ലക്ഷ്യത്തെ പ്രാപിക്കുന്നു. താഴെ പറയുന്ന കഥ അതിന് ഉദാഹരണമാണ്.

**കാക്കാസാഹെബിന്റെ സന്ദേഹവും**
**ആനന്ദറാവുവിന്റെ ദർശനവും**

സായിബാബ, കാക്കാസാഹെബിനോട് ശ്രീ ഏകനാഥിന്റെ ഭാഗവതവും ഭവാർത്ഥരാമായണവും നിത്യപാരായണം ചെയ്യാൻ നിർദ്ദേശിച്ചത് പരക്കെ അറിയപ്പെടുന്ന കാര്യമാണ്. ബാബ ഉള്ള കാലത്തും സമാധിക്കുശേഷവും കാക്കാസാഹെബ് പാരായണം തുടർന്നു കൊണ്ടിരിക്കുന്നു. ഒരിക്കൽ ബോംബെയിലുള്ള കാക്കാമഹാജനിയുടെ വീട്ടിൽവെച്ച് കാക്കാസാഹെബ് രാവിലെ ഏകനാഥ് ഭാഗവതം വായിക്കയായിരുന്നു. മാധവറാവു ദേശ്പാണ്ഡെ എന്ന ശാമയും കാക്കാമഹാജനിയും വായനകേട്ടുകൊണ്ടിരുന്നു. അന്നുവായിച്ചത് 11-ാം സ്കന്ധം 2-ാം അദ്ധ്യായമായിരുന്നു. അതിൽ ഋഷഭന്റെ വംശത്തിലെ 9 നാഥന്മാർ അഥവാ സിദ്ധന്മാരായ കവി, ഹരി, അന്തരീക്ഷ, പ്രബുദ്ധ, പിപ്പലായൻ, അവിർഹോത്ര, ദ്രുമില, ചാമസ്, കരഭജൻ എന്നിവർ ഭഗവത് ധർമ്മത്തെ ജനകമഹാരാജാവിന്ന് വിവരിച്ചുകൊടുക്കുന്ന ഘട്ടമാണ് വായിച്ചിരുന്നത്. ജനകൻ ചോദിച്ച സുപ്രധാനമായ ചോദ്യങ്ങൾക്ക് നാഥന്മാർ വളരെ സംതൃപ്തമായ മറുപടികൊടുക്കുന്നു. കവി ഭഗവത്ധർമ്മത്തെയും, ഹരി ഭക്തന്റെ

ഗുണങ്ങളെയും, അന്തരീക്ഷൻ മായയേയും, പ്രബുദ്ധൻ മായയെ വിജയിക്കുന്നതിനേയും, പിപ്പലായൻ പരബ്രഹ്മത്തേയും, അവിർഹോത്രൻ കർമ്മത്തെയും, ദ്രുമിലൻ ദൈവാവതാരത്തേയും, അവരുടെ കൃത്യങ്ങളെക്കുറിച്ചും, ചമസ്ഭക്തനല്ലാത്തവന് മരണാനന്തരം എന്തു സംഭവിക്കുന്നു എന്നും കരഭജൻ വിവിധ കാലങ്ങളിൽ ദൈവാരാധന ചെയ്യേണ്ടുന്ന വിവിധ രീതികളെപ്പറ്റിയും വ്യക്തമായി വിവരിച്ചു. കലികാലത്ത് ഹരിഭക്തിയാണ് പ്രധാനമെന്ന് ചുരുക്കം. വായന കഴിഞ്ഞ് കാക്കാസാഹെബ് മാധാവറാവുവിനോടും മറ്റും നിരാശനായി പറഞ്ഞു: “9 നാഥന്മാരുടെയും ഭക്തിയെപ്പറ്റിയുള്ള പ്രഭാഷണം എത്ര വിസ്മയാവഹമാണ്. പക്ഷെ അതേ സമയം അവ പ്രയോഗത്തിൽ വരുത്താൻ എത്ര പ്രയാസമാണ് ! നാഥന്മാർ തികഞ്ഞ യോഗ്യന്മാരാണ്. അവർ പറഞ്ഞ മാർഗ്ഗം വിഢ്ഢികളായ നമുക്ക് എങ്ങനെ ഫലപ്രദമാവും ? നമുക്ക് അത് പല ജന്മങ്ങളെക്കൊണ്ടും സാധിക്കുന്നില്ല. പിന്നെ എങ്ങനെ മുക്തി കിട്ടും ? നമുക്ക് യാതൊരു പ്രതീക്ഷയുമില്ലെന്നു തോന്നുന്നു”. കാക്കാസഹെബിന്റെ ഈ നിലപാട് ശാമക്കിഷ്ടപ്പെട്ടില്ല. അയാൾ പറഞ്ഞു: “ബാബ പോലെയുള്ള ഒരു രത്നത്തെ ഗുരുവായിക്കിട്ടിയ ഒരാൾ ഇങ്ങനെ വിലപിക്കുന്നത് കഷ്ടമാണ്. ബാബയിൽ പരിപൂർണ്ണ വിശ്വാസമുണ്ടെങ്കിൽ എന്തിനാണിങ്ങനെ പരിഭ്രമിക്കുന്നത് ? നാഥന്മാരുടെ ഭക്തി ശക്തവും ബലവത്തുമായിരിക്കാം. നമ്മുടേത് സ്നേഹമയവും ആദരവോടുകൂടിയതുമല്ലെ? ബാബ ആധികാരികമായി, ഹരിനാമവും ഗുരുനാമവും ജപിച്ചാൽ മോക്ഷം കിട്ടുമെന്നും പറഞ്ഞതല്ലെ ? പിന്നെ ഭയത്തിനും ആശങ്കക്കും എന്താണ് സംഗതി ? മാധവറാവുവിന്റെ വിവരണംകൊണ്ടും കാക്കാസാഹെബ് തൃപ്തനായില്ല. അന്നുമുഴുവൻ അയാൾ വിശ്രമഹീനനും പരിഭ്രാന്തനുമായിക്കഴിഞ്ഞു. എങ്ങനെയാണ് നാഥന്മാരുടെ ശക്ത

മായ ഭക്തി ആർജ്ജിക്കുക എന്നായിരുന്നു അയാളുടെ വിചാരം അടുത്ത പ്രഭാതത്തിൽ താഴെ പറയുന്ന വിസ്മയം സംഭവിച്ചു.

ആനന്ദറാവു പഖാഡെ എന്നു പേരായ ഒരാൾ അവിടെ ശാമയെ അന്വേഷിച്ചു വന്നു. അന്നേരം ഭാഗവതം വായന നടക്കുന്നുണ്ട്. പഖാഡെ മാധവറാവുവിന്റെ അടുക്കലിരുന്ന് എന്തോ സ്വകാര്യം പറയുകയാണ്. അയാൾ സ്വകാര്യമായി അയാൾക്കുണ്ടായ സ്വപ്നദർശനത്തെപറ്റി പറയുകയായിരുന്നു. അതുകൊണ്ട് വായനക്ക് ലേശം തടസ്ഥമായപ്പോൾ, കാക്കാസാഹെബ് വായന നിർത്തി, ശാമയോട് എന്താണ് സംഗതി എന്നു ചോദിച്ചു. ശാമ പറഞ്ഞു 'ഇന്നലെ നിങ്ങൾ സംശയം പ്രകടിപ്പിച്ചില്ലെ. ഇപ്പോൾ അതിന് വിശദീകരണം കിട്ടിയിരിക്കുന്നു. പഖാഡെയുടെ ദർശനത്തെപ്പറ്റി കേൾക്കുക. അത്, ഭക്തി, പ്രകടനം ഗുരുപാദങ്ങൾ നമസ്കരിച്ചും ആരാധിച്ചും പാദസേവ ചെയ്തും മാത്രം സാധ്യമാണെന്നു തെളിയിക്കുന്നു.' എല്ലാവർക്കും ദർശനത്തെപ്പറ്റി കേൾക്കണമെന്നായി. കാക്കാസാഹെബിന് പ്രത്യേകിച്ചും അവരുടെ ആവശ്യപ്രകാരം പഖാഡെ തന്റെ ദർശനത്തെപറ്റി ഇപ്രകാരം പറയാൻ തുടങ്ങി.

ഞാൻ ആഴക്കടലിൽ അരക്കു വെള്ളത്തിൽ നിൽക്കുകയാണ്. അവിടെ ഞാൻ പെട്ടെന്ന് സായിബാബയെ കണ്ടു. അദ്ദേഹം രത്നഖചിതമായ ഒരു സിംഹാസനത്തിലിരുന്നു പാദങ്ങൾ വെള്ളത്തിൽ വെച്ചിരുന്നു. ഞാൻ ബാബയുടെ രൂപം കൊണ്ട് അത്യധികം സന്തുഷ്ടനും സംതൃപ്തനും ആയി ദർശനം വളരെ വ്യക്തമായതിനാൽ ഒരു സ്വപ്നത്തിലാണെന്നു പോലും കരുതിക്കൂടാ. മാധവറാവുവും അവിടെ നിൽക്കുന്നുണ്ടായിരുന്നു. അയാളെന്നോട് സ്നേഹത്തോടെപറഞ്ഞു. 'ആന





ന്ദറാവു ! "ബാബയുടെ കാല്ക്കൽ വീഴു'. ഞാൻ ചോദിച്ചു. "എനിക്കും അങ്ങനെ ചെയ്യണമെന്നുണ്ട്. പക്ഷെ അദ്ദേഹത്തിന്റെ പാദങ്ങൾ വെള്ളത്തിലല്ലെ? എങ്ങിനെയാണു എന്റെ ശിരസ്സു പാദങ്ങളിൽ വെക്കുക ? ഞാൻ നിസ്സഹായനാണ്". ഇതുകേട്ട് അയാൾ ബാബയോട് പറഞ്ഞു. 'ഓ ദേവ ! അവിടുത്തെ പാദങ്ങളെ വെള്ളത്തിൽനിന്നു പുറത്തേക്കെടുത്താലും". ബാബ ഉടനെ പാദങ്ങൾ പുറത്തേക്കെടുത്തു. ഞാൻ അവ കടന്നുപിടിച്ച് നമസ്കരിച്ചു. ഇതുകണ്ട ബാബ 'പൊയ്ക്കോളൂ, നിനക്ക് നന്മവരും നിനക്ക് ഭയപ്പെടാനോ ആശങ്കക്കോ യാതൊന്നുമില്ല. ഒരു സിൽക്ക് കരയുള്ളദോത്തി എന്റെ ശാമക്കു കൊടുക്കുക. നിനക്കതു കൊണ്ട് നേട്ടം വരും.' എന്നു പറഞ്ഞു.

ബാബയുടെ കല്പനക്കനുസരിച്ച് ആനന്ദറാവു കൊണ്ടുവന്ന ദോത്തി കാക്കാസാഹെബിനോട് ശാമക്കുകൊടുക്കാൻ പറഞ്ഞു. ശാമ അതു വാങ്ങാതെ, ബാബ തനിക്ക് എന്തെങ്കിലും സൂചന തരാതെ അതു സ്വീകരിക്കില്ലെന്നുപറഞ്ഞു. ഒടുവിൽ കാക്കാസാഹെബ് നറുക്കിടുവാൻ തീരുമാനിച്ചു. സംശയമുള്ള കാര്യങ്ങളിലെല്ലാം നറുക്കിട്ട് തീരുമാനമെടുക്കൽ കാക്കാസാഹെബിന്റെ ഒരു പതിവായിരുന്നു. ഇതിൽ സ്വീകരിക്കുക' 'ഉപേക്ഷിക്കുക' എന്നീ വാക്കുകളെഴുതിയ രണ്ടു നറുക്കുകൾ ബാബയുടെ പടത്തിന്റെ കാൽക്കൽ വെച്ച് ഒരു കുട്ടിയെകൊണ്ട് നറുക്കെടുപ്പിച്ചു. സ്വീകരിക്കുക എന്നെഴുതിയ നറുക്ക് എടുത്തത് കൊണ്ട് ദോത്തി മാധവറാവുവിന്ന് കൊടുക്കുകയും അയാൾ സ്വീകരിക്കുകയും ചെയ്തു. ഇങ്ങനെ മാധവറാവുവും ആനന്ദറാവുവും സംതൃപ്തരാവുകയും കാക്കാ സാഹെബിന്റെ പ്രശ്നം പരിഹരിക്കുകയും ചെയ്തു.

ഈ കഥ, മറ്റു ഋഷിമാരുടെ വാക്കുകൾ ബഹുമാനിക്ക

ണമെന്നും അതെ സമയം നമ്മുടെ ഗുരുവിന്റെ വാക്കാണ് നമ്മുക്കേറ്റവും വലുതെന്നും ആ ഉപദേശം സദാ അനുസരിക്കണമെന്നും തെളിയിക്കുന്നു. കാരണം ഗുരുവിനാണ് മറ്റാരേക്കാളും നമ്മുടെ കാര്യം കൂടുതലറിയുക എന്നതുതന്നെ ബാബയുടെ താഴെ കാണുന്ന വാക്കുകൾ ഹൃദയത്തിൽ കൊത്തിവെക്കുക. 'ലോകത്തിൽ അസംഖ്യം ഋഷിമാരുണ്ട്. പക്ഷെ നമ്മുടെ ഗുരുവാണ് യഥാർത്ഥ ഗുരു. മറ്റുള്ളവർ പല നല്ല കാര്യങ്ങളും പറഞ്ഞിരിക്കാം. പക്ഷെ നാം നമ്മുടെ ഗുരുവാക്യങ്ങൾ ഒരിക്കലും മറക്കരുത്. ചുരുക്കത്തിൽ നിങ്ങൾതന്നെ പരിപൂർണ്ണമായും അർപ്പിച്ച് ബഹുമാനപുരസ്സരം ഗുരുപാദങ്ങളിൽ പ്രണമിച്ചാൽ നിങ്ങൾക്ക് യാതൊരു സംസാരസാഗരവും കടക്കുവാനില്ലെന്നും സൂര്യനു മുന്നിൽ ഇരുട്ട് നിൽക്കില്ലെന്നും ബോദ്ധ്യമാവും'.

## മരപ്പലക ബാബക്ക് കിടക്കാനാണ്, ഭഗത്തിനല്ല

ആദ്യകാലങ്ങളിൽ ബാബ നാലുമുഴം നീളവും ഒരു മുഴം വീതിയുമുള്ള ഒരു പലക കെട്ടിത്തൂക്കി നാലുഭാഗം മൺവിളക്ക് കത്തിച്ചുവെച്ചാണ് ഉറങ്ങിയിരുന്നത്. പിന്നീട് ബാബ പലക തല്ലിപ്പൊളിച്ച് വലിച്ചെറിഞ്ഞു. (അദ്ധ്യായം 10) ഒരിക്കൽ ബാബ ഈ പലകയുടെ മഹത്വം കാക്കാസാഹെബിന് വിവരിച്ചുകൊടുക്കുകയായിരുന്നു. ഇതുകേട്ട് അയാൾ ബാബയോട് പറഞ്ഞു. "അവിടുന്ന് ആ പലകയെ ഇത്രയ്ക്കിഷ്ടപ്പെടുന്നെങ്കിൽ ഞാൻ വേറെയൊന്ന് മസ്ജിദ്ദിൽ അവിടെക്കുറങ്ങാനായി കെട്ടിത്തൂക്കിതാരം". ബാബ അതിന് "ഞാൻ മഹൽസാപതിയെ നിലത്തുകിടത്തി, മേലെ കിടന്നുറങ്ങാൻ ഇഷ്ടപ്പെടുന്നില്ല" എന്നു മറുപടി പറഞ്ഞു. അപ്പോൾ കാക്കാസാഹേബ് "എന്നാൽ ഞാൻ മഹൽസാ





പതിക്ക് മറ്റൊരു പലകയും ഏർപ്പാടുചെയ്യാം" ബാബ അവനെങ്ങനെ പലകയിൽ ഉറങ്ങാൻ കഴിയും? പലകയിലുറങ്ങാൻ എളുപ്പമല്ല. വളരെയധികം സൽഗുണങ്ങളുള്ളവനെ അത് കഴിയൂ. കണ്ണ് വെട്ടിത്തുറന്നുറങ്ങാൻ കഴിയുന്നവനെ അത് സാധിക്കൂ. ഞാൻ ഉറങ്ങാൻ പോവുമ്പോൾ പലപ്പോഴും മഹൽസാപതിയോട് എന്റെ അടുക്കൽ ഇരിക്കാൻ പറഞ്ഞ് എന്റെ ഹൃദയത്തിൽ കൈവെച്ച് ഭഗവന്നാമജപം നടക്കുന്നില്ലെ എന്നു നോക്കാൻ പറയും. ഞാൻ ഉറങ്ങുന്നതു കണ്ടാൽ ഉണർത്താൻ പറയും. അവനതുപോലും ചെയ്യാനാവുന്നില്ല. അവൻ തന്നെ ഉറക്കം വന്ന് ആടുന്നുണ്ടാവും. അവന്റെ കയ്യിലെ ഭാരം കല്ലുപോലെ എന്റെ ഹൃദയത്തിൽ തോന്നുമ്പോൾ ഞാൻ "ഓ ഭഗത്" എന്നു വിളിച്ചാൽ അവൻ ഇളകി കണ്ണു തുറക്കും. നിലത്തുതന്നെ ഇരുന്നുറങ്ങാൻ വയ്യാതെ, ഇരിപ്പുറക്കാത്ത, നിദ്രക്കടിമയായ, അവനെങ്ങനെ ഉയരത്തിൽ പലകയിൽ ഉറങ്ങാൻ കഴിയും? മറ്റു പല അവസരങ്ങളിലും ബാബ ഭക്തന്മാരോടുള്ള പ്രേമംകൊണ്ട് പറയും "നമ്മുടെതെന്തായാലും നമ്മുടെ കൂടെയുണ്ട് (നല്ലതായാലും ചീത്തയായാലും) മറ്റൊരുത്തനെന്താണുള്ളതെങ്കിൽ അവന്റെ കൂടെയുമുണ്ട്".

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ !

## അദ്ധ്യായം - 46



**ബാബയുടെ ഗയായാത്ര – ആടുകളുടെ കഥ**

ഈ അദ്ധ്യായം ശാമയുടെ കാശി, പ്രയാഗ്, ഗയ മുതലായ സ്ഥലങ്ങളിലെ തീർത്ഥയാത്രയും ബാബ തന്റെ ചിത്രരൂപത്തിൽ അയാൾക്കു മുന്നെ അവിടെ എത്തിയതും, രണ്ട് ആടുകളുടെ മുജ്ജന്മത്തെപറ്റി ബാബക്കുള്ള ഓർമ്മകളും വിവരിക്കുന്നു.

### മുഖവുര

ഹേ സായിനാഥ ! അവിടുത്തെ പാദങ്ങൾ അനുഗ്രഹീതങ്ങളാണ്. അവിടുത്തെ സ്മരണകളും ഞങ്ങളെ കർമ്മബന്ധങ്ങളിൽ നിന്ന് മുക്തരാക്കുന്ന ദർശനവും അനുഗ്രഹീതങ്ങളാണ്. അവിടുത്തെ രൂപം ഞങ്ങൾക്കിപ്പോൾ കാണാൻ കഴിയുന്നില്ലെങ്കിലും ഭക്തന്മാർ അങ്ങയിൽ വിശ്വസിച്ചാൽ അവിടുന്ന് ജീവിച്ചിരിക്കുമ്പോഴത്തെ എന്നപോലുള്ള അനുഭവങ്ങൾ കൊടുക്കുന്നു. അദൃശ്യവും സൂക്ഷ്മവുമായ ഒരു നൂൽ ചരട്കൊണ്ട് അവിടുന്ന് അടുത്തുനിന്നും അകലെനിന്നും ഭക്തന്മാരെ അങ്ങയിലേ

ക്കാകർഷിച്ച് അവരെ പുത്രവത്സലയായ ഒരു മാതാവിനെപോലെ അവിടുന്ന് ആശ്ലേഷിക്കുന്നു. ഭക്തന്മാർക്ക് അവിടുന്ന് എവിടെ യാണെന്നറിയുന്നില്ല. പക്ഷെ അവിടുന്ന് സമർത്ഥമായി ചരടു പിടിച്ച് നിയന്ത്രണം ചെയ്യുന്നതുകൊണ്ട് ഭക്തന്മാർക്ക് അവിടുന്ന് അവരുടെ പിന്നിൽ രക്ഷിതാവായിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടുന്നു. ബുദ്ധിമാന്മാരും പണ്ഡിതന്മാരും അഹംഭാവം കൊണ്ട് സംസാ രസർഗ്ഗത്തിൽ വീണു പോകുമ്പോൾ അവിടുന്ന് അവിടുത്തെ ശക്തിയാൽ അശരണരും പാമരരും ഭക്തരുമായ വിനീതരെ സംര ക്ഷിക്കുന്നു. അതൃശ്യമായും ആന്തരീകമായും അവിടുന്ന് എല്ലാ കളികളും കളിക്കുന്നു. എങ്കിലും അതിലൊന്നും തല്പരന ല്ലെന്നും കാണിക്കുന്നു. അവിടുന്ന് കർമ്മം ചെയ്യുന്നില്ലെങ്കിലും കർമ്മിയാണെന്ന് ഭാവിക്കുന്നു. ആർക്കും അവിടുത്തെ ജീവി തത്തെ മനസ്സിലാവുന്നില്ല. അതുകൊണ്ട് ഞങ്ങൾക്ക് ഏറ്റവും നല്ല വഴി മനോവാഗ്ദേഹങ്ങളെ അവിടുത്തെ പാദത്തിലർപ്പിച്ച് പാപനാശനാർത്ഥം അവിടുത്തെ തിരുനാമം ഉരുവിടലാണ്. അവി ടുന്ന് ഭക്തന്മാരുടെ ആഗ്രഹങ്ങൾ സാധിപ്പിച്ചുകൊടുക്കുന്നു. ആഗ്രഹമില്ലാത്തവർക്ക് പരമാനന്ദം പ്രദാനം ചെയ്യുന്നു. അവി ടുത്തെ മധുര നാമങ്ങൾ ഉരുക്കഴിക്കലാണ് ഭക്തന്മാർക്ക് ഏറ്റവും ലളിതമായ സാധനകൊണ്ട് ഞങ്ങളുടെ പാപങ്ങളും രജസ്ത മോഗുണങ്ങളും ഇല്ലാതാവുന്നു. അങ്ങനെ സത്വഗുണവും സത്യ ബോധവും മുൻകൈയ്യെടുത്ത് വിവേകവും നിസ്സംഗത്വവും ജ്ഞാനവും വളർത്തിയെടുക്കുന്നു. അപ്പോൾ ഞങ്ങൾ ആത്മ നിലും ഗുരുവിലും വ്യാപൃതരാവുന്നു. ഇതാണ് ഗുരുവിന്നുള്ള സർവാർപ്പണം എന്നുപറയുന്നത്. ഇതിന്റെ വ്യക്തമായ അടയാളം മനസ്സിന് ശാന്തിയും സമാധാനവും കൈവരലാണ്. ഈ സമർപ്പ ണത്തിന്റെ മാഹാത്മ്യവും ഭക്തിയും ജ്ഞാനവും അപാരമാണ്. കാരണം അതിന്റെ പിന്നാലെ വരിവരി യായി സമാധാനം, നിസ്സം

ഗഭാവം, കീർത്തി, മുക്തി എന്നിവ വന്നുകൊണ്ടിരിക്കുന്നു.

സായിബാബ ഒരു ഭക്തനെ അംഗീകരിച്ചാൽ ബാബ അവനെ വിടാതെ പിന്തുടരുന്നു. രാപ്പകൽ വീട്ടിലായാലും വിദേശത്തായാലും സദാ കൂടെ നിൽക്കുന്നു. ഭക്തൻ എവിടെ വേണമെങ്കിലും പൊയ്ക്കൊള്ളട്ടെ, ബാബാ അയാൾക്ക് മുന്നിൽ ഏതെങ്കിലും അനിർവർണ്ണനീയമായ രൂപത്തിൽ എത്തും. താഴെ പറയുന്ന കഥ അതു തെളിയിക്കുന്നു.

**ഗയാ യാത്ര**

കാക്കാസാഹെബ് ദീക്ഷിതിനെ ബാബക്ക് പരിചയപ്പെട്ട് അധികം കഴിയുന്നതിന് മുമ്പ് അയാളുടെ മകൻ ബാബുവിന്റെ ഉപനയനം നാഗ്പൂരിൽവെച്ച് കഴിക്കാൻ നിശ്ചയിച്ചിരുന്നു. ഏകദേശം അതേ സമയത്തുതന്നെ നാനാസാഹെബ് ചന്ദോർക്കറും അയാളുടെ മൂത്തമകന്റെ വിവാഹം ഗ്വാളിയോറിൽവെച്ചും നടത്താൻ നിശ്ചയിച്ചു. ദീക്ഷിത്തും ചന്ദോർക്കറും ഷിർദ്ദിയിൽ വന്ന് സ്നേഹപൂർവ്വം ബാബയോട് ഈ അടിയന്തരിങ്ങളിൽ സംബന്ധിക്കാനപേക്ഷിച്ചു. ബാബ തന്റെ പ്രതിപുരുഷനായി ശാമയെ കൊണ്ടുപൊയ്ക്കൊളാൻ പറഞ്ഞു. അവർ നിർബന്ധിച്ചപ്പോൾ ശാമയെ കൂട്ടിയാൽ മതിയെന്നും കാശിയും പ്രയാഗും കഴിയുമ്പോഴേക്കും താൻ ശാമയുടെ മുന്നിൽ എത്തിച്ചേരുമെന്നും പറഞ്ഞു. ഈ വാക്കുകൾ ശ്രദ്ധിക്കു. അവ ബാബയുടെ സർവവ്യാപിത്വം വ്യക്തമാക്കുന്നു.

ബാബയുടെ അനുവാദം വാങ്ങി ശാമ, നാഗ്പൂരിലും ഗ്വാളിയോറിലും പോവാനും പിന്നീട് കാശി, പ്രയാഗ്, ഗയ ഇവിടങ്ങളിൽ പോവാനും നിശ്ചയിച്ചു. അപ്പാക്കോട്ടെയും അയാളെ

അനുഗമിക്കാൻ തീരുമാനിച്ചു. അവർ രണ്ടുപേരും ആദ്യം നാഗ്പൂരിലേക്ക് ഉപനയത്തിന് പോയി. കാക്കാ സാഹെബ് ദീക്ഷിത് ശാമക്ക് 200ക. ചിലവിന്ന് കൊടുത്തു. പിന്നീടവർഗ്വാളിയോറിൽ കല്യാണത്തിന് പോയി. അവിടെവെച്ച് നാനാസാഹെബ് ചന്ദോർക്കർ 100ക. യും അയാളുടെ ബന്ധുജാതർ100ക, യും കൊടുത്തു. പിന്നീട് അയാൾ കാശിയിലും അയോദ്ധ്യയിലും പോയി. കാശിയിൽ ജാതരുടെ ലക്ഷ്മീനാരായണക്ഷേത്രത്തിലും അയോദ്ധ്യയിൽ ജാതരുടെ രാമമന്ദിരത്തിലും. ജാതരുടെ മാനേജർ അയാൾക്ക് നല്ല സ്വീകരണം നൽകി. അവർ അയോദ്ധ്യയിൽ 21 ദിവസവും കാശിയിൽ 2 മാസവും താമസിച്ചു. പിന്നീടവർ ഗയയിലേക്കു പുറപ്പെട്ടു. വണ്ടിയിൽ വെച്ച് ഗയയിൽ പ്ലേഗു ബാധയുണ്ടെന്ന് കേട്ടു കുറച്ചു അസ്വസ്ഥരായി. രാത്രി ഗയയിലിറങ്ങി ധർമ്മശാലയിൽ താമസിച്ചു. രാവിലെ ഗയാവാല (തീർത്ഥാടകർക്ക് സൗകര്യം ചെയ്യുന്ന പുരോഹിതൻ) വന്ന് "തീർത്ഥാടകരെല്ലാം പുറപ്പെട്ടു. നിങ്ങൾ വേഗം വരിൻ" എന്നു പറഞ്ഞു. ശാമ അയാളോട് ഗയയിൽ പ്ലേഗ് ഉണ്ടോ എന്നു ചോദിച്ചു. ഇല്ലെന്ന് ഗയാവാല പറഞ്ഞു. "ഒന്നും പേടിക്കാതെ വന്നാലും എല്ലാം നിങ്ങൾക്കുതന്നെ കാണാം എന്നും പറഞ്ഞു. അങ്ങനെ എല്ലാംവരും കൂടി പോയി ഗയാവാലയുടെ വിശാല മായ സത്രം പോലുള്ള വീട്ടിൽ താമസിച്ചു. ശാമക്ക് കിട്ടിയ മുറിയിലെ സൗകര്യങ്ങളിലും മുന്നിലെ പൂമുഖത്ത് ചുമരിൽ തൂക്കിയ ബാബയുടെ വലിയ ചിത്രം കണ്ടിട്ടും ശാമക്ക് വളരെ സന്തോഷമായി. ബാബ പറഞ്ഞത് അയാളോർത്തു. "കാശിയും പ്രയാഗും കഴിഞ്ഞാൽ ഞാൻ ശാമയുടെ മുന്നിലെത്തും". ഇതോർത്ത് അയാൾ കണ്ണീർ പൊഴിച്ചു. രോമർഹഷമുണ്ടായി. തൊണ്ടയിടറി അയാൾ കരയാൻ തുടങ്ങി. ഗായാവാല ഇയാൾ പ്ലേഗു പേടിച്ചാണ് കരയുന്നതെന്നാണ് കരുതിയത്. ശാമ അയാളോട് എപ്പോഴാണ് ബാബയുടെ

പടം കിട്ടിയതെന്ന് ചോദിച്ചു. അയാൾക്ക് 200, 300 ഏജന്റുമാർ മാൻമാഡ് മുതലായ സ്ഥലങ്ങളിലുണ്ടെന്നും അവരിൽ നിന്നും ബാബയുടെ പ്രശസ്തി കേൾക്കാനിടയായെന്നും അയാൾ പറഞ്ഞു. അങ്ങനെ പന്ത്രണ്ടു കൊല്ലങ്ങൾക്ക് മുമ്പ് അയാൾ ഷിർദ്ദിയിൽ പോയി ബാബയെ ദർശിച്ചു. അവിടുന്ന് ശാമയുടെ വീട്ടിൽ ഉണ്ടായിരുന്ന ബാബയുടെ പടം അയാൾ ആവശ്യപ്പെട്ടപ്പോൾ ബാബയുടെ അനുമതിയോടുകൂടി ശാമ അതായാൾക്കു കൊടുത്തു. ഇത് ആ പടമാണ്. ശാമ അപ്പോൾ ആ സംഭവം ഓർമ്മിച്ചു. ഗയാവാലക്ക്, ഇത് പണ്ട് തനിക്ക് അങ്ങനെ ഉപകരിച്ച ശാമ തന്നെയാണ് ഇപ്പോൾ വന്ന അതിഥി എന്നറിഞ്ഞ് അത്യധികം സന്തോഷമായി. അവർ അന്യോന്യം കുശലവും സ്നേഹാന്വേഷണവും നടത്തി. വളരെ സന്തുഷ്ടരായി. ഗയാവാല ഒരു ഗംഭീരവും രാജോചിതവുമായ സ്വീകരണം തന്നെ കൊടുത്തു. അയാൾ വളരെ ധനികനായിരുന്നു. അയാൾ ഒരു പല്ലക്കിലേറി ശാമയെ ആനപ്പുറത്തിരുത്തിയുംകൊണ്ടാണ് യാത്ര ചെയ്തത്. ശാമയുടെ എല്ലാ സൗകര്യങ്ങളിലും അയാൾ ശ്രദ്ധിച്ചു.

ഈ കഥയുടെ ഗുണപാഠം ഇതാണ്. ബാബയുടെ വാക്കുകൾ ശരിയായെന്നു മാത്രമല്ല ബാബയുടെ ഭക്തന്മാരോടുള്ള പ്രേമം അപാരമാണ്. ഇതുമാത്രമല്ല, ബാബ എല്ലാ ജീവികളോയും സ്നേഹിച്ചു അടുത്ത കഥ അത് വിവരിക്കും.

**രണ്ട് കോലാടുകൾ**

ബാബ ഒരിക്കൽ ലെണ്ടിയിൽ നിന്ന് മടങ്ങിവരുമ്പോൾ ഒരു ആട്ടിൻകൂട്ടത്തെ കണ്ടു. രണ്ടാടുകളിൽ ബാബയുടെ ശ്രദ്ധ പതിഞ്ഞു. ബാബ അവയുടെ അടുക്കൽ ചെന്ന് അവയെ പിടിച്ച്

തലോടി 32 ക. വിലകൊടുത്ത് അവയെ വാങ്ങി. ഭക്തന്മാർ, ബാബ ചെയ്തതുകണ്ട് അതിശയിച്ചു. അവർ, ബാബയെ പറ്റിച്ചതാണെന്നും രണ്ടാടുകൾക്കുംകൂടി നാലോ ആറോ എട്ടോ ഉറുപ്പികയിലധികം വിലവരില്ലെന്നും പറഞ്ഞു. ബാബയോടിങ്ങനെ അവർ പറഞ്ഞപ്പോൾ ബാബ മിണ്ടാതിരുന്നു. ശാമയും താത്ത്യാക്കോട്ടെയും ബാബയോട് ഒരു വിശദീകരണം ആവശ്യപ്പെട്ടു. സായിബാബ തനിക്ക് പണം സൂക്ഷിക്കേണ്ടതില്ലെന്നും വീടോ കുടംബമോനോക്കേണ്ടതില്ലെന്നും പറഞ്ഞു. ബാബ അവരോട് തന്റെ ചിലവിൽ 4 സേറ് പരിപ്പ് വാങ്ങി ആടുകൾക്ക് കൊടുക്കാൻ പറഞ്ഞു. ഇതിന്ന് ശേഷം ആടുകളെ മടക്കികൊടുത്ത് താഴെ കാണുന്ന വിശദീകരണങ്ങളും ഓർമ്മകളും പറഞ്ഞു.

"ഓ, ശാമയും താത്ത്യയും എന്നെ ഈ കച്ചവടത്തിൽ കബളിപ്പിച്ച താണെന്നു കരുതി ! അല്ല. അവയുടെ കഥ കേൾക്കുവിൻ. മുൻജന്മത്തിൽ അവർ മനുഷ്യരായിരുന്നു. അവർക്ക് എന്റെ തുണക്കാരായി എന്റെ കൂടെ ഇരിക്കാനുള്ള ഭാഗ്യം കിട്ടി അവർ സഹോദരന്മാരായിരുന്നു. ആദ്യം വളരെ സ്നേഹിച്ചിരുന്ന അവർ രണ്ടുപേരും ക്രമേണ ശത്രുക്കാളായി. മൂത്തവൻ മടിയനും രണ്ടാമത്തവൻ സമർത്ഥനുമായിരുന്നു. രണ്ടാമത്തവൻ കുറെ പണമുണ്ടാക്കി. മൂത്തവൻ ദുരാഗ്രഹംകൊണ്ട് അനുജനെ കൊന്ന് പണമെടുക്കാൻ തീർച്ചയാക്കി. അവർ ബന്ധം മറന്ന് കലഹിച്ചു. മൂത്തവൻ ഒരു ദണ്ഡുകൊണ്ട് ഇളയവന്റെ നെറികിലടിച്ചു. അനുജൻ അപ്പോൾതന്നെ ജ്യേഷ്ഠനെ മഴുകൊണ്ട് വെട്ടുകയും ചെയ്തു. രണ്ടു പേരും ചത്തുവീണു. അവരുടെ കർമ്മഫലം കൊണ്ട് ആടുകളായി വീണ്ടും ജനിച്ചു. അവ എന്റെ അടുത്തുകൂടി പോയപ്പോൾ ഞാൻ പെട്ടെന്ന് തിരിച്ചറിഞ്ഞു. അവരുടെ പൂർവ്വകഥ മനസ്സിലാക്കി. അവരെ കണ്ടപ്പോൾ എനിക്കവർക്ക്

ഭക്ഷണവും സമാധാനവും വിശ്രമവും കൊടുക്കണമെന്ന് തോന്നി. അതിന്നാണ് ഞാനീ പണം മുഴുവൻ ചിലവാക്കിയത്. അതിനാണ് നിങ്ങൾ എന്നെ പഴിക്കുന്നത്. ഈ കച്ചവടം നിങ്ങൾക്കിഷ്ടപ്പെടാത്തതുകൊണ്ട് ഞാൻ അവയെ ഇടയനു തന്നെ മടക്കികൊടുത്തു". സായിക്ക് കോലാടുകളോടുള്ള സ്നേഹം ആ വിധത്തിലായിരുന്നു.

ശ്രീ സായിയെ നയമിക്കുവിൻ ലോകശാന്തി ഭവിക്കട്ടെ !

# അദ്ധ്യായം - 47



**ബാബയുടെ ഓർമ്മകൾ**

*വീരഭദ്രപ്പയുടെയും ചെന്നബാസപ്പയുടെയും കഥകൾ - (പാമ്പും തവളയും)*

*കഴിഞ്ഞ അദ്ധ്യായത്തിൽ ബാബക്ക് രണ്ടാടുകളെ പറ്റിയുള്ള ഓർമ്മകൾ പ്രസ്താവിച്ചുവല്ലോ. ഇതിൽ വേറെയും ഓർമ്മകളെപറ്റിയും വീരഭദ്രപ്പയുടെയും ചെന്നബാസപ്പയുടെയും കഥകളെപ്പറ്റിയും പ്രസ്താവിക്കുന്നു.*

## മുഖവുര

സായിയുടെ മുഖം അനുഗ്രഹീതമാണ്. നാം ബാബയുടെ നേരെ ഒരിക്കൽ നോക്കിയാൽ, കഴിഞ്ഞ ജന്മങ്ങളിലെ സങ്കടങ്ങളെല്ലാം ബാബ നശിപ്പിച്ച് നമ്മിൽ മഹത്തായ ആനന്ദം പ്രദാനം ചെയ്യുന്നു. ബാബ നമ്മെ കരുണയോടുകൂടി നോക്കിയാൽ നമ്മുടെ കർമ്മബന്ധം പെട്ടെന്ന് ഇല്ലാതായിപ്പോയി നാം സ്വർഗ്ഗീയമായ ആനന്ദം അനുഭവിക്കുന്നു. ഗംഗാ നദി സ്നാനത്തിനു ചെല്ലുന്ന എല്ലാവരുടെയും അഴുക്കും പാപങ്ങളും കഴുകിക്കള

യുന്നു. പക്ഷെ ഗംഗ എല്ലായ്പ്പോഴും ഋഷിമാരുടെ പാദസ്പർശ മേറ്റ് തന്നിലുള്ള അഴുക്കുകളെ നിർമ്മാർജ്ജനം ചെയ്യാനായി ആഗ്രഹിക്കുന്നു. ഗംഗക്കറിയാം തന്റെ അഴുക്കുകൾ പോക്കുവാൻ ഋഷി പാദങ്ങളെക്കൊണ്ട് മാത്രമേ കഴിയൂ എന്ന് സായി ഋഷി മാരുടെ ചൂഡാമണിയാണ്. ബാബയിൽ നിന്നും താഴെ കാണുന്ന കഥകൾ കേൾക്കുവിൻ.

**പാമ്പും തവളയും**

സായിബാബ പറഞ്ഞു "ഒരു പ്രഭാതത്തിൽ ലഘുഭക്ഷ ണശേഷം ഞാൻ കുറച്ച് ചുറ്റി നടന്ന് ഒരു ചെറിയ പുഴവക്ക ത്തെത്തി. ഞാൻ ക്ഷീണിച്ചിരുന്നതുകൊണ്ട് അവിടെ കുറച്ച് വിശ്ര മിച്ച് കൈകാലുകൾ കഴുകിക്കുളിച്ചപ്പോൾ ക്ഷീണം തീർന്ന് ഉന്മേഷം കിട്ടി. അവിടെ ഒരു ഒറ്റയടിപ്പാതയും കാളവണ്ടി പോകുന്ന വഴിയും വൃക്ഷച്ഛായകൊണ്ട് തണൽവിരിച്ച് കിടന്നി രുന്നു. ഒരു മന്ദമാരുതൻ വീശിക്കൊണ്ടിരുന്നു. ഞാൻ ചില്ലിം പുകയ്ക്കാൻ തയ്യാറായിക്കൊണ്ടിരിക്കുമ്പോൾ ഒരു തവള കര യുന്നതായി കേട്ടു. ഞാൻ തീപ്പെട്ടി ഉരച്ച് തീപിടിപ്പിക്കുകയായി രുന്നു. അപ്പോൾ ഒരു യാത്രക്കാരൻ അടുത്തുവന്ന് നമസ്കരിച്ച്, കൂടെ ഇരുന്ന് വിനയത്തോടുകൂടി അയാളുടെ വീട്ടിലേക്ക് ഭക്ഷണ ത്തിനും വിശ്രമത്തിനുമായി ക്ഷണിച്ചു. അയാൾ പൈപ്പ് കൊളുത്തി എനിക്കു തന്നു. തവളയുടെ കരച്ചിൽ വീണ്ടും കേട്ട പ്പോൾ അയാൾക്കതെന്താണെന്നറിയണമെന്നായി. ഞാൻ അപ്പോൾ ഒരു തവള കഷ്ടതയനുഭവിക്കുകയാണെന്നും അതിന്റെ കർമ്മ ഫലം അനുഭവിച്ചു തീർക്കുകയാണെന്നും പറഞ്ഞു. മുജ്ജ ന്മത്തിൽ വിതച്ചത് ഈ ജന്മത്തിൽ കൊയ്യണം. അതിനെപ്പറ്റി വിലപിച്ചിട്ട് പ്രയോജനമില്ല. പിന്നീട് അയാൾ പുകവലിച്ച് പൈപ്പ് എനിക്കു തന്നു. എന്നിട്ട് അയാൾ പോയി, എന്താണ് സംഭവി

ക്കുന്നതെന്നു നോക്കി വരാമെന്നുപറഞ്ഞു. ഞാനപ്പോൾ ഒരു വലിയ പാമ്പ് ഒരു തവളെയെ പിടിച്ചതുകൊണ്ട് അതു കരയുക യാണെന്നു പറഞ്ഞു. അവ രണ്ടും കഴിഞ്ഞ ജന്മത്തിൽ വളരെ ചീത്ത പ്രകൃതക്കാരായിരുന്നതിനാൽ ഈ ജന്മത്തിൽ കർമ്മ ഫലം അനുഭവിക്കുകയാണ്. അയാൾ പോയി നോക്കിയപ്പോൾ ഒരു വലിയ കറുത്ത സർപ്പം ഒരു തവളയെ പിടിച്ചതായി കണ്ടു.

അയാൾ മടങ്ങിവന്ന്, പത്തുപന്ത്രണ്ട് നിമിഷങ്ങൾക്കകം പാമ്പ് തവളയെ തിന്നുകളയുമെന്ന് പറഞ്ഞു. ഞാനതുകേട്ട് “ഇല്ല, അതുപാടില്ല ഞാൻ അതിന്റെ രക്ഷിതാവാണ്. ഞാനിവിടെ ഇപ്പോൾ ഉണ്ടല്ലോ. എങ്ങനെയാണ് പാമ്പിനെ ഞാൻ അതിനെ തിന്നാൻ വിടുക ? ഞാനിവിടെ വെറുതെ ഇരിക്കയാണോ? അതിനെ ഞാൻ എങ്ങനെ വിടുവിക്കുന്നു വെന്നു നോക്കുക” എന്നു പറഞ്ഞു.

വീണ്ടും പുക വലിച്ച് ഞങ്ങൾ ആ സ്ഥലത്തേക്ക് നട ന്നു. അയാൾ ഭയപ്പെട്ട് എന്നോട് മുന്നോട്ടു പോവരുതെന്നു പറ ഞ്ഞു. അയാൾ, പാമ്പ് ഞങ്ങളെ ഉപദ്രവിക്കുമെന്നാണ് കരുതിയ ത്. ഞാനതൊന്നും വകവെക്കാതെ മുന്നോട്ടുപോയി. ആ ജീവി കളോട് ഇങ്ങനെ പറഞ്ഞു: ‘ഓ വീരഭദ്രപ്പാ! നിന്റെ ശത്രു ബാസപ്പ തവളയായി ജനിച്ചിട്ടും പശ്ചാത്തപിക്കുന്നില്ലേ? നീയും ഒരു പാമ്പായി ജനിച്ചിട്ടും നിന്റെ ശത്രുത അവസാനിപ്പിച്ചില്ലെ? കഷ്ടം, ലജ്ജയില്ലല്ലോ ; ശത്രുത കളഞ്ഞ് സമാധാനത്തോടുകൂടി ഇരി ക്കുവിൻ”.

ഈ വാക്കുകൾ കേട്ട് പാമ്പ് തവളയെ വിട്ട് പുഴയിൽ ചാടി അപ്രത്യക്ഷപ്പെട്ടു. തവളയും ചാടിപ്പോയി പൊന്തയിൽ ഒളിഞ്ഞു.

യാത്രക്കാരൻ വളരെ വിസ്മയിച്ചു. അയാൾക്ക് ഈ വാക്കുകൾ കേട്ട്, പാമ്പ് തവളയെ എങ്ങനെ വിട്ടുവെന്ന് മനസ്സിലായി ല്ലെന്നും, വീരഭദ്രപ്പയാരെന്നും ബാസപ്പയാരെന്നും എന്താണവർ തമ്മിൽ ശത്രുതക്ക് കാരണമെന്നും ചോദിച്ചു. ഞാൻ അയാളോടുകൂടി മരത്തണലിലേക്ക് വന്ന് കുറച്ചുകൂടി പുകവലിച്ച് ആ കഥ താഴെ പറയുംപ്രകാരം പറഞ്ഞു:

എന്റെ സ്ഥലത്തുനിന്ന് 4,5 നാഴികയകലെ പുരാതനമായ ഒരു മഹാദേവക്ഷേത്രം സ്ഥിതിചെയ്യുന്ന ഒരു പുണ്യസ്ഥലമുണ്ട്. ആ സ്ഥലത്തുള്ളവർ അതിന്റെ ജീർണ്ണോദ്ധാരണത്തിനായി പണം പിരിച്ചുണ്ടാക്കി. വലിയ ഒരു സംഖ്യ പിരിച്ചുണ്ടാക്കിയപ്പോൾ നിത്യപൂജക്ക് ഏർപ്പാട്ചെയ്ത്, റിപ്പെയറിനുള്ള ഒരു എസ്റ്റിമേറ്റും തയ്യാറാക്കി. ആ സ്ഥലത്തുള്ള ധനികനായ ഒരാളെ ഖജാൻജിയായി നിശ്ചയിച്ച് എല്ലാ പ്രവൃത്തികളും അയാളെ ചുമതലപ്പെടുത്തി. അയാൾ എല്ലാ കണക്കുകളും വെച്ച് എല്ലാ സംഗതികളും കൃത്യനിഷ്ഠയോടെ ചെയ്യാനാണ് നിശ്ചയം. അയാൾ ഭയങ്കര പിശുക്കനായതുകൊണ്ട്, വളരെകുറച്ചു റിപ്പയർ മാത്രം ചെയ്തതുകൊണ്ട്, പണി വളരെക്കുറച്ചുമാത്രമേ പുരോഗമിച്ചുള്ള. അയാൾ ആ പണം മുഴുവൻ ചിലവാക്കി. കുറെ സംഖ്യ സ്വന്തമായി വിഴുങ്ങി. ഒട്ടും സ്വന്തം കൈയിൽനിന്നെടുക്കാതെ കഴിച്ചുകൂട്ടി. അയാൾക്ക് വളരെ മധുരമായി സംസാരിക്കാൻ കഴിയുന്നതിനാൽ പണി തീരാത്തതിന് നല്ല വിശ്വാസയോഗ്യമായ കാരണങ്ങൾ പറഞ്ഞു ബോദ്ധ്യപ്പെടുത്തും. ജനങ്ങൾ വീണ്ടും ചെന്ന്, അയാൾ സഹായിക്കാത്തപക്ഷം പണി പുരോഗമിക്കില്ലെന്നപേക്ഷിച്ചു. അവർ വീണ്ടും അയാളോട് പണി കഴിക്കാൻ പറഞ്ഞ് കുറെ പണം കൂടി പിരിച്ച് വീണ്ടും അയാളെ ഏൽപ്പി

ച്ചു. ആ പണം അയാൾ സ്വീകരിച്ച് മുമ്പത്തെപോലെത്തന്നെ ഒരു പണിയും ചെയ്യാതെ കഴിച്ചുകൂട്ടി. കുറച്ചു ദിവസം കഴിഞ്ഞ് ഭഗവാൻ മഹാദേവൻ, അയാളുടെ ഭാര്യക്ക് സ്വപ്നത്തിൽ പ്രത്യ ക്ഷപ്പെട്ട് പറഞ്ഞു: “നീ എഴുന്നേല്ക്ക്, ക്ഷേത്രത്തിന്റെ ഗോപുരം നീ പണികഴിപ്പിക്ക്. നീ ചിലവാക്കുന്നതിന്റെ നൂറിരട്ടി ഞാൻ നിനക്ക് തരാം”. അവർ ഈ ദർശനത്തെപറ്റി ഭർത്താവിനോട് പഞ്ഞു. അയാൾ പണം ചിലവാകുമെന്ന് കരുതി പുച്ഛിച്ചു ചിരി ച്ചുകൊണ്ട് അതൊരു വെറും സ്വപ്നമാണെന്നുപറഞ്ഞു തള്ളി ക്കളഞ്ഞു. അത് ശരിയാണെങ്കിൽ ദേവൻ തന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടാണ് പറയേണ്ടതെന്നായിരുന്നു അയാളുടെ വാദം. ഇത് ഒരു ദുസ്വപ്നമാണ്. അതിന്റെ ഉദ്ദേശം ഭാര്യഭർത്താക്കന്മാരെ തെറ്റിക്കലാണ്, എന്നുപറഞ്ഞു. അവർ അതുകേട്ട് ഒന്നും മിണ്ടാ തിരുന്നു.

ദൈവം ദാതാവിന് മനസ്സില്ലാതെ കൊടുക്കുന്ന വലിയ സംഭാവനകൾപോലും ഇഷ്ടപ്പെടുന്നില്ല. എന്നാൽ പ്രേമാ ദരങ്ങളോടെ മനസ്സറിഞ്ഞുകൊടുക്കുന്ന ഏതു ചെറിയ തുകയും ദൈവം സ്വീകരിക്കുന്നു. കുറെ ദിവസങ്ങൾക്കുശേഷം ഭഗവാൻ വീണ്ടും ആ സ്ത്രീയുടെ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് “നീ നിന്റെ ഭർത്താവിനേയും അയാൾ വശമുള്ള സംഭാവനത്തുകയെയും കുറിച്ച് ചിന്തിക്കേണ്ടതില്ല. അയാളെ ക്ഷേത്രപ്പണിക്ക് സംഖ്യ ചെലവുചെയ്യാനും നിർബന്ധിക്കേണ്ട. എനിക്ക് വേണ്ടത് ഭക്തി യാണ്. അതുകൊണ്ട് നിനക്കിഷ്ടമുണ്ടെങ്കിൽ എന്തെങ്കിലും സ്വന്തമായത് തന്നാൽ മതി” എന്നു പറഞ്ഞു. അതിനെപറ്റിയും അവർ ഭർത്താവിനോടലോചിച്ച് അവർക്ക് അച്ഛനാൽ കിട്ടിയ ആഭരണങ്ങൾ ദേവന്ന് സംഭാവന ചെയ്യാൻ തീർച്ചപ്പെടുത്തി. പിശുക്കൻ അസ്വാസ്ഥ്യനായി. അയാൾ ഈ കാര്യത്തിലും

ദൈവത്തെ പറ്റിക്കാൻ നിശ്ചയിച്ചു. അയാൾ ആഭരണങ്ങൾക്ക് താഴ്ത്തി വിലകെട്ടി 1000ക. ക്ക് നിശ്ചിയിച്ചു. താൻ തന്നെ വാങ്ങി, പകരം ദൈവത്തിന് ഒരു വയൽ ജാമ്യമായി കൊടുത്തു. ഭാര്യ അതിനു സമ്മതിച്ചു. ഈ വയൽ അയാളുടെതല്ല. അതൊരു സാധുവിധവയായ ദുബാക്കിയുടെതായിരുന്നു. അവർ അയാൾക്ക് 200ക. ക്ക് പണയം കൊടുത്തതാണ്. അവർക്ക് വളരെക്കാലമായി അത് വീട്ടിയെടുക്കാൻ കഴിഞ്ഞിരുന്നില്ല. അങ്ങനെ ആ ദുസ്സാമർത്ഥ്യക്കാരനായ പിശുക്കൻ അയാളുടെ ഭാര്യയെയും ദുബാക്കിയെയും ദൈവത്തേയും ഒരേ സമയം വഞ്ചിച്ചു. വയൽ വളരെ മോശവും ഫലപുഷ്ടിയില്ലാത്തതും കൃഷിക്ക് കൊള്ളാത്തതും നല്ല കാലത്തുകൂടി ഒരാദായവും കിട്ടാത്തതുമായിരുന്നു.

അങ്ങനെ എടപാട് കഴിഞ്ഞ് സ്ഥലം ആ ക്ഷേത്രത്തിലെ സാധു പുരോഹിതനെ ഏൽപിച്ചു. അയാൾ വളരെ സന്തോഷിക്കുകയും ചെയ്തു. കുറച്ചുകാലം കഴിഞ്ഞപ്പോൾ പ്രതീക്ഷിക്കാത്ത പലതും സംഭവിച്ചു. ഒരു ഭയങ്കര കൊടുങ്കാറ്റും പേമാരിയുമുണ്ടായി. പിശുക്കന്റെ വീട്ടിന്ന് ഇടിവെട്ടേറ്റ് അയാളും ഭാര്യയും മരിച്ചുപോയി. ദ്ദുബാക്കിയും മരിച്ചുപോയി.

അടുത്ത ജന്മത്തിൽ, ഈ ധനികനായ പിശുക്കൻ മഥുരയിലെ ഒരു ബ്രാഹ്മണ കുടുംബത്തിൽ ജനിച്ച് അയാൾക്ക് വീരഭദ്രപ്പ എന്നു പേരിട്ടു. അയാളുടെ പവിത്രയായ ഭാര്യ മേപ്പടി മഹാദേവക്ഷേത്രത്തിലെ പുരോഹിതന്റെ മകളായി ജനിച്ച് അവൾക്ക് ഗൗരി എന്ന് പേരിട്ടു. ദുഭാക്കി ക്ഷേത്രത്തിലെ തന്ത്രിയുടെ മകനായി ജനിച്ച് അയാൾക്ക് ചെന്നബാസപ്പ എന്നുപേരിട്ടു. പുരോഹിതൻ എന്റെ ഒരുസ്നേഹിതനായതുകൊണ്ട് എന്റെ അടുക്കൽവന്ന് പുകവലിച്ച് തമാശ പറഞ്ഞിരിക്കലുണ്ടായിരുന്നു. അയാളുടെ മകൾ ഗൗരിയും എന്റെ ഭക്തയായിരുന്നു. അവൾ

വേഗം വളർന്നു വന്നതുകൊണ്ട് അച്ഛൻ ഒരു നല്ല ഭർത്താവിനെ അന്വേഷിക്കാൻ തുടങ്ങി. ഞാൻ അയാളോട് പരിഭ്രമിക്കേണ്ടെന്നും വരൻതന്നെ അന്വേഷിച്ചെത്തുമെന്നും പറഞ്ഞു. അങ്ങനെയിരിക്കുമ്പോൾ ദരിദ്രനായ വീരഭത്രപ്പ അലഞ്ഞു തിരിഞ്ഞ ഭിക്ഷാംദേഹിയായി പുരോഹിതന്റെ വീട്ടിൽ വന്നു. എന്റെ അനുവാദത്തോടെ ഗൗരിയെ അയാൾക്ക് വിവാഹം ചെയ്തുകൊടുത്തു. അയാളും ആദ്യത്തിൽ ഞാൻ അയാളുടെ വിവാഹത്തിന് കാരണഭൂതനായതുകൊണ്ട്, എന്നോട് ഭക്തി കാണിച്ചിരുന്നു. ഈ ജീവിതത്തിലും അയാൾ പണം മോഹിയായതുകൊണ്ട് എന്നോട്, അയാൾ വിവാഹിതനായതുകൊണ്ട്, പണം കിട്ടാനുള്ള വഴി കാണിച്ചുകൊടുക്കണമെന്നപേക്ഷിക്കുമായിരുന്നു.

പ്രതീക്ഷിക്കാത്ത പലതും സംഭവിച്ചു. പെട്ടെന്ന് വിലക്കയറ്റങ്ങളുണ്ടായി. ഗൗരിയുടെ ഭാഗ്യംകൊണ്ട്, ഭൂമിക്ക് വളരെ പ്രിയം വന്നതിനാൽ മുൻപറഞ്ഞ സ്ഥലം ഒരു ലക്ഷം ഉറുപ്പികക്ക് വിറ്റു. (100 ഇരട്ടി വില) പകുതി വില ഉടനെ കൊടുത്തു. ബാക്കി 2000 ക. വീതം 25 തവണകളിലായി കൊടുക്കാനും നിശ്ചയിച്ചു. എല്ലാവരും ഇതിന്നു സമ്മതിച്ചെങ്കിലും പണത്തിനുവേണ്ടി കലഹിക്കാൻ തുടങ്ങി. അവരെന്നോടാലോചിക്കാൻ വന്നു. ഞാൻ ഭൂമി ദൈവത്തിന്റേതാണെന്നും അത് പുരോഹിതനിൽ ലയിച്ചതാണെന്നും ഗൗരിയാണ് ഏക അവകാശി എന്നും അവളുടെ സമ്മതം കൂടാതെ പണം ഒന്നും ചെയ്യരുതെന്നും അയാളുടെ ഭർത്താവിന് അതിൽയാതൊരവകാശവുമില്ലെന്നും പറഞ്ഞു.

ഇതുകേട്ട് വീരഭദ്രപ്പ എന്നോട് കോപിച്ച് ഞാൻ ഗൗരിയുടെ അവകാശം ഉറപ്പിച്ച് പണം തട്ടാൻ ശ്രമിക്കുകയാണെന്നു പറഞ്ഞു. അവന്റെ വാക്കുകേട്ട് ദൈവത്തെ സ്മരിച്ച് ഞാൻ

മിണ്ടാതിരുന്നു. വീരഭദ്രപ്പ ഭാര്യയെ ചീത്ത പറഞ്ഞു. അവൾ ഉച്ചക്ക് എന്റെ അടുക്കൽ വന്നു. അയാളുടെ വാക്കുകൾ സാരമാക്കരുതെന്നും അവളെ മകളെപ്പോലെ കരുതി സഹായിക്കണമെന്നും അപേക്ഷിച്ചു. അവൾ അഭയം പ്രാപിച്ചതിൻ, ഞാൻ ഏഴു കടൽ താണ്ടിയും അവളെ സഹായിക്കുമെന്നു വാക്കുകൊടുത്തു. അന്നു രാത്രി ഗൗരിക്കൊരു ദർശനമുണ്ടായി, മഹാദേവ് സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് "മുഴുവൻ പണവും നിന്റേതാണ്. ആർക്കും ഒന്നും കൊടുക്കരുത്. ചെന്നബാസപ്പയോടാലോചിച്ച് കുറച്ചു പണം ക്ഷേത്രാവശ്യത്തിന് ചിലവാക്കുക. വല്ല സംഖ്യയും സ്വന്തമായി ചിലവാക്കണമെങ്കിൽ, മസ്ജിദ്ദിലുള്ള ബാബയോടാലോചിച്ച് ചെയ്യുക" എന്നു പറഞ്ഞു. ഗൗരി ഈ ദർശനത്തെപ്പറ്റി എന്നോട് പറഞ്ഞപ്പോൾ ഞാൻ അവൾക്ക് അനുയോജ്യമായ ഉപദേശങ്ങൾ കൊടുത്തു. ഞാൻ അവളോട്, മുതൽസംഖ്യ സ്വന്തമായെടുക്കാനും പലിശയിൽ പകുതി ചെന്നബാസപ്പക്ക് കൊടുക്കാനും, വീരഭഗ്രപ്പക്ക് അതിൽ ഒരവകാശമവുമില്ലെന്നും പറഞ്ഞു. ഞാൻ ഇതുപറഞ്ഞുകൊണ്ടിരിക്കെ വീരഭദ്രപ്പയും ചെന്നബാസപ്പയും തമ്മിൽ കലഹിച്ച് വക്കാണമായി അവിടെ എത്തിചേർന്നു. ഞാൻ കഴിയുന്നതും സമാധാനിപ്പിക്കാൻ ശ്രമിച്ച് ഗൗരിക്കുണ്ടായ ദേവദർശനത്തെപ്പറ്റി അവരോട് പറഞ്ഞു. വീരഭദ്രപ്പ കോപംകൊണ്ട് നിയന്ത്രിക്കാനാവാതെ ചെന്നബാസപ്പയെ കഴുത്തറുത്ത് കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി. മറ്റവൻ സാധു പ്രകൃതക്കാരനായതുകൊണ്ട് എന്റെ കാലുപിടിച്ച്, രക്ഷിക്കാനപേക്ഷിച്ചു. ഞാൻ അവനെ ശത്രുവിൽ നിന്നും രക്ഷിക്കാമെന്നു വാക്കുകൊടുത്തു. കുറെ കഴിഞ്ഞ് വീരഭദ്രപ്പ മരിച്ചു. ഒരു പാമ്പായി വീണ്ടും ജനിച്ചു. ചെന്നബാസപ്പ മരിച്ചു. ഒരു തവളയായും ജനിച്ചു. ചെന്നബാസപ്പയുടെ കരച്ചിൽകേട്ട്, എന്റെ വാക്കുകൾ





ഓർമ്മിച്ച് ഞാൻ ഇവിടെ എത്തി അവനെ രക്ഷിച്ച് ഞാൻ സത്യം പാലിച്ചു. ദൈവം ഭക്തന്മാരുടെ അപകടത്തിൽ അവരെ രക്ഷിക്കാൻ ഓടി എത്തുന്നു. അവിടുന്ന് എന്നെ ഇങ്ങോട്ടയച്ച് ചെന്ന ബാസപ്പയെ (തവള) രക്ഷിച്ചു. ഇതെല്ലാം ഭഗവാന്റെ ലീലകളാണ്".

**ഗുണപാഠം**

ഇതിലെ ഗുണപാഠം ഒരുത്തൻ എന്തൊന്നു വിതക്കുന്നുവോ അതു കൊയ്യേണ്ടിവരുമെന്നും അതിൽ നിന്ന് യാതൊരു രക്ഷയുമില്ലെന്നും മറ്റുള്ളവർക്കുള്ള കടപ്പാടുകൾ തീർത്തെ കഴിയൂ എന്നും പണത്തിനുള്ള ദുരാഗ്രഹം ദുരാഗ്രഹിയെ താഴ്ത്തികൊണ്ടുവരികയെയുള്ളുവെന്നും അവസാനം അയാൾക്കും മറ്റുള്ളവർക്കും അത് നാശം വരുത്തുന്നുവെന്നുമാണ്.

ശ്രീ സായിയെ നയമിക്കുവിൻ ലോകശാന്തി ഭവിക്കട്ടെ !

# അദ്ധ്യായം - 48



*ഭക്തന്മാരുടെ ദുരിതങ്ങൾ ഒഴിവാക്കൽ ശിവഡേയുടെയും സപ ട്നെക്കറുടെയും കഥകൾ*

*ഈ അദ്ധ്യായം തുടങ്ങുമ്പോൾ ആരോ ഹേമദ്പാന്തി നോട് സായിബാബ ഗുരുവോ സദ്ഗുരുവോ എന്നു ചോദിച്ചു അതിനുത്തരമായി സദ്ഗുരുവിന്റെ ലക്ഷണത്തെപറ്റി ഹേമദ് പാന്ത് പറയുന്നു.*

## സദ്ഗുരുവിന്റെ ലക്ഷണങ്ങൾ

നമ്മെ വേദങ്ങളും വേദാന്തങ്ങളും ആറുശാസ്ത്രങ്ങൾ പഠിപ്പിക്കുകയും, പ്രാണായാമം ചെയ്തും, ദേഹങ്ങളിൽ വിഷ്ണു മുദ്ര (ലോഹം പഴുപ്പിച്ച് വെച്ച്) ഉണ്ടാക്കുകയും, ബ്രഹ്മനെപറ്റി മധുരപ്രഭാഷണങ്ങൾ നടത്തുകയും, ശിഷ്യന്മാർക്ക് മന്ത്രോപ ദേശം ചെയ്ത് ഒരു പ്രത്യേക സംഖ്യവരെ ഉരുക്കഴിക്കാൻ നിർദ്ദേ ശിക്കുകയും, അതേ സമയം അത്രയും ഉരുക്കഴിച്ചാലുള്ള ഫല ത്തെപ്പറ്റി യാതൊരുറപ്പും കൊടുക്കാതിരിക്കുകയും, സമർത്ഥമായ

വാക്കുകൾകൊണ്ട് സുന്ദരമായ രൂപത്തിൽ പരമാത്മ തത്വത്തെ വർണ്ണിക്കുകയും അതേസമയം സ്വന്തമായ അനുഭവങ്ങളോ ബ്രഹ്മജ്ഞാനമോ ഇല്ലാതിരിക്കുകയും ചെയ്യുന്ന ആൾ സദ്ഗുരു അല്ല. യാതൊരുവൻ തന്റെ പ്രഭാഷണംകൊണ്ട് നമ്മിൽ ഇഹ ത്തിലും പരത്തിലുമുള്ള ഭോഗ്യങ്ങളിൽ അനാസക്തി വളർത്തു കയും, നമുക്ക് ബ്രഹ്മജ്ഞാനം സമ്പാദിക്കുന്നതിൽ താല്പര്യ മുണ്ടാക്കിതരികയും പ്രായോഗികമായും സൈദ്ധാന്തികമായും തന്നത്താൻ അനുഭവസമ്പന്നനായിരിക്കുകയും ചെയ്യുന്നുവോ അദ്ദേഹം സദ്ഗുരു എന്ന സ്ഥാനത്തിനർഹനാണ്. സ്വന്തമായി ബ്രഹ്മജ്ഞാനമില്ലാത്തവൻ എങ്ങനെ അത് ശിഷ്യന് നൽകും? സദ്ഗുരു സ്വപ്നേപി ശിഷ്യനിൽനിന്നും യാതൊരു സേവനമോ ലാഭമോ പ്രതീക്ഷിക്കുന്നില്ല. അദ്ദേഹം താൻ മഹാനും ശിഷ്യൻ എളിയവനുമാണെന്ന് കരുതുന്നില്ല. ശിഷ്യനെ പുത്രനിർവി ശേഷം കരുതി, തനിക്കു തുല്യനും ബ്രഹ്മവുമാണെന്നാണ് അദ്ദേഹം വിശ്വസിക്കുന്നത്. സദ്ഗരുരുവിന്റെ പ്രധാന ലക്ഷണം അദ്ദേഹം ശാന്തിയുടെ ആവാസകേന്ദ്രമായിരിക്കുമെന്നാണ്. അദ്ദേഹം ഒരിക്കലും വിശ്രമഹീനമായോ പരിഭ്രാന്തിയോടെയോ പെരുമാറുകയില്ല. സ്വന്തം പാണ്ഡിത്യത്തിൽ ഗർവ്വുമില്ല. ദരി ദ്രനും ധനികനും എളിയവനും മഹാനും എല്ലാം അദ്ദേഹത്തിന് ഒരേപോലെയാണ്.

ഹേമദ്പാന്ത് കരുതുന്നത്, മുൻജന്മസുകൃതങ്ങളെക്കൊ ണ്ടാണ് തനിക്ക് ഇത്രയും മഹാത്മാവായ ഒരു സദ്ഗുരുവായ സായിബാബയെ കണ്ടുമുട്ടാനും അനുഗ്രഹം വാങ്ങാനും കഴി ഞ്ഞതെന്നാണ്. പൂർണ്ണ യൗവനത്തിൽപോലും ബാബ (ചിലിം അല്ലാതെ) യാതൊന്നും സമ്പാദിക്കാൻ നോക്കിയില്ല. ബാബക്ക്





കുടുംബമോ, സുഹൃത്തോ, വീടോ, മറ്റാലംബമോ ഇല്ല. പതിനെട്ടുവയസ്സിൽ തന്നെ ബാബയുടെ മനോനിയന്ത്രണം അനിതരസാധാരണവും പരിപൂർണ്ണവുമായിരുന്നു. അന്നും നിർഭയനായി വിജനസ്ഥലത്തിരുന്ന് ആത്മനിൽ ധ്യാനനിരതനായിരിക്കുമായിരുന്നു. ഭക്തന്മാരുടെ പരിശുദ്ധ സ്നേഹത്തിൽ തല്പരനായി അവരുടെ ഗുണത്തിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരുന്നതിനാൽ ഒരു അളവോളം ബാബ ഭക്തന്മാരെ ആശ്രയിച്ചിരുന്നുവെന്നു പറയാം. ബാബ ജീവിച്ചിരിക്കുമ്പോഴും മഹാസമാധിക്കുശേഷവും മഹാനുഭവങ്ങൾ വർണ്ണനാതീതങ്ങളാണ്. ഭക്തന്മാർ ചെയ്യേണ്ടത് ഇത്രമാത്രമാണ്. അവർ വിശ്വാസവും ഭക്തിയും സമ്മിളിതമായ ഹൃദയദീപത്തിന്റെ തിരിനീട്ടികൊടുക്കുവാൻ തയ്യാറായി. അതിൽ പ്രേമത്തിന്റെ കൈത്തിരി കത്തിച്ചുവെച്ചാൽ, വിജ്ഞാനത്തിന്റെ ദീപശിഖ, ശോഭയോടുകൂടി വെട്ടിത്തിളങ്ങും. പ്രേമശൂന്യമായ പാണ്ഡിത്യം വരേണ്ടതാണ്. ആർക്കും അത്തരം പാണ്ഡിത്യം ആവശ്യമില്ല. പ്രേമശൂന്യതയിൽ സംതൃപ്തിയില്ല. അതുകൊണ്ട് നമുക്ക് അവിചരിന്നവും സീമാതീതവുമായ പ്രേമമാണ് വേണ്ടത്. ഈ പ്രേമത്തെ എങ്ങനെ വർണ്ണിക്കാൻ കഴിയും? മറ്റെന്തും അതിനുമുന്നിൽ നിഷ്പ്രഭങ്ങളാണ്. പ്രേമരഹിതമായി ചെയ്യുന്ന വായനയും ശ്രവണവും പഠനവുമെല്ലാം നിഷ്പ്രയോജനമാണ്. പ്രേമം ഉണർന്നാൽ ഭക്തിയും, നിസ്സംഗഭാവവും, സമാധാനവും മുക്തിയും അവയുടെ എല്ലാ സമ്പന്നതകളോടും ശക്തിയോടും കൂടി തന്നെ എത്തിച്ചേരുന്നു. നാം ആത്മാർത്ഥമായി പരിശ്രമിക്കാതെ ഈ ശുദ്ധപ്രേമം കൈവരുന്നതല്ല. എവിടെ ശുദ്ധമായ ആഗ്രഹവും അനുഭൂതിയുമുണ്ടോ അവിടെ ദൈവം പ്രത്യക്ഷപ്പെടുന്നു. അതിൽ പ്രേമവും ഉൾക്കൊണ്ട് അത് മോക്ഷമാർഗ്ഗമായിത്തീരുന്നു.

ഇനി നമുക്ക് ഈ അദ്ധ്യായത്തിലെ പ്രധാന കഥയിലേക്ക് മടങ്ങാം. ഏതെങ്കിലും ഒരാൾ പരിശുദ്ധമനസ്സാലെയോ അല്ലാതെയോ ഒരു ഋഷിയുടെ അടുക്കൽപോയി പാദങ്ങളിൽ നമസ്കരിച്ചാൽ അവസാനം അയാൾ രക്ഷപ്പെടുമെന്നുറപ്പാണ്. അത് താഴെ കാണുന്ന കഥകൊണ്ട് ഉദാഹരിക്കപ്പെടുന്നു.

**മിസ്റ്റർ ശിവഡേ**

അക്കൽകോട്ടുകാരനായ സപട്നേക്കർ, നിയമം പഠിക്കുകയായിരുന്നു ഒരു സതീർത്ഥ്യനായ ശിവഡെ അയാളെ കണ്ടു. മറ്റു സതീർത്ഥ്യന്മാരും അവരോടൊപ്പം ചേർന്ന് പരീക്ഷക്കുള്ള വിഷയങ്ങളെപറ്റി ചർച്ചചെയ്തു അങ്ങനെ സംസാരിച്ചതിൽ ശിവഡെ ഒന്നും കാര്യമായി പഠിച്ചിട്ടില്ലെന്ന് കണ്ട് എല്ലാവരും അയാളെ പരിഹസിച്ചു. അയാളതിന് താൻ പഠിച്ചിട്ടില്ലെങ്കിലും സായിബാബ തന്നെ സഹായിക്കുമെന്നും പരീക്ഷയിൽ താൻ ജയിക്കുമെന്നും തീർത്തുപറഞ്ഞു. സപട്നേക്കർ ഇത് കേട്ട് അതിശയിച്ചു. അയാൾ ശിവഡെയെ വിളിച്ച്, അയാൾ ഇത്ര കാര്യമായി പറയുന്ന സായിബാബ ആരാണെന്ന് ചോദിച്ചു. അയാളതിന് "ഷിർദ്ദിയിലെ ഒരു മസ്ജിദിൽ ഒരു ഫക്കീർ താമസിക്കുന്നുണ്ട്. ഫക്കീർ ഒരു മഹാ സൽപുരുഷനാണ്. മറ്റു പല ഋഷിമാരുമുണ്ടായിരിക്കാം. ഫക്കീർ അദ്വിതീയനാണ്. അത്യധികം പൂർവ്വജന്മസുകൃതമുള്ളവർക്കെ ഫക്കീറിനെ കാണാൻ തന്നെ പറ്റുകയുള്ളൂ. ഞാൻ ഫക്കീറിൽ പൂർണ്ണമായി വിശ്വസിക്കുന്നു. ഫക്കീർ പറഞ്ഞാൽ വെറുതെയാവില്ല. ഫക്കീർ തീർത്തു പറഞ്ഞിട്ടുണ്ട് ഞാൻ അടുത്തവർഷം ജയിക്കുമെന്ന്. അവസാന പരീക്ഷയിൽ ഫക്കീറിന്റെ അനുഗ്രഹംകൊണ്ട് ഞാൻ ജയിക്കും" സപട്നേക്കർ സുഹൃത്തിന്റെ വിശ്വാസം കണ്ട് പുച്ഛിച്ച് അയാളെയും സായിബാബയെയും കളിയാക്കി ചിരിച്ചു.





## സപട്നേക്കറും കുടുംബവും

സപട്നേക്കർ പരീക്ഷയിൽ ജയിച്ച് അക്കൽകോട്ടിൽ വക്കീലായി പ്രാക്ടീസ് തുടങ്ങി. ഇതിന് 10 കൊല്ലങ്ങൾക്കു ശേഷം 1913-ൽ അയാളുടെ ഏകപുത്രൻ തൊണ്ടരോഗത്തിൽ മരിച്ചു. അയാൾക്കത് വളരെയധികം ഹൃദയത്തിൽകൊണ്ടു. സമാധാനത്തിനുവേണ്ടി പന്ധർപൂർ, ഗംഗാപൂർ മുതലായ സ്ഥലങ്ങളിലേക്ക് തീർത്ഥയാത്ര പോയി. മനശ്ശാന്തി എന്നിട്ടും കിട്ടിയില്ല. പിന്നീട് വേദാന്തം പഠിച്ചു. എന്നിട്ടും ഗുണമുണ്ടായില്ല. അപ്പോൾ ശിവഡെയുടെ വാക്കുകളും അയാളുടെ ബാബയിലുള്ള വിശ്വാസവും ഓർമ്മയിൽ വന്ന് തനിക്കും ഷിർദ്ദിയിൽപോയി ബാബയെ കാണണമെന്ന് ആഗ്രഹം ജനിച്ചു. അയാൾ അനുജൻ പണ്ഡിറ്റ് റാവുവിനേയും കൂട്ടി ഷിർദ്ദിയിൽപോയി ബാബയെ ദൂരെവെച്ച് കണ്ടിട്ടുതന്നെ വളരെ സന്തുഷ്ടനായി. അയാൾ അടുത്തുചെന്ന് ഭക്തിയോടുകൂടി നമസ്കരിച്ച് ഒരു നാളികേരം കാണിക്കവെച്ചപ്പോൾ ബാബ "കടന്നുപോ" എന്നലറി. സപട്നേക്കർ തല താഴ്ത്തി അവിടുന്ന് മാറി ഒരിടത്തിരുന്നു. അയാൾക്ക് ഇനി എന്തു ചെയ്യണമെന്ന് ആരോടെങ്കിലും ചോദിക്കണമെന്നുണ്ടായിരുന്നു. ആരോ ബാലഷിംപിയെ കാണാൻ പറഞ്ഞു. സപ്ടനേക്കർ അയാളെകണ്ട് സഹായം അപേക്ഷിച്ചു. അവർ ബാബയുടെ പടങ്ങൾ വാങ്ങി അവയുമായി മസ്ജിദ്ദിൽ വന്നു. ബാലഷിംപി അതിൽ ഒരു ഫോട്ടോ എടുത്ത് ബാബക്ക് കൊടുത്ത് അതാരുടെ ഫോട്ടോ ആണെന്ന് ചോദിച്ചു. ബാബ ആ ഫോട്ടോ അയാളുടെ ജാരന്റേതാണെന്ന് പറഞ്ഞ് സപട്നേക്കറെ ചൂണ്ടിക്കാട്ടി. ബാലഷിംപി, ബാബയോട് ചിരിച്ചതിന്റെ ഉദ്ദേശം എന്തെന്ന് ചോദിച്ച് സപട്നേക്കറെ അടുക്കൽ വിളിച്ച് ദർശനം ചെയ്യാൻ കാണിച്ചു. സപട്നേക്കർ നമസ്കരിക്കാൻ തുട





ങ്ങുമ്പോൾ ബാബ വീണ്ടും "കടന്നുപോ" എന്നലറി. സപട്നേക്കർക്ക് എന്തുചെയ്യണമെന്നറിയാതെയായി. പിന്നീടവർ രണ്ടുപേരും കൈകൂപ്പി ബാബയുടെ മുന്നിലിരുന്നു പ്രാർത്ഥിക്കാൻ തുടങ്ങി. ബാബ അവസാനമായി, സപട്നേക്കറോട് ഉടനെ കടന്നുപോവാനായി തീർത്തു പറഞ്ഞു. രണ്ടുപേരും ദുഃഖിതരും നിരാശരുമായി. ബാബയുടെ കല്പന അടുത്ത പ്രാവശ്യമെങ്കിലും ദർശനം കിട്ടാൻ അനുവാദം തരട്ടെ എന്നു പ്രാർത്ഥിച്ച് ഷിർദ്ദിവിട്ടു.

**മിസിസ്സ് സപട്നേക്കർ**

ഒരു കൊല്ലം കഴിഞ്ഞു എന്നിട്ടും അയാൾക്കു മനശ്ശാന്തിയുണ്ടായില്ല. അയാൾ ഗംഗാപൂരിൽപോയി. അവിടെവെച്ചു കൂടുതൽ മനസ്സമാധാനമില്ലാതായി. പിന്നീട് മാനിഗാവോണിൽ വിശ്രമത്തിനുപോയി. അവിടെനിന്ന് കാശിക്കുപോയി. പോവുന്നതിന് രണ്ടു ദിവസങ്ങൾക്ക് മുമ്പ് അയാളുടെ ഭാര്യക്ക് ഒരു ദർശനമുണ്ടായി. സ്വപ്നത്തിൽ, അവർ ഒരു കുടവുമായി ലക്കഡ്ഷായുടെ കിണറിനടുക്കലേക്കു പോവുകയായിരുന്നു. അവിടെ ഒരു വേപ്പുമരച്ചുവട്ടിൽ ഇരിക്കുന്ന, തലയിൽ ഒരു തുണികെട്ടിയ ഫക്കീർ അവരുടെ അടുക്കൽ വന്നു പറഞ്ഞു. എന്റെ പ്രിയപ്പെട്ട മോളെ ! എന്തിനാ വെറുതെ ക്ഷീണിക്കുന്നത്? ഞാൻ നിന്റെ പാത്രത്തിൽ ശുദ്ധജലം നിറച്ചുതാരം" അവർ ഫക്കീറിനെ പേടിച്ച് കാലിപ്പാത്രവുമായി മടങ്ങിപ്പോന്നു. ഫക്കീർ പിന്നാലെ വന്നു. അപ്പോഴേക്കും ഉണർന്ന് കണ്ണ് തുറന്നു. അവർ ഈ ദർശനത്തെ പറ്റി ഭർത്താവിനോട് പറഞ്ഞു. ഇതൊരു ശുഭസൂചനയായിക്കരുതി, അവർ രണ്ടുപേരും ഷിർദ്ദിയിലേക്കു പുറപ്പെട്ടു. അവർ മസ്ജിദിൽ വന്നപ്പോൾ ബാബയില്ലായിരുന്നു. ബാബ ലെണ്ടി

തോട്ടത്തിലേക്കു പോയിരുന്നു. ബാബ വരുന്നതുവരെ കാത്തു നിന്നു. ബാബ വന്നപ്പോൾ തന്റെ സ്വപ്നത്തിൽ കണ്ട ഫക്കീർ തന്നെയാണ് ബാബ എന്ന് കണ്ട്, മിസ്സിസ്സ് സപട്നേക്കർ വിസ്മ യിച്ചു. അവർ ബഹു മാനത്തോടെ ബാബയെ നമസ്കരിച്ച് കാൽക്കൽ ഇരുന്നു. അവരുടെ ഭക്തിവിനയങ്ങൾ കണ്ട് ബാബ സന്തുഷ്ടനായി പ്രത്യേകതരത്തിൽ മറ്റൊരാളോടായി ഒരു കഥ പറഞ്ഞു. “എന്റെ കൈകളും വയറും അരക്കെട്ടും വളരെ കാല മായി വേദനിക്കുന്നു. ഞാൻ പല മരുന്നുകൾ കഴിച്ചിട്ടും വേദന മാറിയില്ല. ഒരു ഗുണവും കിട്ടാഞ്ഞിട്ട് എനിക്ക് മരുന്നുകൾ മടു ത്തു. പക്ഷെ ഇപ്പോൾ എല്ലാ വേദനയും പെട്ടെന്ന് മാറിയതി നാൽ ഞാൻ വിസ്മയിക്കുകയാണ്”. പേരൊന്നും പറഞ്ഞില്ലെ ങ്കിലും അത് മിസ്സിസ്സ് സപട്നേക്കറുടെ കഥയാണ്. അവരുടെ എല്ലാ വേദനകളും ഉടനെ മാറി, അവർ സന്തുഷ്ടയായി. പിന്നീട് സപ്ട്നേക്കർ ദർശനത്തിനായി ചെന്നു. ബാബ മുമ്പത്തെപോ ലെതന്നെ “കടന്നുപോ” എന്നു പറഞ്ഞു. ഇപ്രാവശ്യം അയാൾ കൂടുതൽ ശാന്തനും ഉത്സാഹിയുമായിരുന്നു. തന്റെ പൂർവ്വകർമ്മ ഫലമായാണ് ബാബ അങ്ങനെ പറയുന്നതെന്നും താൻ അതിന് പ്രതിവിധി ചെയ്യുമെന്നും അയാൾ പറഞ്ഞു. അയാൾ ബാബയെ ഒറ്റക്കുകണ്ട് പൂർവ്വകർമ്മങ്ങൾക്കു മാപ്പു ചോദിക്കാൻ നിശ്ചയി ച്ചു. അങ്ങനെ അയാൾ ചെയ്തു. അയാൾ ശിരസ്സ് ബാബയുടെ പാദങ്ങളിൽവെച്ചപ്പോൾ ബാബ തലയിൽ കൈവെച്ച് അനുഗ്ര ഹിച്ചു. അയാൾ ബാബയുടെ കാലുകൾ തലോടികൊണ്ടിരുന്നു. അപ്പോൾ ഒരു ഇടയപ്പെൺ വന്നു ബാബയുടെ അരക്കെട്ട് തലോ ടിക്കൊണ്ടിരുന്നു. ബാബ തന്റെ സ്വാഭാവികമായ രീതിയിൽ ഒരു ബനിയയുടെ കഥ പറയാൻ തുടങ്ങി. അയാളുടെ ജീവിതത്തിലെ പല കാര്യങ്ങളും പറഞ്ഞതിൽ അയാളുടെ ഏകപുത്രൻ മരിച്ചു

വെന്നും പറഞ്ഞു. സപട്നേക്കർ ബാബ പറയുന്നത് തന്റെ കഥ യാണെന്നും ബാബ അവ എങ്ങനെ അറിഞ്ഞുവെന്നും കരുതി വിസ്മയപ്പെട്ടു. ബാബ സർവ്വാന്തർയ്യാമിയും എല്ലാവരുടെയും ഹൃദയത്തിലുള്ളത് അറിയുന്ന ദേഹവുമാണെന്നയാൾക്ക് ബോദ്ധ്യമായി. ഈ വിചാരം മനസ്സിലുദിച്ച ഉടനെ ബാബ ഇടയ പ്പെണ്ണിനോടായി സപട്നേക്കറെ ചൂണ്ടികൊണ്ട് ഇങ്ങനെ പറഞ്ഞു: “ഇവൻ ഞാനാണ് അവന്റെ മകനെ കൊന്നതെന്ന് എന്നെ കുറ്റപ്പെടുത്തുന്നു. ഞാൻ ജനങ്ങളുടെ കുട്ടികളെ കൊല്ല ലുണ്ടോ? ഇവനെന്തിനാണ് മസ്ജിദ്ദിൽ വന്നു കരയുന്നത് ? ഞാൻ ഒരു കാര്യം ചെയ്യാം. ഞാൻ അതേ മകനെതന്നെ അവന്റെ ഭാര്യ യുടെ ഗർഭപാത്രത്തിലേക്ക് വീണ്ടും കൊണ്ടുവരാം ഇതും പറഞ്ഞ് അയാളുടെ തലയിൽ കൈവെച്ചു അനുഗ്രഹിച്ചു പറ ഞ്ഞു. “ഈ പാദങ്ങൾ പ്രാചീനങ്ങളും പുണ്യങ്ങളുമാണ്. നിന ക്കിനി ഒന്നും ഭയപ്പെടാനില്ല. എന്നിൽ എല്ലാ വിശ്വാസവും അർപ്പി ക്കുക നിന്റെ കാര്യം സാധിക്കും” സപട്നേക്കർ വികാരവിജ്യം ഭീതനായി ബാബയുടെ പാദങ്ങൾ കണ്ണീർകൊണ്ട് കഴുകി മന സ്സമാധാനത്തോടെ താമസസ്ഥലത്തേക്ക് മടങ്ങി.

പിന്നീടയാൾ പൂജക്കും നൈവേദ്യത്തിനും ഒരുക്കി ഭാര്യ യോടുകൂടി മസ്ജിദ്ദിലേക്കു വന്നു. നിത്യവും ബാബയെ പൂജിച്ച് ബാബയോട് പ്രസാദം വാങ്ങും. മസ്ജിദ്ദിൽ ആൾക്കൂട്ടമുണ്ടായി രുന്നു. സപട്നേക്കർ, മസ്ജിദ്ദിൽപോയി ബാബയെ വീണ്ടും വീണ്ടും വണങ്ങും. തലകൾ തമ്മിൽ കൂട്ടിമുട്ടുന്നത് ബാബ, സപ ട്നേക്കറോട് പറഞ്ഞു: “എന്തിനാണ് നീ എപ്പോഴും വന്ന് നമ സ്ക്കരിക്കുന്നത്. ഭക്തിയോടും സ്നേഹത്തോടും കൂടി ചെയ്യുന്ന ഒരു നമസ്കാരം മതിയല്ലോ”. അന്നു രാത്രി സപട്നേക്കർ ചാവടി എഴുന്നള്ളത്ത് കണ്ടു. ആ എഴുന്നള്ളത്തിൽ ബാബ പാണ്ഡുര




ങനെപ്പോലെയായിരുന്നു.

പിറ്റേന്നു പോവാൻ സമയത്ത് സപട്നേക്കർ ഒരുറുപ്പിക കൂടി കൊടുക്കാനും മടക്കയാത്രക്ക് വേണ്ടത് കരുതാനും തീരുമാനിച്ചു. മസ്ജിദിൽ പോയി 1 ക. ദക്ഷിണ കൊടുത്തപ്പോൾ അയാൾ ഉദ്ദേശിച്ചപോലെ ബാബ ഒരുറുപ്പികകൂടി ദക്ഷിണ ചോദിച്ചുവാങ്ങി. അയാളെ അനുഗ്രഹിച്ചു പറഞ്ഞു "ഈ നാളികേരം എടുത്തോളൂ, അത് ഭാര്യയുടെ മടിയിൽ വെക്കണം മനസ്സമാധാനത്തോടുകൂടിയും നിർഭയരായും പൊയ്ക്കോളിൻ". അയാൾ അങ്ങനെ പ്രവൃത്തിച്ചു. ഒരു കൊല്ലത്തിനകം അവർക്ക് ഒരു മകൻ ജനിച്ചു. അവന് എട്ടുമാസം പ്രായമുള്ളപ്പോൾ മകനെയുംകൊണ്ട് വീണ്ടും ഷിർദ്ദിയിൽ വന്ന് കുട്ടിയെ ബാബയുടെ പാദങ്ങളിൽവെച്ച് ഇപ്രകാരം പ്രാർത്ഥിച്ചു. "സായിനാഥാ ! ഞങ്ങൾക്കെങ്ങനെയാണ് അവിടുത്തോടുള്ള കടപ്പാട് തീർക്കേണ്ടതെന്നോ നന്ദി പറയേണ്ടതെന്നോ അറിയില്ല. അതുകൊണ്ട് ഞങ്ങൾ അവിടുത്തെ മുന്നിൽ പ്രണാമം ചെയ്യുക മാത്രം ചെയ്യുന്നു. സാധുക്കളും നിസ്സാഹായരുമായ ഞങ്ങളെ അനുഗ്രഹിച്ചാലും. അവിടുത്തെ പുണ്യങ്ങളായ പാദങ്ങൾ മാത്രമാണ് ഞങ്ങളുടെ അഭയസ്ഥാനം. പല ചിന്തകളും ഞങ്ങളെ ജാഗ്രത്തിലും സ്വപ്നത്തിലും അലട്ടുന്നു. ഞങ്ങളുടെ മനസ്സിനെ അവയിൽനിന്നും വേർപെടുത്തി അങ്ങയുടെ ഭജനയിൽ വ്യാപൃതമാക്കി ഞങ്ങളെ അനുഗ്രഹിച്ചാലും".

മകന് മുരളീധർ എന്നു പേരിട്ടു. പിന്നീട് രണ്ടുപേരും കൂടി (ഭാസ്കറും ദിനകറും) പിറന്നു. സപട്നേക്കർ ദമ്പതിമാർക്ക് ബാബയുടെ വാക്കുകൾ ഒരിക്കലും വെറുതെയാവില്ലെന്ന് ബോദ്ധ്യപ്പെട്ടു.

ശ്രീ സായിയെ നയമിക്കുവിൻ ലോകശാന്തി ഭവിക്കട്ടെ !




(1) ഹരികനോബ, (2) സോമദേവ് സ്വാമി (3) നാനാസാഹെബ് ചന്ദ്രോർക്കർ എന്നിവരുടെ കഥകൾ

## മുഖവുര

വേദങ്ങൾക്കോ പുരാണങ്ങൾക്കോ ബ്രഹ്മത്തെ അഥവാ സദ്ഗുരുവെപറ്റി വേണ്ടപോലെ പുകഴ്ത്താൻ കഴിഞ്ഞിട്ടില്ല. പിന്നെ എങ്ങനെയാണ് അജ്ഞരായ നമുക്ക് നമ്മുടെ സദ്ഗുരു ശ്രീ സായിബാബയെ വിവരിക്കാൻ കഴിയുന്നത്? അതിൽ നിശബ്ദമായിരിക്കുന്നതാണ് യുക്തമെന്ന് നമുക്ക് തോന്നുന്നത്. യഥാർത്ഥത്തിൽ മൗനവ്രതമാണ് സദ്ഗുരുവിനോടുള്ള ഏറ്റവും വലിയ പ്രശംസിക്കൽ. പക്ഷെ ബാബയുടെ സൽഗുണങ്ങൾ ആ മൗനവൃതം ഭഞ്ജിച്ച് നമ്മെ സംസാരിക്കാൻ പ്രേരിതരാക്കുകയാണ്. നല്ല ഭക്ഷണം ഒറ്റക്ക് കഴിക്കുമ്പോൾ സുഖം തോന്നില്ല. നമ്മുടെ സ്നേഹിതന്മാരും ബന്ധുക്കളും ചേർന്നിരുന്ന് കഴിച്ചാൽ

കൂടുതൽ സ്വാദിഷ്ടമാവും. അതുപോലെത്തന്നെയാണ് സായി ലീലാമൃതവും. ഈ അമൃതം നാമൊറ്റക്ക് കഴിക്കേണ്ടതല്ല സുഹൃത്തുക്കളും സഹോദന്മാരും നമ്മുടെ കൂടെ ചേരണം – എത്രയധികം പേരുണ്ടോ അത്രയും നല്ലത്.

സായിബാബ തന്നെയാണ് ഈ കഥകൾക്ക് പ്രചോദനം തന്ന് ബാബയുടെ ഇഷ്ടാനുസരണം എഴുതിക്കുന്നത്. നമ്മുടെ ചുമതല, സായിബാബയിൽ സർവവും അർപ്പിച്ച് ബാബയെ തന്നെ ധ്യാനിക്കൽ മാത്രമാണ്. തപശ്ചര്യ, തീർത്ഥയാത്ര, വ്രതം, യജ്ഞം, ധർമ്മം എന്നിവയെക്കാൾ കേമമാണ് ഹരിപൂജ. തപസ്സിനെക്കാളും സദ്ഗുരുവെ ധ്യാനിക്കൽ ഹരി പൂജയെക്കാളും മെച്ചപ്പെട്ടതാണ്. അതുകൊണ്ട് നാക്കുകൊണ്ട് സായിനാമം ജപിച്ചും, ബാബയുടെ അമൃതവാണികൾ മനസ്സുകൊണ്ട് സ്മരിച്ചും, ബാബയുടെ രൂപത്തെ ധ്യാനിച്ച്, ബാബയെപറ്റി ഹൃദയത്തിൽ യഥാർത്ഥപ്രേമം വളർത്തി എല്ലാ കർമ്മങ്ങളും ബാബക്കു വേണ്ടി ചെയ്യുക. സംസാരബന്ധം മുറിക്കാൻ ഇതിലേറെ മറ്റൊരു മാർഗ്ഗവുമില്ല. നമ്മുടെ ചുമതല, മേൽപറഞ്ഞവിധം നാം ചെയ്താൽ സായിനമ്മെ സഹായിച്ച് മോചിതരാക്കാൻ ബാദ്ധ്യസ്ഥനാണ്. ഇനി നമുക്ക് ഈ അദ്ധ്യയത്തിലെ കഥയിലേക്കു മടങ്ങാം.

## ഹരി കനോബ

ബോംബയിലെ ഒരു മാന്യനായ ഹരി കനോബ, ബാബയുടെ ലീലകളെപ്പറ്റി പല സുഹൃത്തുക്കളിൽ നിന്നും ബന്ധുക്കളിൽ നിന്നും കേൾക്കാനിടയായി. പ്രകൃതാ ഒരു സംശയാലുവായതിനാൽ അയാളവയിലൊന്നും വിശ്വസിച്ചില്ല. അയാൾക്ക് നേരിട്ട് ബാബയെ ഒന്നു പരീക്ഷിക്കണമെന്നായി. അങ്ങനെ ചില

സ്നേഹിതന്മാരോടുകൂടി അയാൾ ഷിർദ്ദിയിൽ വന്നു. അയാൾ തലയിൽ ഒരു കസവ്തലകെട്ടും കാലിൽ ഒരു പുതിയ ജോഡി ചെരുപ്പും ധരിച്ചിരുന്നു. ബാബയെ ദൂരെവെച്ചു കണ്ടപ്പോൾതന്നെ അടുത്തുപോയി നമസ്കരിക്കണമെന്നയാൾ തീർച്ചയാക്കി. പുതിയ ചെരുപ്പ് എന്തുചെയ്യണമെന്നായി. എന്നിട്ടും തുറന്ന മുറ്റത്ത് ഒരു മൂലക്കൽപോയി ചെരുപ്പൂരിവെച്ച് വന്ന് ബാബയെ നമസ്കരിച്ചു. ബാബയുടെ കയ്യിൽ നിന്ന് ഉധിയും പ്രസാദവും വാങ്ങി മടങ്ങി വന്ന് മൂലക്ക് ചെന്ന് നോക്കുമ്പോൾ ചെരുപ്പ് കാണാനുണ്ടായിരുന്നില്ല. കുറെ വെറുതെ തിരഞ്ഞു നിരാശനായി താമസസ്ഥലത്തേക്കുപോയി.

കുളി കഴിഞ്ഞ് പൂജയും നിവേദ്യവും കഴിഞ്ഞ് ഉണ്ണാനിരുന്നു. ആ സമയം മുഴുവൻ അയാൾ ചെരുപ്പിനെപറ്റി തന്നെ ചിന്തിക്കയായിരുന്നു. ഊണ് കഴിഞ്ഞ് കൈ കഴുകുമ്പോൾ ഒരു മറാത്തി പയ്യൻ അടുക്കലേക്ക് വരുന്നത് കണ്ടു. അവന്റെ കയ്യിൽ ഉയർത്തി പിടിച്ച ഒരു വടിയും വടിയുടെ തലക്കൽ ഒരു ജോഡി പുതിയ ചെരുപ്പ് തൂക്കിയിട്ടും ഉണ്ട്. അവൻ കൈകഴുകാൻ വന്നവരോട്, ബാബ ഈ വടി അവനെ ഏല്പിച്ചതാണെന്നും നിരത്തിലൂടെ "ഹരിയുടെ മകൻ ജരിക തലയിൽ കെട്ടിയവൻ" എന്ന് വിളിച്ചു പറയാനും ആരെങ്കിലും ചെരുപ്പിന്റെ ഉടമയാണെന്ന് പറഞ്ഞാൽ അയാളുടെ പേർ ഹരിയാണോ എന്നും 'ക' കാരം പേരായ ആളുടെ മകനാണോ എന്നും കസവ് തലേക്കെട്ടുണ്ടോ എന്നും നോക്കി തൃപ്തിപ്പെട്ടാൽ അയാൾക്കു കൊടുക്കാനും ഏല്പിച്ച് തന്നതാണെന്നും പറഞ്ഞു. ഇതുകേട്ട് ഹരി കനോബ സന്തുഷ്ടനും വിസ്മിതനുമായി. അയാൾ കുട്ടിയുടെ അടുക്കൽ ചെന്ന് ചെരുപ്പിന്റെ ഉടമ താനാണെന്ന് പറഞ്ഞു. അയാൾ കുട്ടിയോട് തന്റെ പേർ ഹരിയെന്നാണെന്നും അയാൾ കനോബയുടെ മക

നാണെന്നും കസവ് തലേക്കെട്ട് കാണിച്ചുകൊടുത്തു. കുട്ടി സമ്മതിച്ച് ചെരുപ്പ് അയാൾക്കുകൊടുത്തു. ഹരികനോബ അത്ഭുതത്തോടെ ആലോചിച്ചു. തന്റെ തലേക്കെട്ട് കാണാവുന്നത് കൊണ്ട് ബാബ കണ്ടിരിക്കാം. പക്ഷെ എങ്ങനെ ബാബക്ക് തന്റെ പേർ ഹരിയാണെന്നും കനോബയുടെ മകനാണെന്നും മനസ്സിലായി? ഇത് ആദ്യമായി താൻ ഷിർദ്ദിയിൽ വന്നതുമാണ്. അയാൾ ബാബയെ പരീക്ഷിക്കാൻ മാത്രം വന്നവനാണ്. അതുകൊണ്ട് അയാൾക്ക് വേണ്ടതുകിട്ടിയതിനാൽ അയാൾ സന്തുഷ്ടനായി വീട്ടിലേക്കു മടങ്ങി.

## സോമദേവ് സ്വാമി

ഇനി ബാബയെ പരീക്ഷിക്കാൻ വന്ന മറ്റൊരാളുടെ കഥ കേൾക്കുക. കാക്കാസാഹെബ് ദിക്ഷീതിന്റെ സഹോദരൻ ഭായിജി, നാഗ്പൂരിൽ താമസിച്ചിരുന്നു. അയാൾ 1906ൽ ഹിമാലയത്തിൽ പോയപ്പോൾ ഉത്തര കാശിയിലെ ഗംഗോത്രയിൽവെച്ച് ഹരിദ്വാരയിലെ സോമദേവ് സ്വാമിയുമായി പരിചയപ്പെട്ടു. രണ്ടു പേരും അന്യോന്യം മേൽവിലാസങ്ങൾ കുറിച്ചെടുത്തു. അഞ്ചു കൊല്ലങ്ങൾക്കുശേഷം സോമദേവ് സ്വാമി. നാഗപൂരിൽവന്ന് ഭായിജീയുടെ വിരുന്നു കാരനായി താമസിച്ചു. അവിടെവെച്ച് ബാബയുടെ ലീലകൾ കേട്ട് ഷിർദ്ദിയിൽപോയി ബാബയെ കാണാൻ ആഗ്രഹിച്ചു. ഭായിജിയിൽ നിന്ന് ഒരു കത്തുംവാങ്ങി അദ്ദേഹം ഷിർദ്ദിയിലേക്കുപോയി. മന്മാഡിൽനിന്നും കോപ്പർഗാവോണിലെത്തി ഒരു ട്ടോങ്ക പിടിച്ചു യാത്രയായി. ഷിർദ്ദിക്കടുത്തെത്തിയപ്പോൾ മസ്ജിദ്ദിൽനിന്ന് ഉയരത്തിൽ കെട്ടിയതായ രണ്ടു വലിയ കൊടിക്കൂറകൾ കണ്ടു. സാധാരണ ഋഷിമാർക്ക് പലതരം സ്വഭാവവും, പലതരം ജീവിതരീതിയും, പലതരം സജ്ജീകരണങ്ങളും കാണാറുള്ളതാണല്ലോ. ഈ വക പുറം കാഴ്ചകൾകൊണ്ട് ഋഷി

മാരെ വിലയിരുത്താൻ പാടുള്ളതല്ല. പക്ഷെ സോമദേവ് സ്വാമി അങ്ങനെ കരുതിയില്ല. ഈ കൊടികൾ പാറികളിക്കുന്നതുകണ്ട പ്പോൾ അയാൾ വിചാരിച്ചു"എന്തിനാണ് ഒരു യോഗി കൊടിക്കൂ റകൾ ഇഷ്ടപ്പെടുന്നത് ? ഇത് യോഗിക്ക് ചേർന്നതാണോ? അത് യോഗിക്ക് കീർത്തിയോടുള്ള ആഗ്രഹമാണ് കാണിക്കുന്നത്". ഇതും വിചാരിച്ച് ഷിർദ്ദി യാത്ര വേണ്ടെന്ന് വെച്ച് താൻ മടങ്ങി പോവുകയാണെന്നും കൂട്ടുകാരോട് പറഞ്ഞു. അവർ അദ്ദേഹ ത്തോട് "പിന്നെ എന്തിനാണ് നിങ്ങൾ ഇത്രയും വന്നത്? കൊടി കണ്ട് ഇത്രയും അസുഖം തോന്നിയാൽ ഷിർദ്ദിയിൽ രഥവും, പല്ലക്കും, കുതിരയും, മറ്റു സജ്ജീകരണങ്ങളും കണ്ടാൽ എത്ര മാത്രം തോന്നണം?" എന്നു ചോദിച്ചു. സ്വാമി അതിന് "ഞാൻ ഇതുവരെ രഥവും, കുതിരയും, മേളവും മറ്റുമുള്ള സാധുക്കളെ കണ്ടിട്ടില്ല. എനിക്ക് അത്തരം സാധുക്കളെ കാണുകയും വേണ്ട. അതുകൊണ്ട് ഞാൻ മടങ്ങിപോവുകയാണ്". എന്നുത്തരം പറഞ്ഞ് മടങ്ങാൻ ഒരുങ്ങി. കൂടെ ഉള്ളവർ അങ്ങനെചെയ്യരു തെന്ന് പറഞ്ഞ് നിർബന്ധിച്ചു. അവർ അദ്ദേഹത്തോട് ദുഷ്ടചി ന്തകൾ ഒഴിവാക്കാനും ബാബക്ക് ഈ വക കാര്യങ്ങളിലൊന്നും ഒരു ശ്രദ്ധയുമില്ലെന്നും ഇതെല്ലാം ഭക്തൻമാർ സ്നേഹം കൊണ്ട് ചെയ്യുന്നതാണെന്നും പറഞ്ഞ് ഒടുവിൽ പ്രേരിപ്പിച്ച് ഷിർദ്ദിയിൽ ചെന്ന് ബാബയെ കാണാൻ സമ്മതിപ്പിച്ചു. അവസാനം അവിടെ ചെന്ന് മുറ്റത്തുനിന്നുകൊണ്ട് ബാബയെ കണ്ടപ്പോഴേക്കും സ്വാമി യുടെ മനസ്സലിഞ്ഞ്, "കണ്ണുനിറഞ്ഞുകൊണ്ട് ഇടറുകയും എല്ലാ ചീത്ത വിചാരങ്ങളും ഇല്ലാതാവുകയു ചെയ്തു. അദ്ദേഹം തന്റെ ഗുരുപറഞ്ഞ" "എവിടെ ശാന്തിയും സമാധാനവും കണ്ടെത്തു ന്നുവോ അവിടെയാണ് അധിവാസത്തിനും വിശ്രമത്തിനുമുള്ള കേന്ദ്രം" എന്ന വാക്കുകൾ ഓർമ്മിച്ചുപോയി. അദ്ദേഹത്തിനും

ബാബയുടെ പാദരേണുക്കളിൽ കിടന്നുരുളണമെന്ന് തോന്നി. ബാബയെ സമീപിച്ചപ്പോൾ ബാബ കോപിച്ച് പറഞ്ഞു. “നമ്മുടെ എല്ലാ വേണ്ടാത്ത സജ്ജീകരണങ്ങളും നമ്മുടെ കൂടെ ഇരിക്കട്ടെ. നീ നിന്റെ വീട്ടിലേയ്ക്ക് പൊയ്ക്കോ. ഈ മസ്ജിദ്ദിൽ വീണ്ടും വന്നാൽ സൂക്ഷിച്ചോ. മസ്ജിദ്ദിൽ കൊടി പറപ്പിക്കുന്നവനെ എന്തിനു ദർശനം ചെയ്യണം? ഇത് യോഗിമാർക്ക് പറ്റിയതാണോ? ഇവിടെ ഒരു നിമിഷം നിന്നുപോകരുത്”. സ്വാമി അത്ഭുതംകൊണ്ട് തരിച്ചുനിന്നുപോയി. ബാബ തന്റെ മനസ്സിലുള്ളത് അറിഞ്ഞുവെന്ന് സ്വാമിക്ക് മനസ്സിലായി. എത്രമാത്രം സർവ്വജ്ഞനാണ് ബാബ! സ്വാമിക്ക് താൻ ബുദ്ധിശൂന്യനാണെന്നും ബാബ ഏറ്റവും വിശ്ഷ്ഠനും പരിശുദ്ധനുമാണെന്ന് മനസ്സിലായി. ബാബ ചിലരെ കെട്ടിപിടിക്കുന്നതും, ചിലരെ കൈകൊണ്ട് തൊടുന്നതും, ചിലരെ സമാധാനിപ്പിക്കുന്നതും, ചിലരെ കരുണയോടെ കടാക്ഷിക്കുന്നതും, ചിലരോട് ചിരിക്കുന്നതും, ചിലർക്ക് ഉധി പ്രസാദം കൊടുക്കുന്നതും അങ്ങനെ എല്ലാവരെയും സംതൃപ്തരാക്കുന്നതും സ്വാമി കണ്ടു. തന്നോട് മാത്രം ദയയില്ലാതെ പെരുമാറിയത് എന്താണ്? അതിനെ പറ്റി നല്ലപോലെ ആലോചിച്ചതിൽ ബാബ തന്റെ മനസ്ഥിതിക്കനുസരിച്ചാണ് ഇങ്ങോട്ട് പെരുമാറിയതെന്ന് ബോദ്ധ്യപെടുകയും താൻ ഇതിൽ നിന്നൊരു പാഠം പഠിക്കുകയാണ് വേണ്ടതെന്നും ബാബയുടെ കോപം യഥാർത്ഥത്തിൽ ഒരു അനുഗ്രഹമായി കരുതണമെന്നും മനസ്സിലാക്കുകയും ചെയ്തു. പിന്നീട് അദ്ദേഹത്തിന്റെ വിശ്വാസം ഉറച്ച് ബാബയുടെ വലിയ ഭക്തനായി തീർന്നു.

**നാനാസഹെബ് ചന്ദോർക്കർ**

നാനാസാഹെബ് ചന്ദോർക്കറുടെ കഥയോടുകൂടി ഹേമന്ദ്പാന്ത് ഈ അദ്ധ്യായം അവസാനിപ്പിക്കുന്നു. മസ്ജിദ്ദിലൊരി

ക്കൽ നാനാസാഹെബ്, മഹൽസാപതിയോടും മറ്റും കൂടി ഇരിക്കുമ്പോൾ ബീജാപ്പൂരിൽ നിന്നും ഒരു മുസൽമാൻ സകുടുംബം ബാബയെ ദർശിക്കാൻ വന്നു. ഗോഷാ സ്ത്രീകളെ അയാളുടെ കൂടെ കണ്ടപ്പോൾ നാനാസാഹെബ് പോവാൻ നോക്കിയെങ്കിലും ബാബ സമ്മതിച്ചില്ല. സ്ത്രീകൾ വന്ന് പാദങ്ങൾ ദർശ്ശനം ചെയ്തു. ഒരു സ്ത്രീ മുഖംമൂടി മാറ്റി ബാബയുടെ പാദങ്ങൾ വണങ്ങി. വീണ്ടും ധരിച്ചപ്പോൾ അവരുടെ അഭൗമമായ സൗന്ദര്യംകണ്ട് നാനാസാഹെബിന് ആമുഖം വീണ്ടും കാണണമെന്ന് തോന്നിപ്പോയി. നാനയുടെ മനശ്ചാഞ്ചല്യമറിഞ്ഞ്, ആ സ്ത്രീകൾ പോയശേഷം ബാബ ഇപ്രകാരം പറഞ്ഞു. “നാനാ ! നീയെന്തിനാണ് വെറുതെ ചഞ്ചലപ്പെടുന്നത്? ഇന്ദ്രിയങ്ങൾ അവക്ക് കല്പിച്ച ചുമതല നിർവ്വഹിച്ചുകൊള്ളട്ടെ, നാം അവയുടെ പ്രവൃത്തിയിൽ ഇടപെടേണ്ട. ദൈവം സുന്ദരമായ ഈ ലോകം സൃഷ്ടിച്ചു. സൗന്ദര്യത്തെ ആസ്വദിക്കൽ നമ്മുടെ ചുമതലയാണ്. മനസ്സ് സുസ്ഥിരവും ശാന്തവുമാകുന്നത്. ക്രമേണ സാവധാനത്തിലാണ്. മുന്നിലെ വാതിൽ തുറന്നിരിക്കെ എന്തിന് പിൻവാതിലിലൂടെ പോകുന്നു? ഹൃദയം ശുദ്ധമാണെങ്കിൽ ഒന്നും വിഷമിക്കാനില്ല. നമ്മിൽ ദുഷ്ടവിചാരമില്ലെങ്കിൽ ഒരാൾ എന്തിന് വേറൊന്നിനെ ഭയപ്പെടുന്നു? കണ്ണുകൾ അവയുടെ കൃത്യം നിർവ്വഹിച്ചതിന് നീയെന്തിന് ലജ്ജാലുവും സംശയാലുവുമാകുന്നു”.

ശാമ അവിടെയുണ്ടായിരുന്നെങ്കിലും, ബാബ പറഞ്ഞതിന്റെ അർത്ഥം അയാൾക്കു മനസ്സിലായില്ല. മടങ്ങിപ്പോവും വഴിക്ക് അയാൾ നാനയോട് സംഗതി എന്തെന്ന് ചോദിച്ചു. നാന ആ സുന്ദരിയെ കണ്ടതും മനശ്ചാഞ്ചല്യം വന്നതും ബാബ അത് സംബന്ധമായി ഉപദേശിച്ച വിവരവും പറഞ്ഞു. നാന ബാബ പറഞ്ഞതിന്റെ അർത്ഥം ഇങ്ങനെ പറഞ്ഞു: “നമ്മുടെ മനസ്സ്

സ്വതവെ ചഞ്ചലമാവാം പക്ഷെ ശരീരത്തെ നിയന്ത്രണാതീതമാക്കരുത്. ഇന്ദ്രിയങ്ങൾ ചഞ്ചലമാവാം പക്ഷെ ശരീരത്തെ നിയന്ത്രണത്തിൽ നിർത്തണം. അസ്വസ്ഥമാവാൻ അനുവദിക്കരുത്. ഇന്ദ്രിയങ്ങൾ വിഷയങ്ങൾക്കു പിന്നാലെ പാഞ്ഞുപോവും. പക്ഷെ നമ്മുടെ മനസ്സ് കൂടെപോയി വിഷയങ്ങളെ ആശിക്കരുത്. ക്രമവും സമാധാനവുമായ പരിശീലനംകൊണ്ട് അസ്വാസ്ഥ്യം ഇല്ലാതാക്കാം. ഇന്ദ്രീയങ്ങൾ നമ്മെ ഇളക്കി വിടരുത്, അതേസമയം അവയെ നിശ്ശേഷം നിയന്ത്രിക്കയുമരുത്. അവസരോചിതമായി ഇന്ദ്രിയങ്ങളെ വേണ്ടുംവിധവും ശരിയായ വഴിക്കും അടക്കി നിർത്താനെ പാടുള്ളൂ. സൗന്ദര്യം കാഴ്ചവസ്തുവാണ്. നാം സുന്ദര വസ്തുക്കളെ നോക്കി ഭയപ്പെടാതെ നോക്കണം. അതിൽ ലജ്ജക്കോ ഭയത്തിനോ സ്ഥാനമില്ല. നാം ദുഷ്ടവിചാരം വളർത്തരുതെന്നു മാത്രമേയുള്ളൂ. മനസ്സിനെ ആഗ്രഹഹീനമാക്കി ഭഗവാന്റെ സൗന്ദര്യവസ്തുക്കളെ കാണുക. ഈ വിധം ഇന്ദ്രിയങ്ങളെ എളുപ്പത്തിലും സ്വാഭാവികമായും നിയന്ത്രിക്കാൻ കഴിയുന്നതും വിഷയങ്ങളെ ആസ്വദിക്കൽ പോലും ഭഗവാനെ സ്മരിക്കാനുള്ള ഉപാധിയാക്കിതീർക്കാവുന്നതുമാകുന്നു. ബാഹ്യേന്ദ്രിയങ്ങൾ മാത്രം നിയന്ത്രിതങ്ങളാക്കി, മനസ്സിനെ വിഷയങ്ങളിൽ വ്യാപരിപ്പിച്ച് അവയിൽ ആസക്തമാക്കിയാൽ നമ്മുടെ ജനനമരണചക്രം അവസാനിക്കുകയില്ല. ഇന്ദ്രിയ വിഷയങ്ങൾ ദോഷകരങ്ങളാണ്. വിവേകമെന്ന തേരാളിയെക്കൊണ്ട് മനസ്സിനെ നിയന്ത്രിച്ചാൽ ഇന്ദ്രിയങ്ങൾ അലഞ്ഞുതിരിഞ്ഞുപോവുകയില്ല. അത്തരം ഒരു തേരാളിയുടെ സഹായത്താൽ നാം അവസാന ആവാസസ്ഥാനമായ വിഷ്ണുപാദത്തിലെത്തി, അവിടെനിന്നു മടങ്ങിപ്പോരാതിരിക്കും".

ശ്രീ സായിയെ നമിക്കുവിൻ ലോകശാന്തി ഭവിക്കട്ടെ !

# അദ്ധ്യായം - 50



*1) കാക്കാസാഹെബ് ദീക്ഷിത് 2) ശ്രീ തെമ്പയ് സ്വാമി 3) ബാലറാംധുരന്ധർ എന്നിവരുടെ കഥകൾ.*

*മൂലഗ്രന്ഥത്തിലെ 50–ാം അദ്ധ്യായം 39–ാം അദ്ധ്യായത്തിൽ ചേർത്തിയിരിക്കുന്നു. കാരണം രണ്ടും ഒരേ സംഗതികളാണ് പ്രതിപാദിക്കുന്നത്. അതുകൊണ്ട് മൂലഗ്രന്ഥത്തിലെ 51–ാം അദ്ധ്യായത്തെയാണ് ഇവിടെ 50–ാം അദ്ധ്യായമായി ചേർക്കുന്നത്. ഈ അദ്ധ്യായം 1. കാക്കാസാഹെബ്ദീക്ഷിത് 2. തെമ്പയ് സ്വാമി 3. ബാലറാം ധുരന്ധർ എന്നിവരുടെ കഥകളെ പറയുന്നു.*

## മുഖവുര

ഭക്തന്മാരുടെ പ്രധാന അവലംബവും നമ്മുടെ സദ്ഗുരുവും ഗീതയുടെ അർത്ഥം പറഞ്ഞുതരുന്ന ദേഹവും നമ്മുടെ ശക്തിദാതാവുമായ സായിനാഥ് ജയിക്കട്ടെ! ഹേ സായി ! ഞങ്ങളെ സഹായദൃഷ്ടികളോടെ നോക്കി അനുഗ്രഹിച്ചാലും.

ചന്ദനതരു മലയാചലത്തിൽ വളർന്ന് ചൂടിനെ അകറ്റുന്നു.

കാർമേഘങ്ങൾ ജലവർഷം ചെയ്ത് ജനങ്ങൾക്ക് കുളിരും ഉന്മേഷവും തരുന്നു. വസന്തത്തിൽ പുഷ്പങ്ങൾ വിരിഞ്ഞു നമുക്ക് ഈശ്വരാരാധനക്ക് ഉപയോഗപ്പെടുന്നു. അതുപോലെതന്നെ സായിബാബയുടെ കഥകൾ വായനക്കാർക്ക് ആശ്വാസവും സുഖവും പ്രദാനം ചെയ്യാനായി ഉത്ഭവിച്ചവയാണ്. ബാബയുടെ കഥകൾ പറയുന്നവരും അത് കേൾക്കുന്നവരും പുണ്യാത്മാക്കളും അനുഗൃഹീതരുമാണ്. പറയുന്നവരുടെ വായും കേൾക്കുന്നവരുടെ കാതും പരിശുദ്ധമാകുന്നു.

നൂറുവിധം സാധനകളനുഷ്ടിച്ചാലും സദ്ഗുരു പ്രസാദിക്കാതെ ലക്ഷ്യപ്രാപ്തിയിലെത്തുന്നില്ലെന്നത് വിശ്വവിശ്രുതമായ കാര്യമാണ്. ഇത് ഉദാഹരിക്കുന്ന താഴെ പറയുന്ന കഥകൾ കേൾക്കുവിൻ.

## കാക്കാസാഹെബ് ദീക്ഷിത് (1864-1926)

ഹരിസീതാറാം എന്ന അപരനാമത്തോടുകൂടി കാക്കാസാഹെബ്ദീക്ഷിത് വഡ്നഗര നഗർ ബ്രാഹ്മണ കുടുംബത്തിൽ സി. പി.യിലെ ഖാൻഡ്വയിൽ 1864-ൽ ജനിച്ചു. അയാളുടെ ആദ്യകാല വിദ്യാഭ്യാസം ഖാൻജ്വയിലും ഹിൽഗൽഘട്ടിലും ഹൈസ്കൂൾ വിദ്യാഭ്യാസം നാഗ്പൂരിലുമായിരുന്നു. കോളേജ് വിദ്യാഭ്യാസത്തിന് ബോംബെയിൽ നിന്ന് ആദ്യം വിൽസണിലും പിന്നീട് എൽഫിൻസ്റ്റൺ കോളേജിലും പഠിച്ചു. ബിരുദമെടുത്ത ശേഷം (1883) എൽ. എൽ. ബി. പരീക്ഷയും സോളിസിറ്റർ പരീക്ഷയും പാസായി ഗവൺമെന്റ് സോളിസിറ്റർമാരായ മെസ്സേർസ് ലിറ്റിൽ ഏന്റ് കമ്പിനിയിൽ ജോലി നോക്കി. കുറച്ചുകാലത്തിനുശേഷം സ്വന്തമായൊരു സോളിസിറ്റർ ഫേം തുടങ്ങി.

1909-ന് മുമ്പ് കാക്കാസാഹെബ് ദീക്ഷിത്തിന് ബാബയെ

പ്പറ്റി അറിവില്ലായിരുന്നു. അതിനുശേഷം അയാൾ ബാബയുടെ വലിയ ഭക്തനായിതീർന്നു. അയാൾ ലോനാവാലയിൽ താമസി ക്കുമ്പോൾ പഴയ സുഹൃത്തായ നാനാസാഹെബ് ചന്ദോർക്കറെ കാണുവാനിടയായി. രണ്ടുപേരും പലതിനെക്കുറിച്ചും സംസാ രിച്ചു. കാക്കാസാഹെബ് താൻ ലണ്ടനിൽ വെച്ച് വണ്ടികയറാൻ നോക്കുമ്പോൾ താഴെവീണ് കാലിന് പരുക്ക്പറ്റിയ വിവരം പറ ഞ്ഞു. 100 തരം ചികിത്സകളെകൊണ്ടും ഒരു കാര്യവുമുണ്ടായി ല്ല. നാനാസാഹെബ് അതിന് മറുപടിയായി അയാൾക്ക് കാലിന്റെ വേദനയും മുടന്തും മാറണമെങ്കിൽ തന്റെ സദ്ഗുരു സായിബാ ബയെ സമീപിക്കുകയാണ് വേണ്ടതെന്ന് പറഞ്ഞു. ബാബയെ പറ്റിയവിവരങ്ങളെല്ലാം പറഞ്ഞുകൊടുത്തു. കൂടെ സായിബാബ യുടെ "ഞാൻ എന്റെ ആളുകളെ എത്ര ദൂരെനിന്നും, ഏഴുകടലു കൾക്കപ്പുറമായാലും, ഒരു കിളിയുടെ കാലിൽ ചരടിട്ട് വലിക്കും പോലെ എന്നിലെക്ക് ആകർഷിക്കുന്നു". എന്ന വചനവും പറ ഞ്ഞുകൊടുത്തു. അയാൾ ഇത്രയും കൂടി പറഞ്ഞു. "ഒരാൾ ബാബ യുടെ ആൾ അല്ലെങ്കിൽ അയാളെ അങ്ങോട്ട് ആകർഷിക്കുകയോ ദർശനം കിട്ടുകയോ ചെയ്യില്ല". ഇതു കേട്ട് കാക്കാസാഹെബ് സന്തുഷ്ടനായി. താൻ ബാബയെ ചെന്ന് കണ്ട് കാലിന്റെ മുടന്ത ല്ലാ, മനസ്സിന്റെ മുടന്ത് മാറ്റി ശാശ്വതാനന്ദം പ്രദാനം ചെയ്യാൻ പ്രാർത്ഥിക്കുമെന്ന് പറഞ്ഞു.

കുറച്ച് കഴിഞ്ഞ് കാക്കാസാഹെബ്, അഹമ്മദ് നഗറിൽ ലെജിസ്റ്റേറ്റീവ് കൗൺസിലിലേക്ക് വോട്ടുകിട്ടാൻ പ്രചാരവേല ചെയ്യാനായി പോയി. കാക്കാസാഹെബ് മിരിക്കാറുടെ വീട്ടിൽ താമസിച്ചു. കാക്കാസാഹെബ് മിരിക്കാറുടെ മകനും കോപ്പർഗ വോണിലെ മംലത്ത്ദാറുമായ ബാലാസാഹെബ് മിരിക്കാറും അവിടെ ഒരു അശ്വപ്രദർശനം സംബന്ധിച്ചുവന്നു. എലക്ഷൻ





പ്രവൃത്തികഴിഞ്ഞപ്പോൾ കാക്കാസാഹെബ് ദീക്ഷിത്, ഷിർദ്ദിക്ക് പോവനാഗ്രഹിക്കുകയും അച്ഛനും മകനും അയാളെ ആരുടെ കൂടെയാണ് അയക്കേണ്ടത് എന്ന് ആലോചിക്കുകയുമായിരുന്നു. സായിബാബ അവിടെ അയാളെസ്വീകരിക്കാനുള്ള ഏർപ്പാടുകൾ ചെയ്യുകയാണ്. ശാമക്ക് അയാളുടെ ഭാര്യാപിതാവിൽ നിന്നും അയാളുടെ ഭാര്യക്ക് സുഖമില്ലെന്നും ശാമയും ഭാര്യയും ഉടനെ അഹമദ്ദ് നഗറിലെത്തണമെന്നും ഒരു കമ്പി സന്ദേശം കിട്ടി. ശാമ ബാബയുടെ അനുമതിയോടുകൂടി പോയി നോക്കിയപ്പോൾ അയാളുടെ അമ്മായിഅമ്മക്ക് വളരെ സുഖമായതായി കണ്ടു. നാനാ സാഹിബ് പാൽഷെയും അപ്പാസാഹെബ്ഗദ്രിയും എക്സിബിഷനു പോവുന്ന വഴിക്ക് ശാമയെ കാണുകയും അയാളോട് മിരിക്കാരുടെ വീട്ടിൽപോയി കാക്കാസാഹെബ് ദീക്ഷിത്തിനെകണ്ട് അയാളെയും ഷിർദ്ദിയിലേക്കു കൊണ്ടുപോവാൻ പറയുകയും ചെയ്തു. കാക്കാസാഹെബ് ദീക്ഷിത്തിനെയും മിരിക്കാറെയും ശാമ വന്ന വിവരം അറിയിക്കുകയും ചെയ്തു. വൈകുന്നേരം ശാമ മിരിക്കാറുടെ വീട്ടിൽ ചെന്നപ്പോൾ കാക്കാസാഹെബിനെ പരിചയപ്പെടുത്തികൊടുത്തു. രാത്രി 10 മണിക്കുള്ള വണ്ടിക്ക് കാക്കാസാഹെബിനെയും കൂട്ടി ശാമ കോപ്പർഗാവോണിലേക്ക് പോവാൻ ഏർപ്പാടുചെയ്തു. ഇങ്ങനെ തീരുമാനിച്ചതിൽ പിന്നെ ഒരു പ്രത്യേക സംഭവമുണ്ടായി. ബാലാസാഹെബ് മിരിക്കാർ ബാബയുടെ വലിയെ ഒരു പടത്തിന്റെ മൂടുപടം നീക്കി കാക്കാ സാഹെബിന് കാണിച്ചുകൊടുത്തു. ഇത് കണ്ട് താൻ ദർശത്തിനായി തേടി പോകുന്ന യോഗി വര്യൻ അവിടെതന്നെ ചിത്രരൂപത്തിലുണ്ടെന്ന് കണ്ട് കാക്കാസാഹെബ് വിസ്മയിച്ച് അത്യന്തം സന്തുഷ്ടനായി. പടത്തിന്റെ കാൽക്കൽ നമസ്ക്കരിച്ചു. ഈ പടം മേഘയുടെതായിരുന്നു. അതിന്റെ ചില്ല് പൊട്ടിയതുകൊണ്ട് റിപ്പ

യറിനായി മിരിക്കാറുടെ അടുക്കലേക്ക് അയച്ചതായിരുന്നു. അതിന്റെ റിപ്പയർ കഴിഞ്ഞിരുന്നതിനാൽ ആ പടം കാക്കാസാഹെബിന്റെയും ശാമയുടെയും വശം കൊടുത്തയ്ക്കാമെന്ന് തീരുമാനിച്ചു.

10 മണിക്ക് മുമ്പായി അവർ സ്റ്റേഷനിലേയ്ക്ക് പോയി ടിക്കറ്റ് ബുക്ക്ചെയ്തു. വണ്ടി വന്നപ്പോൾ രണ്ടാംക്ലാസ് നിറഞ്ഞുകഴിഞ്ഞതിനാൽ സീറ്റുണ്ടായിരുന്നില്ല. ഭാഗ്യവശാൽ വണ്ടിയുടെ ഗാർഡ്, കാക്കാസാഹെബിന്റെ പരിചയക്കാരനായിരുന്നതിനാൽ അവരെ ഫസ്റ്റ്ക്ളാസിൽ കൊണ്ടുപോയ് ഇരുത്തി. അങ്ങനെ അവർ സുഖമായി യാത്രചെയ്ത് കോപ്പർ ഗാവോണിലിറങ്ങി. അവിടെ വെച്ച് നാനാസാഹെബ് ചന്ദോർക്കറും ഷിർദ്ദിക്കുപോകുന്നതുകണ്ടപ്പോൾ അവർക്ക് അത്യധികം സന്തോഷമായി. കാക്കാസാഹെബും നാനാസാഹെബും അന്യോന്യം കെട്ടിപ്പിടിച്ചു. എന്നിട്ട് ഗോദാവരിയിൽ കുളിച്ച് ഷിർദ്ദിയിലേക്ക് പുറപ്പെട്ടു. അവിടെ എത്തി ബാബയെ ദർശനം ചെയ്തപ്പോൾ കാക്കാസാഹെബിന് മനസ്സുരുകി, കണ്ണുകൾ നിറഞ്ഞ് സീമാതീതമായ ആനന്ദം അനുഭവപ്പെട്ടു. ബാബ അയാളോട്, താൻ കാത്തിരിക്കുകയായിരുന്നു എന്ന് അതുകൊണ്ടാണ് ശാമയെ മുന്നിൽ അയച്ചതെന്നും പറഞ്ഞു.

കാക്കാസാഹെബ് പിന്നീട് വളരെ വർഷങ്ങൾ ബാബയോടുകൂടെ സന്തോഷമായി അവിടെ കഴിച്ചു. അയാൾ ഷിർദ്ദിയിൽ ഒരു വാഡയുണ്ടാക്കി. അവിടെ സ്ഥിരതാമസമാക്കി. അയാൾക്ക് ബാബയിൽ നിന്നുണ്ടായ അനുഭവങ്ങൾ അനവധിയാണ്. അവയിവിടെ പ്രസ്താവിക്കാൻ സാധ്യമല്ലാത്തത്ര അധികമുണ്ട്. ഈ ആഖ്യായിക ഒരു കാര്യവും കൂടി പറഞ്ഞ് അവസാനിപ്പിക്കാം.

ബാബ അയാളെ ആശ്വസിപ്പിച്ച് പറഞ്ഞു “അവസാനം ഞാൻ നിന്നെ ബലൂണിൽ കൊണ്ടുപോകും”. ഇത് സംഭവിച്ചു. 1926 ജൂലായ് 5ന് അയാൾ ഹേമദ്പാന്തിനോടുകൂടി തീവണ്ടിയിൽ സഞ്ചരിക്കുകയായിരുന്നു. അവർ സായിബാബയെപറ്റി സംസാരിക്കുകയായിരുന്നു. പെട്ടെന്ന് അയാൾ ഹേമന്ത്പാന്തിന്റെ ചുമലിലേക്ക് ചാഞ്ഞ് യാതൊരു വിഷമവും വേദനയും കൂടാതെ അന്ത്യശ്വാസം വലിച്ചു.

**ശ്രീ തെമ്പായി സ്വാമി**

യോഗീശ്വരന്മാർ അന്യോന്യം എങ്ങനെ സ്നേഹിക്കുന്നു എന്നുദാഹരിക്കുന്ന ഒരു കഥപറയാം. ശ്രീ വാസുദേവാനന്ദസരസ്വതി എന്ന തെമ്പായി സ്വാമി, ഗോദാവരീതീരത്തിൽ രാജമന്ദ്രിയിൽ താമസമാക്കി. അദ്ദേഹം ഭക്തനും, യാഥാസ്ഥികനും, ജ്ഞാനിയും, യോഗിയും, ദത്താത്രേയന്റെ ഭക്തനുമായിരുന്നു. ഒരിക്കൽ നാൻഡെഡിലെ വക്കീലായ പുണ്ഡലീക്റാവ് അദ്ദേഹത്തെ ചില സുഹൃത്തുക്കളോടുകൂടി സന്ദർശിച്ചു. അവർ സംസാരിച്ചുകൊണ്ടിരിക്കെ ഷിർദ്ദിയെപറ്റിയും ബാബയെപറ്റിയും പറയാൻ ഇടയായി. ബാബയുടെ പേരുകേട്ടപ്പോൾ സ്വാമി കൈകൂപ്പി ഒരു തേങ്ങയെടുത്ത് പുണ്ഡലീക്റാവുവിന് കൊടുത്തുപറഞ്ഞു. “ഇത് എന്റെ പ്രണാമത്തോടുകൂടി എന്റെ സഹോദരൻ സായിക്കുകൊടുത്ത് എന്നെ മറക്കരുതെന്നും എപ്പോഴും എന്നെ സ്നേഹിക്കണമെന്നും പറയുക”. സ്വാമിമാർ അന്യോന്യം പ്രണമിക്കാറില്ലെങ്കിലും ഇക്കാര്യത്തിൽ അത് ഒരു അപവാദമായി കണക്കാക്കണമെന്നും അതാണ് താൻ നമസ്ക്കരിക്കുന്നതെന്നും പറഞ്ഞു. പുണ്ഡലിക്റാവു നാളികേരവും സന്ദേശവും ബാബക്ക് കൊടുക്കാമെന്നേറ്റു. സ്വാമിയും ബാബയും അഗ്നിയെ രാവുപകൽ കത്തിച്ചിരുന്നതിനാൽ ഇരു

വരും അഗ്നിഹോത്രികളായിരുന്നു. അക്കാരണത്താൽ സഹോദ രൻ എന്ന് സ്വാമി അഭിസംബോധന ചെയ്തത് സമുചിതമായി രുന്നു.

ഒരു മാസത്തിനുശേഷം പുണ്ഡലീക്റാവുവും മറ്റും ഷിർദ്ദിയിലേക്ക് പുറപ്പെട്ടു. നാളികേരവു കയ്യിലെടുത്തു. മന്മാ ഡിലെത്തിയപ്പോൾ ദാഹം തോന്നി പുഴക്കരയിലേക്ക് വെള്ളം കുടിക്കാൻ പോയി. വെറും വയിറ്റിൽ വെള്ളംകുടിക്കാൻ പാടി ല്ലാത്തതുകൊണ്ട് അവർ കുറച്ച് എരിവുള്ള ചീഡയെടുത്ത്. ചീഡക്ക് എരിവ് ജാസ്തിയായിരുന്നതിനാൽ ആരോ നാളി കേരം ചിരവിചേർത്താൽമതി എന്നു പറഞ്ഞു. സ്വാമികൊടുത്ത നാളി കേരം പൊട്ടിച്ച് വരണ്ടിചേർത്ത് എല്ലാവരും കഴിച്ചു. പുണ്ഡലീ ക്റാവുവും ഇതറിഞ്ഞതുമില്ല. ഷിർദ്ദിക്കടുത്തെത്തിയപ്പോൾ പുണ്ഡലീക്റാവു നാളികേരത്തെപറ്റി ഓർമ്മിച്ച്അന്വേഷിച്ചതിൽ അതാണ് ഉടച്ചുതിന്നതെന്നറിഞ്ഞ് വളരെ ദുഃഖിച്ചു. പേടിച്ച് വിറച്ചുകൊണ്ട് അയാൾ ബാബയെ ദർശിച്ചു. ചെമ്പൈസ്വാമി നാളികേരം അയച്ചവിവരം ബാബക്ക് കമ്പിയില്ലാകമ്പിപോലെ കിട്ടിയിരുന്നു. ബാബ പുണ്ഡലീക്റാവുവിനോട് തന്റെ സഹോ ദരൻ അയച്ച സാധനം തരാൻ ആവശ്യപ്പെട്ടു. അയാൾ ബാബ യുടെ കാലുപിടിച്ചു മാപ്പ് അപേക്ഷിച്ച് അനാസ്ഥ പൊറുക്കാനും മറ്റൊരു തേങ്ങ പകരം സ്വീകരിക്കാനും അപേക്ഷിച്ച് പശ്ചാത്ത പിച്ചു. ബാബ നാളികേരത്തിന്റെ മാഹാത്മ്യം വളരെ ആണെന്നും എത്ര ഇരട്ടി തേങ്ങകൊടുത്താലും അതിനും സമാനമാവില്ലെന്നും പറഞ്ഞു. പകരം വേറെ നാളികേരം വേണ്ടെന്നുപറഞ്ഞു. ബാബ ഇങ്ങനെ കൂട്ടിചേർത്തു. “ഇനി നീ ആ കാര്യത്തെപെറ്റി കുണ്ഡി തപ്പെടേണ്ട. എന്റെ കൽപ്പനപ്രകാരമാണ് നാളികേരം നിന്നെ ഏൽപ്പിച്ചതും. വഴിയിൽവെച്ച് ഉടച്ചതും. നീ എന്തിനാണ്

അതിന്റെ കർത്തൃത്വം ഏറ്റെടുക്കുന്നത്? നല്ലതും ചീത്തയുമായ പ്രവൃത്തികൾ ചെയ്യുന്നതിൽ കർത്തൃത്വം ഏറ്റെടുക്കരുത്. എല്ലാ കാര്യത്തിലും അഹംഭാവവും, ഗർവും ഇല്ലാതിരിക്കണം. എന്നാലെ ആദ്ധ്യാത്മിക പുരോഗമനം ത്വരിതപ്പെടുകയുള്ള" എന്തൊരു  സുന്ദരമായ ആദ്ധ്യാത്മിക ഉപദേശമാണ് ബാബ നൽകിയത്!.

## ബാലറാം ധുരന്ധർ (1878–1925)

ബാലറാം ധുരന്ധർ ബോംബെയിലെ സേൻട്രാക്രൂസിലുള്ള പത്തറിപ്രഭുവർഗ്ഗത്തിൽ പെട്ട ആളാണ്. അയാൾ ബോംബെ ഹൈക്കോടതിയിലെ അഡ്വക്കറ്റും കുറച്ചുകാലം ബോംബയിലെ ലോ സ്ക്കൂളിലെ പ്രിൻസിപ്പാളുമായിരുന്നു. ധുരന്ധർ കുടുംബം ഒന്നടക്കം ഭക്തൻമാരും മതവിശ്വാസികളുമായിരുന്നു. ബാലറാം അയാളുടെ വർഗ്ഗത്തേ സേവിക്കുകയും അതിനെ പറ്റി ഒരു ചരിത്ര പുസ്തകം എഴുതുകയും ചെയ്തു. പിന്നീട് അയാൾ ആധ്യാത്മികവും മതപരവുമായ കാര്യങ്ങളിൽ ശ്രദ്ധപതിപ്പിച്ചു. ഗീതയും അതിന്റെ വ്യാഖ്യാനമായ ജ്ഞാനേശ്വരിയും മറ്റു പുണ്യ ഗ്രന്ഥങ്ങളും ശ്രദ്ധാപൂർവ്വം വായിച്ചു. അയാൾ പന്ധർപൂരിലെ വിറ്റോബയുടെ ഭക്തനായിരുന്നു. 1912 ൽ അയാൾ സായിബാബ യുമായി സമ്പർക്കത്തിലായി അതിന്റെ ആറ് മാസങ്ങൾക്കുമുൻപ് അയാളുടെ സഹോദരൻമാരായ ബാബുൾജിയും വാമൻറാവുവും ഷിർദ്ദിയിൽ ബാബയെ ദർശനം ചെയ്തിരുന്നു. അവർ വീട്ടിൽ ചെന്ന് ബാലറാമിനോടും മറ്റും വീട്ടുകാരോടും അവരുടെ മധു രാനുഭവങ്ങളെപറ്റി പറഞ്ഞു. അങ്ങനെ അവർ എല്ലാവരും ബാബയെ കാണാൻ തീർച്ചപ്പെടുത്തി. അവർ ഷിർദ്ദിയിൽ എത്തു ന്നതിനുമുൻപ് തന്നെ ബാബ പരസ്യമായി പ്രഖ്യാപിച്ച " ഇന്നു വളരെ അധികം പേർ എന്റെ ദർബാറിലേക്ക് വരുന്നുണ്ട്". ധുര

ന്ധർ സഹോദരന്മാർ ബാബ ഇങ്ങനെ പറഞ്ഞവിവരം മറ്റുള്ളവരിൽനിന്ന് അറിഞ്ഞു വിസ്മിതരായി. അവർ യാതൊരു വിവരവും മുൻകൂട്ടി അറിയിച്ചിരുന്നില്ല. മറ്റുജനങ്ങൾ ബാബയെ പ്രണമിച്ച് അവിടെ ഇരുന്നു. ബാബ അവരോട് "ഞാൻ മുൻപ് പഞ്ഞ ദർബാറുകാരാണ് ഇവർ" എന്നുപറഞ്ഞു. ധുരന്ധർ സഹോദരന്മാരോടായി "നാം കഴിഞ്ഞ 60 ജന്മങ്ങളിൽ സുപരിചിതരാണ്" എന്നു പറഞ്ഞു. എല്ലാ സഹോദരന്മാരും ഭക്തൻമാരും വിനീതരുമായിരുന്നു. അവർ ബാബയുടെ പാദങ്ങളിൽ നോക്കി കൈകൂപ്പിനിന്നു. അവർ ആനന്ദാശ്രുപൊഴിച്ച് തൊണ്ട ഇടറിക്കൊണ്ട് സന്തുഷ്ടരായിട്ടാണ് നിന്നത്. ഈ വക സാത്വീകവികാരങ്ങൾ ഭക്തിലക്ഷണമാണ്. പിന്നീട് അവർ ലോഡ്ജിലേക്ക് പോയി ഭക്ഷണം കഴിച്ച് കുറച്ച് വിശ്രമിച്ച് വീണ്ടു മസ്ജിദ്ദിലേക്ക് വന്നു. ബാലാറാം, ബാബയുടെ അടുക്കൽ കാൽ തലോടിക്കൊടുത്തിരുന്നു. ബാബ താൻ വലിക്കുന്ന ചിലിം കൊടുത്ത് വലിക്കാൻ പറഞ്ഞു. ബാലറാം പുകവലിക്കാറില്ലെങ്കിലും അത് സ്വീകരിച്ച് പ്രയാസപ്പെട്ട് പുകവലിച്ച് ബഹുമാനപുരസ്സരം മടക്കികൊടുത്ത് നമസ്ക്കരിച്ചു. ഇത് ബാലറാമിന്റെ ഏറ്റവും മംഗളകരമായ മുഹൂർത്തമായിരുന്നു. അയാൾക്ക 6 കൊല്ലങ്ങളോളമായി കാസരോഗമായിരുന്നു. ഈ പുക ആ സുഖക്കേട് എന്നന്നേക്കുമായി സുഖപ്പെടുത്തി. 6 കൊല്ലം കഴിഞ്ഞ് ഒരിക്കൽ ഒരുദിവസം മാത്രം അയാൾക്ക് വീണ്ടും കാസരോഗമുണ്ടായി അത് ബാബയുടെ മഹാസമാധിദിവസം അതേസമയത്തായിരുന്നു.

അവർ വന്നത് ഒരു വ്യാഴാഴ്ച ആയിരുന്നതിനാൽ ധുരന്ധർ സഹോദരന്മാർക്ക് ചാവടി എഴുന്നെള്ളത്ത് അന്നുരാത്രിയിൽ കാണാനുള്ള ഭാഗ്യവും സിദ്ധിച്ചു. ചാവടിയിൽ ആരതി നടക്കുമ്പോൾ ബാലാറാം, ബാബയുടെ മുഖത്ത് പാണ്ഡുരങ്കന്റെ





പ്രഭ വ്യക്താമായി കണ്ടു. പിറ്റേന്ന് കാലത്ത് കാക്കഡ് ആരതി സമയത്തും, അതേ പ്രഭ, അതേ പാണ്ഡുരങ്കന്റെ ഭാവം വീണ്ടും അയാൾ ബാബയുടെ മുഖത്ത് കണ്ടു.

ബാലാറാം മറാത്തിയിൽ മഹാരാഷ്ട്രത്തിലെ യോഗിയായ തുക്കാറാമിന്റെ ജിവ ചരിത്രം എഴുതിയിരുന്നു. പക്ഷെ അതിന്റെ പ്രസിദ്ധീകരണം കാണുവാൻ അയാൾ ജീവിച്ചിരുന്നില്ല. 1928ൽ ആണ് അത് അയാളുടെ സഹോദരന്മാർ പ്രസിദ്ധീകരിച്ചത്. ആ പുസ്തകത്തിന്റെ മുഖവുരയിൽ ബാലറാം ബാബയെ സന്ദർശിച്ച ഒരു ചുരുക്കവിവരം ചേർത്തിയിട്ടുണ്ട്.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!

# ഉപസംഹാരം

നാം 51-ാം അദ്ധ്യായവും എഴുതികഴിഞ്ഞു. ഇനി നമുക്ക് അവസാനത്തെ അദ്ധ്യായത്തിലേക്ക് പ്രവേശിക്കാം. ഇതിൽ ഹേമദ്പാന്ത് ഒരു ഉപസംഹാരം ആഖ്യായികയും ഒരു കാവ്യരൂപത്തിലുള്ള സൂചികയും കൊടുക്കുന്നുണ്ടെന്നു പറയുന്നു. അങ്ങനെ മറാത്തി ഗ്രന്ഥങ്ങളിൽ സാധാരണ പതിവുള്ളതാണ്. പക്ഷെ നിർഭാഗ്യവശാൽ വിഷയസൂചിക ഹേമദ്പാന്തിന്റെ കടലാസ്സുകളിൽ കാണാനില്ലായിരുന്നു. അതുകൊണ്ട് ആ ഭാഗം താനെയിലെ മംലത്ത്ദാറും ബാബയുടെ വലിയ ഭക്തനുമായിരുന്ന ബി. വി. ദേവ് രചിച്ച് കൂട്ടിച്ചേർത്തു. നാം ഗ്രന്ഥത്തിൽ തുടക്കത്തിൽ തന്നെ ഒരു ഉള്ളടക്കപട്ടികയും ഓരോ അദ്ധ്യായത്തിന്റെ തുടക്കത്തിലും വിഷയസൂചികയും കൊടുക്കുന്നതുകൊണ്ട് വിഷയസൂചികയുടെ അദ്ധ്യായം ഇവിടെ പരിഗണിക്കേണ്ടതില്ലാത്തതിനാൽ ചേർക്കുന്നില്ല. അതുകൊണ്ട് അവസാനത്തെ അദ്ധ്യായത്തെ നമുക്ക് ഉപസംഹാരമായി പരിഗണിക്കാം. ഈ അദ്ധ്യായത്തിന്റെ കയ്യെഴുത്തുപ്രതി പരിശോധിച്ച് പ്രസ്സിൽ കൊടുക്കാൻ നിർഭാഗ്യവശാൽ ഹേമദ്പാന്ത് ജീവിച്ചിരിപ്പില്ലായിരുന്നു. അത് പ്രസ്സിലേക്കയച്ചപ്പോൾ മിസ്റ്റർ ദേവ് അപൂർണ്ണവും മനസ്സിലാവാൻ പ്രയാസമുള്ളതുമായ ചിലഭാഗങ്ങൾ കണ്ടുവെങ്കിലും അത് അങ്ങനെതന്നെ പ്രസിദ്ധപ്പെടുത്തേണ്ടി വന്നു. പ്രധാന വിഷയങ്ങൾ പ്രതിപാദിക്കപ്പെട്ടത് താഴെ ചുരുക്കത്തിൽ കൊടുക്കുന്നു.

## സദ്ഗുരുസായിയുടെ മാഹാത്മ്യം

സകല ചരാചരങ്ങളിലും വ്യാപൃതനായും വിശ്വരൂപിയായും, ബ്രഹ്മാവിനും തൃണങ്ങൾക്കും പാത്രങ്ങൾക്കും, വീടുകൾക്കും, മണിമാളികകൾക്കും, ആകാശത്തിനും എല്ലാം തന്നെ അവലംബമായും യാതൊരു പക്ഷഭേദവും കൂടാതെ സകല ജീവികളിലും വ്യാപൃതനായും

എല്ലാ ഭക്തന്മാരെയും ഒരുപോലെ വീക്ഷിച്ചും, പ്രശംസയും അധിക്ഷേപവും സ്നേഹവും വെറുപ്പും ഒരുപോലെ കണക്കാക്കിയും, വാണരുളുന്ന സായി സമർത്ഥിനെ നാം സാഷ്ടാംഗം പ്രണാമം ചെയ്ത് അഭയകേന്ദ്രമാക്കുക. നാം സായിബാബയെ സ്മരിച്ച് ആത്മാർപ്പണം ചെയ്താൽ സായിബാബ നമ്മുടെ ഇംഗിതങ്ങളെല്ലാം നിറവേറ്റി നമ്മെ ജീവിതലക്ഷ്യം പ്രാപിക്കാൻ കെല്പുള്ളവരാക്കുന്നു.

സംസാരസാഗരം ദുസ്തരമാണ്. മോഹങ്ങളുടെ അല, ദുർവിചാരങ്ങളുടെ തീരത്ത്, ആഞ്ഞടിച്ച് ധൈര്യമാകുന്ന വൃക്ഷങ്ങളെ പുഴക്കിവീഴ്ത്തുന്നു. അഹംഭാവത്തിന്റെ കാറ്റ് ആഞ്ഞടിച്ച് സാഗരത്തെ, കോളിളക്കവും ഭീകരത്വവു മുള്ളതാക്കുന്നു. കോപത്തിന്റെയും, വിദ്വേഷത്തിന്റെയും രൂപത്തിലുള്ള മുതലകൾ അവിടെ സ്വച്ഛന്ദം വിഹരിക്കുകയാണ്. 'ഞാൻ, എന്റെ' എന്നീ ഭാവങ്ങളിലുള്ള ചുഴലിക്കാറ്റ് അവിടെ അനവരതം അടിച്ചുകൊണ്ടിരിക്കുകയാണ്. നിയന്ത്രണം, വിദ്വേഷം, അസൂയ, എന്നീ രൂപങ്ങളിലുള്ള അസംഖ്യം മത്സ്യങ്ങൾ അവിടെ കളിയാടുന്നു. ഈ സമുദ്രം അത്ര മാത്രം ഭയാനകവും ഭീഭത്സവുമാണെങ്കിലും സദ്ഗുരുസായി അവിടെ അതിന്റെ അഗസ്ത്യനായിട്ടുണ്ട് (അഗസ്ത്യൻ സമുദ്രം കുടിച്ച് വറ്റിച്ചു). അതുകൊണ്ട് സായിഭക്തന്മാർക്ക് അതിനെ ഭയപ്പെടേണ്ടതില്ല. നമ്മുടെ സദ്ഗുരു, ഈ ദുസ്തരമായ ഭവസാഗരം കടത്തിവിടാനുള്ള നൗകയാണ്.

### പ്രാർത്ഥന

നമുക്ക് ബാബയുടെ മുന്നിൽ കമിഴ്ന്നടിച്ചു വീണ് ബാബയുടെ പാദങ്ങൾ പിടിച്ച് ലോകനന്മക്കായി ഇങ്ങനെ പ്രാർത്ഥിക്കാം 'ഞങ്ങളുടെ മനസ്സ് അലഞ്ഞ് തിരിയാതെ നിന്ന്, അവിടുത്തെയല്ലാതെ മറ്റൊന്നും കാംക്ഷിക്കാതിരിക്കട്ടെ. ഈ സച്ചരിതം എല്ലാ വീടുകളിലും ഉണ്ടായി അതിനെ

നിത്യപാരായണം ചെയ്യട്ടെ. ഇത് മുടങ്ങാതെ വായിക്കുന്നവരുടെ ദുരിതങ്ങൾ അവസാനിക്കട്ടെ.

## ഫലശ്രുതി

ഈ പുസ്തകം വായിച്ചാലത്തെ ഫലത്തെപറ്റി കുറച്ചു പറയട്ടെ. ഗോദാവരിയിൽ സ്നാനം ചെയ്ത്, ഷിർദ്ദിയിൽ സമാധിമന്ദിരത്തിൽ ചെന്ന് സമാധി ദർശിച്ച്, സായിസച്ചരിതം വായിക്കുകയോ വായിക്കുന്നത് കേൾക്കുകയോ ചെയ്യുക. നിങ്ങളങ്ങനെ ചെയ്താൽ നിങ്ങളുടെ ത്രിഗുണിത പാപങ്ങളും തീരും. സായിയുടെ കഥകൾ യദൃച്ഛയാ സ്മരിച്ചാൽ പോലും നിങ്ങൾക്ക് നിങ്ങളറിയാതെതന്നെ ആദ്ധ്യാത്മികജീവിതത്തിൽ താല്പര്യം വന്നുചേരും. എന്നിട്ട് നിങ്ങൾ ഭക്തിയോടുകൂടി ഈ ഗ്രന്ഥം വായിച്ചാൽ നിങ്ങളുടെ സമസ്തപാപങ്ങളും ഒടുങ്ങും. നിങ്ങൾക്ക് ജനനമരണാദികൾ അവസാനിപ്പിക്കണമെങ്കിൽ സായിയുടെ കഥകൾ വായിച്ച്, ബാബയെ സദാ സ്മരിച്ച് ബാബ യുടെ പാദങ്ങളിൽ ബന്ധനരാകുവിൻ. നിങ്ങൾ സായികഥാ സാഗരത്തിൽ ആഴത്തിൽ മുങ്ങി മറ്റുള്ളവർക്ക് അവ പ്രദാനം ചെയ്താൽ നിങ്ങൾക്ക് എന്നും പുതിയ പുതിയ അനുഭൂതി കളുണ്ടാവുന്നതും അവ ശ്രദ്ധിക്കുന്നവരെ നരകത്തിൽ നിന്ന് രക്ഷിക്കാൻ കഴിയുന്നതുമാണ്. നിങ്ങൾ സായിയുടെ രൂപത്തിൽ ധ്യാനിച്ചുകൊണ്ടിരുന്നാൽ ക്രമേണ ആ രൂപം ആ മനസ്സിൽനിന്ന് മാഞ്ഞ് നിങ്ങളെ ബ്രഹ്മജ്ഞാന ത്തിലേക്ക് നയിച്ചുകൊള്ളും. ബ്രഹ്മത്തെയും ആത്മനേയും പറ്റി ബോധവാനാകുന്നത് വളരെ വിഷമം പിടിച്ച കാര്യമാണ്. നിങ്ങൾ സഗുണ ബ്രഹ്മത്തെ സായി രൂപത്തിൽ ധ്യാനിച്ചാൽ അത് എളുപ്പമാണ്. ഭക്തൻ പൂർണ്ണമായി തന്നത്താൻ ബാബക്ക് അടിയറ വെച്ചാൽ അവന്റെ വ്യക്തിത്വം തിരോധനം ചെയ്ത് ബാബയിൽ, നദി സമുദ്രത്തിലെന്നപോലെ വിലയിച്ച്, ബാബയുമായി ഐക്യം പ്രാപിക്കും. നിങ്ങൾ ജാഗ്രത്തിലോ, സ്വപ്നത്തിലോ, സുഷുപ്തിയിലോ അങ്ങനെ ബാബയോട് ലയിച്ചാൽ നിങ്ങൾക്കു സംസാരബന്ധം

ഇല്ലാതാവുന്നു. യാതൊരുവൻ സ്നാനശേഷ ഈ സച്ചരിതം പ്രേമത്തോടും ഭക്തിയോടും കൂടി വായിച്ച് ഒരാഴ്ചകൊണ്ട് പൂർത്തിയാക്കുന്നുവോ അവന്റെ സകല ദുരിതങ്ങളും അവസാനിക്കും. മറിച്ച് ഈ പുസ്തകം നിത്യപാരായണം ചെയ്യുകയോ പാരായണം ചെയ്യുന്നത് നിത്യവും ശ്രദ്ധിച്ച് കേൾക്കുകയോ ചെയ്താൽ അയാൾക്ക് യാതൊരപകടവും സംഭവിക്കുന്നതല്ല. ഇത് വായിച്ചുകൊണ്ട് ഒരാൾ ധനത്തിനാഗ്രഹിച്ചാൽ അയാൾക്ക് ധനം ലഭിക്കും.വ്യാപാരികൾ വിജയം കൈവരിക്കാം. ഓരോരുത്തർക്കും അവരവരുടെ ഭക്തി വിശ്വാസങ്ങൾക്കനുസരിച്ച് ഫലം കിട്ടും. ഇതുകളെ കൂടാതെ മറ്റൊരു തരത്തിലുള്ള അനുഭവങ്ങളും ഉണ്ടാവാനില്ല. ബഹുമാനപുരസ്സരം ഇതുവായിച്ചാൽ, സായി പ്രസാദിച്ച് നിങ്ങളുടെ അജ്ഞാനവും ദാരിദ്ര്യവും ഇലായ്മചെയ്ത് ജ്ഞാനവും ധനവും സമൃദ്ധിയും പ്രദാനം ചെയ്യും. ശ്രദ്ധയോടു കൂടി ദിവസം പ്രതി ഓരോ അദ്ധ്യായം വീതം വായിച്ചാൽ, അത് സീമാതീതമായ ആനന്ദം പ്രദാനം ചെയ്യും. അവനവന്റെ നേട്ടത്തെ കാംക്ഷിക്കുന്നവൻ ഇത് ശ്രദ്ധാപൂർവ്വം വായിച്ചാൽ സായിസ്മരണ സകലജന്മങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കും. ഈ പുസ്തകം വീട്ടിൽവെച്ച് പ്രത്യേകിച്ചും ഗുരുപൗർണ്ണമി, ഗോകുലാഷ്ടമി, രാമനവമി, ദസറ എന്നീ അവസരങ്ങളിൽ വായിക്കണം. ഈ ഒരേ ഒരു ഗ്രന്ഥം മാത്രം പാരായണം ചെയ്താൽ നിങ്ങളുടെ എല്ലാ ആഗ്രഹങ്ങളും സാധിക്കുന്നതും, നിങ്ങൾ സദാസായിപാദങ്ങളെ സ്മരിച്ചാൽ ഭവസാഗരം എളുപ്പത്തിൽ തരണം ചെയ്യാൻ കഴിയുന്നതുമാണ്. ഇത് വായിച്ചുകൊണ്ടിരുന്നാൽ രോഗാതുരൻ ആരോഗ്യവനാവുകയും ദരിദ്രൻ ധനികനാവുകയും കഷ്ടതയുള്ളവന് സമൃദ്ധി ലഭിക്കുകയും മനസ്സിലെ ദുർവാസനകൾ നശിച്ച് സ്ഥിരത ലഭിക്കുകയും ചെയ്യും.

പ്രിയപ്പെട്ടവരും നല്ലവരുമായ വായനക്കാരെ, ശ്രോതാക്കളെ! ഞങ്ങൾ നിങ്ങളെയും വണങ്ങി ഒരു പ്രത്യേക

അപേക്ഷ അറിയിക്കട്ടെ നിങ്ങൾ ആരുടെ കഥ, ദിനം പ്രതിയും, മാസം പ്രതിയും വായിക്കുന്നുവോ, ആ ദേവനെ ഒരിക്കലും വിസ്മരിക്കാതിരിക്കുവിൻ. എത്രമാത്രം ഔൽസുക്യത്തോടുകൂടി നിങ്ങൾ വായിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുന്നുവോ അത്രമാത്ര ഔൽസുക്യം സായിബാബ നിങ്ങൾക്ക് സേവനം ചെയ്യുന്നതിലും നിങ്ങളെ സഹായിക്കുന്നതിലും കാണിക്കുന്നു. ഗ്രന്ഥകർത്താവും വായനക്കാരും ഈ ഉദ്യമത്തിൽ സഹകരിച്ച് അന്യോന്യം സഹായിച്ച് സന്തുഷ്ടരാവട്ടെ.

**പ്രസാദയാചന**

താഴെ വിവരിക്കുന്ന പ്രസാദന സമ്പാദനത്തിനായി ദൈവത്തെ പ്രാർത്ഥിച്ചുകൊണ്ട് ഈ പുസ്തകം ഉപ സംഹരിക്കാം.-വായനക്കാർക്കും ഭക്തന്മാർക്കും പൂർണ്ണവും ഹൃദയംഗമവുമായ ഭക്തി സായിപാദങ്ങളിലുണ്ടാവട്ടെ. ആ ദേവന്റെ രൂപം സദാ ദൃഷ്ടിയിൽ അവർക്കുറച്ചു കിട്ടട്ടെ. അവർ സായിയെ സകലജീവജാലങ്ങളിലും ദർശിക്കട്ടെ. ആമെൻ!

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!

## ആരതി

ഓ സായിബാബ! ജീവന്മാർക്ക് ആനന്ദം പ്രദാനം ചെയ്യുന്ന അവിടുത്തേക്ക് ഞങ്ങൾ ആരതികാണിക്കുന്നു. അവിടുത്തെ ദാസന്മാരും ഭക്തന്മാരുമായ ഞങ്ങൾക്ക് അവിടുത്തെ പാദരേണുക്കളിൽ വിശ്രമം തന്നാലും. ആശകളെ ദഹിപ്പിച്ച്, അവിടുന്ന് ബ്രഹ്മത്തിൽ ലയിച്ച് ഭഗവാനെ അന്വേഷകർക്ക് കാണിച്ചുകൊടുക്കുന്നു. ഓരോരുത്തരുടെ ഭക്തിയുടെ തീഷ്ണത അനുസരിച്ച് അവിടുന്നു അനുഭൂതികളും അനുഭവങ്ങളും പ്രദാനം ചെയ്യുന്നു. കരുണാഹൃദയാ, ഭഗവാന്റെ ശക്തി അത്തരത്തിലുള്ളതാണ് ! അവിടുത്തെ പേരിൽ ധ്യാനിച്ചാൽ സംസാരഭയം അകന്നുപോകുന്നു. അവിടുത്തെ പ്രവർത്തന പദ്ധതി അനിർവർണ്ണനീയമാണ്. അവിടുന്ന് സദാ ദരിദ്രരെയും നിസ്സഹായരേയും സഹായിക്കുന്നു. ഈ കലിയുഗത്തിൽ സർവ്വാന്തർയ്യാമിയായ ദത്തൻ സഗുണ ബ്രഹ്മമായി അവതരിച്ചതാണ്, അവിടുന്ന്, വ്യാഴാഴ്ചതോറും അങ്ങയുടെ അടുക്കൽ വരുന്ന ഭക്തന്മാരുടെ സംസാരഭയം അകറ്റി അവരെ ഭഗവൽപാദങ്ങളെ കാണുമാറാക്കിയാലും. ഹേ ദേവാധി ദേവ! എന്റെ ധനസഞ്ചയം അവിടുത്തെ പാദസേവയായിത്തീരട്ടെ. കാർമേഘം ചാതകപക്ഷിക്ക് ശുദ്ധജലം പാനം ചെയ്യാൻ നൽകുന്നതുപോലെ* മാധവനെയും ആനന്ദത്തെ പാനം ചെയ്യിച്ച് അവിടുത്തെ വാക്കുകൾ പരിപാലിച്ചാലും . ആമേൻ

ശ്രീ സായിയെ നമിക്കുവിൻ – ലോകശാന്തി ഭവിക്കട്ടെ!

## ആരതി (മറാത്തിയിൽ)

ആരതീ സായിബാബ സൗഖ്യദാതാരജീവാ-

ചരണരജതാലിം ദ്യാവാ ദാസാം വിസാംവാ, ഭക്താം

വിസാം വാ (ആരതി)

ജാളുനിയാം അനംഗ-സ്വസരൂപീം രാഹേ ഭംഗ-

മുമുക്ഷുജനാം ഭാവി-നിജഡോളാംശ്രീരംഗ-(ആരതി)

ജയാ മനീംജൈസാഭാവ ദയാതൈസാ അനുഭവ-

ദാവിസി ദയാധനാ-ഐസെ തുഝീഹിമാവ (ആരതി)

തുമ്ചേം നാമധ്യാതാം - ഹരെ സംസൃതിവ്യധാ-

അഗാധ്തവകരണീ-മാർഗ്ഗദാവിസീ അനാഥാ-(ആരതി)

കലിയുഗിം അവതാര-സഗുണപരബ്രഹ്മസാചാര-

അവതീർണ്ണഝാലാസെ-സ്വാമീദത്ത ദിഗംബര്-(ആരതി)

ആഠാം ദിവസാം ഗുരുവാരീം-ഭക്തകരീതിവാരീ-

പ്രഭുപദ് പഹവയാ-ഭവഭയനിവാരീ-(ആരതി)

മാ ഝാ നിജദ്രവ്യഠേവാ-തവ ചരണരജസേവാ

മാഗണേം ഹോചി ആതാം-തുംഹാം ദേവാധിദേവാ-(ആരതി)

ഇച്ഛിതദീന ചാതക് - നിർമ്മല് തോയനിജ സുഖ്-

പാജോവേം മാധവായ - സാംഭള ആപുലീഭാക് - (ആരതി)

സമാപ്തം



# ഷിർദ്ദി സായിറാം സനസ്ഥാൻ

ദക്ഷിണ ഷിർദ്ദി, തിരുവില്വാമല.

---

ഒന്നര നൂറ്റാണ്ടിനുമുമ്പ് അഹമ്മദ് നഗറിൽ ഷിർദ്ദിയിൽ പ്രത്യക്ഷപ്പെട്ട യുവയോഗി ഭാരതത്തിലെ മുഴുവൻ സായി ഭക്തന്മാരുടെയും താങ്ങും തണലുമായിത്തീർന്ന കഥയാണ് ശ്രീ ഷിർദ്ദി സായിബാബയുടേത്. കേരളത്തിൽ സായി ഭക്തന്മാർക്ക് ആശാകേന്ദ്രമായി ആശ്വാസമരുളുന്ന ദക്ഷിണ ഷിർദ്ദിയുടെ കഥയും ഒട്ടും വ്യത്യസ്തമല്ല. ഭക്തന്മാരെ ആനന്ദാമൃതത്തിലാറാടിക്കുന്ന ഷിർദ്ദി സായിബാബയ്ക്ക് കേരളത്തിലും ഒരു ക്ഷേത്രം വേണം എന്ന ആഗ്രഹം ഇതാ തിരുവില്വാമല ശ്രീ വില്വാദ്രിനാഥ ക്ഷേത്രത്തിന്ന് സമീപംതന്നെ സഫലമായിരിക്കുന്നു. തിരുവില്വാമല ക്ഷേത്രത്തിൽ ശ്രീ വിലനാദ്രിനാഥ, ആഞ്ജനേയർ, ശിവശക്തി, ശ്രീ ഗുരുവായൂരപ്പൻ എന്നീ ദേവന്മാരു ടെ എല്ലാ സാന്നിദ്ധ്യവും ഉണ്ടെന്നാണ് വിശ്വാസം. ഈ വിശ്വാസത്തെ ഊട്ടിയുറപ്പിക്കുകയാവാം ശ്രീ കൃഷ്ണ - രാമ - ശിവ - മാരുത്യാദി ശക്തിയുക്തനായ ശ്രീ സായിബാബയുടെ സാന്നിദ്ധ്യവും തൊട്ടടുത്തുള്ള പറക്കോട്ട് കാവിൽ ദേവീ സാന്നിദ്ധ്യവും ഓർമ്മിക്കതക്കതുതന്നെ.

ഇങ്ങനെ ശ്രീ വില്വാദ്രിനാഥ ക്ഷേത്രത്തിലെയും ശ്രീ പറക്കോട്ട് കാവിലെയും ആഘോഷങ്ങളിൽ അവരോടൊപ്പംത്തന്നെ പങ്കുകൊണ്ടും സസ്രീ സായിബാബയും ഭക്തജനങ്ങൾക്കെല്ലാം തന്നെ അഭിവന്ദ്യനായിത്തീർന്നതിൽ ഒട്ടും അതിശയമില്ല. സനാതന സത്യത്തിലേയ്ക്ക് വഴികാണിക്കുന്ന സൽക്കർമ്മങ്ങളുടെ ഫലം എന്നും നശിക്കാതെ നിലനിൽക്കുമെന്നുതന്നെയാണ്. ഈ ക്ഷേത്രം പണിതുയർത്തിയ സ്ഥലം തിരഞ്ഞെടുത്തതിൽ നിന്നും ഊഹിക്കേണ്ടത്. പണ്ടേയ്ക്കു പണ്ടേ വൈദികർമ്മങ്ങൾ നടന്നിരുന്ന സ്ഥലമാണെന്നും രത്നാകര ഭൂമിയാണെന്നുമാണ് പ്രമുഖ ജ്യോത്സ്യമാരുടെ നിഗമനം.

ശ്രീ ഷിർദ്ദി സായിബാബയുടെ അനുഗ്രഹം വേണ്ടത്ര സിദ്ധിച്ചിട്ടുണ്ട് ഈ സ്ഥലത്തിനെന്നതും സ്മരിക്കേണ്ടതുണ്ട്. കുടിവെള്ളത്തിന് നന്നേ കഷ്ടപ്പെടുന്ന തിരുവില്വാമലയിൽ 1988ൽ ഡിസംബർ 22-ന് ദത്താത്രേയ ജയന്തി ദിനത്തിൽ ഈ ക്ഷേത്രത്തിന് തറക്കല്ലിട്ടു. ശ്രീ സായിബാബയുടെ ധുനിയിലെ ഭസ്മം കൊണ്ട് വന്ന് പ്രത്യേക സ്ഥലത്ത് നിക്ഷേപിച്ചു കുഴിച്ച കുഴൽക്കിണർ ഇന്നും ക്ഷേത്രാവശ്യങ്ങൾക്ക് മാത്രമല്ല ചുറ്റുവട്ടത്തുള്ളവർക്കും ആശ്വാസമരുളുന്ന സായിഗംഗയായിത്തന്നെ നിലകൊള്ളുന്നു. തനിക്കും തന്റെ ആശ്രിതർക്കുംവേണ്ടി ഭിക്ഷയെടുത്തുകൊണ്ടിരുന്ന ആ യഥാർത്ഥ ഭിക്ഷുവിന്റെ സാന്നിദ്ധ്യമുള്ള ഈ മന്ദിരത്തിൽ വ്യാഴാഴ്ചതോറും ആയിരകണക്കിൽ ഭക്തജനങ്ങൾക്ക് കൊടുക്കുന്ന അന്നദാനം ആ മഹാത്മാവിന്റെ അനുഗ്രഹത്തിന് മറ്റൊരു ഉദാഹരണമാണ്.

നടത്തിപ്പുകാർ തന്നെ വളരെ അത്ഭുതത്തോടെയാണ് അന്നദാനത്തെക്കുറിച്ച് പറയാറുള്ളത്. മുൻകൂറായിത്തന്നെ ഓരോ ആഴ്ചയ്ക്കും അന്നദാനം നടത്തുവാൻ ഭക്തന്മാർ തയ്യാറാവുന്നു. വേനലും വറുതിയുമറിയാതെ സാധനങ്ങൾ എത്തിച്ചുതരുന്നു. കൊട്ടിഘോഷിക്കാതെ തന്നെ ഭക്തജനങ്ങൾ ധാരാളമായി കൃത്യസമയത്തിന് എത്തുന്നു. ബാബയുടെ അനുഗ്രഹത്തിനു

പാത്രീഭൂതരായി സംതൃപ്തിയോടെ തിരിച്ചുപോകുന്നു. ഞങ്ങൾ വെറും കയ്യാളുകൾ മാത്രം, വരുന്നവർക്കെല്ലാം തൃപ്തി നൽകത്തക്കവണ്ണം ആഴ്ചതോറും നടന്നു വരുന്ന ഈ അന്നദാനം ബാബയുടെ ദിവ്യാനുഗ്രഹങ്ങളിൽ ഒന്നായിതന്നെ കരുതണം.

മഹാരാഷ്ട്രയിലെ ഷിർദ്ദി സായി മന്ദിരത്തിലെ പ്രധാന പൂജാരികൾ ഈ ക്ഷേത്രം സന്ദർശിക്കുകയും ഇവിടുത്തെ ശ്രീ സായി സാന്നിദ്ധ്യത്തെ പ്രത്യേകം കണ്ടറിയുകയും ചെയ്തതിന്റെ ഫലമാണ് ഈ മന്ദിരത്തിന്നു നൽകിയ '**ദക്ഷിണ ഷിർദ്ദി**' എന്ന നാമം. വർഷംതോറും **പ്രതിഷ്ഠാദിനം, രാമനവമി, ഗുരുപൗർണമി,** സമാധിദിനം, വിദ്യാരംഭം തുടങ്ങിയ വിശിഷ്ട ദിനങ്ങളെല്ലാം തന്നെ സമുചിതമായി ആഘോഷിക്കുന്നുണ്ട്. കൂടാതെ ആരോഗ്യ പരിപാലനത്തിന് പലതരം മെഡിക്കൽ പരിശോധനാ ക്യാമ്പുകളും നടത്തുന്നുണ്ട്.

## ജയ ജയ സായിറാം

ഭാരതപുഴയുടെ കുളിർക്കാറ്റേറ്റ് വളരുന്നൊരു ഗ്രാമപ്രദേശം. തോടുകളും പുഴകളുംകൊണ്ട് അതിര് തിരിച്ച് ഒറ്റപ്പെട്ടുകിടന്നിരുന്നൊരു കുന്നിൻ പ്രദേശം. തൃശ്ശൂർ ജില്ലയുടെ നെല്ലറയായെന്നറിയപ്പെടാവുന്നത്ര സമൃദ്ധമായ വയലേലകൾ. ഇന്ന് രാപ്പകൽ ഭേദമില്ലാതെ ചീറിപ്പായുന്ന നാനാതരം വാഹനങ്ങളുടെ കാതടപ്പൻ ശബ്ദം. എങ്ങുനോക്കിയാലും കണ്ണും കരളും കവരുന്ന പ്രകൃതിഭംഗി. പുണ്യപുരാതന മഹാക്ഷേത്രമായ ശ്രീ വില്വാദ്രിനാഥ ക്ഷേത്രത്താൽ പേർ പുകഴുന്ന തിരുവില്വാമലയാണ് ഈ പ്രദേശം.

ഭൂതമലയും, വില്വമലയും, മുരിക്കുന്ന് മറ്റുപല കുന്നുകളും കൈകോർത്ത് കിടക്കുന്നത് ഇവിടെയാണ്. നിളാ നദി താരാട്ട് പാടി ഒഴുകുന്നത് ഇവിടെയാണ്. രാജരാജേന്ദ്ര പ്രതാപനായ ശ്രീ വില്വാദ്രിനാഥ ക്ഷേത്രത്തിൽ നിന്നും ശംഖധ്വനി കേട്ടുണരുന്ന പ്രദേശം. അടുത്തും അകലേയും അറിയപ്പെടുന്ന പറക്കോട്ട്

കാവിൽ വേല അരങ്ങേറുന്നത് ഇവിടെയാണ്. വ്യഴാഴ്ചതോറും ആയിരക്കണക്കിൽ ഭക്തജനങ്ങൾക്ക് അന്നദാനം (പ്രസാദ ഊട്ട്) നടത്തുന്ന ദക്ഷിണ ഷിർദ്ദി. ശ്രീ സായിബാബ മന്ദിരവും ഇവിടെ തന്നെയാണ്. പത്തുകൊല്ലം മുമ്പ് പാകിയ ഈ മന്ദിരം ഇന്ന് പടർന്നു പന്തലിച്ച് ഒരു മഹാ വൃക്ഷമായി വളരുകയാണ്. വ്യഴാഴ്ചകളിൽ തൃശ്ശൂർ, പാലക്കാട്, ഒറ്റപ്പാലം എന്നീ സ്ഥലങ്ങളിൽ നിന്ന് എത്തുന്നവർ മാത്രമല്ല അയൽനാടുകളായ തമിഴ്നാട്, കർണ്ണാടക മുതലായ സ്ഥലങ്ങളിൽ നിന്നും എത്തുന്ന ജനസഹസ്രം നിത്യപൂജകൾക്കുപുറമെ സായി സഹസ്രനാമം, ഭജന, മഹാ അഭിഷേകം, അലങ്കാരപൂജ, ഷിർദ്ദി **'ആരതി'** മുതലായ ചടങ്ങുകൾ നേരിൽകണ്ടാനന്ദിക്കുവാൻ സൗകര്യമുള്ള വിശാലമായ ഹാൾ. പങ്കെടുക്കുന്നവർക്കെല്ലാം ഭക്ഷണത്തിന്നും വിശ്രമത്തിന്നും വേണ്ട സൗകര്യങ്ങൾ എല്ലാം മറന്ന് വില്വമലയുടെ മടിയിൽ വിശ്രമിക്കാവുന്ന ആനന്ദപ്രദമായ അന്തരീക്ഷം. ഇതാണ് ദക്ഷിണ ഷിർദ്ദി സായിബാബ മന്ദിരം.

ഈ ക്ഷേത്രത്തിന്റെ മുറ്റം പൂത്തുലഞ്ഞു നിൽക്കുന്ന ചെടികൾകൊണ്ട് കമനീയമാക്കിയിരിക്കുന്നു. വ്യാളീമുഖം വെച്ചു തീർത്ത പ്രവേശന കവാടം ജീവൻകൊടുത്തു മിഴിവേകിയ ദ്വാരപാലകന്മാർ തമിഴ് ക്ഷേത്രമാതൃകയിൽ അലങ്കരിച്ച മുഖപ്പ്. മുഖപ്പിൽ ആരും കണ്ണുമിഴിച്ചു നിന്നുപോകുന്ന സായിബാബയുടെ പലനിലകളും വ്യക്തമാക്കുന്ന പ്രതിമകൾ ക്ഷേത്രത്തിനകം മാർബിൾ വിരിച്ച നിലം. നാലുപാടും ക്ഷേത്രത്തിനതിരിട്ട് ഗ്രില്ല് വെച്ച മതിൽ അടക്കവും ഒതുക്കവും ഒത്ത ഒരു സുന്ദരദൃശ്യം.

ചുരുക്കത്തിൽ ആരാധകരെ ഭൗതികമായും ആത്മീയമായും ആനന്ദിപ്പിക്കുന്ന ശ്രീ സായിബാബയുടെ അപദാനങ്ങൾ വർണ്ണിച്ചും കേട്ടും ഭക്തിഭരിതരാക്കുന്നു. ശനാഥനമായ അന്തരീക്ഷത്തിലിരുന്ന് ധ്യാനം ചെയ്യുന്നു. ശ്രീ സായിബാബയുടെ അനുഗ്രഹംനേടി സംതൃപ്തിയോടെ തൊഴുത് മടങ്ങുന്നു.

ഈ ക്ഷേത്രത്തിന് ഉചിതമായ ഇന്നത്തെ ചടങ്ങുകൾ

എല്ലാം തന്നെ കൂടുതൽ ആഡംബരപൂർണ്ണമായി തടസ്സംകൂടാതെ തുടരുവാൻ ഭക്തജനങ്ങളുടെ സഹായസഹകരണങ്ങൾ ഉണ്ടാകുവാൻ ശ്രീ സായിബാബ അനുഗ്രഹിക്കട്ടെ....



കൈലാസത്തിന്റെ ഒരു സാറ്റലൈറ്റ് ചിത്രം

ഓം സായി ശ്രീ സായി ജയ ജയ സായി

# ശ്രീ സായിനാഥ് സ്തവന മഞ്ജരി

ഓം ശ്രീ സായിനാഥായ നമഃ

ശ്രീ സായിബാബയുടെ നാമം ജനകീയമാക്കുന്നതിന് സ്തുത്യർഹമായ പങ്കാണ് ദാസ്ഗനുമാഹാരാജ് വഹിച്ചിട്ടുള്ള ത്. ഹരികഥാ പ്രസംഗനായിരുന്ന ദാസ്ഗനു ഭഗവൽ ലീലകൾ പ്രതിപാദിക്കുന്നത് കേട്ട് എത്രയോ പേർ ഷിർദ്ദിയിൽ വന്നിട്ടു ണ്ട്. മറാത്തി സാഹിത്യത്തിനും ബാബയെ സുപരിചിതമാക്കുന്ന ആദ്യകാല കൃതികളും ദാസ് ഗനുവിന്റെതാണ്. ബാബയെപ്പറ്റി നിരവധി കവിതകൾ അദ്ദേഹം രചിച്ചിട്ടുണ്ട്. സായി സച്ചരിത ത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്. "...ശകവർഷം 1800–ാം മാണ്ടിൽ ദാസ്ഗനുവിന്റെ സേവനങ്ങളെ സ്വീകരിക്കപ്പെട്ടു. അദ്ദേഹം എഴുതിയ നാലു പുസ്തകങ്ങളാണ് ഭക്തവിജയം, സന്ത വിജയം, ഭക്ത ലീലാമൃത്, സന്തകഥാമൃത് എന്നിവ. ഇവയിൽ ആധുനിക ഋഷിമാരുടെ ജീവചരിത്രങ്ങളാണ് പ്രതിപാദിച്ചി ട്ടുള്ളത്. ഭക്തലീലാമൃതിന്റെ 31,32,33 അധ്യായങ്ങളിലും സന്ത കഥാമൃതിന്റെ 57–ാം അദ്ധ്യായത്തിലും സായിബാബയുടെ മാധു ര്യമാർന്ന ജീവിതരീതിയും സന്ദേശങ്ങളും വിശദമായി പ്രതിപാ ദിച്ചുണ്ട്. ഇവ സായിലീലാ മാസികയിൽ 17–ാം വാള്യം 11, 12 പതിപ്പുകളിൽ പ്രത്യേകമായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ഭഗവാൻ ബാബയുടെ അത്ഭുത സിദ്ധികൾ നേരിട്ട് അനു ഭവിച്ച് ആസ്വദിക്കാൻ കഴിഞ്ഞ സൗഭാഗ്യവാൻമാരിലൊരാളാണ് ദാസ്ഗനു മഹാരാജ്. "ഗംഗായമുനാ സംഗമ സ്ഥാനമായ പ്രയാ ഗിലെ സ്നാനം വളരെ പുണ്യവത്താണെന്നതിനാൽ...ദാസ്ഗ നുവിനും പ്രയാഗ സ്നാനത്തിനു പോകണമെന്നുതോന്നി. ബാബയോട് അനുമതി ചോദിക്കാൻ വന്നു. ബാബ ഇപ്രകാരം മറുപടി പറഞ്ഞു; "അത്ര ദൂരെക്കൊന്നും പോകേണ്ടതില്ല. നമ്മുടെ പ്രയാഗ് ഇവിടെ തന്നെയാണ്. എന്നെ വിശ്വസിക്കുക"

അപ്പോൾ കണ്ട അതിശയം അവർണ്ണനീയമായിരുന്നു. ദാസ്ഗനു ബാബയുടെ പാദത്തിൽ തല വെച്ചപ്പോൾ ബാബയുടെ രണ്ടു കാലിന്റെയും തള്ളവിരലുകളിൽ നിന്ന് ശക്തിയായി ഗംഗായമുനാ തീർത്ഥങ്ങൾ ഒഴുകാൻ തുടങ്ങി. ഈ ലീല കണ്ട് ദാസ്ഗനു ഭക്തി പരവശനായി കണ്ണുനീരൊഴുക്കി. അയാൾക്ക് ആന്തരീക പ്രചോദനം വന്നു. ഒരു മധുര സംഗീതം വഴി ബാബയെ സ്തുതിച്ചു. (ശ്രീ സായി സത്ചരിതം നാലാം അദ്ധ്യായം.)

ദാസ്ഗനു രചിച്ച 'ശ്രീ സായിനാഥ് സ്തവൻ മഞ്ജരി' എന്ന സ്തോത്രകൃതി ഒരു ഭക്ത രക്ഷാകവചമായാണ് കണക്കാക്കപ്പെടുന്നത്. ശ്രീ സായിനാഥ് സ്തോത്ര മഞ്ജരി ജപിക്കുന്നവർക്കും വായിക്കുന്നവർക്കും ദാരിദ്രമോചനം, രോഗശാന്തി, കാര്യവിജയം, സൗഭാഗ്യം എന്നിവയുണ്ടാകുമെന്നാണ് വിശ്വാസം. പുണ്യഗ്രന്ഥമായി ഗൃഹങ്ങളിൽ സൂക്ഷിച്ചുപോരുന്നതാണിത്.

'സ്തവൻ മഞ്ജരി' സായിബാബയുടെ മഹാസമാധിക്കും 37 ദിവസങ്ങൾക്ക് മുമ്പ് രചന പൂർത്തിയാക്കിയ രചനയത്രെ. ശകാബ്ദം 1840ൽ ഗണേശ ചതുർത്ഥിയിൽ തിങ്കളാഴ്ച രാവിലെ ഉദയാനന്തരം മൂന്നുമണിക്കൂർ കഴിഞ്ഞാണ് കൃതിരചന പൂർത്തിയാവുന്നത്. ഇൻഡോറിൽ, നർമ്മദാതീരത്തുള്ള മഹേശ്വര ക്ഷേത്രത്തിനടുത്തായി അഹല്യാസമാധിയുണ്ട്. വിഖ്യാതമായ തീർത്ഥസ്ഥാനത്ത് ഭദ്രപാദമാസത്തിലെ തിങ്കളാഴ്ച രണ്ടാം പ്രഹാരത്തിലാണ് രചന പൂർണ്ണമാകുന്നതെന്ന് ഗ്രന്ഥകാരൻ തന്നെ വ്യക്തമാക്കുന്നു.

ഫലശ്രുതിയും സ്തോത്രമഞ്രിയിൽ തന്നെയുണ്ട്. സായിബാബയുടെ അനുസരണയുള്ള ദാസൻ എന്ന ബഹുമതിയും ദാസ്ഗനുവിനോടു മണവാളന്റെ വേഷമഴിക്കാൻ ബാബ ആജ്ഞാപിക്കുന്നു. ആഡംബരവേഷം അഴിച്ചുവെച്ച് സാധാരണ വേഷത്തിൽ ഹരികഥാ പ്രസംഗത്തിനായി തിരിക്കുന്ന ദാസ്ഗനു ഗുരുവിന്റെ ആജ്ഞ ചോദ്യം ചോയ്യാതെ അനുസരിക്കുകയാണ്. "ശ്രീ സായിനാഥ് സ്തവൻ മഞ്ജരി- സായിനാഥനുള്ള

വിനീതോപാഹരമായുള്ള സ്തുതി” എന്ന പേരിലുള്ള മറാത്തി കവിത ഇംഗ്ലീഷിൽ ഗദ്യത്തിൽ വിവർത്തനം ചെയ്തതിന്റെ മലയാള പരിഭാഷയാണിത്. മൂലകൃതിയുടെ താളമോ അർത്ഥമോ ഒന്നും പൂർണ്ണമായും പരിഭാഷകളിലുണ്ടാവുകയില്ല. പക്ഷേ, ഒരു പുണ്യഗ്രന്ഥമെന്ന നിലയിൽ, അതിന്റെ ആശയം മനസ്സിലാക്കാൻ ഇത് ഉപകരിക്കും.

# ഓം ശ്രീ സായിനാഥായ നമഃ

## ശ്രീ സായിനാഥ് സ്തവൻ മഞ്ജരി

1. ശ്രീ ഗണേശാ സാഷ്ടാംഗ പ്രണാമം.
ഹേ, മയൂരേശ്വര, അവിടുന്നു ഞങ്ങൾക്ക്
ആശ്രയമേകുന്നവനാകുന്നു.
ഹേ, ഗൗരീപുത്രാ, സർവജ്ഞാ
അങ്ങ് സങ്കല്പാതീതനാണ്.
മഹോദരനായ ശ്രീഗണപതേ, രക്ഷിച്ചാലും.

2. സർവ്വഗണങ്ങളിലും സർവ്വദേവതകളിലും
അധിദീയനും മുഖ്യനുമായതിനാൽ
അങ്ങയെ, 'ഗണേശൻ' എന്നു സംബോധന ചെയ്യുന്നു.
സർവ്വശാസ്ത്രങ്ങൾക്കും (പുണ്യഗ്രന്ഥങ്ങൾക്കും)
സമ്മതനായ ഹേ, ബാലചന്ദ്രാ
അങ്ങ് പൂജനീയനായി അനുമോദിക്കപ്പെടുന്നു.

3. വാഗ്ദേവതയായ ഹേ, ശാരദേ
അങ്ങ് നാദലയങ്ങളുടെ അധിഷ്ഠാത്രിയാണ്.
അങ്ങയുടെ അസ്തിത്വം കാരണമത്രെ
വ്യാവാഹാരികലോകം പ്രവർത്തിക്കപ്പെടുന്നത്.

4. കലാഗോവിന്ദന്മാർക്ക് ആദരണീയ ദേവിയായ അങ്ങ്,
ഈ ദേശത്തിന്റെ അഭിമാനമായ സനാതനത്വമാണ്.
അവിടുന്നിന്റെ അനന്തശക്തി പ്രഭാവം
സർവ്വത്ര വ്യാപിച്ചിരിക്കുന്നു.
ജഗദംബേ, ഞാനങ്ങയെ വന്ദിക്കുന്നു.

5. പരമാത്മനും യോഗികൾക്ക് പ്രിയംകരനുമായ അങ്ങ്
മനുഷ്യാകാരം പൂണ്ട പണ്ഡരീരായനാണ്. ദയാസാഗരവും
അപാര കാരുണ്യവാനുമായ അങ്ങ്
പാണ്ഡുരംഗ നരഹരിയത്രെ!

6. ചരടിൽ കെട്ടി പാവകളി നടത്തുംപോലെ ലോകം
നിയന്ത്രിക്കുന്ന അവിടുന്നു സർവ്വവ്യാപിയാണ്.
സർവ്വ ശാസ്ത്രങ്ങളും പുണ്യഗ്രന്ഥങ്ങളും
അങ്ങയുടെ പ്രകൃതിയുടെ യഥാർത്ഥസത്ത
ഇപ്പോഴും തേടിക്കൊണ്ടിരിക്കുകയാണ്.

7. പാണ്ഡിത്യഗർവ്വിന്, ഹേ, ചക്രപാണി അങ്ങയെ
വ്യക്തമായറിയാനാവുകയില്ല. ബുദ്ധിവിഹീനന്മാർ
തർക്കവിതർക്കങ്ങളും വാക്ജാലങ്ങളിലും പെട്ടുഴലുകയാണ്.

8. യോഗികൾക്ക് മാത്രം മനസ്സിലാക്കാൻ കഴിയുന്ന
അവിടുന്നു, അന്യർക്ക് ദുർഗ്രാഹ്യനാണ്.
അങ്ങയെ ഞാൻ പൂജിക്കുന്നു.
ബഹുമാനാദരങ്ങളോടെ അങ്ങയുടെ തിരുമുമ്പിൽ
ഞാൻ അഷ്ടാംഗപ്രണാമം ചെയ്യുന്നു.

9. അല്ലയോ, പഞ്ചമുഖനായ ശങ്കരാ,
കപാലം മാലയാക്കി ധരിക്കുന്നവനേ,
അങ്ങ് ദിക്കാകുന്ന വസ്ത്രത്തോടുകൂടിയ
നീലകണ്ഠനാകുന്നു.
ജീവജാലങ്ങളെ സംസാര സാഗരത്തിൽ നിന്നും
രക്ഷിക്കുന്ന (പശുപതിയായ) ബ്രഹ്മരൂപാ!

10. എല്ലാഴ്പ്പോഴും ആരാണോ അങ്ങയുടെ തിരുനാമം
ജപിച്ചുകൊണ്ടിരിക്കുന്നത്, അവരുടെ പ്രാപഞ്ചിക
ദുരിതങ്ങളെല്ലാം ഞൊടിയിടയിൽ നീങ്ങിപ്പോകുന്നു.
ഹേ ജടാധാരിയായ ശിവശങ്കരാ,
അങ്ങയുടെ നാമത്തിന്റെ ശക്തി അപ്രമേയമാണ്.

11. അങ്ങയുടെ തൃപ്പാദത്തിൽ നമസ്കരിച്ചുകൊണ്ട്, ഈ
വിജയഗാഥയായ സ്തോത്രം രചിക്കാനാരം
ഭിക്കുന്നു: ഈ സ്തോത്രത്തിന്റെ ശുഭസമാപ്തിക്കായി
എല്ലായ്പ്പോഴും എനിക്ക് സഹായമേകിയാലും.

അല്ലയോ കഴുത്തിൽ വിഷം ധരിച്ചവനേ! നീലകണ്ഠാ!

12. അത്രീ പുത്രനായ ദത്താത്രേയൻ, ഇന്ദിരയുടെ കുടുംബദേവ നായ വിഷ്ണു എന്നിവരെ വന്ദിക്കാനനുവദിച്ചാലും. തുക്കാറാം തുടങ്ങിയ സന്യാസിമാരെയും എല്ലാ ഭക്തന്മാരെയും ഞാനിപ്പോൾ വന്ദിക്കുന്നു.

13. ജയ് സായിനാഥാ, അങ്ങേക്ക് അഭിവാദ്യം. പാപമോചകനായ ഹേ, കൃപാനിധേ, ഞാൻ അങ്ങയുടെ തൃപ്പാദങ്ങളിൽ നമ്രശിരസ്ക്കനായി സ്പർശിക്കുന്നു.
അങ്ങെന്നെ സംരക്ഷിച്ചാലും.

14. അവിടുന്ന് പൂർണ്ണപ്രപഞ്ചവും പരമാനന്ദത്തിന്റെ ആവാസസ്ഥാനവുമാണ്. അങ്ങ്, സ്വയം വിഷ്ണുവാണ്. മനുഷ്യർക്കിടയിൽ ജിതേന്ദ്രിയനുമാണ്. കാമദേവന്റെ ശത്രുവായ, ഉമയുടെ വല്ലഭനായവനാരാണോ അത് അങ്ങാണ്. (ശിവൻ)

15. അങ്ങ് ദൈവം മനുഷ്യാവതാരമെടുത്തതാണ്!
ജ്ഞാനാകാശത്തിലെ സൂര്യദേവനും അങ്ങാണ്.
അങ്ങ് ദയാസാഗരമാണ്, ലൗകികവ്യാധികൾക്കുള്ള വിഷസംഹാരിയാണ്.

16. ദരിദ്രർക്കും പതിതർക്കും അഭീഷ്ടദായകമായ ദിവ്യരത്നം - ചിന്താമണിയാണ്. ഭക്തന്മാർക്ക് ദിവ്യമായ വിപുലീകരണം നൽകുന്ന ഗംഗാനദിയാണ്.
സംസാരത്തിൽ മുങ്ങിക്കൊണ്ടിരിക്കുന്നവർക്ക് അങ്ങ് ചങ്ങാടമാണ്. ദീഥിതർക്ക്
അങ്ങ് അഭയസ്ഥാനമാണ്.

17. ഈ സൃഷ്ടിയുടെ മൂലകാരണമാണ് അവിടുന്ന്, ശുദ്ധചൈതന്യമേതോ അത്. അതേ
തത്ത്വമസി. അത്യന്തമായ കരുണാനിധി!
ഈ ജഗദ് അങ്ങയുടെ ലീലകളിലൊന്നുമാത്രം.

18. അങ്ങക്ക് ജനനമില്ല.
മരണംകൂടി അങ്ങയെ ബാധിക്കുന്നില്ല.
അങ്ങയുടെ സവിധത്തിലെത്തുന്നവരുടെ
അഗാധമായ അന്വേഷത്തിനൊടുവിൽ
ഈ അത്യന്തിക നിഗമനത്തിലെത്തിച്ചേരും.

19. ജനനമരണമെന്ന ധാരണ അജ്ഞാനത്തിൽ
നിന്നുമുണ്ടാകുന്നതാണ്. തീർച്ചയായും
ജനനമരണമുക്തനാണ് അങ്ങ്.

20. ഒരു ചാലിൽ വെള്ളം പ്രത്യക്ഷപ്പെട്ടാൽ, അതിന്റെ
സ്രോതസ്സ് അവിടെതന്നെയാണെന്ന്
കരുതുമോ? നേരത്തെ തന്നെ
നിലനിൽക്കുന്നുവെങ്കിൽ, ഭൂമിക്കടിയിൽനിന്നും,
ശക്തമായ പ്രവാഹമുണ്ടാകേണ്ടതല്ലേ?

21. വെള്ളം ഒരു ചാലിലൂടെ ഒഴുകുമ്പോൾ,
അത് വർണ്ണിക്കപ്പെടുകയും
നാമകരണം ചെയ്യപ്പെടുകയും ചെയ്യും. ഒരു അരുവി
അതിന്റെ തനത് നാമം സിദ്ധിക്കും. വെള്ളമില്ലെങ്കിൽ
അതൊരു ചാലുമാത്രമായിരിക്കും.

22. അരുവിയുണ്ടാവുന്നതും വരണ്ടുപോകുന്നതും
അപ്രത്യക്ഷമായിപ്പോകുന്നതും ജലത്തിന്റെ പ്രകൃതമല്ല.
കാരണം അരുവിയിലെ വെള്ളം അത് നിറഞ്ഞ
ചാലിന്റെ പ്രാധാന്യമനുസരിച്ചല്ല.

23. വെള്ളം നിറഞ്ഞ് ചാലുകൾ അരുവികളാകുമ്പോൾ
മദിച്ചൊഴുകുന്നതുപോലെ വെള്ളം വറ്റി വരളുമ്പോൾ
വെറും ചാലുകളാകുകയും ചെയ്യും.

24. മനുഷ്യാകാരവും നദിക്കരയിലെ ചാലുകൾ പോലയാണ്.
അരുവിയിലെ ശുദ്ധജലം പോലെയാണ് ആത്മാവും.
(പവിത്രമായ ശക്തി). ഇതേപോലെ അസംഖ്യം ചാലുകൾ
ഉണ്ടാവുമെങ്കിലും ഇതേപോലെ സത്ത എല്ലാറ്റിലും

ഒരേപോലെയാണ്.

25. ആയതിനാൽ, ആരംഭമില്ലാത്തവനാരോ
ആ അവിടുത്തോട് ഞാൻ പറയുന്നു.
കരുണാമയാ, ഇന്ദ്രന്റെ വജ്രായുധമേന്തികൊണ്ട്,
ദയവായി, അജ്ഞാന പർവ്വതത്തെ നശിപ്പിക്കൂ.

26. ഇതേവരെയായി, ഇതേപോലെ ചാലുകൾ
(ജീവികൾ) അസംഖ്യം ഭൂമിയിലുണ്ടായി. ഇപ്പോഴും എത്രയോ
നിലനിൽക്കുന്നു. ഭാവിയിൽ, കാലം മുന്നോട്ടു
പോകുമ്പോൾ അനവധി വന്നുകൊണ്ടിരിക്കും.

27. ഓരോ അത്തരം ചാലുകൾക്കും (ജീവികൾക്കും)
വ്യത്യസ്തവും വൈവിധ്യമാർന്നതുമായ നാമവും
രൂപവുമുണ്ടാകുന്നു. അങ്ങിനെ, ഈ ലോകത്തിൽ,
തിരിച്ചറിയപ്പെടുന്നു.

28. ആ ആത്മചൈതന്യത്തെ, 'ഞാനും നീയും' എന്ന സംജ്ഞയി
ലൂടെ വിവേചിക്കുന്നത് യുക്തമല്ല. അത്കൊണ്ട് അവിടെ
ദ്വൈതമില്ല. അത് സ്വയം തന്നെ നിശ്ചയമായും ആത്മാവാണ്.

29. ആരംഭം മുതൽ, ആത്മാവ് പ്രപഞ്ചമാകെ വലയം
ചെയ്തിരിക്കുകയാണ്. പിന്നെ എങ്ങിനെ 'നീയും ഞാനു'മെന്ന
ദ്വൈതസങ്കൽപം അംഗീകരിക്കാൻ കഴിയും?

30. മേഘത്തിൽ നിന്നും വർഷിക്കുന്ന ജലം എല്ലാം
ഒരേ പോലെയാണ്. എന്നാൽ, അതെപ്പോൾ ഭൂമിയിൽ
പതിക്കപ്പെടുന്നുവോ അത് വ്യത്യസ്തരൂപങ്ങൾ സ്വീകരിക്കുന്നു.
(അരുവി, നദി, തോട്, വെള്ളച്ചാട്ടം എന്നിങ്ങനെ പലരൂപങ്ങൾ)

31. ഗോദാവരീതടത്തിൽ വീഴുന്ന ജലം
ഗോദാവരി നദിയുടെ പരിപാവനത കൈവരിക്കുന്നു.
എന്നാൽ കിണറുകളിലും മറ്റും പെയ്യുന്ന മഴവെള്ളം
ഇതേ മൂല്യവും അന്തസ്സും കല്പിക്കപ്പെടുന്നില്ല.

32. ഋഷിമാർ ഗോദാവരി നദിയെപ്പോലെയാണ്. അവിടുന്നു അതിലെ തീർത്ഥജലമാണ്. ഞങ്ങൾ ചളിക്കെട്ടുകളും കിണറുകളും തടാകങ്ങളുമാണ്. അതാണ് നമുക്കിടയിലുള്ള വ്യത്യസ്തത.

33. നമ്മുടെ ജീവിതത്തിന്റെ പൂർണ്ണതക്കായി, നാം അങ്ങയെ ശരണാഗതി പ്രാപിക്കണം. നാം എപ്പോഴും കൈകൂപ്പിക്കൊണ്ട് നിൽക്കണം - കാരണം അവിടുന്നു മതതത്വങ്ങളുടെയും ഭക്തിയുടെയും ആകാരമാണ്.

34. നദീതടത്തിന്റെ സവിശേഷതയാലാണ് ഗോദാവരിയിലെ ജലം പവിത്രീകരിക്കപ്പെട്ടത് വെറും ജലമായി കരുതുകയാണെങ്കിൽ, അതെല്ലായിടത്തുമുണ്ട്.

35. ഗോദാവരിതടം യഥാർത്ഥത്തിൽ പരിപാവനമായി പരിഗണിക്കപ്പെടുന്നു. അതിന്റെ പൂജനീയതക്ക് ജലം ഒഴുകിപ്പോകുന്ന ഭൂമിയുടെ ഗുണവിശേഷം കാരണമാണ്.

36. മേഘങ്ങളിൽ നിന്നും വർഷിക്കുന്ന ജലം അത് പതിക്കുന്ന തെവിടെയോ, ഭൂമിയുടെ ഭാഗം മാറ്റുന്നില്ല. ആ ഭൂവിഭാഗത്തെ ജ്ഞാനികളും പുണ്യഗ്രന്ഥങ്ങളും (വിശുദ്ധ) ഗോദാവരിയെന്ന് വിളിക്കുന്നു.

37. എവിടെയാണോ ജലം പതിക്കുന്നത് അവിടങ്ങളിലെ മണ്ണിന്റെ ഗുണം അത് സ്വീകരിക്കുന്നു. ജലം വീഴുന്ന സ്ഥാനത്തിന്നനു സരിച്ച് അഴുക്കുവെള്ളമായും ചവർപ്പും ഉപ്പും എല്ലാം ഉണ്ടാവുന്ന -മൗലികമായ മാധുര്യമാണ് വെള്ളത്തിനുള്ളതെങ്കിലും

38. ഗുരുരാജാ! സമാനമായ ഉദാഹരണമാണ് അങ്ങും. കാമക്രോ ധാ ദികളായ ഷഡ് ദോഷങ്ങൾ ഉറച്ച് അശുദ്ധിയില്ലാതി രിക്കുന്ന താരോ ആ പുണ്യ രൂപത്തിന് 'യോഗി' എന്ന നാമം അനുയോജ്യമാകുന്നു.

39. അതുകൊണ്ട്, യോഗികൾ ഗോദാവരികളാണ്. പൂർണ്ണമായും

അനുഗ്രഹീതരായവർ. എല്ലാ ജീവജാലങ്ങൾക്കുമിടയിൽ അങ്ങയുടെ സ്ഥാനം ഏറ്റവും ഉയർന്നതാണ്.

40. സൃഷ്ടിയുടെ ആരംഭം മുതൽ തന്നെ ഗോദാവരി നിലനിന്നു പോരുന്നുണ്ട്. എല്ലായ്പ്പോഴും ജലം സുലഭമായുണ്ടാകും. ഇന്നുവരെ അതിന് ഒരു ക്ഷാമവുമുണ്ടായിട്ടില്ല.

41. രാവണ ശത്രുവായ (ശ്രീരാമൻ) ഗോദാവരി തീരത്തു വന്നിരുന്നു. അതിനുശേഷം എത്രയോ ജലം നദിയിലൂടെ ഒഴുകിയിട്ടുണ്ട്. ഇപ്പോഴത്തെ ജലം പഴയ അതേ ജലമല്ല തന്നെ.

42. നദീതടം മാത്രം അതേപോലെ അവശേഷിക്കുന്നു. ജലം സമുദ്രത്തിലേക്ക് പ്രവഹിച്ചുകൊണ്ടിരിക്കുന്നു. അനശ്വരമായ നദീതടത്തിന്റെ പുണ്യപവിത്രത ഈ ദിവസം വരെയുണ്ട്.

43. ഓരോ വർഷവും പഴയ ജലം ഒഴുകിപ്പോകുന്നു. പുതിയ ജലം നദീതടത്തിലേക്ക് പ്രവഹിക്കുകയും ചെയ്യുന്നു. ഇതാണ് നിയമം, അങ്ങേക്കറിയുന്നതാണല്ലോ?

44. നൂറ്റാണ്ടുകൾ ഒരു വർഷംപോലെയാണ്. കഴിഞ്ഞ നൂറ്റാണ്ടിലെ യോഗികൾ ജല പ്രവാഹംപോലെയാണ്. ജലോപരിതലത്തിലെ തരംഗങ്ങൾ പോലെയാണ് മഹാത്മാക്കൾ.

45. യോഗീവര്യന്മാർ ഗോദാവരിപോലെയാണ്. ആദിമശതകങ്ങളിൽ ഒരു വൻ പ്രളയമായി സനത്-സനക-സനന്ദന്മാരുണ്ടായി.

46. തുടർന്നു നാരദൻ, തുംബുരൻ, ധ്രുവൻ, പ്രഹ്ളാദൻ, ശക്തനായ രാജാവ് ബലി, ശബരി, അംഗദൻ, ഹനുമാൻ, വിദുരൻ, ഗോപന്മാർ, ഗോപികമാർ എന്നിവരുണ്ടായി.

47. ഇന്നുവരെ എത്രയോ മഹാത്മാക്കൾ വന്നു. കഴിഞ്ഞ ഓരോ നൂറ്റാണ്ടുകളിൽ ഈ പ്രളയം ആവർത്തിക്കപ്പെട്ടു. എണ്ണിത്തിട്ടപ്പെടുത്താൻ ഞാൻ അശക്തനാണ്.

48. ഈ ആധുനിക ശതകത്തിൽ, ഈ പുണ്യഭൂമിയിൽ അനിവാര്യമായ ഒരുപ്രളയമുണ്ടായിരിക്കുന്നു. ഹേ, സായിനാഥാ

– അങ്ങയുടെ രൂപത്തിൽ

49. അങ്ങയുടെ ദിവ്യപാദങ്ങളിൽ, ഞാനിതാ സാഷ്ടാംഗം പ്രണമിക്കുന്നു. മഹാരാജ്, തെറ്റുകൾ യതൊരു കലവറയുമില്ലാതെ ക്ഷമിക്കണമെന്നു യാചിക്കുന്നു.

50. ഞാൻ ഒരു ദരിദ്രനും ഭാഗ്യഹീനനും അജ്ഞാനിയുമായ മനുഷ്യനാണ്. പാപികളിൽ വലിയവൻ. ദുർമാർഗ്ഗത്തിൽ നിന്നും മോചിപ്പിക്കണം. എന്നെ യാതൊരു വിധത്തിലും ത്യജിക്കുതേ.

51. ഇരുമ്പിന്റെ സ്ഥായിയായ ദൂഷ്യങ്ങൾ സ്പർശമണി അവഗണിക്കുന്നു. ലണ്ടി, ഓഹോൾ എന്നീ ഗ്രാമങ്ങളിലെ ചെറിയ നീരൊഴുക്കുകൾ ഗോദാവരി പരിത്യജിക്കുന്നില്ല.

52. ഞാൻ പൂർണ്ണമായും ദുരാചാരിയാണെങ്കിലും അങ്ങയുടെ കൃപാകടാക്ഷത്തിന്റെ ഫലമായി അതെല്ലാം അതിവേഗത്തിൽ നശിപ്പിക്കണമെന്നാണ്, ഈ ദാസന്റെ ഏകമായ അഭ്യർത്ഥന.

53. സ്പർശമണിയുടെ സംസർഗ്ഗമുണ്ടായതിനുശേഷവും ഇരുമ്പിന്റെ സ്ഥായിയായ ദോഷങ്ങൾക്ക് മാറ്റമുണ്ടായില്ലെങ്കിൽ, ഗുരുവരാ! സ്പർശമണിക്ക് അത് അപകീർത്തികരമായിരിക്കും.

54. ഒരു പാപിയാകാൻ എന്നെ അനുവദിക്കരുത്. അങ്ങൊരിക്കലും ചെറുതാക്കപ്പെടാനിടയാക്കരുത്. നോക്കൂ! അങ്ങ് സ്പർശമണിയാണ്. ഞാൻ ഇരുമ്പാകുന്നു. എന്റെ ഭാഗ്യഹീനത അങ്ങയുടെ ചിന്താവിഷയമാകണം.

55. ഒരു കുട്ടി എല്ലായ്പ്പോഴും കുറ്റം ചെയ്തുവെന്നിരിക്കും. എന്നാൽ ഒരമ്മ അതിനെ നിന്ദിക്കുകയില്ല. ഇത് സ്മരിച്ചുകൊണ്ട്, അങ്ങയുടെ അനുഗ്രഹം എന്നിൽ വർഷിച്ചാലും.

56. അല്ലയോ! സദ്ഗുരു സായിനാഥാ
അങ്ങാണെന്റെ കൽപതരു
സംസാരസാഗരം കടക്കാനുള്ള മാധ്യമമാണ്.
സന്ദേഹരഹിതമായും അങ്ങാണത്.

57. അങ്ങ് *കാമധേനുവാണ്, ചിന്താമണിയാണ്.

അങ്ങ് ജ്ഞാനാകാശത്തിലെ സൂര്യദേവനാണ്.
ധർമ്മത്തിന്റെ മഹാഖനിയാണ്.
സ്വർഗ്ഗത്തിന്റെ മഹാഖനിയാണ്.
സ്വർഗ്ഗത്തിലേക്കുള്ള കോവണിയുമാണ്.

58. സാധുവും പവിത്രനുമായവനേ,
ശാന്തിയുടെയും ആനന്ദത്തിന്റെയും
മൂർത്തീമൽഭാവമായ ഹേ, പരമാത്മൻ,
അദ്വീയനും ജ്ഞാനസാഗരവുമാണ്.

59. പരമജ്ഞാനത്തിന്റെ അവതാരവും മാനവോത്തമനുമായ അങ്ങ് ക്ഷമയുടെ ആവാസ സ്ഥാനവും ശാന്തിയും ഭക്തന്മാർക്ക് അഭയ വുമാണ്. അനുഗ്രഹിച്ചാലും, എന്നെ അനുഗ്രഹിച്ചാലും.

60. സദ്ഗുരു മജീന്ദറും മഹാത്മാ ജലന്ധറും
നിവൃത്തിനാഥും ജ്ഞാനേശ്വറും കബീറും
ഷെയ്ക്ക് മുഹമ്മദും ഏകനാഥും അങ്ങാണ്.

61. അങ്ങ് ബോധലനും സവതമാലിയും യഥാർത്ഥ രാമദാസുമാണ്.
സായിനാഥ് അങ്ങ് തുക്കാറാമും ശക്കയും മാണിക്യപ്രഭുവുമാണ്.

62. അങ്ങയുടെ നൂതനമായ അവതാരവും
വൈവിധ്യമാർന്ന പ്രകൃതവും യഥാർത്ഥത്തിൽ
മനസ്സിലാക്കാൻ വിഷമമാണ്. അങ്ങയുടെ
ജാതിയേയും വംശത്തെയും പറ്റി
അങ്ങാരോടും ഒന്നും വെളിപ്പെടുത്തിയിട്ടില്ല.

63. ചിലർ പറയുന്നു അങ്ങ് മുസ്ലീമാണെന്ന്.
മറ്റു ചിലർക്ക് അങ്ങ് ബ്രാഹ്മണനാണ്.
കൃഷ്ണഭഗവാനെപ്പോലെ അങ്ങും ദുർഗ്രാഹ്യമനാണ്.

64 ശ്രീകൃഷ്ണനെ നോക്കൂ, വ്യത്യസ്തമായ നിരീഷണത്തിലൂടെ
വ്യത്യസ്ത ജനങ്ങൾ വൈവിധ്യമാർന്ന
നാമങ്ങളാണ് വിളിക്കുന്നത്. ചിലർക്ക് യദുഭൂഷണനും

മറ്റുള്ളവർക്ക് വെറും ഇടയനുമാണവിടുന്ന്.

65. യശോദയ്ക്ക് അവിടുന്ന് ഓമനയാണ്.
കംസനാൽ വിളിക്കപ്പെടുന്നത് മഹാകാലനായാണ്.
ഉദ്ധവന് പ്രിയനും അർജ്ജുനന് സർവ്വജ്ഞനുമാണ്.

66. അപ്രകാരം ഹേ ഗുരാവരാ! ഓരോ വ്യക്തിയും തനതായ നിഗമനത്തിലെത്തുന്നു. സ്വയം മാനസിക നിലക്കനുസൃതമായി അവർ നാമകരണം നടത്തുന്നു.

67. മസ്ജിദാണ് അവിടുത്തെ വാസസ്ഥാനം. കാതുകുത്തിയിട്ടില്ല. അങ്ങയുടെ 'ഫത്തേഹ' കാണുമ്പോൾ (നിസ്ക്കാരം ശ്രദ്ധിച്ചാൽ) ഒരു മുസ്ലീം എന്നു വിളിക്കുന്നത് യുകതിസഹമെന്നുതോന്നാം.

68. അഗ്നിയെ ആരാധിക്കുന്നത് കണക്കിലെടുത്താൽ ഇതേപോലെ അങ്ങയുടെ മറ്റു പല പ്രവൃത്തികളും കാരുണ്യ പ്രഭോ! എന്റെ സ്വന്തം നിഗമനത്തിൽ അങ്ങൊരു ഹിന്ദുവാണ്.

69. ഇത്തരം ബാഹ്യമായ വ്യത്യാസങ്ങളൊക്കെ താർക്കികന്മാർക്ക് മാത്രം താൽപര്യമുള്ള കാര്യമാണ്. ജ്ഞാനാർത്ഥികളായ ഭക്തന്മാരെ ഇതൊന്നും അലട്ടുന്നില്ല.

70. അങ്ങ് ബ്രഹ്മം തന്നെയാണ്. ജാതിയോ മതാനുഷ്ഠാനങ്ങളോ അങ്ങയ്ക്ക് പ്രസക്തമല്ല. അങ്ങ് പരമഗുരുവാണ്.
അങ്ങ് ജഗദ്സ്രഷ്ടാവാണ്.

71. അവിടെ ഹിന്ദുക്കളും മുസ്ലീംകളും ശത്രുത്വമുണ്ടായിരുന്നപ്പോൾ, അവർക്കിടയിൽ ഐക്യവും മൈത്രിയും ഉണ്ടാക്കുന്നതിന് മസ്ജിദും അഗ്നി പൂജയും ഒപ്പം നടത്തി അങ്ങ് ആളുകളെ അമ്പരപ്പിച്ചു. അങ്ങയുടെ ലീലകൾ പ്രദർശിപ്പിക്കുകയായിരുന്നു.

72. അങ്ങ് ജാതിക്കും മതത്തിനും അതീതനാണ്. അങ്ങ് ബ്രഹ്മനാണ്. സത്യത്തിന്റെ സാരാംശമാണ്. തത്വമസിയാണ്. വാസ്തവത്തിൽ, അങ്ങ് മനുഷ്യധാരണക്ക് അതീതമാണ്.

73. അനുമാനങ്ങളുടെയും വിവാദങ്ങളുടെയും കടിഞ്ഞാണഴിച്ചു വിട്ട്, തർക്കവിതർക്കങ്ങൾ വ്യാപകമാക്കുന്നു. അവിടെ എന്റെ നിസ്സാരവാക്കുകൾ എങ്ങിനെ കണക്കിലെടുക്കപ്പെടും?

74. അങ്ങയെ നിരീക്ഷിച്ചുകൊണ്ടിരിക്കെ, എനിക്ക് മൗനം പാലിക്കാനാവുന്നില്ല. കാരണം അങ്ങയുടെ മഹത്വത്തെ സ്തുതിക്കാൻ വാക്കുകളാൽ അല്ലാതെ മറ്റെന്തുമാർഗ്ഗമാണുള്ളത്.

75. ആയതിനാൽ വാക്കുകൾ മാദ്ധ്യമമാക്കിക്കൊണ്ട്, എന്തുമാത്രം വർണ്ണന സാധിക്കുമോ അത് അങ്ങയുടെ ആശീർവ്വാദം ലഭിക്കാൻ ഞാൻ സമർപ്പിക്കും.

76. യോഗികൾ ദോവന്മാരിലും ഉന്നതന്മാരാണ്. എന്റേതും നിന്റേതുമെന്ന ഭേദബുദ്ധിയില്ലാത്തവരുടെ സാമീപ്യത്തിന് ഇടം കാണുന്നില്ല.

77. ഹിരണ്യകശിപുവും രാവണനും ദൈവദ്വേഷികളായതിനാൽ വധിക്കപ്പെടുകയായിരുന്നു. യോഗിമാർ ഇത്തരം കർമ്മങ്ങളിൽ ഒരിക്കലും ഏർപ്പെടുകയില്ല.

78. ജലന്ധരനെ ഗോപീചന്ദ് ചണ്ടിക്കൂമ്പാരത്തിൽ കുഴിച്ചിട്ടു. എന്നാൽ ആ ഋഷിക്ക് ഈ പ്രവൃത്തിയോട് പകയൊന്നും തോന്നിയില്ല.

79. മറിച്ച് രാജാവ് ഭൗതിക ലോകത്തിൽനിന്നും മോചിതനാക്കപ്പെട്ടു. അമരത്വവുമുണ്ടായി. സന്യാസിമാരുടെ ഈ തരം അസാമാന്യതകൾ വർണ്ണനാതീതമാണ്.

80. യോഗികൾ സൂര്യനാണ്. അവരുടെ അനുഗ്രഹം ഉജ്ജ്വല പ്രകാശമാണ്. യോഗിമാർ ചന്ദ്രനെപ്പോലെ സൗമ്യതയുള്ളവരാണ്. അവരുടെ മൃതുലത ചന്ദ്രപ്രകാശത്തെപ്പോലെ ആഹ്ലാദകാരിയാണ്.

81. യോഗിമാർ കസ്തൂരിയുടെ പരിമളതയാണ്. അവരുടെ അനുഗ്രഹം കസ്തൂരിയുടെ സുഗന്ധംപോലെയാണ്. യോഗിമാർ കരിമ്പിൻ ചാറുപോലെയാണ്. അവരുടെ അനു

ഗ്രഹം മധുരതരമാണ്.

82. യോഗിമാർ നന്മതിന്മകളെ ഒരേ തരത്തിലാണ് നിർവ്വജിക്കുന്നത്. പ്രത്യുത പാപികളോട് അവരുടെ വാത്സല്യം അളവറ്റതാണ്.

83. ഗോദാവരിയിലെ ജലത്തിൽ അഴുക്കുപിടിച്ച വസ്ത്രങ്ങൾ മാത്ര മാണ് അലക്കാൻ കൊണ്ടുവരുന്നത്. വൃത്തിയുള്ളവ ഗോദാ വരി തീരത്തുനിന്നും അകലെ ട്രങ്കുപ്പെട്ടിയിൽ സൂക്ഷിക്കുന്നു.

84. ട്രങ്കിൽ സൂക്ഷിച്ചവ എപ്പോഴെങ്കിലും ഒരിക്കൽ കൂടുതൽ ശുദ്ധീ കരണത്തിനായി ഗോദാവരി തീരത്ത് കൊണ്ടുവന്നു വരാം.

85. ട്രങ്കുപ്പെട്ടി എന്നത് 'അനശ്വരമായ' വാസസ്ഥലമാണ്. അങ്ങ് ഗോദാവരിയാണ്. നദിയുടെ സ്നാനഘട്ടിൽ അചഞ്ചലമായി വിശ്വസിക്കണം. കാമക്രോദാദികളായ ആറു ദോഷങ്ങളും പുര ണ്ടതായ വസ്ത്രങ്ങളാണ് എല്ലാ ജീവികളും.

86. അങ്ങയുടെ തൃപ്പാദ ദർശനം ഗോദാവരി സ്നാനംപോലെയാ ണ്. എന്റെ പാപം കഴുകി കളയൂ. ഓ സമർത്ഥ സായിനാഥ് എന്നെ പവിത്രീകരിക്കൂ.

87. ഞങ്ങൾ സംസാരികളായതിനാൽ മാലിന്യത്തിന്റെ അടുക്കു കൾ അടിഞ്ഞുകൂടിക്കൊണ്ടിരിക്കുന്നു അതിനാൽ (പവിത്രീക രണ ശക്തിയുള്ള). യോഗികളെ ദർശിക്കാൻ ഞങ്ങൾ "യോഗ്യ രത്രെ"

88. ഗോദാവരിയിലെ സമൃദ്ധമായ ജലം വസ്ത്രങ്ങളുടെ ശുദ്ധീക രണത്തിനും സ്നാനഘട്ടം ശുചിയാക്കുന്നതിനുമായിട്ടുള്ളതാ ണ്. അത് നിർവ്വഹിക്കാതെ, ഉപേക്ഷിക്കുകയാണെങ്കിൽ അത് ഗോദാവരിക്ക് കീർത്തികരമായിരിക്കില്ല.

89. സമൃദ്ധമായ ചില്ലുകളുള്ള, ശീതളിമയും ഛായയുമായുള്ള വൃക്ഷമാണ് അങ്ങ്. (ആദ്ധ്യാത്മികം, ആദി ഭൗതികം, ആദി വൈദികം) എന്നീ ജീവിത ദുഃഖങ്ങളുടെ ചുട്ടുപ്പൊള്ളുന്ന സൂര്യ താപത്തിൽ യാതനയനുഭവിക്കുന്ന യഥാർത്ഥ യാത്രികരാണ്

ഞങ്ങൾ.

90. ഈ കൊടിയ ചൂടിൽനിന്നും കാരുണ്യവാരിധേ, സംരക്ഷണ മേകിയാലും. ഹേ, ഗുരുരാജാ, അങ്ങയുടെ മൃതുതലയാർന്ന അനുഗ്രഹത്തിന്റെ ശീതളച്ഛായ അസാധാരണമെത്രെ.

91. വൃക്ഷചുവട്ടിലിരിക്കവെ, സൂര്യതാപം ഒരാൾക്ക് അനുഭവപ്പെ ടുന്നുവെങ്കിൽ, ആര് ആ വൃക്ഷത്തെ, തണലേകുന്ന മരമെന്നു വിളിക്കും?

92. നോക്കൂ; അങ്ങയുടെ അനുഗ്രഹമില്ലാതെ, ആർക്കും ലോക ത്തിൽ ധർമ്മമുണ്ടാക്കാനാവുകയില്ല. ശേഷശായിയായ ഭഗവാൻ അർജ്ജുനനെ സഖിയാക്കിക്കൊണ്ടു ധർമ്മത്തെ സമുദ്ധരിച്ചു.

93. സുഗ്രീവന്റെ ദാക്ഷിണ്യത്താൽ വിഭീഷണൻ രാജാരാമന്റെ അരി കിൽ സമ്പർക്കമുണ്ടാക്കി. യോഗിമാർ കാരണം ശ്രീഹരിയുടെ മഹത്വം പ്രകടമാക്കുന്നു.

94. ബ്രഹ്മം രൂപരഹിതമായതിനാൽ, വേദങ്ങൾക്കുപോലും നിർവ്വജിക്കാൻ സാദ്ധ്യമല്ല. ഈ നിരാകാരത്തിന്റെ പ്രാധാന്യം സംഗ്രഹിച്ചെടുത്ത രൂപമാണ് യോഗിമാരുടേത്.

95. രുഗ്മണി കാന്തനായ വൈകുണ്ഠപതി ധാമാണ്ടിക്ക്‌വേണ്ടി “മാഹാറിനെ” ഉണ്ടാക്കി. പോത്തിൻ ശവങ്ങൾ ചുമന്നുകൊണ്ട് ജഗദാത്മാവായ ഭഗവാൻ യാതന അനുഭവിച്ചു.

96. യോഗികളുടെ അസാമാന്യസിദ്ധി അറിയിക്കുന്നതിന് ജഗ്ജീവൻ വെള്ളം ചുമക്കുന്ന ജോലി ചെയ്തു. നിത്യ നിത്യവും ജ്ഞാനവും ആനന്ദവും ആരിലാണോ ഉള്ളത് ആ ദൈവ ത്തിലും ഉയർന്ന സ്ഥാനമാണ് യോഗികൾക്ക് കല്പിക്കപ്പെടു ന്നത്.

97. അമിതമായി സംസാരിക്കേണ്ട ആവശ്യമില്ല. അങ്ങ് ഞങ്ങളുടെ അമ്മയും അച്ഛനുമാണ്. ഓ, സദ്ഗുരു സായിനാഥാ അങ്ങ് ഷിർദ്ദി ഗ്രാമവാസിയാണ്.

98. ബാബ, അവിടുത്തെ ലീലകൾ പൂർണ്ണമായും ആർക്കാണറി യാനാവുക. പിന്നെ എന്റെ പ്രാകൃതഭാഷക്ക് എങ്ങിനെയാണ് അതിനോടു നീതി പുലർത്താനാവും, പറയൂ?

99. പാപികളെ രക്ഷിക്കാനാണ് അങ്ങ് ഷിർദ്ദിയിൽ ആഗതനായത്. മൺവിളക്കുകളിൽ വെള്ളം ഒഴിച്ച് അങ്ങ് അവ ദീപങ്ങളാക്കി ചമച്ചു.

100. അല്പമാത്ര വലിപ്പമുള്ള ഒരു മരപ്പലക (കെട്ടിത്തൂക്കിയിട്ട്). അങ്ങ് ഒരു ശയ്യയാക്കിമാറ്റി. അങ്ങയുടെ വിസ്മയാവഹമായ യോഗശക്തിയും ഭക്തന്മാർക്ക് മുന്നിൽ പ്രദർശിപ്പിക്കപ്പെട്ടു.

101. നിരവധി സ്ത്രീകളുടെ സങ്കടങ്ങൾ അങ്ങ് പൂർണ്ണമായും നീക്കം ചെയ്തു. (സന്താനലാഭം ഉണ്ടാവുകയും). ധാരാളംപേർക്ക് 'ഉധി' നൽകി രോഗത്തിൽനിന്ന് മുക്തരാക്കി.

102. സംസാരദുഃഖം നിർമ്മാർജ്ജനം അങ്ങേയ്ക്ക് അസാധ്യമായ തല്ല. ഒരു ഉറുമ്പിന്റെ ഭാരം ആനയ്ക്ക് ദുസ്സഹമായി ഗണിക്കുന്ന തെങ്ങിനെ?

103. ഗുരുരാജാ, വിനീതനായ ഇവനിൽ കാരുണ്യമുണ്ടാവട്ടെ. ഞാൻ അങ്ങയുടെ തൃപ്പാദങ്ങളിൽ ശരണം പ്രാപിക്കുന്നു. എന്നെ പരിത്യജിക്കരുതേ

104. അങ്ങ് രാജാധിരാജനാണ്. കുബേരനേക്കാളും സമ്പന്നനാണ്. അങ്ങ് ആരേക്കാളും വിശിഷ്ടനായ രോഗഹന്താവാണ്. ആരും അങ്ങയേക്കാൾ ഉതോൽകൃഷ്ടനായില്ല.

105. മറ്റു ദേവതമാരെ പൂജുക്കാനുള്ള നിർദ്ദിഷ്ടമായ അനുഷ്ടാന ക്രമങ്ങളുണ്ട്. എന്നാൽ അങ്ങയുടെ ആരാധനയ്ക്ക് അതൊന്നും മൂല്യമുള്ളതല്ല.

106. വീക്ഷിക്കു. സൂര്യപ്രഭയെന്നും പ്രസരിക്കുന്നു. ദീപാവലി ആഘോഷങ്ങൾ ആഗതമായി. അത് ആഘോഷിക്കേണ്ടിയി രിക്കുന്നു. എന്താണിതൊക്കെ അർത്ഥമാക്കപ്പെടുക?

107. സമുദ്രത്തിന്റെ ദാഹം ശമിപ്പിക്കാൻ പര്യാപ്തമായ ജലം ഭൂമിയിൽ കണ്ടെത്താനാവുകയില്ല. ഉദീപ്തമായ അഗ്നിക്ക് എവിടെനിന്നും ചൂടുകണ്ടെത്തും?

108. പൂജയ്ക്ക് ആവശ്യമായ എല്ലാ വസ്തുക്കളും അങ്ങയുടെ സത്തയിൽ തന്നെ പരിപൂരിതമായിട്ടുണ്ട്. ഹേ ശ്രീ സമർത്ഥ ഗുരുരാജാ, ആദിയിൽ തന്നെ അവ അങ്ങയുടെ ഭാഗമാണ്.

109. എന്റെ സംഭാഷണങ്ങളൊക്കെ ദാർശനിക പ്രസ്താവനകളാണ്. എന്നാൽ ആ സത്യം എനിക്ക് അനുഭവവേദ്യമാക്കാൻ ആയിട്ടില്ല. അനുഭവരഹിതമായ എന്റെ സംഭാഷണം അർത്ഥരഹിതവും സങ്കീർണ്ണവുമായ വെറും വാക്കുകൾ മാത്രമാണ്.

110. അങ്ങേയ്ക്ക് വിധിപ്രകാരമുള്ള പൂജയാണെങ്കിൽ, എനിക്കത് അനുഷ്ടിക്കണമെന്നുണ്ട്. എന്റെ സമർത്ഥ ഗുരുവരാ! അത് ചെയ്യുന്നതിന് ആവശ്യമായ ധനമില്ല.

111. അധികപക്ഷവും ഞാൻ അങ്ങയെ പൂജിക്കുന്നത് വെറും എന്റെ ഭാവനയുടെ സഹായത്താലാണ്. കൃപാനിധേ, ആ പൂജ അതായി തന്നെ ഈ അടിമയുടെതായി സ്വീകരിച്ചാലും.

112. ഇപ്പോൾ ഞാൻ കണ്ണുനീരാൽ അങ്ങയുടെ തൃപ്പാദം കഴുകുന്നു. യഥാർത്ഥ ഭക്തിയാകുന്ന ചന്ദനം അരച്ചു കാലിൽ പൂശുന്നു.

113. അലങ്കാരവാക്കുകളാൽ നീണ്ടകുപ്പായമായ കഫ്നിയുണ്ടാക്കി ഞാൻ അങ്ങയെ ആത്മാർത്ഥമായി അണിയിക്കുന്നു. ഭക്തിയുടെ ഈ പുഷ്പമാല അങ്ങയുടെ കഴുത്തിലണിയിക്കുന്നു.

114. എന്നിലുള്ള ദുർഗുണങ്ങളുടെ ധൂപക്കൂട്ട് അങ്ങയുടെ മുന്നിൽ ഞാൻ എരിച്ചുകളയുന്നു. അശുദ്ധചേരുവയായിരുന്നിട്ടുകൂടി അതിൽനിന്നും ദുർഗന്ധം വമിക്കുകയുണ്ടായില്ല.

115. സദ്ഗുരുവിന്റെ മുന്നിലല്ലാതെ മറ്റൊരിടത്താണ് ഈ ധൂപക്കൂട്ട് പുകച്ചിരുന്നെങ്കിൽ, ഈ ധൂപക്കൂട്ടിന് സംഭവിച്ചതെന്തോ അതു പോലെയാകുമായിരുന്നോ.

116. ധൂപക്കൂട്ട് അഗ്നിയിൽ എരിഞ്ഞപ്പോൾ, തൽക്ഷണം തന്നെ അതിന്റെ പരിമളത്തെ സ്പർശിക്കപ്പെടുകയും ധൂപക്കൂട്ടിൽ നിന്നും അത് പെട്ടെന്ന് വിട്ടകലുകയും ചെയ്തു.

117. അങ്ങയുടെ മുന്നിൽ, എല്ലാം ഭിന്നമാണ്. അശുദ്ധിയെല്ലാം അഗ്നിയിൽ കത്തിചാമ്പലാകുന്നു. എന്നാൽ നന്മ എല്ലായ്പ്പോഴും അവശേഷിക്കുന്നു. ലോകം അത് കാണാറാകുന്നു.

118. ഒരിക്കൽ മനസ്സിലെ ദുർഗുണങ്ങളൊക്കെ കത്തിചാമ്പലായാൽ, മനസ്സ് പരിശുദ്ധമായിത്തീരും. ഒരിക്കൽ ഗംഗയുടെ അശുദ്ധി നീങ്ങിക്കഴിഞ്ഞാൽ അത് പിന്നീട് സഹജമായ പവിത്രതയുള്ളതാകുന്നു.

119. വിലോഭനീയതയുടെ ദീപം ഞാൻ ജ്വലിപ്പിച്ചാൽ, അതിൽനിന്നും, യഥാർത്ഥത്തിൽ, ആത്മസംയമത്തിന്റെ തിളക്കമുണ്ടാകും. ഹേ, ഗുരുവരാ! ഋഷിത്വം ദാനമായി തന്നാലും.

120. പവിത്രമായ വിശ്വാസത്തിന്റെ സിംഹാസനത്തിൽ അങ്ങ് ആസനസ്ഥനായാലും. ഭക്തിയാകുന്ന നൈവേദ്യം സ്വീകരിച്ചാലും.

121. ഭക്തിയുടെ നൈവേദ്യം ഭുജിച്ച് അങ്ങ് അതിന്റെ സാരാംശം എനിക്ക് നൽകിയാലും. കാരണം ഞാൻ അങ്ങയുടെ കുഞ്ഞാണ്. അങ്ങയുടെ പാലിന് എനിക്ക് അവകാശമുണ്ട്.

122. എന്റെ മനസ്സ് എന്റെ ദക്ഷിണയായി ഞാൻ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. അതുകൊണ്ട് ഏതെങ്കിലും കർമ്മത്തിന്റെ കീർത്തിയോ അപകീർത്തിയോ എന്നിൽ അവശേഷിക്കുകയില്ല.

123. ഇപ്പോൾ, എത്രയും വിനയത്തോടും ഭക്തിയോടും ഞാൻ അങ്ങയെ അഭിവാദ്യം ചെയ്യുന്നു. ഹേ ദിവ്യനായ സായിനാഥാ, ദയവായി അത് സ്വീകരിച്ചാലും.

## പ്രാർത്ഥനാഷ്ടകം

124. (1) ശാന്തിമാനസദായക, ജ്ഞാനശ്രേഷ്ടാ സായിനാഥാ കരുണാനിധേ അങ്ങ് ദയാസാഗരവും സത്യസ്വരൂപനുമാണ്.

അജ്ഞാനതിമിരാന്തകാ!

125. (2) ജാതിമതാദിതനായ ഋഷ്യവര്യനാണ് അങ്ങ്. ബോധാതീ തനും കാരുണ്യസ്വരൂപവുമായ അങ്ങ്, എനിക്ക് രക്ഷയേകി യാലും രക്ഷയേകിയാലും. ഹേ, ഷിർദ്ദി സായിനാഥാ.

126. (3) അങ്ങ് ദൈവീക ജ്ഞാനത്തിന്റെ ആദിത്യനാണ്. വിജ്ഞാന ദാതാവേ, സിദ്ധിപ്രദായകാ, ഭക്തമാനസഹംസമേ, അങ്ങയുടെ തൃച്ചരണങ്ങളിൽ ശരണമേകണമേ!

127. (4) അങ്ങ് ബ്രഹ്മദേവനാണ്, ജഗദ്സ്രഷ്ടാവാണ്. ലോകപാലക നായ വിഷ്ണുവാണ് അവിടുന്ന്. ത്രിലോക സംഹാരകനായ സാക്ഷാൽ രുദ്രനുമാണ് അങ്ങ്.

128. (5) ഭൂമിയിൽ അങ്ങില്ലാത്ത ഇടമില്ല. എവിടെയാണയവിടു ന്നില്ലാത്തത്. സർവ്വജ്ഞനായ സായിനാഥാ, അങ്ങ് എല്ലാ ഹൃദയങ്ങളിലും അധിവസിക്കുന്നു.

129. (6) ഞങ്ങളുടെ പാപങ്ങളെല്ലാം മാപ്പാക്കണമെന്ന് ഞാൻ സവി നയം അപേക്ഷിക്കുന്നു. സന്ദേഹത്തിന്റെയും സമ്മോഹ ത്തിന്റെയും തിരമാലകൾ പൊടുന്നനെ നീക്കിത്തരണമേ.

130. (7) അങ്ങ് പശുവും ഞാൻ പശുക്കുട്ടിയുമാണ്. അങ്ങ് ചന്ദ്രനാണ്. ചന്ദ്രകിരണങ്ങളാൽ ദ്രവീകൃതമാകുന്ന ചന്ദ്രമണിയാണ് അങ്ങ്. ദിവ്യഗംഗയ്ക്ക് സമാനമായ അങ്ങയുടെ തൃച്ചരണങ്ങളിൽ ഈ ദാസൻ ബഹുമാനപുരസ്സരം നമിക്കുന്നു.

131. (8) അങ്ങയുടെ കൈകുമ്പിളിൽ എന്റെ തലചായ്ച്ചു, അനുഗ്ര ഹത്തിനായി പ്രഭുവിനോട് ചോദിക്കുന്നു. എന്റെ സങ്കടത്തിൽ നിന്നും അസ്വസ്ഥതകളിൽനിന്നും വിമുക്തനാക്കിയാലും. ഈ ഗനു അങ്ങയുടെ ഭൃത്യനാണ്.

132. ഈ പ്രാർത്ഥനാഷ്ടകവുമായി ഞാൻ അങ്ങയ്ക്ക് മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുന്നു.എന്റെ പാപങ്ങളും (അയോഗ്യ തകളും), ദുരിതങ്ങളും ദാരിദ്രവും ഇല്ലാതാക്കിതരണമേ.

133. അങ്ങ് പശുവും ഞാൻ പശുക്കുട്ടിയുമാണ്. അങ്ങ് അമ്മയും ഞാൻ കുട്ടിയും. പാരുഷ്യമാർന്ന വികാരങ്ങളൊന്നും എന്നിലേക്ക് അടുത്തുവരാൻ ഇടയാക്കരുത്.

134. അങ്ങ് മലയഗിരിയിലെ ചന്ദനമരമാണ്.

ഞാൻ കള്ളിമുൾച്ചെടിയാണ്.

അങ്ങ് ഗോദാവരിയിലെ ജീവദായകമായ തീർത്ഥമാണ്.

ഞാൻ പാപികളിൽ മുമ്പനും.

135. അങ്ങയുടെ 'ദർശന' ലഭ്യമായതിനുശേഷം എന്റെ ദൃഷ്ടമാനസത്തിൽ മാലിന്യങ്ങൾ മാറ്റമില്ലാതെ അവശേഷിക്കുന്നുവെങ്കിൽ, ഗുരുവരാ ആർക്കാണ് അങ്ങയെ ചന്ദനമെന്ന് അഭിസംബോധനം ചെയ്യാനാവുക.

136. കസ്തൂരിയുടെ സാമീപ്യത്താൽ പൊടികൾപോലും വിശേഷഗുണം പ്രാപിക്കുന്നു. പുഷ്പമാല്യം കൊരുക്കുന്ന ചരടിനും പുഷ്പത്തിന്റെ സുഗന്ധമുണ്ടായിരിക്കും.

137. ഇതേപോലെയാണ് മഹാത്മാക്കളും. ആരാണോ അവരുടെ സ്പർശനം സാധിക്കുന്നത്, അവർക്ക് മഹത്വത്തിന്റെ ഒരംശം പകർന്നുകൊടുക്കുക തന്നെ ചെയ്യും.

138. വിഭൂതിയും സിംഹത്തോലും കാളയും ശിവന്റെ പ്രതീകാത്മകമായ ഭാഗങ്ങളായതിനാൽ, ആ വസ്തുക്കളും എല്ലാഭാഗത്തും നിന്നുള്ള പ്രശംസക്ക് പാത്രമായി.

139. യമുനാതീരത്ത് വൃന്ദാവനത്തിൽ ഗോപബാലന്മാർക്ക് വിനോദത്തിനായി വിശ്വപ്രഭു "ദാഹികല" (ഉറിയടി) അവതരിപ്പിച്ചു. അത് വിദ്വാൻമാരാൽ അംഗീകരിക്കപ്പെടുകയും വാഴ്ത്തപ്പെടുകയും

140. ഇതേപോലെ ഞാൻ പാപിയാണെങ്കിലും അങ്ങയുടെ സംരക്ഷണയിൻ കീഴിലാണ്. എന്റെ പാപത്തിന്റെ അവസ്ഥയിൽനിന്നും ഹേ ഗുരുവരാ, അങ്ങ് വിമോചിപ്പിക്കുകയില്ലേ?

141. ലൗകികമായോ ആത്മീയമായോ എനിക്ക് തൃപ്തികരമായ വസ്തുക്കളെല്ലാം, ഹേ, ഗുരുരാജാ, അങ്ങ് എനിക്ക് നൽകുമെന്നതിൽ എനിക്ക് സന്ദേഹമില്ല.

142. അങ്ങയുടെ അനുഗ്രഹത്താൽ എനിക്ക് മനോനിയന്ത്രണം സാധിക്കുന്നു. സമുദ്രം മാധുര്യമുള്ളതെങ്കിൽ അതിലെ ജീവികൾ എന്തിന് ഉപ്പുരസത്തെ ഭയക്കണം?

143. സമുദ്രങ്ങൾ മധുരമുള്ളതാക്കാൻ അങ്ങേയ്ക്ക് ശക്തിയുണ്ട്. ആയതിനാൽ ദാസ്ഗനുവിന്റെ ഹർജിയും അങ്ങ് അംഗീകരിച്ചാലും.

144. എനിക്ക് എന്ത് മേന്മകൾ കുറവുണ്ടെങ്കിലും അവയെല്ലാം അങ്ങയുടെത് കൂടിയണ്. അങ്ങ് ആദ്ധ്യാത്മിക ഗുരുക്കന്മാരിൽ സർവ്വശ്രേഷ്ഠനാണ്. അതുകൊണ്ട് വരദാനമേകുന്നതിൽ കുറവു വരുത്തരുതെ

145. ഇപ്പോൾ, ഞാനെന്തിന് ഏറെ സംസാരിക്കുന്നു? അങ്ങ് എന്റെ ഏകാശ്രയമാണ്. അമ്മയുടെ കൈവലയത്തിലുള്ള കുട്ടിക്ക് സ്വാഭാവികമായും ഭയത്തിന്റെ ആവശ്യമില്ല.

146. ആരാണോ ഈ സ്തോത്രം പ്രേമപൂർവ്വം വായിക്കുന്നത് അവരുടെ ആഗ്രഹങ്ങളെല്ലാം, പ്രഭോ! പൂർത്തീകരിച്ചാലും.

147. ഈ സ്തോത്രത്തിന് അങ്ങയുടെ അനുഗ്രഹം ഞാൻ യാചിക്കുന്നു. ദുരിതം അനുഭവിക്കുന്നവർ ആരായാലും ആത്മാർത്ഥമായി ഒരു വർഷം ആലപിച്ചാൽ എല്ലാ ദുരിതങ്ങളും ഇല്ലാതാകും.

148. എല്ലാ വ്രതസ്നാനങ്ങൾക്കുശേഷം ഈ സ്തോത്രംസ്ഥിരമായി ജപിച്ചാൽ ഹൃദയശുദ്ധിയും സദ്വികാരങ്ങളുമുണ്ടായിത്തീരം.

149. ഇത് സാധ്യമല്ലെങ്കിൽ, എല്ലാ വ്യാഴാഴ്ചയും സദ്ഗുരുവിനെ മനസ്സിൽ ധ്യാനിച്ചുകൊണ്ട് ഇത് കീർത്തനം ചെയ്യേണ്ടതാണ്.

150. ഇതുപോലും കഴിഞ്ഞില്ലെങ്കിൽ എല്ലാ ഏകാദശിക്കും ഈ സ്തോത്രം വായിച്ചാൽ ഫലസിദ്ധി ഉണ്ടാവും.

151. വിശ്വാസത്തോടെ ആരാണോ ഇത്, ജപിക്കുന്നത്, ഗുരുവിന്റെ

അനുഗ്രഹത്താൽ പരമമായ ആദ്ധ്യാത്മിക പുരോഗതിയുണ്ടായിത്തീരും. ഭൗതികമായ ആഗ്രഹങ്ങളിൽ പൂർണ്ണ തൃപ്തി ഉണ്ടായവർക്ക് എല്ലാ ബന്ധങ്ങളിൽനിന്നും മോചിതരാക്കുന്നതാണ്.

152. ഈ സ്തോത്രം ആവർത്തിച്ച് പാരായണം ചെയ്താൽ മന്ദബുദ്ധിപോലും കുശാഗ്രബുദ്ധിയുള്ളവനായിത്തീരും. യാദൃച്ഛികമായി ഏതെങ്കിലും ഒരാൾ അൽപ്പായുസാണെങ്കിൽ സ്ത്രോത്ര ജപത്തിൻ ഫലമായി നൂറു വർഷത്തിൽ കൂടുതൽ ജീവിക്കാൻ സാധിക്കും.

153. എവിടെ സമ്പത്തിന് ക്ഷാമമുണ്ടോ, അവിടെ സ്ത്രോത്രം വായിക്കുകയാണെങ്കിൽ ധനപതിയായ കുബേരൻ സ്വയം തന്നെ വന്നു താമസിക്കും. ഇത് സത്യമാണ്. അത് സംഭവ്യമായിരിക്കും.

154. സന്താനമില്ലാത്തവർക്ക്, കുട്ടികൾ ജനിക്കും. ഈ സ്തോത്ര ജപത്തിലൂടെ രോഗികൾക്ക് സർവ്വദുരിതങ്ങളും ഇല്ലാതാകും.

155. ഭീതിയും ദുരിതങ്ങളും അപ്രത്യക്ഷമാകും. മാന്യത വർദ്ധിക്കും. ഈ സ്തോത്രത്തിന്റെ നിരന്തര പാരായണത്തിലൂടെ നാശമില്ലാത്ത ബ്രഹ്മത്തെ പ്രാപിക്കാനാകും.

156. ഈ സ്തോത്രത്തെ ആദരിക്കുന്ന വിവേകശാലിക്ക് ഹൃദയത്തിൽ വിശ്വാസമുണ്ടാവും. ഈ സ്തോത്രത്തിന്റെ പ്രഭാവത്താൽ സംശയങ്ങൾക്കോ തെറ്റിദ്ധാരണകൾക്കോ സ്ഥാനമുണ്ടാവുകയില്ല.

157. ഷിർദ്ദിയിലേക്ക് തീർത്ഥയാത്ര ചെയ്യൂ. ബാബയുടെ പാദപത്മങ്ങളിൽ മനസ്സുറപ്പിക്കൂ. ദരിദ്രരുടെയും നിരാശരുടെയും ആവശ്യങ്ങൾ നിവൃത്തിക്കുന്ന ആഗ്രഹസഫലീകരണം ചെയ്യുന്ന കല്പവൃക്ഷമാണ് അങ്ങ്.

158. തന്തിരുവടികളുടെ പ്രചോദനം ഉണ്ടായതിനാൽ എനിക്കുപോലും ഈ സ്തോത്രം എഴുതാൻ സാധിച്ചു. നിസ്സാരനും അജ്ഞനുമായ എന്നെപോലുള്ള ഒരാൾക്ക് എങ്ങനെ ഈ

സ്തോത്രം എഴുതാനായി.

159. 1840 ശകവർഷത്തിൽ, ഭദ്രപാദമാസത്തിലെ ശുക്ല പക്ഷത്തിൽ ഗണോശ ചതുർത്ഥി ദിവസം തിങ്കളാഴ്ച, രണ്ടാം പ്രഹാരത്തിൽ എ.ഡി. 1916 ബാബയുടെ മഹാസമാധിക്ക് 37 ദിവസം മുമ്പ് സൂര്യസ്തമയത്തിന് മൂന്ന് മണിക്കൂറിനുശേഷം.

160. ശ്രീ സായിനാഥനെ സ്തുതിക്കുന്ന ഈ വിനീതോപഹാരം പരിപാവനമായ യമുനയുടെ കരയിലെ അഹല്യദേവിയുടെ സമാധിക്കടുത്ത് മഹേശ്വരത്തിൽവെച്ചാണ് ഇത് പൂർത്തിയാക്കിയത്.

161. വിഖ്യാതതീർത്ഥമായ മഹേശ്വരക്കടുത്ത് വെച്ചാണ് ഇത് പൂർണ്ണമാകുന്നത്. എന്റെ ഹൃദയത്തിൽ ആവസിച്ചു ഇതിലെ ഓരോ വാക്കും ശ്രീ സായിനാഥൻ ഉച്ചരിക്കുകയായിരുന്നു.

162. സർവ്വ സന്യാസിമാരുടെയും യോഗികളുടെയും വിനീത ഭൃത്യനായ ദാസ്ഗനുവിന്റെ ശിഷ്യനായ ദാമോദരനാണ് ഇതിന്റെ തനി പകർപ്പെടുത്തത്.

163. അങ്ങയോടൊപ്പം ശാന്തിയുണ്ട്. ശ്രീ സായിനാഥനെ സ്തുതിക്കുന്ന ഈ വിനീതോപഹാരമായി സംസാരസാഗരം താണ്ടാൻ നിങ്ങൾക്ക് സഹായകമാവട്ടെ. ദാസ്ഗനു വിശ്വാസത്തോടും ബഹുമാനത്തോടും ഈ പ്രാർത്ഥന പാണ്ഡുരംഗന് സമർപ്പിക്കുന്നു.

164. ശ്രീ സായി ഹരിഹരനുള്ള ഈ തിരുമുൽക്കാഴ്ച സമർപ്പിക്കാൻ അനുവദിച്ചാലും. പ്രഭോ, ഞങ്ങളെ അനുഗ്രഹിച്ചാലും. ആഗ്രഹസഫലീകരണം നൽകുന്ന (പുണ്ഡലികവരദ) ഹരിവിഠല ഞാൻ വീണ്ടും സീതാകാന്തനെ വിളിക്കുന്നു. ജയ ജയരാമാ!
പാർവ്വതീപതേ ഹര ഹര മഹാദേവാ!
ജയ് സദ്ഗുരു സായിനാഥ്. ഞാനിത്
അങ്ങേയ്ക്കായി സമർപ്പിക്കുന്നു.
ഹേ പ്രഭോ! ഞങ്ങളെ അനുഗ്രഹിച്ചാലും.